# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പത്താം സമ്മേളനം

2024 ഫെബ്രുവരി 02, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്


## വാല്യം 193 –നമ്പർ 6

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പത്താം സമ്മേളനം

2024 ഫെബ്രുവരി 02, വെള്ളി

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീ. ഷാജി സി. ബേബി

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | : ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| വൈദ്യുതി വകുപ്പുമന്ത്രി | : ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ വകുപ്പുമന്ത്രി | : ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : ശ്രീമതി വീണാ ജോർജ് |

# ഉള്ളടക്കം

പേജ്

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്.) ....

**II. അടിയന്തരപ്രമേയ നോട്ടീസ്** ....

**III. ശ്രദ്ധ ക്ഷണിക്കൽ**

ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയൽ
- ശ്രീ. ഇ. ചന്ദ്രശേഖരൻ ....

**IV സബ്മിഷൻ**

(1) ജലജീവൻ പദ്ധതി
- ശ്രീ. കെ. എം. സച്ചിൻദേവ് ....

(2) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം
- ശ്രീ. കടകംപള്ളി സുരേന്ദ്രൻ ....

**V മേശപ്പുറത്തുവച്ച കടലാസുകൾ**

2023-ലെ സാമ്പത്തിക അവലോകനം ....
- ധനകാര്യ വകുപ്പുമന്ത്രി
(ശ്രീ. കെ. എൻ. ബാലഗോപാൽ)

**VI റിപ്പോർട്ടുകളുടെ സമർപ്പണം** ....

1. 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

2. 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടുകൾ

3. സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ സ്പെഷ്യൽ റിപ്പോർട്ട്

**VII ഗവൺമെന്റ് പ്രമേയം**

വായ്പാ പരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്ത കേന്ദ്ര സമീപനം

- ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) ....

**VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ടിന്റെ പരിഗണന ....

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:

(i) 2021-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു നോട്ടീസ് നൽകിയത്) ....

(ii) 2021-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. പി. സി. വിഷ്ണുനാഥ് നോട്ടീസ് നൽകിയത്) ....

(iii) 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബിൽ

(ശ്രീ. ഇ. കെ. വിജയൻ നോട്ടീസ് നൽകിയത്) ....

(iv) 2022-ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. യു. എ. ലത്തീഫ് നോട്ടീസ് നൽകിയത്) ....

(v) 2023-ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബിൽ ....

(ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയത്)

3. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച:

(i) 2021-ലെ കേരള മിശ്ര വിവാഹിത കുടുംബ സംരക്ഷണ ബിൽ

(ശ്രീ. എം. രാജഗോപാലൻ നോട്ടീസ് നൽകിയത്) ....

(ii) 2021-ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

(ശ്രീ. അനൂപ് ജേക്കബ് നോട്ടീസ് നൽകിയത്) ....

(iii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(ശ്രീ. ടി. വി. ഇബ്രാഹിം നോട്ടീസ് നൽകിയത്) ....

**അനുബന്ധം**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പത്താം സമ്മേളനം

2024 ഫെബ്രുവരി 02, വെള്ളി

---

വാല്യം 193} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 6

---

നിയമസഭ 2024 ഫെബ്രുവരി മാസം 02-ാം തീയതി വെള്ളിയാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ......... ഓർഡർ...... ചോദ്യം നമ്പർ (*121)

**പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ**

1 (*121) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എച്ച്. സലാം:
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ പദ്ധതിയനുസരിച്ച് സംസ്ഥാനത്തിന് അർഹതപ്പെട്ട കേന്ദ്ര ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; അതിനോടുള്ള സംസ്ഥാന സർക്കാരിന്റെ പ്രതികരണം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്രവിഹിതം എത്രയെന്നും ആയതിൽ നാളിതുവരെ ലഭിച്ച തുക എത്രയെന്നും വെളിപ്പെടുത്താമോ;

(സി) ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെയും പുതുതായി ആരംഭിക്കുന്ന നാലുവർഷ ബിരുദ കോഴ്സുകളെയും ഏതെല്ലാം തരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് ന്യായമായും ലഭിക്കേണ്ട കേന്ദ്ര ധനസഹായം കൃത്യസമയത്ത് നൽകുന്നതിൽ വീഴ്ചവരുത്തുന്ന കേന്ദ്രസർക്കാർ നടപടികൾ തിരുത്തുന്നതിനായി സംസ്ഥാനം എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നത്; വ്യക്തമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ) 60% കേന്ദ്ര വിഹിതവും 40% കേരള സർക്കാർ വിഹിതവുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ)-ന്റെ ഒന്നാം ഘട്ടം 2013-ലും രണ്ടാം ഘട്ടം 2018-ലുമാണ് കേന്ദ്ര സർക്കാർ ആരംഭിച്ചത്. ഇതിന്റെ അടുത്ത ഘട്ടം 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ വെളിച്ചത്തിൽ പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പി.എം.-ഉഷ) എന്ന് പുനർനാമകരണം ചെയ്തതായും പദ്ധതി 2026 മാർച്ച് 31

വരെ ദീർഘിപ്പിച്ചതായും കേന്ദ്രസർക്കാർ 24-06-2023-ലെ കത്ത് മുഖാന്തരം അറിയിച്ചിട്ടുണ്ട്. പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പി.എം.-ഉഷ) നടപ്പാക്കുന്നതിനായി പ്രധാനമായും താഴെപ്പറയുന്ന 3 വ്യവസ്ഥകളാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം മുന്നോട്ടുവച്ചിട്ടുള്ളത്:-

1. സംസ്ഥാനത്തെ 50% ജില്ലകളെ ഫോക്കസ് ജില്ലകളായി പ്രഖ്യാപിക്കുക
2. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ മാർഗ്ഗരേഖ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിക്കുക
3. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള ധാരണാപത്രം ഒപ്പിടുക.

എന്നിവയാണ് അവ. ഈ പുതിയ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം സംസ്ഥാന സർക്കാർ ഒപ്പുവച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളോടും സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങളോടും മാർഗ്ഗരേഖ പ്രകാരമുള്ള

പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അപേക്ഷകൾ Challenge level portal-ൽ upload ചെയ്യേണ്ടതുണ്ട്. ഇതിന് മുന്നോടിയായുള്ള template ലഭ്യമായത് സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്നും Challenge level portal ലിങ്ക് കേരളത്തിന് ലഭ്യമാകുമ്പോൾ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് ഇത് ഉപയോഗിച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. സംസ്ഥാനത്ത് വയനാട്, എറണാകുളം, പാലക്കാട്, തൃശ്ശൂർ, തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളെ ഫോക്കസ് ജില്ലകളായി കണ്ടെത്തിയിട്ടുണ്ട്.

(ബി) റൂസ ഒന്നാം ഘട്ടത്തിൽ കേന്ദ്ര വിഹിതമായി 121.97 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 113.42 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

റൂസ രണ്ടാം ഘട്ടത്തിൽ കേന്ദ്ര വിഹിതമായി 219.6 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 146.55 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്.

(സി) ദേശീയ വിദ്യാഭ്യാസ നയം സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ പൊതുവായും നാല് വർഷ ബിരുദ പ്രോഗ്രാമിനെ പ്രത്യേകിച്ചും ഏതുതരത്തിൽ ബാധിക്കുമെന്ന് വിശദമായി

പരിശോധിച്ചിട്ടുണ്ട്. ദേശീയ വിദ്യാഭ്യാസ നയം കേന്ദ്രസർക്കാർ പുറത്തിറക്കിയ ഉടൻതന്നെ പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായുള്ള വിദഗ്ദ്ധ സമിതിയുടെ സഹായത്തോടെ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇക്കാര്യത്തിൽ വിശദമായ പഠനം നടത്തുകയുണ്ടായി. തുടർന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണം കേരളത്തിൽ എങ്ങനെ നടപ്പാക്കണമെന്നതിനെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയോഗിച്ചു. ഡോ. ശ്യാം ബി. മേനോൻ ചെയർമാനായ ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ നിർദ്ദേശപ്രകാരമാണ് കേരളം നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പാക്കാൻ തീരുമാനിച്ചത്. ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്ന പ്രതിലോമകരവും കേരളത്തിന്റെ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതുമായ മുഴുവൻ നിർദ്ദേശങ്ങളും ഒഴിവാക്കിയാണ് കേരളത്തിന്റെ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ രൂപകൽപ്പന ചെയ്തത്. ഇതിനായി സംസ്ഥാന സർക്കാർ പ്രൊഫ. സുരേഷ് ദാസ് ചെയർമാനായ കരിക്കുലം കമ്മിറ്റിയും രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ദേശീയ വിദ്യാഭ്യാസ നയത്തിൽ നിർദ്ദേശിച്ച multiple

exit സംസ്ഥാനത്ത് ഒഴിവാക്കി മൂന്ന്, നാല് വർഷങ്ങളുടെ അവസാനം മാത്രം exit എന്ന തീരുമാനം കൈക്കൊണ്ടു.

NEP മുന്നോട്ടുവയ്ക്കുന്ന, വ്യവസായത്തിനാവശ്യമായ 'Skilled Labour' സൃഷ്ടിക്കുന്ന സമീപനത്തിൽനിന്നും വ്യത്യസ്തമായി ജ്ഞാനോൽപ്പാദനത്തിനും നൈപുണിക്കും ഒരുപോലെ പ്രാധാന്യം നൽകുന്ന കരിക്കുലമാണ് സംസ്ഥാനത്ത് തയ്യാറാക്കുന്നത്. അഫിലിയേറ്റിംഗ് സംവിധാനം പൂർണ്ണമായും ഇല്ലാതാക്കുന്ന നയമാണ് ഇപ്പോൾ NEP-യുടെ ഭാഗമായി കേന്ദ്ര സർക്കാർ നടപ്പാക്കാൻ ശ്രമിക്കുന്നത്. ഗ്രാമീണ മേഖലയിലും വിദ്യാഭ്യാസപരമായി ദൗർബല്യം നേരിടുന്ന സ്ഥലങ്ങളിലും ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണഫലം എത്തിക്കുന്ന അഫിലിയേറ്റഡ് കോളേജുകളെ നിലനിർത്തിക്കൊണ്ടുപോകുന്നതിനുള്ള നയം തുടരുന്നതിനാണ് കേരളം ശ്രമിക്കുന്നത് .

Indian Knowledge System എന്ന പേരിൽ യു.ജി.സി. നിർദ്ദേശിച്ച കോഴ്സുകൾക്ക് പകരം കേരളം പൊതുവായി മുന്നോട്ടുവയ്ക്കുന്ന മതനിരപേക്ഷ-ജനാധിപത്യ മൂല്യങ്ങൾക്കനുസൃതമായ കോഴ്സുകൾ പഠിപ്പിക്കാൻ തീരുമാനിച്ചു.

ഭാഷാപഠനത്തെ പരിമിതപ്പെടുത്തുന്ന സമീപനമാണ് ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്നത്. എന്നാൽ വിവിധ ഭാഷകൾ പഠിപ്പിക്കാനും ഭാഷാപഠനത്തെ വൈവിദ്ധ്യവത്കരണത്തോടെ ഉപയോഗിക്കാനുമാണ് കേരളം തീരുമാനിച്ചിട്ടുള്ളത്.

കോളേജുകളെ കേവലം സ്വയംഭരണ കോളേജുകളാക്കി മാറ്റുകയെന്ന ദേശീയ വിദ്യാഭ്യാസ നയത്തിലെ നിർദ്ദേശത്തിനുപകരം അദ്ധ്യാപകർക്കും പഠന വകുപ്പുകൾക്കും സ്വയംഭരണം എന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

(ഡി) ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണ കുടിശ്ശിക നൽകാനാവശ്യമായ കേന്ദ്രവിഹിതം ലഭ്യമാക്കുന്നതിനായി 05-03-2022-ൽ ഇതുസംബന്ധിച്ച പ്രൊപ്പോസലും 21-03-2022-ൽ റിവൈസ്ഡ് പ്രൊപ്പോസലും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ മന്ത്രിതലത്തിലും സെക്രട്ടറി തലത്തിലും നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അയച്ചെങ്കിലും കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ മറുപടിയൊന്നും ഇതുവരെ ലഭ്യമായിട്ടില്ല.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: സർ, വിജ്ഞാന സമൂഹമെന്ന നിലയിൽ കേരളത്തെ ഉയർത്തിക്കൊണ്ടുവരിക എന്നുള്ളത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ഏറ്റവും ശ്രദ്ധേയമായ പ്രഖ്യാപിത നിലപാടാണ്. വിജ്ഞാന സമൂഹമെന്ന് മാത്രമല്ല വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് അതിനെ പരിവർത്തനം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. റൂസ പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പശ്ചാത്തല സൗകര്യവികസനവുമായി ബന്ധപ്പെട്ട് എത്ര പുതിയ കെട്ടിടങ്ങൾ പൂർത്തിയായെന്നും പ്രസ്തുത പദ്ധതിക്കായി സംസ്ഥാന സർക്കാർ എത്ര തുക ചെലവഴിച്ചുവെന്നും വിശദീകരിക്കാമോ?

<u>ഡോ. ആർ. ബിന്ദു</u>: സർ, റൂസ പദ്ധതിയുടെ ഭാഗമായി അനുമതി നൽകിയിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ 100 കെട്ടിടങ്ങൾ സർവ്വകലാശാലകളിലും കോളേജുകളിലുമായി പൂർത്തീകരിച്ചു. 149.81 കോടി രൂപ മൊത്തം ചെലവഴിച്ചതിൽ 59.92 കോടി രൂപ ഇപ്പോഴത്തെ റൂസ സൈക്കിളിന്റെ സംസ്ഥാന സർക്കാർ വിഹിതമാണ്. റൂസ പദ്ധതികൾക്കായി

രണ്ട് സൈക്കിളുകളിലുമായി ആകെ അനുവദിച്ച സംസ്ഥാന വിഹിതം 224 കോടി രൂപയാണ്. ഇതിൽ 173.35 കോടി രൂപ ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, ലോകത്തിന്റെ വിവിധ മേഖലകളിലുള്ള വികസിത സമൂഹങ്ങളിൽ വിദ്യാഭ്യാസവും തൊഴിലും ചേർത്ത് ആകർഷണീയമായ രീതിയിലുള്ള പഠനരീതി കൈകാര്യം ചെയ്തുവരുന്നതിനാലാണ് കേരളത്തിലേതുൾപ്പെടെയുള്ള കുട്ടികൾ അവിടേയ്ക്ക് പോകുന്നത്. ഉന്നതവിദ്യാഭ്യാസ വകുപ്പ് ടെക്നിക്കൽ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന Industry on Campus എന്ന പ്രോഗ്രാമിന്റെ ഫലം വിലയിരുത്തിയിട്ടുണ്ടോ; ഇത് ആർട്സ് & സയൻസ് കോളേജുകളുൾപ്പെടെയുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, പ്രവർത്തനോന്മുഖ വിദ്യാഭ്യാസത്തിനാണ് സർക്കാർ പ്രാധാന്യം നൽകുന്നത്. Knowledge Translation അഥവാ അറിവിന്റെ സൈദ്ധാന്തികമായ അന്വേഷണത്തോടൊപ്പം പ്രായോഗികമായ

പ്രവർത്തനങ്ങളും ഉദ്ഗ്രഥിച്ചുകൊണ്ടുള്ള കാഴ്ചപ്പാടാണ് നാം മുന്നോട്ടുവയ്ക്കുന്നത്. തൊഴിൽ ആഭിമുഖ്യവും സംരംഭകത്വ താൽപ്പര്യങ്ങളും വളർത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ നടപ്പാക്കുന്നുണ്ട്. Industry on Campus, Connect Career to Campus തുടങ്ങിയവ ഇതിന്റെ ഭാഗമായി ആരംഭിച്ചിട്ടുള്ള പദ്ധതികളാണ്. Industry on Campus-ന്റെ ഭാഗമായി എല്ലാ പോളിടെക്നിക് കോളേജുകളിലും ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി, കോഴിക്കോട് കോർപ്പറേഷനുവേണ്ടി കോഴിക്കോട് വെസ്റ്റ്ഹിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ കുട്ടികൾ മാലിന്യം ട്രാൻസ്പോർട്ട് ചെയ്യുന്നതിന് സഹായകരമായ 30 ഇ-ഗാർബേജ് ഓട്ടോകൾ പ്രവർത്തനസജ്ജമാക്കി കൈമാറുകയുണ്ടായി. പാലക്കാട് ഗവൺമെന്റ് പോളിടെക്നിക് കോളേജിലെ കുട്ടികൾ ജൽജീവൻ മിഷനുവേണ്ടിയുള്ള ഹോർഡിംഗുകൾ തയ്യാറാക്കുന്നതിനും കഞ്ചിക്കോട് കിൻഫ്ര പാർക്കിനുവേണ്ടി മലിനജല പ്ലാന്റ് സ്ഥാപിക്കുന്നതിനും ആക്സിയോൺ വെഞ്ചേഴ്സുമായി ചേർന്ന് ഇ-ഓട്ടോ അസംബ്ലി യൂണിറ്റ് സ്ഥാപിക്കുന്നതിനുമുള്ള നടപടികളുമായി

മുന്നോട്ടുപോകുകയാണ്. പെരുമ്പാവൂർ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ എക്യുപ്മെന്റ് മെയിന്റനൻസ് സെൽ, ലിഥിയം-അയോൺ ബാറ്ററി നിർമ്മാണ യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു. ആറ്റിങ്ങൽ ഗവൺമെന്റ് പോളിടെക്നിക് കോളേജ് കാർഷിക ഉപകരണങ്ങളുടെ നിർമ്മാണം, എൽ.ഇ.ഡി. (ലൈറ്റ് എമിറ്റിംഗ് ഡയോഡ്) വാൾ നിർമ്മാണം, ആക്സിയോൺ വെഞ്ചേഴ്സുമായി ചേർന്ന് ഇ-ഓട്ടോ അസംബ്ലി യൂണിറ്റ് എന്നിവയുമായി മുന്നോട്ടുപോകുന്നു. തൃശ്ശൂർ മഹാരാജാസ് ഇൻസ്റ്റിറ്റ്യൂട്ടിൽ വെൽഡിംഗ് പരിശീലനം, ജൽജീവൻ മിഷൻ പദ്ധതിക്കുവേണ്ടിയുള്ള ബോധനക്കിറ്റ് എന്നീ പദ്ധതികളും നെടുങ്കണ്ടം ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ എൽ.ഇ.ഡി. വാൾ നിർമ്മാണം, സോളാർ ഡ്രയർ നിർമ്മാണം എന്നീ പദ്ധതികളും കളമശ്ശേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പ്രീ-ഫാബ് നിർമ്മാണ സാമഗ്രികളുടെ ഉൽപ്പാദനം തുടങ്ങി വൈവിദ്ധ്യമാർന്ന പദ്ധതികളാണ് നടന്നുവരുന്നത്. Industry on Campus പദ്ധതിയിലൂടെ 59,25,443/- രൂപയുടെ വരുമാനം വിദ്യാർത്ഥികൾ നേടിയിട്ടുണ്ട്. പദ്ധതികൾ കൂടുതൽ വ്യാപിക്കുമ്പോൾ

കൂടുതൽ വരുമാനമുണ്ടാകും. നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി ഇത്തരം പദ്ധതികൾ ആർട്സ് & സയൻസ് കോളേജുകളിലും നടത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഉന്നതവിദ്യാഭ്യാസ രംഗത്ത് നാലുവർഷ ബിരുദം നടപ്പാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് തൊഴിൽ അഭിരുചിയും നൈപുണ്യവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

ഡോ. ആർ. ബിന്ദു: സർ, വിദ്യാർത്ഥികളിൽ തൊഴിൽ ആഭിമുഖ്യം വളർത്തുന്നതിനും സംരംഭകത്വ താൽപ്പര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ ഇക്കാലയളവിൽ ആരംഭിച്ചിട്ടുണ്ട്. നൂതന ആശയങ്ങൾ മുന്നോട്ടുവയ്ക്കുന്ന യുവതി-യുവാക്കൾ/വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപവരെ അവരുടെ ആശയങ്ങൾ സാക്ഷാത്കരിക്കുന്നതിന് ധനസഹായം നൽകുന്ന യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം നല്ല നിലയിൽ മുന്നോട്ടുപോകുന്നുണ്ട്. നാലുവർഷ ബിരുദം നടപ്പിലാക്കുമ്പോൾ സ്കിൽ കോഴ്സുകൾക്ക് ക്രെഡിറ്റ് നൽകാൻ

തീരുമാനമെടുത്തിട്ടുണ്ട്. അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (ASAP) കേരള ഉൾപ്പെടെയുള്ള ഗവൺമെന്റിന്റെ സ്കിൽ എൻഹാൻസ്മെന്റ് ഏജൻസികളിൽനിന്നും മറ്റ് അംഗീകൃത സ്ഥാപനങ്ങളിൽനിന്നും സ്കിൽ കോഴ്സുകൾ കുട്ടികൾക്ക് സ്വീകരിക്കാവുന്നതാണ്. എക്സ്പീരിയൻഷ്യൽ ലേണിംഗിന് അഥവാ പ്രവൃത്യുന്മുഖ വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുന്നതോടുകൂടി പ്രവൃത്തി ചെയ്തുപഠിക്കുന്നതിനും ഇൻഡസ്ട്രിക്ക് ആവശ്യമുള്ള സ്കിൽ ആർജ്ജിക്കുന്നതിനുമുള്ള സാധ്യതകൾ ഒരുക്കുന്നുണ്ട്. ക്യാമ്പസുകളിൽത്തന്നെ ഇൻഡസ്ട്രിയൽ പാർക്കുകൾ തുടങ്ങാനുള്ള ആലോചന നടക്കുന്നുണ്ട്. നാലുവർഷ ബിരുദത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാന വിഷയ മേഖലയിൽ അറിവ് നേടാൻ സഹായകരമായ ഫൗണ്ടേഷൻ കോഴ്സുകൾ, വിവിധ വൈജ്ഞാനിക മേഖലയിൽ ആവശ്യമായ അറിവുകൾ നേടാൻ Pathway കോഴ്സുകൾ, നേടിയ അറിവിന്റെ പ്രയോഗത്തിനും അതുപയോഗിച്ച് പുതിയ അറിവുകൾ ഉൽപ്പാദിപ്പിക്കാനും സഹായകമായ Capstone course എന്നിങ്ങനെ മൂന്നുതലത്തിലുള്ള കോഴ്സുകൾ അടങ്ങിയതാണ് നാലുവർഷ കരിക്കുലത്തിന്റെ പൊതുഘടന.

വിദ്യാർത്ഥികളുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ മേഖലയിൽ പരിശീലനത്തിനും പ്രവൃത്തി പരിചയം ആർജ്ജിക്കുന്നതിനുമുള്ള പദ്ധതികൾ ലഭ്യമാക്കുന്നതാണ്. അറിവ് ആർജ്ജിക്കുന്നതോടൊപ്പം അറിവ് ഉൽപ്പാദിപ്പിക്കാനും പ്രായോഗികമായ അറിവുകൾ ആർജ്ജിക്കാനും സംരംഭകത്വ താൽപ്പര്യങ്ങൾ ഉളവാക്കാനും ഇതിലൂടെ വലിയ സാധ്യതകളാണുള്ളത്. അതുപോലെ കെ-ഡിസ്കിന്റെ ഓൺലൈൻ പോർട്ടലിൽ സജ്ജമാക്കിയിട്ടുള്ള ഓൺലൈൻ വെബ്സൈറ്റിൽ എല്ലാവർക്കും പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം (DWMS) അവിടെ വികസിപ്പിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ അഭിരുചി എന്താണെന്ന് തിരിച്ചറിയാനുള്ള സൈക്കോമെട്രിക്ക് അനാലിസിസ് സംവിധാനം അവിടെയുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അവർക്ക് അനുയോജ്യമായ സ്കിൽ കോഴ്സുകൾ തെരഞ്ഞെടുക്കാവുന്നതാണ്.

ശ്രീ. എച്ച്. സലാം ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ സർക്കാർ സ്വീകരിച്ച നല്ല

സമീപനങ്ങളുടെ ഭാഗമായി ഇന്ത്യയിലെ ഏറ്റവും മികച്ച 100 യൂണിവേഴ്സിറ്റികളിൽ കേരളത്തിലെ യൂണിവേഴ്സിറ്റികളും ഇടംപിടിക്കുന്ന അഭിമാനകരമായ കാഴ്ച നാം കാണുകയുണ്ടായി. തെരഞ്ഞെടുക്കപ്പെടുന്ന കോളേജുകളെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളായി ഉയർത്താൻ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടായിരുന്നു. ഇതുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, സംസ്ഥാനത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന 20 കോളേജുകളെ കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളാക്കി മാറ്റുന്ന പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അടുത്ത അധ്യയന വർഷം ഇതുമായി ബന്ധപ്പെട്ട നടപടികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യഘട്ടത്തിൽ, സംസ്ഥാനതലത്തിൽ വിവിധ സർവ്വകലാശാലകളിൽ ഏറ്റവും മികച്ച നിലവാരം പുലർത്തുന്ന 20 കോളേജുകളെയാണ് കോൺസ്റ്റിറ്റ്യുവന്റ് പദവി നൽകി അതത് സർവ്വകലാശാലകളുടെ പഠന വകുപ്പുകളുടെ നിലവാരത്തിലേയ്ക്ക് ഉയർത്താൻ

ശ്രമിക്കുന്നത്. ഇതുവഴി ഗുണമേന്മയേറിയ ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കുമെന്ന് മാത്രമല്ല മികച്ച പാരമ്പര്യമുള്ള കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക കണ്ടന്റും മറ്റുള്ള ജൂനിയർ കോളേജുകൾക്കും ഉപയോഗിക്കാൻ സാധിക്കുകയും ചെയ്യും. ഇത്തരത്തിൽ കോൺസ്റ്റിറ്റ്യുവന്റ് പദവി ലഭിക്കുന്ന കോളേജുകൾക്ക് അവയുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നൂതന കോഴ്സുകൾ ആരംഭിക്കുന്നതിനുമുള്ള അവസരം ലഭ്യമാകുന്നതാണ്. സർവ്വകലാശാല നിലവാരത്തിലേയ്ക്ക് ആ കോളേജുകൾ ഉയരുന്നതോടൊപ്പം പഠന വകുപ്പ് എന്നപോലെ പ്രവർത്തിച്ചുകൊണ്ട് വൈജ്ഞാനികമായ കാര്യങ്ങൾ സമന്വയിപ്പിക്കാനും സാധിക്കുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, ഭിന്നശേഷി വിഭാഗത്തിൽനിന്നുള്ള വിദ്യാർത്ഥികളുടെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; ഇവരുടെ പഠനം മെച്ചപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

ഡോ. ആർ. ബിന്ദു: സർ, ഭിന്നശേഷി വിദ്യാർത്ഥികൾക്കായി സൂപ്പർ ന്യൂമററി സീറ്റുകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഓട്ടിസം, സെറിബ്രൽ പാൾസി തുടങ്ങി ഭിന്നശേഷി വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് അവർ താല്പര്യപ്പെടുന്ന കോളേജുകളിൽ സൂപ്പർ ന്യൂമററി സീറ്റുകൾ സൃഷ്ടിച്ച് നൽകാൻ ഉത്തരവായിട്ടുണ്ട്. പുതിയ നാലുവർഷ ബിരുദം നടപ്പിലാക്കുമ്പോൾ ഭിന്നശേഷി വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നിലവിലുള്ള സ്ക്രൈബ് രീതിയോടൊപ്പം പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ടുള്ള നൂതന പരീക്ഷാ രീതികൾ അനുവദിച്ച് നൽകാനും തീരുമാനമായിട്ടുണ്ട്. ഓരോ വിദ്യാർത്ഥിയുടെയും കഴിവും താൽപ്പര്യവും അനുസരിച്ചുള്ള പരീക്ഷാ രീതികൾ നടപ്പാക്കാൻ ഇതിലൂടെ സാധിക്കും. സാമ്പ്രദായികമായ ഡിസ്ക്രിപ്റ്റീവ് മെത്തേഡിലുള്ള പരീക്ഷകൾ അവർ എഴുതേണ്ടതില്ലെന്ന രീതിയാണ് അവലംബിക്കുക. ടെക്നോളജി ഉപയോഗിച്ചുകൊണ്ട് പുതിയ രീതിയിലുള്ള പരീക്ഷയിലൂടെയാണ് അവരെ വിലയിരുത്തുന്നത്. ഉന്നതവിദ്യാഭ്യാസം കൂടുതൽ ഭിന്നശേഷി സൗഹാർദ്ദപരമാക്കുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

ശ്രീ. യു. എ. ലത്തീഫ്: സർ, മുമ്പ് യു.ഡി.എഫ്. സർക്കാർ സ്വകാര്യ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചപ്പോൾ അതിനെതിരെ കിടിലൻ സമരങ്ങൾ നടത്തി വെടിവയ്പിനുപോലുമിടയാക്കിയ സി.പി.ഐ.(എം) ഇപ്പോൾ നയവും നിലപാടുകളും മാറ്റി സ്വകാര്യ യൂണിവേഴ്സിറ്റികൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ പഴയ സമരത്തിൽ മരണപ്പെട്ടവരുടെ ആത്മാക്കളോടും പരിക്കുപറ്റിയവരോടും മാപ്പ് പറയാൻ തയ്യാറാകുമോ?

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ. ഇതെന്ത് ചോദ്യമാണ്?

ഡോ. ആർ. ബിന്ദു: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യത്തിന് മറുപടി പറയേണ്ടതില്ലെന്നാണ് തോന്നുന്നത്, എങ്കിലും പറയാം. ആഗോളവൽക്കരണത്തിന്റെ യുഗത്തിൽ നവലിബറൽ സാമ്പത്തിക നയങ്ങൾ മുന്നോട്ടുപോകുമ്പോൾ മറ്റ് സ്ഥാപനങ്ങളോടൊപ്പം മത്സരിക്കേണ്ട സ്ഥിതി നമ്മുടെ സ്ഥാപനങ്ങൾക്കുണ്ടാകുന്നുണ്ട്. മത്സരാധിഷ്ഠിതമായ ആ സംവിധാനത്തിനകത്ത് ഏറ്റവും മികച്ച ഗുണനിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തെ കലാലയങ്ങളിലും സർവ്വകലാശാലകളിലും

ഒരുക്കുക, അക്കാദമിക ഗുണമേന്മ വർദ്ധിപ്പിക്കുക എന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

ശ്രീ. എം. വിജിൻ: സർ, നാലുവർഷ ബിരുദം നടപ്പിലാക്കുമ്പോൾ വിദ്യാർത്ഥികൾക്ക് അധ്യയനം നടത്തുന്ന കോളേജിന് പുറത്തുനിന്നും കോഴ്സുകൾ പഠിക്കാനുള്ള അവസരമുണ്ടാകുമോ; അതോടൊപ്പം കോളേജും യൂണിവേഴ്സിറ്റിയും മാറിക്കൊണ്ട് പഠിക്കാനുള്ള അവസരമുണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ; ഇത് എങ്ങനെയാണ് നടപ്പിലാക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, നാലുവർഷ ബിരുദ കോഴ്സ് ആരംഭിക്കുന്നതോടുകൂടി വിദ്യാർത്ഥികൾക്ക് തങ്ങൾ പഠിക്കുന്ന സ്ഥാപനത്തിലെന്നപോലെതന്നെ മറ്റ് കോളേജുകളിൽ നിന്നോ സർവ്വകലാശാലകളിൽനിന്നോ 'സ്വയം' പോലുള്ള ഓൺലൈൻ സംവിധാനങ്ങളിൽ നിന്നോ കോഴ്സുകൾ തെരഞ്ഞെടുത്ത് പഠിക്കുന്നതിനുള്ള അവസരവും ഉറപ്പാക്കിയിട്ടുണ്ട്. മുഴുവൻ ക്രെഡിറ്റുകളുമല്ല, പക്ഷെ പുതിയ സമ്പ്രദായപ്രകാരം അതിനുള്ള സാധ്യതയുണ്ട്. 'അക്കാദമിക് ബാങ്ക് ഓഫ് ക്രെഡിറ്റ്സ്' എന്ന സംവിധാനം ഇതിനായി ഉറപ്പുവരുത്തുന്നതാണ്.

പ്രവേശനം നേടുന്ന സമയത്തുതന്നെ വിദ്യാർത്ഥികൾക്ക് ഒരു യുണിക് ഐ.ഡി. നൽകുന്നതാണ്. കോളേജിനകത്തുനിന്നും പുറത്തുനിന്നും ആർജ്ജിക്കുന്ന ക്രെഡിറ്റ് ഈ ഐ.ഡി.-യോടനുബന്ധിച്ചുള്ള ക്രെഡിറ്റ് ബാങ്കിലായിരിക്കും നിക്ഷേപിക്കുന്നത്. വിദ്യാർത്ഥി കോളേജോ സർവ്വകലാശാലയോ മാറുമ്പോൾ യുണിക് ഐ.ഡി. മാത്രം ട്രാൻസ്ഫർ ചെയ്താൽ മതിയാകും.

**കാർഷിക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ**

2 (*122) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ കാർഷിക മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നെൽ കർഷകർക്കുള്ള സംഭരണ വില ഉൾപ്പെടെയുള്ള കാർഷിക സബ്സിഡികൾ യഥാസമയം നൽകുന്നതിന് പുതിയതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ,

(എ) കാർഷിക മേഖലയിൽ വിളകളുടെ ഉൽപ്പാദനത്തിലും ഉൽപ്പാദനക്ഷമതയിലും വർദ്ധനവും സാമ്പത്തിക വളർച്ചയും ഈ സർക്കാരിന്റെ കാലയളവിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ആസൂത്രണ ബോർഡ് പ്രസിദ്ധീകരിച്ച 'സാമ്പത്തിക അവലോകന രേഖ' പ്രകാരം കേരളത്തിന്റെ കാർഷിക മേഖല 2021-22-ൽ ദേശീയ ശരാശരിയെക്കാൾ ഉയർന്നിട്ടുണ്ട്. ഈ നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ മുന്നോട്ടുപോകുന്നതിനുമായി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു.

1. കാലാവസ്ഥാ വ്യതിയാനം ഒരു പ്രധാനപ്പെട്ട വെല്ലുവിളിയായി പരിഗണിച്ച് കാർഷിക പാരിസ്ഥിതിക മേഖല അടിസ്ഥാനമാക്കിയുള്ള

കാർഷികവിള നിർണ്ണയവും പരിപാലന മുറകളും പ്രാധാന്യത്തോടെ നടപ്പാക്കുന്നു.

2. പരമ്പരാഗതമായി തുടർന്നുവന്നിരുന്ന വിള അധിഷ്ഠിത ആസൂത്രണ സമീപനത്തിൽനിന്നും പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവ് മുതൽ കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനത്തിലേയ്ക്കുമാറി കർഷക വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. കാർഷിക വിദഗ്ധരുടെ സഹായത്തോടെ കൃഷിയിടങ്ങളുടെ വിഭവ വിനിയോഗക്ഷമത വർദ്ധിപ്പിച്ച് കൂടുതൽ വരുമാനം വർദ്ധിപ്പിക്കുന്ന ആസൂത്രണ രേഖ ഓരോ കൃഷിയിടത്തിനും തയ്യാറാക്കുകയും അനുപ്രകാരം പദ്ധതികൾ സംയോജിപ്പിക്കുകയും വികസനത്തിന് തടസ്സമായി നിൽക്കുന്ന ഘടകങ്ങൾ കണ്ടെത്തി അവ പരിഹരിച്ച് കൃഷിയിടങ്ങളുടെ മുഴുവൻ ശേഷിയും ഉൽപ്പാദനത്തിൽ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന സമീപനമാണിത്. 2022-23 സാമ്പത്തിക വർഷത്തിൽ 10760 ആസൂത്രണ രേഖകൾ തയ്യാറാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക

വർഷവും അടുത്ത 10760 കൃഷിയിടങ്ങളിൽ ഇത്തരത്തിൽ ആസൂത്രണങ്ങൾ നടത്തിവരുന്നുണ്ട്.

3. കേരളീയരിൽ കാർഷിക സംസ്കാരമുണർത്തുന്നതിനും ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണോല്പാദനത്തിൽ പങ്കാളിയാകുന്നതിനും ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിട്ട് ക്യാമ്പയിൻ രൂപത്തിൽ നടപ്പാക്കുന്ന 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ക്യാമ്പയിൻ ഈ സർക്കാരിന്റെ കാലത്ത് നടത്തുകയും 'കൃഷിക്കൂട്ടങ്ങൾ' എന്ന ചെറുസംഘങ്ങൾ ഉൽപ്പാദനം, സേവനം, മൂല്യവർദ്ധനവ് എന്നീ മൂന്ന് മേഖലകളിൽ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദനത്തിനായി 19537-ഉം സേവനത്തിനായി 1328-ഉം വിപണന/മൂല്യവർദ്ധനവിനായി 2380-ഉം കൃഷിക്കൂട്ടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. സേവനത്തിലും മൂല്യവർദ്ധനവിലും ഏർപ്പെട്ടിരിക്കുന്ന കൃഷിക്കൂട്ടങ്ങൾക്കായി 50,000/- രൂപ വീതം വെൻചവർ ക്യാപിറ്റൽ അസിസ്റ്റൻസ് ഫണ്ടായി 6 കോടി രൂപ അനുവദിച്ച് വിതരണം പൂർത്തീകരിച്ചുവരുന്നു.

4. കൃഷിക്കൂട്ടങ്ങൾ അടിസ്ഥാനപ്പെടുത്തി കാർഷിക മേഖലയിൽ സംഘടിത പ്രവർത്തനം നടത്തുന്നതിന് 100 കർഷക ഉല്പാദക സംഘങ്ങൾ രൂപീകരിച്ചു. മൂല്യവർദ്ധന ശൃംഖല ശക്തിപ്പെടുത്തുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു. ഓരോ സംഘങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിന് 5 ലക്ഷം രൂപ വീതവും 10 ലക്ഷം രൂപ വിലയുള്ള സംസ്കരണ യന്ത്രോപകരണങ്ങൾ എസ്.എം.എ.എം. പദ്ധതിയിൽ സംയോജിപ്പിച്ച് വാങ്ങുന്നതിന് 9.5 ലക്ഷം രൂപ വീതവും സഹായധനമായി ലഭിക്കും. കൃഷിഭവനുകൾ കേന്ദ്രീകരിച്ച് കുറഞ്ഞത് ഒരു ഉല്പന്നമെങ്കിലും വികസിപ്പിച്ച് വിപണിയിലിറക്കുന്നതിനും അവയ്ക്ക് കൃഷി വകുപ്പിന്റെ 'കേരളഗ്രോ' ബ്രാൻഡിംഗ് നൽകുന്നതിനും ലക്ഷ്യംവച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇത്തരത്തിൽ 69 കൃഷിഭവനുകളിൽനിന്നായി 400 ഉൽപ്പന്നങ്ങൾക്ക് ബ്രാൻഡ് അനുവദിച്ചു. 'ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം' പദ്ധതിയുടെ ഭാഗമായി കേരളത്തിലെ എല്ലാ കൃഷിഭവനുകളിൽനിന്നുമായി 1658 ഉൽപ്പന്നങ്ങൾ കണ്ടെത്തി. കൃഷിക്കൂട്ടങ്ങൾ, കാർഷികോൽപ്പാദന കമ്പനികൾ, മറ്റ് കർഷക ഗ്രൂപ്പുകൾ എന്നിവയിലൂടെ കാർഷിക സംഭരണം,

സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം ഉൾപ്പെടെയുള്ള കൃഷിയധിഷ്ഠിത സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം RKVY പദ്ധതിയുടെ ഭാഗമായി 41 കർഷക ഉൽപ്പാദക സംഘങ്ങൾ വെജിറ്റബിൾ & ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ കേരള (VFPCK) മുഖേനയും 43 എണ്ണം സ്മാൾ ഫാർമേഴ്സ് അഗ്രോ ബിസിനസ്സ് കൺസോർഷ്യം (SFAC) മുഖേനയും പുതുതായി രൂപീകരിച്ചിട്ടുണ്ട്.

5. സംസ്ഥാനത്തിന്റെ പോഷക ഭദ്രത ലക്ഷ്യംവച്ച് പോഷക സമൃദ്ധി മിഷനും സുരക്ഷിത ഭക്ഷണ ലഭ്യത ഉറപ്പുവരുത്തി കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിന് ജൈവ കാർഷിക മിഷനും രൂപീകരിക്കുകയും സമഗ്ര പദ്ധതികളായി നടപ്പാക്കുകയും ചെയ്തുവരുന്നു.

6. നെൽക്കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തുന്നതിനും ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിനും പാടശേഖര സമിതികളെയും നെൽക്കൃഷി വികസന ഏജൻസികളെയും ശക്തിപ്പെടുത്തുന്നതിനും പാടശേഖരത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനും ചെലവുകുറഞ്ഞ പത്ര പോഷണ മാർഗ്ഗങ്ങൾ പരിചയപ്പെടുത്തുന്നതിനും മണ്ണിന്റെ ആരോഗ്യ

സംരക്ഷണത്തിനായി കുമ്മായം ചേർക്കുന്നതിനും ഉൾപ്പെടെയുള്ള പദ്ധതി 95.10 കോടി രൂപ ചെലവിൽ നിർവ്വഹിച്ചുവരുന്നു.

7. നാളികേര കൃഷിയെ പിന്തുണയ്ക്കുന്നതിനായി കേരഗ്രാമം, കേര രക്ഷാവാരം മുതലായ സമഗ്ര പദ്ധതികൾ ഈ വർഷം 67.95 കോടി രൂപ ചെലവിൽ നിർവ്വഹിച്ചുവരുന്നു.

8. 93.45 കോടി രൂപ ചെലവിൽ സങ്കരയിനം പച്ചക്കറി വിത്തുകൾ, അത്യുല്പാദന ശേഷിയുള്ള തൈകൾ, മഴമറ ഉപയോഗിച്ചുള്ള കൃഷി, വ്യാവസായികാടിസ്ഥാനത്തിലും വീട്ടുവളപ്പിലും ചെയ്യുന്ന പച്ചക്കറി കൃഷിക്കുള്ള സഹായം മുതലായവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഈ വർഷവും നൽകിവരുന്നുണ്ട്.

9. ഇവയ്ക്കുപുറമെ 4.60 കോടി രൂപ ചെലവിൽ സുഗന്ധവിള വികസനം, 3 കോടി രൂപ ചെലവിൽ ചെറുധാന്യങ്ങളുടെയും എണ്ണക്കുരുക്കളുടെയും പയറുവർഗ്ഗ വിളകളുടെയും വികസനം, 2.18 കോടി രൂപ ചെലവിൽ NIPHM സഹകരണത്തോടെയുള്ള മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനം, വന്യമൃഗാക്രമണങ്ങളിൽനിന്നും വിളകളെ സംരക്ഷിക്കുന്നതിന് 25 കോടി

രൂപയുടെ RKVY പദ്ധതി, 1.88 കോടി രൂപയുടെ സംസ്ഥാന പദ്ധതി എന്നിവയും നടപ്പാക്കിവരുന്നു. NPOP സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്ന ജൈവ കൃഷി പദ്ധതി 6 കോടി രൂപ ചെലവിൽ നടത്തിവരുന്നുണ്ട്.

10. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി 'സ്മാർട്ട് കൃഷിഭവൻ' 10 കോടി രൂപ ചെലവിൽ ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നടപ്പാക്കിവരുന്നു. അന്തർദ്ദേശീയ സാങ്കേതികവിദ്യകൾ കർഷകർക്ക് അനുഭവവേദ്യമാകുന്നതിനും അതുവഴി ഉൽപ്പാദനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമായി കർഷകരെ ഇസ്രായേലിലേയ്ക്ക് അയച്ച് പരിശീലനം നൽകിയത് കാർഷിക രംഗത്ത് കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനായും ഉന്നമനത്തിനായും ലക്ഷ്യംവച്ച് നടപ്പാക്കിയ പ്രവർത്തനങ്ങളിലൊന്നാണ്.

11. വിപണനം ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പാക്കുന്നുണ്ട്. കർഷകർക്ക് വിലത്തകർച്ചമൂലമുള്ള നഷ്ടം ഒഴിവാക്കുന്നതിനായി തെരഞ്ഞെടുത്ത 16 ഇനം പഴം-പച്ചക്കറികൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പാക്കുന്നു. പച്ചത്തേങ്ങ സംഭരണം

കിലോഗ്രാമിന് 34/- രൂപ നിരക്കിൽ നൽകിവരുന്നു. നെല്ലിന് രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയായ 28.20 രൂപ കിലോഗ്രാമിന് നൽകിവരുന്നു.

12. കർഷകർക്ക് രോഗ-കീട ആക്രമണത്തിനെതിരെ ഉടനടി പരിഹാരം ലഭ്യമാക്കുന്നതിന് വിള ഫാർമസികൾ കൃഷിഭവനുകളിൽ സ്ഥാപിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 300 വിള ആരോഗ്യ ഫാർമസികൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു.

13. സംസ്ഥാനത്ത് ഇദംപ്രഥമമായി കാർഷികോൽപ്പന്ന സംസ്കരണത്തിനും വിപണനത്തിനും കയറ്റുമതിക്കുമായി കാബ്കോ എന്ന സിയാൽ മോഡൽ കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലാണ്. 'കേരളഗ്രോ' എന്ന ബ്രാൻഡ് നാമത്തിൽ ഓൺലൈൻ വിപണികൾ ഉൾപ്പെടെ വിപണനം നടത്തുന്നതിന് കർഷകരെയും കർഷക ഉല്പാദക സംഘങ്ങളെയും ശാക്തീകരിക്കുന്നതിനും പദ്ധതികൾ നിലവിലുണ്ട്.

14. കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും അവ പരിഹരിക്കുന്നതിനുമായി കൃഷിദർശൻ പരിപാടികൾ നടത്തിവരുന്നു.

15. കാർഷിക സംരംഭകരെ സഹായിക്കുന്നതിനായി ജില്ലകൾതോറും വൈഗ റിസോഴ്സ് സെന്ററുകളും ഡി.പി.ആർ. ക്ലിനിക്കുകളും ബി2 ബി മീറ്റുകളും സംഘടിപ്പിച്ചുവരുന്നു.

16. ചെറുധാന്യ കൃഷിയും ഇവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതും സംബന്ധിച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചറൽ റിസർച്ച് (ICAR) സ്ഥാപനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായും കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് ആകർഷകമായും സുരക്ഷിതവുമായ പാക്കിംഗ് സംബന്ധിച്ച് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായും കൃഷി വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

17. കാർഷിക സബ്സിഡികൾ സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് കൃഷി വകുപ്പിന്റെ സേവനങ്ങൾ വിവര

സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്കരിച്ച് AIMS 2.0 പോർട്ടൽ സജ്ജമാക്കിവരുന്നുണ്ട്. കൂടാതെ RKVY പദ്ധതിപ്രകാരം കേരള കൃഷി ഹബ് എന്ന അഗ്രി സ്റ്റാക്ക് സംവിധാനം രൂപീകരിച്ചുവരുന്നു. ഈ സംവിധാനങ്ങൾ പ്രാവർത്തികമാക്കുന്നതിലൂടെ എല്ലാ പദ്ധതികളുടെയും ആനുകൂല്യങ്ങൾ സമയബന്ധിതമായി വിതരണം ചെയ്യാൻ സാധിക്കുന്നതാണ്.

18. കർഷകർക്കുണ്ടാകുന്ന വിള നാശത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും കേന്ദ്ര-സംസ്ഥാന ധനസഹായത്തോടുകൂടി നടപ്പാക്കുന്ന കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിപ്രകാരവും പരിരക്ഷ നൽകുന്നു. കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസിൽ അംഗങ്ങളാകുന്ന കർഷകർക്ക് വിളനാശമുണ്ടായില്ലെങ്കിലും കാലാവസ്ഥയിലുണ്ടാകുന്ന മാറ്റംമൂലം വിളകൾക്കുണ്ടാകുന്ന ഉൽപ്പാദനക്കുറവിന് ആനുപാതികമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നു.

19. കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യശൃംഖല

നവീകരിക്കുന്നതിനുമായി കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡെണൈസേഷൻ (കേര) പദ്ധതി 2375 കോടി രൂപ (285 ദശലക്ഷം ഡോളർ) ചെലവിൽ 5 വർഷംകൊണ്ട് നടപ്പാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) 2023-24 സീസണിൽ പരമാവധി വേഗത്തിൽ സംഭരിച്ച നെല്ലിന്റെ വില കർഷകന് നൽകുന്നതിന് എസ്.ബി.ഐ., കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാ പദ്ധതിപ്രകാരം കർഷകന്റെ അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് നെല്ല് സംഭരണം വേഗത്തിലാക്കുന്നതിന് ബയോമെട്രിക് പ്രൊക്യൂർമെന്റ് സംവിധാനമുപയോഗിച്ച് കർഷകരിൽനിന്നും നെല്ല് സംഭരിക്കാൻ വേണ്ട നടപടികൾ സപ്ലൈകോ സ്വീകരിച്ചുവരുന്നു. ഇതിലൂടെ സംഭരണ നടപടികൾ കൂടുതൽ കുറ്റമറ്റതാകുന്നതോടൊപ്പം കൂടുതൽ വേഗത്തിൽ കർഷകരുടെ നെല്ലിന്റെ വില നൽകാനും സാധിക്കും. കൂടാതെ, നിലവിലെ നെല്ല് സംഭരണം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും

സാധ്യതകളും സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഡോ. വി. കെ. ബേബി, ഐ.എ.എസ്. (റിട്ടയേഡ്) ചെയർമാനായി രൂപീകരിച്ച നെല്ല് സംഭരണ വിദഗ്ധ സമിതി നെൽക്കർഷകർക്കുള്ള സംഭരണവില യഥാസമയം നൽകുന്നതിനുള്ള ശിപാർശകൾ ഉൾപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടുകാരായ ഞങ്ങളുടെ ഹൃദയമിടിപ്പും പ്രയാസവും മനസ്സിലാക്കി പ്രവർത്തിക്കുന്ന ആളാണ് കൃഷി വകുപ്പുമന്ത്രി. അതുപോലെ നമ്മുടെ പ്രയാസങ്ങൾ നേരിട്ടുവന്നുകണ്ട് സഹായിച്ചിട്ടുള്ളയാളാണ് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി. ഈ സാഹചര്യത്തിൽ ഏറെ സന്തോഷത്തോടുകൂടിയാണ് ഞാൻ ചോദ്യം ചോദിക്കുന്നത്. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളെയും കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിന് നടപ്പാക്കിയ 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന ജനകീയ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീമതി ജെ. ചിഞ്ചുറാണി:</u> സർ, കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുന്നതിനും പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി നടപ്പാക്കിയ ജനകീയ പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേയ്ക്ക്'. ഇതിന്റെ ഭാഗമായി വാർഡുതലത്തിൽ കൃഷിക്കൂട്ടങ്ങൾ എന്ന കർഷക കൂട്ടായ്മകൾ രൂപീകരിക്കുകയുണ്ടായി. ഇപ്രകാരം ഉൽപ്പാദന മേഖലയിൽ 19537 എണ്ണവും സേവന മേഖലയിൽ 1328 എണ്ണവും മൂല്യവർദ്ധന വിപണന മേഖലയിൽ 2380 എണ്ണവും ചേർത്ത് ആകെ 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളുടെ യോഗങ്ങൾ ചിട്ടയായും ക്രമമായും സംഘടിപ്പിക്കുകയും വാർഡുതല ഉൽപ്പാദന വിള നിർണ്ണയ പ്ലാനുകൾ തയ്യാറാക്കി ഓരോ കൃഷിക്കൂട്ടവും നിർവ്വഹിക്കേണ്ട പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുകയും ചെയ്യുന്നു. കൃഷിക്കൂട്ടങ്ങളെ അവയുടെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സ്ഥിരീകരിക്കുകയും മികവുറ്റവയെ ഉൾപ്പെടുത്തി കർഷക ഉൽപ്പാദക സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ 100 കർഷക

ഉൽപ്പാദക സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ട്. മൂല്യവർദ്ധന മേഖലയിൽ 1000 കൃഷിക്കൂട്ടങ്ങളെയും സേവന മേഖലയിൽ 200 കൃഷിക്കൂട്ടങ്ങളെയും തെരഞ്ഞെടുത്ത് അവർക്ക് പ്രത്യേക സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള വെർച്വൽ ക്യാപിറ്റൽ അസ്സിസ്റ്റൻസ് ഫണ്ടായി 50,000/- രൂപ നൽകുകയും ചെയ്യുന്നു. ഇവർക്ക് പ്രത്യേക പദ്ധതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തുന്നതിന് സഹായകമായി സൗജന്യ ഡി.പി.ആർ. ക്ലിനിക്കുകൾ നടത്തിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട 200 സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾക്ക് കാബ്കോ (കേരള അഗ്രോ ബിസിനസ് കമ്പനി)-യുടെ സഹകരണത്തോടെ SMAM (Sub-mission on Agricultural Mechanization) പദ്ധതിയുമായി സംയോജിപ്പിച്ച് സൗജന്യമായി യന്ത്രോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് ഒരു കോടി രൂപ അനുവദിച്ചു. തെരഞ്ഞെടുത്ത സേവന മേഖലയിലെ കൃഷിക്കൂട്ടങ്ങൾ മുഖേന കാർഷിക യന്ത്രോപകരണങ്ങളും മറ്റ് സേവനങ്ങളും കർഷകർക്ക് ലഭ്യമാക്കുന്ന കൃഷിശ്രീ സെന്ററുകൾ സ്ഥാപിക്കുന്നതിനും നിലവിൽ പദ്ധതികൾ

അനുവദിച്ചിട്ടുണ്ട്. ഇത്തരം കൃഷിക്കൂട്ടങ്ങളിലൂടെ മൂന്നുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്.

ശ്രീ. തോമസ് കെ. തോമസ്: സർ, കാലാവസ്ഥയെ അതിജീവിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ പ്രത്യേകത എന്തെല്ലാമാണ്; ഏതൊക്കെ വിളകൾക്കാണ് ധനസഹായം നൽകുന്നത്; എത്ര കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; എന്തെല്ലാം പ്രത്യേകതകളാണ് കുട്ടനാട്ടുകാരായ ഞങ്ങൾക്ക് പ്രസ്തുത പദ്ധതിയിലൂടെ നൽകാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിക്കുപുറമെ കേന്ദ്ര-സംസ്ഥാന സഹായത്തോടെ 2023 ഖാരിഫ് സീസൺ മുതൽ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയും എല്ലാ ജില്ലകളിലും നടപ്പാക്കിവരുന്നുണ്ട്. ഈ പദ്ധതിപ്രകാരം വിളനാശമുണ്ടായില്ലെങ്കിലും കാലാവസ്ഥാ വ്യതിയാനംമൂലം വിളകൾക്കുണ്ടാകുന്ന ഉൽപ്പാദനക്കുറവിന് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള 27 വിളകളെയും കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതിയിലും

ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് ടി പദ്ധതിപ്രകാരം വിജ്ഞാപനം ചെയ്ത കാലാവസ്ഥാ നിലയങ്ങളിൽനിന്നുള്ള റിപ്പോർട്ടുപ്രകാരം വിജ്ഞാപനം ചെയ്ത ടേം ഷീറ്റുകളുടെ അടിസ്ഥാനത്തിൽ അർഹമായ തുക കർഷകർക്ക് നൽകുന്നുണ്ട്. ഈ പദ്ധതിപ്രകാരം കർഷകർ അടയ്ക്കേണ്ട പ്രീമിയം തുകയ്ക്ക് ഉപരിയായ തുക കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിക്കുകയാണ് ചെയ്യുന്നത്. നിലവിൽ ഒന്നേകാൽ ലക്ഷത്തിൽപ്പരം കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിൽ ഇപ്പോൾ കാർഷിക മേഖലയ്ക്ക് വലിയ വളർച്ചയാണുണ്ടായിക്കൊണ്ടിരിക്കുന്നത്. കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി പുതുതായി രൂപീകരിച്ച കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ)-യുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കൃഷിയെ കാർഷിക ബിസിനസ്സാക്കി മാറ്റുന്നതിനും മൂല്യവർദ്ധന പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാരിന്റെ നേതൃത്വത്തിൽ സിയാൽ മാതൃകയിൽ രൂപീകരിച്ച കമ്പനിയാണ് കേരള

അഗ്രോ ബിസിനസ് കമ്പനി (കാബ്കോ). ഇതിന്റെ രൂപീകരണത്തിലൂടെ സർക്കാർ കർഷകർക്ക് നൽകിയ ഒരു ഉറപ്പ് പാലിക്കുകയാണ് ചെയ്യുന്നത്. അഗ്രോ പാർക്കുകൾ, അഗ്രോ ബസാറുകൾ, പച്ചക്കറികൾ, പഴങ്ങൾ, നാണ്യവിളകൾ എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങളുടെ വികസനമാണ് കാബ്കോയിലൂടെ നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതിലൂടെ ദേശീയ-അന്തർദ്ദേശീയ കയറ്റുമതി വിപണന പ്രവർത്തനങ്ങളിൽ കേരളത്തിലെ കർഷകരെ പ്രാപ്തമാക്കാൻ സാധിക്കുന്നതാണ്. മൂന്ന് നഗര-കാർഷിക മൊത്തവ്യാപാര വിപണികൾ, മൂന്ന് ഗ്രാമീണ-കാർഷിക മൊത്തവ്യാപാര വിപണികൾ, കണ്ണാറ, കുത്താളി അഗ്രോ പാർക്കുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, കാർഷിക മേഖലയുടെ ഉന്നമനത്തിന് 'കേര' പദ്ധതിയുടെ പ്രയോജനം ലഭ്യമായിത്തുടങ്ങിയോ; പദ്ധതി സംബന്ധിച്ച വിശദാംശം നൽകാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കാർഷിക മേഖലയുടെ ഉന്നമനത്തിനായി 'കേര' പദ്ധതി നടപ്പിലാക്കുന്നുണ്ട്. കാലാവസ്ഥാ

വ്യതിയാനം, പ്രകൃതിദുരന്തങ്ങൾ, പകർച്ചവ്യാധികൾ എന്നിവയുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കുന്ന പദ്ധതിയാണ് 'കേര' (കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി). ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത എം.എസ്.എം.ഇ.-കൾക്കും ഭക്ഷ്യമേഖലയിലെ വാണിജ്യവൽക്കരണം, കാർഷിക വിതരണ ശൃംഖലകളുടെ നവീകരണം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ എന്നിവ അവലംബിച്ച് കൃഷിയിലും അനുബന്ധ മേഖലകളിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജ്ജിതപ്പെടുത്തുകയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 2375 കോടി രൂപ ചെലവിൽ 2024 മുതൽ അഞ്ചുവർഷംകൊണ്ട് 'കേര' പദ്ധതി നടപ്പിലാക്കുന്നതിന് അംഗീകാരം ലഭ്യമായിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിൽ കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന കാലമാണിത്. ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴയിലും തകഴിയിലും രണ്ട് കർഷകരാണ് ആത്മഹത്യ ചെയ്തത്. നെല്ലിന്റെ വില

മാസങ്ങൾ കഴിഞ്ഞാലും കിട്ടാത്ത അവസ്ഥയാണ്. ഞാൻ അപ്പർ കുട്ടനാട്ടിലെ എം.എൽ.എ. കൂടിയാണ്. നെല്ലിന് സമയബന്ധിതമായി പണം കിട്ടാതിരിക്കുകയും പി.ആർ.എസ്. വായ്പ കാരണം കർഷകന് മറ്റൊരു വായ്പയെടുക്കാൻ കഴിയാത്ത അവസ്ഥയും നിലനിൽക്കുമ്പോൾ പി.ആർ.എസ്. വായ്പ ഒഴിവാക്കി, എടുക്കുന്ന നെല്ലിന് ഒരാഴ്ചയ്ക്കകംതന്നെ പണം കൊടുക്കാൻ നടപടി സ്വീകരിക്കുമോ? പമ്പിംഗ് സബ്സിഡി കൊടുക്കുമെന്നും പണം അനുവദിച്ചുവെന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ട് മാസങ്ങളായിട്ടും അത് കിട്ടാതെ കർഷകർ വലയുകയാണ്. ആയതിനാൽ കുട്ടനാട്, അപ്പർ കുട്ടനാട് മേഖലയിലെ കർഷകർക്ക് പമ്പിംഗ് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, നെല്ലിന്റെ പ്രശ്നം നിരവധി തവണ ഇവിടെ ചർച്ച ചെയ്തതാണ്. ആത്മഹത്യ ചെയ്ത കർഷകരെന്ന് നമ്മൾ പറയുമ്പോഴും കർഷകരെ സഹായിക്കുന്ന നയസമീപനങ്ങളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവയെല്ലാം പരിശോധിച്ച് നടപടി സ്വീകരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കേന്ദ്ര സർക്കാർ നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കാത്തതുകൊണ്ട് സംസ്ഥാന സർക്കാർ കടം വാങ്ങിയാണ് നെല്ലിന്റെ വില നൽകിക്കൊണ്ടിരിക്കുന്നത്. ദേശീയ ബാങ്കുകളെ ഏൽപ്പിക്കുന്ന പണം അവർ സമയബന്ധിതമായി കർഷർക്ക് നൽകുന്നില്ല. ജീവനക്കാരില്ല, ബ്രാഞ്ചില്ല എന്നീ കാരണങ്ങളാണ് അവർ പറയുന്നത്. ഇത്തരം പ്രശ്നങ്ങളെല്ലാം കൃഷി വകുപ്പ് മുൻകയ്യെടുത്ത് സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് ചർച്ച നടത്തി പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. രാജ്യത്തെ നെൽകർഷകർക്ക് ഏറ്റവും കൂടുതൽ വില നൽകുന്ന സംസ്ഥാനം കേരളമാണ്. അതിന്റെ പ്രധാന കാരണം സബ്സിഡിയിനത്തിൽ അധീഷണലായി പണം കേരള സർക്കാർ നൽകുന്നതാണ്. എന്നാൽ പ്രസ്തുത സബ്സിഡി അഞ്ച് ഏക്കറിലധികം നെൽകൃഷി നടത്തുന്ന കർഷകർക്ക് ഇപ്പോൾ നൽകുന്നില്ല. നാളികേര സംഭരണത്തിന്റെ കാര്യത്തിൽ അഞ്ച് ഏക്കർ എന്ന പരിധി ഇപ്പോൾ മാറ്റിയിട്ടുണ്ടെങ്കിലും നെൽകർഷകരുടെ പരിധി മാറ്റിയിട്ടില്ല. ഇതുമൂലം തരിശുഭൂമിയിലുൾപ്പെടെ നെൽകൃഷി നടത്താൻ തയ്യാറായിവന്ന

കർഷകർക്കും നിലം പാട്ടത്തിനെടുത്ത് നെൽകൃഷി നടത്തുന്ന കുടുംബശ്രീ സംവിധാനത്തിനുമുൾപ്പെടെ ഈ സബ്സിഡി നിഷേധിക്കപ്പെടുകയാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സർക്കാർ ഇടപെടുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഞാൻ നെല്ലിന്റെ വിലയുടെ കാര്യങ്ങൾ പറഞ്ഞുകഴിഞ്ഞു. ഇവിടെ നിരന്തരമായി പി.ആർ.എസ്. വായ്പയെ സംബന്ധിച്ച് ചർച്ച ചെയ്യാറുണ്ട്. അതെല്ലാം പരിഹരിക്കാനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിക്കാം. സിവിൽ സപ്ലൈസ്-കൃഷി വകുപ്പുകൾ സംയുക്തമായി ഇത് പരിശോധിച്ച് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് കർഷകരെ സംബന്ധിച്ച് നിരാശാജനകമാണ്. ഒരു വർഷം നീണ്ടുനിന്ന കർഷക പ്രക്ഷോഭം അവസാനിപ്പിക്കാൻ രണ്ട് വർഷം മുമ്പ് കേന്ദ്ര സർക്കാർ നൽകിയ ഉറപ്പുപോലും പാലിക്കപ്പെട്ടിട്ടില്ല. പരോക്ഷമായി സംസ്ഥാന സർക്കാരും അതേ നിലയിലാണ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ ബഡ്ജറ്റിൽ നാളികേര സംഭരണ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുമെന്നും

നാളികേരത്തിന്റെ സംഭരണ വില 34 രൂപയായി ഉയർത്തുമെന്നും പ്രഖ്യാപിച്ചിരുന്നെങ്കിലും മറ്റൊരു ബഡ്ജറ്റ് വരാനിരിക്കുന്നതിന്റെ തലേദിവസംപോലും അത് പാലിക്കപ്പെട്ടിട്ടില്ല. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് കർഷകർക്ക് ലഭിച്ചിരുന്ന ആനുകൂല്യങ്ങളെങ്കിലും പുനഃസ്ഥാപിച്ചുതരാൻ സന്നദ്ധമാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേന്ദ്ര സർക്കാർ കേരളത്തോട് കർഷക വിരുദ്ധ നയസമീപനങ്ങളാണ് പലപ്പോഴും സ്വീകരിക്കുന്നതെന്ന് നമുക്ക് അറിയാം. കേന്ദ്രത്തിന്റെ നയങ്ങൾക്കെതിരെ ഭരണ-പ്രതിപക്ഷാംഗങ്ങൾ ഒരുമിച്ചുനിന്ന് ശക്തമായി സമരം ചെയ്യണമെന്നാണ് പറയാനുള്ളത്.

**സാമ്പത്തിക-സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിന് പ്രത്യേക ഡയറി പാക്കേജുകൾ**

3 (*123) ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തോട്ടം മേഖലയിലെയും മത്സ്യ-കയർ മേഖലകളിലെയും തൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക-സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രത്യേക ഡയറി പാക്കേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി പ്രവർത്തനവും ഉദ്ദേശ്യലക്ഷ്യങ്ങളും വിശദമാക്കാമോ;

(ബി) ക്ഷീര സംരംഭകർക്കായി ഡയറി യൂണിറ്റുകളും യുവാക്കൾക്കായി സ്മാർട്ട് ഡയറി ഫാം പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, (എ) സംസ്ഥാനത്തെ തോട്ടം, മത്സ്യ, കയർ മേഖലകളിലെ തൊഴിലാളികൾക്കായി 2023-24 സാമ്പത്തിക വർഷം മുതൽ പ്രത്യേക ഡയറി പാക്കേജുകൾ ക്ഷീര വികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. തോട്ടം മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനം ലക്ഷ്യമിട്ട് 'ക്ഷീരലയം' എന്ന പദ്ധതിക്കായി 44 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 80% സബ്സിഡിയോടുകൂടി അനുവദിക്കുന്ന ഈ

പദ്ധതിയിൽ പശു, കാലിത്തൊഴുത്ത്, ഡയറി ഫാമിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കൽ, തീറ്റപ്പുൽകൃഷി, കാലിത്തീറ്റ എന്നിങ്ങനെ വിവിധ ഘടക പദ്ധതികൾക്കായാണ് ധനസഹായം നൽകുന്നത്. തോട്ടം മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേകം നടപ്പാക്കുന്ന ഈ പദ്ധതിയിൽ അടുത്തുള്ള ലയങ്ങളിലുൾപ്പെട്ടതും പശുവളർത്തലിൽ താൽപ്പര്യമുള്ളതുമായ 10 കർഷകരെ കണ്ടെത്തി ഒരു കമ്മ്യൂണിറ്റി കാലിത്തൊഴുത്ത് നിർമ്മിച്ച് ആയതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ നൽകിക്കൊണ്ടാണ് നടപ്പിലാക്കുന്നത്. ഓരോ ലയത്തിലും ആകെ ചെലവഴിക്കുന്ന അടങ്കൽ തുകയായ 13.78 ലക്ഷം രൂപയുടെ 80 ശതമാനമായ 11 ലക്ഷം രൂപ ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ വയനാട്, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കുന്നു. തീരദേശത്തെയും കയർ മേഖലകളിലെയും തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിനായി 64.50 ലക്ഷം രൂപ വകയിരുത്തി 'ക്ഷീരതീരം പദ്ധതി' 2023-24 സാമ്പത്തിക വർഷം മുതൽ ആരംഭിച്ചു. 60% ധനസഹായം

അനുവദിക്കുന്ന ഈ പദ്ധതിയിൽ പശു, കാലിത്തൊഴുത്ത്, ഡയറി ഫാമിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, കാലിത്തീറ്റ, തീറ്റപ്പുൽകൃഷി, ഇൻഷ്വറൻസ് തുടങ്ങി മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള വിവിധ ഘടക പദ്ധതികൾക്കായി സബ്സിഡി അനുവദിക്കുന്നു.

(ബി) ക്ഷീര സംരംഭകർക്കായി 2 പശു ഡയറി യൂണിറ്റ്, 5 പശു ഡയറി യൂണിറ്റ്, 10 പശു ഡയറി യൂണിറ്റ്, 20 പശു ഡയറി യൂണിറ്റ് എന്നിങ്ങനെ 33% സബ്സിഡിയോടെ ക്ഷീരമേഖലയിലേയ്ക്ക് പുതിയതായി കടന്നുവരുന്നവരെയും നിലവിൽ ക്ഷീര മേഖലയിൽ പ്രവർത്തിക്കുന്നവരെയും സഹായിക്കുന്നതിനായി പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ഡയറി യൂണിറ്റുകൾ അനുവദിക്കുന്നു. 40 വയസ്സിന് താഴെയുള്ളവർക്കും 50 സെന്റിൽ തീറ്റപ്പുൽകൃഷി നടപ്പിലാക്കാൻ സ്ഥലസൗകര്യമുള്ളവർക്കും 10 പശുക്കളെ വളർത്തുന്നതിനാവശ്യമായ ഭൗതിക സാഹചര്യമുള്ളവർക്കും ശാസ്ത്രീയമായ കാലിത്തൊഴുത്തും ആധുനിക പശു പരിപാലനത്തിനാവശ്യമായ സൗകര്യമുള്ളവർക്കും മുൻഗണന നൽകി യുവസംരംഭകർക്കായി സ്മാർട്ട് ഡയറി ഫാം പദ്ധതി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുന്നു. 40%

ധനസഹായത്തോടുകൂടിയുള്ള ഈ പദ്ധതിക്കായി 23.20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. എം. എം. മണി</u>: സർ, ഇടുക്കി ജില്ലയിലെ തൊടുപുഴയ്ക്കടുത്ത് ഒരു കുട്ടികർഷകന്റെ 13 പശുക്കൾ മരച്ചീനിയുടെ ഇലയും തണ്ടും തീറ്റയായി നൽകിയതുമൂലം മരണപ്പെടുകയുണ്ടായി. ഈ വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കാമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, 2023 ഡിസംബർ 31-ാം തീയതി ന്യൂ ഇയർ പ്രോഗ്രാമിലേയ്ക്ക് കടക്കുന്നതിന്റെ തൊട്ടുമുമ്പാണ് 2021-ൽ കേരളത്തിലെ ഏറ്റവും നല്ല കുട്ടികർഷകനായി തെരഞ്ഞെടുക്കപ്പെട്ട മാത്യു ബെന്നിയുടെ 13 പശുക്കൾ മരണപ്പെടുന്ന അവസ്ഥയുണ്ടായത്. ആ കുട്ടികർഷകന് ഏകദേശം 22 പശുക്കളുണ്ടായിരുന്നു. 2021-ൽ അവാർഡ് ലഭിച്ചപ്പോൾ എന്ത് ആവശ്യമുണ്ടെങ്കിലും അറിയിക്കണമെന്ന് ഞാൻ പറഞ്ഞപ്പോൾ ഒരു തൊഴുത്ത് വേണമെന്നായിരുന്നു ആ കുട്ടികർഷകന്റെ ആവശ്യം. അടിയന്തരമായി മിൽമയുടെ സഹായത്തോടെ ഒന്നര ലക്ഷം രൂപ ചെലവഴിച്ച് ഒരു തൊഴുത്ത് നിർമ്മിച്ചുനൽകി. കൂടാതെ, പുൽകൃഷി

ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിക്കൊടുക്കുകയും ഒരു ഹെക്ടറിൽ പുൽകൃഷി ചെയ്തപ്പോൾ 12,000/- രൂപ സബ്സിഡി നൽകുകയും ചെയ്തു. അതുപോലെ പശുക്കളെ വാങ്ങാനും മറ്റുമുള്ള സാമ്പത്തിക സഹായമൊക്കെ ആ കുട്ടികർഷകന് ചെയ്തുകൊടുത്തു. എന്നാൽ 2023 ഡിസംബർ 31-ാം തീയതി ഈ ദുരന്ത വാർത്ത അറിഞ്ഞപ്പോൾത്തന്നെ കുട്ടികർഷകനുമായി ബന്ധപ്പെടുകയും അഞ്ച് ഡോക്ടർമാരുടെ സേവനം ആ രാത്രിയിൽത്തന്നെ നൽകുകയും ചെയ്തു. അതുകൊണ്ടാണ് ഒൻപത് പശുക്കളെ രക്ഷിക്കാൻ സാധിച്ചത്. പശുക്കൾക്ക് ഭക്ഷണമായി നൽകിയത് എന്താണെന്ന് ചോദിച്ച് മനസ്സിലാക്കി അതിനുള്ള മറുമരുന്ന് നൽകിയതുകൊണ്ടാണ് ഒൻപത് പശുക്കളെ രക്ഷപ്പെടുത്താൻ സാധിച്ചത്. 13 പശുക്കൾ മരണപ്പെടുകയുണ്ടായി. കപ്പയുടെ തൊലിയാണ് പശുക്കൾക്ക് തീറ്റയായി നൽകിയത്. അതിലെ സയനൈഡാണ് ഈ സംഭവത്തിന് കാരണമായത്. കന്നുകാലികൾക്ക് ഇത്തരത്തിലുള്ള തീറ്റ നൽകാൻ പാടില്ല. അത് നൽകിയതുകൊണ്ടാണ് ഇത്രയും പശുക്കൾ ഓക്സിജൻ ലഭിക്കാതെ പിടഞ്ഞുവീണ് മരിക്കുന്ന അവസ്ഥയുണ്ടായത്. കുട്ടികർഷകന്റെ വീട്ടിൽ സംഭവമുണ്ടായതിന്റെ അടുത്ത

ദിവസംതന്നെ എത്തുകയും അച്ഛനില്ലാത്ത ആ കുട്ടിയുടെ കുടുംബത്തെ ആശ്വസിപ്പിക്കുകയും അഞ്ച് പശുക്കളെ നൽകാമെന്ന് വാഗ്ദാനം നൽകുകയും ചെയ്തു. മിൽമയുടെ വകയായി ഒരു പശുവിന് 15,000/- രൂപവച്ച് 45,000/- രൂപയുടെ ചെക്കും കേരള ഫീഡ്സിൽ നിന്നും ഒരു മാസത്തേയ്ക്കുള്ള കാലിത്തീറ്റയും സൗജന്യമായി നൽകാനും ഇന്ത്യൻ വെറ്ററിനറി അസോസിയേഷൻ മുഖേന പാൽ കറക്കുന്ന യന്ത്രം ഉൾപ്പെടെ നൽകാനുമുള്ള സംവിധാനമൊരുക്കുകയും അവ ഒരാഴ്ചയ്ക്കകം നൽകുകയും ചെയ്തിട്ടുണ്ട്. കേരളത്തിലെ ഏറ്റവും നല്ല എച്ച്.എഫ്. ഇനത്തിൽപ്പെട്ട 15 മുതൽ 20 ലിറ്റർവരെ പാൽ തരുന്ന 5 ഗർഭിണി പശുക്കളെ ഇൻഷ്വറൻസ് ഉൾപ്പെടെ ഏർപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. ഇനിയും എന്ത് സഹായം വേണമെങ്കിലും നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്.

ശ്രീ. എം. എം. മണി: സർ, ഉൽപ്പാദനക്ഷമതയുള്ള പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വിശദീകരിക്കാമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കേന്ദ്രാവിഷ്കൃത പദ്ധതിയായ Rashtriya Gokul Missio-ന്റെ ഭാഗമായി ABIP-SS എന്ന sex sorted പദ്ധതി നടപ്പാക്കുന്നുണ്ട്. കേരളത്തിൽ 95 ശതമാനവും സങ്കരയിനം പശുക്കളാണ്. KLDB (Kerala Livestock Development Board) ആണ് സങ്കരയിനം പശുക്കളുടെ ബീജം ഉത്പാദിപ്പിച്ച് ഇവിടത്തെ ക്ഷീരകർഷകർക്ക് വിതരണം ചെയ്യുന്നത്. 10 ലിറ്ററിന് മുകളിൽ പാൽ നൽകുന്ന പശുക്കളാണിവ. Sex sorted semen നൽകുന്ന രീതി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പ്രാവർത്തികമാക്കിവരികയാണ്. ഒരു പ്രസവത്തിൽ ഒരു പശു കിടാവിനെ ലഭിച്ചാൽ രണ്ടര വർഷം കഴിയുമ്പോൾ വീണ്ടും ഒരെണ്ണംകൂടി ലഭിക്കുന്ന തരത്തിലുള്ള sex sorted semen ആണ് കേരളത്തിലെ പശുക്കൾക്ക് നൽകുന്നത്. Kerala Veterinary and Animal Sciences University ഫാമിലെ അറുപതോളം പശുക്കളിൽ ഇത് കുത്തിവച്ചപ്പോൾ നാൽപ്പതിലധികം പശു കിടാവുകൾ പിറവിയെടുക്കുകയുണ്ടായി. ക്ഷീര കർഷകരെ സഹായിക്കുന്നതിനായി ഇത്തരത്തിലുള്ള നൂതന പദ്ധതികൾ കേരളത്തിലെ

എല്ലാ ജില്ലകളിലും നടപ്പാക്കാൻ ശ്രമിക്കുന്നതാണ്. അതിലൂടെ പാലുൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പാലുൽപ്പാദനത്തിന്റെ തോത് വർദ്ധിപ്പിച്ചും പാൽ അനുബന്ധ ഉൽപ്പന്നങ്ങൾ കൂടുതൽ ഉൽപ്പാദിപ്പിച്ചും വരുമാനവും തൊഴിലവസരങ്ങളും സൃഷ്ടിച്ച് ക്ഷീരകർഷകർക്കും ക്ഷീരസംഘങ്ങൾക്കും ഏറെ ആശ്വാസകരമായ നിരവധി നടപടികളുമായി മുന്നോട്ടുപോകുന്ന വകുപ്പിനെയും ബഹുമാനപ്പെട്ട മന്ത്രിയെയും സംസ്ഥാന സർക്കാരിനെയും ഞാൻ അഭിനന്ദിക്കുന്നു. ഈ വർഷം 'ക്ഷീര സാന്ത്വന ഇൻഷ്വറൻസ് പരിരക്ഷ' എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; ആയത് വിശദമാക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ക്ഷീര കർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിൽ ക്ഷീര വികസന വകുപ്പ്, മിൽമ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ സംയുക്തമായാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. കർഷകർ, ക്ഷീര സംഘം ജീവനക്കാർ, അവരുടെ ജീവിതപങ്കാളി, മാതാപിതാക്കളുടെ പരിരക്ഷയിൽ കഴിയുന്ന 25 വയസ്സിന്

താഴെയുള്ള അവിവാഹിതരും ജോലി ലഭിക്കാത്തവരുമായ മക്കൾ എന്നിവർക്കാണ് ക്ഷീര സാന്ത്വനം പദ്ധതി ലഭ്യമാക്കുന്നത്. അപകടത്തിൽ മരണപ്പെടുന്ന ക്ഷീര കർഷകന്റെ ആശ്രിതർക്ക് 7 ലക്ഷം രൂപവരെ നൽകുന്ന തരത്തിലേയ്ക്കാണ് ടി ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരുന്നത്. ഗുരുതര രോഗബാധിതർക്കും അപകടം സംഭവിച്ചവർക്കും ഒരു ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ വകുപ്പിൽ നിന്ന് 50 ലക്ഷം രൂപയും ഡയറി ഫാർമേഴ്സ് വെൽഫെയർ ഫണ്ടിൽ നിന്ന് 3 കോടി രൂപയും മിൽമയിൽ നിന്ന് ഒരു കോടി രൂപയും വകയിരുത്തിയാണ് ടി ഇൻഷ്വറൻസ് പരിരക്ഷ നടപ്പിലാക്കുന്നത്.

ശ്രീ. എ. രാജ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എം. രാജഗോപാലൻ: സർ, ക്ഷീരകർഷകരുടേതെന്നല്ല ആരുടെയും സാമ്പത്തിക-സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള എന്തെങ്കിലും പദ്ധതികളോ പാക്കേജോ ഇനിമുതൽ കേന്ദ്രസർക്കാരിൽനിന്ന് പ്രതീക്ഷിക്കേണ്ടതില്ലെന്ന് ഇന്നലെ പാർലമെന്റിൽ അവതരിപ്പിച്ച കോർപ്പറേറ്റ് അനുകൂല കർഷക ദ്രോഹ ബഡ്ജറ്റിലൂടെ നരേന്ദ്രമോദി സർക്കാർ ഒരിക്കൽക്കൂടി തെളിയിച്ചിരിക്കുന്നത്.

ഈ സാഹചര്യംകൂടി കണക്കിലെടുത്ത് ക്ഷീര കർഷകർക്കുവേണ്ടി പലിശ രഹിത വായ്പാ പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഒരുവർഷം കൊണ്ടുതന്നെ പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിനായി കൂടുതൽ സബ്സിഡിയോടുകൂടി കന്നുകാലിത്തീറ്റ വിതരണം ചെയ്യുന്ന സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. കൂടാതെ, പശുക്കളെ വാങ്ങാൻ പലിശ രഹിത വായ്പ അനുവദിക്കാനും തീരുമാനിച്ചിട്ടുണ്ട്. പശുക്കളെ വാങ്ങാനെടുക്കുന്ന ലോൺ തുകയുടെ പലിശ സർക്കാർ നൽകുന്ന രീതിയിലാണ് പദ്ധതി ആവിഷ്കരിക്കുന്നത്. ഇതിലൂടെ സാധാരണക്കാർക്ക് കൂടുതൽ പശുക്കളെ വാങ്ങാനാകും. 13 ലക്ഷം കന്നുകാലികളുള്ളതിൽ 650000 കറവപ്പശുക്കളാണ്. കറവപ്പശുക്കളിൽ നിന്ന് ഒരു ലിറ്റർ പാൽ അധികമായി സംഭരിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കുന്നത്. ഇന്ത്യയിൽത്തന്നെ ഏറ്റവും മികച്ച പാൽ ഉൽപ്പാദിപ്പിക്കുന്നത് കേരളത്തിലെ മലബാർ മേഖലയിലാണെന്ന അംഗീകാരവും നമുക്ക് ലഭിച്ചിട്ടുണ്ട്. അത്തരത്തിലാണ്

ഇന്ന് ക്ഷീരമേഖല മുന്നോട്ടുപോകുന്നത്. ക്ഷീര കർഷകരെ സഹായിക്കുന്ന നിരവധി പദ്ധതികൾ ടി മേഖലയിൽ കൊണ്ടുവരുന്നതാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം മിൽമയുടെ 85% ലാഭവും കൊടുക്കുന്നത് ക്ഷീര കർഷകർക്കാണെന്നതാണ്. ഈ സാമ്പത്തിക വർഷം മലബാർ മേഖലയിൽ 33 കോടി രൂപ കൊടുക്കാനുള്ളതിൽ 9 കോടി രൂപ ഇപ്പോൾത്തന്നെ കൊടുത്തിട്ടുണ്ട്. ഒരു ലിറ്റർ പാലിന് 5 രൂപ കർഷകനും 2 രൂപ ക്ഷീര സംഘത്തിനും എന്ന നിരക്കിലാണ് 2 മാസത്തേയ്ക്ക് കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്. എറണാകുളം മേഖലയിൽ 12 കോടി രൂപ ക്ഷീരമേഖലയിലെ കർഷകരെ സഹായിക്കാൻ കൊടുക്കുന്നുണ്ട്. തിരുവനന്തപുരം മേഖലയിൽ ഒരു ലിറ്റർ പാലിന് 3 രൂപ കർഷകനും 50 പൈസ സംഘത്തിനും എന്ന നിലയിൽ 37 കോടി രൂപ നൽകുന്നു. ക്ഷീരകർഷകരെ സഹായിക്കാൻ മിൽമ ഉൾപ്പെടെ രംഗത്തുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, ക്ഷീര വികസന മേഖലയിൽ വനിതകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് പുതിയ സംരംഭങ്ങൾ

തുടങ്ങുന്നതിനും എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, വനിതകൾക്ക് മുൻഗണന നൽകുന്ന രീതിയിലാണ് ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ നടപ്പാക്കുന്നത്. വകുപ്പ് നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ 36% സ്ത്രീകൾ ഈ മേഖലയിൽ വിവിധ തലങ്ങളിലായി പ്രവർത്തിച്ചുവരുന്നതായി കണക്കാക്കുന്നു. ടി മേഖലയിൽ ചെലവഴിക്കുന്ന ഫണ്ടിന്റെ സിംഹഭാഗവും വനിതകളുടെ ഉന്നമനത്തിനായാണ് വിനിയോഗിക്കുന്നതെന്ന് ഇതിൽനിന്നും വ്യക്തമാണ്. വനിതാ ഗ്രൂപ്പുകൾക്കായി തീറ്റപ്പുൽ വികസന പദ്ധതിയിയിലുൾപ്പെടുത്തി തീറ്റപ്പുൽ കൃഷി, തീറ്റപ്പുൽ സംഭരണം, വിപണനം എന്നിവ നടപ്പാക്കിവരുന്നു. വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വനിതകൾക്കായി കറവപ്പശു വാങ്ങൽ, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഇൻസെന്റീവ്, ബയോഗ്യാസ് പ്ലാന്റ്, കാലിത്തൊഴുത്ത് നിർമ്മാണം തുടങ്ങിയ പദ്ധതികളും നടപ്പാക്കുന്നുണ്ട്. അതുപോലെ 'ക്ഷീരശ്രീ', JLG (Joint Liability Group) വനിതാ ഗ്രൂപ്പുകൾ

രൂപീകരിച്ച് ക്ഷീരമേഖലകളിൽ പശുവളർത്തൽ, പുൽക്കൃഷി തുടങ്ങിയ പദ്ധതികളും നടപ്പാക്കുന്നുണ്ട്.

ശ്രീ. ടി. സിദ്ദിഖ്: സർ, കേരളത്തിൽ മിൽമ 14 ലക്ഷം ലിറ്റർ പാലാണ് സംഭരിക്കുന്നത്. അതിൽ വയനാട് ജില്ലയിൽ നിന്നും രണ്ടര ലക്ഷം ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. പാലിന്റെ ക്വാളിറ്റി നിശ്ചയിക്കുന്നത് MBRT (Methylene Blue Dye Reduction Test) ടെസ്റ്റിലൂടെയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽത്തന്നെ ഏറ്റവും ക്വാളിറ്റിയുള്ള പാൽ ഉൽപ്പാദിപ്പിക്കുന്നത് വയനാട് ജില്ലയിലാണ്. താരതമ്യേന അണുജീവികൾ ഏറ്റവും കുറവുള്ള പാൽ ഉൽപ്പാദിപ്പിക്കുന്ന ജില്ലയും വയനാടാണ്. ക്ഷീര ഗ്രാമം പദ്ധതി പ്രഖ്യാപിച്ചപ്പോൾ വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്തിനെ മാത്രമാണ് ഉൾപ്പെടുത്തിയത്. നേരത്തെ ഒരു കോടി രൂപയുണ്ടായിരുന്ന പദ്ധതിയിൽ ഇപ്പോൾ 50 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. 50 ലക്ഷം രൂപയെന്ന നിബന്ധനയുടെ അടിസ്ഥാനത്തിൽ ആയത് നടപ്പാക്കിയ മീനങ്ങാടി പഞ്ചായത്തിന്റെ പകുതി തുകയും സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടിവന്നു. ക്ഷീര ഗ്രാമം പദ്ധതിയുടെ

നിബന്ധനകൾ കർഷകർക്ക് സൗകര്യപ്രദമായ രീതിയിൽ പുനഃക്രമീകരിക്കാനും വയനാട് ജില്ലയെ സമ്പൂർണ്ണ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുന്ന ജില്ലയാക്കി മാറ്റാനുമാവശ്യമായ നടപടികൾക്ക് നേതൃത്വം നൽകുമോ? ജില്ലയിൽ ഒരു പഞ്ചായത്തിൽ മാത്രം പദ്ധതി നടപ്പാക്കിയത് അനീതിയാണെന്നുകൂടി ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്നത് പാലക്കാട് ജില്ലയിലാണ്. അവിടെനിന്നും ഏകദേശം രണ്ടര ലക്ഷത്തോളം ലിറ്റർ പാലാണ് ഒരു ദിവസം ലഭിക്കുന്നത്. വയനാട് ജില്ലയിൽ നിന്നും ഒരു ദിവസം രണ്ട് ലക്ഷം ലിറ്റർ പാൽ ലഭിക്കും. ക്ഷീരഗ്രാമം പദ്ധതി എല്ലാ സ്ഥലങ്ങളിലും നടപ്പാക്കണമെന്നാണ് ആഗ്രഹിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 25 പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി അനുവദിച്ചത്. അപ്പോൾ 50 ലക്ഷം രൂപ വകുപ്പ് നൽകുമായിരുന്നു. ബാക്കി 50 ലക്ഷം രൂപ ഗുണഭോക്തൃവിഹിതമായി പഞ്ചായത്തിൽ നിന്ന് സെലക്ട് ചെയ്യുന്ന ക്ഷീരകർഷകരിൽ നിന്നായിരുന്നു കളക്ട് ചെയ്തിരുന്നത്. അപ്രകാരം ഒരു കോടി രൂപയുടെ പദ്ധതി

നടപ്പാക്കുമ്പോൾ ആ പഞ്ചായത്തിൽ കുറഞ്ഞത് 70 പശുക്കളെയെങ്കിലും എത്തിക്കാനും തൊഴുത്ത് നിർമ്മാണം, പുൽക്കൃഷി തുടങ്ങിയ കാര്യങ്ങൾ ചെയ്യാനും സാധിക്കും. കൂടുതൽ പഞ്ചായത്തുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി പഞ്ചായത്തുകളുടെ ഫണ്ടുകൂടി സ്വരൂപിക്കാൻ തീരുമാനിച്ചു. സർക്കാർ 25 ലക്ഷം രൂപ അനുവദിക്കുമ്പോൾ ഗ്രാമപഞ്ചായത്തുകളും 25 ലക്ഷം രൂപ വീതം വിഹിതം നൽകിയാൽ 50 ലക്ഷം രൂപയുടെ പദ്ധതി അവിടെ നടപ്പാക്കാൻ കഴിയും. ഗുണഭോക്തൃവിഹിതവും കൂടി കണക്കാക്കുമ്പോൾ ഒരുകോടി രൂപയുടെ പദ്ധതി പ്രാവർത്തികമാകും. ഇത്തവണ 50 പഞ്ചായത്തുകളെയാണ് സെലക്ട് ചെയ്തിട്ടുള്ളത്. പഞ്ചായത്ത് വിഹിതംകൂടി ലഭ്യമാക്കുകയാണെങ്കിൽ ഇക്കാര്യത്തിൽ യാതൊരു തടസ്സവുമുണ്ടാകുകയില്ല.

**കർഷക ക്ഷേമനിധി ബോർഡ്**

4 (*124) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) കർഷകരുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ട ബോർഡിന്റെ പ്രവർത്തനം വിശദമാക്കാമോ;

(സി) പ്രസ്തുത ബോർഡിന്റെ വരുമാനം ഏതൊക്കെ രീതിയിലാണെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നതെന്നും വിശദീകരിക്കാമോ;

(ഡി) കർഷക ആനുകൂല്യങ്ങളെ സംബന്ധിച്ച് ധനകാര്യ വകുപ്പും കൃഷി വകുപ്പും തമ്മിൽ തർക്കം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, (എ) ഉണ്ട്.

(ബി) 2020 ഒക്ടോബർ മാസം കർഷക ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചു. തൃശ്ശൂർ ആസ്ഥാനമായി ബോർഡിന്റെ ഹെഡ് ഓഫീസും തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്

എന്നിവിടങ്ങളിൽ മേഖല ഓഫീസുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ബോർഡിന്റെ ഭരണ നിർവ്വഹണം നടത്തുന്നത് 24 അംഗങ്ങളുള്ള ഡയറക്ടർ ബോർഡാണ്. കേരള കർഷക ക്ഷേമനിധി ആക്ട് 2019 പ്രകാരവും കേരള കർഷക ക്ഷേമനിധി ചട്ടങ്ങൾ പ്രകാരവുമാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്. കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കേരള കർഷക ക്ഷേമനിധി ബോർഡിൽ 18337 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15049 കർഷകർ മാത്രമാണ് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്; ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലാണ്. അപേക്ഷകൾ ഓൺലൈനായാണ് നൽകേണ്ടത്. അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കർഷക ക്ഷേമനിധി ബോർഡിന്റെ https://kfwfb.kerala.gov.in എന്ന പോർട്ടൽ വഴിയാണ് നൽകേണ്ടത്. അപേക്ഷയുടെ തൽസ്ഥിതി അംഗത്തിന് എപ്പോൾ വേണമെങ്കിലും പോർട്ടലിൽനിന്നും അറിയാവുന്നതും അപേക്ഷയിലുള്ള അപാകതകൾ പരിഹരിക്കാവുന്നതുമാണ്.

(സി) കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷക ക്ഷേമനിധി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും വിജ്ഞാപനംവഴി ഒരു നിധി രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽനിന്നാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. കേരള കർഷക ക്ഷേമനിധി പദ്ധതിയുടെ കരട് സർക്കാരിന്റെ പരിഗണനയിലാണ്. നിധിയിലേയ്ക്ക് താഴെ പറയുംപ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

1. അംഗങ്ങളുടെ നിധിയിലേയ്ക്കുള്ള അംശദായം;
2. കാർഷിക ഇൻസെന്റീവ്: കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു

ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവായി നിധിയിലേയ്ക്ക് നൽകുന്ന തുക;

3. വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;

4. ക്ഷേമനിധി ആക്ടിലെ 8-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം അംഗങ്ങളുടെ അംശദായത്തിന് ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250/- രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശദായം;

5. അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും;

6. 2019-ലെ കേരള കർഷക ക്ഷേമനിധി ആക്ടിലെ 29-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന 'കിസാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്കുള്ള തുക;

7. കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ;

8. 2013-ലെ കമ്പനി നിയമ പ്രകാരമുള്ള (2013-ലെ 18-ാം കേന്ദ്ര ആക്ട്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;

9. കിസാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകിവന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേയ്ക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;

10. ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാനപ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

11. പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

12. പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടുകൂടി കർഷക ക്ഷേമത്തിനായി ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും മറ്റേതെങ്കിലും നിയമപ്രകാരമോ

സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;

13. പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക;

അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് പദ്ധതിയിലെ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. ബോർഡ് മുഖേന കർഷകർക്ക് താഴെ പറയുന്ന സേവനങ്ങൾ/ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.

1. അറുപത് വയസ്സ് പൂർത്തിയാക്കിയതും അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.
2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.
3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷികവൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.

4. അവശത ആനുകൂല്യം: രോഗംമൂലമോ അപകടംമൂലമോ ശാരീരിക അവശതയുള്ളവർക്കാണ് അവശത ആനുകൂല്യം.
5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്.
6. വിവാഹ-പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.
7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് സഹായം.
8. മരണാനന്തര ആനുകൂല്യം.
9. ഒറ്റത്തവണ ആനുകൂല്യം.

മുകളിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ ഉൾപ്പെടുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പദ്ധതി രേഖയുടെ കരട് അംഗീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) ഇല്ല.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനസജ്ജമായി കാര്യക്ഷമമായി പ്രവർത്തിക്കുമെന്ന് കേരളത്തിലെ കൃഷിക്കാർ പ്രതീക്ഷിച്ചെങ്കിലും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളിലേയ്ക്ക് കടക്കാൻ ഇതുവരെയും ബോർഡിന് കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് വസ്തുത. എന്തുകൊണ്ടാണ് കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനസജ്ജമാക്കാൻ കഴിയാത്തത്; കർഷകരുടെ ക്ഷേമത്തിനായി രൂപീകരിച്ച ബോർഡ് ഒന്നും ചെയ്യാനാകാതെ പ്രതിസന്ധിയിലാണെന്നാണ് കൃഷിക്കാർ പരാതിപ്പെടുന്നത്. ഇതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, 2020 ഒക്ടോബർ മാസത്തിലാണ് കേരള കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനമാരംഭിച്ചത്. ഇരുപത്തിനാല് അംഗങ്ങളുള്ള ഡയറക്ടർ ബോർഡിന്റെ ആസ്ഥാനം തൃശ്ശൂരാണ്. ക്ഷേമനിധിയിൽ അംഗമാകുന്നതിന് കർഷകർക്ക് ഓൺലൈനായി രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ട്. അവർ രജിസ്ട്രേഷൻ നടപടികളെല്ലാം പൂർത്തീകരിച്ച് അംശദായം അടച്ച് വരുന്നതേയുള്ളൂ. ആ

ഇനത്തിൽ ഇതുവരെ 2,29,83,383/- രൂപ ലഭിച്ചിട്ടുണ്ട്. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായവർക്കാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്. നിലവിലെ അംഗങ്ങൾ അഞ്ചുവർഷം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ആനുകൂല്യം നൽകിയിട്ടില്ല. ബോർഡിന്റെ വിവിധ സേവനങ്ങൾ, ആനുകൂല്യങ്ങൾ എന്നിവ തീരുമാനിക്കുന്ന പദ്ധതി രേഖ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട മിനിസ്റ്റർ പറഞ്ഞതുപ്രകാരം ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ട് ഒന്നുരണ്ട് വർഷമാകുന്നതേയുള്ളൂ. പിന്നെ എങ്ങനെയാണ് അഞ്ച് വർഷം പൂർത്തീകരിക്കുന്നത്? ഇക്കാര്യം പരിശോധിക്കേണ്ടതാണ്. അംശദായം പിരിക്കുന്ന കാര്യത്തിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. നാമമാത്രമായ കൃഷിക്കാർക്ക് മാത്രമേ ഇതുവരെ ഇതിൽ രജിസ്റ്റർ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. അതുകൊണ്ട് ഇത് കൃഷിക്കാർക്ക് ഉപകരിക്കുന്ന രീതിയിൽ വിപുലീകരിക്കുന്നതിനും ഇതിന്റെ ഗുണം കൃഷിക്കാരിൽ എത്തിക്കുന്നതിനുമുള്ള നടപടികൾ കാര്യക്ഷമമായി നടപ്പിലാക്കുമോ?

<u>ശ്രീമതി ജെ. ചിഞ്ചുറാണി</u>: സർ, കാര്യക്ഷമതയോടുകൂടി നടപ്പിലാക്കാൻ സാധിക്കും. നിലവിൽ 15049 കർഷകരാണ് ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, 2019-ലാണ് ക്ഷേമനിധി നിയമം നിയമസഭ പാസ്സാക്കിയത്. 2020-ൽ ഡയറക്ടർ ഉൾപ്പെടെ 24 അംഗങ്ങളുമായി ബോർഡ് നിലവിൽ വന്നെങ്കിലും മൂന്ന് വർഷത്തോളം ഇതിന്റെ പ്രവർത്തനം പൂർണ്ണമായും നിശ്ചലമായിരുന്നു. ഇരുപത് ലക്ഷത്തോളം കർഷകരെ ഇതിൽ അംഗങ്ങളാക്കുമെന്നായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം. എന്നാൽ ഇന്ന് അങ്ങ് നൽകിയ മറുപടി 15049 പേരാണ് ആകെ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നാണ്. മൂന്ന് വർഷം കഴിഞ്ഞിട്ടും ഗവൺമെന്റ് പ്രതീക്ഷിച്ചതുപോലെ രജിസ്ട്രേഷൻ നടക്കാത്തത് എന്തുകൊണ്ടാണ്? 5,000/- രൂപ പെൻഷൻ നൽകാനാണ് ക്ഷേമനിധി ലക്ഷ്യമിടുന്നത്. അറുപത് വയസ്സ് കഴിഞ്ഞ അംഗങ്ങൾക്ക് ഈ പെൻഷൻ കൃത്യമായി ലഭിക്കുമെന്ന് ഉറപ്പ് നൽകാൻ സാധിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ട് രണ്ട് വർഷമാകുന്നതേയുള്ളൂ. രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. പരമാവധി കർഷകരെ രജിസ്റ്റർ ചെയ്യിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്. കർഷകരെ ബോധവൽക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. മാണി സി. കാപ്പൻ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീമതി കെ. കെ. രമ: സർ, സർക്കാരിന്റെ എല്ലാ ക്ഷേമ പെൻഷനുകളും മുടങ്ങിക്കിടക്കുകയാണ്, തൊഴിലാളികൾക്ക് ക്ഷേമനിധിയിൽനിന്നുള്ള പെൻഷനും ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ തുച്ഛമായ വരുമാനത്തിൽനിന്നും ഒരു പങ്ക് ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന കർഷർക്ക് പെൻഷൻ ലഭിക്കില്ലെന്ന ചിന്ത അവരെ പിന്നോട്ടടിപ്പിക്കുന്നുണ്ട്. ക്ഷേമനിധി സംബന്ധിച്ച് കർഷകരുടെ വിശ്വാസം ആർജ്ജിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഇക്കാര്യങ്ങളെല്ലാം ഉത്തരത്തിൽ സൂചിപ്പിച്ചിരുന്നു. ക്ഷേമനിധി കർഷകരെ സഹായിക്കാൻ

വേണ്ടിയുള്ളതാണെന്നും എന്തിനാണ് കൊണ്ടുവന്നതെന്നും അതിൽ പ്രതിപാദിക്കുന്നുണ്ട്. കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യം കൊടുക്കുന്നതിന് യാതൊരു ബുദ്ധിമുട്ടുമില്ല. രജിസ്ട്രേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റ് തുടർനടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ക്ഷേമനിധി ആരംഭിച്ചിട്ട് മൂന്ന് വർഷവും മൂന്ന് മാസവുമായി. എന്നിട്ടും ഇതുവരെ 18337 പേർ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂവെന്ന് പറയുന്നത് ക്ഷേമനിധി ബോർഡുകളിൽ ആളുകൾക്കുള്ള വിശ്വാസവും പ്രതീക്ഷയും നഷ്ടപ്പെടുന്നുവെന്നുള്ളതിന്റെ സൂചനയാണ്. ഒച്ചിന്റെ വേഗതപോലും ഇക്കാര്യത്തിലുണ്ടായിട്ടില്ല. ഇരുപത് ലക്ഷം പേർ രജിസ്റ്റർ ചെയ്യുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. ഇക്കാര്യം പരിശോധിച്ച് കർഷകരിൽ വിശ്വാസ്യതയുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, കർഷകരുടെ ഉന്നമനത്തിനായി 'ക്ഷീര സാന്ത്വനം' ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവന്നിട്ട് പരമാവധി കർഷകരെ അതിൽ രജിസ്റ്റർ ചെയ്യിക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും കർഷകർ അത്ര

താൽപ്പര്യം കാണിക്കുന്നില്ല. അതുതന്നെയാണ് ഇവിടെയും സംഭവിച്ചിരിക്കുന്നത്. അതുകൊണ്ട് എം.എൽ.എ.-മാർ ഉൾപ്പെടെയുള്ളവരുടെ സേവനം ഉപയോഗിച്ച് കൂടുതൽ കർഷകരെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നാണ് പറയാനുള്ളത്.

**കാർഷിക മേഖലയെ ഫലപ്രദമാക്കാൻ പ്രത്യേക മിഷൻ**

5 (*125) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ടോ; പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകരമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മിഷന്റെ ഭാഗമായി ചെറുധാന്യങ്ങളുടെ കൃഷി, അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ എന്നിവയുടെ

പ്രോത്സാഹനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതിലൂടെ എന്തെല്ലാം മാറ്റങ്ങൾ ലക്ഷ്യമാക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, (എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് 13-09-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം.885/2023/കൃഷി പ്രകാരം "പോഷക സമൃദ്ധി മിഷൻ"രൂപീകരിച്ചിട്ടുണ്ട്.

കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കാർഷിക മേഖലയെ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉൽപ്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ചാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.

പോഷക സമൃദ്ധവും സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ മിഷൻ നടപ്പിലാക്കുന്നതാണ്. സമീകൃത ഭക്ഷണക്രമത്തിൽ ഉൾപ്പെടേണ്ട വിളകളെ/ഘടകങ്ങളെ കാർഷിക പാരിസ്ഥിതിക മേഖലാടിസ്ഥാനത്തിൽ നിശ്ചയിച്ച് പോഷക തളികകൾ രൂപകല്പന ചെയ്ത് ആയതിന്റെ ലഭ്യത ആവശ്യാനുസരണം ഉറപ്പാക്കുന്നതിനായി മേൽപ്പറഞ്ഞ വിഭാഗങ്ങളിൽപ്പെട്ട വിളകൾ വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപ്പാദിപ്പിക്കുന്നതാണ്. മേൽപ്പറഞ്ഞ വിളകളുടെ വികസനത്തിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്ന വിവിധ സംസ്ഥാന-കേന്ദ്ര പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.

ഇതിനുപുറമെ മേൽപ്പറഞ്ഞ വിളകളുടെ പ്രദേശിക തലത്തിലുള്ള ലഭ്യത ഉറപ്പാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ

പഞ്ചായത്ത്/ബ്ലോക്ക്/ജില്ലാതലങ്ങളിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതാണ്.

പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പാക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും താഴെ പറയുന്ന ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കി മിഷൻ പ്രവർത്തനനിരതമാക്കാൻ ഉദ്ദേശിക്കുന്നു.

- പച്ചക്കറി/പയറുവർഗ്ഗങ്ങൾ/ചെറുധാന്യങ്ങൾ/പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്നു.
- പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നു.
- പോഷക പ്രാധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉൽപ്പാദനവും ഉപയോഗവും വ്യാപകമാക്കുന്നു.
- പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉൽപ്പാദനം ആരോഗ്യ സൂചികയ്ക്കനുസൃതമായി വർദ്ധിപ്പിക്കുന്നു.
- കൂൺ കൃഷിയും കൂൺ അധിഷ്ഠിത സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

- പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിത ശൈലീ രോഗങ്ങളിൽനിന്നും വിമുക്തി നേടാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നു.
- ഉൽപ്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നു.

മിഷനിൽ ഉൾപ്പെട്ട വിളകളുടെ ഉൽപ്പാദനത്തോടൊപ്പം അവയിൽ നിന്നുള്ള ഉൽപ്പന്നങ്ങളുടെ ഗുണമേന്മയും സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതാണ്. ഇതിനായി ഉത്തമ കാർഷിക മുറകൾ (Good Agriculture practices), നാച്ചുറൽ ഫാമിംഗ്, ജൈവകൃഷി എന്നീ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്. കൂടാതെ കൃഷിയിടങ്ങൾ, സംഭരണ വിതരണ കേന്ദ്രങ്ങൾ, വിപണികൾ എന്നിവിടങ്ങളിൽനിന്നും വിവിധ കാർഷിക ഉൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് കീടനാശിനിയുടെ അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കുന്നു.

കർഷകരുടെ വരുമാന വർദ്ധനവ്:

സുരക്ഷിതവും പോഷക പ്രധാനവുമായ ഭക്ഷണങ്ങളുടെ ആവശ്യകത കണക്കിലെടുത്ത് ഉൽപ്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കും.

(ബി) പോഷക സമൃദ്ധി മിഷന്റെ ഭാഗമായി ചെറുധാന്യ കൃഷി, അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കൽ തുടങ്ങിയവയുടെ സാങ്കേതികവിദ്യകൾ പങ്കുവയ്ക്കുന്നതിന് ഹൈദ്രാബാദ് ആസ്ഥാനമായ ICAR സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി കൃഷി വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. സാങ്കേതികവിദ്യ കൈമാറ്റത്തിലൂടെ ചെറുധാന്യങ്ങളുടെ ഉൽപ്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ശാസ്ത്രീയ രീതിയിൽ മെച്ചപ്പെടുത്തുന്നതാണ്. ചെറുധാന്യ കൃഷി വികസനത്തിനായുള്ള വിവിധ പദ്ധതികൾ പോഷക സമൃദ്ധി മിഷന്റെ കുടക്കീഴിൽ നടപ്പിലാക്കിവരുന്നു.

വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം എന്ന പദ്ധതിയിൽ റാഗി, ചാമ, തിന, വരഗ്, പനിവരഗ്, മണിച്ചോളം, ബജ്റ,

കുതിരവാലി എന്നീ ചെറുധാന്യങ്ങളുടെ വിസ്തൃതി വികസനത്തിനായി 425 ഹെക്ടറിലേയ്ക്ക് 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ചെറുധാന്യങ്ങളുടെ 225 മെട്രിക് ടൺ അധിക ഉൽപ്പാദനം ലക്ഷ്യമിടുന്നു. ഇതേ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും ചെറുധാന്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി ഒരു ഏക്കർ വിസ്തൃതിയുള്ള 152 മുൻനിര പ്രദർശന തോട്ടങ്ങൾ ഒന്നിന് 25,000/- രൂപ വീതം, ആനുകൂല്യം നൽകി നടപ്പിലാക്കുന്നു.

കൂടാതെ വിളവെടുപ്പാനന്തര പരിപാലനവും മൂല്യവർദ്ധനവും പദ്ധതിയിൽപ്പെടുത്തി 50 ലക്ഷം രൂപ ചെലവിൽ ഒരു ചെറുധാന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതാണ്. കൂടാതെ കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേരളാ ഗ്രോ ബ്രാൻഡിന് കീഴിൽ വിവിധ ഓൺലൈൻ/ഓഫ്‌ലൈൻ പ്ലാറ്റ്‌ഫോമുകളിലൂടെ പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതാണ്.

RKVY പദ്ധതിയിലൂടെ ചെറുധാന്യ കൃഷിയുടെ വിസ്തൃതി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി റാഗി, ചാമ, തിന, വരഗ്, മണിച്ചോളം, ബജ്റ, കുതിരവാലി, പനിവരഗ് എന്നിവയുടെ കൃഷി നടപ്പിലാക്കുന്നതാണ്. ഇപ്രകാരം 3500 ഹെക്ടർ സ്ഥലത്ത് അതായത്, ഒരു ഹെക്ടറിന് 20,000/- രൂപ നിരക്കിൽ ചെറുധാന്യ കൃഷി വ്യാപിപ്പിക്കുന്നതിനായി 700 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ആദ്യഘട്ടത്തിൽ 940 ഹെക്ടർ സ്ഥലത്തേയ്ക്കായി 185 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

യൂണിറ്റിന് 20 ലക്ഷം രൂപ നിരക്കിൽ 6 ചെറുകിട മില്ലറ്റ് സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനായി 120 ലക്ഷം രൂപയും ഒരു യൂണിറ്റിന് 5 ലക്ഷം രൂപ നിരക്കിൽ 14 മില്ലറ്റ് കഫേകൾ ആരംഭിക്കുന്നതിന് 70 ലക്ഷം രൂപയും ടി പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസി കർഷകരുടെ പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ.കെ.ഐ.)-ന്റെ ധനസഹായത്തോടെ നടപ്പിലാക്കിയ "അട്ടപ്പാടി

ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതി" മിഷന്റെ ഭാഗമായി വരുംവർഷങ്ങളിലും തുടരുന്നതാണ്.

അട്ടപ്പാടി ട്രൈബൽ ഫാർമേഴ്സ് അസ്സോസിയേഷൻ ഫോർ മില്ലെറ്റ്സ് (ATFAM) എന്ന പേരിൽ ആദിവാസി കർഷകരുടെ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ (എഫ്.പി.ഒ.) രൂപീകരിക്കുകയും കമ്പനി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുകയും ചെയ്യുന്നു. നിലവിൽ 152 കർഷകർക്ക് ഈ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനിൽ അംഗത്വമുണ്ട്.

മുൻകൂട്ടി ആസൂത്രണം ചെയ്ത വിവിധ പദ്ധതികളിലൂടെ കാർഷിക, ആരോഗ്യ, സാമൂഹിക മേഖലകളിൽ പുരോഗതി നേടുന്നതിനും വിവിധ സുസ്ഥിര ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും സാധിക്കും. ക്യാമ്പയിൻ മാതൃകയിലുള്ള പ്രവർത്തനത്തിലൂടെ സമീകൃതാഹാരത്തിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷികോല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി വിവിധ

സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷണൽ പ്ലേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും മിഷനിലൂടെ സാധ്യമാകും.

കാർഷിക മേഖലയെ ആധാരമാക്കി പ്രാദേശിക സാമ്പത്തിക വികസനം ആസൂത്രണം ചെയ്യുന്നതിലൂടെ കർഷകരുടെ വരുമാനം വർദ്ധിക്കുകയും പ്രാദേശിക വികസനം സാധ്യമാകുകയും ചെയ്യുന്നതാണ്.

കാർഷിക പാരിസ്ഥിതിക മേഖലാടിസ്ഥാനത്തിൽ പഴം/പച്ചക്കറി/ ചെറുധാന്യങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിലൂടെ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് ശിപാർശ പ്രകാരമുള്ള പോഷക ഭക്ഷണം കുടുംബങ്ങളിൽ എത്തിക്കാൻ കഴിയുന്നു.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

**10:00 AM]**

**II അടിയന്തരപ്രമേയ നോട്ടീസ്**

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ മകളും മകളുടെ കമ്പനിയും പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഐ.ഡി.സി.-ക്ക് പങ്കാളിത്തമുള്ള

സി.എം.ആർ.എൽ. കമ്പനിയിൽനിന്നും നൽകാത്ത സേവനങ്ങൾക്ക് പണം കൈപ്പറ്റിയതായി ഇൻകം ടാക്സ് ഇന്ററിം സെറ്റിൽമെന്റ് ബോർഡും ആർ.ഒ.സി.-യും കണ്ടെത്തിയതായും സീരിയസ് ഫ്രോഡ് ഇൻവെസ്റ്റിഗേഷൻ ഓഫീസിന്റെ അന്വേഷണം നടക്കുന്നതായും പറയപ്പെടുന്ന സാഹചര്യം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സർവ്വശ്രീ മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. അടിയന്തരപ്രമേയ നോട്ടീസുകൾക്ക് അനുമതി നൽകുന്നതുസംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 52(ix), 53 എന്നിവ അനുസരിച്ച് ഈ നോട്ടീസിന് അനുമതി നൽകാൻ കഴിയില്ല. (...ബഹളം....)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ അടിയന്തരപ്രമേയ നോട്ടീസ് റൂൾ 52-ലെ ഒരു ക്ലോസും ലംഘിക്കുന്നതല്ല. ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. പക്ഷേ ഒരുതരത്തിലുള്ള ലംഘനവും ഇതുമൂലമുണ്ടാകുന്നില്ല.

മി. സ്പീക്കർ: പ്രതിപക്ഷനേതാവിനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് ഞാൻ ആ ക്ലോസ് വായിക്കാം. (......ബഹളം.....) പ്ലീസ്... ചെയർ റൂൾ വായിക്കട്ടെ. Rule 53 - "No motion which seeks to raise discussion on a matter pending before any statutory tribunal or statutory authority performing any judicial or quasi-judicial functions or any commission or court of enquiry appointed to enquire into or investigate any matter shall ordinarily be permitted to be moved:"(......ബഹളം.....) അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചിരിക്കുന്നു.

ഓർഡർ.... ഓർഡർ..... ശ്രദ്ധക്ഷണിക്കൽ. ശ്രീ. ഇ. ചന്ദ്രശേഖരൻ, അങ്ങേയ്ക്ക് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കാവുന്നതാണ്. (......ബഹളം.....)

**10:02 AM]**

**III ശ്രദ്ധക്ഷണിക്കൽ**

ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം തടയൽ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗവും അനവസരത്തിൽ അത് ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന

പ്രശ്നങ്ങളെയും സംബന്ധിച്ച് ചൂണ്ടിക്കാണിക്കാനാണ് ഈ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കുന്നത്. (......ബഹളം.....)

മി. സ്പീക്കർ: പ്ലീസ്..........പ്ലീസ്.... സഭ അജണ്ടയിലെ അടുത്ത ഇനത്തിലേയ്ക്ക് കടന്നുകഴിഞ്ഞു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, മരുന്നുകളുടെ ഉപയോഗത്തിൽ മറ്റേതൊരു സംസ്ഥാനത്തെക്കാളും കേരളം വളരെ മുന്നിലാണ്. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കനുസരിച്ച് കേരളത്തിലെ മരുന്നുകളുടെ പ്രതിശീർഷ ചെലവ് 2,567/- രൂപയാണ്. ബീഹാറിൽ ഇത് 298/- രൂപ മാത്രമാണ്. മരുന്ന് ഉല്പാദകരുടെ പ്രധാന വിപണിയാണ് കേരളം. ഡോ. ബി. ഇക്ബാൽ ചെയർമാനായ വിദഗ്ദ്ധ സമിതിയുടെ കണ്ടെത്തൽ അനുസരിച്ച് 2017-18-ൽ 8000 കോടി രൂപയുടെ അലോപ്പതി മരുന്നാണ് കേരളീയർ കഴിച്ചത്. മരുന്നുതീനികളുടെ നാടാണ് കേരളം. ഹോമിയോ, ആയുർവേദം, യുനാനി, സിദ്ധ തുടങ്ങിയ ചികിത്സാ വിഭാഗങ്ങൾക്കായി ചെലവിട്ട തുകകൂടി ഇതിൽ ഉൾപ്പെടുത്തിയാൽ 15000 കോടി രൂപവരും ഒരു വർഷത്തിൽ കേരളീയർ ഉപയോഗിക്കുന്ന മരുന്നിന്റെ വില. മനുഷ്യരുടെയും

മൃഗങ്ങളുടെയും രോഗങ്ങൾ മരുന്നുകൊണ്ട് ചികിത്സിച്ച് ഭേദപ്പെടുത്താൻ കഴിയാത്ത സാഹചര്യത്തെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. ശ്രദ്ധിച്ചില്ലെങ്കിൽ അത്തരമൊരു അവസ്ഥയിലെത്തിക്കൂടായ്കയില്ല. .

(......ബഹളം.....)

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളുമായി ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ്........പ്ലീസ്....... അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ പോയിരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, രോഗത്തിന് കാരണമാകുന്ന ബാക്ടീരിയ മരുന്നുകളോട് പ്രതിരോധം തീർക്കുന്ന അവസ്ഥ ആരോഗ്യ ഭീഷണിയായി മാറിയിരിക്കുകയാണ്. ആഗോളതലത്തിൽ ആരോഗ്യമേഖല ഇന്ന് നേരിടുന്ന

പ്രധാന വെല്ലുവിളികളിലൊന്നായി ലോകാരോഗ്യ സംഘടന കണക്കാക്കുന്നത് ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് (എ.എം.ആർ.) ആണ്. ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗംമൂലം രോഗാണുക്കൾ പ്രതിരോധശേഷി നേടുകയും രോഗം മൂർച്ഛിക്കുകയും ചെയ്യുന്നു. മനുഷ്യരിൽ മാത്രമല്ല, കോഴി, താറാവ്, കന്നുകാലി എന്നിവയിലെല്ലാം അശാസ്ത്രീയമായ രീതിയിൽ ഇത് പ്രയോഗിച്ചുകൊണ്ടിരിക്കുന്നു. ലോകത്ത് ഉല്പാദിപ്പിക്കപ്പെടുന്ന ആന്റിബയോട്ടിക്കുകളിൽ 70 ശതമാനവും മൃഗങ്ങളിലാണ് ഉപയോഗിക്കുന്നതെന്നാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്. ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗവും അണുബാധകൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ആവശ്യമായ പദ്ധതികളുടെ അഭാവവും ഗുണനിലവാരമില്ലാത്ത മരുന്നുകളുടെ അപര്യാപ്തമായ നിരീക്ഷണവുമൊക്കെ തുടരുമ്പോൾ എ.എം.ആർ. (ആന്റിമൈക്രോബിയൽ റസിസ്റ്റൻസ്) വർദ്ധിക്കുന്നു. ഈ സ്ഥിതി മാറ്റമില്ലാതെ തുടർന്നാൽ 2050-ഓടുകൂടി ഒരു കോടി ആളുകൾ ലോകമെമ്പാടും ഇതുമൂലം മരിക്കാനിടയുണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. 2019-ൽ ലോകത്തെ 1.27 ദശലക്ഷം

മരണങ്ങൾക്ക് ആന്റിബയോട്ടിക് പ്രതിരോധം നേരിട്ട് കാരണമായിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. കോവിഡ്-19 പോലെതന്നെ പൊതുജനാരോഗ്യത്തിന് വലിയൊരു ഭീഷണിയാണ് ആന്റിബയോട്ടിക് പ്രതിരോധം. എ.എം.ആർ. ആഗോള കർമ്മ പദ്ധതി 2015-ൽ രൂപീകരിച്ചു, 2017-ൽ നാഷണൽ ആക്ഷൻ പ്ലാൻ പുറത്തിറങ്ങി. 2018-ൽ കേരളം കർമ്മ പദ്ധതി തയ്യാറാക്കി. രാജ്യത്ത് ഇങ്ങനെ കർമ്മ പദ്ധതി തയ്യാറാക്കിയ ആദ്യ സംസ്ഥാനം കേരളമാണ്. കേരള സർക്കാരാണ് മുന്നിട്ടിറങ്ങി ഈ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എ.എം.ആർ. തോത് കുറയ്ക്കാനുള്ള പരിപാടികൾ ഇതിൽപ്പെടുന്നു. വിശദമായ സ്ട്രാറ്റജിയുടെ അടിസ്ഥാനത്തിൽ നടപ്പാക്കിയ പരിപാടികളുടെ 2021-ലെ എ.എം.ആർ. നിരീക്ഷണ റിപ്പോർട്ട് 2022 നവംബറിൽ സംസ്ഥാന ആരോഗ്യ വകുപ്പ് പുറത്തിറക്കുകയും ചെയ്തു. കേരളം ഇക്കാര്യത്തിൽ വളരെയേറെ മുന്നോട്ടുപോയിരിക്കുന്നുവെന്നത് വസ്തുതയാണ്. മുൻവർഷങ്ങളെ അപേക്ഷിച്ച് സ്ഥിതി മെച്ചപ്പെട്ടുവരുന്നുവെന്നാണ് പഠനങ്ങളിൽനിന്നും വ്യക്തമാകുന്നത്. ഇതിന്റെ

അടിസ്ഥാനത്തിൽ കേരളത്തെ സമ്പൂർണ്ണ ആന്റിബയോട്ടിക് സാക്ഷരതയുള്ള സംസ്ഥാനമാക്കി മാറ്റേണ്ടതുണ്ട്. ആന്റിബയോട്ടിക് രഹിത ഭക്ഷണവും വെള്ളവും ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം സാർവ്വത്രികമായി പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. ഇത് വിദ്യാർത്ഥി സമൂഹത്തിനിടയിലേയ്ക്കും സമൂഹത്തിന്റെ താഴെത്തലങ്ങളിലേയ്ക്കും എത്തിക്കാനാവശ്യമായ നടപടിയുണ്ടാകണം. ഡോക്ടറുടെ നിർദ്ദേശമില്ലാതെ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാൻ പാടില്ല. ആന്റിബയോട്ടിക്കുകൾക്കെതിരെ രോഗാണുക്കൾ പ്രതിരോധശേഷിയാർജ്ജിക്കുന്ന എ.എം.ആർ. സംബന്ധിച്ച് ലോകത്താകെ ബോധവത്കരണം നടന്നുകൊണ്ടിരിക്കുന്നു. കേരളത്തിൽ ആരോഗ്യ വകുപ്പ് ഇതിനെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. ഇതിൽ കുറച്ചുകൂടി ജാഗ്രത അനിവാര്യമാണ്. എല്ലാ ആശുപത്രികളെയും സമയബന്ധിതമായി സ്മാർട്ട് ആശുപത്രികളാക്കാൻ നടപടി സ്വീകരിക്കണം. ആന്റിബയോട്ടിക് സാക്ഷര കേരളം, സ്മാർട്ട് ഹോസ്പിറ്റൽ എന്നിവ ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതുണ്ട്. കേരള എ.എം.ആർ. സർവൈലൻസ് നെറ്റ്‌വർക്കിൽ എല്ലാ ആശുപത്രികളെയും ചേർക്കേണ്ടതുണ്ട്. അതിനായി ശക്തമായ

ഇടപെടലുണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, പ്രധാനപ്പെട്ട ഒരു വിഷയത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഈ വിഷയം സഭയിൽ ഉന്നയിച്ചതിൽ ബഹുമാനപ്പെട്ട അംഗത്തെ പ്രത്യേകമായി അഭിനന്ദിക്കുകയും നന്ദി പറയുകയും ചെയ്യുകയാണ്. ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് എന്നാൽ ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗംമൂലം രോഗാണുക്കൾ ആന്റിബയോട്ടിക്കുകൾക്കെതിരെ പ്രതിരോധശേഷി ആർജ്ജിക്കുന്ന അവസ്ഥയാണ്. ലോകാരോഗ്യ സംഘടന silent pandemic അഥവാ നിശബ്ദമായ മഹാമാരി എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050 ആകുമ്പോഴേയ്ക്കും ലോകത്ത് ഒരുകോടി ആളുകൾ ആന്റിമൈക്രോബിയൽ റസിസ്റ്റൻസുമൂലം മരണപ്പെടുമെന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. ലോകാരോഗ്യ സംഘടനയുടെ വെബ്സൈറ്റിൽ ജനുവരി മാസത്തിലെ വാല്യം 23-ൽ

ആന്റിമൈക്രോബിയൽ റസിസ്റ്റൻസുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ ലേഖനത്തിൽ കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞ വാക്കുകൾ ഉദ്ധരിച്ചത് നമ്മുടെ ആരോഗ്യ മേഖല ആന്റിമൈക്രോബിയൽ റസിസ്റ്റൻസിനെതിരെ സ്വീകരിക്കുന്ന നിലപാടുകൾക്കുള്ള അംഗീകാരമായിക്കൂടി കരുതുകയാണ്. പ്രധാനപ്പെട്ട ഇത്തരം വിഷയങ്ങളിൽനിന്നും പ്രതിപക്ഷം മാറിനിൽക്കുകയാണ് ചെയ്യുന്നത്. രാഷ്ട്രീയ നിലപാടുകളില്ലാത്ത, രാഷ്ട്രീയ വ്യക്തതയില്ലാത്ത, രാഷ്ട്രീയ ദർശനമില്ലാത്ത ഒരു പ്രതിപക്ഷമായി കേരളത്തിലെ പ്രതിപക്ഷം അധഃപതിച്ചുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ഇന്ന് കണ്ടത്. അതുമാത്രമല്ല, വ്യാജന്മാരുടെയും കയ്യേറ്റക്കാരുടെയും കൊള്ളക്കാരുടെയും കൂട്ടായ്മയായി കേരളത്തിലെ പ്രതിപക്ഷം മാറിയിരിക്കുകയാണ്. പ്രധാനപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമ്പോൾ അതിൽ നിന്നെല്ലാം പ്രതിപക്ഷം ഒളിച്ചോടുകയാണ് ചെയ്യുന്നത്. ശ്രദ്ധക്ഷണിക്കലിലൂടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ കൃത്യമായ സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ തയ്യാറാക്കിയാണ് നൂതനമായ ഒട്ടേറെ

കാര്യങ്ങൾ നടപ്പിലാക്കുന്നത്. ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ എന്ന ആശയം ലോകത്ത് ആദ്യമായി മുന്നോട്ടുവയ്ക്കുന്നത് കേരളമാണ്. രണ്ട് കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഇതിനോടകം ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലുകളാക്കി മാറ്റിയിട്ടുണ്ട്. അതിൽ രാജ്യത്തെ ആദ്യത്തെ ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റൽ വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ മണ്ഡലത്തിലുൾപ്പെട്ട കക്കോടിയിലേതാണ്. നവംബർ മാസത്തിലാണ് ആ കുടുംബാരോഗ്യ കേന്ദ്രം ആന്റിബയോട്ടിക് സ്മാർട്ട് ഹോസ്പിറ്റലാക്കി മാറ്റിയത്. ഇതുമായി ബന്ധപ്പെട്ട് ഒരു നെറ്റ്‌വർക്ക് രൂപീകരിച്ചിട്ടുണ്ട്. KARSAP (Kerala Antimicrobial Resistance Strategic Action Plan)-ന് കീഴിൽ ആറ് തന്ത്രപ്രധാനമായ മുൻഗണനകളാണുള്ളത്. Awareness & Understanding (ബോധവൽക്കരണവും ധാരണയും)-ന്റെ ഭാഗമായി ഡോക്ടറുടെ കുറിപ്പടിയോടുകൂടി മാത്രമേ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാൻ പാടുള്ളൂവെന്ന കർശനമായ നിലപാടാണ് സ്വീകരിക്കുന്നത്. ഡ്രഗ്സ് കൺട്രോളർ കൃത്യമായ പരിശോധനകൾ നടത്തി കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ നൽകുന്ന മെഡിക്കൽ ഷോപ്പുകളുടെ ലൈസൻസ്

റദ്ദാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഓപ്പറേഷൻ അമൃത് എന്ന പ്രത്യേക പദ്ധതി ആവിഷ്കരിക്കുകയും 165 ചില്ലറ ഔഷധ വില്പന കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പുതല നടപടികളുടെ ഭാഗമായി 91 സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 5 ഔഷധ വിൽപ്പന ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. 06-01-2024 മുതൽ ടോൾ ഫ്രീ നമ്പറിലൂടെ പൊതുജനങ്ങളിൽനിന്ന് പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്. ഓപ്പറേഷൻ അമൃത് പദ്ധതിയിലൂടെ over the counter without prescription ആന്റിബയോട്ടിക്കുകൾ നൽകുന്ന മെഡിക്കൽ ഷോപ്പുകൾക്കെതിരെ തീർച്ചയായും നടപടിയെടുക്കും. ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ പൊതുജനങ്ങൾക്ക് അറിയിക്കാവുന്നതാണ്. കർശനമായ നിലപാടുകൾ സ്വീകരിച്ചുതന്നെ മുന്നോട്ടുപോകും. ബോധവൽക്കരണത്തോടൊപ്പം അറിവും തെളിവും (knowledge and evidence) എന്നുള്ളത് പ്രധാനപ്പെട്ടതാണ്. ഇതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. 11 ജില്ലകളിൽ ജില്ലാ

എ.എം.ആർ. ലാബുകൾ ആരംഭിച്ചിട്ടുണ്ട്. അതുവഴി രോഗികൾക്ക് ഗുണകരമായ രീതിയിൽ കൾച്ചർ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും എ.എം.ആർ. സർവൈലൻസ് നടപ്പിലാക്കുന്നതിനും സാധിക്കുന്നുണ്ട്. Infection Prevention (അണുബാധ നിയന്ത്രണം)-ന്റെ ഭാഗമായി വിവിധ തലങ്ങളിലുള്ള സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകി ആശുപത്രികളിൽ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. Rational Antibiotic Therapy-യുടെ ഭാഗമായി ആന്റിമൈക്രോബിയൽ ഉപയോഗം ശരിയായ രൂപത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിന് ആശുപത്രികളിലെ ആന്റിബയോട്ടിക്കുകളുടെ ഉപയോഗവും ആന്റിബയോട്ടിക് മെട്രിക്സും മോണിറ്റർ ചെയ്യുകയും ചെയ്യുന്നുണ്ട്. കൂടാതെ, വിവിധ തരത്തിലുള്ള ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുക, ആശുപത്രികളിൽ ആന്റിബയോട്ടികുകളുടെ ശരിയായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി ആന്റിബയോട്ടിക് സ്റ്റിവാർഡ്ഷിപ് പ്രോഗ്രാം

നടപ്പിലാക്കുക തുടങ്ങിയവയും നടന്നുവരുന്നുണ്ട്. Research (ഗവേഷണം)-ന്റെ ഭാഗമായി, എ.എം.ആർ സംബന്ധിച്ച ഗവേഷണങ്ങൾ മെഡിക്കൽ കോളേജുകൾ/ഹെൽത്ത് സർവ്വീസ് തലങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. Collaboration (സഹകരണം) - ഏകാരോഗ്യ പദ്ധതിയുടെ ഭാഗമായി വിവിധ വകുപ്പുകൾ, ഐ.എം.എ, ഐ.എ.പി., വിവിധ സംഘടനകൾ, ഡ്രഗ്സ് കൺട്രോളർ എന്നിവരെല്ലാം ചേർന്നാണ് എ.എം.ആർ.-ന് എതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത്. ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനായി PROUD (Programme for Removal of Unused Drugs) എന്ന പദ്ധതി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ പൈലറ്റ് പ്രോജക്ടായി ആരംഭിച്ചിട്ടുണ്ട്. ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്. 2024-ഓടുകൂടി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളെയും ആന്റിബയോട്ടിക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്നുള്ളതാണ് ലക്ഷ്യം. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മാത്രമല്ല,

പ്രൈമറി/സെക്കന്ററി/ടെർഷ്യറി ലെവലിലും മാറ്റമുണ്ടാകും. കോട്ടയം മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ത്രിതീയ തലങ്ങളിലെ ആശുപത്രികൾ മികച്ച പ്രവർത്തനമാണ് ആന്റിബയോട്ടിക്കുകളുടെ ഉപയോഗവുമായി ബന്ധപ്പെട്ട് നടത്തുന്നത്. ലോകാരോഗ്യ സംഘടന ക്ലാസിഫൈ ചെയ്തതനുസരിച്ച് Access, Watch and Reserve എന്ന വിവിധ വിഭാഗങ്ങളിലായി ആന്റിബയോട്ടിക്കുകളുടെ ഉപയോഗം കൃത്യമായി മോണിറ്റർ ചെയ്യപ്പെടുന്നുണ്ട്. എല്ലാ ആശുപത്രികളിലും മാസത്തിൽ ഒരിക്കലെങ്കിലും സൂപ്രണ്ടിന്റെ നേതൃത്വത്തിൽ prescription audit നടത്തണമെന്ന കൃത്യമായ നിലപാടെടുത്ത് മുന്നോട്ടുപോകുന്നുണ്ട്. ഇതിനായി രൂപീകരിച്ച സർവൈലൻസ് നെറ്റ്‌വർക്കിൽ 40 ആശുപത്രികൾ മാത്രമേ വന്നിട്ടുള്ളൂ. ബാക്കിയുള്ള ആശുപത്രികളിൽ തെറ്റായ രീതിയിൽ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കുന്നുണ്ടോയെന്ന സംശയം തീർച്ചയായുമുണ്ടാകാം. അതുകൊണ്ട് KARSAP നെറ്റ്‌വർക്കിൽ ഉൾപ്പെടാത്ത ആശുപത്രികളുടെ വിവരങ്ങൾ പുറത്ത് പ്രസിദ്ധീകരിക്കുന്നതിനാണ്

ആലോചിക്കുന്നത്. കൂടുതൽ ആശുപത്രികളെ ഈ നെറ്റ്‍വർക്കിലേയ്ക്ക് കൊണ്ടുവരുന്നതിന് ലക്ഷ്യമിടുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരള എ.എം.ആർ. സർവൈലൻസ് നെറ്റ്‍വർക്കിൽ എല്ലാ ആശുപത്രികളെയും ഉൾപ്പെടുത്തുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. നാമമാത്രമായ ആശുപത്രികൾ മാത്രമാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. അവശേഷിക്കുന്നവയെക്കൂടി നെറ്റ്‍വർക്കിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ഞാൻ അതിനുള്ള ഉത്തരം പറഞ്ഞുകഴിഞ്ഞു. ഏതാണ്ട് നാൽപ്പതോളം ആശുപത്രികളാണ് ഇതിൽ ഉൾപ്പെടുന്നത്. ഇതിനുപുറത്ത് നിൽക്കുന്ന ബഹുഭൂരിഭാഗം ആശുപത്രികളും ഇതിൽ ചേരേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കേണ്ടതും ആന്റിബയോട്ടിക്കുകൾ ശാസ്ത്രീയമായ രീതിയിലാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും ആശുപത്രികളുടെ ഉത്തരവാദിത്വമാണ്. ഈയൊരു ലക്ഷ്യത്തിലേയ്ക്കെത്തുന്നതിന് ഐ.എം.എ.-യുടെ സഹായം തേടുകയും അവിടെനിന്നും പൂർണ്ണ പിന്തുണ അറിയിക്കുകയും

ചെയ്തിട്ടുണ്ട്. മറ്റ് സംഘടനകളും ഇക്കാര്യത്തിൽ പിന്തുണ അറിയിച്ചിട്ടുണ്ട്. കൂട്ടായ പ്രവർത്തനത്തിലൂടെ കൂടുതൽ ആശുപത്രികളെ ഇതിലേയ്ക്ക് കൊണ്ടുവരാമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നിട്ടും പുറത്ത് നിൽക്കുന്ന ആശുപത്രികളുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് പബ്ലിക് സ്പെയ്സിൽ വ്യക്തമാക്കിക്കൊണ്ട് അവയെക്കൂടി ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനമാണ് നടത്തുന്നത്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+.

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**10:17 AM]**

**IV സബ്മിഷൻ**

(1) <u>ജൽജീവൻ പദ്ധതി</u>

<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> സർ, ഞാൻ സബ്മിഷൻ അവതരിപ്പിക്കുന്നു.

+ അനുബന്ധം -II ആയി ചേർത്തിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, സബ്മിഷനുള്ള മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(2) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ഒന്നാം പിണറായി വിജയൻ സർക്കാർ കിഫ്ബി ധനസഹായത്തോടെ ആവിഷ്കരിക്കുകയും 2019 ഫെബ്രുവരിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവ്വഹിക്കുകയും ചെയ്ത മാസ്റ്റർപ്ലാനിന്റെ നിർവ്വഹണം വൈകുന്നത് സംബന്ധിച്ചുള്ളതാണ് എന്റെ സബ്മിഷൻ. ഇതേ വിഷയത്തിൽ 2021 ഒക്ടോബർ 27-ന് സഭയിൽ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി മറുപടി നൽകുകയും ചെയ്തതിന്റെയടിസ്ഥാനത്തിൽ അടിയന്തര യോഗം വിളിച്ചിരുന്നുവെങ്കിലും പദ്ധതി ഇതുവരെയും എങ്ങും എത്തിയിട്ടില്ല. തറക്കല്ലിട്ട് അഞ്ച് വർഷം തികയുമ്പോൾ മൊത്തം പദ്ധതിയുടെ പത്ത് ശതമാനമെങ്കിലും പൂർത്തിയായിട്ടുണ്ടോയെന്ന് സംശയമാണ്. പദ്ധതിയുടെ

+ അനുബന്ധം III-ആയി ചേർത്തിട്ടുണ്ട്.

എസ്.പി.വി.-യ്ക്കോ മെഡിക്കൽ കോളേജ് അധികൃതർക്കോ ഈ പദ്ധതി പൂർത്തിയാക്കണമെന്ന് താൽപ്പര്യമില്ലെന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്. എന്ത് ചോദിച്ചാലും ഇ-മെയിൽ ചെയ്തിട്ടുണ്ട്, ലെറ്റർ കൊടുത്തിട്ടുണ്ട് എന്നിങ്ങനെയുള്ള സ്ഥിരം പല്ലവിയല്ലാതെ ആത്മാർത്ഥമായ ഇടപെടൽ ഇരുകൂട്ടരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. തടസ്സങ്ങളുണ്ടാകുമ്പോൾ അവ മാറ്റുന്നതിന് ജനപ്രതിനിധികളെ സമീപിക്കുന്ന കീഴ്വഴക്കമൊന്നും അവർക്ക് അറിയില്ല. ഏതെങ്കിലും ഫയൽ എവിടെയെങ്കിലും കുരുങ്ങിയാൽ അത് കാലങ്ങളോളം അവിടെ കിടക്കും. കുരുക്കഴിക്കുന്നതിനുള്ള ഫോളോ അപ് നടത്തുന്നില്ല. ഈ സർക്കാരിന്റെ കാലവധി പൂർത്തിയാകുന്നതിനുമുമ്പ് പദ്ധതിയുടെ 50 ശതമാനമെങ്കിലും പൂർത്തിയാക്കണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ എല്ലാ മാസങ്ങളിലുമുള്ള അവലോകനവും ശക്തമായ ഇടപെടലുമുണ്ടാകണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിച്ച കാര്യത്തിൽ 717

കോടി രൂപയ്ക്കാണ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭിച്ചത്. പിന്നീട് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിരുന്നില്ല. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ അവിടെ ഫ്ലൈ ഓവറിന്റെയും റോഡിന്റെയും നിർമ്മാണം പൂർത്തീകരിക്കുകയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തിട്ടുണ്ട്. MLT ബ്ലോക്ക് കെട്ടിടം നിർമ്മിക്കുന്നതിന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ അനുവാദം ലഭിച്ചതിനെത്തുടർന്ന് 194 കോടി രൂപയുടെ ധനാനുമതി ലഭ്യമാക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും കോൺട്രാക്ടർ വർക്ക് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 10 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. നേരത്തേ ഭരണാനുമതി നൽകിയിരുന്ന സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനത്തിന് ധനാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുകയും ഓരോ മാസവും മോണിറ്ററിംഗ് നടത്തി മുന്നോട്ടുപോകുകയുമാണ് ചെയ്യുന്നത്. മൾട്ടി ലെവൽ കാർ പാർക്കിംഗ് ഉൾപ്പെടെയുള്ള ബാക്കി പ്രവൃത്തികൾ 2023 ഡിസംബർ

മാസത്തിൽ ധനാനുമതിക്കായി സമർപ്പിച്ചിട്ടുമുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

**10:21 AM]**

**V മേശപ്പുറത്തുവച്ച കടലാസുകൾ**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, 2023-ലെ സാമ്പത്തിക അവലോകനം ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

**10:21 AM]**

**VI റിപ്പോർട്ടുകളുടെ സമർപ്പണം**

(1) 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2024-ലെ കേരള സംസ്ഥാന ചരക്കുസേവന നികുതി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

+അനുബന്ധം IV ആയി ചേർത്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(2) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ താഴെപ്പറയുന്ന ബില്ലുകളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു:

(i) 2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ,

(ii) 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

(3) സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളാക്കുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1)(iii) പ്രകാരം തയ്യാറാക്കിയിട്ടുള്ള സംസ്ഥാനത്തെ ആരോഗ്യ ഉപകേന്ദ്രങ്ങളെ

ജനകീയാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നത് സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**10:22 AM]**

**VII ഗവൺമെന്റ് പ്രമേയം**

**വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്ത കേന്ദ്ര സമീപനം**

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, "സംസ്ഥാനങ്ങളുടെ സാമ്പത്തികാധികാരങ്ങൾക്കും നിയമനിർമ്മാണ അധികാരങ്ങൾക്കും മേൽ വലിയ രീതിയിലുള്ള കടന്നുകയറ്റമാണ് അടുത്ത കാലത്ത് നമ്മുടെ രാജ്യത്ത് നടന്നുവരുന്നത്. ഭരണഘടനാദത്തമായി സംസ്ഥാനങ്ങൾക്കുള്ള അധികാരങ്ങളെല്ലാംതന്നെ നഷ്ടപ്പെടുത്തുന്ന അവസ്ഥയിലേയ്ക്കാണ് കേന്ദ്ര സർക്കാരിന്റെ ചില നടപടികൾ എത്തിച്ചിരിക്കുന്നത്. സാമൂഹ്യക്ഷേമം ഉൾപ്പെടെ ആകെ ചെലവുകളുടെ സിംഹഭാഗവും ഇന്ത്യയിൽ സംസ്ഥാനങ്ങളാണ് വഹിക്കുന്നത്. എന്നാൽ റവന്യൂ വരുമാനത്തിന്റെ ഗണ്യമായ പങ്ക് യൂണിയൻ ഗവൺമെന്റിനാണ്. ഈ

അസന്തുലിതാവസ്ഥ പരിഹരിക്കാനുള്ള ഭരണഘടനാദത്തമായ മാർഗ്ഗമാണ് ധനകാര്യ കമ്മീഷനുകൾ.

15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന്റെ വിഹിതം നിശ്ചയിച്ചപ്പോൾത്തന്നെ വലിയ നഷ്ടമാണ് കേരളത്തിനുണ്ടായത്. അതിനുപുറമെയാണ് 15-ാം ധനകാര്യ കമ്മീഷന്റെ അംഗീകരിക്കപ്പെട്ട ശിപാർശകളെ മറികടന്നുകൊണ്ട് കേന്ദ്ര സർക്കാർ കേരളത്തിന്റെ വായ്പാപരിധി 2021-22 മുതൽ മുൻകാല പ്രാബല്യത്തോടെ വെട്ടിക്കുറച്ചത്. കേന്ദ്ര സർക്കാർ അംഗീകരിച്ച് രാഷ്ട്രപതിയുടെ അനുമതിയോടെ പാർലമെന്റിന്റെ ഇരുസഭകളെയും അറിയിച്ച ശിപാർശകളെ കാറ്റിൽപ്പറത്തുന്ന സമീപനമാണ് കേന്ദ്ര ധനമന്ത്രാലയം വായ്പാ കാര്യത്തിൽ കൈക്കൊണ്ടിരിക്കുന്നത്. ഇതോടൊപ്പംതന്നെ ലഭിക്കേണ്ട ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുന്ന അവസ്ഥയുമുണ്ടാകുന്നു. ഇതെല്ലാംതന്നെ ഫെഡറൽ സംവിധാനത്തിന്റെ കടയ്ക്കൽ കത്തിവയ്ക്കുന്ന നടപടികളാണെന്ന കാര്യത്തിൽ ഈ സഭയ്ക്ക് ഒരു സംശയവുമില്ല. യൂണിയൻ ലിസ്റ്റിലെ വിഷയങ്ങളിൽ കേന്ദ്ര സർക്കാരിന് പരമാധികാരം ഉള്ളതുപോലെ സംസ്ഥാന വിഷയങ്ങളിൽ

സംസ്ഥാന സർക്കാരിനും പരമാധികാരമുണ്ട്. ഭരണഘടന ഇക്കാര്യങ്ങൾ ഉറപ്പുനൽകുന്നുണ്ട്. അതിനാൽ സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ കീഴ്ഘടകങ്ങളായി കാണുന്ന ജനാധിപത്യവിരുദ്ധ സമീപനം ഉപേക്ഷിക്കണമെന്നും കേരളത്തിന്റെ വായ്പാപരിധി വെട്ടിക്കുറയ്ക്കുകയും ഗ്രാന്റുകൾ തടഞ്ഞുവയ്ക്കുകയും ചെയ്യുന്ന സമീപനത്തിൽനിന്നും കേന്ദ്രസർക്കാർ പിന്തിരിയണമെന്നും ഈ സഭ ഐകകണ്ഠ്യേന ആവശ്യപ്പെടുന്നു"എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഇത് സഭ ഐകകണ്ഠ്യേന അംഗീകരിക്കേണ്ട ഒരു പ്രമേയമാണ്. കേരളത്തിലെ ഏറ്റവും സജീവമായ ഒരു പ്രശ്നമായതിനാൽ സമയോചിതമായി സഭ ഇന്ന് ഏറ്റെടുക്കേണ്ട കാര്യമാണ്. കാരണം, ഇന്നലെ കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിനെ സംബന്ധിച്ച് വ്യാപകമായ വിമർശനങ്ങളാണ് ഉയർന്നുവന്നിട്ടുള്ളത്. അതിൽ സംസ്ഥാനങ്ങളുടെ താല്പര്യങ്ങളൊന്നും

സംരക്ഷിച്ചിട്ടില്ലെന്ന് മാത്രമല്ല സാമ്പത്തിക മേഖലയ്ക്ക് ഉണർവ് നൽകാനുള്ള കാര്യങ്ങളൊന്നുംതന്നെയില്ല. മാന്ദ്യവിരുദ്ധ പാക്കേജ് എന്ന നിലയിൽ നിലവിൽ ലോകത്താകെ നടക്കുന്ന മാന്ദ്യത്തെ മറികടക്കാനുള്ള കാര്യങ്ങളില്ല, നമ്മുടെ സംസ്ഥാനത്തിന് അർഹമായതൊന്നുമില്ല. അത് വെട്ടിക്കുറയ്ക്കപ്പെട്ടുവെന്ന് പത്രങ്ങളെല്ലാം എഴുതി. റെയിൽവേ രംഗത്ത് പുതിയ പദ്ധതികളില്ല, എയിംസ് ഇല്ല, വിഴിഞ്ഞം പോലെയുള്ള പദ്ധതികൾക്ക് നൽകുമെന്ന് പ്രതീക്ഷിച്ച പദ്ധതികളും സഹായവുമില്ല. ചെറുപ്പക്കാർക്കുള്ള തൊഴിലവസരം, കേന്ദ്ര വിദ്യാഭ്യാസ കേന്ദ്രങ്ങൾ തുടങ്ങി മറ്റ് സംസ്ഥാനങ്ങൾക്ക് നൽകുന്നതുപോലെ നമ്മൾ ദീർഘകാലമായി പ്രതീക്ഷിച്ച ഒരു കാര്യങ്ങളുമില്ല. ഫണ്ടിന്റെ കാര്യത്തിലും കുറവുണ്ട്. സാമ്പത്തിക മേഖലയെ മുന്നോട്ടുകൊണ്ടുവരാനായി ഫിസ്കൽ കൺസോളിഡേഷനുവേണ്ടിയാണ് ശ്രമിക്കുന്നതെന്ന് കേന്ദ്രം പറയുന്നുണ്ട്. അങ്ങനെ പറയുന്ന കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റിന്റെ ആകെ ചെലവ് 47 ലക്ഷം കോടി രൂപയും കേന്ദ്രം എടുക്കുന്ന കടം ഏകദേശം 18 ലക്ഷം കോടി രൂപയുമാണ്. കേന്ദ്ര ബഡ്ജറ്റിന്റെ ആകെ തുകയുടെ 36% കടമെടുക്കുകയാണ്.

അതുപോലെതന്നെ ബഡ്ജറ്റാകെ നോക്കിയാൽ 47 ലക്ഷം കോടി രൂപയിൽ 12 ലക്ഷം കോടി രൂപയാണ് പലിശ നൽകുന്നത്. എന്നുപറഞ്ഞാൽ ആകെ ഒരു വർഷത്തെ ചെലവിന്റെ 25% അതായത്, നാലിലൊന്ന് പലിശയായി കേന്ദ്ര ഗവൺമെന്റ് കൊടുക്കുന്നുവെന്നാണ് അർത്ഥം. കേരളത്തിന്റെ കണക്കുകൾ നോക്കിയാൽ, ഇന്ന് അവതരിപ്പിച്ച സാമ്പത്തിക സർവ്വേയിലൂൾപ്പെടെ നമ്മുടെ റവന്യൂകമ്മി കുറയുകയാണ്. നമ്മുടെ ഫിസ്കൽ ഡെഫിസിറ്റിൽ വലിയ കുറവ് വന്നിട്ടുണ്ട്. ഇന്ത്യ ഗവൺമെന്റ് പറഞ്ഞ, പൊതുവിൽ ഈ സഭയടക്കം അംഗീകരിച്ച ധനകാര്യ നിയന്ത്രണത്തിനുവേണ്ടിയുള്ള എഫ്.ആർ.ബി.എം. ആക്ട് അനുസരിച്ച് പൊതുവെ സംസ്ഥാനത്തിനും കേന്ദ്രത്തിനും ആകെ ആഭ്യന്തര വരുമാനത്തിന്റെ (ജി.എസ്.ഡി.പി.) 3% കടമെടുക്കാം. പ്രത്യേക സമയത്ത് കുറച്ച് അധികം കടമെടുക്കാൻ സമ്മതിക്കാറുമുണ്ട്. കോവിഡ് കാലഘട്ടത്തിൽ അതിന് സമ്മതിച്ചിട്ടുണ്ട്. അങ്ങനെ അഞ്ച് ശതമാനവും നാലര ശതമാനവുമൊക്കെ കടമെടുക്കാൻ അവസരമുണ്ടായിട്ടുണ്ട്. എന്നാൽ ഇന്ത്യ ഗവൺമെന്റിനുകൂടി ബാധകമായ ഇതേ കാര്യത്തിൽ കണക്കുകൾ

പരിശോധിക്കുകയാണെങ്കിൽ, 3 ശതമാനത്തിനുപകരം ഈ നടപ്പുവർഷം അവർ എടുത്തിട്ടുള്ളത് 5.9 ശതമാനവും 5.8 ശതമാനവുമാണെന്ന് പറയുന്നു. അടുത്ത വർഷം അത് 5.1 ശതമാനമാകും. നമുക്ക് 4 ശതമാനമായിട്ടെങ്കിലും അംഗീകരിച്ചാൽ 11000 കോടി രൂപകൂടി ലഭിക്കും. കേരളം ശ്രീലങ്കയാകും, ഇവിടത്തെ ഫിസ്കൽ മാനേജ്മെന്റ് ശരിയല്ലെന്ന് പറയുന്നവർ നമ്മുടെ ഇപ്പോഴത്തെ സാമ്പത്തിക സർവ്വേ റിപ്പോർട്ടിലുൾപ്പെടെയുള്ള കാര്യങ്ങൾ നോക്കണം. കേന്ദ്രം ഇത്തരമൊരു ബഡ്ജറ്റ് അവതരിപ്പിച്ചിട്ട് അടുത്ത ജൂലൈ മാസം അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കാമെന്ന് പറഞ്ഞ് നിങ്ങളൊക്കെ എന്ത് വിചാരിച്ചാലും ഞങ്ങൾക്ക് ഒരു കുഴപ്പവുമില്ലെന്ന രീതിയിൽ കാര്യങ്ങൾ നടത്തുകയാണ്. ഒരുവശത്ത് കോർപ്പറേറ്റുകൾക്കുള്ള ആനുകൂല്യങ്ങൾ വളരെയധികം വർദ്ധിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാന സർക്കാരിന്റെ ആകെയുള്ള ബാധ്യതകൾ കുറഞ്ഞുവരുന്നുവെന്ന കാര്യം നമ്മുടെ സാമ്പത്തിക സർവ്വേയിലുണ്ട്. കേരളത്തിന് 3% ബോറോയിംഗ് സാധിക്കുമായിരുന്നെങ്കിലും കഴിഞ്ഞ വർഷം 2.44% മാത്രമേ അനുവദിച്ചുള്ളൂ. കേരളത്തിന്റെ ആകെ പൊതുകടവും ആകെ ബാധ്യതകളും 35

ശതമാനത്തിൽനിന്നും 34 ശതമാനത്തിലേയ്ക്ക് ഏകദേശം എത്തി. 39 ശതമാനംവരെ ഒരു ഘട്ടത്തിൽ പോയതാണ്. ഇതെല്ലാം നിലനിൽക്കുമ്പോൾ കേന്ദ്രം അവതരിപ്പിച്ച ബഡ്ജറ്റിൽ ഏകപക്ഷീയമായി കാര്യങ്ങളൊക്കെ നടപ്പിലാക്കി പോകുകയാണ് ചെയ്തത്. ഒരു മേഖലയ്ക്കും കാര്യമായ സഹായമില്ല. യു.ജി.സി.-ക്ക് മാത്രം 6000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. ഓരോ മേഖലയിലും ഇങ്ങനെ വെട്ടിക്കുറച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ഈ നിലപാടിനെതിരെ വികാരം പ്രകടിപ്പിക്കേണ്ട സമയമാണിത്. ഈ വിഷയത്തെ സംബന്ധിച്ച് സംസാരിക്കേണ്ടേതല്ലേ? ഇതുസംബന്ധിച്ച് ഒരു പ്രമേയം അവതരിപ്പിക്കുന്നതിനുവേണ്ടി അതിന്റെ കോപ്പി പ്രതിപക്ഷനേതാവിനുൾപ്പെടെ കൊടുത്തിരുന്നു. കാരണം, ഇത് unanimous ആകേണ്ട കാര്യമാണ്. ഇതിൽ വിവാദ വിഷയങ്ങളൊന്നുമില്ല. കേരളത്തിന് കിട്ടേണ്ട ഗ്രാന്റും മറ്റുമാണുള്ളത്. ഭരണപക്ഷം ഇവിടെ പറയുന്നത് unanimous ആയ കാര്യങ്ങളാണെങ്കിൽ മാത്രമേ പ്രതിപക്ഷം അംഗീകരിക്കുകയുള്ളൂവെന്ന് നേരത്തേതന്നെ പ്രമുഖ പത്രങ്ങളിൽ വാർത്ത വന്നിരുന്നു. അത് അവർ കൊടുത്തതായിരിക്കും. ഈ പ്രമേയത്തിൽ

തർക്കിക്കേണ്ടതായ യാതൊരു കാര്യവുമില്ല. കേരളത്തിന് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കണം, അത് വെട്ടിക്കുറയ്ക്കരുതെന്ന് മാത്രമാണ് ഇതിൽ ആവശ്യപ്പെടുന്നത്. ഈ പ്രമേയം ഐകകണ്ഠ്യേന അംഗീകരിക്കേണ്ടിവരും എന്നുള്ളതുകൊണ്ടല്ലേ പ്രതിപക്ഷം നാടകം കാണിച്ച് ഇറങ്ങിപ്പോയത്? ജനറൽ പ്രാക്ടീസ് അനുസരിച്ച് വെള്ളിയാഴ്ച അടിയന്തരപ്രമേയം ഉണ്ടാകാറില്ല. ഈ പ്രമേയത്തിന്റെ കാര്യത്തിൽ ഞങ്ങൾ unanimous ആണെന്ന് വരുത്തി തീർത്താൽ ഡൽഹിയിലിരിക്കുന്ന ആളുകൾക്ക് വിഷമം തോന്നുമോയെന്നുള്ളതുകൊണ്ട് ഇറങ്ങിപ്പോകുന്ന സമീപനമല്ലേ പ്രതിപക്ഷം സ്വീകരിച്ചത്? കേരളത്തിന് അർഹമായത് ലഭിക്കുന്നില്ലെന്ന് എല്ലാവരും പറയുന്നു, ഇന്നലെ അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റിനെക്കുറിച്ചൊക്കെ പത്രങ്ങൾ എഴുതുന്നു. ഇന്നിവിടെ ഈ പ്രമേയം ചർച്ച ചെയ്യുന്ന സമയത്ത് പ്രതിപക്ഷം ഒരു നാടകവുമായി വന്നിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ ഏജൻസികളെയും അവരുടെ രാഷ്ട്രീയത്തെയും അറിയാത്തവരാണോ ഇവിടെയുള്ളത്? ഈ സഭാ സമ്മേളനം തുടങ്ങിയതിനുശേഷം എത്ര നാടകങ്ങൾ കണ്ടു. ജാർഖണ്ഡിലും

ബീഹാറിലുമുണ്ടായ കാര്യങ്ങൾ നമ്മൾ കണ്ടതല്ലേ? ബീഹാർ മുഖ്യമന്ത്രി രാവിലെ രാജിവച്ചിട്ട് മറ്റൊരു പാർട്ടിയിൽ ചേർന്ന് അന്ന് വൈകുന്നേരംതന്നെ വീണ്ടും അവിടെ മുഖ്യമന്ത്രിയായി ചാർജ്ജെടുത്തു. ഇത്തരം കാര്യങ്ങളല്ലേ നടക്കുന്നത്? ജാർഖണ്ഡിലെ വിഷയത്തിനുശേഷം നിങ്ങൾ എന്തുവിചാരിച്ചാലും ഞങ്ങൾക്ക് പണത്തിന്റെ കാര്യത്തിൽ യാതൊരു പ്രശ്നവുമില്ലെന്നാണ് പറയുന്നത്. ഇത് ഒരു സംസ്ഥാനത്തിന്റെ മാത്രമല്ല, ജനങ്ങൾക്കാകെയുണ്ടാകുന്ന പ്രശ്നമാണ്. വീണ്ടും അധികാരത്തിൽ വരുമെന്ന അമിതമായ ആത്മവിശ്വാസം വച്ചുകൊണ്ട് ബി.ജെ.പി.-യുടെ രാഷ്ട്രീയം അവർ മുന്നോട്ടുവയ്ക്കുകയാണ്. എന്തുകാര്യവും നടത്തുമെന്നതാണ് അവരുടെ രാഷ്ട്രീയം. അതിനെ പിന്തുണയ്ക്കാൻ അത്തരം ഏജൻസികൾക്ക് എല്ലാ സൗകര്യങ്ങളും നൽകി ഗർഭഗൃഹത്തിൽ ബി.ജെ.പി.-യിലേയ്ക്കുള്ള വിരിയുന്ന മുട്ടയായി ഇതിനകത്തിരിക്കുന്ന ആളുകൾ ചെയ്യുന്ന കാര്യമല്ലേ ഇത്? അവർ ഇങ്ങനെ വികസിച്ചുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി.-ക്കുവേണ്ടി കേസ് കൊടുത്തവർ ഉൾപ്പെടെയുള്ള പ്രതിപക്ഷാംഗങ്ങൾ ഇപ്പോൾ ഇവിടെയിരുന്നാൽ ഈ പ്രസംഗത്തിന് മറുപടി പറയാൻ അവർക്ക്

ബുദ്ധിമുട്ടുണ്ടാകും. ഈ സഭയെ സംബന്ധിച്ച്, കേരളത്തിലെ മുഴുവൻ ജനങ്ങളോടും കാര്യങ്ങൾ പറയാനുള്ള അവസരം ബഹുമാനപ്പെട്ട ചെയർ മുഖാന്തരമാണ് ലഭിക്കുന്നത്. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും താല്പര്യം ഉയർത്തിപ്പിടിക്കാൻ ഈ പ്രമേയം നിയമസഭ ഐകകണ്ഠ്യേനയാണ് ഇപ്പോഴും പാസ്സാക്കുന്നത്. ഐകകണ്ഠ്യേന എന്നുപറഞ്ഞിട്ട് ഇവിടെയിരുന്നാൽ അത് ഏകകണ്ഠമാകുമെന്നുള്ളതുകൊണ്ട് രാഷ്ട്രീയമായും സാമ്പത്തികമായും സാംസ്കാരികമായും ഈ രാജ്യത്തോടുള്ള, നാടിനോടുള്ള താല്പര്യങ്ങളെല്ലാം ഉയർത്തിപ്പിടിച്ചുകൊണ്ട് രാഷ്ട്രീയബോധത്തിന്റെ അടിസ്ഥാനത്തിൽ ഇവിടെ നിൽക്കേണ്ട ആളുകൾ ഇവിടെ നിൽക്കാതെ കേരളത്തെ വഞ്ചിക്കുന്ന നിലപാടെടുത്തുകൊണ്ടാണ് ഇങ്ങനെയൊരു പ്രമേയത്തിന്മേൽ സംസാരിക്കാതെയും വോട്ട് ചെയ്യാതെയും പോയത്. കേരളത്തിന്റെ ഭാവി ചരിത്രത്തിലെ പ്രധാനപ്പെട്ട ഈ പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: പ്രമേയത്തിന്മേൽ ഭേദഗതികളൊന്നും ലഭിച്ചിട്ടില്ല. പ്രമേയത്ത

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

**10:32 AM]**

**VIII അനൗദ്യോഗികാംഗങ്ങളുടെ കാര്യം:**

**(1) റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനൊന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

**(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ:**

(i) 2021-ലെ കേരള ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടേയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, 2021-ലെ കേരള ഹോട്ടലുകളുടേയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(ii) 2021-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

(iii) 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബിൽ

ശ്രീ. ഇ. കെ. വിജയൻ: സർ, 2022-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷ സംരക്ഷണ ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

(iv) 2022-ലെ കേരള ജൂനിയർ അഭിഭാഷക ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

(v) 2023-ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബിൽ

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, 2023-ലെ കേരള ഹോം നഴ്സിംഗ് സ്ഥാപനങ്ങൾ രജിസ്ട്രേഷനും നിയന്ത്രണവും ബോർഡ് ബില്ലിന് അവതരണാനുമതി നൽകണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

## 3. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച

### (i) 2021-ലെ കേരള മിശ്ര വിവാഹിത കുടുംബ സംരക്ഷണ ബിൽ

ശ്രീ. എം. രാജഗോപാലൻ: സർ, സംസ്ഥാനത്തിന്റെ ജാതി-മത-സാമുദായിക പരിഗണന കൂടാതെ മാനവികതയിൽ ഉറച്ചുനിന്നുകൊണ്ട് വ്യത്യസ്ത വിഭാഗങ്ങളിൽനിന്നുള്ളവർ മിശ്രവിവാഹത്തിലൂടെ ഒത്തുചേർന്ന് ജീവിക്കുന്നുണ്ടെങ്കിലും അവർക്ക് നിയമത്തിന്റെ പ്രത്യേക പരിരക്ഷ ലഭിക്കുന്നതിനായി ഒരു മിശ്ര വിവാഹിത കുടുംബ സംരക്ഷണ ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണിത്. ഇത് തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: തുടർചർച്ചയ്ക്കായി മാറ്റിവയ്ക്കുന്നു.

### (ii) 2021-ലെ കേരള ക്രിമിനൽ കേസിലെ സാക്ഷികൾക്ക് സംരക്ഷണവും സുരക്ഷയും നൽകൽ ബിൽ

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ തുടർചർച്ചയ്ക്ക് പരിഗണിച്ചില്ല.)

### (iii) 2021-ലെ കേരള വീട്ടമ്മമാരുടെ ക്ഷേമനിധി ബോർഡ് രൂപീകരണ ബിൽ

(നോട്ടീസ് നൽകിയ അംഗം സീറ്റിലില്ലാതിരുന്നതിനാൽ തുടർചർച്ചയ്ക്ക് പരിഗണിച്ചില്ല.)

ഓർഡർ.......... ഓർഡർ..........സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2024 ഫെബ്രുവരി മാസം 5-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 10.35-ന് പിരിഞ്ഞു.)

**അനുബന്ധം-I**

**2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

**(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**അന്തർ സംസ്ഥാന റൂട്ടുകളിൽ സ്വകാര്യ ബസ്സുകളുടെ അമിത നിരക്ക്**

**6 (*126)** <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീമതി കാനത്തിൽ ജമീല:</u>
<u>ശ്രീ. എം. നൗഷാദ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകൾ അമിത നിരക്ക് ഈടാക്കുന്നത് അവസാനിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. പ്രത്യേക പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി അന്തർ സംസ്ഥാന റൂട്ടുകളിൽ സർവീസ് വിപുലമാക്കാൻ സ്വകാര്യ ബസ്സുകൾ ഏറ്റെടുക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. അന്തർ സംസ്ഥാന റൂട്ടുകളിൽ സർവീസ് വിപുലമാക്കാൻ സ്വകാര്യ ബസ്സുകൾ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി 29-05-2023-ലെ TRANS-S/7/2023-TRANS കത്ത് പ്രകാരം Net Cost Contract (NCC) വ്യവസ്ഥയിൽ കരാറടിസ്ഥാനത്തിൽ സ്വകാര്യ ബസ്സുകൾ നിരത്തിലിറക്കുന്നതിന് 22-11-2023-ൽ ഇ-ദർഘാസ് ക്ഷണിക്കുകയും തുടർനടപടികൾ നടന്നുവരികയുമാണ്.

(ബി) ഇപ്രകാരം ഏറ്റെടുക്കുന്ന ബസ്സുകൾക്ക് ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇതിനായി എന്തെല്ലാം നിബന്ധനകളാണ് മുന്നോട്ടുവയ്ക്കുന്നത്; ഇതുവഴി കെ.എസ്.ആർ.ടി.സി. എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

നെറ്റ് കോസ്റ്റ് കോൺട്രാക്ട് (എൻ.സി.സി.) വ്യവസ്ഥയിലുള്ള ബസ്സുകളുടെ വിന്യാസത്തിൽ കെ.എസ്.ആർ.ടി.സി.-യാണ് നിശ്ചിത റൂട്ടുകൾ തിരഞ്ഞെടുക്കുന്നതും നിർണ്ണയിക്കുന്നതും. ദർഘാസ് വ്യവസ്ഥകൾ പ്രകാരം തിരഞ്ഞെടുക്കുന്ന ഏജൻസികളാണ് പ്രവർത്തനങ്ങൾ നടത്തുന്നത്.

ക്രൂ അംഗങ്ങൾ ഉൾപ്പെടെയുള്ള ബസ്സുകൾ നൽകുന്നതിന് പുറമെ ഇതുമായി ബന്ധപ്പെട്ട എല്ലാ ആകസ്മിക ചെലവുകളും ഏജൻസികൾ വഹിക്കും. സർവീസ് നടത്തിപ്പിനൊപ്പം യാത്രാക്കൂലി ശേഖരിക്കുന്നതിനുള്ള ഉത്തരവാദിത്തം കാരാറുകാരിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ രണ്ട് കക്ഷികളും തമ്മിലുള്ള കരാറിനനുസൃതമായി ഓരോ റൂട്ടിനും നിശ്ചിത തുക കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്ക് ഏജൻസികൾ നൽകണം.

ബസ്സുകൾക്ക് കരാർ കാലാവധിയിൽ കെ.എസ്.ആർ.ടി.സി.-യുടെ പെർമിറ്റുകൾ നിശ്ചിത വ്യവസ്ഥകളോടെ നൽകും. ടി ബസ്സുകൾക്ക് കെ.എസ്.ആർ.ടി.സി.-ക്ക് സമാനമായി Passenger Tax-ൽ ഇളവ് ഏർപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## അന്താരാഷ്ട്ര കായിക ഉച്ചകോടി

**7 (*127)** ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട് അന്താരാഷ്ട്ര കായിക ഉച്ചകോടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുന്നുണ്ടെന്നും ഉച്ചകോടിയുടെ ഭാഗമായി എന്തെല്ലാം അനുബന്ധ പരിപാടികളാണ് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട് കേരളത്തിലെ കായിക ലോകത്തിന് പുത്തനുണർവ്വും ദിശാബോധവും നൽകിക്കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽത്തന്നെ ആദ്യമായി ഒരു സംസ്ഥാനം സംഘടിപ്പിക്കുന്ന കായിക

ഉച്ചകോടിയിൽ കായിക സാമ്പത്തിക വ്യവസ്ഥയിലൂന്നിയുള്ള നിരവധി സെഷനുകൾ സംഘടിപ്പിച്ചു. 8 രാജ്യങ്ങളിൽനിന്നുള്ള 13 വിദേശ അതിഥികളും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള 35 കായിക വിദഗ്ധരും പങ്കെടുത്തു. ഉച്ചകോടിയുടെ ഭാഗമായി സെമിനാർ സെഷനുകൾ, ഇൻവെസ്റ്റേഴ്സ് മീറ്റ്, സ്റ്റാർട്ടപ്പ് മീറ്റുകൾ, എക്സിബിഷൻ, ഇ-സ്പോർട്സ്, സാഹസിക കായിക വിനോദങ്ങളുടെ പ്രദർശനം, സ്പോർട്സ്-സിനിമാ ഫെസ്റ്റിവൽ എന്നിവയും സംഘടിപ്പിച്ചു. സമ്മിറ്റിന് മുന്നോടിയായി ജില്ലാ സമ്മിറ്റുകൾ, തദ്ദേശ തലത്തിൽ മൈക്രോ സമ്മിറ്റുകൾ, കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ സൈക്ലത്തോൺ കെ-വാക്ക് എന്ന പേരിൽ കൂട്ടനടത്തം എന്നിവയും സംഘടിപ്പിച്ചു.

(ബി) കേരളത്തിന്റെ കായിക മുന്നേറ്റത്തിന് ഊർജ്ജം പകരുന്നതിനും സ്പോർട്സ് സമ്പദ്‌വ്യവസ്ഥ എന്ന ലക്ഷ്യത്തിലേക്ക് ചുവടുവയ്ക്കുന്നതിനും കായിക ഉച്ചകോടി എത്രത്തോളം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

കായിക നയത്തിലെ സുപ്രധാന കാഴ്ചപ്പാടായ കായിക സമ്പദ്‌വ്യവസ്ഥ വളർത്തുന്നതിൽ ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള-2024 ഒരു വലിയ ചുവടുവയ്പ്പാണ്. ഇന്ത്യയിൽത്തന്നെ ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടി കേരളത്തിന്റെ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകി. കായിക രംഗത്തേയ്ക്കുള്ള നിക്ഷേപങ്ങളുടെ കാര്യത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കമിടുന്നതിനും വലിയ ചലനമുണ്ടാക്കാൻ കഴിഞ്ഞു. കായിക മേഖലയിൽനിന്നും സംസ്ഥാനത്തിന്റെ ജി.ഡി.പി.-യിലേക്കുള്ള വിഹിതം വലിയ തോതിൽ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഏകദേശം 50 ബില്യൺ രൂപയുടെ നിക്ഷേപ വാഗ്ദാനമുണ്ടായി. അടിസ്ഥാന സൗകര്യങ്ങൾ, കായിക അനുബന്ധ വ്യവസായങ്ങൾ, പുതിയ ലീഗുകൾ, കായിക സ്റ്റാർട്ടപ്പുകൾ, അക്കാദമികൾ തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപങ്ങൾക്ക് ധാരണയുണ്ട്. അതിവേഗം വളരുന്ന ഇ-സ്പോർട്സ് രംഗത്തും മികച്ച നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞു. അയ്യായിരം കോടിയിലധികം രൂപയുടെ നിക്ഷേപം കായിക മേഖലയിൽ വരുന്നതോടെ

പതിനായിരത്തിലധികം തൊഴിലവസരങ്ങൾ ഒരു വർഷംകൊണ്ട് സൃഷ്ടിക്കപ്പെട്ടുമെന്ന് കണക്കാക്കുന്നു.

കേരളത്തിൽ നിലനിൽക്കുന്ന കായിക സാധ്യതകൾ ലോകത്തിന് മുന്നിൽ തുറന്നുകാണിക്കാനും വിദേശരാജ്യങ്ങളിൽ വിജയകരമായ പല മാതൃകകളും കായിക മേഖലയിലെ നവീന, ശാസ്ത്ര, സാങ്കേതിക രീതികളും പരിചയപ്പെടാനും ഉച്ചകോടി സഹായിച്ചു.

വിവിധ തദ്ദേശസ്ഥാപനങ്ങൾ, കായിക അസോസിയേഷനുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ തുടങ്ങിയവർ സമ്മിറ്റിൽ അവതരിപ്പിച്ച കായിക പദ്ധതികൾ എല്ലാവർക്കും സ്പോർട്സ് എന്ന കായിക നയത്തിന്റെ അടിസ്ഥാന ആശയം നടപ്പാകാനും കമ്മ്യൂണിറ്റി സ്പോർട്സ് രൂപപ്പെടാനും സഹായമാകും.

**പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിലെ അഫ്ലോടോക്സിന്റെ അളവ് നിയന്ത്രിക്കാൻ നടപടി**

**8 (*128)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ:</u>
<u>ശ്രീ ഒ. ആർ. കേളു:</u>
<u>ശ്രീ. കെ. ആൻസലൻ:</u>

<u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിൽ കണ്ടുവരുന്ന അഫ്ലോടോക്സിന്റെ അളവ് നിയന്ത്രിക്കുന്നതിനും ഇവയിലെ ആന്റിബയോട്ടിക് കണ്ടെത്തി നിയന്ത്രിക്കുന്നതിനുമായി പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് പദ്ധതിയുടെ ഭാഗമായി നടത്തുന്നതെന്നും ഇതുവഴി എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കാമോ?

കേരളത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിൽ കണ്ടുവരുന്ന അഫ്ലോടോക്സിന്റെ അളവ് പരിശോധിക്കുന്നതിനുവേണ്ടി സമഗ്രമായ പദ്ധതികൾ ക്ഷീര വികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ജില്ലാ ഗുണനിയന്ത്രണ ഓഫീസുകളിൽ പാലിലും കാലിത്തീറ്റയിലുമുള്ള അഫ്ലോടോക്സിൻ M1 പരിശോധിക്കുന്നതിനുള്ള സ്ട്രിപ്പുകൾ, ആയതിന്റെ അളവ്

പരിശോധിക്കുന്നതിനുള്ള റീഡർ എന്നിവ വാങ്ങുന്നതിന് പ്രത്യേക പദ്ധതിയുണ്ട്. കൂടാതെ പാലിലുള്ള ആന്റിബയോട്ടിക് പരിശോധിക്കുന്നതിനാവശ്യമായ പ്രത്യേക സ്ട്രിപ്പുകൾ വാങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

ജില്ലാതലത്തിൽ ഗുണനിയന്ത്രണ ഓഫീസർമാർ ക്ഷീരസംഘങ്ങളിൽ സംഭരിക്കുന്ന പാലിലെ അഫ്ലോടോക്സിൻ സാന്നിധ്യം നിശ്ചിത ഇടവേളകളിൽ പരിശോധിക്കുന്നു. അഫ്ലാടോക്സിന്റെ സാന്നിധ്യം അനുവദനീയമായ അളവിലും കൂടുതലുള്ള പാൽ സാമ്പിളുകൾ പ്രത്യേക പരിഗണന നൽകി പരിശോധിക്കുകയും കർഷക തലത്തിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അഫ്ലോടോക്സിൻ അളവ് കൂടുതലായി കാണുന്ന സംഘങ്ങളിലെ കർഷകർക്കായി ആയത് കുറയ്ക്കുന്നതിനുള്ള പ്രത്യേക ബോധവത്കരണ പരിപാടികൾ നടത്തുന്നതുകൂടാതെ കാലിത്തീറ്റയുടെ സംഭരണം മുതൽ തീറ്റ നൽകുമ്പോൾ ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾവരെ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ്സുകളും ക്ഷീരകർഷകർക്കായി നടത്തുന്നു. പാലിൽ അടങ്ങിയിട്ടുള്ള

ആന്റിബയോട്ടിക് പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നു. ആയതിനാൽ പാലിലെ ആന്റിബയോട്ടിക്, അഫ്ലോടോക്സിൻ എന്നിവ ശാസ്ത്രീയ രീതികൾ ഉപയോഗിച്ച് പരിശോധിക്കുകയും ക്ഷീരകർഷകർക്കിടയിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് അണുഗുണനിലവാരമുള്ള ശുദ്ധമായ പാൽ ഉപഭോക്താക്കളിൽ എത്തിക്കുക എന്നതുമാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

പാൽ, പാലുല്പന്നങ്ങൾ എന്നിവയിൽ കണ്ടുവരുന്ന അഫ്ലോടോക്സിന്റെയും ആന്റിബയോട്ടിക്കുകളുടെയും നിയന്ത്രണത്തിന് ആവശ്യമായ ഗുണനിലവാര പരിശോധനകൾക്കുള്ള എല്ലാവിധ സജ്ജീകരണങ്ങളും മിൽമയുടെ എല്ലാ ഡയറികളിലും ഒരുക്കിയിട്ടുണ്ട്. മിൽമയുടെ മേഖലാ യൂണിയനുകൾ പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾവഴി കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയശേഷമാണ് പാൽ സംഭരിക്കുന്നത്. കൂടാതെ പട്ടണക്കാട്, മലമ്പുഴ എന്നിവിടങ്ങളിലായി സ്ഥിതിചെയ്യുന്ന മിൽമയുടെ 2 കാലിത്തീറ്റ ഫാക്ടറികളിലും കാലിത്തീറ്റയിലും അവയുടെ ഉല്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളിലും അഫ്ലോടോക്സിന്റെ അംശം

കണ്ടെത്തുന്നതിനുള്ള പരിശോധനകൾക്കുള്ള സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. അതിനാൽ മിൽമയുടെ പാൽ, പാലുല്പന്നങ്ങൾ, കാലിത്തീറ്റ എന്നിവയിൽ അഫ്ലോടോക്സിന്റെയും ആന്റിബയോട്ടിക്കുകളുടെയും അളവ് FSSAI സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന നിലവാരത്തിൽ ക്രമീകരിച്ചിട്ടുണ്ട്.

കാലിത്തീറ്റയിൽ കണ്ടുവരുന്ന അഫ്ലോടോക്സിന്റെ അളവ് നിയന്ത്രിക്കുന്നതിനുവേണ്ടി കേരളാ ഫീഡ്സ് Toxin Binder ചേർക്കുന്നുണ്ട്. പൂപ്പൽ വിഷത്തെ പശുവിന്റെ ദഹനവ്യവസ്ഥയിൽ ശരീരത്തിലേക്ക് ആഗിരണം ചെയ്യാതെ ശരീര വിസർജ്ജ്യങ്ങളിലൂടെ പുറന്തള്ളിക്കളയാൻ സഹായിക്കുന്ന തീറ്റ ചേരുവയാണ് Toxin Binder.

ഇതുകൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പ് കേരളത്തിൽ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാലിന്റെയും പാലുല്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ശേഖരിക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി) ഗുണനിലവാരത്തോടുകൂടി പാൽ സംഭരിക്കുകയും സംസ്കരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന സംഘങ്ങൾക്ക് സർക്കാരിന്റെ പ്രത്യേക സർട്ടിഫിക്കേഷൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെയാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

ഗുണനിലവാരത്തോടെയുള്ള പാൽ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന നോൺ ആപ്കോസ് (പരമ്പരാഗത) ക്ഷീരസംഘങ്ങളിൽ സർക്കാർ ISO മാതൃകയിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. Pilot അടിസ്ഥാനത്തിൽ 14 ജില്ലകളിലും ഓരോ പരമ്പരാഗത ക്ഷീരസംഘങ്ങളെ തെരഞ്ഞെടുത്ത് സംഭരിക്കുന്ന പാലിന്റെ അണുഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കേഷൻ നൽകുന്നതിനായി 50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിലൂടെ ഗുണമേന്മയുള്ള പാൽ സംഭരിച്ച് ഉപഭോക്താക്കളുടെ

ആത്മവിശ്വാസം വർദ്ധിപ്പിക്കുക, അത് അതേ ശുദ്ധതയോടെ ഉപഭോക്താക്കളുടെ കൈയിൽ എത്തിക്കുക എന്നതുമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**ജൈവകാർഷിക മിഷന്റെ പ്രവർത്തനങ്ങൾ**

**9 (*129)** **ശ്രീ. ജി. എസ്. ജയലാൽ:**
**ശ്രീ. ഇ. ചന്ദ്രശേഖരൻ:**
**ശ്രീ. വി. ശശി:**
**ശ്രീ. പി. ബാലചന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാനത്തെ പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിച്ച് സുരക്ഷിത ഭക്ഷ്യോത്പാദനത്തിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളങ്ങളുടെയും രാസ കീടനാശിനികളുടെയും അമിത ഉപയോഗത്തിന്റെ ഫലമായി മണ്ണിനും മനുഷ്യനും പരിസ്ഥിതിക്കുമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ, സുരക്ഷിത

ഭക്ഷ്യോത്പാദനത്തിലേക്ക് നീങ്ങേണ്ടതിന്റെ ആവശ്യകത എന്നിവ ബോധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാനത്ത് 2010-ൽ ജൈവകൃഷി നയം പ്രഖ്യാപിക്കുകയുമുണ്ടായി. ജൈവ കാർഷിക മേഖലയിൽ ശക്തമായ ഇടപെടൽ നടത്തുന്നതിനും മണ്ണിനെയും പരിസ്ഥിതിയെയും സംരക്ഷിച്ചുകൊണ്ട് ജനങ്ങൾക്ക് പോഷകസമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ലഭ്യമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിനുമായി 26-10-2023-ലെ സർക്കാർ ഉത്തരവുപ്രകാരം ജൈവകാർഷിക മിഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) സുരക്ഷിത ഭക്ഷ്യോത്പാദനത്തിനായി ശാസ്ത്രീയ ജൈവകൃഷി പ്രചരിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സുരക്ഷിത ഭക്ഷ്യോത്പാദനത്തിനായി ശാസ്ത്രീയ ജൈവകൃഷി പ്രചരിപ്പിക്കുന്നതിന് 2010-ൽ ജൈവ കാർഷിക നയം രൂപീകരിക്കുകയും ജൈവ കാർഷിക മേഖലയിൽ കൂടുതൽ ശക്തമായ ഇടപെടലുകൾ

നടത്തുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ശാസ്ത്രീയ ജൈവ കൃഷി പ്രചരിപ്പിക്കുന്നതിന് കേന്ദ്ര-സംസ്ഥാന പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും സംസ്ഥാന പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും എന്നിവയിലൂടെ കർഷകർക്ക് ശാസ്ത്രീയവും നൂതനവുമായ ജൈവകൃഷി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള ബോധവത്കരണ ക്ലാസ്സുകൾ, കൃഷിയിട പഠന സന്ദർശന യാത്രകൾ, കിസാൻ മേളകൾ എന്നിവ നടത്തിവരുന്നു. കേന്ദ്ര-സംസ്ഥാന ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന ഭാരതീയ പ്രകൃതി കൃഷി പദ്ധതിപ്രകാരം സംസ്ഥാനത്തെ 82000 ഹെക്ടർ സ്ഥലത്തെ കർഷകർക്ക് ശാസ്ത്രീയവും നൂതനവുമായ ജൈവ കൃഷി മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുവേണ്ടിയുള്ള ബോധവത്കരണ ക്ലാസ്സുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടികൾ, കൃഷിയിട പഠന സന്ദർശന യാത്രകൾ, കിസാൻ മേളകൾ എന്നിവ നടത്തിവരുന്നു. ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിനും പ്രസ്തുത ക്ലസ്റ്ററിൽ ഉല്പാദിപ്പിക്കുന്ന

ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനും ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ(FIG)-ക്കുള്ള ആനുകൂല്യവും തദ്ദേശീയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യവും പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണത്തിനും മാതൃകാ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനും സഹായധനവും പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് നൽകിവരുന്നു. ചുരുങ്ങിയത് 500 ഹെക്ടർ വീതമുള്ള ക്ലസ്റ്ററുകളിലായി നടപ്പിലാക്കുന്ന ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി ഒരു ജൈവകൃഷി ക്ലസ്റ്ററിന് മൂന്നു വർഷങ്ങളിലായി 62.22 ലക്ഷം രൂപയുടെ സഹായമാണ് നൽകുന്നത്.

ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന സംസ്ഥാന പദ്ധതിയിലൂടെ ഉത്തമ ജൈവമുറകൾ അവലംബിക്കുന്ന ക്ലസ്റ്ററുകൾക്ക് 10,000/- രൂപയും പച്ചില വള പ്രയോഗത്തിനായി ഹെക്ടറിന് 3,000/- രൂപയും ജൈവവള നിർമ്മാണ യൂണിറ്റുകൾ തയ്യാറാക്കുന്നതിനുള്ള പിന്തുണയായി 30,000/- രൂപയും നൽകിവരുന്നു.

ഉത്തമ കൃഷിമുറകൾ പാലിച്ച് കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ സംഭരിക്കുകയും അത് ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക്

ലഭ്യമാക്കുകയും ചെയ്യുന്നതിന് കൃഷി ഭവനുമായി സഹകരിച്ച് കർഷകരുടെ സഹായത്തോടെ 2022-23 വരെ 286 ഇക്കോഷോപ്പുകൾ പ്രസ്തുത പദ്ധതിയിൻകീഴിൽ സ്ഥാപിച്ചു. ഈ ഇക്കോഷോപ്പുകളിലൂടെ വിൽക്കുന്ന ഉല്പന്നങ്ങൾ "സേഫ് റ്റു ഈറ്റ് കേരള ഓർഗാനിക് "എന്ന ബ്രാൻഡിൽ പ്രത്യേകം പായ്ക്ക് ചെയ്ത് വില്പന നടത്തുന്നു. ജൈവ കർഷകർക്കും കർഷക കൂട്ടായ്മകൾക്കും ജൈവ സർട്ടിഫിക്കേഷനുള്ള സഹായവും ഈ പദ്ധതിയിലൂടെ നൽകുന്നുണ്ട്.

(സി) ശാസ്ത്രീയ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവ ഉല്പാദനോപാധികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും ജൈവകാർഷിക മിഷൻ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശാസ്ത്രീയ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവ ഉല്പാദനോപാധികളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും 26-10-2023-ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം സംസ്ഥാന സർക്കാർ ജൈവ കാർഷിക മിഷൻ രൂപീകരിച്ചു.

**മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

- പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് കർഷകന് ലാഭകരമായി കൃഷി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സുസ്ഥിര ജൈവകൃഷി വികസന പദ്ധതി നടപ്പിലാക്കുക
- കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷിമുറകൾ നടപ്പിലാക്കുക
- സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുക
- വ്യത്യസ്ത അഗ്രോ ഇക്കോളജിക്കൽ സോണിൽ വരുന്ന പഞ്ചായത്തുകളെ തെരഞ്ഞെടുത്ത് ജൈവകൃഷി നടപ്പിലാക്കുക
- ഓരോ വർഷവും കുറഞ്ഞത് 10000 ഹെക്ടർ വീതം സ്ഥലത്ത് കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച്

വർഷത്തിനുള്ളിൽ കുറഞ്ഞത് 50000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക.

- ജൈവകൃഷിക്കായി തെരഞ്ഞെടുത്ത ഗുണഭോക്താക്കൾ/ഫാമുകൾ കുറഞ്ഞത് അഞ്ചുവർഷം വരെയെങ്കിലും ജൈവകൃഷി തുടരുമെന്ന് ഉറപ്പാക്കുക
- കർഷകന്റെ കൃഷിയിടങ്ങളിൽ നിശ്ചിത അനുപാതത്തിലുള്ള ഭൂമി മാത്രം ജൈവകൃഷിയിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക
- ഫാം പ്ലാൻ മാതൃക IFS പ്ലോട്ടുകളുടെ വികസനത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക
- കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഫാമുകളിൽ 10 ശതമാനത്തിൽ കുറയാത്ത സ്ഥലത്ത് ജൈവകൃഷി ആരംഭിക്കുക
- ജൈവ കൃഷിക്ക് ആവശ്യമായി വരുന്ന ഉല്പാദനോപാധികൾ പ്രാദേശികമായി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട സംരംഭങ്ങൾ

കൃഷിക്കൂട്ടം, കാർഷിക കർമ്മസേന, കുടുംബശ്രീ, കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ എന്നിവയുടെ നേതൃത്വത്തിൽ തുടങ്ങുക

- ജൈവ ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള വിപണന സംവിധാനമൊരുക്കുകയും ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിനുള്ള സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുകയും ചെയ്യുക
- ജൈവ ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള സംവിധാനവും നടപടിക്രമങ്ങളും വികസിപ്പിക്കുക
- കേരളത്തിന്റെ തനതായ ജൈവ ഉല്പന്നങ്ങൾക്ക് ലോഗോ ഉണ്ടാക്കുകയും പ്രത്യേക ബ്രാൻഡിൽ വിൽപ്പന നടത്തുന്നതിനുള്ള സംവിധാനമൊരുക്കുകയും ചെയ്യുക
- ജൈവ ഉല്പന്നങ്ങൾക്ക് മതിയായ വില ലഭിക്കുന്നതിന് ആവശ്യമായ സംഭരണ/സംസ്കരണ/മൂല്യവർദ്ധിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സംവിധാനമൊരുക്കുന്നതിനോടൊപ്പം ജൈവ കൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് ലാഭകരമായ വില

നിശ്ചയിക്കുന്നതിനും കർഷകർക്ക് ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കുക

- കർഷക രജിസ്ട്രേഷൻ, ഉല്പാദന വിവരങ്ങൾ, വിപണനം, ഉറവിടം കണ്ടെത്തൽ, ബ്രാൻഡിംഗ്, ഗുണനിലവാര നിയന്ത്രണം, സർട്ടിഫിക്കേഷൻ തുടങ്ങിയവയിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഉപയോഗം കൊണ്ടുവരുന്നതിനും കാര്യക്ഷമമായ വിപണനത്തിനായുള്ള അന്തരീക്ഷം ഉറപ്പാക്കുന്നതിനും കർഷകർക്ക് ന്യായമായ വില തത്സമയം ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ സജ്ജമാക്കുക

- നിലവിൽ ജൈവകൃഷി നടപ്പിലാക്കുന്നതിലുള്ള ന്യൂനതകൾ സംബന്ധിച്ച് പഠനം നടത്തി അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി നടപ്പിലാക്കുക

- ജൈവകൃഷിക്ക് നിഷ്കർഷിച്ചിട്ടുള്ള വിത്തുൾപ്പെടെയുള്ള ഉല്പാദനോപാധികളുടെ ഗുണനിലവാരം ഉറപ്പാക്കി

കർഷകരിലെത്തിക്കുന്നതിനും ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമുള്ള സംവിധാനം കൊണ്ടുവരിക

- എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും ജൈവകൃഷി മിഷന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ, കൃഷിക്കൂട്ടങ്ങളെയും FPO-കളെയും യോജിപ്പിച്ചുകൊണ്ട് തയ്യാറാക്കുക. മാതൃകയായി നടപ്പിലാക്കുന്ന പദ്ധതികൾക്ക് പ്രത്യേകം അവാർഡുകൾ നൽകുക

മിഷന്റെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന/ജില്ലാ/ബ്ലോക്ക്/പഞ്ചായത്ത് തലത്തിൽ പദ്ധതി നടത്തിപ്പുചുമതലകൾ നിർവഹിക്കുന്നതിനായി ഒരു നിർവഹണ സംവിധാനം വിഭാവനം ചെയ്യുന്നു.

(ഡി) സംസ്ഥാനത്ത് ജൈവകാർഷിക മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

നടപ്പു സാമ്പത്തിക വർഷം (2023-24) ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനുമായി നടപ്പിലാക്കുന്ന എല്ലാ കേന്ദ്ര സംസ്ഥാന പദ്ധതികളും ജൈവ കാർഷിക മിഷന്റെ ഭാഗമായാണ്

നടപ്പിലാക്കുന്നത്. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള കൃഷിമുറകൾ അവലംബിക്കുന്നതിനോടൊപ്പം പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം ജൈവകൃഷിയിലൂടെ എന്ന ആശയത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു. ഓരോ വർഷവും കുറഞ്ഞത് 10000 ഹെക്ടർ വീതം സ്ഥലത്ത് കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ജൈവകൃഷി വ്യാപിപ്പിച്ചുകൊണ്ട് അഞ്ച് വർഷത്തിനുള്ളിൽ കുറഞ്ഞത് 50000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുക എന്ന ലക്ഷ്യത്തിലൂന്നിക്കൊണ്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നു. കേരളത്തിൽ ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ഉയർന്ന മൂല്യം ലഭ്യമാക്കുന്നതിനുവേണ്ടി PGS ഓർഗാനിക് സർട്ടിഫിക്കേഷൻ നടപ്പിലാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിലുള്ള സമേതിയെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

**പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി**

**10 (*130)** **ശ്രീ. ഡി. കെ. മുരളി:**
**ശ്രീ. ഒ. ആർ. കേളു:**
**ശ്രീ. കെ. ബാബു (നെന്മാറ):**

**ശ്രീ. എ. രാജ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എട്ടുമാസം ഗർഭാവസ്ഥ മുതൽ പ്രസവത്തിനുശേഷം മൂന്നുമാസം വരെയുള്ള പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ലക്ഷ്യം വിശദമാക്കാമോ?

സംസ്ഥാനത്ത് എട്ടുമാസം ഗർഭാവസ്ഥ മുതൽ പ്രസവത്തിനുശേഷം മൂന്നുമാസം വരെയുള്ള പശുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി ക്ഷീരവികസന വകുപ്പിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഉരുക്കളുടെ ആരോഗ്യസംരക്ഷണവും പാലുല്പാദനക്ഷമത വർദ്ധനവും കൂടാതെ അടുത്ത തലമുറയിലെ ഉരുക്കൾക്ക് രോഗപ്രതിരോധശേഷിയും സാഹചര്യങ്ങൾക്കനുസൃതമായി പൊരുത്തപ്പെട്ടുകൊണ്ട് ഉല്പാദനക്ഷമത

നിലനിറുത്തുകയും ചെയ്യുന്നതിനുവേണ്ടിയാണ് ക്ഷീരവികസന വകുപ്പിൽ പ്രസ്തുത പദ്ധതി രൂപീകരിച്ചത്. 2023-24 സാമ്പത്തിക വർഷം ആരംഭിക്കുകയും സംസ്ഥാനത്തുടനീളമായി 800 പശുക്കൾക്ക് 144.36 ലക്ഷം രൂപ ധനസഹായം വകയിരുത്തുകയും ചെയ്തിട്ടുള്ള ഈ പദ്ധതി ക്ഷീരകർഷകർക്ക് വളരെയേറെ പ്രയോജനം ലഭിക്കുന്നതാണ്. പ്രസ്തുത പദ്ധതി നിലവിൽ 2 ജില്ലകളിലാണ് പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നത്. 8 മാസം ഗർഭാവസ്ഥ മുതൽ പ്രസവശേഷം 3 മാസം വരെയുള്ള ഉരുക്കൾക്കുവേണ്ട പച്ചപ്പുൽ, വൈക്കോൽ, മിനറൽ മിക്സ്ച്ചർ, കാത്സ്യം സപ്ലിമെന്റ്, ഉരുക്കളുടെ ചികിത്സാ ധനസഹായം തുടങ്ങിയവയാണ് ഈ പദ്ധതിയിലൂടെ നൽകുന്നത്. ഈ സമയത്തുള്ള ശാസ്ത്രീയ തീറ്റക്രമം പാലുല്പാദന വർദ്ധനവും ആരോഗ്യ സംരക്ഷണവും ഉറപ്പാക്കുന്നു. കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാല വാർഷിക പദ്ധതി 2021-22 കാലയളവിൽ നടപ്പിലാക്കിയ ക്ഷീര സമൃദ്ധി പദ്ധതിയിൽ വയനാട്ടിൽ 1000 ക്ഷീരകർഷകരും തൃശ്ശൂരിൽ 303 ക്ഷീരകർഷകരും ഗുണഭോക്താക്കളായിരുന്നു. ഈ കർഷകർക്ക് 7, 8, 9 മാസം ഗർഭിണികളായ

പശുക്കളുടെ വറ്റുകാല സംരക്ഷണത്തിനായി പ്രത്യേകം കാലിത്തീറ്റ നൽകിയിരുന്നു. ഇതുപ്രകാരം ശരാശരി 25 കിലോഗ്രാമിൽ കൂടുതലുള്ള ശരീരഭാരം പിറന്നുവീഴുന്ന കുഞ്ഞുങ്ങൾക്ക് ഉറപ്പുവരുത്തുക എന്നതായിരുന്നു ലക്ഷ്യം. ഇത്തരത്തിൽ ജനിച്ച കുട്ടികൾക്ക് ആദ്യ മൂന്നുമാസം പ്രത്യേക കന്നുകുട്ടി തീറ്റയായ calf starter നൽകുകയാണ് ലക്ഷ്യം. Calf starter (കാഫ് സ്റ്റാർട്ടർ) തീറ്റ നൽകുന്നത് പ്രസവശേഷം കന്നിപ്പാൽ നൽകി ശരീരത്തൂക്കത്തോടൊപ്പം വേണ്ട പാലും നൽകുകയും രണ്ടാമത്തെ ആഴ്ചമുതൽ calf starter (കാഫ് സ്റ്റാർട്ടർ) ആവശ്യാനുസരണവും നൽകിവന്നു. ഈ കുഞ്ഞുങ്ങൾക്ക് 400-500 ഗ്രാം ശരീര ളുക്കം ദിനംപ്രതി ലഭിക്കുകയും 3-4 മാസത്തിനുശേഷം നിലവിലെ SLBP (പ്രത്യേക കന്നുകുട്ടി സംരക്ഷണ പദ്ധതി) പ്രകാരമുള്ള രീതിയിൽ തീറ്റ നൽകിയാൽ 12-13 മാസത്തിനുള്ളിൽ ബീജദാനത്തിന് സജ്ജമാകുന്ന രീതിയിൽ ശരീര ളുക്കം ലഭ്യമാവുകയും ചെയ്യും. ഈ പശുക്കൾ 22-23 മാസത്തിൽ ആദ്യ പ്രസവം എന്നതാണ് ഈ പദ്ധതിയുടെ ഒരു ലക്ഷ്യം. ഇപ്പോൾ ആദ്യ പ്രസവം 28-32 മാസത്തിലാണ്. ആദ്യ പ്രസവം നേരത്തെയാക്കുന്നതുവഴി പാലുത്പാദനം ശരാശരി 6

മാസംമുമ്പ് ആരംഭിക്കുകയും 400 ദിവസത്തിനുശേഷം രണ്ടാം പ്രസവം പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഇത് പാലുല്പാദനം വർദ്ധിപ്പിക്കുകയും അനാവശ്യമായ കാലിത്തീറ്റ ചെലവ് കുറയ്ക്കുന്നതുവഴി കർഷകർക്ക് ലാഭം ലഭിക്കുകയും ചെയ്യുന്നു. കേരളത്തിൽ ശരാശരി 4-4.5 ലക്ഷം (5 ലക്ഷം വരെ) പ്രസവങ്ങൾ കന്നുകാലികളിൽ നടക്കുന്നു. ഇതിൽ പകുതിയും പശുക്കുട്ടികളായി കണക്കാക്കിയാൽ ഈ പശുക്കുട്ടികൾക്ക് 'ക്ഷീര സമൃദ്ധി' പദ്ധതി വിഭാവനം ചെയ്യുന്ന രീതിയിൽ പരിചരണം നൽകിയാൽ കേരളത്തിനാവശ്യമായ ആരോഗ്യമുള്ള കിടാരികളെ ഈ സംസ്ഥാനത്തുതന്നെ ഉല്പാദിപ്പിക്കാനും അന്യസംസ്ഥാനങ്ങളിൽനിന്നും പശുക്കളെ വാങ്ങുന്നത് വഴിയുള്ള സാമ്പത്തിക ചോർച്ചയും വിവിധതരം രോഗങ്ങളുടെ വരവും തടയാനും യോജിച്ച പശുക്കളെ കേരളത്തിൽത്തന്നെ ഉല്പാദിപ്പിക്കാനും സാധിക്കുമെന്നത് ക്ഷീരസമൃദ്ധി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(ബി) ഉരുക്കളെ വാങ്ങുന്നതിനും ഡയറി ഫാമുകളുടെ ആധുനികവത്കരണത്തിനും പ്രത്യേക പദ്ധതി നിലവിലുണ്ടോ;

കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണത്തിനും പദ്ധതിയുടെ ഭാഗമായി ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഇതിലൂടെ ക്ഷീര വികസന മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ ഫാമുകളുടെ ആധുനികവത്കരണത്തിനും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മാണത്തിനും പ്രത്യേക പദ്ധതികൾ ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതിലേയ്ക്കായി 6.84 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ക്ഷീരമേഖലയിൽ പരമ്പരാഗതമായി അനുവർത്തിച്ചിരുന്ന രീതികൾ മാറ്റിക്കൊണ്ട് ആധുനിക സംവിധാനങ്ങളോടുകൂടിയ പശു പരിപാലനമാണ് ക്ഷീരവികസന വകുപ്പ് പ്രോത്സാഹിപ്പിക്കുന്നത്. പലവിധമായ ഗുണഗണങ്ങൾ ലഭിക്കുന്ന ആധുനിക പശു പരിപാലനത്തിനനുസൃതമായിട്ടാണ് വകുപ്പ് പദ്ധതികൾ രൂപീകരിച്ചിരിക്കുന്നത്. പാലുല്പാദന വർദ്ധനവ്, ഉല്പാദകനും ഉപഭോക്താവിനും ഒരുപോലെ ഗുണമേന്മയുള്ള പാൽ ലഭ്യമാക്കൽ,

പശുക്കളുടെ ആരോഗ്യ സംരക്ഷണം, പാലുല്പാദന ചെലവ് കുറയ്ക്കൽ, പശുക്കളുടെ പ്രത്യുല്പാദനശേഷി വർദ്ധിപ്പിക്കൽ, അവയുടെ രോഗപ്രതിരോധശേഷി വർദ്ധിപ്പിക്കൽ ഇവയെല്ലാമാണ് ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ.

**കർഷക ആത്മഹത്യ തടയാൻ നടപടി**

**11 (*131)** ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) ഉൽപ്പന്നങ്ങളുടെ വിലത്തകർച്ച, കടം, കൃഷിനാശം, വന്യജീവികളുടെ ശല്യമടക്കമുള്ള കാരണങ്ങളാൽ കർഷക സമൂഹം കടുത്ത പ്രതിസന്ധി നേരിടുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കൃഷിനാശം, വന്യജീവികളുടെ ശല്യം, വിലത്തകർച്ച, കടം തുടങ്ങിയ കാരണങ്ങളാൽ പ്രതിസന്ധി നേരിടുന്ന കർഷകരെ സഹായിക്കാൻ

സംസ്ഥാന കൃഷി വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനാണ് വെള്ളപ്പൊക്കം, വരൾച്ച, രോഗങ്ങൾ തുടങ്ങിയ ദുരന്തങ്ങൾ, പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശം എന്നിവയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതിപ്രകാരവും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരവും ധനസഹായം നൽകിവരുന്നത്. അടുത്ത കാലത്തായി വനാതിർത്തിയിൽനിന്ന് 50 കിലോമീറ്റർ അകലെ വരെയുള്ള കൃഷിയിടങ്ങളിൽ നാശനഷ്ടങ്ങളുണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. കർഷകർ അഭിമുഖീകരിക്കുന്ന വന്യമൃഗ ശല്യത്തിൽനിന്നും രക്ഷനേടുന്നതിനായി വനം വകുപ്പിന്റെ വിവിധ പദ്ധതികൾക്ക് പുറമെ കൃഷി വകുപ്പ് സംസ്ഥാന ബജറ്റിൽ വകയിരുത്തി 1.88 കോടി രൂപയുടെ പദ്ധതിയും ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 25 കോടിയുടെ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ കർഷകർ സഹകരണ സംഘങ്ങളിൽ/ സൊസൈറ്റികളിൽനിന്നും എടുക്കുന്ന വായ്പകൾക്ക് വയനാട്, ഇടുക്കി ജില്ലകളിൽ 31-08-2020 വരെയും മറ്റ് ജില്ലകളിൽ 31-03-2016 വരെയും

എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി 2 ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കിവരുന്നു. 16 ഇനം പഴം പച്ചക്കറികൾക്ക് വിപണി വില അടിസ്ഥാന വിലയിലും താഴ്ന്നപക്ഷം ആയതിന്റെ വ്യത്യാസം ആനുകൂല്യമായി നൽകുന്നു. നെല്ലിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും ഉയർന്ന സംഭരണ വിലയായ 28.20 രൂപ നൽകിവരുന്നു. ഇവയ്ക്കുപുറമെ നാളികേര കർഷകർക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന പച്ചത്തേങ്ങ സംഭരണം കിലോഗ്രാമിന് 34/- രൂപ എന്ന നിലയിൽ നൽകി കർഷകരെ സഹായിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്.

(സി) കർഷകർക്ക് സഹായമെത്തിച്ച് കർഷക ആത്മഹത്യകൾ തടയാൻ നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും (ഉല്പാദനോപാധികൾ ലഭ്യമാക്കൽ, വിപണന സൗകര്യമൊരുക്കൽ, വിലസ്ഥിരത ഉറപ്പാക്കൽ, സംഭരണം തുടങ്ങിയവ) സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. അതിനാൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾമൂലം കേരളത്തിൽ കർഷകർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യമില്ല. കർഷകരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാന പദ്ധതിക്കായി 547.46 കോടി രൂപയും കേന്ദ്ര പദ്ധതിക്കായുള്ള സംസ്ഥാന വിഹിതമായ 103.2 കോടി രൂപയും പ്ലാൻ ഇനത്തിൽ നടപ്പിലാക്കിവരുന്നു. പ്ലാൻ ഇതര ഇനത്തിൽ 552.1135 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്ലാൻ ഇതര ഇനത്തിൽ ഉല്പാദന ബോണസും സൗജന്യ വൈദ്യുതിയും കർഷക പെൻഷനും നൽകുന്നു.

കർഷകർക്ക് ഉയർന്ന ഉല്പാദന വില ലഭിക്കുന്നതിനും കൃഷിയെ കാർഷിക ബിസിനസ്സാക്കി മാറ്റുന്നതിനും മൂല്യവർധനവിനും വിവിധ വിപണന ശൃംഖലകളുമായി കർഷകരെ കൂട്ടിയോജിപ്പിക്കുന്നതിനുമായി CIAL മാതൃകയിൽ കേരള അഗ്രി ബിസിനസ്സ് കമ്പനി രൂപീകരിച്ചിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ എന്നിവയുൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യശൃംഖല നവീകരിക്കുന്നതിനുമായി കേരള ക്ലൈമറ്റ് റസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ (കേര) പദ്ധതി 2375 കോടി (285 ദശലക്ഷം യു.എസ്. ഡോളർ) ചെലവിൽ 5 വർഷംകൊണ്ട് നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്.

ഇപ്രകാരം കർഷക ഉന്നമനത്തിനായി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

**പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

**12 (*132)** **<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>**
**<u>ശ്രീ. പി. എസ്. സുപാൽ:</u>**
**<u>ശ്രീ. വി. ആർ. സുനിൽകുമാർ:</u>**
**<u>ശ്രീ. വാഴൂർ സോമൻ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പലവിധ പദ്ധതിപ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കിവരുന്നു. പ്രധാന പദ്ധതിയായ മിൽക്ക് ഷെഡ് പദ്ധതിമുഖേന അന്യസംസ്ഥാനങ്ങളിൽനിന്നും കറവപ്പശുക്കളെ വാങ്ങുന്നതിലൂടെ സംസ്ഥാനത്തെ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി പാലുല്പാദനം കൂട്ടുന്നതിനും സഹായകരമാകുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി കൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, മേഖല/വിഭാഗം എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി ക്ഷീരതീരം, ക്ഷീരലയം പദ്ധതികൾ, ഇടുക്കി, വയനാട് ജില്ലകൾക്കായി പ്രത്യേക ഡയറി പാക്കേജുകൾ, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, പാൽ ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളിലൂടെ

സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പ് നിരന്തരം പ്രയത്നിക്കുന്നു.

സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടുകൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകിക്കൊണ്ടും ചെലവുകുറഞ്ഞ പാലുല്പാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ തങ്ങളാലാകുംവിധമൊക്കെ ക്ഷീരകർഷകന്റെ വർദ്ധിച്ചുവരുന്ന ഉല്പാദനചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽപേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കാനും അതുവഴി ക്ഷീരോല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി പാൽ ഉല്പാദനക്ഷമത, പാലിന്റെ ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഫലമായി പാലുല്പാദനക്ഷമതയും ഗുണനിലവാരവും വർദ്ധിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി അന്യസംസ്ഥാനത്തുനിന്ന് ഉരുക്കളെ കൊണ്ടുവരുന്നതിനാൽ കേരളത്തിലെ പാലുല്പാദനം വർദ്ധിക്കുന്നു. ഇതുകാരണം കേരളത്തിലെ ഉപഭോഗത്തിനായി അന്യസംസ്ഥാനത്തുനിന്ന് കൊണ്ടുവരുന്ന പാലിന്റെ അളവ് ഓരോ വർഷവും ഗണ്യമായി കുറഞ്ഞുവരുന്നു. കൂടാതെ പശുവിന്റെ കറവയുടെ സമയദൈർഘ്യം വർദ്ധിപ്പിച്ചതിനാൽ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉയരുകയും അതനുസരിച്ച് കർഷകർക്ക് വില ലഭിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ വകുപ്പിന്റെ പദ്ധതി നടത്തിപ്പിന്റെ പരിണിതഫലമായി പാലുല്പാദന ക്ഷമതയും ഗുണനിലവാരവും മെച്ചപ്പെട്ടിട്ടുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. കൂടാതെ വിവിധ പദ്ധതിപ്രവർത്തനങ്ങളുടെ ഫലമായി മലബാർ

മേഖലയിലെ പാൽ രാജ്യത്തെ ഏറ്റവും നല്ല അണുഗുണനിലവാരമുള്ള പാലായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വിവിധ പദ്ധതി പ്രവർത്തനങ്ങളിലൂടെ പാലുല്പാദന ക്ഷമത 10.39kg/day നിന്നും 10.77kg/day ആയി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. മിൽമയും മേഖലാ യൂണിയനുകളും ചേർന്നുള്ള കൂട്ടായ പ്രവർത്തനങ്ങളുടെ ഭാഗമായി പാൽ ഉല്പാദനക്ഷമത, പാലിന്റെ ഗുണനിലവാരം എന്നിവ വർദ്ധിപ്പിക്കുന്നതിന് ഒരുപരിധിവരെ കഴിഞ്ഞിട്ടുണ്ട്.

(സി) പാൽ ഉല്പാദന വർധനവിനനുസരിച്ച് മൂല്യവർദ്ധിത ഉല്പന്ന വൈവിധ്യവത്കരണത്തിന് പദ്ധതിയുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

പാലുല്പാദന വർദ്ധനവിനനുസരിച്ച് വൈവിദ്ധ്യവത്കരണത്തിനായി വിവിധ നടപടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലുല്പാദിപ്പിക്കുന്ന പാൽ ഉപഭോഗത്തിനുശേഷം ബാക്കിയുണ്ടാകുന്നത് പാൽപ്പൊടിയാക്കി മാറ്റുന്നതിന് സർക്കാർ ധനസഹായത്തോടെ മലപ്പുറം ജില്ലയിലെ മൂർക്കനാട് എന്ന സ്ഥലത്ത് പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനങ്ങൾ

നടന്നുവരുന്നു. ഇതുകൂടാതെ ക്ഷീരവികസന വകുപ്പിൽനിന്നും പരിശീലനം നേടിയശേഷം ബാങ്ക് വായ്പ ഉപയോഗപ്പെടുത്തിയും സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചും നിരവധി വൈവിദ്ധ്യങ്ങളാർന്ന പാലുല്പന്നങ്ങൾ ക്ഷീരകർഷകർ വിപണിയിലെത്തിക്കുകയും ആയതിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ, ജെ.എൽ.ജി./എസ്.എച്ച്.ജി./ രജിസ്റ്റേർഡ് ഗ്രൂപ്പുകളിലൂടെ പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കർഷകരിൽനിന്നും സംഭരിക്കുന്ന പാലിൽനിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനത്തിലും വിപണനത്തിലും മിൽമ പ്രത്യേകം ശ്രദ്ധ പുലർത്തുന്നു. മിൽമ ഉപഭോക്താക്കൾക്കാവശ്യമുള്ള വിവിധ തരത്തിലുള്ള പാൽ വിപണിയിലെത്തിക്കുന്നതോടൊപ്പംതന്നെ ഗുണമേന്മയുള്ള അസംഖ്യം ഉല്പന്നങ്ങളും വിപണിയിലെത്തിക്കുന്നുണ്ട്. കേരളത്തിലെ വിപണിയിൽ പാൽ, തൈര്, നെയ്യ്, ഐസ്ക്രീം തുടങ്ങിയ ഉല്പന്നങ്ങളുടെ സംഘടിത മേഖല വിൽപ്പനയുടെ മുഖ്യപങ്ക് കയ്യാളുന്നത് മിൽമയാണ്. ഉപഭോക്താക്കളുടെ അഭിരുചിയും ആവശ്യങ്ങളും

മനസ്സിലാക്കുന്നതിനും അതിനനുസരിച്ച് ഗുണമേന്മയുള്ള ഉല്പന്നങ്ങൾ സമയബന്ധിതമായി എത്തിക്കുന്നതിനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. ബ്രാൻഡിംഗ്, പി.ആർ. ആക്ടിവിറ്റീസ്, ഔട്ട്ഡോർ, സ്റ്റോർ ഡിസൈനിംഗ് തുടങ്ങിയ മേഖലകളിലെല്ലാം പുതിയ ഏജൻസികളെ നിയമിച്ച് വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളും നടന്നുവരുന്നു.

(ഡി) പാലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ക്ഷീര കർഷകരെ പ്രാപ്തരാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

പാലിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ആറ് ക്ഷീരപരിശീലന കേന്ദ്രങ്ങളിൽനിന്നും കർഷകർക്ക് പരിശീലനം നൽകുന്നു. ഗുണനിലവാരമുള്ള പാലുല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിലൂടെ കർഷകർക്ക് ക്ഷീരമേഖലയിൽനിന്ന് ഒരു അധിക വരുമാനം ലഭിക്കുന്നതിന് സാധ്യമാകുന്നു. കൂടാതെ, ജെ.എൽ.ജി./എസ്.എച്ച്.ജി./രജിസ്റ്റേർഡ്

ഗ്രൂപ്പുകളിലൂടെ പാലിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ സമൂഹം നേരിടുന്ന പ്രതിസന്ധികൾ**

**13 (*133)** ശ്രീമതി ഒ. എസ്. അംബിക:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. മുകേഷ്:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുമായി സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖേന "മഴവിൽ" എന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത സമഗ്ര പദ്ധതിയിൽ ടി വിഭാഗത്തിലെ വ്യക്തികളുടെ വിദ്യാഭ്യാസം, ആരോഗ്യ

സംരക്ഷണം, തൊഴിൽ, പുനരധിവാസം തുടങ്ങിയ വിഷയങ്ങളും ഉൾപ്പെടുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ വകുപ്പുകളിലും വിവിധ ആവശ്യങ്ങൾക്കായി നിലവിൽ ഉപയോഗിക്കുന്ന അപേക്ഷ ഫോറങ്ങളിൽ സ്ത്രീ/പുരുഷൻ എന്നിവരോടൊപ്പം ട്രാൻസ്ജെൻഡർ /ട്രാൻസ് സ്ത്രീ/ട്രാൻസ് പുരുഷൻ എന്നുകൂടി കൂട്ടിച്ചേർത്ത് പരിഷ്കരിക്കുന്നതിന് 17-01-2021-ൽ 03/2021/സാ.നീ.വ. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് അനുബന്ധം 2* ആയി ചേർക്കുന്നു. സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും അഫിലിയേറ്റ് ചെയ്യപ്പെട്ട ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്ക് പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് 03-07-2018-ൽ സ.ഉ. (കൈ) 153/2018/HEDN നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അത് അനുബന്ധം 3* ആയി ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ എല്ലാ സർവകലാശാലകളിലും അഫിലിയേറ്റ് ചെയ്യപ്പെട്ട ആർട്സ് ആൻഡ് സയൻസ് കോളജുകളിലും എല്ലാ കോഴ്സുകൾക്കും രണ്ട് അധിക സീറ്റുകൾവീതം ട്രാൻസ്ജെൻഡർ വിദ്യാർഥികൾക്കുവേണ്ടി മാത്രമായി അനുവദിച്ചുകൊണ്ട് 07-07-2021-ൽ സ.ഉ. (കൈ) 295/2021/HEDN നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അത് അനുബന്ധം 4* ആയി ചേർക്കുന്നു.

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ സമൂഹത്തിൽപ്പെട്ട വ്യക്തികൾക്ക് ബി.എസ്‌സി. നഴ്സിംഗ്, ജനറൽ നഴ്സിംഗ്, Midwifery കോഴ്സ് എന്നിവയിൽ പ്രവേശനത്തിന് ഓരോ സീറ്റുവീതം 2023-2024 അധ്യയനവർഷം മുതൽ റിസർവ് ചെയ്യുന്നതിന് 27-07-2023-ലെ 172/2023/ആ.കു.വ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. അത് അനുബന്ധം 5*ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്ത് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ; ഇതിനായി ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ട്; അതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാന സർക്കാർ മേഖലയിൽ കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള ലിംഗമാറ്റ ശസ്ത്രക്രിയ, ഹോർമോൺ തെറാപ്പി എന്നിവ നടത്തുന്നതിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. ട്രാൻസ്ജെൻഡർ വിഭാഗത്തിന് ലിംഗമാറ്റ ശസ്ത്രക്രിയകൾ നടത്തുന്നതിനായി സാമൂഹ്യനീതി വകുപ്പ് 2020-21 സാമ്പത്തിക വർഷം മുതൽ ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്മാൻ വിഭാഗത്തിന് പരമാവധി 5 ലക്ഷം രൂപയും ട്രാൻസ് വുമൺ വിഭാഗത്തിന് പരമാവധി 2.5 ലക്ഷം രൂപയും ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ 365 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് 3,94,27,575/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ലിംഗമാറ്റ ശസ്ത്രക്രിയ കഴിഞ്ഞ 297 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തുടർചികിത്സയ്ക്കും

പോഷകാഹാരത്തിനും ധനസഹായമായി 66,21,000/- രൂപ അനുവദിച്ചിട്ടുണ്ട്.

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ മാനദണ്ഡങ്ങൾ അനുബന്ധം 6* ആയി ചേർക്കുന്നു.

**എൻ.ഐ.ആർ.എഫ്. റാങ്ക് പട്ടികയിൽ ഇടംപിടിച്ച കേരളത്തിലെ സ്ഥാപനങ്ങൾ**

**14 (*134)** ശ്രീ. പി. പി. സുമോദ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്കിന്റെ രാജ്യത്തെ ഒന്നാംനിര സർവകലാശാലകളുടെയും മികച്ച കോളേജുകളുടെയും റാങ്ക് പട്ടികയിൽ കേരളത്തിലെ സ്ഥാപനങ്ങൾ ഇടംപിടിച്ചിട്ടുണ്ടോ; മികച്ച ആർക്കിടെക്ചറൽ, എഞ്ചിനീയറിംഗ്, നിയമ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഠന സ്ഥാപനങ്ങൾ എന്നിവയുടെ പട്ടികയിൽ കേരളത്തിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2023-ലെ NIRF റാങ്കിംഗിൽ സംസ്ഥാനത്തെ നാല് സർവകലാശാലകളും 14 കോളേജുകളും ആദ്യത്തെ 100-ൽ സ്ഥാനം പിടിച്ചിട്ടുണ്ട്. 100-നും 200-നും ഇടയിൽ 28 കോളേജുകൾ ഇടംപിടിച്ചിട്ടുണ്ട്. ആർക്കിടെക്ചർ വിഭാഗത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (NIT) കോഴിക്കോട് രണ്ടാം റാങ്കും കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം പതിനേഴാം റാങ്കും നേടിയിട്ടുണ്ട്. വിശദമായ പട്ടിക അനുബന്ധമായി* ചേർക്കുന്നു.

(ബി) മികച്ച സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുന്നതിന് അടിസ്ഥാനമായി ഇവിടങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്; വിശദമാക്കാമോ?

കേരളത്തിലെ സർവകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവകലാശാലകളാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

2. സർവകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE), ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ/ഇൻക്യുബേഷൻ/സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകിവരുന്നു.

4. സർവകലാശാലകളിലും കോളേജുകളിലും പുത്തൻതലമുറ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്.

5. സർവകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവൽക്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

6. സർവകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ നിർവഹണം മെച്ചപ്പെടുത്തുന്നതിന് ഡിജിറ്റൽ സംവിധാനം ഉപയോഗിക്കുക

എന്ന ഉദ്ദേശ്യത്തോടെ കെ-റീപ്പ് എന്ന പേരിൽ സമഗ്ര സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

8. Industry on Campus: കാമ്പസിനുള്ളിൽത്തന്നെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

(സി) എൻ.ഐ.ആർ.എഫ്. മാതൃകയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ വിലയിരുത്തി അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്നതിനുള്ള പ്രത്യേക സംവിധാനം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്നും വിശദമാക്കുമോ?

കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF):- NIRF മാതൃകയിൽ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ വസ്തുനിഷ്ഠവും സുതാര്യവുമായ രീതിയിൽ വിലയിരുത്തി അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്കുചെയ്യുന്നതിനുള്ള കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (KIRF) പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. NIRF മാതൃകയുടെ അടിസ്ഥാന മൂല്യങ്ങളും ഘടകങ്ങളും ഉൾക്കൊണ്ടുകൊണ്ട് സംസ്ഥാനതല റാങ്കിംഗ് സംവിധാനം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. നിലവിൽ teaching-learning and research, graduate outcomes, വിജ്ഞാന വ്യാപനം, പൊതു അഭിപ്രായം എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് ദേശീയ റാങ്കിംഗ് മാനദണ്ഡങ്ങൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. KIRF-ൽ സംസ്ഥാനാധിഷ്ഠിത വിദ്യാഭ്യാസ കാഴ്ചപ്പാടുകൾ ഉൾപ്പെടുത്തുന്ന രീതിയിൽ മാനദണ്ഡങ്ങൾ പുനർനിർവചിക്കാനാണ് സാമൂഹ്യനീതി, പ്രാപ്യത, ശാസ്ത്രീയ മനോഭാവം, മതനിരപേക്ഷ കാഴ്ചപ്പാട് എന്നിവകൂടി സംയോജിപ്പിച്ച് വിലയിരുത്തൽ മാനദണ്ഡങ്ങൾ വിപുലീകരിച്ചിട്ടുള്ളത്. KIRF-ന്റെ ആരംഭത്തോടുകൂടി സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്

ദേശീയവും അന്തർദേശീയവുമായ റാങ്കിംഗിൽ നില മെച്ചപ്പെട്ടുമെന്ന് കരുതുന്നു.

**കർഷക ആത്മഹത്യ പരിഹരിക്കാൻ നടപടി**

**15 (*135)** ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർ ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കഴിഞ്ഞ കുറച്ച് മാസങ്ങൾക്കുള്ളിൽ നടുവിൽ പഞ്ചായത്തിലെ പാത്തൻപാറയിലും ശ്രീകണ്ഠപുരത്തും കൊളക്കാട്ടയിലും മുടിക്കയത്തും തകഴിയിലുമടക്കം നിരവധി കർഷകർ ജീവനൊടുക്കിയ സംഭവങ്ങൾ ഗൗരവമായി കാണുന്നുണ്ടോ?

ഉണ്ട്. കർഷകരുടെ ക്ഷേമം ഈ സർക്കാരിന്റെ മുഖ്യ അജണ്ട തന്നെയാണ്. അതിനാൽത്തന്നെ കർഷക ആത്മഹത്യയാണോ ഈ സാഹചര്യങ്ങളിൽ സംഭവിച്ചതെന്ന് ഉടനടി അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. നടുവിൽ പഞ്ചായത്തിലെ പാത്തൻപാറയിലും കൊളക്കാട്ടയിലും മുടിക്കയത്തും തകഴിയിലും ശ്രീകണ്ഠപുരത്തും നടന്ന ആത്മഹത്യകൾ കർഷക ആത്മഹത്യകൾ ആണോയെന്ന് സ്ഥിരീകരിക്കാൻ ആവശ്യമായ വിവരം ശേഖരിച്ചുവരുന്നു.

(സി) കർഷകർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗൗരവമായ ഇടപെടൽ നടത്തുമോ; വിശദമാക്കാമോ?

സംസ്ഥാന ബജറ്റിൽ കർഷകർക്ക് വളരെയധികം ആശ്വാസം പകരുന്നതും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതുമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കിവരുന്നു. കൃഷിയിടത്തിലെ വിവിധ വിഭവങ്ങൾ കാർഷിക

വിദഗ്ധരുടെ സഹായത്തോടെ കാര്യക്ഷമമായി ആസൂത്രണം ചെയ്ത് വരുമാന വർധനവിന് തടസ്സമായതോ അപര്യാപ്തമായതോ ആയ ഘടകങ്ങളെ പരിഹരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന പ്രവർത്തനമാണിത്. ആകെ 12 കോടി രൂപയാണ് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരിക്കുന്നത്.

2. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കിവരുന്നു. 16 ഇനം പഴം പച്ചക്കറികൾക്ക് വിപണിവില അടിസ്ഥാന വിലയിലും താഴുന്നപക്ഷം അതിന്റെ വ്യത്യാസം ആനുകൂല്യമായി നൽകുന്നു.

3. മേൽ വിവരിച്ച അതേ മാതൃകയിൽ കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയങ്ങൾമൂലം വിലയിടിവ് നേരിടുന്ന റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷം 500 കോടി രൂപ വകയിരുത്തിയതിൽ 161.52 കോടി രൂപ ഇതിനകം കർഷകർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4. വനം വകുപ്പിന്റെ എതിർപ്പില്ലാതെ അസംരക്ഷിത വനപ്രദേശത്തും മറ്റ് ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്കവിധം പരിഷ്കരിച്ച സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

5. കർഷകരുടെ പ്രശ്നങ്ങൾ കൃഷിയിടത്തിൽ വച്ചുതന്നെ മനസ്സിലാക്കുന്നതിനും പരിഹാരം കാണുന്നതിനും അവർക്ക് ആത്മവിശ്വാസം ഉയർത്തുന്നതിനും ലക്ഷ്യംവച്ച് നടപ്പിലാക്കിയ പ്രധാന പ്രവർത്തനമാണ് 'കൃഷിദർശൻ'. കൃഷി മന്ത്രിയും ഉന്നത ഉദ്യോഗസ്ഥരും കാർഷിക വിദഗ്ധരും ഏതാണ്ട് ഒരാഴ്ചക്കാലം ഒരു പ്രത്യേക പ്രദേശത്ത് ക്യാമ്പ് ചെയ്ത് കാർഷിക അദാലത്ത് ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നടത്തി ഉടനടി സർക്കാർ ഉത്തരവുകളും മറ്റും പുറത്തിറക്കുകയും പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തുവരുന്നു.

6. നെല്ലിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സംഭരണ വില നൽകിവരുന്നു. നെല്ല് സംഭരണത്തിൽ കാലോചിതമായ പരിഷ്കാരം ഏർപ്പെടുത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ

നിയോഗിക്കുകയും സമിതി സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരികയും ചെയ്യുന്നുണ്ട്.

7. അന്താരാഷ്ട്ര നിലവാരത്തിലേക്ക് കർഷകരെ ഉയർത്തുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷകരെ ഇസ്രായേലിലേക്ക് അയയ്ക്കുകയും അവിടെനിന്നും പരിശീലനം സിദ്ധിച്ച അവരെ മാസ്റ്റർ കർഷകരായി പരിഗണിക്കുകയും അവർവഴി കാർഷിക വിജ്ഞാന വ്യാപനം മറ്റു കർഷകർക്ക് നൽകുകയും ചെയ്യുന്നുണ്ട്.

8. ലോക ബാങ്ക് സഹായത്തോടെ കാലാവസ്ഥ വ്യതിയാനം അതിജീവിച്ച കർഷകർക്ക് കൃഷിയിൽനിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യംവച്ച് 2024-25 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ (കേര) എന്ന സമഗ്ര പദ്ധതി 2375 കോടി രൂപ അടങ്കലിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

9. കർഷകർക്കായി കേരളഗ്രോ എന്ന ബ്രാൻഡ് ആരംഭിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്ക വിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിക്കുകയും ചെയ്യുന്നു.

10. ഇദംപ്രഥമമായി കാർഷികോല്പന്ന സംസ്കരണത്തിനും വിപണനത്തിനും കയറ്റുമതിക്കും ലക്ഷ്യംവച്ച് കേരള അഗ്രോ ബിസിനസ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരികയും ചെയ്യുന്നുണ്ട്.

11. രോഗ കീടബാധകൾമൂലം പ്രശ്നം അനുഭവിക്കുന്ന കർഷകർക്ക് ഉടനടി ആശ്വാസം പകരുന്നതിനായി വിള ആരോഗ്യ ഫാർമസികൾ കൃഷിഭവൻ തോറും സ്ഥാപിച്ചുവരുന്നു.

12. ഇവയ്ക്കുപുറമെ നാളികേര കർഷകർക്ക് വളരെയധികം പ്രയോജനം ചെയ്യുന്ന പച്ചത്തേങ്ങ സംഭരണം കിലോഗ്രാമിന് 34/- രൂപ എന്ന നിലയിലേക്ക് ഉയർത്തി ഈ സർക്കാർ കർഷകരെ സഹായിക്കുന്നുണ്ട്.

13. കർഷകർ അഭിമുഖീകരിക്കുന്ന വന്യമൃഗ ശല്യത്തിൽനിന്നും കാർഷിക വിളകളെ സംരക്ഷിക്കുന്നതിനായി 1.88 കോടി രൂപയുടെ

(സംസ്ഥാന സർക്കാർ) പദ്ധതിയും 25 കോടി രൂപയുടെ ആർ.കെ.വി.വൈ. പദ്ധതിയും നടപ്പിലാക്കിവരുന്നു.

14. ഇവ കൂടാതെ പ്രളയംമൂലം തകർന്ന കാർഷിക മേഖല പുനരുദ്ധരിക്കുന്നതിനായി 'പുനർജ്ജനി' എന്ന പദ്ധതിയും സംസ്ഥാന പദ്ധതിയായി നടപ്പിലാക്കുകയുണ്ടായി.

15. കൃഷിനാശം സംഭവിച്ചാൽ കർഷകർക്ക് മതിയായ നഷ്ടപരിഹാരം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ വെള്ളപ്പൊക്കം, വരൾച്ച, രോഗങ്ങൾ തുടങ്ങിയ ദുരന്തങ്ങൾ, പ്രകൃതിക്ഷോഭം മൂലമുള്ള വിളനാശം എന്നിവയ്ക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, സംസ്ഥാന വിള ഇൻഷ്വറൻസ് എന്നിവ പ്രകാരം ആനുകൂല്യങ്ങളും PMFBY, RWBCIS എന്നീ കേന്ദ്ര ഇൻഷുറൻസ് പദ്ധതികൾ പ്രകാരം അധിക സുരക്ഷയും ഉറപ്പാക്കുന്നുണ്ട്. ഇത്തരത്തിൽ വളരെയധികം കർഷകോന്മുഖമായ പ്രവർത്തനങ്ങളാൽ ഈ സർക്കാർ മുന്നോട്ട് പോകുന്നുണ്ട്.

**കായിക സംരംഭങ്ങൾക്ക് വ്യവസായ പദവി**

**16 (*136)** <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. പി. വി. അൻവർ:

ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) മികച്ച കായിക സംരംഭങ്ങൾക്ക് വ്യവസായ പദവി നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഏതെല്ലാം മേഖലയിലുള്ള സംരംഭങ്ങൾക്കാണ് വ്യവസായ പദവി നൽകാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ;

(ബി) ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; കായിക മേഖലയുടെ മുന്നേറ്റത്തിന് ഇത് എത്രത്തോളം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് കായിക വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; ഇതിനായി സ്വകാര്യ വ്യക്തികളുടെ സഹകരണം ഉറപ്പാക്കുമോ; ഇവിടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുമോ; വിശദാംശം അറിയിക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ കായിക മേഖലയിലെ വികസനത്തിന് പ്രസ്തുത പദ്ധതികൾ എത്രത്തോളം സഹായകമാകും; വിശദമാക്കുമോ?

(എ-ഡി) കായിക മേഖലയുടെ സമഗ്ര വികസനത്തിനായുള്ള വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ഒരു സ്പോർട്സ് ഇക്കോണമി രൂപീകരിക്കുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ ജി.ഡി.പി.-യുടെ ഭാഗമായി കായിക രംഗത്തെ മാറ്റുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ വച്ച് നടത്തിയ ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ്-കേരള 2024-ന് മുന്നോടിയായി വ്യവസായ വകുപ്പുമായി മന്ത്രിതലത്തിൽ കായിക സംരംഭങ്ങൾക്ക് വ്യവസായ പദവി നൽകുന്നത് സംബന്ധിച്ച സാധ്യതകൾ ചർച്ച ചെയ്യുകയുണ്ടായി. സ്പോർട്ട്സ്, ഫിറ്റ്നസ്, വെൽനസ് എന്നീ മേഖലകളിലെ സാധ്യതകൾ പരിഗണിച്ച് ഉല്പാദന, സേവന മേഖലകളിലെ വ്യവസായ പദ്ധതികൾ എന്ന നിലയിൽ രജിസ്ട്രേഷൻ നൽകാനാകുമെന്നും “MSME” പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൈവറ്റ് ടർഫുകൾ, സ്പോർട്ട്സ് റീഹാബിലിറ്റേഷൻ ആന്റ് ട്രെയിനിംഗ്, ആയുർവേദവും കളരിയും തുടങ്ങിയ

സംരംഭങ്ങൾക്ക് 4% പലിശയ്ക്ക് ലോൺ അനുവദിക്കാവുന്നതാണെന്ന് വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്.

തുടർന്ന് കായിക സംരംഭങ്ങൾക്ക് വ്യവസായ പദവി നൽകുന്നത് സംബന്ധിച്ച് വ്യവസായ വകുപ്പിന് കായിക യുവജന കാര്യാലയത്തിൽനിന്നും കത്ത് നൽകിയിരുന്നു. കായിക മേഖലയിൽ ഉൽപ്പാദന, സേവന പ്രവർത്തനങ്ങൾ നടത്തുന്ന സംരംഭങ്ങൾക്ക് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്കുള്ള 'ഉദ്യം' രജിസ്ട്രേഷനുള്ള സൗകര്യം നിലവിൽ ലഭ്യമാണെന്നും കായിക മേഖലയിലെ സംരംഭങ്ങൾക്ക് രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസായ വകുപ്പിന്റെ ഫീൽഡ് ലെവൽ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് (PIE) പദ്ധതി മാനദണ്ഡപ്രകാരം കായിക വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണിക്കുന്നതാണെന്നും വ്യവസായ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ്-കേരള 2024 മുഖേന ലഭ്യമായിട്ടുള്ള കായിക വ്യവസായ പാർക്കുകൾ ഉൾപ്പെടെയുള്ള പദ്ധതി നിർദ്ദേശങ്ങൾ പരിശോധിച്ച് കായിക മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതു സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. ഇതിലൂടെ സമഗ്ര കായിക വികസനമാണ് സർക്കാർ ലക്ഷ്യമിടുന്നത്. നൂതന ആശയങ്ങൾ കൊണ്ടുവരുന്നതിന് സ്റ്റാർട്ടപ്പുകൾ സഹായിക്കും. സ്പോർട്ട്സ് അധിഷ്ഠിത സംരംഭങ്ങളിലേക്ക് എൻ.ആർ.ഐ.-കളെ ആകർഷിക്കാനാകും. മികച്ച നിലവാരമുള്ള കായിക ഉപകരണങ്ങൾ കേരളത്തിൽത്തന്നെ നിർമ്മിക്കാനും വിറ്റഴിക്കാനും കഴിയും. കായിക താരങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിന് കായികരംഗത്തെ നൂതന സാങ്കേതികവിദ്യകൾ സഹായകരമാകും. കൂടാതെ കായിക സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്നതിനും ഇത് സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർഥികൾക്കുള്ള പരിശീലന പദ്ധതികൾ**

**17 (*137)** <u>ശ്രീ. പി. ടി. എ. റഹീം:</u>

<u>ശ്രീ. പി. നന്ദകുമാർ:</u>

<u>ശ്രീ. കെ. ജെ. മാക്സി:</u>

<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർഥികളുടെ സമഗ്ര വ്യക്തിത്വ വികസനവും പഠന പുരോഗതിയും കരിയർ അവബോധവും ലക്ഷ്യംവച്ചുള്ള പ്രത്യേക പരിശീലന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിക്ക് വിവിധ ഘട്ടങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദീകരിക്കാമോ?

ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർഥികളുടെ സമഗ്ര വ്യക്തിത്വ വികസനവും പഠന പുരോഗതിയും കരിയർ അവബോധവും ലക്ഷ്യംവച്ച് ന്യൂനപക്ഷ വകുപ്പ് സംസ്ഥാന വ്യാപകമായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് സൗജന്യ വ്യക്തിത്വ വികസന-കരിയർ ഗൈഡൻസ് പരിശീലനം (പാസ് വേഡ്). 'ട്യൂണിംഗ്", 'ഫ്ളവറിംഗ്", 'എക്സ്പ്ലോറിംഗ്"

എന്നിങ്ങനെ 3 ഘട്ടങ്ങളിലൂടെയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) യു.ജി.സി., സി.എസ്.ഐ.ആർ.-നെറ്റ് പരിശീലന പദ്ധതികൾ ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർഥികൾക്കായി അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽത്തന്നെ നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന ന്യൂനപക്ഷ മത വിഭാഗത്തിലെ വിദ്യാർഥികൾക്കായി യു.ജി.സി./സി.എസ്.ഐ.ആർ.-നെറ്റ് പരീക്ഷ പരിശീലനം 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നു. എന്നാൽ യു.ജി.സി./സി.എസ്.ഐ.ആർ.-നെറ്റ് പരിശീലനം ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർഥികൾക്കായി അവർ പഠിക്കുന്ന സ്ഥാപനങ്ങളിൽത്തന്നെ നടപ്പിലാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. വിശദാംശങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

**മൃഗസംരക്ഷണ മേഖലയുടെ വികസനം**

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**18 (*138)** ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കാർഷിക-സാമൂഹിക വികസനത്തിൽ കാലാകാലങ്ങളായി മൃഗസംരക്ഷണ മേഖലയ്ക്ക് നിർണായകമായ സ്ഥാനമാണുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉല്പാദന മൂല്യത്തിൽ കാർഷിക മേഖല നൽകുന്ന സംഭാവനയുടെ ഏകദേശം 30 ശതമാനത്തോളം മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിൽ നിന്നാണ്. ഈ മേഖലയുടെ വികസനത്തിന് പുത്തൻ സാധ്യതകളെയും വെല്ലുവിളികളെയും ശാസ്ത്രീയമായി വിലയിരുത്തി വിവിധങ്ങളായ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും ആവിഷ്കരിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ മേഖലയിൽ നിലവിലുള്ള ക്ഷീരകർഷകർ ഈ മേഖലയിൽത്തന്നെ തുടരുന്നതിനാവശ്യമായ പദ്ധതികളും പുതിയ സംരംഭകർക്ക് പ്രയോജനകരമാകുന്ന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിക്കൊണ്ട് ക്ഷീരകർഷകരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ഷീരവികസന വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല, മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനായി വിവിധ തലങ്ങളിലുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അക്കാദമിക് പ്രവർത്തനങ്ങളിലൂടെ മൃഗസംരക്ഷണ മേഖലയ്ക്ക് ആവശ്യമായ മാനുഷിക വിഭവശേഷി വികസിപ്പിച്ചെടുക്കുന്നു. B.VSc, M.VSc, Ph.D ഉൾപ്പെടെയുള്ള വെറ്ററിനറി കോഴ്സുകൾ, ഡയറി ഡിപ്ലോമ, ബി.ടെക് ഡയറി സയൻസ് തുടങ്ങി ക്ഷീര മേഖലയിലെ വിവിധ കോഴ്സുകൾ, പൗൾട്രി രംഗത്തും ഭക്ഷ്യ സംസ്കരണ രംഗത്തുമുള്ള വിവിധ കോഴ്സുകൾ എന്നിവയിലൂടെ ഓരോ വർഷവും ബിരുദ ബിരുദാനന്തര ഗവേഷക വിദ്യാർഥികളെ പുറത്തിറക്കുന്നതിന്

സർവകലാശാല അക്കാദമിക് പ്രവർത്തനങ്ങളിൽ വ്യാപൃതമാണ്. ഈ മേഖലയിലെ പുതിയ അറിവുകളും സാങ്കേതികവിദ്യകളും ആവശ്യക്കാരിലേയ്ക്ക് കൈമാറുന്നതിനായി വിപുലമായ രീതിയിലുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും സർവകലാശാല നടത്തുന്നുണ്ട്.

(ബി) ഈ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് നൂതന സാധ്യതകളെയും വെല്ലുവിളികളെയും ശാസ്ത്രീയമായി വിലയിരുത്തി പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മൃഗസംരക്ഷണ മേഖലയുടെ വികസനത്തിന് നൂതന സാധ്യതകളെയും വെല്ലുവിളികളെയും ശാസ്ത്രീയമായി വിലയിരുത്തി വിവിധങ്ങളായ നൂതന ആശയങ്ങൾ മൃഗസംരക്ഷണ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്, ആയവ ചുവടെ ചേർക്കുന്നു.

- കർഷകരുടെ വീട്ടുപടിക്കൽ രാത്രികാല അടിയന്തര മൃഗ ചികിത്സാ സേവനം നൽകുന്ന പദ്ധതി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും

നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ 156 കേന്ദ്രങ്ങളിൽ വ്യാപിപ്പിച്ച് നടപ്പിലാക്കിവരുന്നു.

- തെരഞ്ഞെടുക്കപ്പെട്ട 60 മൃഗചികിത്സാ കേന്ദ്രങ്ങളിൽ വെറ്ററിനറി ബിരുദം നേടിയ പുതു വെറ്ററിനറി ഡോക്ടർമാരെ ജൂനിയർ റസിഡന്റുമാരായി നിയോഗിക്കുന്ന പദ്ധതി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

- കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 29 ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇത് കൂടാതെ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിപ്രകാരം സംസ്ഥാനത്തെ അവശേഷിക്കുന്ന ബ്ലോക്കുകളിലും മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ, 12 മൊബൈൽ വെറ്ററിനറി സർജറി യൂണിറ്റുകൾ എന്നിവ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

- പശുക്കളുടെ പ്രസവത്തിൽ നല്ലയിനം പശുക്കുട്ടികൾ ജനിക്കാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിന് ലിംഗ നിർണ്ണയം നടത്തിയ ബീജ

മാത്രകൾ ഉപയോഗിച്ചുള്ള കൃത്രിമ ബീജാധാനം കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കിത്തുടങ്ങിയിട്ടുണ്ട്.

- സാങ്കേതികവിദ്യയുടെ സഹായത്തോടെ മൃഗസംരക്ഷണ മേഖലയുടെ സമഗ്രമായ വികസനത്തിന് ഊന്നൽ നൽകുന്ന 'ഇ-സമൃദ്ധ' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

- ക്ഷീരമേഖലയുടെ സമഗ്ര വികസനത്തിനുവേണ്ടിയുള്ളതും ഓരോ തെരെഞ്ഞെടുക്കപ്പെട്ട മേഖലയ്ക്കും/വിഭാഗത്തിനും പ്രാതിനിധ്യം ലഭിക്കുന്നതുമായ പ്രത്യേക ഡയറി പാക്കേജുകൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കൂടാതെ, ഈ മേഖലയുടെ വികസനത്തിനായുള്ള നൂതന സാധ്യതകളെയും വെല്ലുവിളികളെയും കണ്ടെത്തുന്നതിനും അതനുസരിച്ച് ശാസ്ത്രീയമായ വിലയിരുത്തലിലൂടെ പദ്ധതി പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുംവേണ്ടി കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ എന്ന പുതിയ സംരംഭം

ആരംഭിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

- സംസ്ഥാനത്തെ മൃഗസമ്പത്തിലും വളർത്തുമൃഗാധിഷ്ഠിതമായ വിവിധ സംരംഭങ്ങളിലും സമൂലമാറ്റം കൊണ്ടുവരുന്നതിനായി കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല ചുവടെപ്പറയുന്ന വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

- പാൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദന വർധനവിനും മൂല്യവർധനവിനും ഗവേഷണങ്ങളിലൂന്നിയ പ്രവർത്തനങ്ങളും ശാസ്ത്രീയ അറിവുകൾ സമൂഹത്തിലെത്തിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു

- ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിലൂടെ മേഖലയ്ക്ക് കൂടുതൽ ശക്തി പകരുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.

- സർക്കാർ, സർക്കാരിതര, സന്നദ്ധ സ്ഥാപനങ്ങളുമായി ചേർന്ന് മൃഗസംരക്ഷണ മേഖലയ്ക്ക് ശക്തിപകരാൻ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു. അതോടൊപ്പം സ്വകാര്യ/പൊതുമേഖല പങ്കാളിത്ത പദ്ധതികളിലൂടെ മൃഗസംരക്ഷണ മേഖലയെ ശാക്തീകരിക്കുന്ന രീതിയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.
- മേഖലയിൽ പുത്തൻ ആശയങ്ങളും വ്യാവസായിക അടിസ്ഥാനത്തിലുള്ള പുതിയ ഉല്പന്നങ്ങളും കൊണ്ടുവരുന്നതിനായി സംരംഭകത്വ മേഖലയെ പ്രോത്സാഹിപ്പിക്കുകയും അതിനുവേണ്ടി ഇൻകുബേഷൻ കേന്ദ്രങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്നു.
- ഭക്ഷ്യ സുരക്ഷയ്ക്കും പോഷക സുരക്ഷയ്ക്കും ശുചിയായ ഭക്ഷ്യ ഉല്പാദനത്തിനുംവേണ്ട ഗവേഷണ, വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു.
- വിവിധ സാമൂഹ്യ പൊതു മാധ്യമങ്ങളുപയോഗിച്ചും പ്രായോഗിക പരിശീലനങ്ങൾ നൽകിയും മേഖലയിൽ ഏർപ്പെട്ട്

ജീവനോപാധികളെ കണ്ടെത്തുന്നവരുടെ ശാക്തീകരണ പദ്ധതിയും സർവകലാശാല ആവിഷ്കരിക്കുന്നുണ്ട്.

(സി) മൃഗാരോഗ്യ പരിപാലനവും ജന്തുരോഗങ്ങളുടെ നിയന്ത്രണവും കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മൃഗാരോഗ്യ പരിപാലനവും ജന്തുരോഗങ്ങളുടെ നിയന്ത്രണവും കാര്യക്ഷമമാക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(i) മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ

(ii) ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

(iii) മൃഗചികിത്സാ സേവനം വീട്ടുപടിക്കൽ:- മൃഗസംരക്ഷണ വകുപ്പ് മുഖാന്തരം കേന്ദ്രാവിഷ്കൃത പദ്ധതിയുടെ കീഴിൽ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ-മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതി (60% കേന്ദ്ര സഹായം 40% സംസ്ഥാന വിഹിതം).

മേൽപ്പറഞ്ഞവ കൂടാതെ കേന്ദ്ര പദ്ധതിയായ നാഷണൽ അനിമൽ ഡിസീസ് കൺട്രോൾ പ്രോഗ്രാമിന്റെ (NADCP) ഭാഗമായി സംസ്ഥാനത്തും കുളമ്പുരോഗ പ്രധിരോധ കുത്തിവയ്പ്പ് ക്യാമ്പയിൻ, ബ്രൂസെല്ല രോഗ പ്രധിരോധ കുത്തിവയ്പ്പ് മുതലായവ നടപ്പിലാക്കുന്നു.

(ഡി) മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ ശാക്തീകരണത്തിനും വരുമാന വർദ്ധനവിനുംവേണ്ടി നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ ശാക്തീകരണത്തിനും വരുമാന വർധനവിനുംവേണ്ടി മൃഗസംരക്ഷണ വകുപ്പ് ഊർജ്ജിത കന്നുകാലി വികസന പദ്ധതി, ഗോവർദ്ധിനി പദ്ധതി, സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി), കർഷകർക്ക് നഷ്ടപരിഹാരം, പരിശീലനം മുതലായവ നടപ്പിലാക്കിവരുന്നു.

പാലുല്പാദന ചെലവ് കുറയ്ക്കുന്നതിനുള്ള തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിസമ്പത്തും പാലും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, പാലിന്റെ

ഗുണനിലവാരം മെച്ചപ്പെടുത്തി കർഷകന് വില ലഭിക്കുന്നതിനുതകുന്ന ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണ പദ്ധതികൾ തുടങ്ങി വിവിധങ്ങളായ പദ്ധതി പ്രവർത്തനത്തിലൂടെ ക്ഷീരകർഷകരുടെ ശാക്തീകരണവും വരുമാന വർദ്ധനവും ക്ഷീരവികസന വകുപ്പ് സാധ്യമാക്കുന്നു.

കർഷകരുടെ ശാക്തീകരണത്തിനായി കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാല തൃശ്ശൂർ, വയനാട് എന്നീ രണ്ട് ജില്ലകൾ ഉൾക്കൊള്ളുന്ന പദ്ധതി 2021-22 പ്രകാരം സംരംഭകത്വ ഡയറക്ടറേറ്റ് ക്ഷീര സമൃദ്ധി എന്ന പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. പാലുൽപ്പാദനം മെച്ചപ്പെടുത്തുന്നതിനും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള മൃഗങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും കർഷകർക്ക് ആരോഗ്യമുള്ളതും രോഗ പ്രതിരോധശേഷിയുള്ളതും ഉയർന്ന ഉല്പാദനക്ഷമതയുള്ള വിളവ് നൽകുന്നതുമായ പ്രാദേശിക പശുക്കളെ പ്രചരിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. അങ്ങനെ, മറ്റ് സംസ്ഥാനങ്ങളിൽനിന്ന് മൃഗങ്ങളെ വാങ്ങുന്നതിന്

ചെലവഴിക്കുന്ന പണം സംസ്ഥാനത്തെ നിലവിലുള്ള കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിന് ഫലപ്രദമായി തിരിച്ചുവിടാനാകും.

കോഴികളിലെ മികച്ച ഇനങ്ങളായ "ത്രിവേണി", “തലശ്ശേരി” എന്നീ ഇനങ്ങളെ ഫലപ്രദമായി കർഷകർക്ക് ഉപകാരപ്രദമായി പുറത്തിറക്കാനും “ചൈത്ര”, മണ്ണുത്തി പന്നി” എന്നീ ഇനങ്ങളും സർവകലാശാലയ്ക്ക് പുറത്തിറക്കാനായിട്ടുണ്ട്.

മേഖലയിലെ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർ, സംരംഭകർ എന്നിവർക്കായി Package of Practices, Recommendations-2022 സർവകലാശാല പുറത്തിറക്കുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ വാണിയമ്പാറ മേഖലയിൽ പട്ടികവർഗ്ഗക്കാർക്കായി പാൽ ഉല്പന്ന വികസന യൂണിറ്റ് കൈമാറി. “സംശുദ്ധ” എന്ന പേരിൽ ബ്രാൻഡഡ് ഉല്പന്നങ്ങൾ സർവകലാശാല പുറത്തിറക്കുന്നുണ്ട്.

കൂടാതെ ക്ഷീരവികസന വകുപ്പുമായി സഹകരിച്ച് ജില്ലാ ക്ഷീരസംഗമത്തിൽ കർഷകരുടെ കണ്ടുപിടുത്തങ്ങളും നൂതന ആശയങ്ങളും അവതരിപ്പിക്കുന്ന "'നാട്ടിലെ ശാസ്ത്രം” പദ്ധതി നടപ്പിലാക്കുന്നു.

കേരളത്തിലെ കോഴിയിറച്ചി ഉല്പാദന സംസ്കരണ മേഖലയ്ക്ക് കരുത്ത് പകരുന്നതിന് അടുക്കള മുറ്റത്തെ മാതൃക ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയായ "പ്രതീക്ഷ" സർവകലാശാല നടപ്പിലാക്കുന്നുണ്ട്.

ആട്, മുയൽ, പന്നിവളർത്തൽ ഉൾപ്പെടെയുള്ള ചെറിയ വളർത്തുമൃഗ കർഷകരുടെ ഉന്നമനത്തിനായി സർവകലാശാല 'സ്പർശം' പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സർവകലാശാലയുടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജീവനാദം എന്ന റേഡിയോ പ്രക്ഷേപണ പരിപാടി ആരംഭിച്ചിട്ടുണ്ട്. ഇതിൽ മൃഗസംരക്ഷണ, ക്ഷീര വികസന രംഗത്തെ സംരംഭകർക്കും കർഷകർക്കുംവേണ്ടി പ്രത്യേക മൊഡ്യൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

സർവകലാശാലയുടെ സാന്നിധ്യമില്ലാത്ത ജില്ലകളിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളുമായി ചേർന്ന് താൽക്കാലിക കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കൊല്ലം ജില്ലയിലെ ചടയമംഗലം എന്നിവിടങ്ങളിൽ ഇതിനായുള്ള പ്രാരംഭ

നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷീരമേഖലയിലെ ഡയറി ഇന്നവേഷൻ സോൺ പദ്ധതി**

**19 (*139)** <u>ശ്രീ. പി. മമ്മിക്കുട്ടി:</u>
<u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ക്ഷീര മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്ക് സാങ്കേതികവിദ്യയിലൂടെ പരിഹാരം കണ്ടെത്തുന്നതിനായി ഡയറി ഇന്നവേഷൻ സോൺ എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഈ പദ്ധതിയിൽ കേരള സ്റ്റാർട്ടപ്പ് മിഷനെ സഹകരിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എന്തൊക്കെയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം വ്യക്തമാക്കാമോ?

ഡയറി ഇന്നവേഷൻ സോൺ പദ്ധതിക്ക് ക്ഷീരവികസന വകുപ്പ് രൂപം കൊടുത്തിട്ടുണ്ട്. ടി പദ്ധതി ആരംഭിക്കുന്നമുറയ്ക്ക് സ്റ്റാർട്ടപ്പ് മിഷനെ

സഹകരിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ക്ഷീരമേഖലയിലെ വ്യത്യസ്തങ്ങളായ പ്രശ്നങ്ങളും ന്യൂനതകളും മനസ്സിലാക്കി അതിനനുസരിച്ചുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നത് മേഖലയുടെ സമഗ്രമായ വളർച്ചയ്ക്ക് അത്യാവശ്യമാണ്. അതിനായി ഒരു പ്രത്യേക സംരംഭം ആരംഭിക്കുന്നത് ഉചിതമാണെന്ന് വകുപ്പിന് ബോധ്യപ്പെട്ടതിനാൽ പരിചയസമ്പത്തിൽനിന്നും ചിട്ടയായ ആസൂത്രണത്തിൽനിന്നും കണ്ടെത്തിയ സംരംഭമാണ് ഡയറി ഇന്നവേഷൻ സോൺ പദ്ധതി. ക്ഷീരമേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ കണ്ടെത്തി അവയ്ക്കുള്ള പരിഹാരം സാങ്കേതികവിദ്യയിലൂടെ നടപ്പിലാക്കുന്നതിനാണ് ഡയറി ഇന്നവേഷൻ സോൺ പദ്ധതിക്ക് വകുപ്പ് രൂപംകൊടുത്തിട്ടുള്ളത്. പുതിയ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും സാങ്കേതികവിദ്യയിലൂടെ ക്ഷീരമേഖലയിലെ നൂതന ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

(ബി) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീര സംഘങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ബൂസ്റ്റർ പദ്ധതി

ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിലൂടെ ക്ഷീര സംഘം ജീവനക്കാരുടെ വേതനത്തിനായി മാനേജീരിയൽ സബ്സിഡി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലൂടെ ക്ഷീര സംഘങ്ങളുടെ പ്രവർത്തനത്തിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. സ്പെഷ്യൽ ബൂസ്റ്റർ പദ്ധതി പ്രകാരം ക്ഷീരസംഘത്തിലെ ജീവനക്കാർക്ക് മുടക്കം കൂടാതെ അവരുടെ വേതനത്തിന്റെ 50 ശതമാനം (പരമാവധി 40,000/- രൂപ) 10 മാസത്തേയ്ക്ക് നൽകുന്നതാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതും പാൽ സംഭരണത്തിൽ 250 ലിറ്ററിന് താഴെയുള്ളതുമായ 80 ക്ഷീരസംഘങ്ങളിലാണ് 2023-24 സാമ്പത്തിക വർഷം സ്പെഷ്യൽ പെർഫോമൻസ് ബൂസ്റ്റർ പ്രോഗ്രാം വകുപ്പ് നടപ്പിലാക്കുന്നത്. 1.22 കോടി രൂപ വകയിരുത്തിയിരിക്കുന്ന ഈ പദ്ധതിയിൽ ഗുണഭോക്താവായ ഒരു ക്ഷീരസംഘത്തിന് പരമാവധി 1,53,500/- രൂപ ധനസഹായമായി അനുവദിക്കുന്നു. പ്രസ്തുത പദ്ധതിയിലൂടെ ക്ഷീരസംഘത്തിലെ പാൽ അളക്കുന്ന കർഷകർക്ക് പച്ചപ്പുൽ, വൈക്കോൽ,

സൈലേജ്, ടി.എം.ആർ., മിനറൽ മിക്സ്ചർ, ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ കിറ്റ് തുടങ്ങിയവ ധനസഹായത്തോടെ നൽകി പാലുല്പാദനം വർദ്ധിപ്പിക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഈ ഉല്പാദകരിൽനിന്നും ശുദ്ധമായ പാൽ സംഭരിക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പാൽ വിതരണം ചെയ്യുന്നതിനും കഴിയുന്നതിലൂടെ സംഘത്തിന്റെ പ്രവർത്തനം അനുദിനം മെച്ചപ്പെടുന്നതിനും അതുവഴി സംഘത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനും സഹായകരമാണ്.

**പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ സുരക്ഷാ മുന്നറിയിപ്പുകൾ**

**20 (*140)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>:
<u>ഡോ. എം. കെ. മുനീർ</u>:
<u>ശ്രീ. യു. എ. ലത്തീഫ്</u>:

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ സ്ഥിരമായി അപകടങ്ങൾ നടക്കുന്ന ഭാഗങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ?

മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്ത് ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി നാറ്റ്പാക്ക് മുഖാന്തരം പഠനം നടത്തിയിട്ടുണ്ട്.

(ബി) പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ സുരക്ഷാ മുന്നറിയിപ്പുകൾ സ്ഥാപിച്ചിട്ടുണ്ടോ?

അപകടസാധ്യത കൂടിയ മേഖലകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു. അപകടങ്ങൾ ആവർത്തിക്കുന്ന റോഡുകളെ 3117 ക്ലസ്റ്ററുകളായി (ഹൈ റിസ്ക്–872 എണ്ണം, മോഡറേറ്റ് റിസ്ക് 821 എണ്ണം, ലോ റിസ്ക്–1424 എണ്ണം) ഗൂഗിൾ മാപ്പിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഗൂഗിൾ മാപ്പ് ഉപയോഗിച്ച് യാത്ര ചെയ്യുമ്പോൾ പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന ക്ലസ്റ്ററുകൾ തത്സമയം ലഭിക്കുന്നതാണ്. ആയത് പരിശോധിക്കുന്നതിനുള്ള ലിങ്ക് ചുവടെ ചേർക്കുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

Link:https://www.google.com/maps/d/edit?mid-1yxsDgSngkuyN1sOravOcSKRSjmhfqpQ&usp=sharing.

(സി) ഇത്തരം ഭാഗങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ദേശീയപാതയിൽ വരുന്ന ബ്ലാക്ക്സ്പോട്ടുകളിൽ MoRTH ഫണ്ട് ഉപയോഗിച്ച് NHAI പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. NH-66-ലുള്ള ബ്ലാക്ക്സ്പോട്ടുകൾ ടി റോഡ് ആറുവരി പാതയായി വികസിപ്പിക്കുന്നതോടെ ഇല്ലാതാകുന്നതാണ്.

2021-ൽ കണ്ടെത്തിയ ബ്ലാക്ക്സ്പോട്ടുകളിൽനിന്നും ഏറ്റവും അപകടകരമായ റോഡ് സ്ട്രെച്ചുകൾ കണ്ടെത്തി (Vulnerable Road Stretch) അവയിലെ അപകടകാരണങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രത്യേക ടീം രൂപീകരിച്ചിട്ടുണ്ട്.

പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ പട്രോളിംഗ് ശക്തമാക്കുന്നതിന് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ യോഗങ്ങൾ ചേരുന്ന അവസരങ്ങളിൽ ഇത്തരം ഭാഗങ്ങളിലെ അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചുള്ള മോട്ടോർ വാഹന വകുപ്പിന്റെ ശിപാർശ നൽകാറുണ്ട്.

പതിവായി റോഡപകടങ്ങൾ സംഭവിക്കുന്ന പ്രദേശങ്ങളിൽ പ്രാഥമികമായ റോഡ് സേഫ്റ്റി ആഡിറ്റ് നടത്തി കുറവുകൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളെ അറിയിക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടി**

**21 (*141)** **ശ്രീ. കെ. എം. സച്ചിൻദേവ്:**
**ഡോ. കെ. ടി. ജലീൽ:**
**ശ്രീ. പി. നന്ദകുമാർ:**
**ശ്രീ. കെ. ഡി. പ്രസേനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയുമായി സഹകരിച്ച് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കാലിക്കറ്റ് യൂണിവേഴ്സിറ്റി തേഞ്ഞിപ്പാലം ക്യാമ്പസിൽ ഒരു സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ബിൽഡിംഗ് നിർമ്മിക്കുന്നതിനായി യൂണിവേഴ്സിറ്റി അധികൃതർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കായിക യുവജനകാര്യാലയത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും 250 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചർച്ചകൾ പുരോഗമിക്കുകയാണ്.

(ബി) ഇതിന്റെ ഭാഗമായി കായിക വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുന്നതിന് സംവിധാനമൊരുക്കുന്നുണ്ടോയെന്നും മറ്റെന്ത് ലക്ഷ്യങ്ങളാണ് ഇതിലൂടെ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം അറിയിക്കുമോ?

കാലിക്കറ്റ് സർവകലാശാലയിൽ കായിക വിഷയങ്ങളിൽ പഠനവും ഗവേഷണവും നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുന്ന വിഷയം പരിശോധിച്ചുവരികയാണ്. കാലിക്കറ്റ് സർവകലാശാലയിൽ ഭാവി വാഗ്ദാനങ്ങളായേക്കാവുന്ന അത്‌ലറ്റുകൾക്ക് വിദഗ്ധരായ പരിശീലകരെയും വിഷയ വിദഗ്ധരെയും ഉൾപ്പെടുത്തി ആധുനിക പരിശീലന സംവിധാനം സ്ഥാപിക്കുന്നതിനും വിവിധ അക്കാദമിക പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനും വേണ്ടി Centre for Sports Excellence & Research (CSER) സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്.

## എൻ.എ.എ.സി.-യുടെ എ++ ഗ്രേഡിന് അർഹത നേടിയ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

**22 (*142)** ശ്രീ. ആന്റണി ജോൺ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ എ++ ഗ്രേഡിന് സംസ്ഥാനത്തെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ അർഹത നേടിയിട്ടുണ്ടോ; വിശദമാക്കാമോ; എൻ.എ.എ.സി. നൽകുന്ന മറ്റ് ഗ്രേഡുകൾക്ക് സംസ്ഥാനത്തെ സ്ഥാപനങ്ങൾ അർഹത നേടിയിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ ഇത്തരം സ്ഥാപനങ്ങൾക്ക് എന്തെല്ലാം അധിക സഹായങ്ങളും സൗകര്യങ്ങളുമാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ?

നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ ഗ്രേഡിംഗിൽ വിവിധ ഗ്രേഡുകൾ ലഭിച്ച സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി* ചേർക്കുന്നു. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഓട്ടോണമസ് പദവി, റൂസ്സാ ഫണ്ടിംഗ്, ഗവേഷണ പദ്ധതികൾ എന്നിവയുടെ മുൻഗണന തീരുമാനിക്കുന്നതിൽ അക്രഡിറ്റേഷന്റെ പങ്ക് നിർണായകമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എൻ.എ.എ.സി. പുരസ്കാരം ലഭിക്കുന്നതിന് അടിസ്ഥാനമായി എന്തെല്ലാം പദ്ധതികളും പ്രവർത്തനങ്ങളുമാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ സർവകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവകലാശാലകളാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്

2. സർവകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE) ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ/ഇൻക്യുബേഷൻ/സ്റ്റാർട്ടപ്പ് കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ നൽകിവരുന്നു

4. സർവകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ പ്രോഗ്രാമുകൾ ആരംഭിച്ചു

5. സർവകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവൽക്കരണം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു

6. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാനസൗകര്യ വികസനവും നടപ്പിലാക്കി വരുന്നു

7. Industry on Campus- ക്യാമ്പസിനുള്ളിൽത്തന്നെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു

(സി) നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിലിന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ അക്രെഡിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

സാക്ക് **(SAAC- State Assessment & Accreditation Centre):-** രാജ്യത്തെ സർവകലാശാലകളുൾപ്പെടെയുള്ള ഉന്നതവിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ അക്കാദമിക് പ്രകടനം വർഷംതോറും വിലയിരുത്തുന്ന നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ കൗൺസിൽ (NAAC)-ന്റെ മാതൃകയിൽ സംസ്ഥാനതലത്തിൽ പ്രാദേശിക വൈവിധ്യങ്ങളുടെയും പ്രത്യേകതകളുടെയും അളവുകോലുകൾകൂടി ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തിക്കൊണ്ട് ഗ്രേഡിംഗ് നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് അസസ്സ്മെന്റ് ആൻഡ് അക്രെഡിറ്റേഷൻ സെന്റർ (SAAC) പ്രവർത്തിച്ചുവരുന്നു. NAAC-ൽ വിഭാവനം ചെയ്തിട്ടുള്ള 5 core values-നുപുറമെ Social Inclusiveness (Inclusive Education), Equity and Excellence, Scientific temper and secular outlook എന്നീ 3 core values-ന്റെകൂടി അടിസ്ഥാനത്തിൽ സ്ഥാപനങ്ങളെ സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളുടെയും (State specific) കൂടി അടിസ്ഥാനത്തിൽ വിലയിരുത്തിയാണ് SAAC അസസ്സ്മെന്റും ഗ്രേഡിംഗും നൽകുന്നത്. സംസ്ഥാനത്തെ മുഴുവൻ സർവകലാശാലകളും സർക്കാർ-എയ്ഡഡ് കോളേജുകളും സ്വയംഭരണ കോളേജുകളും സ്വാശ്രയ

കോളേജുകളും SAAC-ന്റെ അവലോകന പരിധിയിൽ വരും. ബിഷപ്പ് മൂർ കോളേജ്, മാവേലിക്കര, ഫാറൂക്ക് ട്രെയിനിംഗ് കോളേജ്, കോഴിക്കോട്, ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട എന്നീ സ്ഥാപനങ്ങൾ സാക്ക് അക്രെഡിറ്റേഷൻ ('A'ഗ്രേഡ്) ലഭിച്ച സംസ്ഥാനത്തെ കോളേജുകളാണ്. മറ്റ് കോളേജുകളുടെ അസസ്സ്മെന്റ്/അക്രെഡിറ്റേഷൻ നടപടികൾക്കായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജില്ലാതല ഓറിയന്റേഷൻ പ്രോഗ്രാമുകൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്.

യു.ജി.സി. റെഗുലേഷൻ പ്രകാരം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അക്രെഡിറ്റേഷൻ നിർബന്ധമാണ്. ഈ രംഗത്ത് കൂടുതൽ നേട്ടങ്ങൾ കൈവരിക്കാനും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉറപ്പിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു. SAAC അക്രെഡിറ്റേഷൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ അക്രെഡിറ്റേഷൻ രംഗത്ത് മെച്ചപ്പെട്ട പ്രകടനം കാഴ്ചവയ്ക്കാൻ സഹായകരമാകും. ഈ സംവിധാനം ദേശീയ അന്തർദേശീയ

റാങ്കിംഗുകളിൽ മെച്ചപ്പെട്ട നില കൈവരിക്കാൻ കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ സജ്ജമാക്കുകയും ചെയ്യുന്നു.

**സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിന് നടപടി**

**23 (*143)** ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്നതിന് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇത്തരം സർവകലാശാലകൾ ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സർവകലാശാലകളിലെ പ്രവേശനത്തിനും നിയമനങ്ങൾക്കും സംവരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി&സി) ഉന്നതവിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ രൂപീകരിച്ച ഡോ. ശ്യാം ബി. മേനോൻ അധ്യക്ഷനായ ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ടിൽ സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കുന്നതിന് ഒരു ആക്റ്റ് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 09-08-2023-ലെ സ.ഉ.(സാധാ)നം.1241/2023/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ ആരംഭിക്കാനാവശ്യമായ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ പരിഷ്കരണ നിർവഹണ സെല്ലിനെ (KSHERIC) ചുമതലപ്പെടുത്തിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ

പരിഷ്കരണ നിർവഹണ സെൽ സർക്കാരിലേക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചുവരുന്നു.

**ന്യൂനപക്ഷ വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പുകൾ**

**24 (*144) ശ്രീ. എം. നൗഷാദ്:**
**ശ്രീ. പി. വി. അൻവർ:**
**ശ്രീമതി കാനത്തിൽ ജമീല:**
**ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് സർക്കാർതലത്തിൽ ഏതെല്ലാം സ്കോളർഷിപ്പുകളാണ് നൽകിവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന 10 സ്കോളർഷിപ്പ് പദ്ധതികളും യൂ.ജി.സി./സി.എസ്.ഐ.ആർ. - നെറ്റ് കോച്ചിംഗ്, നൈപുണ്യ പരിശീലനം

എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. (വിശദ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു).

ഇതുകൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന മുസ്ലീം/നാടാർ/ ആംഗ്ലോ ഇൻഡ്യൻ/മറ്റ് പിന്നാക്ക മുന്നാക്ക വിഭാഗങ്ങളിലെ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുമാനമുള്ള പെൺകുട്ടികൾക്കുള്ള ആനുകൂല്യം നൽകിവരുന്ന സ്കോളർഷിപ്പ് പദ്ധതി, ന്യൂനപക്ഷ വിഭാഗങ്ങൾ ഉൾപ്പെടെയുള്ള ഗുണഭോക്താക്കൾക്കായി പിന്നാക്ക വികസന വകുപ്പ് മുഖേന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് പദ്ധതികൾ, ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് എന്നിവയും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഹയർ സെക്കൻഡറിതലം മുതലുള്ള വിദ്യാർത്ഥികൾക്കായി Post Metric Scheme for Minority Students എന്ന സ്കോളർഷിപ്പ് നടപ്പിലാക്കുന്നുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്രസർക്കാർ നിർത്തലാക്കിയിട്ടുണ്ടോ; പ്രസ്തുത സ്കോളർഷിപ്പ് പുനരാരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

രാജ്യത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവന്നിരുന്ന പ്രീമെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. നിലവിൽ ഇത് 9, 10 ക്ലാസ്സുകളിലെ കുട്ടികൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ നിർത്തലാക്കിയ പ്രസ്തുത സ്കോളർഷിപ്പ് പുനരാരംഭിക്കുന്നതിന് ന്യൂനപക്ഷക്ഷേമ വകുപ്പ് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ 2024-25 സാമ്പത്തിക വർഷത്തെ ബജറ്റ് ശീർഷകത്തിൽ 25 കോടി രൂപ വകയിരുത്താൻ ആവശ്യമായ പദ്ധതി രേഖ ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

**25 (*145)** **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:**
**ഡോ. മാത്യു കുഴൽനാടൻ:**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:**
**ശ്രീ. ചാണ്ടി ഉമ്മൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ റബ്ബർ വിലസ്ഥിരതാ ഫണ്ട് കിലോയ്ക്ക് 250 രൂപയാക്കുമെന്ന വാഗ്ദാനം പാലിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരതാ ഫണ്ട് 170/- രൂപയിൽ നിന്നും 250/- രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായംകൂടി ലഭ്യമാക്കണമെന്ന് പലതവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെ അനുകൂല മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ വിലസ്ഥിരതാ പദ്ധതിവഴി കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ള സഹായങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

റബ്ബറിന് താങ്ങുവില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കിവരികയാണ്. ഈ പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകർ സമർപ്പിക്കുന്ന ബില്ലുകളുടെ അടിസ്ഥാനത്തിൽ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം RSS-1, 2, 3, 4, 5 ഇനം റബ്ബറിനും ലാറ്റക്സിനും സബ്സിഡി നൽകിവരുന്നു. 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനപ്രകാരം കിലോയ്ക്ക് 150 രൂപയായിരുന്ന താങ്ങുവില റബ്ബറിന്റെ ഉല്പാദന ചെലവ് വർദ്ധിച്ച സാഹചര്യം കണക്കിലെടുത്ത് 2021 ഏപ്രിൽ 1 മുതൽ കിലോയ്ക്ക് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 240.60 കോടി രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

(സി) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ റബ്ബർ ബോർഡ് മുഖേനെയാണ് നടപ്പിലാക്കിവരുന്നത്. ഇത് ആദ്യമായി 2024-25 വർഷം മുതൽ 2375 കോടി രൂപ അടങ്കലിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരള കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര)-യിലൂടെ റബ്ബർ കർഷകർക്ക് 300 കോടിയോളം രൂപയുടെ ധനസഹായം നൽകുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. റബ്ബർ റീപ്ലാന്റേഷനുള്ള സഹായം, റബ്ബർ നഴ്സറികൾക്കുള്ള സഹായം, റബ്ബർ കർഷകർക്കുള്ള പാർഷ്യൽ ക്രെഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീം തുടങ്ങിയവ കേര പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്.

**സർവകലാശാലകൾക്ക് കേന്ദ്ര ധനസഹായം**

**26 (*146)** ശ്രീ. എം. വിജിൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീമതി യു. പ്രതിഭ:

ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ റാങ്കിംഗിൽ കേരളത്തിലെ സർവകലാശാലകൾക്കും ഇതര ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും 2016 മുതൽ നാളിതുവരെ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ വിശദമാക്കുമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (എൻ.ഐ.ആർ.എഫ്.) റാങ്കിംഗിൽ 4 സർവകലാശാലകളും 14 കോളേജുകളും ആദ്യ 100 റാങ്കിൽ ഇടംപിടിച്ചിട്ടുണ്ട്. 2016 മുതൽ 2023 വരെയുള്ള കാലഘട്ടത്തിൽ NIRF റാങ്കിംഗിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) അടിസ്ഥാനസൗകര്യ വികസനത്തിലും ആധുനിക കാലത്തിന് അനുയോജ്യമായ കോഴ്സുകൾ ആരംഭിച്ചതിലും അധ്യാപന മികവിലും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുലർത്തിപ്പോന്ന വിട്ടുവീഴ്ചയില്ലാത്ത നിലപാടും നിഷ്ഠയുമാണ് തുടർച്ചയായ അംഗീകാരത്തിന് ഗുണകരമായിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ?

സർവകലാശാലകളിൽ കിഫ്ബി/പ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് സെന്റേഴ്സ് ഓഫ് എക്സലൻസ്, ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ, പുതിയ ഇന്റർനാഷണൽ ഹോസ്റ്റലുകൾ, സർവകലാശാലകളിൽ പ്രോജക്ട് മോഡിൽ ഇന്നവേറ്റീവ്/പുത്തൻ തലമുറ പ്രോഗ്രാമുകൾ എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു.

കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി പ്ലാൻ ഫണ്ട്, കിഫ്ബി, രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) എന്നിവ മുഖേനെയുള്ള ധനസഹായവും ഉപയോഗപ്പെടുത്തുന്നു.

അധ്യാപക നിയമനത്തിന് യു.ജി.സി. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ (UGC Regulation 2018) അനുസരിച്ചാണ് സർവകലാശാല/കോളേജുകളിൽ അധ്യാപക നിയമനം നടത്തുന്നത്.

അധ്യാപകർക്ക് HRD Centre (UGC) / Faculty Development Centre (KSHEC)-യുടെ ആഭിമുഖ്യത്തിൽ ഫലപ്രാപ്തി അടിസ്ഥാനമായുള്ള വിദ്യാഭ്യാസം (OBE) ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ തുടർപരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

ഇപ്രകാരം അടിസ്ഥാന സൗകര്യ വികസനത്തിലും പുത്തൻ തലമുറ കോഴ്സുകൾ ആരംഭിക്കുന്നതിലും അധ്യാപക മികവ് പുലർത്തുന്നതിലും സ്വീകരിക്കുന്ന വിട്ടുവീഴ്ചയില്ലാത്ത നിലപാടും ജാഗ്രതയുമാണ് തുടർച്ചയായ അംഗീകാരത്തിന് ഗുണകരമായിട്ടുള്ളത്.

(സി) ഇത്തരം അംഗീകാരങ്ങൾ നിലനിർത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളൊരുക്കുന്നതിന് സ്ഥാപനങ്ങൾക്കുണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ചെലവുകൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ?

അംഗീകാരങ്ങൾ ലഭിക്കുന്നതിനും നിലനിർത്തുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരു പ്രധാന ഘടകമാണ്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിന് ഉതകുന്ന രീതിയിൽ സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ ഓരോ സാമ്പത്തിക വർഷവും പ്ലാൻ, നോൺ പ്ലാൻ

ഇനത്തിൽ ഫണ്ടുകൾ ബജറ്റിൽ വകയിരുത്തി നൽകിവരുന്നു. ഇതര പദ്ധതികൾക്ക് കിഫ്ബി വഴിയുള്ള ധനസഹായം, സ്ഥാപനങ്ങളുടെ തനത് ഫണ്ട് എന്നിവയും ഉപയോഗപ്പെടുത്തുന്നു. കൂടാതെ, ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ഗ്രോസ് എൻറോൾമെന്റ് റേഷ്യോ (GER) വർദ്ധിപ്പിക്കുന്നതിനും രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി മുഖേനയുള്ള ധനസഹായവും (കേന്ദ്രവിഹിതം 60%, സംസ്ഥാന വിഹിതം 40%) ഉപയോഗപ്പെടുത്തുന്നു. റൂസ പദ്ധതിയുടെ പുതിയ ഘട്ടമായ പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (PM-USHA) ധാരണാപത്രം ഒപ്പുവച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര ധനസഹായം ലഭിക്കുന്നതിനായി ധാരണാപത്രം ഒപ്പിടുന്നതിന് കേന്ദ്രസർക്കാർ മുന്നോട്ടുവച്ച വ്യവസ്ഥകളും അതിനോട് സംസ്ഥാനം സ്വീകരിച്ച നിലപാടും എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പ്രധാൻമന്ത്രി ഉച്ചതർ ശിക്ഷാ അഭിയാൻ (പി.എം.-ഉഷ) എന്ന് പുനർനാമകരണം ചെയ്ത പദ്ധതി നടപ്പിലാക്കുന്നതിനായി പ്രധാനമായും

താഴെ പറയുന്ന 3 വ്യവസ്ഥകളാണ് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം മുന്നോട്ട് വച്ചിരിക്കുന്നത്:

1. സംസ്ഥാനത്തിലെ 50% ജില്ലകളെ ഫോക്കസ് ജില്ലകളായി പ്രഖ്യാപിക്കുക

2. കേന്ദ്ര സർക്കാർ ലഭ്യമാക്കിയ മാർഗ്ഗരേഖ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിക്കുക

3. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള ധാരണാപത്രം ഒപ്പിടുക.

ഈ പുതിയ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം സംസ്ഥാന സർക്കാർ ഒപ്പുവച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ എല്ലാ സർക്കാർ സ്ഥാപനങ്ങളോടും സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളോടും മാർഗ്ഗരേഖ പ്രകാരമുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വയനാട്, എറണാകുളം, പാലക്കാട്,

തൃശ്ശൂർ, തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളെ ഫോക്കസ് ജില്ലകളായി കണ്ടെത്തിയിട്ടുണ്ട്.

**മാതൃക അസിസ്റ്റീവ് വില്ലേജുകൾ**

**27 (*147)** **ശ്രീ. വി. ജോയി:**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു:**
**ശ്രീ. പി. പി. ചിത്തരഞ്ജൻ:**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ കുടുംബങ്ങൾക്ക് ഒരുമിച്ച് താമസിക്കാനുതകുംവിധം മാതൃക അസിസ്റ്റീവ് വില്ലേജുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുൾപ്പെടെയുള്ള ഭിന്നശേഷിക്കാരുടെ സമഗ്രമായ പുനരധിവാസം ലക്ഷ്യമാക്കിക്കൊണ്ട് പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് ഇവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഇവിടങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഒരുക്കാൻ നിശ്ചയിച്ചിട്ടുള്ളതെന്നും അറിയിക്കുമോ; ഇതിനായുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനുവേണ്ടി സംയോജിത പുനരധിവാസഗ്രാമം പദ്ധതി ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പുതലത്തിൽ ആരംഭിച്ചിട്ടുണ്ട്. മൂന്നു മേഖലകളിലായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ അന്താരാഷ്ട്രനിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുമെന്ന് സർക്കാർ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ജീവിത കാലയളവിൽ ആവശ്യമായ എല്ലാ സൗകര്യങ്ങളും പ്രദാനം ചെയ്യുവാനാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംയോജിത പുനരധിവാസഗ്രാമം പദ്ധതിക്കായി ഭൂമി ലഭ്യമാക്കുന്നതിന് വിവിധ

ജനപ്രതിനിധികൾ സന്നദ്ധത അറിയിച്ചിരുന്നു. പുനലൂർ, നിലമ്പൂർ, കാഞ്ഞിരപ്പള്ളി, കാട്ടാക്കട, കണ്ണൂർ, ഗുരുവായൂർ എന്നീ മണ്ഡലങ്ങളിലെ എം.എൽ.എ.-മാരുമായി പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടക്കുകയും അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതിലേയ്ക്കായി ലഭ്യമാകുന്ന ഭൂമിയുടെ വിസ്തൃതിക്ക് അനുസൃതമായി മൂന്ന് വ്യത്യസ്ത പുനരധിവാസ സംവിധാനങ്ങൾ വിഭാവനം ചെയ്യുന്നു. പദ്ധതിക്കായി ലഭ്യമാകുന്ന ഭൂമിക്കനുസൃതമായി മൂന്ന് രീതിയിലുള്ള പുനരധിവാസഗ്രാമങ്ങളുടെ മാതൃകകൾ തയ്യാറാക്കുന്നതിന്റെ ഭാഗമായി 29-05-2023-ന് National Institute of Physical Medicine & Rehabilitation (NIPMR)-ൽവച്ച് വർക്ക്ഷോപ്പ് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ഭൂമിയിൽ പുനരധിവാസ ഗ്രാമങ്ങൾ ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിനുള്ള ചർച്ചകൾ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ നടന്നിരുന്നു. കണ്ടെത്തിയ സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുന്നതിനുള്ള

സാധ്യതകൾ പരിശോധിച്ച് ഭൂമി ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ 6 സ്ഥലങ്ങളിലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. അതിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജ്, കൊല്ലം ജില്ലയിലെ പുനലൂർ താലൂക്കിലെ വാളക്കോട് വില്ലേജ്, മലപ്പുറം ജില്ലയിലെ കുറുമ്പത്തൂർ വില്ലേജ് എന്നിവിടങ്ങളിൽനിന്നും പദ്ധതിക്കായി ഭൂമി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്ത്, കോട്ടയം ജില്ലയിലെ മണിമല വില്ലേജ്, മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി സാമൂഹ്യനീതി വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ?

ഭിന്നശേഷിക്കാരുടെയും അവരുടെ രക്ഷാകർത്താക്കളുടെയും സമഗ്രമായ പുനരധിവാസമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയിൽ

ഭിന്നശേഷിക്കാരുടെ പുനരധിവാസത്തിന് പുറമെ അവരുടെ രക്ഷാകർത്താക്കൾക്ക് തൊഴിൽ വൈദഗ്ദ്ധ്യം നൽകുന്നതുൾപ്പെടെയുള്ള വിവിധ ഘടകങ്ങളും ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിക്ക് ലഭ്യമാകുന്ന ഭൂമിയുടെ വിസ്തൃതികൂടി കണക്കിലെടുത്ത് കുട്ടികൾക്കാവശ്യമായ വൈദ്യസഹായം, തെറാപ്പി സൗകര്യങ്ങൾ, ബഡ്സ് സ്കൂൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണ എന്നിവകൂടി ഉൾപ്പെടുന്ന മാതൃകാ പുനരധിവാസ കേന്ദ്രം സജ്ജമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മാതാപിതാക്കളുടെ കാലശേഷവും കുട്ടികളുടെ സംരക്ഷണംകൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ട്.

പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ട്.

1. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് അത്യാധുനിക സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി ചികിത്സകൾ/സേവനങ്ങൾ എന്നിവ ലഭ്യമാക്കി പുനരധിവാസം സാധ്യമാക്കുക

2. ഭിന്നശേഷിക്കാർക്ക് ആരോഗ്യകരമായ ജീവിതനിലവാരം ഉറപ്പാക്കുന്നതിനായി സർക്കാർ സഹായത്തോടുകൂടി സൗഹൃദപരമായ പരിതസ്ഥിതി ഉറപ്പുവരുത്തുക

3. ഭിന്നശേഷിക്കാരുടെ സമഗ്ര വികസനത്തിനും സ്വാഭിമാനത്തോടെയും ആത്മാഭിമാനത്തോടെയുമുള്ള ജീവിതക്രമം ഉറപ്പുവരുത്തുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക

4. സർക്കാർ, സർക്കാരിതര സംവിധാനങ്ങളുടെ സഹായത്തോടുകൂടി സ്വതന്ത്രമായ ജീവിതം നയിക്കാൻ ഭിന്നശേഷിക്കാരെ പ്രാപ്തരാക്കുക

5. ഭിന്നശേഷിക്കാർക്ക് സാമൂഹികപരവും സാമ്പത്തികപരവും ആരാഗ്യപരവും മാനസികപരവുമായി നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ കണ്ടെത്തി അവ പരിഹരിച്ചുനൽകുന്നതിനുള്ള മാതൃകാ സ്ഥാപനമായി പ്രവർത്തിക്കുക.

**സംഭരിച്ച നെല്ലിന്റെ തുക കർഷകർക്ക് അക്കൗണ്ടിലേക്ക് നേരിട്ട് നൽകാൻ നടപടി**

**28 (*148)** ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ചതിനുള്ള തുക പി.ആർ.എസ്. (പാഡി രസീത് സ്ലിപ്) വായ്പയായാണോ കർഷകർക്ക് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നെൽ കർഷകർക്ക് പി.ആർ.എസ്. നിർത്തലാക്കി പകരം സംഭരിച്ച നെല്ലിന്റെ തുക നേരിട്ട് അക്കൗണ്ടിലേക്ക് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) കർഷകരിൽനിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പി.ആർ.എസ്. സംഭരിച്ച നെല്ലിന് പ്രതിഫലമായി ലഭിക്കുന്ന തുക നൽകുന്നതിന് പി.ആർ.എസ് അത്യാവശ്യമാണ്. സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭിക്കാതെ വന്നാൽ സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ്. ഉപയോഗിച്ച് സപ്ലൈകോയുമായി കരാറിൽ ഏർപ്പെടുന്ന ബാങ്ക് മുഖേന

കർഷകർക്ക് തുക ബാങ്ക് അക്കൗണ്ടിൽ നൽകുന്ന പദ്ധതിയാണ് പി.ആർ.എസ്. വായ്പ പദ്ധതി.

നെല്ല് സംഭരിക്കുന്ന സമയത്ത് സപ്ലൈകോ നൽകുന്ന ഇലക്ട്രോണിക് കൈപ്പറ്റ് രസീത് (e-PRS) പരിശോധിച്ചശേഷം നെൽ കർഷകർക്ക് നെല്ലിന്റെ വില PRS വായ്പയായി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യുന്നത്.

(സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ നെല്ലും താങ്ങുവില നൽകി സംഭരിക്കാൻ സാധിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കർഷകരിൽനിന്നും നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്ന നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ കർഷക രജിസ്ട്രേഷൻ പോർട്ടലിൽ നിബന്ധനകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകരിൽനിന്നും കർഷക ഗ്രൂപ്പിൽനിന്നും സപ്ലൈകോ നെല്ല് സംഭരിക്കുന്നുണ്ട്.

**കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കാൻ നടപടി**

**29 (*149)** ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. എണ്ണം വർദ്ധിക്കുന്നതായി കാണുന്നില്ല.

(ബി) വന്യമൃഗ ശല്യം, വിളനാശം, ചെലവിനനുസരിച്ച് ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്തത്, കടബാധ്യത എന്നിവ കർഷക ആത്മഹത്യകൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് 2009-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഓഫ് സർവ്വേ ഓൺ ഫാർമർ സൂയിസൈഡ്സ് പ്രകാരം 58.32% കർഷക ആത്മഹത്യകളും കാർഷിക വായ്പ മറ്റിനങ്ങളിൽ ചെലവഴിച്ചതുമൂലമോ വിളനാശം മൂലമോ വിലയിടിവ് കാരണമോ ഉണ്ടായ

കടക്കെണി മൂലമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. നേരിട്ടുള്ള വിളനാശം കാരണം 13.89% കർഷകരും 20.12% കർഷകർ രോഗം, കുടുംബ പ്രശ്നങ്ങൾ തുടങ്ങിയ കാരണങ്ങൾകൊണ്ടും ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവർ ആത്മഹത്യ ചെയ്തത് ഏതു കാരണത്താലാണെന്ന് സ്ഥിരീകരിച്ചിട്ടില്ല. നിലവിൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾമൂലം കർഷകർ ആത്മഹത്യ ചെയ്യേണ്ട സാഹചര്യമില്ല.

(സി) ആത്മഹത്യ ചെയ്ത കർഷകരുടെ കടബാധ്യത സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

കർഷക ആത്മഹത്യ സംബന്ധിച്ച് ജില്ലാ കളക്ടർമാരുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കടബാധ്യതയുള്ള ബാങ്കുകളോട് ഇളവ് നൽകാൻ നിർദ്ദേശിക്കുകയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് കർഷകർക്ക് ആവശ്യമായ സഹായങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുന്നുണ്ട്. അതിനാൽ കാർഷിക മേഖലയിലെ പ്രശ്നങ്ങൾമൂലം കേരളത്തിൽ കർഷകൻ ആത്മഹത്യ ചെയ്യേണ്ട സാഹചര്യമില്ല.

കർഷകർക്ക് കൃഷിയിൽനിന്നും മതിയായ വരുമാനം ഉറപ്പാക്കുന്നതിനായി സംസ്ഥാനം പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാനം, കേന്ദ്രം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ കർഷകരുടെ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ബജറ്റ് വിഹിതമായി 1359.0735 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന പദ്ധതിക്കായി 547.46 കോടി രൂപയും കേന്ദ്ര പദ്ധതിക്കായുള്ള സംസ്ഥാന വിഹിതമായ 103.2 കോടി രൂപയും പ്ലാൻ

ഇനത്തിൽ നടപ്പിലാക്കിവരുന്നു. പ്ലാൻ ഇതര ഇനത്തിൽ 552.1135 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പ്ലാൻ ഇതര ഇനത്തിൽ ഉല്പാദന ബോണസും സൗജന്യ വൈദ്യുതിയും കർഷക പെൻഷനും നൽകുന്നു.

കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം കർഷകർക്ക് പിന്തുണ നൽകിക്കൊണ്ട് വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ കാർഷിക ആവാസ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലവും വന്യജീവി ആക്രമണംമൂലവും ഉണ്ടാകുന്ന വിള നാശത്തിന് നിശ്ചിത നിരക്കുകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നു. പദ്ധതി പൂർണ്ണമായും ഓൺലൈനായി എയിംസ് പോർട്ടൽ മുഖേനയാണ് നടപ്പിലാക്കുന്നത്. വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുംകാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾകൊണ്ടും വന്യമൃഗങ്ങളുടെ ആക്രമണംകൊണ്ടും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും

നെൽക്കൃഷിക്ക് കീടരോഗബാധ മൂലമുണ്ടാകുന്ന നാശത്തിനും ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കും. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, RWBCIS, PMFBY എന്നീ കേന്ദ്ര ഇൻഷ്വറൻസ് പദ്ധതികൾ എന്നിവയിലൂടെ കാർഷിക വിളകൾക്ക് അധിക സുരക്ഷ നൽകുന്നുണ്ട്. വനാതിർത്തിയിൽ താമസിക്കുന്ന കർഷകർക്ക് വന്യമൃഗശല്യം രൂക്ഷമാണ്. ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിപ്രകാരം സാങ്കേതികവിദ്യാ സഹായത്തോടെ വന്യമൃഗ ആക്രമണം തടയുന്നതിന് 1.88 കോടി രൂപയുടെയും ആർ.കെ.വി.വൈ. പദ്ധതിപ്രകാരം 25 കോടി രൂപയുടെയും പദ്ധതികൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

അസംരക്ഷിത വനപ്രദേശത്തും മറ്റു ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്കവിധം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കർഷകർക്ക് സുദൃഢവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷിക ഉല്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകൽപ്പന ചെയ്തതും കാര്യക്ഷമവുമായ വിപണന സംവിധാനം

ഉറപ്പുവരുത്തിയിട്ടുണ്ട്. നെല്ലിന് ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സംഭരണ വില നൽകിവരുന്നു. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കിവരുന്നു. 16 ഇനം പഴം പച്ചക്കറികൾക്ക് വിപണി വില അടിസ്ഥാന വിലയിലും താഴുന്നപക്ഷം അതിന്റെ വ്യത്യാസം ആനുകല്യമായി നൽകുന്നു. കർഷകർക്കായി കേരളഗ്രോ എന്ന ബ്രാൻഡ് സ്ഥാപിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്കവിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. കാർഷിക മേഖലയിലെ സംരംഭകത്വത്തിലും മൂല്യവർദ്ധനയിലും നൂതന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർദ്ധനവും എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കാർഷികോല്പന്ന സംസ്കരണവും വിപണനവും കയറ്റുമതിയും ലക്ഷ്യംവച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരികയും ചെയ്യുന്നുണ്ട്. കർഷകരിൽനിന്നും കിലോഗ്രാമിന് 34/- രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരണം

നടത്തിവരുന്നു. നെല്ലിന് രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയായ 28.20 രൂപ കിലോഗ്രാമിന് നൽകിവരുന്നു.

കർഷകർ സഹകരണ സംഘങ്ങളിൽ/സൊസൈറ്റികളിൽനിന്നും എടുക്കുന്ന വായ്പകൾക്ക് വയനാട്, ഇടുക്കി ജില്ലകളിൽ 31-08-2020 വരെയും മറ്റ് ജില്ലകളിൽ 31-03-2016 വരെയും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി 2 ലക്ഷം രൂപ വരെ കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്.

ലോക ബാങ്ക് സഹായത്തോടെ കാലാവസ്ഥാ വ്യതിയാനം അതിജീവിച്ച് കർഷകർക്ക് കൃഷിയിൽനിന്നും കൂടുതൽ വരുമാനം ലഭ്യമാക്കുന്നതിന് ലക്ഷ്യംവച്ച് കേര എന്ന പേരിൽ ഒരു സമഗ്ര പദ്ധതി 2024-25 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്താൻ നടപടി**

**30 (*150)** **ശ്രീ. കെ. പി. എ. മജീദ്:**
**ശ്രീ. നജീബ് കാന്തപുരം:**
**ശ്രീ. ടി. വി. ഇബ്രാഹിം:**

ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്തുന്നതിന് പുതിയ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

തിരുവനന്തപുരം മുതൽ എല്ലാ ഡിപ്പോകളിലും ജനുവരി മാസം അവസാനത്തെ ആഴ്ച മുതൽ ഉന്നത ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഷെഡ്യൂളുകൾ പുനഃപരിശോധിച്ചും നഷ്ടത്തിലോടുന്ന ഷെഡ്യൂളുകളിൽ ഭേദഗതി വരുത്തിയും ഡീസൽ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഒരു ദിവസം മുപ്പത് ലക്ഷം രൂപയുടെ ഡീസൽ ലാഭിക്കണമെന്നാണ് ആദ്യ ഘട്ടത്തിൽ ലക്ഷ്യമിടുന്നത്.

രാത്രികാലത്ത് ഉൾപ്രദേശങ്ങളിലെ സ്ഥലങ്ങളിലേക്ക് പോയശേഷം യാത്രക്കാരില്ലാതെ തിരിച്ച് ഡിപ്പോയിലേക്ക് വരുന്ന സർവീസുകളെ സ്റ്റേ സർവീസുകളാക്കി പുനഃക്രമീകരിക്കുന്നതിനും ഇത്തരം രാവിലെയും രാത്രിയിലുമുള്ള നഷ്ട ട്രിപ്പുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കിടക്ക, ഫാൻ, വൃത്തിയുള്ള ശൗചാലയം എന്നീ സൗകര്യങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ റെസിഡന്റ്സ് അസോസിയേഷനുകളോ ക്രമീകരിക്കുകയാണെങ്കിൽ മാത്രം സ്റ്റേ ബസ് അനുവദിക്കുന്നതാണ്.

നാമമാത്രമായ യാത്രക്കാരോടുകൂടി അപ്രധാനമായ സ്ഥലങ്ങളിലേക്ക് നടത്തിവരുന്ന ദീർഘദൂര സർവ്വീസുകളിലെ അപ്രധാന ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി.-ക്കും പൊതുജനങ്ങൾക്കും ഗുണകരമായ രീതിയിൽ പ്രധാന കേന്ദ്രങ്ങളിൽവച്ച് പുനഃക്രമീകരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരപ്രദേശത്ത് ഇലക്ട്രിക് ബസ്സുകളുപയോഗിച്ച് സർവീസുകൾ ആരംഭിച്ചതിലൂടെ ഡീസൽ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്.

ഇപ്രകാരം വ്യാപകമായ നടപടികൾ സ്വീകരിക്കുന്നതിലൂടെ ഡീസൽ, സ്പെയർപാർട്സ്, മറ്റ് ചെലവുകൾ എന്നിവയിൽ ഭീമമായ തുകയുടെ കുറവ് വരുത്താൻ കഴിയുന്നതാണ്. വൈദ്യുതി, വെള്ളം മുതലായവയ്ക്കുള്ള ചെലവുകൾപോലും ചുരുക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ഇതിനുപുറമെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി ടിക്കറ്റ് വരുമാനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് അനുസരിച്ചുള്ള പുതിയ ഡ്യൂട്ടി സമ്പ്രദായം പൂർണ്ണതോതിൽ നടപ്പിലാക്കുക വഴി കോവിഡിനെ തുടർന്ന് നിർത്തിവച്ചിരുന്ന നിരവധി സർവ്വീസുകൾകൂടി പുനരാരംഭിക്കാനും അതുവഴി അധിക വരുമാനം നേടാനും കഴിയുമെന്ന് കരുതുന്നു. കൂടാതെ ടിക്കറ്റിതര വരുമാന വർധനവിനായി യാത്രാ ഫ്യൂവൽസ്, കൊറിയർ ആന്റ് ലോജിസ്റ്റിക്സ് തുടങ്ങി നിരവധി പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇത്തരത്തിൽ നിരവധി നൂതന പദ്ധതികളിലൂടെ ടിക്കറ്റ്/ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിലെത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ

ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information System, ATM Counter-കൾ മുതലായവയിൽ നിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസ്സുകൾ അനുവദിച്ചു നൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED display, കൊറിയർ & പാഴ്സൽ സർവീസ് തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്തുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ

യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും കൂടാതെ, ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കുകയും ഇതിനകം 14 യാത്രാ ഫ്യൂവൽ റീട്ടെയിൽ ഔട്ട്ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) നഷ്ടത്തിലോടുന്ന സർവീസുകൾ അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പൊതുഗതാഗത സർവീസിനെ ആശ്രയിക്കുന്നവരെ ഇത് എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ?

മറ്റ് യാത്രാ സൗകര്യമില്ലാത്തതും ഒറ്റപ്പെട്ടതുമായ സർവ്വീസുകളും ട്രിപ്പുകളും ഒഴികെ യാത്രക്കാർക്കോ കെ.എസ്.ആർ.ടി.സി.-ക്കോ ഗുണകരമല്ലാത്തതും മറ്റ് സർവീസുകളുള്ളതുമായ നഷ്ടത്തിലോടുന്ന സർവീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നാമമാത്രമായ യാത്രക്കാർമൂലം ഡീസൽ ചെലവിനുപോലും വരുമാനം ലഭിക്കാത്ത സർവീസുകളാണ് ഇത്തരത്തിൽ പ്രധാന റൂട്ടുകളിലേക്ക്

പുനഃക്രമീകരിക്കുന്നതെന്നതിനാൽ യാത്രക്കാരെ ബാധിക്കുമെന്ന് കരുതുന്നില്ല.

(സി) ചെലവ് കുറയ്ക്കാനും വരുമാന ചോർച്ചയുണ്ടാകാതിരിക്കാനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വരവ് ചെലവ് കണക്കുകളിൽ കൃത്യത ഉറപ്പ് വരുത്തുന്നതിനുവേണ്ടി കണക്കുകൾ ഡിജിറ്റലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വരവുചെലവ് കണക്കുകളിൽ എല്ലാ ഡിപ്പോകളിലും സൂക്ഷ്മ പരിശോധനയുണ്ടാകും.

ചെലവ് കുറയ്ക്കാനും വരുമാന ചോർച്ചയുണ്ടാകാതിരിക്കാനും നിലവിലെ മെയിന്റനൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് ബസ്സുകളുടെ ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർദ്ധിപ്പിക്കുന്നതിനാവശ്യമായ താഴെ പ്രതിപാദിക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(i) ബസ്സുകളുടെ ബ്രേക്ക്ഡൗൺ, ആക്സിഡന്റ് എന്നിവ കുറയ്ക്കുന്നതിനും എഞ്ചിനടക്കമുള്ള വാഹന ഘടകങ്ങളുടെ പരവമാവധി ആയുസ്സ്

ലഭ്യമാക്കുന്നതിനും ഓഫ് റോഡ് കുറയ്ക്കുന്നതിനുമായി എഞ്ചിൻ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ ലൈഫ് കണക്കാക്കി മാറ്റുന്നതിലേയ്ക്കാവശ്യമായ ഫ്ലോട്ട് യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ii) പ്രൊഡക്ഷൻ സെന്ററുകളിൽ (സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകൾ) ബസ്സുകളുടെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ യൂണിറ്റുകൾ റീകണ്ടീഷൻ ചെയ്യുന്നതിനുള്ള ക്രമീകരണം വർക്ക്ഷോപ്പുകളിൽ ഏർപ്പെടുത്തി വരുന്നു.

<u>ഇ-ഓഫീസ്</u>

കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ ഓഫീസുകളുടെയും ഫയൽ ജോലികൾ ഇ-ഓഫീസ് മുഖാന്തരം ഡിജിറ്റലാക്കുന്നതിനുള്ള നടപടികൾക്ക് തുടക്കംകുറിച്ചു. ഇതുമൂലം സ്റ്റേഷനറി വിഭാഗത്തിലുള്ള ചെലവുകൾ ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നു. ആദ്യഘട്ടത്തിൽ ചീഫ് ഓഫീസിലുള്ള എല്ലാ വിഭാഗങ്ങളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

<u>ഇ.റ്റി.എം.</u>

കെ.എസ്.ആർ.ടി.സി.-യിലെ ബസ് സർവീസുകളിൽ ടിക്കറ്റിംഗിനായി ആധുനിക സംവിധാനമുള്ള ഇലക്ട്രോണിക്ക് ടിക്കറ്റ് മെഷീനുകൾ എല്ലാ യൂണിറ്റുകളിലും നടപ്പിലാക്കിക്കഴിഞ്ഞു.

ഇ.ആർ.പി.

കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ വരവ്-ചെലവ് കണക്കുകളും കൃത്യമായ രീതിയിൽ മോണിറ്ററിംഗ് ചെയ്യുന്നതിനുവേണ്ടി ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിവരുന്നു. ടി സോഫ്റ്റ്‌വെയർ പൂർണ്ണമായും നടപ്പിലാക്കുന്നതിനോടൊപ്പം കെ.എസ്.ആർ.ടി.സി.-യിലെ ഓരോ വിഭാഗത്തിലെയും വരവുചെലവ് കണക്കുകൾ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് സഹായകമാകുന്നു.

ഫ്ലീറ്റ് മാനേജ്‌മെന്റ് & ഇൻവെന്ററി മാനേജ്‌മെന്റ് സിസ്റ്റം

കെ.എസ്.ആർ.ടി.സി.-യുടെ സ്പെയർ പാർട്സുകൾ കൂടുതൽ കേന്ദ്രീകൃതമായി വാങ്ങുന്നതിനും ഓരോ സ്പെയർ പാർട്സുകളുടെയും പ്രതിദിന നിജസ്ഥിതി കൃത്യമായി അറിയുന്നതിനുംവേണ്ടി എല്ലാ യൂണിറ്റുകളിലും ഫ്ലീറ്റ് മെയിന്റനൻസ് & ഇൻവെന്ററി സോഫ്റ്റ്‌വെയർ

നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. അനാവശ്യമായ പർച്ചേസുകളിലൂടെ കടം വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിന് ലോക്കൽ പർച്ചേസ് മിനിമൈസ് ചെയ്യാനും ത്രൈമാസ ഇൻവെന്ററി സിസ്റ്റം നടപ്പിലാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

**1 (1625)** **ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം എത്ര മെട്രിക് ടണ്ണായിരുന്നു; അത് നിലവിൽ എത്ര മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ (2021-22 സാമ്പത്തിക വർഷത്തിൽ) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉല്പാദനം 16.01 ലക്ഷം

മെട്രിക് ടണ്ണായിരുന്നു. അത് 2022-23 സാമ്പത്തിക വർഷത്തിൽ 17.1 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിന് സാധിച്ചു.

സംസ്ഥാനത്ത് പച്ചക്കറി കൃഷി വികസനത്തിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് "ഞങ്ങളും കൃഷിയിലേക്ക്"എന്ന ക്യാമ്പയിന്റെ ഭാഗമായി "സമഗ്ര പച്ചക്കറി വികസന പദ്ധതി" ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടുമുറ്റത്തും ഉല്പാദിപ്പിക്കാൻവേണ്ട ബോധവൽക്കരണവും ഉല്പാദനോപാധികളുടെ ലഭ്യതയും ഉറപ്പാക്കുന്നതോടൊപ്പം വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് 'സമഗ്ര പച്ചക്കറി വികസന പദ്ധതി' മുഖേന വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത് മുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. പ്രസ്തുത പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

(ബി) നിലവിൽ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്; എത്ര ശതമാനം പച്ചക്കറി ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നു; ഇത്തരത്തിൽ ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവ്വെ കണക്കുകൾ പ്രകാരം പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നതെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇതിൽ സംസ്ഥാനത്തിന്റെ പ്രതിവർഷ പച്ചക്കറി ഉല്പാദനം ഏകദേശം 17.1 ലക്ഷം മെട്രിക് ടൺ (85.5%) ആണ്.

ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറികളിലെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹായത്തോടെ കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി ലാബിൽ “സേഫ് ടു ഈറ്റ്” എന്ന പദ്ധതി ഘടകം നടപ്പിലാക്കിവരുന്നു.

പ്രസ്തുത പദ്ധതി ഘടകത്തിലൂടെ കേരളത്തിലെ പൊതു വിപണികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗ്ഗങ്ങളിലെ സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന നടത്തുന്നു.

കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടലായ www.kerala.gov.in-ലും കേരള കാർഷിക സർവകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റിലും എല്ലാ പൊതുജനങ്ങൾക്കും വായിച്ച് മനസ്സിലാക്കുന്ന രീതിയിൽ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി മാരകമായ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധിവരെ സഹായമാകുന്നു.

(സി) സംസ്ഥാനം പച്ചക്കറിയുല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ ഈ സർക്കാർ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്നും അത് എപ്പോൾ മുതൽ നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ചിട്ടുണ്ട്. കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖല സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിച്ചുമാണ് പോഷക സമൃദ്ധി മിഷന് രൂപം നൽകിയിട്ടുള്ളത്.

പോഷക സമൃദ്ധവും സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും മിഷൻ

സഹായകരമാകുന്നതാണ്. പോഷക സമൃദ്ധമായ ഭക്ഷണ പദാർത്ഥങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ ,ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ വിളകൾക്കാണ് മിഷൻ പ്രോത്സാഹനം നൽകുന്നത്. പോഷക പ്രാധാന്യമുള്ള ഭക്ഷണം പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്യുന്ന പോഷക തളിക പ്രകാരം വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ ഇക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ സമയബന്ധിതമായി ഉൽപ്പാദിപ്പിക്കുന്നതാണ്.

സുരക്ഷിത ഭക്ഷണത്തോടൊപ്പം പ്രകൃതിയുടെ സംരക്ഷണവും മുൻനിർത്തി ജൈവ കൃഷി മിഷൻ രൂപീകരിച്ചിട്ടുണ്ട്. മേൽ മിഷനുകളുടെ സുപ്രധാന ലക്ഷ്യങ്ങളിലൊന്ന് പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് എത്തുക എന്നതാണ്. ഇതിനായി കൃഷി വകുപ്പും അനുബന്ധ സ്ഥാപനങ്ങളും നടപ്പിലാക്കിവരുന്ന വിവിധ സംസ്ഥാന-കേന്ദ്ര പദ്ധതികൾ ഫലപ്രദമായ രീതിയിൽ സംയോജിപ്പിക്കുന്നതാണ്.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായ കൃഷിക്കൂട്ടങ്ങൾവഴി മേൽ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉദ്ദേശിക്കുന്നു.

**കാർഷിക മേഖലയിൽ ലോകബാങ്ക് സഹായത്തോടെ പദ്ധതി**

**2 (1626)** ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലോകബാങ്ക് സഹായത്തോടെ കാർഷിക മേഖലയിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് കാർഷിക മേഖലയിൽ ലോകബാങ്ക് ധനസഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത പദ്ധതി KERA (Kerala Climate Resilient Agri Value Chain Modernization Project) ആവിഷ്കരിച്ചിട്ടുണ്ട്. ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത Micro Small Medium Enterprises (MSME)-കൾക്കും ഭക്ഷ്യമേഖലയിലെ വാണിജ്യവത്ക്കരണം, കാർഷിക വിതരണ ശൃംഖലകളുടെ നവീകരണം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ എന്നിവ അവലംബിച്ച് കൃഷിയിലും അനുബന്ധമേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജ്ജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. അഞ്ചു വർഷത്തെ പദ്ധതി

കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. അതിൽ 200 ദശലക്ഷം ഡോളർ ലോകബാങ്ക് വിഹിതവും 85 ദശലക്ഷം ഡോളർ സംസ്ഥാന വിഹിതവുമാണ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

**ഘടകം 1 :** കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും

- കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട് കൃഷി (Climate Smart Agriculture - CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന ഉപദേശക സേവന ദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ

- അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം

•മെച്ചപ്പെട്ട ജല ഉപയോഗക്ഷമതക്കും കാർബൺ ബഹിർഗ്ഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽക്കൃഷി സ്വീകരിക്കുക.

**ഘടകം 2:** പ്രാദേശികസാമ്പത്തികവികസനം ലക്ഷ്യമാക്കി മൂല്യവർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക

•കർഷകർക്കും/കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനുമിടയിൽ സുസ്ഥിര ഉല്പാദനസഖ്യങ്ങളുടെ (Productive Alliances) രൂപീകരണം

•സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) പുനരുജ്ജീവനം.

•നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ.

**ഘടകം 3 :** FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട/ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം

•കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക.

•അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്.

• **അഗ്രി പാർക്കുകൾക്കുള്ള സഹായം**

**ചെറുകിട കർഷകർക്ക് കൃഷിയിൽ നിക്ഷേപം നടത്താൻ പ്രത്യേക പദ്ധതികൾ**

**3 (1627)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത എസ്.എം.ഇ.-കൾക്കും കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ അവലംബിച്ച് കൃഷിയിലും അനുബന്ധ മേഖലയിലും നിക്ഷേപം നടത്താൻ സഹായിക്കാനുതകുന്ന പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; മറ്റേതൊക്കെ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശം നൽകുമോ?

പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യവർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുന്നതിനും കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനുമിടയിൽ സുസ്ഥിര ഉല്പാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണത്തിനുമായി സംസ്ഥാനത്ത് ലോകബാങ്ക് ധനസഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത പദ്ധതി ~~KERA~~ (Kerala Climate Resilient Agri Value Chain Modernization Project) KERA ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക മൂല്യ ശൃംഖലയിലെ പൊതുമേഖല, ഉല്പാദകർ/കർഷകർ, കച്ചവടക്കാർ എന്നിവർ തമ്മിലുള്ള പരസ്പരബന്ധം ശക്തിപ്പെടുത്താൻ ഉല്പാദന സഖ്യങ്ങൾക്ക് സാധിക്കുന്നു. നിർദ്ദിഷ്ട വിതരണ ശൃംഖലകളിൽ (Value Chain) അഗ്രി ബിസിനസ്സിനും Farmer Producer Company-കളുടെയും Farmer Producer Organisation-കളുടെയും കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷിക്കൂട്ടങ്ങളുടെയും നിക്ഷേപത്തിനും ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനുമായി ഭാഗിക (അനുയോജ്യമായ) ഗ്രാന്റുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ സാധിക്കുന്നതാണ്.

സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി) ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി പുനർനടീൽ ധനസഹായം, കർഷകർക്കുള്ള സാങ്കേതിക സഹായം, വായ്പാധിഷ്ഠിത പുനർനടീൽ പദ്ധതികൾ എന്നിവ പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കാൻ ഈ പദ്ധതിവഴി ലക്ഷ്യമിടുന്നു.

സംസ്ഥാനം അഭിമുഖീകരിക്കുന്ന ഭൂമി സംബന്ധമായ പ്രശ്നങ്ങൾ തരിശുഭൂമികൾ ഉല്പാദനക്ഷമമാക്കി കൃഷിക്ക് ഉപയോഗിക്കുന്നതിനുള്ള നടപടികളും ചെറുകിട ഭൂ-ഉടമസ്ഥർക്കിടയിൽ സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി കൂട്ടായ തീരുമാനമെടുക്കൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതിലൂടെ പരിഹരിക്കുക എന്നതും ഈ പദ്ധതി ലക്ഷ്യമിടുന്നു.

കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate Smart Agriculture – CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക, കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന

വ്യാപന ഉപദേശക സേവനദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ, അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം നൽകുക, മെച്ചപ്പെട്ട ജല ഉപയോഗക്ഷമതക്കും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽക്കൃഷി സ്വീകരിക്കുക, കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക, അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷനുവേണ്ടിയുള്ള കൈത്താങ്ങ്, അഗ്രിപാർക്കുകൾക്കുള്ള സഹായം എന്നിവയും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി രൂപീകരിക്കപ്പെട്ട ഘടകങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഘടകം 1</u> : കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും

കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU)

കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate Smart Agriculture – CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവനദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ.

അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള ധനസഹായം.

മെച്ചപ്പെട്ട ജല ഉപയോഗക്ഷമതയ്ക്കും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽക്കൃഷി സ്വീകരിക്കുക.

ഘടകം 2: പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യവർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക.

• കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനുമിടയിൽ സുസ്ഥിര ഉല്പാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.

• സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബ്ബർ, ഏലം, കാപ്പി) പുനരുജ്ജീവനം.

•നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ.

ഘടകം 3: FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം

- കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക.

- അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷനുവേണ്ടിയുള്ള കൈത്താങ്ങ്.

- അഗ്രിപാർക്കുകൾക്കുള്ള സഹായം

(സി) കൃഷിയിലെ കാലാവസ്ഥാ പ്രതിരോധം, പ്രാദേശിക സാമ്പത്തിക വികസനം, മൂല്യവർധനയ്ക്കായുള്ള നടപടികൾ, അഗ്രിസ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക സംരംഭങ്ങളുടെ ശാക്തീകരണം എന്നിവ പദ്ധതിയുടെ ഘടകങ്ങളായി പരിഗണിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. കൃഷിയിലെ കാലാവസ്ഥാ പ്രതിരോധം, പ്രാദേശിക സാമ്പത്തിക വികസനം, മൂല്യവർധനയ്ക്കായുള്ള നടപടികൾ, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക സംരംഭങ്ങളുടെ ശാക്തീകരണം എന്നിവ കേര പദ്ധതിയുടെ ഘടകം 3 ആയി പരിഗണിക്കപ്പെട്ടിട്ടുണ്ട്.

വ്യവസായ വകുപ്പിൽ നിലവിലുള്ള മിഷൻ 1000, കേരള സർക്കാരിന്റെ മൂല്യവർദ്ധിത കാർഷിക മിഷൻ എന്നീ പദ്ധതികളുമായി ചേർന്ന് കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന ഉയർന്ന വളർച്ചാ നിരക്കുള്ള എസ്.എം.ഇ, FPO, FPC-കൾക്ക് സാങ്കേതിക വൈദഗ്ധ്യം നൽകി വിപണനം മെച്ചപ്പെടുത്തുന്നതിനും വാണിജ്യ ധനസഹായം സമാഹരിക്കുന്നതിനും ഭക്ഷ്യ ഗുണനിലവാരവും സുരക്ഷാ മാനദണ്ഡങ്ങളും മെച്ചപ്പെടുത്തുന്നതിനും

സാങ്കേതികമായും സാമ്പത്തികമായും സഹായം നൽകുകവഴി തൊഴിലവസരങ്ങളുടെ സൃഷ്ടി, കാർഷിക മൂല്യവർദ്ധിതശേഷി എന്നിവ ഉയർത്തുന്നതിനും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

കാലാവസ്ഥാ വ്യതിയാനങ്ങളുമായുള്ള പൊരുത്തപ്പെടലുകൾക്കുള്ള മുൻഗണന, മൂല്യവർധനവിന്റെ സാധ്യതകൾ എന്നിവയുമായി സമന്വയിപ്പിച്ചുകൊണ്ട് വിവിധ വെല്ലുവിളികളെ നേരിടാനുള്ള സഹായം Kerala Start Up Mission (KSUM) വഴി 150 സ്റ്റാർട്ടപ്പുകൾക്ക് ലഭ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു.

**പച്ചക്കറികളുടെ വിലവർദ്ധനവ് നിയന്ത്രിക്കാൻ മുൻകരുതലുകൾ**

**4 (1628)** ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങൾക്ക്, പ്രത്യേകിച്ച് പച്ചക്കറികൾക്ക് വലിയതോതിൽ ഉണ്ടാകുന്ന വില വർദ്ധനവ് നിയന്ത്രിക്കാൻ സർക്കാർ സ്വീകരിച്ച മുൻകരുതലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ സംസ്ഥാനത്ത് ന്യായവിലയ്ക്ക് പച്ചക്കറികൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധം -I+ ആയി ചേർക്കുന്നു.

(സി) വിഷരഹിതവും ഭക്ഷ്യയോഗ്യവുമായ പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വിശദാംശങ്ങൾ അനുബന്ധം -II+ ആയി ചേർക്കുന്നു.

(ഡി) വ്യാപകമായ രാസവള പ്രയോഗംമൂലം വിഷാംശങ്ങൾ അടങ്ങിയ പച്ചക്കറികൾ ഭക്ഷിക്കുന്നതിനാൽ ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പഠനവിധേയമാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം -III+ ആയി ചേർക്കുന്നു.

## ഫാം തൊഴിലാളികളുടെ സ്ഥലംമാറ്റം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**5 (1629)** **<u>ശ്രീ. പി. വി. അൻവർ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ ഫാം തൊഴിലാളികളുടെ സ്ഥലംമാറ്റം സംബന്ധിച്ച നിലവിലുള്ള ഉത്തരവുകളിൽ പുതുതായി ഭേദഗതികൾ വരുത്തിയിട്ടുണ്ടോ; സ്ഥലം മാറ്റത്തിന് പരിഗണിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും ഇപ്പോൾ സ്ഥലം മാറ്റം നടത്തുന്നത് ഏത് സർക്കാർ ഉത്തരവ് പ്രകാരമാണെന്നും അറിയിക്കാമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല. 05-04-1991-ലെ സ.ഉ.(കൈ)നം.136/91/AD, 04-02-1997-ലെ സ.ഉ. (കൈ)നം.35/97/AD എന്നീ ഉത്തരവുകളിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസരിച്ചാണ് ഫാം തൊഴിലാളികളുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നത്. മേൽ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഫാം തൊഴിലാളികളെ ഭരണ സൗകര്യാർത്ഥവും പൊതുതാല്പര്യാർത്ഥവും പരസ്പരം മാറ്റി നിയമിക്കുന്നതിന് ജില്ലാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധികാരികൾക്ക് സാധിക്കുന്നതാണോ; ഇതിനുള്ള അധികാരം അവർക്ക് നൽകുന്ന ഉത്തരവുകളോ സർക്കുലറുകളോ ലഭ്യമാണെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഫാം തൊഴിലാളികൾക്ക് അപേക്ഷയിന്മേൽ എത്ര സ്ഥലം മാറ്റത്തിന് അർഹതയുണ്ടെന്ന് വിശദമാക്കാമോ?

അതെ. 26-02-2021-ലെ സ.ഉ.(സാധാ)നം. 240/2021/കൃഷി പ്രകാരം ഫാം തൊഴിലാളികളുടെ നിയമന അധികാരി അതത് ജില്ലാ ഓഫീസർമാരാണ്. ഫാം തൊഴിലാളികളുടെ പേരിൽ അച്ചടക്ക നടപടി സ്വീകരിക്കുന്നതിനുള്ള അധികാരം നിയമനാധികാരിയായ ജില്ലാ ഓഫീസർമാരിൽ നിക്ഷിപ്തമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. ഒരിക്കൽ സമ്മതത്തോടുകൂടി സ്ഥലംമാറ്റപ്പെടുന്ന തൊഴിലാളിക്ക് സാധാരണയായി വീണ്ടും സ്ഥലംമാറ്റം അനുവദിക്കാൻ വ്യവസ്ഥയില്ല.

(സി) മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഫാം തൊഴിലാളികളെ ഉദ്യോഗസ്ഥർ അനധികൃതമായി സ്ഥലം മാറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമവിരുദ്ധമായ ഇത്തരം സ്ഥലം മാറ്റങ്ങളെക്കുറിച്ച് സമഗ്രമായ അന്വേഷണത്തിന് ഉത്തരവിടുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

**6 (1630)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുദിനം പഴവർഗ്ഗങ്ങളുടെ വിലക്കയറ്റമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലനിയന്ത്രണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം 2023-24 എന്ന പദ്ധതി നടപ്പിലാക്കി

വരുന്നു. പ്രസ്തുത പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് "ഫലവൃക്ഷ തൈകളുടെ വിതരണം".

"ഫലവൃക്ഷ തൈകളുടെ വിതരണം" പദ്ധതി ഘടകത്തിലൂടെ സംസ്ഥാനത്തിന്റെ തനത് ഫലവൃക്ഷങ്ങളും വിദേശ ഇനങ്ങളും വീട്ടുവളപ്പിലും പൊതുസ്ഥലങ്ങളിലും നട്ടുപിടിപ്പിച്ച് സുരക്ഷിത ഫലവർഗ്ഗങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതിയിലൂടെ സാധ്യമാകുന്നു. ഇതിലൂടെ പുതിയ വിദേശ ഇനങ്ങളെ നമ്മുടെ കർഷകർക്ക് പരിചയപ്പെടുത്താൻ സാധിക്കുന്നു. പദ്ധതിപ്രകാരം നടീൽ വസ്തുക്കളായ ഗ്രാഫ്റ്റ്/ലെയർ/ടിഷ്യൂകൾച്ചർ വാഴ, വിവിധയിനം തൈകൾ എന്നിവ സംസ്ഥാന കൃഷി വകുപ്പ് ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക സർവകലാശാല, കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ (കെ.എസ്.എ.എം.എം.) കുടുംബശ്രീ, ആറളം ഫാമിംഗ് കോർപ്പറേഷൻ എന്നീ വകുപ്പ്/ഏജൻസികൾ മുഖേനയാണ് ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നത്. പദ്ധതിയിലൂടെ ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂക്കൾച്ചർ വാഴത്തൈകൾ എന്നിവ 75%

സബ്സിഡിയോടുകൂടിയും ഫലവൃക്ഷ തൈകൾ സൗജന്യമായുമാണ് വിതരണം ചെയ്യുന്നത്.

പഴവർഗ്ഗങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ:

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിപ്രകാരം ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി ചെറുകിട നഴ്സറികൾ, ഹൈടെക് നഴ്സറികൾ മുതലായവ സ്ഥാപിക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ ധനസഹായം നൽകിവരുന്നു. വാഴ, കൈതച്ചക്ക, പപ്പായ, മാവ്, പ്ലാവ് മുതലായ നാടൻ പഴവർഗ്ഗങ്ങളുടെയും വിദേശ ഫലവർഗ്ഗങ്ങളായ ഡ്രാഗൺ ഫ്രൂട്ട്, സ്ട്രോബെറി, പാഷൻ ഫ്രൂട്ട്, റമ്പൂട്ടാൻ, അവക്കാഡോ മുതലായവയുടെ പുതുവിള കൃഷിക്കായി 40%-50% ധനസഹായം നൽകിവരുന്നു.

പഴവർഗ്ഗങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്ന ഘടകങ്ങൾ.

- <u>ഹൈടെക് നഴ്സറികൾ സ്ഥാപിക്കൽ</u>:- സ്വകാര്യ മേഖലയിൽ ഒരു ഹെക്ടറിന് 10 ലക്ഷം രൂപയും (40% സബ്സിഡി) പൊതു മേഖലയിൽ ഒരു ഹെക്ടറിന് 25 ലക്ഷം രൂപയും (100% സബ്സിഡി) ധനസഹായം.

- <u>ചെറുകിട നഴ്സറികൾ സ്ഥാപിക്കൽ</u>:- സ്വകാര്യ മേഖലയിൽ യൂണിറ്റ് ഒന്നിന് 7.5 ലക്ഷം രൂപയും (50% സബ്സിഡി) പൊതു മേഖലയിൽ 15 ലക്ഷം രൂപയും (100% സബ്സിഡി) ധനസഹായം.

- <u>അംഗീകാരത്തിനുള്ള മാനദണ്ഡങ്ങൾ ലഭിക്കുന്നതിനായി നിലവിലുള്ള നഴ്സറികളുടെ അടിസ്ഥാന സൗകര്യ വികസനം</u>:- ഒരു നഴ്സറിക്ക് പൊതുമേഖലയിൽ 10 ലക്ഷം രൂപയും (100% സബ്സിഡി), സ്വകാര്യ മേഖലയിൽ 5 ലക്ഷം രൂപയും (50% സബ്സിഡി) ധനസഹായം.

- <u>പുതിയ ടിഷ്യൂകൾച്ചർ യൂണിറ്റുകളുടെ നിർമ്മാണം</u>:- പൊതുമേഖലയിൽ 250 ലക്ഷം രൂപയും (100% സബ്സിഡി) സ്വകാര്യ മേഖലയിൽ 100 ലക്ഷം രൂപയും (40% സബ്സധി) ധനസഹായം.

<u>വിളവിസ്തൃതി വ്യാപനം/പുതിയ കൃഷിത്തോട്ടങ്ങളുടെ സ്ഥാപനം</u>

**a. ഉൽപാദന ചെലവ് കൂടിയ ദീർഘകാല ഫലവർഗ്ഗങ്ങൾ**

ഡ്രാഗൺ ഫ്രൂട്ട് - ഹെക്ടറൊന്നിന് 50,000/- രൂപ (40% സബ്സിഡി) ധനസഹായം

സ്ട്രോബറി - സൂക്ഷ്മ ജലസേചന സംവിധാനത്തോടുകൂടിയതിന് ഹെക്ടറൊന്നിന് 1.12 ലക്ഷം രൂപയും (40% സബ്സിഡി) സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്തതിന് 50,000/- രൂപ (40% സബ്സിഡി) ധനസഹായം.

വാഴ, കൈതച്ചക്ക - ഹെക്ടറൊന്നിന് 35,000 രൂപ (40% സബ്സിഡി) ധനസഹായം.

പപ്പായ - സൂക്ഷ്മ ജലസേചന സംവിധാനത്തോടുകൂടിയതിന് ഹെക്ടറൊന്നിന് 80,000/- രൂപയും (40% സബ്സിഡി) സൂക്ഷ്മ ജലസേചന സംവിധാനമില്ലാത്തതിന് 30,000/- രൂപയും (50% സബ്സിഡി) ധനസഹായം,

**b. ഉല്പാദന ചെലവ് കുറഞ്ഞ ദീർഘകാല ഫലവർഗ്ഗങ്ങൾ:**

പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കാൻ 30,000/- രൂപ (50% സബ്സിഡി) നിരക്കിൽ ധനസഹായം.

(സി) വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

പഴവർഗ്ഗ വിളകളുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ കൗൺസിലിന്റെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കാസർഗോഡ് കൃഷി ബിസിനസ്സ് കേന്ദ്രങ്ങൾ മുഖേനയും ആലത്തൂരുള്ള വിത്തുല്പാദനകേന്ദ്രം മുഖേനയും വിതരണം ചെയ്തുവരുന്നു. ഇതിനുപുറമേ, സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ സഹായത്തോടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനായി 8 ഹൈടെക് കാർഷിക നഴ്സറികളും 4 ചെറിയ നഴ്സറികളും വിവിധ ജില്ലകളിൽ പണി പൂർത്തീകരിച്ചുവരുന്നു. ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴത്തൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിന് കാക്കനാട് ഒരു ടിഷ്യൂകൾച്ചർ ലാബും ഉടനെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

സംസ്ഥാന സർക്കാരിന്റെ പഴവർഗ്ഗ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കേരളത്തിന്റെ ഔദ്യോഗിക ഫലമായ ചക്കയുടെ സംഭരണം, വിപണനം, മൂല്യവർധനം എന്നിവ നടപ്പിലാക്കുന്നതിന് കൗൺസിൽ പദ്ധതിയിടുന്നു. ഇതിന്റെ വിപണന ശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിനും ചക്ക സംഭരണത്തിന് കിലോയ്ക്ക് 2.5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം നൽകുന്നതിനും പദ്ധതിയുണ്ട്.

വാഴ കൃഷി പ്രോത്സാഹിപ്പിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ സഹായത്തോടെ 305 ഹെക്ടറിൽ കൃത്യതാ കൃഷി പ്രോത്സാഹിപ്പിക്കുന്നു.

ആഗോള വിപണിയിൽ ഏറെ സ്വീകാര്യതയുള്ള എം.ഡി. 2 ഇനം പൈനാപ്പിളിന്റെ ഉല്പാദനം കേരള കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പൈനാപ്പിൾ റിസർച്ച് സ്റ്റേഷനുമായി സഹകരിച്ച് ടിഷ്യൂകൾച്ചർ തൈകൾ ഉൽപാദിപ്പിക്കുകയും അവ കോട്ടയം, എറണാകുളം ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് നൽകുകയും അവയുടെ കൃഷി പുരോഗമിച്ചുവരികയും ചെയ്യുന്നു. കേരളത്തിൽ വ്യാപകമായി കൃഷിചെയ്യുന്ന

വാഴക്കുളം പൈനാപ്പിളിന്റെ ആഗോള സാധ്യത ഉപയോഗപ്പെടുത്തുന്നതിനായി കടൽമാർഗ്ഗം മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്കുള്ള പ്രോട്ടോക്കോൾ വികസനവും കേരള കാർഷിക സർവകലാശാലയുമായി സഹകരിച്ച് നടത്തിവരുന്നു.

കയറ്റുമതി അധിഷ്ഠിത വാഴക്കൃഷിക്കുവേണ്ടി ഉല്പാദനമുറകൾ അനുവർത്തിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കുകയും ട്രേസബിലിറ്റി സംവിധാനത്തോടുകൂടി ഗുണമേന്മ ഉറപ്പുവരുത്തി ഉല്പാദനം പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നു.

സംസ്ഥാനമെമ്പാടുമുള്ള 294 സ്വാശ്രയ കർഷക സമിതികൾവഴി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിറ്റഴിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കർഷർക്ക് അവരുടെ ഉൽപ്പന്നങ്ങൾ മൂല്യവദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിന് എറണാകുളം ജില്ലയിലെ കക്കാട്, പുത്തൻവേലിക്കര, കാഞ്ഞൂർ എന്നീ സ്വാശ്രയ കർഷക സമിതികളിലും കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സ്വാശ്രയ കർഷക സമിതിയിലും ഇൻകുബേഷൻ സെന്ററുകൾ

ആരംഭിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ, കടുങ്ങല്ലൂർ എന്നിവടങ്ങളിലും തൃശ്ശൂർ ജില്ലയിലെ മരോട്ടിച്ചാൽ, പരിയാരം, കുഴൂർ, ചേലക്കര എന്നിവിടങ്ങളിലും മൂല്യവർദ്ധന കേന്ദ്രങ്ങൾ ഈ സാമ്പത്തിക വർഷം പ്രവർത്തനമാരംഭിക്കുന്നതാണ്.

കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനായി പഴം-പച്ചക്കറികളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി 7 പ്രൈമറി പ്രോസസ്സിംഗ് സെന്ററുകൾ ആർ.കെ.ഐ. പദ്ധതി പ്രകാരം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, പഴം-പച്ചക്കറികളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നേരിട്ട് ഉപഭോക്താവിലേക്ക് എത്തിക്കുന്നതിന് 'സസ്യ' എന്ന പേരിൽ 47-ഉം 'തളിർ ഗ്രീൻ' എന്ന പേരിൽ 63-ഉം ചില്ലറ വിൽപ്പനശാലകൾ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ കാക്കനാട് തളിർ ബ്രാൻഡഡ് ഔട്ട്‌ലെറ്റ് നിർമ്മാണം പൂർത്തീകരിച്ചുവരുന്നു.

കാർഷിക സമ്പദ്‌വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരണത്തിന്റെ (എഫ്.പി.ഒ.) ഭാഗമായി വി.എഫ്.പി.സി.കെ. പഴം-പച്ചക്കറി മേഖലയിൽ രൂപീകരിച്ച 41 ഫാർമർ പ്രൊഡ്യൂസർ കമ്പനികളുടെ ശാക്തീകരണവും നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ, സെൻട്രൽ എസ്.എഫ്.എ.സി.-യുടെ 5 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരണത്തിന് (കേരളത്തിൽ) സി.ബി.ബി.ഒ. (Cluster Based Business Organization) ആയി കൗൺസിലിനെ തെരഞ്ഞെടുത്തത് പ്രകാരം 2022-23-ൽ 5 ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു.

**കർഷകർക്ക് ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ**

**7 (1631)** ശ്രീ. എം രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നും രണ്ടും വിള നെൽക്കൃഷിയും തുടർന്ന് പച്ചക്കറി കൃഷിയും ചെയ്യുന്ന കർഷകർക്ക് ഉതകുന്ന തരത്തിൽ ജലലഭ്യത ഉറപ്പുവരുത്താനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കല്ലട ജലസേചന പദ്ധതി, പമ്പ ജലസേചന പദ്ധതി, പീച്ചി ജലസേചന പദ്ധതി, വാഴാനി ജലസേചന പദ്ധതി തുടങ്ങിയ ചെറുകിട ജലസേചന പദ്ധതികൾ, ചെക്ക് ഡാമുകൾ എന്നിവ പ്രയോജനപ്പെടുത്തിയും കർഷകർക്ക് ആവശ്യമായ ജലസേചന പമ്പുസെറ്റുകൾ, ചെറുകുളങ്ങൾ എന്നിവയ്ക്ക് ത്രിതല പഞ്ചായത്തുകൾ, SMAM തുടങ്ങിയ പദ്ധതികളിലൂടെ ആനുകൂല്യം നൽകിയും കൃഷിക്കാവശ്യമായ ജലലഭ്യത കൃഷി വകുപ്പ് ഉറപ്പുവരുത്തുന്നു. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൻ കീഴിൽ ജലസേചന സ്രോതസ്സുകളുടെ നിർമ്മാണം എന്ന ഘടകത്തിന് ആനുകൂല്യം ലഭ്യമാക്കുന്നു. പച്ചക്കറി വികസന പദ്ധതി മുഖേന ജലസേചനാവശ്യത്തിന് പോർട്ടബിൾ പമ്പ്സെറ്റ്, ഇലക്ട്രിക് മോട്ടോർ, സൂക്ഷ്മ ജലസേചന യൂണിറ്റ് എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നു.

പാടശേഖര സമിതികൾ അറിയിക്കുന്നത് പ്രകാരവും ബന്ധപ്പെട്ട കൃഷി ഓഫീസർ അതത് സീസണുകളിൽ നൽകുന്ന അപേക്ഷകൾ പ്രകാരവും മൈനർ ഇറിഗേഷന്റെയും ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെയും ജലസേചന ക്രമീകരണങ്ങൾ ജലവിഭവ വകുപ്പ് നടത്തിവരുന്നു.

കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും വെള്ളപ്പൊക്ക നിവാരണത്തിനുമുതകുന്ന വിവിധ പദ്ധതികൾ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു. വകുപ്പ് നടപ്പിലാക്കുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ തത്സ്ഥല ജല പരിപാലനവും നീർച്ചാൽ സംരക്ഷണവും സാധ്യമാകുകയും ഭൂഗർഭ ജലവിതാനം മെച്ചപ്പെടുകയും ചെയ്യുന്നുണ്ട്. ഇതുവഴി കൃഷിക്കാവശ്യമായ ജലലഭ്യത വേനൽ മാസങ്ങളിൽ ഉറപ്പാക്കാനും അധികവിള കൃഷി ചെയ്യാനും സാധ്യമാകാറുണ്ട്.

കർഷകർക്ക് നെൽക്കൃഷിയും പച്ചക്കറി കൃഷിയും ചെയ്യുന്നതിനുള്ള ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കെ.എൽ.ഡി.സി. മുഖേന വിവിധ പാടശേഖരങ്ങൾക്ക് ആവശ്യമായ അടിസ്ഥാന വികസന പ്രവൃത്തികളായ ബണ്ട് നിർമ്മാണം, സ്ലൂയിസ്, എഞ്ചിൻതറ, വിസിബി, എഞ്ചിൻ ഷെഡ് തുടങ്ങിയ പ്രവൃത്തികളും തോടുകളുടെയും ഉൾച്ചാലുകളുടെയും ആഴംകൂട്ടൽ, കുളങ്ങളുടെ നവീകരണം എന്നീ പ്രവൃത്തികൾ സർക്കാരിന്റെ വിവിധ

സ്കീമുകളായ ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ., ആർ.കെ.ഐ. എന്നിവയിൽ ഉൾപ്പെടുത്തിയും നടപ്പിലാക്കിവരുന്നു.

(ബി) കാസർഗോഡ് ജില്ലയിൽനിന്നും അന്യംനിന്നുപോകുന്ന പുകയില കർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

കൃഷി വകുപ്പ് മുഖേന പുകയില കർഷകരെ സഹായിക്കുന്നതിന് പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

**കർഷക ക്ഷേമനിധി ബോർഡ്**

**8 (1632)** <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക ക്ഷേമനിധി ബോർഡിൽ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; അംശദായമായി എന്ത് തുകയാണ് ഈടാക്കുന്നത്; ഈ ഇനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കേരള കർഷക ക്ഷേമനിധി ബോർഡിൽ 18337 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15049 കർഷകർ രജിസ്ട്രേഷൻ നടപടികൾ പൂർത്തികരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്. ഈ ഇനത്തിൽ നാളിതുവരെ അംശദായമായി 2,29,83,383/- രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കർഷക ക്ഷേമനിധി ബോർഡിൽനിന്നും നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നത്; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനും പെൻഷനും ആക്ട് പ്രകാരം അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും

നൽകാറായിട്ടില്ല. പെൻഷന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും നിരക്ക് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) പ്രസ്തുത ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാരിൽനിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്ന വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡിന് നാളിതുവരെ സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

2020-21 1 കോടി രൂപ

2021-22 1.10 കോടി രൂപ

2022-23 1 കോടി രൂപ

2023-24 1 കോടി രൂപ

മേൽപ്പറഞ്ഞ തുകകളുടെ ചെലവഴിച്ച ഇനം തിരിച്ച് 2020-21, 2021-22, 2022-23 സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ആഡിറ്റ് ചെയ്ത

കണക്കുകളുടെ പത്രിക യഥാക്രമം അനുബന്ധം 1, 2, 3[+] ആയി ചേർത്തിരിക്കുന്നു.

**കാർഷികോല്പന്നങ്ങളുടെ വിപണനം**

9 (1633) **ശ്രീ. വി. ജോയി:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കാർഷികോല്പന്നങ്ങളുടെ വിപണനം മുഖേന കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾപ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ, ആഴ്ച കാർഷിക മൊത്തവ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽനിന്നും നേരിട്ട് ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്തെ ആറ് കാർഷിക മൊത്തവ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യ പ്രദമാക്കുന്നതിനും കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ 2023-24 വർഷം 152 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് വിപണി ഇടപെടൽ പദ്ധതി പ്രകാരം 2023-24 വർഷത്തിൽ 2825 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 81 സ്വന്തം സ്റ്റാളുകളും 199 ലൈസൻസി സ്റ്റാളുകളുമുണ്ട്. കൂടാതെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി ഉല്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 293 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചുവരുന്നത്.

ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം ഒരു ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തിവരുന്നു.

കാർഷികോൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ 1 മുതൽ നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി 100 FP-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. കാർഷിക ഉല്പന്നങ്ങളുടെ വിപണി ഉറപ്പാക്കാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും ഉതകുമാറ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നിലവിൽ വന്നുകഴിഞ്ഞു. കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതോടെ കാർഷിക ഉല്പന്നങ്ങളുടെ ആവശ്യകതയും വിപണിയും വർദ്ധിക്കും.

കർഷകർ, കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ, FPO, FPC-കൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ മെച്ചപ്പെട്ട വ്യാപനം ഉറപ്പാക്കുന്നതിനായി "കേരളാഗ്രോ" ബ്രാൻഡ് ആവിഷ്കരിച്ചിട്ടുണ്ട്. ഉൽപ്പന്നങ്ങൾ 'കേരളാഗ്രോ' ബ്രാൻഡ് ചെയ്യുന്നതിനും, ഓൺലൈൻ വിപണത്തിനുമായി 40 ലക്ഷം രൂപയും, എല്ലാ ജില്ലയിലും ഓരോ കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പും, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റും തുടങ്ങുന്നതിനായി 280 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കേരളാഗ്രോ ബ്രാൻഡിംഗ് സംവിധാനംവഴി കർഷകരുടെ ഉൽപ്പന്നങ്ങൾ ഓൺലൈൻ മുഖാന്തരവും കേരളാഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ എന്നിവവഴി വിപണനം നടത്തുന്നതിനും അതുവഴി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം നേടുന്നതിനും സാധിക്കും.

**കാർഷികാവശ്യ കണക്ഷനുകളുടെ വൈദ്യുതി ബിൽ കുടിശ്ശിക തീർപ്പാക്കുന്നതിന് നടപടി**

10 **(1634)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ കണക്ഷനുകൾക്ക് എത്ര മാസത്തെ വൈദ്യുതി ബിൽ കുടിശ്ശികയായുണ്ടെന്നും എത്ര രൂപ കുടിശ്ശികയുണ്ടെന്നും ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ചെറുകിട നാമമാത്ര കർഷകർക്ക് കാർഷികാവശ്യത്തിനുള്ള സൗജന്യ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകളിൽനിന്നും ശേഖരിച്ച കൃഷി വകുപ്പിന്റെ കണക്കനുസരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കൃഷി വകുപ്പിൽനിന്നും നടപ്പ് സാമ്പത്തിക വർഷം തുക അനുവദിച്ചിട്ടും വൈദ്യുതി കുടിശ്ശിക സമയബന്ധിതമായി അടച്ചുതീർക്കാത്ത കൃഷി ഭവനുകളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നടപ്പ് സാമ്പത്തിക വർഷം ലഭ്യമായ ബജറ്റ് വിഹിതത്തിൽനിന്നും നടപ്പ് വർഷത്തെ വൈദ്യുതി ബിൽ DBT സ്കീം പ്രകാരം നേരിട്ട് നൽകിവരികയാണ്. പ്രസ്തുത ബജറ്റ് വിഹിതത്തിൽനിന്നും കുടിശ്ശിക തീർപ്പാക്കാനുള്ള ഇനത്തിൽ കൃഷിഭവനുകൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

(സി) ഈ സാമ്പത്തിക വർഷം അവസാനിക്കുംമുമ്പ് മുഴുവൻ കുടിശ്ശികയും അടച്ചുതീർക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

20-07-2021 വരെയുള്ള (DBT സ്കീമിൽ ഉൾപ്പെട്ട) കാർഷിക ഉപഭോക്താക്കളുടെ OTS-ൽ ഉൾപ്പെടുത്താവുന്ന തുകയായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ഇ.ബി.-ക്ക് നൽകേണ്ടതായ കുടിശ്ശിക, മുതൽതുകയായി 71.88 കോടി രൂപയും OTS പ്രകാരമുള്ള പലിശയായ 11.33 കോടി രൂപയും ഉൾപ്പെടെ ആകെ 83.21 കോടി രൂപ അനുവദിക്കണമെന്നുള്ള ശിപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

**കാട്ടാക്കട നിയോജകമണ്ഡലത്തിലെ തരിശുഭൂമി**

**11 (1635)** ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലെ തരിശുഭൂമി എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പഞ്ചായത്തുതിരിച്ച് അവയുടെ വിവരം ലഭ്യമാക്കാമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ 6 പഞ്ചായത്തുകളിലായി 70.5 ഹെക്ടർ തരിശുഭൂമിയാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.

| **പഞ്ചായത്തിന്റെ പേര്** | **വിസ്തൃതി** (Ha) |
|---|---|
| കാട്ടാക്കട | 30 |
| വിളപ്പിൽ | 3 |
| പള്ളിച്ചൽ | 20 |

| | |
|---|---|
| വിളവൂർക്കൽ | 9 |
| മലയിൻകീഴ് | 3.5 |
| മാറനല്ലൂർ | 5 |

**ഓൺലൈൻ മാർക്കറ്റുകൾ മുഖാന്തരം വില്പന**

**12 (1636)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിൽ ബ്രാൻഡ് ചെയ്യപ്പെട്ട ഉല്പന്നങ്ങൾ ഓൺലൈൻ മാർക്കറ്റുകൾ മുഖാന്തരം വിൽപ്പന നടത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള 21 ഫാമുകളിൽനിന്നും സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മണ്ണുത്തിയിൽനിന്നുമായി 193 ഉല്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിന്റെ കീഴിൽ 2023 ഏപ്രിൽ മുതൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഓൺലൈൻ സൈറ്റുകളിൽക്കൂടി വിൽപ്പന നടത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. അതിലൂടെ നാളിതുവരെ 2,53,211/- രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്.

(ബി) കൂടുതൽ ഉല്പന്നങ്ങൾ ഓൺലൈൻ ഷോപ്പുകൾ മുഖാന്തരം വിൽപ്പന നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കൃഷി വകുപ്പിന്റെ കീഴിൽ കൂടുതൽ ഫാമുകളുടെ ഉല്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനും നിലവിലുള്ള ഫാമുകളുടെ ഓൺബോർഡഡ് ഉല്പന്നങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ കർഷകർ, കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ, എഫ്.പി.ഒ., എഫ്.പി.സി.-കൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന മൂല്യവർധിത ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങൾ "ഒരു കൃഷിഭവൻ ഒരു ഉല്പന്നം" എന്ന ലക്ഷ്യം കണ്ടെത്തി മെച്ചപ്പെട്ട വിപണനം ഉറപ്പാക്കുന്നതിനായി 'കേരളഗ്രോ' ബ്രാൻഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഉല്പന്നങ്ങൾ 'കേരളഗ്രോ' ബ്രാൻഡ് ചെയ്യുന്നതിനും ഓൺലൈൻ വിപണനത്തിനുമായി 40 ലക്ഷം രൂപ 2023-24 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

**കാർഷിക രംഗത്തേയ്ക്ക് വരുന്ന യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള ആനുകൂല്യങ്ങൾ**

**13 (1637)** ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക രംഗത്തേക്ക് വരുന്ന യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; വിശദമാക്കാമോ?

കാർഷിക രംഗത്തേയ്ക്ക് വരുന്ന യുവാക്കളെ പ്രോൽസാഹിപ്പിക്കുന്നതിന് വിവിധ ആനുകൂല്യങ്ങളും പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അവയുടെ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1) യുവാക്കൾക്ക് സമൂഹത്തിൽ അംഗീകാരം ഉറപ്പാക്കുന്നതിനായി യുവ കർഷകർക്കായുള്ള സംസ്ഥാന കാർഷിക അവാർഡ് നൽകിവരുന്നു. ഒരു ലക്ഷം രൂപയും പ്രശംസാ പത്രവും ഫലകവുമാണ് അവാർഡായി നൽകുന്നത്.

2) വൈഗയുടെ ഭാഗമായി നടത്തിയ DPR ക്ലിനിക്, ബി.ടു.ബി. മീറ്റ് അഗ്രി ഹാക്കത്തോൺ എന്നിവയിലൂടെ യുവാക്കളെ കാർഷിക സംരംഭരങ്ങളിലേക്ക് ആകർഷിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ചു.

3) യുവതലമുറയ്ക്ക് കാർഷിക സംരംഭകത്വ സാധ്യതകൾ തുറന്നുകൊടുക്കുന്നതിനായി 'വൈഗ' കാർഷിക മേള നടത്തിവരുന്നു. പുതിയ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും അന്താരാഷ്ട്ര നിലവാരത്തിലുള്ള സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കുന്നുണ്ട്.

4) ഞങ്ങളും കൃഷിയിലേക്ക് പദ്ധതിപ്രകാരം സംസ്ഥാനത്തെ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും കാർഷിക സംസ്കാരത്തിലൂന്നിയ പ്രാദേശിക സാമ്പത്തിക വികസനത്തിനും കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് യുവാക്കളെ ആകർഷിക്കാൻ പദ്ധതികൊണ്ട് സാധിച്ചു.

5) യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യകൾ പരിശീലിപ്പിക്കുന്നതിനും യന്ത്രങ്ങൾ ഉപയോഗിക്കുന്നതിനും ആധുനിക വിപണന സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനും കുറഞ്ഞ സ്ഥലത്തുനിന്നും കൂടുതൽ ഉല്പാദനം സാധ്യമാക്കുന്ന കൃഷി രീതികൾ അനുവർത്തിക്കുന്നതിനും കൃഷിവകുപ്പിന്

കീഴിലുള്ള 5 ആർ.എ.റ്റി.റ്റി.സി, 2 എഫ്.റ്റി.സി, ആർ.റ്റി.റ്റി.സി. വെള്ളയാണി എന്നിവവഴി വിവിധ പരിശീലനങ്ങൾ നടത്തിവരുന്നു.

6) സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സമൂഹത്തിൽ മാന്യമായ സ്ഥാനം കിട്ടുന്നതിനും യുവാക്കൾക്ക് ആകർഷകമായ വരുമാനം സിദ്ധിക്കുന്നതിനും ലക്ഷ്യംവച്ച് കൃഷിശ്രീ സെന്ററുകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മ സേനകൾ മുതലായവ സ്ഥാപിച്ച് സർക്കാർ 30 ലക്ഷം രൂപ വരെയുള്ള യന്ത്രോപകരണങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. ഇവയ്ക്കുപുറമെ ആധുനിക കൃഷി രീതികളായ ഹൈഡ്രോപോണിക്സ്, മറമഴ കൃഷി രീതികൾ, ഹൈടെക് ഫാമുകൾ, പുഷ്പ കൃഷിയും സംസ്കരണവും എന്നിവ യുവാക്കളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളാണ്. പച്ചക്കറി കൃഷിക്കായി മഴ മറകൾ നിർമ്മിക്കുന്നതിന് 50,000 രൂപ/100 മീറ്റർ എന്ന തോതിലും കൃത്യതാ കൃഷി വ്യാപനത്തിന് ഒരു ലക്ഷം രൂപ/ഹെക്ടർ എന്ന നിരക്കിലും ആനുകൂല്യം ലഭ്യമാണ്.

7) മറ്റ് പദ്ധതി ഘടകങ്ങൾവഴി യുവാക്കൾക്ക് ഏറ്റെടുക്കാവുന്നവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മൂല്യവർദ്ധിത കൃഷി മിഷന്റെ പ്രവർത്തനം**

**14 (1638)** **ശ്രീ. ടി. പി. രാമകൃഷ്ണൻ:**
**ശ്രീമതി ദെലീമ:**
**ശ്രീ. എ. പ്രഭാകരൻ:**

**ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരുടെ വരുമാന വർധനയും കാർഷികോത്പാദനക്ഷമതയും ഉറപ്പാക്കുന്നതിനായി രൂപീകരിച്ച മൂല്യവർദ്ധിത കൃഷി മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; കൃഷി മിഷന് പ്രവർത്തന ലക്ഷ്യം കൈവരിക്കുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) കൃഷി മിഷന്റെ ഭാഗമായി മൂല്യവർദ്ധിത കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലൂന്നിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവർത്തിക്കുന്നത്; മിഷന്റെ മറ്റ് പ്രധാനപ്പെട്ട ശ്രദ്ധാമേഖലകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അധ്യക്ഷനായും ബഹു. കൃഷി വകുപ്പുമന്ത്രിയും എട്ട് മന്ത്രിമാർ അംഗങ്ങളായും രൂപീകരിച്ച മൂല്യവർദ്ധിത കാർഷിക മിഷന്റെ ഭാഗമായി സംസ്ഥാനത്ത് മൂല്യവർദ്ധിത മേഖലയിൽ 1000 കൃഷിക്കൂട്ടങ്ങൾ പുതുതായി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഫാം പ്ലാൻ പ്രകാരമുള്ള കൃഷിക്കൂട്ടങ്ങളെയും മൂല്യവർദ്ധിത മേഖലയിലെ കൃഷിക്കൂട്ടങ്ങളെയും ഉപയോഗിച്ച് Farmer Producer Organisations (FPO)-ഉം, Farmer Producer Company (FPC)-കളും രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**കൃഷി വകുപ്പിൽ പുതിയതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ**

**15 (1639)** ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിൽ പുതിയതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലയളവിൽ കാർഷിക മേഖലയിൽ നടത്തിയ ഇടപെടലിലൂടെ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും കൂടുതൽ വളർച്ച നേടുന്നതിനും ലക്ഷ്യമിട്ട് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിൽ പുതിയതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശാദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഞങ്ങളും കൃഷിയിലേക്ക്:

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തയിൽ എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ഞങ്ങളും കൃഷിയിലേക്ക് എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി. അതിന്റെ ഭാഗമായി ഇതുവരെ 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 19537 കൃഷിക്കൂട്ടങ്ങൾ ഉല്പാദന മേഖലയിലും 2380 എണ്ണം വിപണനം/മൂല്യവർദ്ധന മേഖലയിലും 1328 എണ്ണം സേവന മേഖലയിലും പ്രവൃത്തിച്ചുവരുന്നു. 236344 തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിച്ചുക്കുകയും തെരഞ്ഞെടുക്കപ്പെട്ട 1200 കൃഷിക്കൂട്ടങ്ങൾക്ക്

50,000/- രൂപ വീതം വെൻച്വർ ക്യാപിറ്റൽ അസിസ്റ്റൻസ് ഫണ്ട് ആയി നൽകുകയും ചെയ്യുന്നുണ്ട്.

2. കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം (ഫാംപ്ലാൻ):

വിള അധിഷ്ഠിത സമീപനത്തിൽ നിന്നും മാറി സംയോജിത ബഹുവിളകൃഷി സമ്പ്രദായത്തിലൂടെ കാർഷിക വികസനം സാധ്യമാക്കുക എന്നതാണ് ലക്ഷ്യം. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കുന്നു. 10760 ഫാംപ്ലാനുകൾ രൂപീകരിച്ചു.

3. കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO):

കർഷകരുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി പ്രത്യേക സംവിധാനമൊരുക്കി കർഷകർക്ക് മതിയായ പങ്കാളിത്തം ഉറപ്പാക്കി ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) 07-08-2023-ന് രൂപീകരിച്ചു. 33% ഓഹരി മൂലധനവും പങ്കാളിത്തവും കേരള സർക്കാരിനും കർഷകർക്ക് 24 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, എഫ്.പി.ഒ./കർഷക സഹകരണ സംഘത്തിന് 25 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം,

പൊതുജനങ്ങൾക്ക് 13 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, ധനകാര്യ സ്ഥാപനങ്ങൾക്ക് 5 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം അടങ്ങിയതാണ് ഇതിന്റെ ആകെ മൂലധനം.

4. മൂല്യവർദ്ധിത കൃഷി മിഷൻ (VAAM):

കാർഷികോല്പാദനക്ഷമത, ഉല്പന്ന സംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവ് വരുത്തുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചു.

5. ജൈവകൃഷി മിഷൻ:

സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ നടത്തുന്നതിനും ലക്ഷ്യമിട്ട് ജൈവകൃഷി മിഷൻ രൂപീകരിച്ചു. ഓരോ വർഷവും തെരെഞ്ഞടുക്കുന്ന പഞ്ചായത്തുകളിൽ 10000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. ജൈവകൃഷിയുമായി ബന്ധപ്പെട്ട് കൃഷി

വകുപ്പ് നടപ്പിലാക്കുന്ന വിവിധ ജൈവ കാർഷിക വികസന പദ്ധതികൾ (പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി പദ്ധതി, ജൈവകൃഷി വികസന പദ്ധതി MIDH, RKVY) എല്ലാം ഏകോപിപ്പിച്ച് ജൈവ കാർഷിക മിഷന്റെ കുടക്കീഴിൽ കൊണ്ടുവന്നു.

6. <u>പോഷക സമൃദ്ധി മിഷൻ</u>:

കേരള ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രധാന്യം നൽകി കാർഷിക പാരിസ്ഥിതിക പ്രദേശങ്ങൾ അടിസ്ഥാനമാക്കി പോഷക പ്രധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 13-09-2023-ന് പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചു. സംസ്ഥാനത്തെ 75 ലക്ഷം കുടുംബങ്ങളെ പോഷക സമൃദ്ധി മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിടുന്നു. കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ സഹായത്തോടെ ന്യൂട്രീഷൻ പ്ലേറ്റ് തയ്യാറാക്കും. പോഷക സമൃദ്ധി മിഷന്റെ ആദ്യ വർഷത്തിൽ (2023-24 സാമ്പത്തിക വർഷത്തിൽ) വിള വൈവിധ്യവൽക്കരണം, വിളതീവ്രത അവതരണം പദ്ധതിയിൽ

ഉൾപ്പെടുത്തി, ബഹുവിള കൃഷി, ഇടവിള കൃഷി, വിള ഭ്രമണം (ക്രോപ്പ് റൊട്ടേഷൻ) എന്നിവയിലൂടെ തരിശുനിലങ്ങളും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും പ്രധാന വിളയെ ബാധിക്കാതെ ഉപയോഗപ്പെടുത്തി ചെറുധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, എന്നിവയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ ലക്ഷ്യമിടുന്നു. 650 ഹെക്ടറിൽക്കൂടി കൃഷി വ്യാപിപ്പിക്കുകവഴി 650 മെട്രിക് ടൺ പയറുവർഗ്ഗ വിളകൾ അധികമായി ഉല്പാദിപ്പിക്കാനും 255 മെട്രിക് ടൺ ചെറുധാന്യങ്ങൾ അധികമായി ഉല്പാദിപ്പിക്കാനും ലക്ഷ്യമിടുന്നു.

7. കാർബൺ തുലിത കൃഷി:

പരിസ്ഥിതി സൗഹാർദ്ദമായ പുനരുജ്ജീവനം മുന്നിൽ കണ്ടുകൊണ്ട് കാർബൺ തുലിത കൃഷിരീതി നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം. ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാമായി 2022 ഡിസംബർ 10-ന് പ്രഖ്യാപിച്ചു. തെരഞ്ഞെടുത്ത 14 ഫാമുകൾക്കൂടി കാർബൺ തുലിതമാക്കുന്നതിനും നടപടി സ്വീകരിച്ചു.

ആതിരപ്പള്ളി ട്രൈബൽ മേഖലയ്ക്കും അവിടത്തെ ഉല്പന്നങ്ങൾക്കും കാർബൺ തുലിത സർട്ടഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

8. <u>ചെറുധാന്യ കൃഷി:</u>

ചെറുധാന്യ കൃഷി വികസന പദ്ധതിയിൻകീഴിൽ 425 ഹെക്ടർ സ്ഥലത്ത് കൃഷി വ്യാപിപ്പിക്കുന്നതിനായി 85 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 225 മെട്രിക് ടൺ അധികം ഉല്പാദനം ലക്ഷ്യമിടുന്നു. ചെറുധാന്യ സംസ്കരണ യൂണിറ്റിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 152 മുൻനിര പ്രദർശന തോട്ടങ്ങൾ ഒന്നിന് 25000 രൂപ വീതം ആനുകൂല്യം നൽകി നടപ്പിലാക്കുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരാണാപത്രം ഒപ്പുവച്ചു. RKVY പദ്ധതിയുടെ ഭാഗമായി 3500 ഹെക്ടർ സ്ഥലത്ത് ചെറുധാന്യകൃഷി, 6 ചെറുകിട മില്ലറ്റ്സ് സംസ്കരണ യൂണിറ്റുകൾ, 14 മില്ലറ്റ് കഫേകൾ എന്നിവ സ്ഥാപിക്കുന്നതാണ്.

9. <u>കേരളാഗ്രോ:</u>

205 കൃഷി വകുപ്പ് ഉല്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഫ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കി. സംസ്ഥാനത്തെ

ഏതൊരു കർഷകനും അവരുടെ ഉല്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി കേരളാഗ്രോ ബ്രാൻഡിൽ വിവിധ ഓൺലൈൻ/ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വില്പന നടത്തുന്നതിന് ഗുണമേന്മാനുമതി നൽകുന്നതാണ്.

10. <u>കൃഷിദർശൻ</u>:

ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയും ജനപ്രതിനിധികളും കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുമായി സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹാരം കാണുന്നു. ഒല്ലൂക്കര, തലശ്ശേരി, നെടുമങ്ങാട്, ഹരിപ്പാട് എന്നീ ബ്ലോക്കുകളിൽ കൃഷിദർശൻ നടപ്പിലാക്കി. കർഷകരുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 6 സർക്കാർ ഉത്തരവുകളും 5 വകുപ്പുതല ഉത്തരവുകളും പുറപ്പെടുവിക്കുകയും ചെയ്തു.

11. <u>സോഷ്യൽ ഓഡിറ്റ്</u>:

പദ്ധതി നിർവഹണത്തിലെ സുതാര്യതയും സാമൂഹിക പ്രതിബദ്ധതയും ഉറപ്പാക്കുന്നതിനായി ജനകീയ വിലയിരുത്തലുകൾ ഉണ്ടാകണമെന്ന് തീരുമാനിച്ച് സോഷ്യൽ ഓഡിറ്റിംഗ് നവംബർ മാസത്തിൽ ആരംഭിച്ചു.

12. സ്മാർട്ട് കൃഷിഭവൻ:

കൃഷി വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് സ്മാർട്ട് കൃഷിഭവൻ ലക്ഷ്യമിടുന്നത്. RIDF-27-ൽ ഉൾപ്പെടുത്തി 14 കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിന് 31.50 കോടി രൂപ അനുവദിച്ചു. സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിന് 10 കോടി രൂപ അനുവദിച്ചു. നടപ്പുസാമ്പത്തിക വർഷം 14 കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

13. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരാണാപത്രം:

കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ആകർഷകവും സുരക്ഷിതവുമായ പാക്കിംഗ് ലഭ്യമാക്കുന്നതിന് സാങ്കേതികവിദ്യയും

പരിശീലനവും നൽകുന്നതിന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ടുമായി ധാരണാപത്രത്തിൽ ഏർപ്പെടുകയും നിർവഹണം നടത്തിവരികയും ചെയ്യുന്നു.

14. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണാപത്രം:</u>

ചെറുധാന്യങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, ബ്രാൻഡിംഗ്, വിപണനം എന്നീ മേഖലകൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭിക്കുന്നതിന് ഐ.ഐ.എം.ആർ. ഹൈദ്രാബാദുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

15. കാലാവസ്ഥ വ്യതിയാനം, പകർച്ച വ്യാധികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യശൃംഖല നവീകരിക്കുന്നതിനുമായി ക്ലൈമറ്റ് റസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ (കേര) പദ്ധതി 2375 കോടി (285 ദശലക്ഷം ഡോളർ) ചെലവിൽ 5 വർഷംകൊണ്ട് നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്.

**കൃഷി വകുപ്പ് പദ്ധതികൾ**

**16 (1640)** **ശ്രീ. കുറുക്കോളി മൊയ്തീൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2024-25 സാമ്പത്തിക വർഷം ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പദ്ധതിയാണ് KERA (Kerala Climate Resilient Agri Value Chain Modernisation Project). കാലാവസ്ഥാ വ്യതിയാന അതിജീവനത്തിനും കാർഷിക മൂല്യവർദ്ധനവിനും കാർഷിക മേഖലയുടെ ആധുനികവൽക്കരണത്തിനും ലക്ഷ്യംവച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്. ലോക ബാങ്ക് വിഹിതമായി 200 ദശലക്ഷം ഡോളറും (1664.958 കോടി രൂപ) സംസ്ഥാന വിഹിതമായി 85 ദശലക്ഷം ഡോളറും (707.44 കോടി രൂപ) സാമ്പത്തിക വിഹിതത്തിൽ 5 വർഷ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണിത്.

കൂടാതെ ദൗത്യ മാതൃകയിൽ തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്ന 3 മിഷനുകളും നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്. അവ ചുവടെ വിവരിക്കുന്നു.

കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO):

കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതയും മൂല്യവർദ്ധനവും ലക്ഷ്യമിട്ട് കർഷകരുടെ പങ്കാളിത്തത്തോടെ ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) 07-08-2023-ന് രൂപീകരിച്ചു. 33% ഓഹരി മൂലധനവും പങ്കാളിത്തവും കേരള സർക്കാരിനും കർഷകർക്ക് 24 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, എഫ്.പി.ഒ./കർഷക സഹകരണ സംഘത്തിന് 25 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, പൊതുജനങ്ങൾക്ക് 13 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, ധനകാര്യ സ്ഥാപനങ്ങൾക്ക് 5 ശതമാനത്തിൽ അധികരിക്കാത്ത ഓഹരി മൂലധനം അടങ്ങിയതായിരിക്കും ആകെ മൂലധനം.

മൂല്യവർദ്ധിത കാർഷിക മിഷൻ:

കാർഷിക ഉല്പന്ന സംസ്കരണ രംഗത്ത് സംരംഭകർക്ക് അനുയോജ്യമായ പരിസ്ഥിതി സൃഷ്ടിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന ദൗത്യമാണ് മൂല്യവർദ്ധിത കാർഷിക മിഷൻ. ഗുണമേന്മ ഉറപ്പാക്കിയ കാർഷികോല്പന്നങ്ങൾക്ക് 'കേരളഗ്രോ' ബ്രാൻഡ് നൽകുന്ന പ്രവർത്തനങ്ങൾ ഇതിൽപ്പെടുന്നു. സർക്കാർ സ്ഥാപനങ്ങളിൽ നിന്നുമുള്ള 205 ഉല്പന്നങ്ങൾ നിലവിൽ 'കേരളഗ്രോ' ബ്രാൻഡിലൂടെ ആമസോൺ, ഫ്ലിപ്കാർട്ട് തുടങ്ങിയ മുൻനിര ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വിപണനം നടത്തിവരുന്നു. കർഷകരുടെയും കർഷകോല്പാദക സംഘങ്ങളുടെയും ഉല്പന്നങ്ങൾക്ക് ഗുണമേന്മ ഉറപ്പാക്കി കേരളഗ്രോ ബ്രാൻഡ് നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരുന്നു. 34 കർഷകരുടെ 96 ഉല്പന്നങ്ങൾക്കും 17 കർഷക ഗ്രൂപ്പുകളുടെ 89 ഉല്പന്നങ്ങൾക്കും കേരളഗ്രോ ബ്രാൻഡ് നൽകിയിട്ടുണ്ട്.

ജില്ലകൾതോറും കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളും കേരളഗ്രോ സൂപ്പർ മാർക്കറ്റുകളും സ്ഥാപിക്കുന്നതിന് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരാണാപത്രം:

കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് ആകർഷവും സുരക്ഷിതവുമായ പാക്കിംഗ് നടത്തുന്നതിന് സാങ്കേതികവിദ്യ കൈമാറ്റത്തിനും പരിശീലനത്തിനുമായി ധാരാണാപത്രം ഒപ്പുവച്ചു.

ജൈവകൃഷി മിഷൻ:

സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ നടത്തുന്നതിനും ലക്ഷ്യമിട്ട് ജൈവകൃഷി മിഷൻ രൂപീകരിച്ചു. ഓരോ വർഷവും തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ 10000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. ജൈവ കൃഷിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ ജൈവ കാർഷിക വികസന പദ്ധതികൾ (പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി പദ്ധതി, ജൈവ കൃഷി വികസന പദ്ധതി MIDH, RKVY) എല്ലാംതന്നെ ഏകോപിപ്പിച്ച് ജൈവ കാർഷിക മിഷന്റെ കുടക്കീഴിൽ കൊണ്ടുവന്നു.

<u>പോഷക സമൃദ്ധി മിഷൻ:</u>

കേരള ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രധാന്യം നൽകി കാർഷിക പാരിസ്ഥിതിക പ്രദേശങ്ങൾ അടിസ്ഥാനമാക്കി പോഷക പ്രധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 13-09-2023-ന് പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചു. സംസ്ഥാനത്തെ 75 ലക്ഷം കുടുംബങ്ങളെ പോഷക സമൃദ്ധി മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിടുന്നു. കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ സഹായത്തോടെ ന്യൂട്രീഷണൽ പ്ലേറ്റ് തയ്യാറാക്കും.

<u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണാപത്രം:</u>

ചെറുധാന്യങ്ങളുടെ കൃഷിയും വിളവെടുപ്പാനന്തര പരിപാലനവും ഇവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യാ കൈമാറ്റത്തിനായി ധാരണാപത്രം ഒപ്പുവച്ചു.

<u>വന്യമൃഗാക്രമണം:</u>

കാർഷിക വിളകളെ വന്യമൃഗാക്രമണത്തിൽനിന്നും സംരക്ഷിക്കുന്നതിന് 1.88 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. ആർ.കെ.വി.വൈ. പദ്ധതി, സംസ്ഥാന പ്ലാൻ പദ്ധതി എന്നിവയിൽ യഥാക്രമം 25 കോടി രൂപയും 1.8 കോടി രൂപയും വന്യമൃഗശല്യംമൂലം ഉണ്ടാകുന്ന കാർഷിക വിളനാശം തടയുന്നതിനായി വകയിരുത്തിയിട്ടുണ്ട്. ആദ്യമായാണ് കൃഷി വകുപ്പ് ഇത്തരമൊരു പദ്ധതി ആസൂത്രണം ചെയ്യുന്നത്. ആർ.കെ.വി.വൈ. പദ്ധതിയിൽ 25 കോടി രൂപ ഇക്കാര്യത്തിനായി വകയിരുത്തിയിട്ടുണ്ട്.

ഡിജിറ്റൽ ക്രോപ് സർവേ:

സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയായി കേന്ദ്ര-സംസ്ഥാന പങ്കാളിത്തത്തോടെ (60:40) നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതിയാണ് ഡിജിറ്റൽ ക്രോപ് സർവേ. കർഷകരുടെ കൃഷി സംബന്ധമായ വിവരങ്ങൾ ജി.പി.എസ്./ജി.ഐ.എസ്. സാങ്കേതികവിദ്യകളുടെ സഹായത്തോടെ നിർമ്മിതബുദ്ധിയും മിഷൻ ലേണിംഗ് ഉപയോഗിച്ച് പൂർണ്ണമായ കാർഷിക വിവരങ്ങൾ

ശേഖരിക്കുകയാണ് ലക്ഷ്യം. ജിയോ ഫെൻസിംഗിലൂടെയും അനുബന്ധ സാങ്കേതികവിദ്യയിലൂടെയും സമഗ്രമായ ഡാറ്റാബേസ് ലഭ്യമാകുന്നതോടുകൂടി കർഷകർക്ക് വിരൽത്തുമ്പിൽ സേവനങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് സാധിക്കും. 2024 വർഷം ഒന്നാം വിള സമയത്ത് പദ്ധതി സംസ്ഥാന വ്യാപകമായി ആരംഭിക്കുകയാണ് ലക്ഷ്യം.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; അതിനായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

വിപണി ഇടപെടൽ പദ്ധതി

2021, 2022 വർഷങ്ങളിൽ ഓണം സീസണിൽ പഴം പച്ചക്കറികളുടെ വില നിയന്ത്രിക്കാനായി തിരൂർ മണ്ഡലത്തിനുകീഴിൽ വരുന്ന തലക്കാട്,

തിരുനാവായ, വെട്ടം, തിരൂർ, വളവന്നൂർ, കൽപ്പകഞ്ചേരി, ആതവനാട് എന്നീ കൃഷിഭവനകളിൽ ഓണ വിപണി സംഘടിപ്പിക്കുന്നതിനായി 65,000/- രൂപ വീതവും 2023 വർഷം 40,000/- രൂപ വീതവും അനുവദിച്ചു.

പച്ചക്കറിക്കൃഷി വികസന പദ്ധതി 2021-22

ടി പദ്ധതി പ്രകാരം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്യാനായി 3,37,000/- രൂപയും പച്ചക്കറി തൈകൾ വിതരണം ചെയ്യാനായി 1,92,500/- രൂപയും അനുവദിച്ചു. സ്കൂളുകളിൽ പച്ചക്കറിക്കൃഷി ചെയ്യാനായി തലക്കാട്, തിരൂർ കൃഷിഭവനകളിലേക്ക് 4,000/- രൂപ വീതവും തിരുനാവായ കൃഷി ഭവനിലേക്ക് 8,000/- രൂപയും അനുവദിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷിക്ക് തിരൂർ കൃഷിഭവനിലേക്ക് 1,25,000/- രൂപയും കർഷകർക്ക് കാർഷികാവശ്യത്തിനായി സ്പ്രേയർ, പമ്പ്സെറ്റ് എന്നിവ വാങ്ങുന്നതിനായി 47,500/- രൂപയും അനുവദിച്ചു. ദീർഘകാല പച്ചക്കറി തൈകളുടെ വിതരണത്തിനായി 5,700/- രൂപയും ടെറസ്സിലെ പച്ചക്കറി കൃഷിക്കായി 1,95,000/- രൂപയും മഴമറ

നിർമ്മിക്കുന്നതിനായി 1,55,000/- രൂപയും തരിശുനില കൃഷിക്കായി 32,000/- രൂപയും അനുവദിച്ചു.

<u>പച്ചക്കറി കൃഷി വികസന പദ്ധതി 2022-23</u>

ടി പദ്ധതി പ്രകാരം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിതരണം ചെയ്യാനായി 1,81,650/- രൂപയും പച്ചക്കറി തൈകൾ വിതരണം ചെയ്യാനായി 1,20,900/- രൂപയും അനുവദിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറിക്കൃഷിക്ക് തിരൂർ കൃഷിഭവനിലേക്ക് 1,25,000/- രൂപയും കർഷകർക്ക് കാർഷികാവശ്യത്തിനായി സ്പ്രേയർ, പമ്പ്സെറ്റ് എന്നിവ വാങ്ങുന്നതിനായി 1,46,000/- രൂപയും അനുവദിച്ചു. ദീർഘകാല പച്ചക്കറി തൈകളുടെ വിതരണത്തിനായി 38,700/- രൂപയും ടെറസ്സിലെ പച്ചക്കറി കൃഷിക്കായി 2,34,000/- രൂപയും കൽപ്പകഞ്ചേരി കൃഷിഭവന്റെ കീഴിൽ 1,50,000/- രൂപയും ആതവനാട് കൃഷിഭവനിൽ 14,88,674/- രൂപയും അനുവദിച്ചു.

<u>നെൽക്കൃഷി വികസന പദ്ധതി 2021-22</u>

നെൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി നടപ്പിലാക്കുന്ന സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം തിരുനാവായ കൃഷിഭവനിലേക്ക് 3,85,000/- രൂപയും വെട്ടം കൃഷിഭവനിലേക്ക് 1,15,500/- രൂപയും തിരൂർ കൃഷിഭവനിലേക്ക് 22,000/- രൂപയും അനുവദിച്ചു. ഓപ്പറേഷണൽ സപ്പോർട്ട് ഇനത്തിൽ തിരുനാവായ കൃഷിഭവനിലേക്ക് 19,080 രൂപയും വെട്ടം കൃഷിഭവനിലേക്ക് 5,400/- രൂപയും അനുവദിച്ചു. തരിശുനിലത്ത് കൃഷി ചെയ്യുന്നതിനായി തിരൂർ കൃഷിഭവനിലേക്ക് 64,400/- രൂപയും ഒരുപൂ നിലം ഇരുപ്പൂവാക്കുന്നതിനായി തിരുനാവായ കൃഷിഭവനിലേക്ക് 20,000/- രൂപയും അനുവദിച്ചിരുന്നു.

<u>നെൽക്കൃഷി വികസന പദ്ധതി 2022-23</u>

നെൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി നടപ്പിലാക്കുന്ന സുസ്ഥിര നെൽക്കൃഷി വികസന പദ്ധതിപ്രകാരം തിരുനാവായ കൃഷിഭവനിലേക്ക് 2,47,500/- രൂപയും വെട്ടം കൃഷിഭവനിലേക്ക് 1,37,500/- രൂപയും തിരൂർ കൃഷിഭവനിലേക്ക് 27,500/- രൂപയും അനുവദിച്ചു. ഓപ്പറേഷണൽ സപ്പോർട്ട് ഇനത്തിൽ തലക്കാട് കൃഷിഭവനിലേക്ക് 3,600/-

രൂപയും തിരുനാവായ കൃഷിഭവനിലേക്ക് 26,000/- രൂപയും വെട്ടം കൃഷിഭവനിലേക്ക് 7,200/- രൂപയും അനുവദിച്ചു. തരിശുനിലത്ത് കൃഷി ചെയ്യുന്നതിനായി തലക്കാട് കൃഷിഭവനിലേക്ക് 77,100/- രൂപയും തിരുനാവായ കൃഷിഭവനിലേക്ക് 80,000/- രൂപയും കരനെൽ കൃഷിക്കായി തലക്കാട് കൃഷിഭവനിലേക്ക് 3,264/- രൂപയും അനുവദിച്ചിരുന്നു. ആതവനാട് കൃഷിഭവനിലേക്ക് 9,32,118/- രൂപയും കൽപ്പകഞ്ചേരി കൃഷിഭവനിലേക്ക് 2,49,600/- രൂപയും വളവന്നൂർ കൃഷിഭവനിലേക്ക് 6,98,220/- രൂപയും അനുവദിച്ചിട്ടുണ്ട്.

സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി 2021-22

ടി പദ്ധതിയിൽ കുമ്മായ വിതരണത്തിനായി തലക്കാട്, തിരുനാവായ, വെട്ടം കൃഷിഭവനുകളിലേക്ക് 1,62,000/-, 3,24,000/-, 2,16,000/- രൂപവീതം അനുവദിച്ചു.

സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി 2022-23

ടി പദ്ധതിയിൽ കുമ്മായ വിതരണത്തിനായി തലക്കാട്, തിരുനാവായ, വെട്ടം കൃഷിഭവനുകളിലേക്ക് 54,000/-, 2,43,000/-, 1,23,300/- രൂപവീതം

അനുവദിച്ചു. കൂടാതെ പയർ വിത്ത് വിതരണത്തിനായി തലക്കാട് കൃഷിഭവനിലേക്ക് 20,000/- രൂപയും ബയോ ഫെർട്ടിലൈസർ നിർമ്മാണത്തിനായി തിരുനാവായ കൃഷിഭവനിലേക്ക് 10,000/- രൂപയും സൂക്ഷ്മ മൂലകങ്ങളുടെ വിതരണത്തിനായി തലക്കാട് കൃഷിഭവനിലേക്ക് 5,000/- രൂപയും അനുവദിച്ചു.

ഒരുകോടി ഫലവൃക്ഷ തൈകളുടെ വിതരണം പദ്ധതി 2021-22

തലക്കാട് കൃഷിഭവനിൽ 71,460/- രൂപയുടെയും തിരുനാവായ കൃഷിഭവനിൽ 48,960/- രൂപയുടെയും വെട്ടം കൃഷിഭവനിൽ 48,960/- രൂപയുടെയും തിരൂർ കൃഷിഭവനിൽ 71,460/- രൂപയുടെയും ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു.

ഒരുകോടി ഫലവൃക്ഷ തൈകളുടെ വിതരണം പദ്ധതി 2022-23

തലക്കാട് കൃഷിഭവനിൽ 4,000/- രൂപയുടെയും തിരുനാവായ കൃഷിഭവനിൽ 25,200/- രൂപയുടെയും വെട്ടം കൃഷിഭവനിൽ 1,740/- രൂപയുടെയും തിരൂർ കൃഷിഭവനിൽ 10,000/- രൂപയുടെയും ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു.

സുഗന്ധവിള കൃഷി വികസന പദ്ധതി 2021-22

സുഗന്ധവിളയായ മഞ്ഞൾ കൃഷിയുടെ വികസനത്തിനായി തലക്കാട്, തിരുനാവായ, വെട്ടം കൃഷിഭവനുകളിലേക്ക് 6,250/- രൂപവീതം അനുവദിച്ചു.

സുഗന്ധവിള കൃഷി വികസന പദ്ധതി 2022-23

സുഗന്ധവിളയായ മഞ്ഞൾ കൃഷിയുടെ വികസനത്തിനായി തിരുനാവായ, വെട്ടം കൃഷിഭവനുകളിലേക്ക് 6,250/- രൂപവീതം അനുവദിച്ചു.

നാളികേര വികസന പദ്ധതി 2021-22

കേരഗ്രാമം മൂന്നാം വർഷ പദ്ധതിയിൽ കർഷകർക്ക് ജൈവ/അജൈവ വളങ്ങൾ നൽകുന്നതിനായി സഹായമായി 6,25,000/- രൂപ തിരുനാവായ കൃഷിഭവനിലേക്ക് അനുവദിച്ചു. 100 ഹെക്ടർ സ്ഥലത്തെ 17500 തെങ്ങുകൾക്കാണ് ആനുകൂല്യം നൽകുന്നത്. കൂടാതെ 5033 ഡബ്ല്യൂ.സി.ടി തെങ്ങിൻ തൈകളും 80 കുള്ളൻ തെങ്ങിൻ തൈകളും 640 ഹൈബ്രിഡ് തെങ്ങിൻ തൈകളും കോക്കനട്ട് കൗൺസിൽ പദ്ധതിപ്രകാരം തിരൂർ മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ വിതരണം ചെയ്തു.

നാളികേര വികസന പദ്ധതി 2022-23

കേരരക്ഷാവാരം പദ്ധതിപ്രകാരം പയർ വിത്ത് വിതരണത്തിനായി തലക്കാട് തിരുനാവായ കൃഷിഭവനുകളിലേക്ക് 28,125/- രൂപ വീതവും വെട്ടം കൃഷിഭവനിലേക്ക് 23,625/- രൂപയും തിരൂർ കൃഷിഭവനിലേക്ക് 18,750/- രൂപയും അനുവദിച്ചു. ശീമക്കൊന്ന കമ്പ് വിതരണത്തിനായി തലക്കാട്, തിരുനാവായ, വെട്ടം, തിരൂർ കൃഷിഭവനുകളിലേക്ക് 10,000/- രൂപ വീതവും പരിശീലന പരിപാടിക്കായി 2,000/- രൂപ വീതവും അനുവദിച്ചു. കൂടാതെ 5552 ഡബ്ല്യൂ.സി.ടി. തെങ്ങിൻ തൈകളും 144 കുള്ളൻ തെങ്ങിൻ തൈകളും 336 ഹൈബ്രിഡ് തെങ്ങിൻ തൈകളും കോക്കനട്ട് കൗൺസിൽ പദ്ധതി പ്രകാരം തിരൂർ മണ്ഡലത്തിലെ വിവിധ കൃഷിഭവനുകളിൽ വിതരണം ചെയ്തു. ആതവനാട് കൃഷിഭവനിൽ 33,72,750/- രൂപയുടെ നാളികേര വികസന പദ്ധതിയും നടപ്പിലാക്കി. കൽപ്പകഞ്ചേരി കൃഷിഭവനിൽ നാളികേര വികസന പദ്ധതിയിൽ 12,82,500/- രൂപ അനുവദിച്ചു. ആതവനാട് വളവന്നൂർ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കാൻ 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

നാളികേര വികസന പദ്ധതി പ്രകാരം തെങ്ങിൻ തൈകൾ വിതരണം ചെയ്യുകയും രോഗബാധയേറ്റതും പ്രായാധിക്യംമൂലം വിളവ് കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള ധനസഹായം നൽകുകയും ചെയ്യുന്നു.

## ജൈവകൃഷി വികസന പദ്ധതി 2021-22

ജൈവകൃഷി വികസനത്തിനായി തലക്കാട് കൃഷിഭവനിലേക്ക് 10,000/- രൂപയും തിരൂർ കൃഷിഭവനിലേക്ക് 20,000/- രൂപയും അനുവദിച്ചു.

## ജൈവകൃഷി വികസന പദ്ധതി 2022-23

ജൈവകൃഷി വികസനത്തിനായി തലക്കാട്, തിരുനാവായ കൃഷിഭവനുകളിലേക്ക് 26,250/- രൂപയും വെട്ടം കൃഷിഭവനിലേക്ക് 22,500/- രൂപയും തിരൂർ കൃഷിഭവനിലേക്ക് 19,500/- രൂപയും അനുവദിച്ചു. ടി പദ്ധതിയിൽ പയർ വിത്ത് വിതരണത്തിനായി തലക്കാട്, തിരുനാവായ കൃഷിഭവനുകളിലേക്ക് 8750/- രൂപ വീതവും വെട്ടം കൃഷിഭവനിലേക്ക് 5,000/- രൂപയും തിരൂർ കൃഷിഭവനിലേക്ക് 7,500/- രൂപയും അനുവദിച്ചു.

## എള്ള് കൃഷി വികസനം പദ്ധതി 2021-22

എള്ള് കൃഷി വികസനത്തിനായി തലക്കാട്, തിരുനാവായ, വെട്ടം കൃഷിഭവനകളിലേക്ക് 10,000/- രൂപ വീതം അനുവദിച്ചു.

<u>സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ 2021-22</u>

വാഴക്കൃഷി വികസനത്തിനായി തലക്കാട് കൃഷിഭവനിലേക്ക് 8,400/- രൂപയും തിരുനാവായ കൃഷിഭവനിലേക്ക് 98,973/- രൂപയും (ആകെ 1,07,373 രൂപ) നൽകിയിട്ടുണ്ട്. പുല്ലുവെട്ടി യന്ത്രത്തിനായി തലക്കാട്, തിരുനാവായ, വെട്ടം, തിരൂർ കൃഷിഭവനകളിലേക്ക് 27,762/-, 30,000/-, 23,628/-, 13,500/- രൂപ വീതം അനുവദിച്ചു. കൽപ്പകഞ്ചേരി കൃഷിഭവനിൽ വാഴക്കൃഷിക്ക് 2,29,000/- രൂപ ചെലവഴിച്ചു. പ്ലാവ് കൃഷി വികസനത്തിനായി തലക്കാട് കൃഷിഭവനിലേക്ക് 3,600/- രൂപ അനുവദിച്ചു. പപ്പായ, നെല്ലി, മാവ് എന്നിവയുടെ വികസനത്തിനായി തലക്കാട് കൃഷിഭവനകളിലേക്ക് 2,250/-, 1,800/-, 1,800/- രൂപ വീതം അനുവദിച്ചു. വെറ്റില കൃഷി വികസനത്തിനായി തലക്കാട്, തിരുനാവായ, തിരൂർ കൃഷിഭവനകളിലേക്ക് 92,000/-, 1,08,000,/- 40,000/- രൂപ വീതം അനുവദിച്ചു. ഹൈബ്രിഡ് പച്ചക്കറി കൃഷി വികസനത്തിനായി തലക്കാട് കൃഷിഭവനിലേക്ക് 15,000/- രൂപയും വെട്ടം

കൃഷിഭവനിലേക്ക് 69,000/- രൂപയും അനുവദിച്ചു. മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി 50,000/- രൂപ അനുവദിച്ചു.

<u>സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ 2022-23</u>

വാഴക്കൃഷി വികസനത്തിന് ടോപ്അപ്പ് സബ്സിഡിയായി തലക്കാട് കൃഷിഭവനിലേക്ക് 2,800/- രൂപയും തിരുനാവായ കൃഷിഭവനിലേക്ക് 6,741/- രൂപയും (ആകെ 9,541/- രൂപ) നൽകിയിട്ടുണ്ട്. പുല്ലുവെട്ടി യന്ത്രത്തിനായി തലക്കാട്, തിരുനാവായ, തിരൂർ കൃഷിഭവനുകളിലേക്ക് 28,467/-, 74,450/-, 14,000/- രൂപ വീതം അനുവദിച്ചു. പ്ലാവ് കൃഷി വികസനത്തിനായി തലക്കാട് കൃഷിഭവനിലേക്ക് 3,600/- രൂപ അനുവദിച്ചു. വെറ്റില കൃഷി വികസനത്തിനായി തലക്കാട്, തിരുനാവായ, കൃഷിഭവനുകളിലേക്ക് 60,000/-, 80,000/- രൂപ വീതം അനുവദിച്ചു. കുരുമുളക് പുനരുദ്ധാരണത്തിനായി തലക്കാട്, തിരുനാവായ, വെട്ടം കൃഷിഭവനുകളിലേക്ക് 20,000/- രൂപ വീതം (ആകെ 60,000/- രൂപ) അനുവദിച്ചു. ആന്റിബേർഡ് നെറ്റിനായി തിരുനാവായ കൃഷിഭവനിലേക്ക്

8,750/- രൂപ അനുവദിച്ചു. വെറ്റിലകൃഷി വികസനത്തിന് കൽപ്പകഞ്ചേരി കൃഷിഭവനിൽ 268800 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) തിരൂർ നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കുമോ?

തിരൂർ നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ആത്മ പദ്ധതി പ്രകാരം വിവിധ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. വിവിധ പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ ഒരുക്കൽ, ഫീൽഡ് സന്ദർശന പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കുന്നു.

2. വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം കർഷകരുടെ വിവിധ വിളകൾ ഇൻഷ്വർ ചെയ്യുകയും വിളനാശം സംഭവിച്ച കേസുകളിൽ ഫീൽഡ് വിസിറ്റ് നടത്തി നഷ്ടപരിഹാരം വിതരണം ചെയ്യുകയും ചെയ്യുന്നു.

3. കർഷക പെൻഷൻ അപേക്ഷകൾ സ്വീകരിച്ച് തീർപ്പാക്കുന്നു.

4. പി.എം. കിസാൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നു.

5. രോഗ കീടബാധകൾ കർഷകർ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് ഫീൽഡ് വിസിറ്റ് നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

6. കർഷകരിൽനിന്ന് മണ്ണ് സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് ഉൾപ്പെടെ വിതരണം ചെയ്ത് യോജിച്ച വളപ്രയോഗം ശിപാർശ ചെയ്യുന്നു.

7. കൃഷിക്കൂട്ടാധിഷ്ഠിത ഫാം പ്ലാൻ പദ്ധതിപ്രകാരം ഫാം പ്ലാൻ രൂപീകരണവും ഫാം പ്ലാൻ അടിസ്ഥാനത്തിൽ കർഷകരുടെ വരുമാന വർധനവിനാവശ്യമായ പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരണവും തുടർപ്രവർത്തനങ്ങളും നടത്തിവരുന്നു.

8. രാസവളം, കീടനാശിനി ഡിപ്പോകളിൽ സമയബന്ധിതമായി പരിശോധന നടത്തി വളം, കീടനാശിനി എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

9. ഓരോ പഞ്ചായത്തിലും മികച്ച കർഷകരെ കണ്ടെത്തി ആദരിക്കുകയും ആവശ്യമായ പ്രോത്സാഹനം വർഷംതോറും നൽകി വരികയും ചെയ്യുന്നു.

**മറ്റു പദ്ധതി പ്രവർത്തനങ്ങൾ:**

നെൽകൃഷി വികസന പദ്ധതി

നെൽകൃഷി വികസന പദ്ധതിയിൽ കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുകയും കൂലിച്ചെലവ് ഇനത്തിൽ സബ്സിഡി നൽകുകയും ചെയ്യുന്നു. ഈ വർഷം ഫോളിയാർ ആപ്ലിക്കേഷൻ നെൽകൃഷിയിൽ നടപ്പിലാക്കാൻ പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ തരിശുനിലത്ത് നെൽകൃഷി ചെയ്യുന്നതിന് സബ്സിഡി നൽകാനും തീരുമാനമായിട്ടുണ്ട്.

പച്ചക്കറി വികസന പദ്ധതി

ടി പദ്ധതിപ്രകാരം വിത്ത് വിതരണവും പച്ചക്കറി തൈകളുടെ വിതരണവും നടപ്പിലാക്കുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിക്ക് ആനുകൂല്യം നൽകുന്നുണ്ട്. മഴമറ നിർമ്മിക്കുന്നതിനായി

ആനുകൂല്യം നൽകുന്നു. തുറന്ന സ്ഥലങ്ങളിലെ കൃത്യത കൃഷിക്ക് സബ്സിഡി നൽകുന്നു.

<u>ജൈവ കൃഷിവികസന പദ്ധതി</u>

ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യം നൽകുന്നു.

<u>സുഗന്ധവിള കൃഷി വികസന പദ്ധതി</u>

ഇഞ്ചി, മഞ്ഞൾ കൃഷിക്ക് സബ്സിഡി നൽകുന്നു. ജാതി കൃഷിക്കും കുരുമുളക് കൃഷി വികസനത്തിനും ആനുകൂല്യം നൽകുന്നു.

<u>റാഗി കൃഷി വ്യാപനം</u>

റാഗി കൃഷി വ്യാപിപ്പിക്കുന്നതിനായി കർഷകർക്ക് സൗജന്യമായി റാഗി വിത്ത് വിതരണം ചെയ്യുകയും കൂലിച്ചെലവ് സബ്സിഡി നൽകുകയും ചെയ്യുന്നു.

**സ്മാർട്ട് കൃഷിഭവനുകൾ**

**17 (1641)** <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിപ്രകാരം തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ-27 പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനായി തെരഞ്ഞെടുത്ത കൃഷിഭവനുകൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

(എ&ബി) 2022-23 വർഷത്തെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കൊടുമ്പ്, പട്ടാമ്പി എന്നീ കൃഷിഭവനുകളും പുറമെ ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ-27 പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലംകോട് ബ്ലോക്കിലെ പെരുവെമ്പ് കൃഷി ഭവനെയും സ്മാർട്ട് കൃഷി ഭവനാക്കുന്നതിലേയ്ക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. 2023-24 ൽ പിരിയാരി കൃഷിഭവനേയും തെരഞ്ഞെടുത്തിട്ടുണ്ട്.

**ക്ലീൺ ഗ്രാമം പദ്ധതി**

**18 (1642)** **ശ്രീ. ഡി. കെ. മുരളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന 'ക്ലീൺ ഗ്രാമം' പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്ത തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകൾ

ഏതെല്ലാമാണെന്നും അതിനുവേണ്ടി അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

2022-23-ലെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ധനസഹായത്തോടെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖേനയാണ് കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, വാമനപുരം എന്നീ കാർഷിക ബ്ലോക്കുകളാണ് കൂൺ ഗ്രാമം പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു കൂൺ ഗ്രാമത്തിൽ 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് കൃഷിവകുപ്പ് നൽകുന്നത്. പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(ബി) ഏതെല്ലാം പ്രവർത്തനങ്ങളാണ് 'കൂൺ ഗ്രാമം' പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കാമോ?

കൂൺ ഗ്രാമം പദ്ധതിയിൽ 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരു കൂൺ ഗ്രാമത്തിൽ 100 ചെറുകിട കൂൺ ഉല്പാദന യൂണിറ്റുകൾ, 2 വൻകിട കൂൺ ഉല്പാദന യൂണിറ്റുകൾ, ഒരു സ്പോൺ ഉല്പാദന

യൂണിറ്റ്, 10 കമ്പോസ്റ്റ് യൂണിറ്റുകൾ, 2 പാക്ക് ഹൗസുകൾ, 3 സംസ്കരണ യൂണിറ്റുകൾ, 100 പേർക്ക് പരിശീലനം എന്നിവയാണ് വിവിധ ഘടകങ്ങൾ.

| നമ്പർ | ഘടകം | യൂണിറ്റുകളുടെ എണ്ണം | പദ്ധതി ചെലവ് (ലക്ഷത്തിൽ) | ധനസഹായം (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട കൂൺ ഉല്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 11250 രൂപ) | 100 | 28.1250 | 11.25 |
| 2 | വൻകിട കൂൺ ഉല്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 2,00,000 രൂപ) | 2 | 10.00 | 4.00 |
| 3 | സ്പോൺ ഉല്പാദന യൂണിറ്റ്(40% സബ്സിഡി @ 2,00,000 രൂപ) | 1 | 5.00 | 2.00 |
| 4 | കമ്പോസ്റ്റ് യൂണിറ്റുകൾ (50% സബ്സിഡി @ 50,000 രൂപ) | 10 | 10.00 | 5.00 |
| 5 | പാക്ക് ഹൗസുകൾ (50% സബ്സിഡി @ 2,00,000 രൂപ) | 2 | 8.00 | 4.00 |
| 6 | സംസ്കരണ യൂണിറ്റുകൾ (50% സബ്സിഡി @ 1,00,000 രൂപ) | 3 | 6.00 | 3.00 |
| 7 | പരിശീലനം (പങ്കെടുക്കുന്നവരുടെ എണ്ണം) | 100 | 1.00 | 1.00 |
| | **ആകെ** | | **68.125** | **30.25** |

(സി) വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ നടന്നുവരുന്ന 'കുൺ ഗ്രാമം' പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ കുൺ ഗ്രാമം പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ഇതുകൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തന മാർഗ്ഗരേഖ, പരിശീലന മാന്വൽ എന്നിവയും തയ്യാറാക്കിയിട്ടുണ്ട്.

(ഡി) മറ്റേതെങ്കിലും വകുപ്പുകൾ ഈ പദ്ധതിക്ക് ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് കുൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്കിൽ പ്രസ്തുത വകുപ്പിന്റെ അധിക ധനസഹായം നൽകുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള ഒരു കുൺ ഗ്രാമത്തിന് ധനസഹായമായി 30.25 ലക്ഷം രൂപ കൃഷി വകുപ്പും ശേഷിച്ച പദ്ധതി

തുകയായ 37.875 ലക്ഷം രൂപ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ടോപ്പപ്പ് സബ്സിഡിയായും നൽകുന്നു. ഇതിലൂടെ 100% ധനസഹായം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**മോര്യ കാപ്പ് പദ്ധതി**

**19 (1643)** <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യ കാപ്പ് കാർഷിക പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) കൃഷി വകുപ്പ് തയ്യാറാക്കിയ ഈ പദ്ധതിയുടെ പ്രൊപ്പോസലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ബന്ധപ്പെട്ട ഫയൽ നമ്പറുകൾ സഹിതം വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി മണ്ഡലത്തിൽ ഉൾപ്പെട്ട നന്നമ്പ്ര പഞ്ചായത്തിലെ മോര്യ കാപ്പ് പാടശേഖരം കൃഷിയോഗ്യമാക്കുന്നതുമായി ബന്ധപ്പെട്ട് കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കി

കൃഷി വകുപ്പിന് സമർപ്പിച്ച 233.97 ലക്ഷം രൂപയുടെ പദ്ധതി 19-08-2022-ൽ നടന്ന രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) State Level Sanctioning Committee (SLSC)-യിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ കേന്ദ്രസർക്കാർ കാർഷിക വിളകളായ നെല്ല്, ഗോതമ്പ് എന്നിവയ്ക്ക് ആർ.കെ.വി.വൈ. പദ്ധതിയിൽ ആകെയുള്ള അലോക്കേഷന്റെ 10 ശതമാനത്തിൽ അധികരിക്കരുതെന്ന നിർദ്ദേശം വച്ചതിനാൽ പ്രസ്തുത പദ്ധതി അംഗീകരിക്കപ്പെട്ടുകയുണ്ടായില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പറുകൾ ചുവടെ ചേർക്കുന്നു.

3387265/പി.പി.എം./19/എ.ഡി., പി.പി.എം.സെൽ/15/2022/അഗ്രി.

(സി) ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും ഈ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ?

മോര്യ കാപ്പ് നവീകരണ പദ്ധതിക്ക് ആർ.കെ.വി.വൈ. പദ്ധതിയിൽ ഭരണാനുമതി നൽകിയിട്ടില്ല. എന്നാൽ ചെറുകിട ജലസേചന ഉപവിഭാഗം മാർച്ച് ഏപ്രിൽ മാസത്തോടെ മോര്യ കാപ്പ് പാടശേഖര പ്രദേശത്തെ ജലം

കുറയുന്നതനുസരിച്ച് സ്ഥല പരിശോധനകൾ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**വൈഗ 2020 പരിപാടിയുടെ വരുമാനം**

**20 (1644)** ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തിയ വൈഗ 2020 പരിപാടിയുടെ ടിക്കറ്റ് വില്പനയിലൂടെ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കാമോ?

വൈഗ 2020 പരിപാടിയുടെ ടിക്കറ്റ് വില്പനയിലൂടെ 22.5 ലക്ഷം രൂപയാണ് ലഭിച്ചത്.

(ബി) പ്രസ്തുത തുക വിനിയോഗിച്ച് വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് അറിയിക്കാമോ?

ഉണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് വീടില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. മുഹമ്മദ് അഫ്സൽ
   S/o. മുഹമ്മദ് ഷഹാബുദ്ദീൻ,
   ചെറിയ വീട്ടിൽ,
   വെള്ളാങ്കല്ലൂർ, തൃശ്ശൂർ,
   പിൻ - 680 662,

2. ശ്രീ. സന്തോഷ് പി. വി.,
   പുഴയ്ക്കൽ വീട്,
   ചെറുകുന്ന്, വെട്ടുകാട് പി.ഒ.,
   തൃശ്ശൂർ, പിൻ - 680 014.

3. ശ്രീമതി ആതിര & ശ്രീ. ആകാശ്,
   C/o. ബാലൻ (Late),
   പയറ്റില്ലംപറമ്പത്ത് വീട്,
   പോത്താനി ദേശം,
   എടത്തിരിഞ്ഞി വില്ലേജ്,
   മുകുന്ദപുരം, തൃശ്ശൂർ
   പിൻ - 680 122.

4. ശ്രീമതി മല്ലിക കെ. ആർ,

കണക്കത്ര വീട്, അന്തിക്കാട് പി.ഒ.,

പടിയം വില്ലേജ്, അന്തിക്കാട്,

തൃശ്ശൂർ, പിൻ - 680 641.

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് അനുവദിച്ച തുക വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്പോഴാണ് വിതരണം ചെയ്തതെന്നും ഇല്ലെങ്കിൽ വിതരണം ചെയ്യാത്തതിനുള്ള കാരണവും എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്നും അറിയിക്കാമോ?

ഉണ്ട്. വൈഗ 2020-ലെ ടിക്കറ്റ് വിൽപ്പനയിലൂടെ ലഭിച്ച 22.5 ലക്ഷം രൂപയും കൃഷി ഡയറക്ടറുടെ കാത്തലിക് സിറിയൻ ബാങ്ക് തൃശ്ശൂർ ശാഖയിലെ ബാങ്ക് അക്കൗണ്ടിൽ ഉണ്ടായിരുന്ന തുകയും ചേർത്തുള്ള 22.92259 ലക്ഷം ചെലവഴിച്ച് 4 ഗുണഭോക്താക്കൾക്ക് KLDC മുഖേന വീട് നിർമ്മിക്കുന്നതിന് കൃഷി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഒരു ഗുണഭോക്താവിന് 5.7 ലക്ഷം രൂപ വീതം 4 ഗുണഭോക്താക്കൾക്ക് 22.8 ലക്ഷം രൂപ 25-01-2024-ൽ തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ പേരിൽ ചെക്കായി നൽകിയിട്ടുണ്ട്.

**കൃഷി വകുപ്പിന് പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക**

**21 (1645)** ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ കൃഷി വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്?

സംസ്ഥാനാവിഷ്കൃത പദ്ധതികൾക്കായി 547.46 കോടി രൂപയും കേന്ദ്ര പദ്ധതികൾക്കായുള്ള 40% വിഹിതമായി 130.20 കോടി രൂപയും കേന്ദ്രപദ്ധതികളുടെ ബജറ്റ് വിഹിതമായി 156.30 കോടി രൂപയും ഉൾപ്പെടെ 806.96 കോടി രൂപയാണ് പദ്ധതി ഇനത്തിൽ കൃഷി വകുപ്പിന് അനുവദിച്ചിട്ടുള്ളത്. കൃഷി വകുപ്പ് മുഖേന 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും വകയിരുത്തിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ അനുബന്ധം1+ ആയി ചേർക്കുന്നു.

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് വിവിധ പദ്ധതികൾക്കായി 3916 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ മണ്ണ് സംരക്ഷണ വിഭാഗം മുഖേന 3565

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷം രൂപയുടെ 9 പദ്ധതികളും മണ്ണ് പര്യവേഷണ വിഭാഗം മുഖേന 351 ലക്ഷം രൂപയുടെ 5 പദ്ധതികളും നടപ്പിലാക്കി വരുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവകലാശാലയ്ക്ക് പ്ലാൻ ഫണ്ട് വിഹിതമായി സർക്കാർ 75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) നാളിതുവരെ ഇതിൽ എത്രത്തോളം തുക അനുവദിച്ചുനൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതികളിൽ 27-01-2024 വരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന് വകയിരുത്തിയിട്ടുള്ള 3916 ലക്ഷം രൂപയിൽ നാളിതുവരെ 2228.27 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിൽ 31-01-2024 വരെ 1300.361 ലക്ഷം രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിനിയോഗിച്ച് വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 2 എ+ ആയി ചേർക്കുന്നു.

2023-24 സാമ്പത്തിക വർഷത്തിൽ കേരള കാർഷിക സർവകലാശാലയ്ക്ക് പ്ലാൻ ഫണ്ടിൽ വകയിരുത്തിയ 75 കോടി രൂപയിൽ ആദ്യ ഗഡുവായി 10 കോടി രൂപ ലഭിച്ചു. 31-01-2024 വരെയുള്ള ആകെ ചെലവ് 104.42815 ലക്ഷമാണ്. വിശദാംശങ്ങൾ അനുബന്ധം-2 ബി+ ആയി ചേർക്കുന്നു.

**വൈഗ പദ്ധതി**

**22 (1646) <u>ശ്രീ. കെ. പ്രേംകുമാർ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈഗ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണം, മൂല്യവർധനവ്, വിപണനം എന്നീ മേഖലകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്തുന്നതിനും പുതു സംരംഭകരെ കാർഷിക മേഖലയിലേക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആകർഷിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് 2016 മുതൽ വൈഗ (VAIGA – Value Addition for Income Generation in Agriculture) സംഘടിപ്പിച്ചുവരുന്നു. 2016-ൽ തിരുവനന്തപുരത്തും അതിന് ശേഷമുള്ള വർഷങ്ങളിൽ തൃശ്ശൂരിലും 2023 ഫെബ്രുവരിയിൽ തിരുവനന്തപുരത്തും വൈഗ സംഘടിപ്പിച്ചിരുന്നു.

2016-ൽ വൈഗ തുടങ്ങുമ്പോൾ പ്രദർശനവും സെമിനാറുകളും മാത്രമായിരുന്നിടത്തുനിന്നും തുടർ വർഷങ്ങളിൽ ബിസിനസ്സ് മീറ്റ്, ഹാക്കത്തോൺ, ഡി.പി.ആർ. ക്ലിനിക്കുകൾ തുടങ്ങിയ പരിപാടികൾകൂടി സംഘടിപ്പിച്ചിരുന്നു. മൂല്യവർധനവിലൂന്നിയുള്ള കാർഷിക നേട്ടങ്ങൾ പ്രതിപാദിക്കുന്ന കാർഷിക പ്രദർശന സ്റ്റാളുകൾ വൈഗ കാർഷിക പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നതിൽനിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് നിരവധി കർഷകർ, ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, കൃഷിക്കൂട്ടങ്ങൾ, കർഷക ഗ്രൂപ്പുകൾ എന്നിവ ഭക്ഷ്യ സംസ്കരണത്തിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിലും കൂടുതൽ താൽപ്പര്യം കാണിക്കുന്നുണ്ട്. 2023-ലെ വൈഗയുടെ ഭാഗമായി കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗിനുള്ള നടപടികളും

കൈക്കൊള്ളുകയുണ്ടായി. കേരളാഗ്രോ ബ്രാൻഡിൽ കൃഷി വകുപ്പിന് കീഴിലുള്ള വിവിധ ഫാമുകളിലെ ഉല്പന്നങ്ങൾ ആമസോൺ വഴിയും ഫ്ലിപ്പ്കാർട്ട് വഴിയും നിലവിൽ വിപണനം നടത്തിവരുന്നു. ബ്രാൻഡിംഗിന്റെ ഭാഗമായി ഉല്പന്നങ്ങളുടെ പാക്കിംഗിൽ പ്രൊഫഷണലിസം കൊണ്ടുവരാനായി സംരംഭകരെ പ്രാപ്തരാക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു.

കർഷകർക്കും പൊതുജനങ്ങൾക്കും പുതുസംരംഭകർക്കും കാർഷിക മേഖലയിലെ അത്യാധുനിക സാങ്കേതിക മുന്നേറ്റങ്ങൾ അടുത്തറിയുന്നതിനും കാർഷിക വിദഗ്ധർക്ക് പുതിയ സാങ്കേതികവിദ്യകൾ പങ്കിടുന്നതിനുമുള്ള വേദിയൊരുക്കുക എന്ന ലക്ഷ്യം വൈഗയിലൂടെ നിറവേറ്റപ്പെടുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റ് നടത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി വിപണിയിൽ നേരിട്ട് എത്തിക്കുന്നതിനും അതിന്റെ പ്രയോജനം കർഷകർക്ക് പൂർണ്ണമായി ലഭിക്കുന്നതിനും വൈഗ വെബ്സൈറ്റ് വഴി

രജിസ്ട്രേഷൻ പൂർത്തിയാക്കിയ ഉല്പാദകരെയും സംരംഭകരെയും വ്യവസായികളെയും വ്യാപാരികളെയും ഉൾപ്പെടുത്തി 2023 വൈഗയുടെ ഭാഗമായി ബിസിനസ്സ് മീറ്റ് (ബി2 ബി) സംഘടിപ്പിച്ചിരുന്നു. ഇതിന്റെ വിജയത്തെത്തുടർന്ന് എല്ലാ ജില്ലകളിലും ബിസിനസ്സ് മീറ്റ് നടത്തുന്നതിന്റെ മുന്നോടിയായി ആലപ്പുഴ ജില്ലയിലെ ഹരിപ്പാടുവച്ച് നടന്ന കൃഷി ദർശന്റെ ഭാഗമായും ചേർത്തലവച്ച് നടന്ന കരപ്പുറം കാഴ്ചയുടെ ഭാഗമായും ബിസിനസ്സ് മീറ്റ് സംഘടിപ്പിച്ചിരുന്നു. ഹരിപ്പാട് കൃഷി ദർശന്റെ ഭാഗമായി സംഘടിപ്പിച്ച ബി2 ബി മീറ്റിൽ സംരംഭകർക്ക് 323.26250 ലക്ഷം രൂപയുടെ ബിസിനസ്സുണ്ടാക്കി നൽകാൻ സാധിച്ചു. കരപ്പുറം കാഴ്ചയുടെ ഭാഗമായി സംഘടിപ്പിച്ച ബി2 ബി മീറ്റിൽ സംരംഭകർക്ക് 114.30380 ലക്ഷം രൂപയുടെ ബിസിനസ്സുണ്ടാക്കി നൽകാൻ സാധിച്ചു. നടപ്പുസാമ്പത്തിക വർഷം കോഴിക്കോട്, എറണാകുളം ജില്ലകളിൽ ബിസിനസ്സ് മീറ്റ് സംഘടിപ്പിക്കുന്നതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു. മറ്റ് ജില്ലകളിലും ബിസിനസ്സ് മീറ്റ് നടത്തുന്നത് പരിഗണനയിലുണ്ട്.

**കേന്ദ്ര വിഹിതം കുടിശ്ശികയായ പദ്ധതികൾ**

**23 (1647)** <u>**ശ്രീ. ഐ. സി. ബാലകൃഷ്ണൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ളതിൽ എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നിർവഹണം നടത്തുന്ന വിവിധ പദ്ധതികളിൽ ബയോഗ്യാസ് വികസന പദ്ധതിയിൽ മാത്രം കേന്ദ്രസർക്കാരിൽനിന്നും ആകെ 286.647 ലക്ഷം രൂപ കുടിശ്ശികയായി ലഭിക്കാനുണ്ട്.

(ബി) ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ബയോഗ്യാസ് വികസന പദ്ധതിക്ക് റീഇംബേഴ്സ്മെന്റ് അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ തുക അനുവദിച്ചിരുന്നത്. പദ്ധതി നിർവഹണം പൂർത്തീകരിച്ച് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്ത്

സാക്ഷ്യപ്പെടുത്തിയ കണക്കുകൾ കേന്ദ്രസർക്കാരിന് നൽകിയാൽ മാത്രമേ തുക അനുവദിക്കുകയുള്ളൂ. മാത്രമല്ല 2011-12 വർഷം പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിന് അനുവദിച്ച തുകയുടെ വിനിയോഗം വൈകിയതാണ് പിന്നീടുള്ള വർഷങ്ങളിൽ തുക ലഭിക്കാതിരിക്കാൻ കാരണമായത്.

(സി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ച് നൽകാത്ത എത്ര പദ്ധതികളുണ്ട്; അവ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും ലഭിക്കാനുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ?

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും മറ്റു ബന്ധപ്പെട്ട രേഖകളും സമർപ്പിച്ചിട്ടും തുക ലഭിക്കാത്തത് ബയോഗ്യാസ് വികസന പദ്ധതിയിൽ മാത്രമാണ്. ഈ പദ്ധതിയിൽ ലഭിക്കാനുള്ള തുക താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നം | വർഷം | വിഭാഗം | കുടിശ്ശിക തുക (ലക്ഷം രൂപ) |
|---|---|---|---|
| 1 | 2014-15 | പട്ടികജാതി | 5.16 |
| 2 | 2015-16 | പട്ടികജാതി | 3.83 |
| 3 | 2016-17 | പട്ടികജാതി | 3.096 |

| | | | |
|---|---|---|---|
| 4 | 2018-19 | എല്ലാ വിഭാഗങ്ങളും | 132.311 |
| 5 | 2019-20 | എല്ലാ വിഭാഗങ്ങളും | 84.708 |
| 6 | 2020-21 | എല്ലാ വിഭാഗങ്ങളും | 57.542 |
| | ആകെ | | 286.647 ലക്ഷം രൂപ |

**കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ**

**24 (1648)** ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ തീരദേശ മണ്ണ് കുറുന്തോട്ടി, തുളസി എന്നിവയുടെ വളർച്ചയ്ക്ക് വളരെ അനുയോജ്യമാണെന്ന് ഈയിടെ മതിലകം ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ തെളിയിച്ചിട്ടുള്ള സാഹചര്യത്തിൽ മറ്റു പഞ്ചായത്തുകളിലേക്കുകൂടി പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതി/തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതി എന്നിവ പ്രകാരമുള്ള ആനുകൂല്യങ്ങൾ സമന്വയിപ്പിച്ചുകൊണ്ടാണ് കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ

കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ കൃഷി വകുപ്പ് നടപ്പാക്കിയത്. കൂടാതെ MNREGS പദ്ധതിയുടെ ആനുകൂല്യങ്ങളും ലഭ്യമാക്കിയിരുന്നു.

ഈ സാമ്പത്തിക വർഷത്തിൽ ഔഷധസസ്യ വികസന പദ്ധതിയിൻകീഴിൽ Cluster based cultivation of Medicinal plant എന്ന ഘടകത്തിൽ 40-50 കർഷകരുടെ ഗ്രൂപ്പുകൾക്ക് ഒരു ഹെക്ടറിന് 1.25 ലക്ഷം രൂപ സബ്സിഡി നൽകിവരുന്നു. പ്രസ്തുത ഘടകത്തിൽ സംസ്ഥാനത്ത് ആകെ 65 ഹെക്ടറിന് 81.25 ലക്ഷം രൂപയും ആയതിൽ തൃശ്ശൂർ ജില്ലയ്ക്ക് 8.75 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കുറുന്തോട്ടി വനം, തുളസി വനം പദ്ധതികൾ തൃശ്ശൂർ ജില്ലയിലെ മറ്റ് പഞ്ചായത്തുകളിൽക്കൂടി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിലെ ഹരിത കേരളം പദ്ധതി**

**25 (1649)** <u>**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

പൂഞ്ഞാർ മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി കാർഷിക പരിസ്ഥിതി പുനഃസ്ഥാപന മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

<u>പച്ചത്തുരുത്ത്</u>

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും സസ്യങ്ങളും ഉൾപ്പെടുത്തി സ്വാഭാവിക വന മാതൃകകൾ സൃഷ്ടിച്ചെടുത്ത് സംരക്ഷിക്കുക എന്നതാണ് പച്ചത്തുരുത്ത് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ പദ്ധതി മുഖ്യമായും നടപ്പിലാക്കുന്നത്. പൂഞ്ഞാർ മണ്ഡലത്തിൽ ഹരിത കേരളം മിഷന്റെ ഭാഗമായി തയ്യാറാക്കിയ 13 പച്ചത്തുരുത്തുകൾ നിലനിൽക്കുന്നുണ്ട്.

ഹരിത കേരളം പദ്ധതിയിലെ ഹരിത സമൃദ്ധി ഘടകത്തിൽ ഉൾപ്പെടുത്തി പൂഞ്ഞാർ പഞ്ചായത്തിൽ വാർഡ് 5-ലെ എല്ലാ വീടുകളിലും പച്ചക്കറി തൈ, കറിവേപ്പിൻ തൈ എന്നിവയുടെ വിതരണം നടത്തുകയും 4 ഹെക്ടറിൽ വിജയകരമായി കൃഷി ചെയ്യുകയും ചെയ്തു. കൂടാതെ, ദേവഹരിതം ഘടകത്തിൽ ഉൾപ്പെടുത്തി പൂഞ്ഞാർ ഗ്രാമപഞ്ചായത്തിൽ 0.2 ഹെക്ടർ സ്ഥലത്തും കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിൽ 0.72 ഹെക്ടർ സ്ഥലത്തും പച്ചക്കറി, വാഴ എന്നിവ കൃഷി ചെയ്യുകയും ചെയ്തു.

(ബി) പരിസ്ഥിതി സൗഹൃദ നെൽകൃഷി, ജൈവ കൃഷി പ്രോത്സാഹനം എന്നിവയ്ക്കായി മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പരിസ്ഥിതി സൗഹൃദ കൃഷിക്കായി ജൈവ കൃഷി മിഷൻ ആരംഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹനത്തിനായി 5.55872 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഫിഷ് അമിനോ ആസിഡ് മുതലായ ജൈവ ഉല്പാദനോപാധികളുടെ നിർമ്മാണം, പച്ചില വളവിത്തു വിതരണം,

പ്രദർശനത്തോട്ടം പരിശീലന പരിപാടി, പഠനയാത്ര തുടങ്ങിയ ഘടകങ്ങൾക്കായാണ് പ്രസ്തുത തുക ചെലവഴിച്ചിരിക്കുന്നത്.

(സി) ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിന് അടുത്ത സാമ്പത്തിക വർഷം മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കൂടുതൽ സ്ഥലങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കുന്നതിനായി അടുത്ത സാമ്പത്തിക വർഷം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

തരിശുരഹിത ഗ്രാമം

കൃഷിയോഗ്യമായ പാടങ്ങളിലേയും കരഭൂമിയിലേയും തരിശുഭൂമി കണ്ടെത്തി അവയിൽ ഉടനടി കൃഷി ചെയ്യാൻ കഴിയുന്നതും ലഭ്യവുമായ ഭൂമിയിൽ അനുയോജ്യമായ വിള കൃഷി ചെയ്ത് ഭക്ഷ്യോല്പാദനം പരമാവധി വർദ്ധിപ്പിക്കുക എന്നതാണ് ഈ കാമ്പയിന്റെ ലക്ഷ്യം. തരിശുരഹിത ഗ്രാമം

കാമ്പയിനുവേണ്ടി പൂഞ്ഞാർ മണ്ഡലത്തിൽനിന്നും തിടനാട്, എരുമേലി എന്നീ ഗ്രാമപഞ്ചായത്തുകൾ നിലവിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

ഹരിത സമൃദ്ധി വാർഡ്

പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുക എന്നതാണ് ഈ കാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ കൃഷിഭവനുകളുടെ പരിധിയിലുള്ള ചുരുങ്ങിയത് ഒരു വാർഡിലെയെങ്കിലും മുഴുവൻ വീടുകളിലും അനുയോജ്യമായ രീതിയിൽ പച്ചക്കറിതൈകൾ നട്ടുവളർത്തുക എന്നതാണ് ഈ കാമ്പയിൻകൊണ്ട് ഉദ്ദേശിക്കുന്നത്. പൂഞ്ഞാർ മണ്ഡലത്തിലെ തിടനാട്, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര എന്നീ ഗ്രാമപഞ്ചായത്തുകളിൽനിന്നും ഓരോ വാർഡുവീതം ഹരിതസമൃദ്ധി വാർഡ് കാമ്പയിനുവേണ്ടി നിലവിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷം പൂഞ്ഞാർ മണ്ഡലത്തിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക വകയിരുത്തിയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ?

നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ വിവിധ കൃഷിഭവനകൾക്കായി 95.79860 ലക്ഷം രൂപ അനുവദിക്കുകയും 74.87881 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി തിരിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**കേരഗ്രാമം പദ്ധതി**

**26 (1650)** <u>ശ്രീ. പി. വി. ശ്രീനിജിൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ കേരഗ്രാമത്തിന് ഒന്നാം വർഷവും (2022-23) രണ്ടാം വർഷവും (2023-24) നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുന്നത്തുനാട് മണ്ഡലത്തിലെ കേരഗ്രാമത്തിന് ഇതുവരെ അനുവദിച്ച തുകയും വിനിയോഗിച്ച തുകയും ചുവടെ ചേർക്കുന്നു.

ഒന്നാം വർഷം അനുവദിച്ച തുക ₹ 22,97,000/-

വിനിയോഗിച്ച തുക - ₹ 22,97,000/-

രണ്ടാം വർഷം അനുവദിച്ച തുക ₹ 8,00,000 /-

വിനിയോഗിച്ച തുക - ₹ 8,00,000/-

(സി) പ്രസ്തുത മണ്ഡലത്തിലെ കൂടുതൽ ഗ്രാമപഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

തുടർച്ചയായ 100 ഹെക്ടർ തെങ്ങിൻ പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. കീടരോഗബാധ കൂടുതലുള്ള പ്രദേശത്തിന് മുൻഗണന നൽകുന്നതാണ്. കുന്നത്തുനാട് മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ മാനദണ്ഡങ്ങൾ പാലിച്ച് കേരഗ്രാമം പദ്ധതി വരുംവർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി**

**27 (1651)** **ശ്രീ. കെ. ഡി. പ്രസേനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തികൾക്ക് ചെലവായ തുക, അവയുടെ പുരോഗതി എന്നിവ സംബന്ധിച്ച് വിശദമാക്കുമോ?

ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് എന്നീ നിർവഹണ ഏജൻസികൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പുതുതായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുഴൽമന്ദം, വണ്ടാഴി എന്നീ കൃഷിഭവൻ പരിധിയിലെ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള 600 ലക്ഷം രൂപയുടെ പ്രൊപ്പോസലും ആലത്തൂർ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള പ്രൊപ്പോസലും ആർ.ഐ.ഡി.എഫ്. XXIX-ൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിൽ സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

**കേരൾ അഗ്രോ ഓൺലൈൻ വിപണന പദ്ധതി**

**18 (1652)** ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേരൾ അഗ്രോ' ഓൺലൈൻ വിപണന പദ്ധതി പ്രകാരം നാളിതുവരെ ലഭിച്ച വിറ്റുവരവ് എത്രയാണെന്ന വിവരം അറിയിക്കാമോ?

'കേരളഗ്രോ' പദ്ധതിപ്രകാരം കൃഷി വകുപ്പിന്റെ കീഴിലുള്ള 21 ഫാമുകളിൽനിന്നും സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മണ്ണുത്തിയിൽ നിന്നുമായി 193 ഉല്പന്നങ്ങൾ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഓൺലൈൻ സൈറ്റുകൾ മുഖാന്തരം വിൽപ്പന നടത്തിയതിൽനിന്നും നാളിതുവരെ 2,53,211/- രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി കൂടുതൽ വ്യാപിപ്പിക്കുന്നതിനും ജനകീയമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കൃഷി വകുപ്പിന്റെ കീഴിലുള്ള കൂടുതൽ ഫാമുകളുടെ ഉല്പന്നങ്ങൾ കേരളഗ്രോ ബ്രാൻഡിന്റെ കീഴിൽ കൊണ്ടുവരുന്നതിനും ഫാമുകളുടെ ഉല്പന്നങ്ങൾ ഓൺലൈൻ വിപണിവഴി വിപണനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫാം ഇൻഫർമേഷൻ ബ്യൂറോ വിവിധ പത്ര മാധ്യമങ്ങൾ വഴിയും കേരള കർഷകൻ മാസികയിലൂടെയും റേഡിയോ പരസ്യങ്ങളിലൂടെയും കേരളഗ്രോ ബ്രാൻഡ് ഉല്പന്നങ്ങളുടെ പ്രചാരണത്തിനായിട്ടുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

ഈ പദ്ധതി കൂടുതലായി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി കർഷകർ, കൃഷികൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ, FPO, FPC-കൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൾപ്പടെയുള്ള കാർഷിക ഉല്പന്നങ്ങൾക്ക് 'ഒരു കൃഷിഭവൻ ഒരു ഉല്പന്നം' എന്ന ലക്ഷ്യം കണ്ടെത്തി "കേരളഗ്രോ" ബ്രാൻഡിംഗ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കേരളഗ്രോ ബ്രാൻഡിംഗ് സംവിധാനംവഴി കർഷകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ മുഖാന്തരവും പുതുതായി ആരംഭിക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ എന്നിവ വഴിയും ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിക്കും.

ഉല്പന്നങ്ങൾ "കേരളഗ്രോ" ബ്രാൻഡ് ചെയ്യുന്നതിനും, ഓൺലൈൻ വിപണത്തിനുമായി 40 ലക്ഷം രൂപയും എല്ലാ ജില്ലയിലും ഓരോ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പും ഫാം പ്ലാൻ സൂപ്പർ മാർക്കറ്റും തുടങ്ങുന്നതിനായി 280 ലക്ഷം രൂപയും 2023-24 വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ ആർ.ഐ.ഡി.എഫ്. പദ്ധതി**

**29 (1653)** **ശ്രീ. ജോബ് മൈക്കിൾ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (ആർ.ഐ.ഡി.എഫ്) പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി മണ്ഡലത്തിൽ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല.

**കാർഷിക മേഖലയുടെ വികസനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ**

**30 (1654)** <u>ശ്രീ. കെ. ബാബു (നെന്മാറ):</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയുടെ വികസനത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതികളിലൂടെ കർഷകർക്ക് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

(എ&ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം

വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി നേട്ടങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

A. സംസ്ഥാന പദ്ധതികൾ:

1. <u>കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം</u>

വിളയധിഷ്ഠിത സമീപനത്തിൽ നിന്നുമാറി സംയോജിത-ബഹുവിള കൃഷി സമ്പ്രദായത്തിലേക്കുള്ള മാറ്റത്തിലൂടെ കൈവശഭൂമി വികസിപ്പിക്കുക എന്നതാണ് ഈ സമീപനത്തിന്റെ പ്രധാന ലക്ഷ്യം. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കി ലഭ്യമായ വിഭവശേഷി ശാസ്ത്രീയമായ രീതിയിൽ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന 3 പദ്ധതികൾ താഴെ പറയുന്നവയാണ്:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(i) കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ ഉല്പാദന പൂർവ്വ പിന്തുണ ഉൾപ്പെടെ.

(ii) ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.

(iii) കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല/മൂല്യശൃംഖല വികസത്തിനായുള്ള പദ്ധതി.

2. നെൽക്യഷി വികസന പദ്ധതി

തരിശുനില കൃഷി, ഒരുപൂ കൃഷി ഇരുപ്പൂ കൃഷിയിലേക്ക് മാറ്റുക മുതലായ പരിപാടികളിലൂടെ വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽക്യഷി വികസനത്തിനായി ഉല്പാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി എന്നിവയാണ് നെൽക്യഷി വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

3. പച്ചക്കറി വികസനം

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉല്പാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പരിപാടി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാനസൗകര്യ വികസനം - മഴമറ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

4. നാളികേര വികസനം

ഉയർന്ന ഉല്പാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക എന്നതാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

സമഗ്രമായ നാളികേര പുനരുജ്ജീവനവും നടീൽ പരിപാടികളും - നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും കേരരക്ഷാവാരം, കേരഗ്രാമം

പ്രവർത്തനങ്ങൾ, വിത്തുതേങ്ങ സംഭരണവും തെങ്ങിൻ തൈ ഉല്പാദനവും എന്നീ ഘടകങ്ങളാണ് നടപ്പിലാക്കിവരുന്നത്.

5. ജൈവ കൃഷിയും ഉത്തമ കൃഷി രീതികളും

വിഷരഹിത ആരോഗ്യകരമായ ഭക്ഷണത്തിന്റെ ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ജൈവകൃഷി രീതികൾ പരിശീലിക്കുന്ന കർഷകർക്ക് അവരുടെ പ്രീമിയം ഉല്പന്നങ്ങൾക്ക് അധിക വിലയുടെ നേട്ടം നൽകുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു.

6. കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി

കുട്ടനാട് മേഖലയിലെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും പരമ്പരാഗത പെട്ടിയും പറയും സമ്പ്രദായം മാറ്റി പകരം വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പ്/ സബ്മേഴ്സിബിൾ പമ്പ്സെറ്റുകൾ (10-50 എച്ച്.പി.) എന്നിവ സ്ഥാപിക്കുന്നതിനും അതിനായി ഉയർന്ന തിട്ടകൾ നിർമ്മിക്കുന്നതിനും അതിലൂടെ ഈ മേഖലയിലെ കർഷകർക്ക് സഹായകരമാകുന്നതിനും പദ്ധതികൾ നടപ്പാക്കിവരുന്നു.

7. കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും

കർഷകർക്ക് സുദൃഢവും ഉയർന്നതുമായ വരുമാനം ഉറപ്പാക്കുന്നതിനുവേണ്ടി കാർഷികോല്പന്നങ്ങൾക്കായി മികച്ച രീതിയിൽ രൂപകല്പന ചെയ്തതും കാര്യക്ഷമവുമായി വിപണന സംവിധാന വികസനത്തിനും വിളവെടുപ്പിനുശേഷമുള്ള നഷ്ടം തടയുന്നതിനും ഉയർന്ന വില ഉറപ്പുവരുത്തുന്നതിനുമായി മൂല്യവർധനവിന്റെ പ്രോത്സാഹനം തുടങ്ങിയവയ്ക്ക് ഊന്നൽ നൽകി ഈ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വില കുറയുന്ന സാഹചര്യത്തിൽ 16 ഇനം പച്ചക്കറികൾക്കും പഴങ്ങൾക്കും പ്രഖ്യാപിച്ച അടിസ്ഥാന വില കർഷകന് ലഭ്യമാക്കുന്നതിന് അടിസ്ഥാന വില പദ്ധതി നടപ്പാക്കിവരുന്നു.

കാർഷിക മേഖലയിലെ സംരംഭകത്വത്തിലും മൂല്യവർധനയിലും നൂതന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് സഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ വിളവെടുപ്പിനുശേഷമുള്ള പരിപാലനവും മൂല്യവർധനവും എന്ന പദ്ധതി നടപ്പാക്കിവരുന്നു.

8. <u>വരുമാനം ഉറപ്പാക്കലും നഷ്ട സാധ്യതാ ലഘൂകരണവും</u>

നഷ്ടസാധ്യത ലഘൂകരിക്കാനുള്ള നടപടികൾ സ്വീകരിച്ചും കർഷകർക്ക് തങ്ങളുടെ വിളയിൽനിന്നും പ്രതീക്ഷിക്കുന്ന വരുമാനം ഉറപ്പുവരുത്തുന്നതിനും പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടായാൽ നഷ്ടപരിഹാരം നൽകുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു.

9. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും

കൃഷി വകുപ്പിന്റെ കീഴിലുള്ള 64 ഫാമുകൾ മുഖേനയും മൂന്നു ടിഷ്യൂകൾച്ചർ ലാബുകൾ മുഖേനയും നെല്ല്, പച്ചക്കറി, തെങ്ങ്, ഫലവർഗ്ഗ വിളകൾ, സുഗന്ധ വിളകൾ മുതലായവയുടെ മേൽത്തരം നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിവിധ പദ്ധതികളുടെ ഭാഗമായി കർഷകർക്ക് ലഭ്യമാക്കുന്നു.

10. മണ്ണിന്റെയും വിളകളുടെയും ആരോഗ്യപരിപാലവും ഉല്പാദനക്ഷമത ഉയർത്തലും

കേരളത്തിൽ 90% മണ്ണും അമ്ല സ്വഭാവമുള്ളതാണ്. ഇതിന് പരിഹാരമായി മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ കുമ്മായ വസ്തുക്കളും സൂക്ഷ്മ ദ്വിതീയ മൂലകങ്ങളും സൗജന്യ നിരക്കിൽ കർഷകർക്ക് നൽകി മണ്ണിന്റെ വിള ഉല്പാദനശേഷി വർദ്ധിപ്പിച്ചു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുന്ന

പരിപാടി പുരോഗമിക്കുന്നു. ഇത് സമീകൃത വളപ്രയോഗത്തിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനും സാഹചര്യമൊരുക്കുന്നു.

11. <u>വിള ആരോഗ്യപരിപാലനം</u>

സുസ്ഥിര കൃഷി വികസനത്തിന്റെ പ്രധാന ഘടകമായ വിള ആരോഗ്യ പരിപാലന പദ്ധതിയിൽ കീടരോഗ നിരീക്ഷണ പ്രവർത്തനങ്ങൾ, സസ്യ ആരോഗ്യ ക്ലിനിക്കുകൾ, കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ് (KCPM) മുഖേനയുള്ള കീടരോഗ നിരീക്ഷണം, കീടരോഗബാധ നിയന്ത്രിക്കുന്നതിനുള്ള പ്രകൃതി സൗഹാർദ്ദ മാർഗ്ഗനിർദ്ദേശ ബുള്ളറ്റിനുകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

12. <u>ലബോറട്ടറികളുടെ ആധുനികീകരണം</u>

കാർഷിക സമൂഹത്തിനുവേണ്ടി കൃഷി വകുപ്പ് നൽകിവരുന്ന പ്രധാന സേവനങ്ങൾ ഫലഭൂയിഷ്ഠത കണക്കാക്കുന്നതിനായുള്ള മണ്ണ് പരിശോധന, വളങ്ങളുടെ പരിശോധന, കീടനാശിനി പരിശോധന, ഉല്പാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയാണ്. BMFC-യുടെ ശക്തിപ്പെടുത്തൽ, രാസവസ്തുക്കളും ഉപകരണങ്ങളും

വാങ്ങുന്നതിനും വാഹനചെലവും ഉൾപ്പെടെയുള്ള പ്രവർത്തന ചെലവ് എന്നിവയാണ് ആധുനികവത്കരണത്തിന്റെ പ്രധാന ഘടകങ്ങൾ.

13. ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം

കാർഷിക തൊഴിലാളിക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് കാർഷിക മേഖലയിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നതിനും തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും കാർഷിക കർമ്മസേനകളും അഗ്രോ സർവ്വീസ് സെന്ററുകളും രൂപീകരിച്ച് കർഷകരുടെ കൃഷിയിടങ്ങളിൽ സമയബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു. കൂടാതെ ഇവയെ സംയോജിപ്പിച്ച് കാർഷിക മേഖലയിലെ സ്വയംസഹായ ഗ്രൂപ്പുകളായി (കൃഷിശ്രീ സെന്ററുകൾ) വികസിപ്പിക്കുന്നതിനും എല്ലാ സേവനങ്ങളും ഏകജാലക സംവിധാനത്തിലൂടെ നൽകുന്നതിനും പദ്ധതി നടപ്പാക്കിവരുന്നു.

14. മറ്റു പദ്ധതികൾ

a. കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO):

കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതയും മൂല്യവർദ്ധനവും ലക്ഷ്യമിട്ട് അവരുടെ പങ്കാളിത്തത്തോടെ ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) 07-08-2023-ന് രൂപീകൃതമായി.

b. മൂല്യവർദ്ധിത കൃഷി മിഷൻ (VAAM):

കൃഷിക്കാരുടെ വരുമാനം, കാർഷികോല്പാദനക്ഷമത, ഉല്പന്ന സംസ്കരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നും മറ്റ് അനുബന്ധ മേഖലയിൽനിന്നുമുള്ള വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചു.

c. ജൈവകൃഷി മിഷൻ:

സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ നടത്തുന്നതിനും ലക്ഷ്യമിട്ട് ജൈവകൃഷി മിഷൻ രൂപീകരിച്ചു. ഓരോ വർഷവും

തെരെഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ 10000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്.

d. പോഷക സമൃദ്ധി മിഷൻ:

കേരള ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രധാന്യം നൽകി കാർഷിക പാരിസ്ഥിതിക പ്രദേശങ്ങൾ അടിസ്ഥാനമാക്കി പോഷക പ്രധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 13-09-2023-ന് പോഷകസമൃദ്ധി മിഷൻ രൂപീകരിച്ചു. സംസ്ഥാനത്തെ 75 ലക്ഷം കുടുംബങ്ങളെ പോഷകസമൃദ്ധി മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിടുന്നു. കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ സഹായത്തോടെ ന്യൂട്രീഷണൽ പ്ലേറ്റ് തയ്യാറാക്കും.

e. കാർബൺ തുലിത കൃഷി:

പരിസ്ഥിതി സൗഹാർദ്ദമായ പുനരുജ്ജീവനം മുന്നിൽ കണ്ടുകൊണ്ട് കാർബൺ തുലിത കൃഷിരീതി നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം. ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ ആദ്യത്തെ കാർബൺ ന്യൂട്രൽ

ഫാമായി 2022 ഡിസംബർ 10-ന് പ്രഖ്യാപിച്ചു. തെരെഞ്ഞെടുത്ത 14 ഫാമുകൾ കൂടി കാർബൺ ന്യൂട്രൽ തുലിതമാക്കുന്നതിനും നടപടി സ്വീകരിച്ചു. ആതിരപ്പള്ളി ട്രൈബൽ മേഖലയ്ക്കും അവിടത്തെ ഉല്പന്നങ്ങൾക്കും കാർബൺ തുലിത സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

f. ചെറുധാന്യ കൃഷി:

ചെറുധാന്യ കൃഷി വിസ്തൃതി വികസനം - 425 ഹെക്ടർ അധികമായി കൃഷി ചെയ്യുന്നതിനായി 85 ലക്ഷം രൂപ വകയിരുത്തി. 225 മെട്രിക് ടൺ അധികം ഉല്പാദനം ലക്ഷ്യമിടുന്നു. ചെറുധാന്യ സംസ്കരണ യൂണിറ്റിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 152 മുൻനിര പ്രദർശന തോട്ടങ്ങൾ, ഒന്നിന് 25000 രൂപ വീതം ആനുകൂല്യം നൽകി നടപ്പിലാക്കുന്നു. ഇന്ത്യൻ ഇൻസിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരാണാപത്രം ഒപ്പുവച്ചു. RKVY പദ്ധതിയുടെ ഭാഗമായി 3500 ഹെക്ടർ സ്ഥലത്ത് ചെറുധാന്യകൃഷി, 6 ചെറുകിട മില്ലറ്റ്സ് സംസ്കരണ യൂണിറ്റുകൾ, 14 മില്ലറ്റ് കഫേകൾ എന്നിവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

g. കേരളാഗ്രോ:

സംസ്ഥാനത്തെ ഏതൊരു കർഷകനും അവരുടെ ഉല്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി കേരളാഗ്രോ ബ്രാൻഡിൽ വിവിധ ഓൺലൈൻ/ ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വില്പന നടത്തുന്നതിന് അനുമതി നൽകുന്നതാണ്. 205 കൃഷി വകുപ്പ് ഉല്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഫ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കി.

h. <u>കൃഷിദർശൻ</u>:

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ജനപ്രതിനിധികളും കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുമായി സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹാരം കാണുന്ന പുതിയ പദ്ധതിയാണ്. ഒല്ലൂക്കര, തലശ്ശേരി, നെടുമങ്ങാട്, ഹരിപ്പാട് എന്നീ ബ്ലോക്കുകളിൽ കൃഷി ദർശൻ നടപ്പിലാക്കി.

i. <u>സോഷ്യൽ ഓഡിറ്റ്</u>:

പദ്ധതി നിർവ്വഹണത്തിലെ സുതാര്യതയും സാമൂഹിക പ്രതിബദ്ധതയും ഉറപ്പാക്കുന്നതിനായി ജനകീയ വിലയിരുത്തലുകൾ ഉണ്ടാകണമെന്ന് തീരുമാനിച്ച് സോഷ്യൽ ഓഡിറ്റിംഗ് നവംബർ മാസത്തിൽ ആരംഭിച്ചു.

j. സ്മാർട്ട് കൃഷിഭവൻ:

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് സ്മാർട്ട് കൃഷിഭവൻ ലക്ഷ്യമിടുന്നത്. RIDF-27-ൽ ഉൾപ്പെടുത്തി 14 കൃഷിഭവനകൾ സ്മാർട്ടാക്കുന്നതിന് 31.50 കോടി രൂപ അനുവദിച്ചു. സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 28 കൃഷിഭവനകൾ സ്മാർട്ടാക്കുന്നതിന് 10 കോടി രൂപ അനുവദിച്ചു. നടപ്പുസാമ്പത്തിക വർഷം 14 കൃഷിഭവൻ സ്മാർട്ടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതികൾ

നിലവിൽ കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളെ രണ്ടായി തരം തിരിച്ചിട്ടുണ്ട്.

I. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതികൾ:

1. സോയിൽ ഹെൽത്ത് കാർഡ് സ്കീം

2. റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് സ്കീം

3. പി.കെ.വി.വൈ.- ഭാരതീയ പ്രകൃതി കൃഷി പദ്ധതി

4. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ ഭാഗമായ പെർഡ്രോപ് മോർ ക്രോപ് സ്കീം

5. സബ്മിഷൻ ഓൺ അഗ്രികൾച്ചർ മെക്കനൈസേഷൻ

6. സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി

7. രാഷ്ട്രീയ കൃഷി വികാസ് യോജന – ഡി.പി.ആർ. ഘടകം (RKVY-DPR)

II <u>കൃഷോന്നതി യോജന</u>

1. സബ് മിഷൻ ഓൺ അഗ്രികൾച്ചർ എക്സ്റ്റൻഷൻ

2. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (NFSM)

3. നാഷണൽ മിഷൻ ഓൺ എഡിബിൾ ഓയിൽസ് (NMEO-OP)

4. മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH)

5. ഡിജിറ്റൽ ക്രോപ് സർവ്വേ

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ധനസഹായത്തോടുകൂടിയുള്ള RIDF പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടിപ്രദേശത്തെ മണ്ണുജല സംരക്ഷണ പദ്ധതി, മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന പദ്ധതി, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനത്തിനായുള്ള പദ്ധതി, വിവര സാങ്കേതികവിദ്യയുടെ ഉപയോഗം, തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (NIDA), പരിശീലന പരിപാടികൾ, പരീക്ഷണ ശാലകൾ, മണ്ണുപര്യവേഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം, മണ്ണ് പര്യവേഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെൽ, സോയിൽ മ്യൂസിയം, ഭൂമിയുടെ വർഗ്ഗീകരണത്തിനായി ഡാറ്റാബാങ്ക് സ്ഥാപിക്കൽ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി

60.94 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ, ജില്ലാ പഞ്ചായത്ത് ഫണ്ട്, ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഫണ്ട് എന്നിവ വിനിയോഗിച്ചുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും വകുപ്പ് നടപ്പിലാക്കുന്നു.

കാർഷിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനം, വെള്ളപ്പൊക്ക നിവാരണം, ജലസംരക്ഷണം, പാരിസ്ഥിതിക പുനരുജ്ജീവനം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് നീർത്തടാടിസ്ഥാനത്തിൽ വിവിധ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു. വകുപ്പ് നടപ്പിലാക്കുന്ന മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ തത്സ്ഥല ജലപരിപാലനവും നീർച്ചാൽ സംരക്ഷണവും സാധ്യമാകുകയും ഭൂഗർഭജല വിതാനം മെച്ചപ്പെടുകയും ചെയ്യുന്നു.

കൃഷി ഭൂമിയുടെ സംരക്ഷണത്തിനായി കല്ല് കയ്യാലകൾ, മൺകയ്യാലകൾ, ട്രെഞ്ചുകൾ, ടെറസുകൾ, മഴക്കുഴികൾ, പുല്ല് വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികളും നീർച്ചാലുകളുടെ സംരക്ഷണാർത്ഥം പാർശ്വഭിത്തി നിർമ്മാണം, തടയണ നിർമ്മാണം, കുളങ്ങളുടെ നവീകരണം, വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചർ നിർമ്മാണം

തുടങ്ങിയ പ്രവൃത്തികൾ, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ എന്നിവമൂലം സംസ്ഥാനത്ത് കൃഷിനാശം സംഭവിച്ചതും സംഭവിക്കാൻ സാധ്യതയുള്ളതുമായ പ്രദേശങ്ങളിൽ ശാസ്ത്രീയമായ മണ്ണ് സംരക്ഷണ മാർഗ്ഗങ്ങൾ അവലംബിക്കുക, അധികജലം സുരക്ഷിതമായി പുറത്തേക്കൊഴുക്കുന്നതിനുള്ള സംവിധാനമൊരുക്കുക എന്നിവവഴി ഉരുൾപൊട്ടൽ ബാധിത/സാധ്യതാ പ്രദേശങ്ങളിലെ രൂക്ഷമായ മണ്ണൊലിപ്പ് തടയുന്നതിനും ജൈവ വ്യവസ്ഥയെ ഭദ്രമാക്കുന്നതിനും സാധിക്കുന്നു. കാർഷിക മേഖല അഭിമുഖീകരിക്കുന്ന വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഭൂഗർഭ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും കാർഷിക ആവശ്യങ്ങൾക്കായി മഴവെള്ള സംഭരണം പരമാവധി വർദ്ധിപ്പിക്കുന്നതിനുമായി പരമ്പരാഗത ജലസ്രോതസ്സുകളുടെയും നീരുറവകളുടെയും ജലനിർഗ്ഗമന മാർഗ്ഗങ്ങളുടെയും നദികളുടെ കൈവഴികളുടെയും പുനരുജ്ജീവനത്തിലൂടെ വകുപ്പ് ലക്ഷ്യമിടുന്നു.

'പരീക്ഷണശാലകൾ' പദ്ധതിയുടെ ഭാഗമായി വകുപ്പിന്റെ 7 ലാബുകളിൽ കർഷകർ കൊണ്ടുവരുന്ന മണ്ണ് സാമ്പിളുകൾ പരിശോധിച്ച് സോയിൽ ഹെൽത്ത് കാർഡ് നൽകിവരുന്നു. മൊബൈൽ സോയിൽ ടെസ്റ്റിംഗ്

ലാബിന്റെ പ്രവർത്തനത്തിലൂടെ വയനാട് ജില്ലയിലെ വിദൂരപ്രദേശങ്ങളിലെ കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിലെ മണ്ണ് പരിശോധനാഫലം ഉടനടി ലഭ്യമാക്കിവരുന്നു. IIITMK-യുമായി സഹകരിച്ച് വകുപ്പ് വികസിപ്പിച്ചെടുത്ത "മണ്ണിനെ അറിയാം മൊബൈലിലൂടെ" (MAM) എന്ന മൊബൈൽ ആപ്ലിക്കേഷൻവഴി സംസ്ഥാനത്തുടനീളമുള്ള കർഷകർക്ക് തങ്ങളുടെ കൃഷിയിടത്തിലെ മണ്ണിന്റെ ഫലപുഷ്ടിയെക്കുറിച്ചും അവിടെ കൃഷി ചെയ്യുന്ന വിളകൾക്ക് ആവശ്യമായ കൃത്യമായ വളപ്രയോഗ ശിപാർശയും വിരൽത്തുമ്പിൽ ലഭ്യമാക്കിവരുന്നു. MAM ആപ്ലിക്കേഷനെക്കുറിച്ചും സോയിൽ ഹെൽത്ത് കാർഡ് അനുസൃതമായ വളപ്രയോഗംമൂലം കർഷകനും പരിസ്ഥിതിക്കുമുണ്ടാകുന്ന പ്രയോജനങ്ങളെക്കുറിച്ചും കർഷകരിൽ അവബോധം വളർത്തുന്നതിനായി എല്ലാ ജില്ലകളിലെയും വിവിധ പഞ്ചായത്തുകളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

കേരളത്തിലെ എല്ലാ മണ്ണിനങ്ങളെയുംകുറിച്ച് അറിയുന്നതിനും അവയെക്കുറിച്ചുള്ള സമഗ്രമായ വിവരം കർഷകർക്കും ഗവേഷകർക്കും വിദ്യാർഥികൾക്കും ഭരണകർത്താക്കൾക്കും മനസ്സിലാക്കുന്നതിനും

സഹായകരമായി സോയിൽ മ്യൂസിയം പദ്ധതിയുടെ ഭാഗമായുള്ള 'സംസ്ഥാന സോയിൽ മ്യൂസിയം' തിരുവനന്തപുരം ജില്ലയിൽ പാറോട്ടുകോണത്ത് പ്രവർത്തിച്ചുവരുന്നു. മണ്ണ് പര്യവേഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെൽ എന്ന പദ്ധതിയിൽ നടത്തുന്ന വിവിധ പഠനങ്ങളിലൂടെ മണ്ണിന്റെ സ്വഭാവങ്ങൾ ശാസ്ത്രീയമായി അപഗ്രഥിച്ച് അതിന്റെ മേന്മകളും പരിമിതികളും മനസ്സിലാക്കി വിവിധ മണ്ണിനങ്ങൾക്ക് അനുയോജ്യമായ പരിപാലനമുറകൾ രൂപപ്പെടുത്തുന്നതിന് സാധിക്കുന്നു.

കർഷകർക്കും മണ്ണ്-ജല സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റുള്ളവർക്കും നീർത്തട വികസനം, മണ്ണ്-ജല സംരക്ഷണം എന്നീ വിഷയങ്ങളിൽ വേണ്ടത്ര അറിവ് പകരുന്നതിനും മണ്ണ്-ജല സംരക്ഷണ മേഖലയിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന നവീന മാർഗ്ഗങ്ങൾ മനസ്സിലാക്കുന്നതിനും മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിൻകീഴിൽ ഒരു പരിശീലന കേന്ദ്രം, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർഷെഡ് ഡെവലപ്മെന്റ് ആൻഡ് മാനേജ്മെന്റ് – കേരള (IWDM-K, Chadayamangalam) ചടയമംഗലത്ത് പ്രവർത്തിക്കുന്നുണ്ട്.

വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനും മണ്ണറിഞ്ഞ് വളം ചെയ്യുന്നതിനും ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിനും കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും അതുവഴി കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധ്യമാകുന്നു.

**കൃഷി പ്രോത്സാഹിപ്പിക്കാൻ പുതിയ പദ്ധതി**

**31 (1655)** ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുംവേണ്ടി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ കൃഷി വകുപ്പ് പദ്ധതികൾ

ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. വില അധിഷ്ഠിത സമീപനത്തിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾക്കുപുറമെ ടി കാലയളവിൽ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ഇപ്രകാരമാണ്.

1. കേരള അഗ്രോ ബിസിനസ്സ് കമ്പനി (KABCO):

കർഷകരുടെ ഉല്പന്നങ്ങൾക്ക് മികച്ച വിപണന സാധ്യതയും മൂല്യവർദ്ധനവും ലക്ഷ്യമിട്ട് അവരുടെ പങ്കാളിത്തത്തോടെ ഉല്പന്നങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിപണനം ചെയ്യുന്നതിനായി കേരള അഗ്രോ ബിസിനസ് കമ്പനി (KABCO) 07-08-2023-ന് രൂപീകൃതമായി. 33% ഓഹരി മൂലധനവും പങ്കാളിത്തവും കേരള സർക്കാരിനും കർഷകർക്ക് 24 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, എഫ്.പി.ഒ./കർഷക സഹകരണ സംഘത്തിനു 25 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, പൊതുജനങ്ങൾക്ക് 13 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം, ധനകാര്യ സ്ഥാപനങ്ങൾക്ക് 5 ശതമാനത്തിൽ കൂടാത്ത ഓഹരി മൂലധനം അടങ്ങിയതാണ് ഇതിന്റെ ആകെ മൂലധനം.

2. മൂല്യവർദ്ധിത കൃഷി മിഷൻ (VAAM):

കൃഷിക്കാരുടെ വരുമാനം, കാർഷികോല്പാദനക്ഷമത, ഉല്പന്ന സംസ്കരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർദ്ധിത പ്രവർത്തനങ്ങളിൽനിന്നും മറ്റ് അനുബന്ധ മേഖലയിൽനിന്നുമുള്ള വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുന്നതിനായി മൂല്യവർദ്ധിത കാർഷിക മിഷൻ രൂപീകരിച്ചു. കേരളത്തെ കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ ഫ്രൂട്ട് പ്ലേറ്റ് ആക്കി മാറ്റുക എന്ന ആശയംകൂടി മുന്നോട്ടുവയ്ക്കുന്നു.

3. ആരോഗ്യസുരക്ഷ ലക്ഷ്യമിട്ടുകൊണ്ടുള്ള ഇടപാടുകൾ:

3.1 ജൈവകൃഷി മിഷൻ

സുരക്ഷിത ഭക്ഷണം, മെച്ചപ്പെട്ട ആരോഗ്യം, പരിസ്ഥിതി സൗഹൃദം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനുള്ള ശക്തമായ ഇടപെടലുകൾ നടത്തുന്നതിനും ലക്ഷ്യമിട്ട് ജൈവകൃഷി മിഷൻ രൂപീകരിച്ചു. ഓരോ വർഷവും തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിൽ 10000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി ചെയ്യുന്നതിനാണ് ലക്ഷ്യമിടുന്നത്. ജൈവകൃഷിയുമായി ബന്ധപ്പെട്ട് കൃഷി

വകുപ്പ് നടപ്പിലാക്കുന്ന വിവിധ ജൈവ കാർഷിക വികസന പദ്ധതികൾ (പരമ്പരാഗത കൃഷി വികാസ് യോജന, ഭാരതീയ പ്രകൃതി കൃഷി പദ്ധതി, ജൈവകൃഷി വികസന പദ്ധതി MIDH, RKVY) എല്ലാംതന്നെ ഏകോപിപ്പിച്ച് ജൈവ കാർഷിക മിഷന്റെ കുടക്കീഴിൽ കൊണ്ടുവന്നു.

3.2 പോഷക സമൃദ്ധി മിഷൻ

കേരള ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രധാന്യം നൽകി കാർഷിക പാരിസ്ഥിതിക പ്രദേശങ്ങൾ അടിസ്ഥാനമാക്കി പോഷക പ്രധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 13-09-2023-ന് പോഷകസമൃദ്ധി മിഷൻ രൂപീകരിച്ചു. സംസ്ഥാനത്തെ 75 ലക്ഷം കുടുംബങ്ങളെ പോഷകസമൃദ്ധി മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിടുന്നു. കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷന്റെ സഹായത്തോടെ ന്യൂട്രീഷണൽ പ്ലേറ്റ് തയ്യാറാക്കും.

3.3 കാർബൺ തുലിത കൃഷി:

പരിസ്ഥിതി സൗഹാർദ്ദമായ പുനരുജ്ജീവനം മുന്നിൽ കണ്ടുകൊണ്ട് കാർബൺ ന്യൂട്രൽ കൃഷിരീതി നടപ്പിലാക്കുന്ന ആദ്യ സംസ്ഥാനമായി കേരളം. ആലുവ സ്റ്റേറ്റ് സീഡ് ഫാമിനെ ആദ്യത്തെ കാർബൺ ന്യൂട്രൽ ഫാമായി 2022 ഡിസംബർ 10-ന് പ്രഖ്യാപിച്ചു. തെരഞ്ഞെടുത്ത 14 ഫാമുകൾ കൂടി കാർബൺ ന്യൂട്രലാക്കുന്നതിനും നടപടി സ്വീകരിച്ചു. ആതിരപ്പള്ളി ട്രൈബൽ മേഖലയ്ക്കും അവിടത്തെ ഉല്പന്നങ്ങൾക്കും കാർബൺ ന്യൂട്രൽ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടിയാരംഭിച്ചിട്ടുണ്ട്.

3.4 <u>ചെറുധാന്യ കൃഷി:</u>

ചെറുധാന്യ കൃഷി വിസ്തൃതി വികസനം - 425 ഹെക്ടർ: ഇതിനായി 85 ലക്ഷം രൂപ വകയിരുത്തി. 225 മെട്രിക് ടൺ അധികം ഉല്പാദനം ലക്ഷ്യമിടുന്നു. ചെറുധാന്യ സംസ്കരണ യൂണിറ്റിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 152 മുൻനിര പ്രദർശന തോട്ടങ്ങൾ ഒന്നിന് 25,000/- രൂപ വീതം ആനുകൂല്യം നൽകി നടപ്പിലാക്കുന്നു. ഇന്ത്യൻ ഇൻസിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരാണാപത്രം ഒപ്പുവച്ചു. RKVY പദ്ധതിയുടെ ഭാഗമായി

3500 ഹെക്ടർ സ്ഥലത്ത് ചെറുധാന്യകൃഷി, 6 ചെറുകിട മില്ലറ്റ്സ് സംസ്കരണ യൂണിറ്റുകൾ, 14 മില്ലറ്റ് കഫേകൾ.

4. കേരളാഗ്രോ:

സംസ്ഥാനത്തെ ഏതൊരു കർഷകനും അവരുടെ ഉല്പന്നങ്ങൾ ഗുണമേന്മ ഉറപ്പാക്കി കേരളാഗ്രോ ബ്രാൻഡിൽ വിവിധ ഓൺലൈൻ/ ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ വില്പന നടത്തുന്നതിന് അനുമതി നൽകുന്നതാണ്. 205 കൃഷി വകുപ്പ് ഉല്പന്നങ്ങൾ കേരളാഗ്രോ ബ്രാൻഡിൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഫ്ലാറ്റ്ഫോമുകളിലൂടെ ലഭ്യമാക്കി.

5. ഞങ്ങളും കൃഷിയിലേക്ക്:

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തയിൽ എത്തിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ ഞങ്ങളും കൃഷിയിലേക്ക് എന്ന ബൃഹത് പദ്ധതി നടപ്പിലാക്കി. അതിന്റെ ഭാഗമായി ഇതുവരെ 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഇവയിൽ 19537 കൃഷിക്കൂട്ടങ്ങൾ ഉല്പാദന മേഖലയിലും 2380 എണ്ണം വിപണന/മൂല്യവർദ്ധന മേഖലയിലും 1328 എണ്ണം സേവന

മേഖലയിലും പ്രവൃത്തിച്ചുവരുന്നു. 236344 തൊഴിലവസരങ്ങൾ കാർഷിക മേഖലയിൽ സൃഷ്ടിച്ചു.

6. കൃഷിദർശൻ:

ബഹുമാനപ്പെട്ട കൃഷി വകുപ്പ് മന്ത്രിയും ജനപ്രതിനിധികളും കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും സംസ്ഥാനത്തെ കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുമായി സംവദിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹാരം കാണുന്നു. ഒല്ലൂക്കര, തലശ്ശേരി, നെടുമങ്ങാട്, ഹരിപ്പാട് എന്നീ ബ്ലോക്കുകളിൽ കൃഷി ദർശൻ നടപ്പിലാക്കി.

7. സോഷ്യൽ ഓഡിറ്റ്:

പദ്ധതി നിർവഹണത്തിലെ സുതാര്യതയും സാമൂഹിക പ്രതിബദ്ധതയും ഉറപ്പാക്കുന്നതിനായി ജനകീയ വിലയിരുത്തലുകൾ ഉണ്ടാകണമെന്ന് തീരുമാനിച്ച് സോഷ്യൽ ഓഡിറ്റിംഗ് നവംബർ മാസത്തിൽ ആരംഭിച്ചു.

8. സ്മാർട്ട് കൃഷിഭവൻ:

കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമയും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് സ്മാർട്ട് കൃഷിഭവൻ ലക്ഷ്യമിടുന്നത്. RIDF-27-ൽ ഉൾപ്പെടുത്തി 14 കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിന് 31.50 കോടി രൂപ അനുവദിച്ചു. സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 28 കൃഷിഭവനുകൾ സ്മാർട്ടാക്കുന്നതിന് 10 കോടി രൂപ അനുവദിച്ചു. നടപ്പുസാമ്പത്തിക വർഷം 14 കൃഷിഭവൻ സ്മാർട്ടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

9. <u>കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനം (ഫാംപ്ലാൻ):</u>

വിള അധിഷ്ഠിത സമീപനത്തിൽനിന്നും മാറി സംയോജിത ബഹുവിളകൃഷി സമ്പ്രദായത്തിലൂടെ കാർഷിക വികസനം സാധ്യമാക്കുക എന്നതാണ് ലക്ഷ്യം. കൃഷിയിടത്തെ അടിസ്ഥാന യൂണിറ്റായി കണക്കാക്കുന്നു. 10760 ഫാംപ്ലാനുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

10. <u>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗുമായി ധാരാണാപത്രം:</u>

പാക്കേജിംഗ് സാങ്കേതികവിദ്യ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും ലഭ്യമാക്കുന്നതിനും പരിശീലനം നൽകുന്നതിനും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിംഗ് പ്രകാരം ധാരണാപത്രം ഒപ്പിട്ട് പരിപാടികൾ നടത്തിവരുന്നു.

11. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ധാരണാപത്രം:

ചെറുധാന്യങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, ബ്രാൻഡിംഗ്, വിപണനം എന്നീ മേഖലകൾ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭിക്കുന്നതിന് ഐ.ഐ.എം.ആർ, ഹൈദ്രാബാദുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും പ്രാരംഭ പ്രവർത്തങ്ങൾ ആരംഭിക്കുകയും ചെയ്തു.

(ബി) കർഷകർ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണി സാധ്യത കണക്കിലെടുത്തും കാർഷിക വ്യവസായങ്ങൾക്കുംവേണ്ടി പുതിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ?

കർഷകർ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് മികച്ച വിപണി സാധ്യത ഒരുക്കുന്നതിലേക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2023-24 സാമ്പത്തിക വർഷത്തിൽ ഈ

കാഴ്ചപ്പാടോടുകൂടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഇപ്രകാരമാണ്.

1. 'കേരളഗ്രോ' എന്ന ബ്രാൻഡ് നാമം കർഷകർക്കും കൃഷി വകുപ്പിന്റെയും കാർഷിക സർവകലാശാലയുടെയും ഉല്പന്നങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. കേരളഗ്രോ ബ്രാൻഡ് നാമത്തിൽ ഗുണമേന്മ ഉറപ്പാക്കിയ കാർഷികോല്പന്നങ്ങൾ പുറത്തിറക്കുന്നതിനും ഉല്പന്നങ്ങൾ പരിശോധിക്കുന്നതിനും മറ്റും കർഷകർക്ക് ആനുകൂല്യങ്ങൾ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് പദ്ധതിപ്രകാരം നൽകുന്നുണ്ട്.

2. കേരള എക്കണോമിക് റിവൈവൽ പ്രോഗ്രാം - KERA – കാലാവസ്ഥ വ്യതിയാനത്തെ അഭിമുഖീകരിക്കുന്നതിനും അതിജീവന കൃഷി സാധ്യമാക്കുന്നതിനുമായി ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് കൃഷി - കാർഷിക അനുബന്ധ മേഖലയിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കേരള സാമ്പത്തിക പുനരുദ്ധാരണ പദ്ധതി (കേരള എക്കണോമിക് റിവൈവൽ പ്രോഗ്രാം-KERA)-യുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കാലാവസ്ഥ അനുകൂല കൃഷിമുറകൾ, കാർഷിക

ഉല്പാദനങ്ങളിലെ മൂല്യവർദ്ധനവ്, ചെറുകിട സംരംഭങ്ങളുടെ സാമ്പത്തിക ഉദ്ധാരണം തുടങ്ങി കാർഷിക മേഖലയുടെ സമഗ്ര പുനരുജ്ജീവനമാണ് അഞ്ചുവർഷത്തെ പദ്ധതിയിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്.

3. കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളും സൂപ്പർ മാർക്കറ്റുകളും - കേരളഗ്രോ ബ്രാൻഡ് നാമം ലഭ്യമായ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയും കർഷകർക്ക് തങ്ങളുടെ ഗുണമേന്മയേറിയ നാടൻ ഉല്പന്നങ്ങൾ പൊതുവായ കുടക്കീഴിൽ വിപണനം ചെയ്യുന്നത് സാധ്യമാക്കുന്നതിനുവേണ്ടിയും കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിന് 10 ലക്ഷം രൂപവരെ ആനുകൂല്യം ലഭ്യമാകുന്ന പദ്ധതി ഘടകങ്ങൾ നിലവിലുണ്ട്.

4. ഇവയ്ക്കുപുറമേ എസ്.എഫ്.എ.സി. മുഖേന സംരംഭകർക്കായി വിവിധ പദ്ധതികൾ നടപ്പാക്കുന്നുമുണ്ട്.

**നബാർഡ് ഫണ്ട്**

**32 (1656)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനായി നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് 23-02-2018-ലെ സ.ഉ.(പി)നം. 26/2018/ധന, 21-07-2022-ലെ സ.ഉ.(സാധാ) നം.5248/2022/ധന, 31-07-2023-ലെ സ.ഉ.(പി)നം.80/2023/ധന എന്നിവയിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽനിന്നും കാർഷിക മേഖലയെ സംരക്ഷിക്കുന്നതിനായുള്ള എത്ര പ്രൊപ്പോസലുകൾ നബാർഡിന്റെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്; എത്ര പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്; പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിലെ പരപ്പ ബ്ലോക്കിൽ (കാഞ്ഞങ്ങാട് നിയോജകമണ്ഡലം) ഉൾപ്പെട്ട കിണാനൂർ-കരിന്തളം കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള പ്രോജക്റ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രൊപ്പോസൽ ആർ.ഐ.ഡി.എഫ്. XXIX-ൽ പരിഗണിക്കുന്നതിനായി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രോജക്റ്റ് പ്രൊപ്പോസലിന് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ല.

**ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

**33 (1657)** ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന മാരക രോഗങ്ങളെക്കുറിച്ചും ജൈവ ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന കാർഷിക പാരിസ്ഥിതിക വ്യവസ്ഥയെ സുസ്ഥിരവും സജീവവുമാക്കി വിഷമുക്തമായ മണ്ണ്, ജലം, ഭക്ഷണം എന്നിവ ഉറപ്പാക്കുന്നതിനും കാലാവസ്ഥ വ്യതിയാനം നേരിടുന്നതിനായി കാർബൺ തുലിത കൃഷി നടപ്പിലാക്കുന്നതിനും ജൈവകൃഷി

പ്രോത്സാഹിപ്പിക്കുന്നതിനുമായി 26-10-2023-ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം സംസ്ഥാന സർക്കാർ ജൈവ കാർഷിക മിഷൻ രൂപീകരിച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയും സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവകൃഷിയും ഉത്തമ കൃഷിമുറകളും പദ്ധതിയും ഇപ്പോൾ ജൈവ കാർഷിക മിഷന്റെ കീഴിൽ നടപ്പിലാക്കി വരുന്നു.

ജൈവ പച്ചക്കറി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ 600 ലക്ഷം രൂപ വകയിരുത്തി ജൈവ കാർഷിക പ്രോത്സാഹന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>ജൈവ കൃഷി തോട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തൽ അംഗീകൃത ഏജൻസികൾ മുഖാന്തരം (National Programme for Organic Production (NPOP) Certification)</u>

2023-24-ൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് NPOP സർട്ടിഫിക്കേഷൻ. അതിന് പ്ലാൻ ശീർഷകത്തിൽ 200

ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് കുറഞ്ഞത് 650 കൃഷിയിടങ്ങൾക്ക് NPOP സാക്ഷ്യപത്രം മൂന്ന് വർഷംകൊണ്ട് ലഭ്യമാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി APEDA അംഗീകരിച്ചിട്ടുള്ള രണ്ട് സർട്ടിഫിക്കേഷൻ ഏജൻസികളെ ഇ-ടെൻഡർ നടപടികളിലൂടെ തിരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

2. <u>ഉത്തമ കൃഷിമുറകൾ പാലിക്കുന്ന ക്ലസ്റ്റർ രൂപീകരിക്കൽ</u>

പച്ചക്കറി കൃഷി സ്ഥിരമായി ചെയ്യുന്ന 1000 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്ത് അവയെ ഉത്തമ കാർഷികമുറകൾ പാലിച്ച് സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നവയാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. അതിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ 1000 ക്ലസ്റ്ററുകൾ അനുവദിച്ചതിൽ നാളിതുവരെ 611 ക്ലസ്റ്ററുകൾ ഉത്തമ കാർഷികമുറകൾ പാലിക്കുന്നവയാക്കി മാറ്റയിട്ടുണ്ട്. ക്ലസ്റ്ററൊന്നിന് 10,000/- രൂപ സബ്സിഡി നിരക്കിൽ ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. <u>ജൈവ വള ഉല്പാദനത്തിനുള്ള പ്രോത്സാഹനം</u>

a) പച്ചില വള വിത്തുകളുടെ വിതരണവും പച്ചില വളപ്രയോഗവും എന്ന പദ്ധതി ഘടകത്തിലൂടെ മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനായി പച്ചില വള വിത്തുകളുടെ വിതരണം നടത്തുന്നതിന് 3,000/- രൂപ നിരക്കിൽ 1000 ഹെക്ടറിന് 30 ലക്ഷം രൂപ വകയിരുത്തി. ഡയ്ഞ്ച, ചണമ്പ്, കിലുക്കി മുതലായ പയറുവർഗ്ഗ പച്ചില വള വിത്തുകൾ 1000 ഹെക്ടർ സ്ഥലത്ത് വിതയ്ക്കുകയും ചെയ്തു.

b) ജൈവ വള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി പ്രതിവർഷം 2-5 ടൺവരെ ഉല്പാദന ക്ഷമതയുള്ള 46 യൂണിറ്റുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

4. സംസ്ഥാന കൃഷി വകുപ്പ് സ്ഥാപനമായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ-കേരള (വി.എഫ്.പി.സി.കെ.) മുഖാന്തരം സ്വയംസഹായ സംഘങ്ങൾക്ക് ജൈവ പഴം, പച്ചക്കറി കൃഷിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനുള്ള അധിക ധനസഹായത്തിനായി 72 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (സുഭിക്ഷം സുരക്ഷിതം പദ്ധതി) നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർച്ചയായ മൂന്ന് വർഷങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ 82000 ഹെക്ടർ സ്ഥലത്തെ കർഷകർക്ക് പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ബോധവൽക്കരണ മീറ്റിംഗുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടി, കിസാൻ മേളകൾ, ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിനും പ്രസ്തുത ക്ലസ്റ്ററിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനും ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG)-ക്കുള്ള ആനുകൂല്യം, തദ്ദേശീയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യം, പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണം, മാതൃകാ

കൃഷിത്തോട്ടങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. ബ്ലോക്കുതലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർവീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.65 ലക്ഷം രൂപ വീതവും ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.02 ലക്ഷം രൂപ പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു. പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി ആദ്യ വർഷം 4349.28 ലക്ഷം രൂപയും രണ്ടാം വർഷത്തെ ആദ്യ ഗഡുവായി 731.89 ലക്ഷം രൂപയും ലഭിക്കുകയും ആയതിൽ 92% രൂപ ചെലവഴിക്കുകയും ചെയ്തു.

(ബി) വകുപ്പുതലത്തിലും മറ്റിതര ഏജൻസികൾ വഴിയും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും ലഭ്യമായ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വകുപ്പുതലത്തിലും മറ്റിതര ഏജൻസികൾവഴിയും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും ലഭ്യമായ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും

പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം സ്ഥാപിച്ചിട്ടുള്ള 286 ഇക്കോഷോപ്പുകൾ മുഖാന്തരം പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ ജൈവ/ സുരക്ഷിത ഭക്ഷണം നിലവാരത്തിലുള്ള കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് വില്പന നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിലുള്ള 63 തളിർ ഗ്രീൻ ഔട്ട്ലെറ്റുകൾ, 47 സസ്യ ചില്ലറ വിൽപ്പന ശാലകൾ, ഓണം ഉത്സവ സീസണിൽ നടപ്പിലാക്കിയ 160 ഓണം ഔട്ട്ലെറ്റുകൾ എന്നിവയിലൂടെ ജൈവ പച്ചക്കറി ഉല്പന്നങ്ങൾ സംഭരിക്കുകയും വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് കർഷകർ/കർഷക സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ നേരിട്ട് സംഭരിച്ച് ഹോർട്ടികോർപ്പിന്റെ വിപണനശാലകൾ മുഖേന വിതരണം ചെയ്തുവരുന്നു.

ജൈവ ഉല്പന്നങ്ങളുടെ വിതരണം കാര്യക്ഷമമാക്കുന്നതിനായി സംസ്ഥാനത്ത് പ്രീമിയം സ്റ്റാളുകൾ ആരംഭിക്കുന്ന നടപടി സ്വീകരിക്കുകയും അതിന്റെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം,

ആലപ്പുഴ എന്നീ ജില്ലകളിൽ പ്രീമിയം സ്റ്റാളുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങളുടെ സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 1000-ത്തിൽപ്പരം ഗ്രാമശ്രീ ഹോർട്ടിസ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഹരിതനഗര പദ്ധതിയുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ?

ഹരിതനഗരം പദ്ധതി 2020-21, 2021-22, 2022-23 വർഷങ്ങളിൽ വിവിധ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പിലാക്കിയിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നിർവഹണം കൃഷി ഭവൻ തലത്തിൽ കൃഷി അസിസ്റ്റന്റുമാർ, കൃഷി ഓഫീസർ, ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ എന്നിവർ ചേർന്ന് നടത്തിയിരുന്നു. വിവിധ തലങ്ങളിലുള്ള കൃഷി വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് സമിതികളും

പദ്ധതി മോണിറ്റർ ചെയ്തിരുന്നു. ജില്ലാതലത്തിൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർ ഏകോപിപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നിലവിൽ തുടർന്നുവരുന്നില്ല.

**ജൈവ പച്ചക്കറി കൃഷി**

**34 (1658)** <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ജൈവകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് 240 ലക്ഷം രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി. പദ്ധതിയിൽ ഒരു ഹെക്ടറിന് 10,000/- രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന സുഭിക്ഷം - സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിലെ കർഷകർക്ക്

അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി. ജൈവ രീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചു. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ജൈവ പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഒരു ഇക്കോഷോപ്പിന് 2 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്. ഇക്കോഷോപ്പുകൾക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. 2021-22 സാമ്പത്തിക വർഷം 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 24 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി. കൂടാതെ വി.എഫ്.പി.സി.കെ. മുഖേന പഴം, പച്ചക്കറി കൃഷി പ്രോത്സാഹനം എന്ന ഘടകത്തിൽ 75 ലക്ഷം രൂപ നൽകി പദ്ധതി നടപ്പിലാക്കി.

2022-23 സാമ്പത്തിക വർഷം സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 203.82 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ട് 2780.62 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും എന്ന പദ്ധതി നടപ്പിലാക്കി. മണ്ണിന്റെ ജൈവാംശം നിലനിർത്തുന്നതിനായി 2745.387 ഹെക്ടർ കൃഷി ഭൂമിയിലും നെൽകൃഷി വിളവെടുപ്പ് കഴിഞ്ഞ് ഒഴിഞ്ഞുകിടക്കുന്ന പാടങ്ങളിലും മറ്റ് അനുയോജ്യമായ പ്രദേശങ്ങളിലും പച്ചിലവളം, പയറുവർഗ്ഗവിളകൾ കൃഷി ചെയ്യുന്നതിന് ഒരു ഹെക്ടറിന് 2500 രൂപ നിരക്കിൽ 68.77 ലക്ഷം രൂപ ധനസഹായമായി നൽകി പദ്ധതി ഘടകം നടപ്പിലാക്കി. പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിക്കുന്നതിന് ഒരു യൂണിറ്റിന് പരമാവധി 0.75 ലക്ഷം രൂപ വീതം 87.32 ലക്ഷം രൂപ പദ്ധതി ധനസഹായമായി നൽകിക്കൊണ്ട് 68 യൂണിറ്റുകൾ സ്ഥാപിച്ചു. കൂടാതെ VFPCK മുഖാന്തരം "ജൈവ പച്ചക്കറി കൃഷി/ഉത്തമ കൃഷി മുറ പ്രോത്സാഹനവും സർട്ടിഫിക്കേഷനും" എന്ന ഘടകത്തിൽ 73.50 ലക്ഷം രൂപ ധനസഹായം നൽകി.

**2023-24** - രാസവളങ്ങളും കീടനാശിനികളും ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം മൂലമുണ്ടാകുന്ന മാരക രോഗങ്ങളെക്കുറിച്ചും ജൈവ ഉല്പന്നങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന കാർഷിക പാരിസ്ഥിതിക വ്യവസ്ഥയെ സുസ്ഥിരവും സജീവവുമാക്കി വിഷമുക്തമായ മണ്ണ്, ജലം, ഭക്ഷണം എന്നിവ ഉറപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനായി കാർബൺ തുലിത കൃഷി നടപ്പിലാക്കുന്നതിനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 26-10-2023-ലെ സർക്കാർ ഉത്തരവ് (കൈ) നം. 102/2023/കൃഷി പ്രകാരം സംസ്ഥാന സർക്കാർ ജൈവ കാർഷിക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹനവുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി കർഷകരുടെ 1000 ഉത്തമ കൃഷിമുറകൾ പാലിക്കുന്ന ക്ലസ്റ്ററുകൾക്ക്, ഒന്നിന് 10,000/- രൂപ നിരക്കിൽ 100 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് NPOP സർട്ടിഫിക്കേഷൻ നൽകുന്നതിനായി 650 ഫാമുകൾക്ക് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവ കൃഷിയിൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മണ്ണിന്റെ സന്തുലിതമായ ഘടന മെച്ചപ്പെടുത്തുന്നതിനും നിലനിർത്തുന്നതിനുംവേണ്ടി പച്ചിലവള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 3,000/- രൂപ നിരക്കിൽ 1000 ഹെക്ടറിലേക്ക് 30 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ കർഷകർക്ക് കൃഷിയിടത്തിൽത്തന്നെ ജൈവ ഉല്പാദനോപാദികൾ ഉല്പാദിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി, മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് 30,000/- രൂപ ഒരു യൂണിറ്റിന് എന്ന നിരക്കിൽ 100 യൂണിറ്റ് നിർമ്മിക്കുന്നതിന് 30 ലക്ഷം രൂപ വകയിരുത്തി ആയതിന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജൈവകൃഷി പ്രോത്സാഹന പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ 600.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിഘടക അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

(ബി) ജൈവ പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ജൈവ പച്ചക്കറി കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെ സഹായിക്കുന്നതിനായി ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിപ്രകാരം നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്ന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൈവ കൃഷി തോട്ടങ്ങളുടെ സാക്ഷ്യപ്പെടുത്തൽ അംഗീകൃത ഏജൻസികൾ മുഖാന്തരം (National Programme for Organic Production (NPOP) Certification)

2023-24 സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് NPOP സർട്ടിഫിക്കേഷൻ. ആയതിന് പ്ലാൻ ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് കുറഞ്ഞത് 650 കൃഷിയിടങ്ങൾക്ക് NPOP സാക്ഷ്യപത്രം മൂന്ന് വർഷംകൊണ്ട് ലഭ്യമാക്കുന്നു. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി APEDA അംഗീകരിച്ചിട്ടുള്ള രണ്ടു സർട്ടിഫിക്കേഷൻ ഏജൻസികളെ ഇ-ടെൻഡർ നടപടികളിലൂടെ തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

2. <u>ഉത്തമ കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്റർ രൂപീകരിക്കൽ</u>

പച്ചക്കറി കൃഷി സ്ഥിരമായി ചെയ്യുന്ന 1000 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്ത് അവയെ ഉത്തമ കാർഷിക മുറകൾ പാലിച്ച് സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നവയാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. ആയതിലേക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ 1000 ക്ലസ്റ്ററുകൾ അനുവദിച്ചതിൽ നാളിതുവരെ 611 ക്ലസ്റ്ററുകൾ ഉത്തമ കാർഷിക മുറകൾ പാലിക്കുന്നവയാക്കി മാറ്റയിട്ടുണ്ട്. ക്ലസ്റ്ററൊന്നിന് 10,000/- രൂപ സബ്സിഡി നിരക്കിൽ ആകെ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. <u>ജൈവ വള ഉല്പാദനത്തിനുള്ള പ്രോത്സാഹനം</u>

a) പച്ചില വള വിത്തുകളുടെ വിതരണവും പച്ചില വളപ്രയോഗവും എന്ന പദ്ധതി ഘടകത്തിലൂടെ മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുന്നതിനായി പച്ചില വള വിത്തുകളുടെ വിതരണം നടത്തുന്നതിന് 3,000/- രൂപ നിരക്കിൽ 1000 ഹെക്ടറിന് 30 ലക്ഷം രൂപ വകയിരുത്തി. ഡയ്ഞ്ച, ചണമ്പ്, കിലുക്കി മുതലായ പയറുവർഗ്ഗ പച്ചില വള വിത്തുകൾ 1000 ഹെക്ടർ സ്ഥലത്ത് വിതയ്ക്കുകയും ചെയ്തു.

b) ജൈവ വള നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി 30 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിനായി പ്രതിവർഷം 2-5 ടൺവരെ ഉല്പാദനക്ഷമതയുള്ള 46 യൂണിറ്റുകൾ ഇതുവരെ സ്ഥാപിച്ചിട്ടുണ്ട്.

4. സംസ്ഥാന കൃഷി വകുപ്പ് സ്ഥാപനമായ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ-കേരള (വി.എഫ്.പി.സി.കെ) മുഖാന്തരം സ്വയംസഹായ സംഘങ്ങൾക്ക് ജൈവ പഴം, പച്ചക്കറി കൃഷിക്കായി 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിനുള്ള അധിക ധനസഹായത്തിനായി 72 ലക്ഷം രൂപ വകയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (സുഭിക്ഷം സുരക്ഷിതം പദ്ധതി) നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ തുടർച്ചയായ മൂന്ന് വർഷങ്ങളിലായാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ 82000 ഹെക്ടർ

സ്ഥലത്തെ കർഷകർക്ക് പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ മീറ്റിംഗുകൾ, ക്ലസ്റ്റർ മെമ്പർമാർക്കുള്ള പരിശീലന പരിപാടി, കിസാൻ മേളകൾ, ജൈവ ഉല്പാദനോപാധികൾ ഉല്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് സൗജന്യമായി നൽകുന്നതിനും പ്രസ്തുത ക്ലസ്റ്ററിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതിനും ഫാർമർ ഇന്ററസ്റ്റ് ഗ്രൂപ്പുകൾ (FIG)-ക്കുള്ള ആനുകൂല്യം, തദ്ദേശീയ കാർഷിക അറിവുകളുടെ വികസനത്തിനുള്ള ആനുകൂല്യം, പാരമ്പര്യ വിത്തിനങ്ങളുടെ സംരക്ഷണം, മാതൃകാ കൃഷി തോട്ടങ്ങൾ തുടങ്ങിയവ നടപ്പിലാക്കുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 164 ക്ലസ്റ്ററുകൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.65 ലക്ഷം രൂപയും വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.02 ലക്ഷം രൂപ പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു. പ്രസ്തുത പദ്ധതിപ്രവർത്തനങ്ങൾക്കായി ആദ്യ വർഷം 4349.28 ലക്ഷം

രൂപയും രണ്ടാം വർഷത്തെ ആദ്യ ഗഡുവായി 731.89 ലക്ഷം രൂപയും ലഭിക്കുകയും ആയതിൽ 92% രൂപ ചെലവഴിക്കുകയും ചെയ്തു.

(സി) സംസ്ഥാനത്ത് ഒരു സീസണിൽ എത്ര ടൺ പച്ചക്കറിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വിശദമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 17.10 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിന് സാധിച്ചു. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനം 17.23 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതി പ്രവർത്തനങ്ങൾ പച്ചക്കറി വികസന പദ്ധതിയിൽ (2023-24) നടപ്പിലാക്കിവരുന്നു.

**നെല്ല് സംഭരണവുമായി ബന്ധപ്പെട്ട താങ്ങുവില**

**35 (1659)** ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച താങ്ങുവിലയ്ക്കനുസരിച്ചുള്ള തുക കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ?

കർഷകരിൽനിന്ന് നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ കർഷകരുടെ കൃഷിയിടത്തിൽനിന്ന് നെല്ല് സംഭരിച്ച് കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം അരിയാക്കി (CMR-Custom Milled Rice) പൊതുവിതരണ സംവിധാനത്തിലൂടെ (റേഷൻകട) നൽകുന്നതിന് ഏകദേശം 6 മാസത്തിൽ കുറയാതെ സമയമെടുക്കുന്നതാണ്.

ടി അരി (CMR) റേഷൻഷോപ്പ് വഴി വിതരണം നടത്തി 'അന്നവിതരൺ' പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് അതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം അതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽനിന്ന് സപ്ലൈകോയ്ക്ക് ലഭിക്കുന്നത്.

ഓരോ സീസണിലും നെല്ല് സംഭരണം മുതൽ കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭിക്കുന്നതുവരെ 6 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്നുണ്ട്.

(ബി) ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംഭരിച്ച നെല്ലിന്റെ തുക നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും നെൽകർഷകർക്ക് സമയബന്ധിതമായി സംഭരണ തുക ലഭിക്കുന്നതിനുംവേണ്ടിയാണ് സപ്ലൈകോ പി.ആർ.എസ്. വായ്പാ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. കർഷകരിൽനിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പാഡി റെസീപ്റ്റ് ഷീറ്റ് (PRS). സംഭരിച്ച നെല്ലിന്റെയും അതിന് തുല്യമായി ലഭിക്കുന്ന തുകയും നൽകുന്നതിന് പി.ആർ.എസ്. അത്യാവശ്യമാണ്. സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭ്യമാകാതെ വന്നാൽ സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ്. ഉപയോഗിച്ച് ബാങ്ക് മുഖേന കർഷകർക്ക് തുക നൽകുന്ന പദ്ധതിയാണ് പി.ആർ.എസ്. വായ്പാ പദ്ധതി. താങ്ങുവില

ഇനത്തിൽ കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ള തുകകൾ വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് സമയബന്ധിതമായി പണം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2023-24 സീസണിൽ പരമാവധി വേഗത്തിൽ സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ ബാങ്കുകളുടെ കൺസോർഷ്യവുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പി.ആർ.എസ്. വായ്പാ പദ്ധതി പ്രകാരം കർഷകന്റെ അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. ബാങ്ക് മേധാവികളുമായി മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും വായ്പാവിതരണം ത്വരിതപ്പെടുത്തുന്നതിന് നിരവധി ചർച്ചകൾ നടത്തുകയും ബാങ്കുകളും സപ്ലൈകോയുമായും ഇക്കാര്യത്തിൽ ആശയ വിനിമയം ഫലപ്രദമാക്കാൻ നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**നെല്ല് സംഭരണം വേഗത്തിലാക്കാനുള്ള നടപടികൾ**

**36 (1660)** <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ പാടങ്ങളിൽ കൊയ്ത്ത് കഴിഞ്ഞാലുടനെ നെല്ല് സംഭരിക്കാൻ എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാരും കൃഷി വകുപ്പും നടപ്പാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നെല്ല് സംഭരണ പദ്ധതിയിൽ പങ്കാളികളാകുവാൻ താത്പര്യമുള്ള കർഷകർ കൊയ്ത്തിന് മുൻപായി www.supplycopaddy.in എന്ന നെല്ല് സംഭരണ വെബ്സൈറ്റുവഴി സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. രജിസ്റ്റർ ചെയ്യപ്പെടുന്ന അപേക്ഷകൾ അതത് സ്ഥലത്തെ കൃഷി ഓഫീസർ പരിശോധിച്ച് ഓൺലൈനായി സാക്ഷ്യപ്പെടുത്തുന്നതിന്റെയും ബന്ധപ്പെട്ട പാഡി മാർക്കറ്റിംഗ് ഓഫീസർ അംഗീകാരം നൽകുന്നതിന്റെയും അടിസ്ഥാനത്തിൽ കർഷകർക്ക് നെല്ല് സംഭരണ രജിസ്ട്രേഷൻ നമ്പർ ലഭിക്കുന്നു. നെല്ല് സംഭരണം നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ആധുനിക അരി മില്ലുകളുമായി സപ്ലൈകോ കരാറിൽ

ഏർപ്പെടുകയും കരാർ നിബന്ധനകൾ പ്രകാരം മില്ലുകൾ കർഷകരിൽനിന്ന് നെല്ല് സംഭരിക്കുകയും ചെയ്യുന്നു. കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത ഗുണനിലവാരമുള്ള നെല്ലാണ് ഇപ്രകാരം സംഭരിക്കുന്നത്.

(ബി) നെല്ല് സംഭരിച്ച് അരിയാക്കുന്ന ഇനത്തിൽ മില്ലുടമകൾക്ക് നൽകാനുള്ള തുക വിതരണം ചെയ്യുന്നതിൽ കുടിശ്ശിക വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(സി) നേരിട്ട് നെല്ല് സംഭരിക്കുന്നതിനുള്ള സ്ഥിരം സംവിധാനമൊരുക്കുന്നതിന് കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

നിലവിലെ നെല്ല് സംഭരണം സംബന്ധിച്ച് പഠനം നടത്തി, നെല്ല് സംഭരണം മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങളും സാധ്യതകളും മറ്റും അടങ്ങിയ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ശ്രീ. വി. കെ. ബേബി IAS (Rtd) ചെയർമാനായി 23-01-2023-ലെ സർക്കാർ ഉത്തരവുപ്രകാരം രൂപീകരിച്ച നെല്ല് സംഭരണ വിദഗ്ധ സമിതി പഠനം പൂർത്തിയാക്കി

സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു. പരിശോധന പൂർത്തിയായ ശേഷം മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

**തരിശുപാടങ്ങളിൽ കൃഷി ചെയ്യാൻ പദ്ധതികൾ**

**37 (1661)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നുവെന്നും പ്രസ്തുത പാടങ്ങളിൽക്കൂടി കൃഷി ചെയ്യാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

237.15 ഹെക്ടർ നെൽപ്പാടങ്ങൾ തരിശായി കിടക്കുന്നു. പ്രസ്തുത പാടങ്ങളിൽ കൃഷി ചെയ്യാൻ പാടശേഖരങ്ങളുടെ ബണ്ട് ബലപ്പെടുത്തൽ, തോടിന്റെ ആഴം കൂട്ടൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് 2021 മുതൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക വിനിയോഗിച്ചുവെന്നും വിശദമാക്കുമോ?

പ്രസ്തുത ആവശ്യത്തിലേയ്ക്ക് 2021 മുതൽ 74.9467 ലക്ഷം രൂപ അനുവദിക്കുകയും പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

ആയതിൻപ്രകാരം 93 ഹെക്ടർ നിലം അധികമായി കൃഷിയോഗ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിലെ നെൽകൃഷി**

**38 (1662)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര ഹെക്ടർ ഭൂമിയിലാണ് നെൽകൃഷി ചെയ്യുന്നത്; കൃഷി ചെയ്യാൻ സാധ്യമായ എല്ലാ ഭൂമിയിലും നെൽകൃഷി ചെയ്യുന്നുണ്ടോ; കൃഷിയോഗ്യമാക്കാൻ കഴിയുന്ന എത്ര ഹെക്ടർ ഭൂമി നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 189 ഹെക്ടറിൽ നെൽക്കൃഷി ചെയ്യുന്നുണ്ട്. നെൽക്കൃഷി ചെയ്യാൻ സാധ്യമായ പരമാവധി വയലുകളിലും നിലവിൽ നെൽക്കൃഷി ചെയ്തുവരുന്നുണ്ട്.

കൃഷി യോഗ്യമാക്കാൻ കഴിയുന്ന 37 ഹെക്ടർ വയൽ നിലവിലുണ്ട്. കായണ്ണ പഞ്ചായത്തിൽ 7 ഹെക്ടറും ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന

ബാലുശ്ശേരി ബ്ലോക്കിലെ കൃഷിഭവനുകളുടെ പരിധിയിൽ 30 ഹെക്ടർ വയലും കൃഷി യോഗ്യമാക്കാൻ കഴിയുന്നതാണ്.

(ബി) കാലാവസ്ഥയിൽ വന്ന മാറ്റവും പ്രത്യേകിച്ച് കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത കനത്ത മഴയും കാരണം നെൽക്കൃഷിയ്ക്ക് വലിയ നാശനഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

ഉണ്ട്. എയിംസ് പോർട്ടലിൽ 01-04-2023 മുതൽ 29-01-2024 വരെയുള്ള റിപ്പോർട്ട് പ്രകാരം ബാലുശ്ശേരി മണ്ഡലത്തിൽ നെൽക്കൃഷിക്ക് 54.87 ലക്ഷം രൂപയുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കനത്ത മഴയെത്തുടർന്ന് ബാലുശ്ശേരി മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽക്കൃഷിക്ക് നാശം സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 9.24 ഹെക്ടർ നെൽക്കൃഷിക്ക് നാശം സംഭവിച്ചിട്ടുണ്ട്.

**നെല്ല് സംഭരിച്ചയിനത്തിലുള്ള കുടിശ്ശിക തുക ലഭ്യമാക്കുന്നതിന് നടപടി**

**39 (1663) ശ്രീ. മോൻസ് ജോസഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായും കൊടുത്തുതീർത്തിട്ടുണ്ടോ; വിശദമാക്കാമോ?

സപ്ലൈകോയിൽനിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 17.45 കോടി രൂപകൂടി നൽകുവാനുണ്ട്.

പി.ആർ.എസ്. വായ്പ ബാങ്കുകളിൽനിന്ന് കൈപ്പറ്റുന്നതിന് വിമുഖതയുള്ളവരുടെയും വായ്പ ലഭിക്കുന്ന അക്കൗണ്ടുകളിലെ സാങ്കേതിക തടസ്സം നേരിടുന്നവരുടെയുമടക്കമുള്ള നെല്ല് സംഭരണ തുകയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്.

കർഷകരിൽനിന്നും നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ നെൽ കർഷകരുടെ കൃഷിയിടത്തിൽനിന്നും നെല്ല് സംഭരിച്ച് സപ്ലൈകോയുമായി

കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം അരിയാക്കി (CMR) റേഷൻഷോപ്പുവഴി വിതരണം നടത്തി, അന്ന വിതരണ പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം ആയതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്രമാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽനിന്നും സപ്ലൈകോയ്ക്ക് ലഭിക്കുന്നത്. ഓരോ സീസണിലും നെല്ല് സംഭരണം മുതൽ കേന്ദ്രസർക്കാരിൽനിന്ന് ഫണ്ട് ലഭിക്കുന്നതിന് 3 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്നുണ്ട്.

മുകളിൽ സൂചിപ്പിച്ച കാലതാമസം ഒഴിവാക്കുന്നതിനും നെൽ കർഷകർക്ക് സമയബന്ധിതമായി സംഭരണ തുക നൽകുന്നതിനും വേണ്ടിയാണ് സപ്ലൈകോ PRS (Paddy Receipt Sheet) വായ്പാ പദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. കർഷകരിൽനിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പി.ആർ.എസ്. സംഭരിച്ച നെല്ലിന് അതിന് തുല്യമായി നൽകേണ്ട താങ്ങുവിലയും (MSP) സംസ്ഥാനവിഹിതവും (SIB) നൽകുന്നതിന് പി.ആർ.എസ്.

അത്യാവശ്യമാണ്. സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭ്യമാകാതെ വന്നാൽ സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ്. ഉപയോഗിച്ച് ബാങ്ക് മുഖേന കർഷകർക്ക് ടി തുക നൽകുന്ന പദ്ധതിയാണ് പി.ആർ.എസ്. വായ്പാപദ്ധതി.

(ബി) നെല്ല് സംഭരണ പദ്ധതിക്ക് കേന്ദ്ര സർക്കാർ കഴിഞ്ഞ സീസണിൽ സംസ്ഥാനത്തിന് കുടിശ്ശികയായി എത്ര രൂപ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാരും കൈകാര്യച്ചെലവ് നൽകുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

വിവിധ സാങ്കേതിക കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് 2022-23 വർഷത്തിൽ ആകെ 351.23 കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.

കഴിഞ്ഞ സീസണിൽ കൈകാര്യ ചെലവ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകൾക്കും കൂടി 17.45 കോടി രൂപ കർഷകർക്ക് നൽകാനുണ്ട്.

(സി) കർഷകരിൽനിന്ന് സംഭരിക്കുന്ന നെല്ലിൽ കീടശല്യംമൂലം ഗുണനിലവാരം കുറഞ്ഞ നെല്ലിന് കർഷകർക്ക് നൽകുന്ന സംഭരണ

തുകയിൽ അന്യായമായ കിഴിവ് മില്ലുടമകൾ നടത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നെല്ല് സംഭരണത്തിന് ബാങ്ക് ഗ്യാരന്റി സംസ്ഥാന സർക്കാർ നൽകുമ്പോൾ കർഷകൻ കടക്കാരനാകുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(സി&ഡി) ഇല്ല.

**നെൽക്കൃഷി വിപുലീകരണം**

**40 (1664)** <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽക്കൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകിയിട്ടുള്ളതെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽക്കൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനുംവേണ്ടി സംസ്ഥാന സർക്കാരിന്റെ

നെൽക്കൃഷി വികസന പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളായ പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി, വിവിധ നെൽക്കൃഷി വികസന ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, ജനകീയാസൂത്രണംവഴി നടപ്പിലാക്കുന്ന വിവിധ നെൽക്കൃഷി വികസന പദ്ധതികൾ എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് നെൽക്കൃഷി വിപുലീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി നെൽക്കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഘടകങ്ങളും കൈവരിച്ച നേട്ടങ്ങളും അനുബന്ധം-I+ ആയി ചേർക്കുന്നു. കൂടാതെ, നെല്ലിന്റെ ഉൽപാദന ബോണസ്സായി ഓരോ സീസണിലും നെൽക്കൃഷിക്ക് ഹെക്ടറൊന്നിന് 1,000/- രൂപ നൽകുന്നു. നെൽക്കൃഷിക്കാവശ്യമായ ജലസേചനത്തിനുള്ള വൈദ്യുതി പരിധിയില്ലാതെ സൗജന്യമായി നൽകുന്നു. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുകയും ചെയ്യുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ 2021-22 വർഷത്തിൽ ആലപ്പുഴ ജില്ലയിൽ 29000 ഹെക്ടറിൽ ഉല്പാദനോപാധികൾക്കായി ഹെക്ടർ ഒന്നിന് 4,500/- രൂപ പ്രകാരം ധനസഹായം നൽകുകയും നെല്ലിന്റെ മൂല്യവർധനവിനായി 10 മിനി റൈസ് മിൽ, 3 സംസ്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കുകയും ചെയ്തു. ആകെ 623.86805 ലക്ഷം രൂപ കർഷർക്ക് ലഭ്യമായി.

ദേശിയ ഭക്ഷ്യസുരക്ഷാ പദ്ധതി (നെല്ല്) പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവനെൽക്കൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2021-22 വർഷത്തിൽ 86.33 ലക്ഷം രൂപയും 2022-23 വർഷത്തിൽ 22.09 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. കൂടാതെ, കേന്ദ്ര സർക്കാർ അംഗീകരിച്ച 53.70

ലക്ഷം രൂപയുടെ ആക്ഷൻ പ്ലാനിൽ 2023-24 വർഷത്തിൽ അനുവദിച്ച 13.42 ലക്ഷം രൂപയിൽ 13.01384 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതാണ്.

ഇതിന് പുറമെ പ്രകൃതിക്ഷോഭംമൂലം നെൽക്കൃഷിക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ഹെക്ടറിന് 13,500/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിന് ഹെക്ടറിന് 15,000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്കുണ്ടാകുന്ന നാശത്തിന് ഹെക്ടറിന് 35,000/- രൂപ **പ്രകാരവും** ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) ഭക്ഷ്യോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ വ്യക്തിയേയും കൃഷിയിലേയ്ക്ക് ആകർഷിക്കാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും അതുവഴി കാർഷിക മേഖലയിൽ

ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർധനവ്, വിപണി എന്നീ മേഖലകളിലായി 23245 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി.

കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി കഴിഞ്ഞ സാമ്പത്തിക വർഷംതൊട്ട് നടപ്പാക്കുന്ന പുതിയ പദ്ധതികളാണ് കൃഷിയിടാധിഷ്ഠിതാസൂത്രണ വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന

സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവകലാശാല, കേരള സാങ്കേതിക സർവകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു.

വിള വിസ്തൃതി വർധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധസസ്യങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗ്ഗങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി ആകെ 284.02 കോടി രൂപയുടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി മണ്ണിലെ അമ്ലത പരിഹരിക്കുന്നതിന് ഹെക്ടറിന് 5,400/- രൂപ നിരക്കിൽ ആനുകൂല്യവും സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടറിന് 5,500/- രൂപയും പാടശേഖര സമിതികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആനുകൂല്യം, തരിശുനിലങ്ങൾ

കൃഷിയോഗ്യമാക്കുന്നതിന് ഹെക്ടറിന് 40,000/- രൂപ, നെൽവയൽ ഉടമകൾക്ക് ഹെക്ടറിന് 3,000/- രൂപ നിരക്കിൽ പാഡി റോയൽറ്റി, നെൽക്കൃഷിക്ക് ഭ്രപരിധിയില്ലാതെ സൗജന്യ വൈദ്യുതി, ഹെക്ടറിന് 1,000/- രൂപ നിരക്കിൽ ഉല്പാദന ബോണസ് എന്നിവ നൽകിവരുന്നു. ഇതിനുപുറമെ കിലോഗ്രാമിന് 28.20/- രൂപ നിരക്കിൽ നെല്ല് സംഭരണം നടത്തുന്നു.

പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി 2023-24 വർഷത്തിൽ 20 ലക്ഷം സങ്കരയിനം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ, ബഹുജന മാധ്യമങ്ങൾവഴി 5 ലക്ഷം വിത്ത് പായ്ക്കറ്റുകൾ, കർഷകർ, കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ മുഖാന്തരം 50 ലക്ഷം വിത്ത് പായ്ക്കറ്റുകൾ, 1.086 കോടി പ്രോട്രേ പച്ചക്കറി തൈകൾ എന്നിവ വിതരണം നടത്തുന്നു. ഇതിനുപുറമെ വ്യാവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർക്ക് പന്തൽ ഇനങ്ങൾക്ക് ഹെക്ടറിന് 25,000/- രൂപ നിരക്കിലും നിലത്ത് കൃഷി ചെയ്യുന്ന ഇനങ്ങൾക്ക് ഹെക്ടറിന് 20,000/- രൂപ നിരക്കിലും മഴമറയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് 100 $m^2$-ന് 50,000/- രൂപ ~~എന്ന~~ നിരക്കിലും ഗാർഹിക കൃഷി ചെയ്യുന്ന കർഷകർക്ക് 25 ചെടിച്ചട്ടി അടങ്ങുന്ന

ഒരു യൂണിറ്റിന് 3,750/- രൂപ നിരക്കിലും ധനസഹായം ലഭ്യമാണ്. "അർക്ക" വെർട്ടിക്കൽ എന്ന പ്രത്യേക കൃഷിക്ക് 5,000/- രൂപ ഒരു യൂണിറ്റിന് അധിക സഹായവും തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷിക്ക് ഹെക്ടറിന് ഒരു ലക്ഷം രൂപ എന്ന തോതിലും ഇടുക്കി, വയനാട് ജില്ലകളിൽ ശീതകാല പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 30,000/- രൂപ എന്ന നിരക്കിൽ സബ്സിഡിയും നൽകി വരുന്നു.

ഫലവർഗ്ഗ വികസനം എന്ന പദ്ധതിയുടെ ഭാഗമായി വിവിധതരം ഫലവർഗ്ഗ വിളകളുടെ തൈകൾ സൗജന്യനിരക്കിൽ വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ അത്യുൽപ്പാദന ശേഷിയുള്ള ഫലവർഗ്ഗങ്ങളുടെ ഗ്രാഫുകൾ, ലെയറുകൾ എന്നിവ 75% സബ്സിഡി നിരക്കിലും ടിഷ്യൂകൾച്ചർ വാഴത്തൈകൾ 75% സബ്സിഡി നിരക്കിലും വിതരണം ചെയ്യുന്നുണ്ട്. MIDH പദ്ധതികളോടൊപ്പം അവ കർഷകർക്ക് കൂടുതൽ ആകർഷകമാക്കുന്നതിനായി ടോപ്അപ്പ് സബ്സിഡികളും ~~കൂടെ~~ നൽകിവരുന്നുണ്ട്. ഇതിനായി 195 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പഴം പച്ചക്കറികളെ വിലയിടിവിൽനിന്നും രക്ഷപ്പെടുത്തുന്നതിന് 16 ഇനം പച്ചക്കറികൾക്ക് അടിസ്ഥാന വില പദ്ധതി നടപ്പിലാക്കിവരുന്നു.

തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേരരക്ഷാ വാരം പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു.

ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകളായി' പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലെ സാഹചര്യത്തിന്റെ സാങ്കേതിക വിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതികവിദ്യയുടെ മേഖലയിലേയ്ക്ക് കേന്ദ്രീകൃത സാമ്പത്തിക സഹായവും ആവശ്യമാണ്. ഇതിന്റെ ഭാഗമായി ഇ-ഓഫീസ് സംവിധാനം, AIMS പോർട്ടൽ, KSWIFT തുടങ്ങിയ വിവര സാങ്കേതികവിദ്യാധിഷ്ഠിത പരിഷ്കാരങ്ങൾ നടപ്പിലാക്കി.

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവത്കരണ മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുകൾക്ക് തുടക്കമിട്ടു. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി കുറവ് മൂലം തരിശായിക്കിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉല്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു.

കാർബൺ തുലിത സംരംഭങ്ങൾ കാര്യക്ഷമമായ ജല ഉപയോഗം, കൃത്യതാ കൃഷി, പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ.

2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികളുടെ പട്ടിക അനുബന്ധം II+ ആയി ചേർക്കുന്നു.

(സി) നാദാപുരം മണ്ഡലത്തിലെ ഓരോ കൃഷിഭവന്റെ കീഴിലും എത്ര ഹെക്ടറിൽ നെൽക്കൃഷി നടത്തി വരുന്നുണ്ടെന്നും അതിൽ എത്ര ഹെക്ടർ നെൽവയൽ തരിശുഭൂമിയായി കിടക്കുന്നുവെന്നും വിശദമാക്കാമോ?

നാദാപുരം മണ്ഡലത്തിലെ ഓരോ കൃഷിഭവന്റെ കീഴിലും നടപ്പിലാക്കി വരുന്ന നെൽക്കൃഷിയുടെയും തരിശുഭൂമിയുടെയും വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം III+ ആയി ചേർക്കുന്നു.

(ഡി) നാദാപുരം മണ്ഡലത്തിൽ തരിശുഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിന് നിലവിൽ എന്തൊക്കെ പദ്ധതികൾ നടത്തിവരുന്നുവെന്ന് വിശദമാക്കാമോ?

തരിശ് ഭൂമിയിൽ നെൽക്കൃഷി ചെയ്യുന്നതിനുവേണ്ടി കൃഷി വകുപ്പിന്റെയും ജനകീയാസൂത്രണ പദ്ധതികളിലൂടെയും ഹെക്ടറിന് 40,000/- രൂപ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കും.

**കേരഗ്രാമം പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**41 (1665)** ശ്രീ. കെ. കെ. രാമചന്ദ്രൻ**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് 'കേരഗ്രാമം' പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

പുതുക്കാട് മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തുകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു ;

2017-18 - 1) നെന്മണിക്കര-തൃക്കൂർ

2018-19 - 1) മറ്റത്തൂർ

2) പറപ്പൂക്കര

2021 -22 - 1) പുതുക്കാട്

(ബി) പദ്ധതി നിർവഹണം ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയുടെ ഭാഗമായി കർഷകർക്ക് ലഭ്യമാകുകയെന്നും വിശദമാക്കാമോ?

2017-18-ലും, 2018-19-ലും നടപ്പിലാക്കിയ കേരഗ്രാമം പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു. 2021-22 വർഷത്തിൽ നടപ്പിലാക്കിയ പുതുക്കാട് കേരഗ്രാമം പദ്ധതിയുടെ ഒന്നാം വർഷവും രണ്ടാം വർഷവും പൂർത്തീകരിച്ചുകഴിഞ്ഞു. ഇപ്പോൾ ആയതിന്റെ മൂന്നാം വർഷ പദ്ധതി നടപ്പിലാക്കി വരുന്നു. പുതുക്കാട് മൂന്നാം വർഷ കേരഗ്രാമത്തിൽ കുമ്മായം, രാസവളം, മഗ്നീഷ്യം സൾഫേറ്റ് എന്നിവ 19637 തെങ്ങുകൾക്ക് നൽകിയിട്ടുണ്ട്. ആയതിന് ഇതുവരെ 2,69,021/- രൂപ ചിലവഴിച്ചിട്ടുണ്ട്.

(സി) മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തുടർച്ചയായ 100 ഹെക്ടർ തെങ്ങിൻ പ്രദേശത്താണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. കീട രോഗബാധ കൂടുതലുള്ള പ്രദേശത്തിന് മുൻഗണന നൽകുന്നതാണ്. പുതുക്കാട് മണ്ഡലത്തിലെ കൂടുതൽ പഞ്ചായത്തുകളിൽ മാനദണ്ഡങ്ങൾ പാലിച്ച് കേരഗ്രാമം പദ്ധതി വരുംവർഷങ്ങളിൽ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കൊപ്രയുടെ താങ്ങുവില**

**42 (1666)** **<u>ശ്രീ. യു. എ. ലത്തീഫ്</u>:**

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന താങ്ങുവില എത്രയാണെന്ന് അറിയിക്കാമോ;

(സി) താങ്ങുവില വർദ്ധിപ്പിക്കുന്നതിനും സംഭരണ കേന്ദ്രങ്ങളുടെ എണ്ണം കൂട്ടുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(എ-സി) കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില കിലോഗ്രാമിന് 108.60 രൂപയാണ്. ഇതിന് ആനുപാതികമായി വരുന്ന പച്ചത്തേങ്ങയുടെ താങ്ങുവില 29.24 രൂപയാണ്. 01-04-2023 മുതൽ പച്ചത്തേങ്ങയുടെ സംഭരണ വില 34.00 രൂപയാണ്. സംസ്ഥാനത്തെ

പച്ചത്തേങ്ങ സംഭരണ വിലയേക്കാൾ തുലോം കുറവാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന കൊപ്ര സംഭരണത്തിന്റെ താങ്ങുവില. ആയതിനാൽ കേന്ദ്രത്തിന്റെ കൊപ്ര സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്താനായി കൊപ്രയ്ക്ക് ആനുപാതിക പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 4.76 രൂപകൂടി സംസ്ഥാന സർക്കാർ പ്രത്യേകം നൽകി കിലോഗ്രാമിന് 34.00 രൂപ ഉറപ്പാക്കുന്നുണ്ട്. നിയമസഭാ സാമാജികരുമായി കൂടിയാലോചിച്ച് ആവശ്യമുള്ള സംഭരണ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**റബ്ബർ കർഷകരെ സഹായിക്കാൻ നടപടി**

**43 (1667)** **ശ്രീ. പി. ജെ. ജോസഫ്:**
**ശ്രീ. മോൻസ് ജോസഫ്:**
**ശ്രീ. അനൂപ് ജേക്കബ്:**
**ശ്രീ. മാണി. സി. കാപ്പൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലത്തകർച്ചമൂലം റബ്ബർ കർഷകർ സാമ്പത്തിക പ്രതിസന്ധിയിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ

കർഷകരെ സഹായിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. 2021 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. നടപ്പുസാമ്പത്തിക

വർഷത്തിൽ (2023-24) 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 161.52 കോടി രൂപ ഇതിനോടകം കർഷകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) സ്വാഭാവിക റബ്ബറിന് കിലോഗ്രാമിന് ഇരുനൂറ്റി അൻപത് രൂപ ലഭ്യമാക്കും എന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരതാ ഫണ്ട് 170/- രൂപയിൽനിന്നും 250/-രൂപയായി ഉയർത്തുന്നതിന് കേന്ദ്രസഹായംകൂടി ആവശ്യപ്പെട്ടുകൊണ്ട് നിരവധി തവണ കേന്ദ്ര സർക്കാരിനെ സമീപിച്ചിരുന്നുവെങ്കിലും നാളിതുവരെയായി അനുകൂലമായ മറുപടിയൊന്നും ലഭിച്ചിട്ടില്ല.

(സി) രാജ്യത്തേയ്ക്കുള്ള സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ കഴിഞ്ഞ രണ്ടുവർഷങ്ങളിലെ ഇറക്കുമതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ അത് ലഭ്യമാക്കുമോ; ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേന്ദ്രസർക്കാരിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സ്വാഭാവിക റബ്ബർ ഇറക്കുമതി 2021-22 വർഷം 546369 ടണ്ണും 2022-23 വർഷം 528677 ടണ്ണും (പ്രൊവിഷണൽ കണക്ക്) കോമ്പൗണ്ടഡ് റബ്ബർ ഇറക്കുമതി 2021-22-ൽ 114638 ടണ്ണും 2022-23-ൽ 137017 ടണ്ണും (പ്രൊവിഷണൽ കണക്ക്) ആണെന്ന് റബ്ബർ ബോർഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇറക്കുമതിമൂലം വരുമാനനഷ്ടം, തൊഴിൽ നഷ്ടം, ബന്ധപ്പെട്ട മേഖലയിൽ ഉണ്ടാകുന്ന ഗുരുതര പ്രതിസന്ധി എന്നിവ തരണം ചെയ്യുന്നതിന് വേൾഡ് ട്രേഡ് ഓർഗനൈസേഷൻ കരാറിലെ വ്യവസ്ഥ (ഗാട്ട് 1994, ആർട്ടിക്കിൾ 19:1 (എ)) പ്രകാരം സംരക്ഷണ ചുങ്കം (സേഫ് ഗാർഡ് ഡ്യൂട്ടി) ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ?

ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേന്ദ്രസർക്കാരിനോട് നിരന്തരം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും അനുകൂലമായ മറുപടിയൊന്നും ലഭ്യമായിട്ടില്ല. സംരക്ഷണ ചുങ്കം ഏർപ്പെടുത്താനുള്ള

നടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും കേന്ദ്രത്തോട് ആവശ്യപ്പെടുന്നതാണ്.

(ഇ) കർഷകർക്ക് സബ്സിഡി ലഭ്യമാക്കാനായി ബില്ലുകൾ അപ്‌ലോഡ് ചെയ്യാനുള്ള വെബ്സൈറ്റ് പ്രവർത്തിക്കുന്നില്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നൽകിവരുന്ന പോർട്ടലിലെ സാങ്കേതിക തകരാർ കാരണമാണ് ഇടക്കാലത്ത് കർഷകർക്ക് ബില്ലുകൾ അപ്‌ലോഡ് ചെയ്യാൻ സാധിക്കാതെവന്നത്. എന്നാൽ പ്രശ്നം പരിഹരിച്ച് ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്.

(എഫ്) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര സബ്സിഡി അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; ഈ സാമ്പത്തിക വർഷം എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ സാമ്പത്തിക വർഷം റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച 228697 ബില്ലുകളിന്മേൽ 58.11 കോടി രൂപ റബ്ബർ സബ്സിഡി ഇനത്തിൽ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച 533838 ബില്ലുകളിന്മേൽ 161.52 കോടി രൂപ റബ്ബർ സബ്സിഡി ഇനത്തിൽ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

**റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി**

**44 (1668)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കൃഷി വകുപ്പ് പഠനം നടത്തിയിട്ടില്ല.

(ബി) പ്രതികൂലമായ കാലാവസ്ഥമൂലം റബ്ബർ കൃഷിയിൽ ഇടിവ് നേരിടുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

ഉണ്ട്. പ്രകൃതിക്ഷോഭംമൂലം വിളനാശമുണ്ടാകുന്ന റബ്ബർ കർഷകർക്ക് ചുവടെ ചേർക്കുന്ന ആനുകൂല്യങ്ങൾ കൃഷി വകുപ്പ് മുഖേന നൽകിവരുന്നു.

1. പ്രകൃതി ക്ഷോഭംമൂലം ഉണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരമായി പ്രകൃതിക്ഷോഭം മൂലമുള്ള അടിയന്തര പരിപാടി പദ്ധതിയിൽ റബ്ബർ മരത്തിന് (ടാപ്പ് ചെയ്യുന്നത്) 300 രൂപയും ടാപ്പ് ചെയ്യാത്ത റബ്ബർ മരത്തിന് 200 രൂപയും നഷ്ടപരിഹാരമായി നൽകുന്നു.

2. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കർഷകർക്ക് പ്രകൃതിക്ഷോഭംമൂലമോ വന്യജീവി ആക്രമണംമൂലമോ ഉണ്ടാകുന്ന പൂർണ്ണമായ വിളനാശത്തിന് റബ്ബറിന് മൂന്നു വർഷംവരെ 1 എണ്ണത്തിന് 200 രൂപയും മൂന്നു വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 600 രൂപയും 7 വർഷത്തിനുശേഷം ഒരെണ്ണത്തിന് 1000 രൂപയും നഷ്ടപരിഹാരമായി നൽകുന്നു.

3. കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതിയായ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് കാലാവസ്ഥയിൽ ഉണ്ടാകുന്ന വ്യതിയാനങ്ങൾക്ക് വിജ്ഞാപനം ചെയ്ത ടെം

ഷീറ്റുകളുടെ അടിസ്ഥാനത്തിൽ 1 ഹെക്ടറിന് 1,00,000/- രൂപ നഷ്ടപരിഹാരം നൽകുന്നു.

(സി) റബ്ബർ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പ്രത്യേക സാഹചര്യത്തിൽ റബ്ബറിന്റെ താങ്ങുവില ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതത് ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ അർഹമായ

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു. 2021 ഏപ്രിൽ ഒന്ന് മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വില സ്ഥിരതാ ഫണ്ട് 170/- രൂപയിൽനിന്നും 250/- രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായംകൂടി ആവശ്യപ്പെട്ടുകൊണ്ട് പലതവണകളായി കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും ബന്ധപ്പെട്ട കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരമുള്ള തുക ഇനിയും വിതരണം ചെയ്യാനുണ്ടോ; എങ്കിൽ കണക്കുകൾ ലഭ്യമാക്കാമോ?

2015 മുതൽ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസന്റീവ് സ്കീം പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതിപ്രകാരം 2022-23 സാമ്പത്തിക വർഷം 228697 ബില്ലുകളിൽമേൽ 58.11 കോടി രൂപയും നടപ്പ് സാമ്പത്തിക വർഷം റബ്ബർ

ബോർഡ് പരിശോധിച്ച് സർക്കാരിലേക്ക് സമർപ്പിച്ച 533838 ബില്ലുകളിൽമേൽ 161.52 കോടി രൂപയും ഇതിനോടകം കർഷകർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇനി 194 ബില്ലുകളിന്മേൽ 5,11,082/- രൂപകൂടി കർഷകർക്ക് നൽകാനുണ്ട്.

**റബ്ബർ ഇൻസെന്റീവ് സ്കീം വെബ്സൈറ്റ്**

**45 (1669)** ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഇൻസെന്റീവ് സ്കീമിൽനിന്നും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് രജിസ്റ്റർ ചെയ്യാൻ ഉപയോഗിക്കുന്ന വെബ്സൈറ്റിന്റെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതുമൂലം കർഷകർക്ക് ബില്ലുകൾ അപ്‌ലോഡ് ചെയ്യാൻ കഴിയാതെ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വെബ്സൈറ്റിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) പരിമിതമായ ദിവസങ്ങളിൽ മാത്രമാണ് ബില്ലുകൾ അപ്‌ലോഡ് ചെയ്യാനുള്ള സൗകര്യം കർഷകർക്ക് നൽകുന്നതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വെബ്‌സൈറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(എ-ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നൽകിവരുന്ന പോർട്ടലിലെ സാങ്കേതിക തകരാർ കാരണമാണ് ഇടക്കാലത്ത് കർഷകർക്ക് ബില്ലുകൾ അപ്‌ലോഡ് ചെയ്യാൻ സാധിക്കാതെ വന്നത്. എന്നാൽ പ്രശ്നം പരിഹരിച്ച് ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്.

**റബ്ബർ കർഷകർ മറ്റ് കൃഷിയിലേക്ക് തിരിയുന്ന സാഹചര്യം**

**46 (1670)** ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർ റബ്ബർ വെട്ടിമാറ്റി മറ്റ് കൃഷിയിലേക്ക് തിരിയുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

റബ്ബറിന്റെ വിലത്തകർച്ചയെത്തുടർന്ന് നിരവധി തോട്ടങ്ങളിലെ റബ്ബർ വെട്ടിമാറ്റി മറ്റ് വിളകൾ വച്ചുപിടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർഷകർ റബ്ബർ വെട്ടിമാറ്റി മറ്റുവിളകൾ വച്ചിപിടിപ്പിക്കുന്ന പ്രവണത റബ്ബർ ബോർഡ് വളരെ ഗൗരവമായി വീക്ഷിച്ച് ആയത് സംബന്ധിച്ച സർവ്വേ നടത്തിവരുന്നു.

(ബി) പ്രതിസന്ധി നേരിടുന്ന റബ്ബർ കർഷകർക്ക് ആശ്വാസമേകാൻ റബ്ബർ വില സ്ഥിരതാ ഫണ്ട് കിലോയ്ക്ക് 250 രൂപയാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനം നടപ്പിലാക്കുന്ന റബ്ബർ വിലസ്ഥിരതാ ഫണ്ട് 170/- രൂപയിൽനിന്നും 250/- രൂപയായി ഉയർത്തുന്നതിന് കേന്ദ്ര സഹായംകൂടി ആവശ്യപ്പെട്ടുകൊണ്ട് പല തവണകളായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നാളിതുവരെയായി അനുകൂലമായ മറുപടിയൊന്നും ലഭിച്ചില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റബ്ബർ വില സ്ഥിരതാ പദ്ധതി പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ നാമമാത്രമായ തുക മാത്രമാണ് കർഷകർക്ക് വിതരണം ചെയ്തതെന്ന ആരോപണം വസ്തുതാപരമാണോ; വ്യക്തമാക്കാമോ?

റബ്ബറിന്റെ മാർക്കറ്റ് വില മുൻവർഷങ്ങളിൽ ഉയർന്ന് നിന്നതുകൊണ്ടാണ് വിലസ്ഥിരതാ പദ്ധതി ഇനത്തിൽ കർഷകർക്ക് വിതരണം ചെയ്ത തുക കുറയാൻ കാരണം. ഇപ്പോൾ മാർക്കറ്റ് വില കുറഞ്ഞുവരുന്ന സാഹചര്യത്തിൽ തുക കൂടുതൽ അനുവദിക്കേണ്ടി വന്നിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേക്ക് സമർപ്പിച്ച ബില്ലുകളിന്മേലുള്ള സബ്സിഡി തുകയായ 161.52 കോടി രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ഇനത്തിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) റബ്ബർ കർഷകർക്ക് പ്രോത്സാഹനം നൽകാൻ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നിലവിൽ റബ്ബർബോർഡ് മുഖേനയാണ് നടപ്പിലാക്കിവരുന്നത്. ഇത് ആദ്യമായി 2024-25 വർഷം മുതൽ 2375 കോടി രൂപ അടങ്കലിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരള കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര)-യിലൂടെ റബ്ബർ കർഷകർക്ക് 300 കോടിയോളം രൂപയുടെ ധനസഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. റബ്ബർ റീപ്ലാന്റേഷനുള്ള സഹായം, റബ്ബർ നഴ്സറികൾക്കുള്ള സഹായം, റബ്ബർ കർഷകർക്കുള്ള പാർഷ്യൽ ക്രെഡിറ്റ് ഗ്യാരണ്ടി സപ്പോർട്ട് സ്കീം തുടങ്ങിയവ 'കേര' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്.

**റബ്ബർ വിലസ്ഥിരതാ പദ്ധതി**

**47 (1671)** **ശ്രീ. ചാണ്ടി ഉമ്മൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് നിലവിൽ സബ്സിഡി ഇനത്തിൽ എത്ര തുക വിതരണം നടത്താനുണ്ട്; ഈയിനത്തിൽ നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വിശദമാക്കുമോ; മുൻ സാമ്പത്തിക

വർഷങ്ങളിലെ ക്ലെയിമുകൾ ഇനിയും കൊടുക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ?

നിലവിൽ റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് സമർപ്പിച്ച 194 ബില്ലുകളിന്മേൽ 5,11,082/- രൂപ റബ്ബർ സബ്സിഡി ഇനത്തിൽ കർഷകർക്ക് വിതരണം നടത്താനുണ്ട്. പ്രസ്തുത പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം റബ്ബർ ബോർഡ് പരിശോധിച്ച് സർക്കാരിലേക്ക് സമർപ്പിച്ച ബില്ലുകളിന്മേൽ സബ്സിഡി തുകയായ 161.52 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. അതാത് സാമ്പത്തിക വർഷങ്ങളിൽ സൊസൈറ്റികൾ അപ്‌ലോഡ് ചെയ്യുന്ന ബില്ലുകൾ വിവിധ കാരണങ്ങളാൽ നിരസിക്കപ്പെടുകയാണെങ്കിൽ പ്രസ്തുത ബില്ലുകളിലുള്ള തെറ്റുകൾ പരിഹരിച്ച് വീണ്ടും സർക്കാരിലേക്ക് പുനർസമർപ്പിക്കാറുണ്ട്. അത്തരം ബില്ലുകൾ അതത് വർഷങ്ങളിലെ ക്ലെയിമുകളായി പരിഗണിച്ച് സബ്സിഡി അനുവദിച്ച് നൽകാറുണ്ട്.

(ബി) റബ്ബർ വിലസ്ഥിരതാ പദ്ധതിയുടെ നടത്തിപ്പിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; വ്യക്തമാക്കുമോ; ബില്ലുകൾ അപ്‌ലോഡ് ചെയ്യാനാകാത്തതുവഴി റബ്ബർ കർഷകർക്ക് സബ്സിഡി ക്ലെയിം ചെയ്യാനാകാത്ത സഹചര്യം നിലവിലുണ്ടോ; വെബ്സൈറ്റിലെ തകരാറുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) റബ്ബറിന്റെ ഉല്പാദനം കുറയുന്ന സീസണിലും പതിവിന് വിപരീതമായി കനത്ത വിലയിടിവ് നേരിടുന്ന സാഹചര്യം കണക്കിലെടുത്ത് സബ്സിഡി ഇനത്തിൽ കുടിശ്ശികയായ തുക എത്രയും വേഗം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) റബ്ബർ ഉല്പാദന മേഖലയിലെ ഇപ്രകാരമുള്ള പ്രതിസന്ധികൾ ഇല്ലാതാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി-ഡി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പദ്ധതി നൽകിവരുന്ന പോർട്ടലിലെ സാങ്കേതിക തകരാർ കാരണമാണ്

ഇടക്കാലത്ത് കർഷകർക്ക് ബില്ലുകൾ അപ്‌ലോഡ് ചെയ്യാൻ സാധിക്കാതെ വന്നത്. എന്നാൽ പ്രശ്നം പരിഹരിച്ച് ബില്ലുകൾ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സാഹചര്യമൊരുക്കിയിട്ടുണ്ട്. കുടിശ്ശികയില്ലാതെ സബ്സിഡി തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാപ്പി കർഷകർക്ക് സഹായങ്ങൾ**

**48 (1672)** ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലം വയനാട് ജില്ലയിലെ കാപ്പി കർഷകർക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാപ്പി കർഷകർക്കുവേണ്ട സഹായങ്ങൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം കാപ്പി വിളവിൽ ഉണ്ടാകുന്ന പ്രശ്നങ്ങളെ മറികടക്കാൻ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കുന്ന കാര്യം കൃഷി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലമുള്ള വിളനാശത്തിന് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള

വിഹിതവും സംസ്ഥാന വിഹിതവും ചേർത്ത് നഷ്ടപരിഹാരം നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള കാപ്പി കർഷകർക്ക് പ്രകൃതിക്ഷോഭംമൂലമോ വന്യജീവി ആക്രമണംമൂലമോ ഉണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നുണ്ട്.

പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിലവിൽ തോട്ടവിളകളായ തേയില, കാപ്പി, റബ്ബർ എന്നിവയ്ക്ക് പ്രീമിയം ഇനത്തിൽ കേന്ദ്ര സബ്സിഡി നൽകുന്നില്ല. കേരളത്തിൽ വ്യാപകമായി കൃഷി ചെയ്തുവരുന്നതും കാലാവസ്ഥാ വ്യതിയാനംമൂലം വിള നഷ്ടം സംഭവിക്കുകയും ചെയ്യുന്നതിനാൽ ഈ വിളകൾക്കുകൂടി പ്രീമിയം ഇനത്തിൽ സബ്സിഡി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ വയനാട് പാക്കേജിൽ ഉൾപ്പെടുത്തി 262.5 ലക്ഷം രൂപ അടങ്കലായി "സമഗ്ര കാപ്പി കൃഷി വികസന പദ്ധതി"-യുടെ പ്രൊപ്പോസൽ ജില്ലാതല കമ്മിറ്റി അംഗീകരിച്ച് സ്റ്റേറ്റ് ലെവൽ എംപവർമെന്റ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

സമഗ്ര കാപ്പി കൃഷി വികസന പദ്ധതിയിൽ മൈക്രോ ഇറിഗേഷൻ എന്ന ഘടകം ഉൾപ്പെട്ടുത്തിയിട്ടുണ്ട്.

**കാർഷിക കേരളത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കാൻ ലോകബാങ്ക് സഹായത്തോടെ പ്രത്യേക പദ്ധതി**

**49 (1673)** ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി ദെലീമ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ പ്രത്യേക പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രവർത്തന മേഖലകൾ, ലക്ഷ്യം എന്നിവ വിശദമാക്കുമോ?

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ എന്നിവയുടെ ആഘാതങ്ങൾക്കെതിരെ കാർഷിക കേരളത്തിന്റെ പ്രതിരോധശേഷി വർധിപ്പിക്കുന്നതിന് ലോകബാങ്കിന്റെ

സഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖലാ നവീകരണ (Kerala Climate Resilient Agri Value Chain Modernization Project-KERA) പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട കർഷകർക്കും കാർഷികാധിഷ്ഠിത Micro Small Medium Enterprises (MSME)-കൾക്കും ഭക്ഷ്യമേഖലയിലെ വാണിജ്യവത്കരണം, കാർഷിക വിതരണ ശൃംഖലകളുടെ നവീകരണം, കാലാവസ്ഥയെ പ്രതിരോധിക്കുന്ന രീതികൾ എന്നിവ അവലംബിച്ച് കൃഷിയിലും അനുബന്ധ മേഖലയിലും നിക്ഷേപം നടത്തി പ്രാദേശിക സമ്പദ്‌വ്യവസ്ഥയെ ഊർജ്ജിതപ്പെടുത്തുകയാണ് ഈ പദ്ധതി മുഖേന പ്രധാനമായും ലക്ഷ്യമിടുന്നത്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

ഘടകം 1 : കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും

കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട് കൃഷി (Climate Smart Agriculture – CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

- കർഷകർക്ക് മെച്ചപ്പെട്ട കാലവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശക സേവന ദാതാക്കളുടെ ശേഷി വർദ്ധിപ്പിക്കൽ.

- അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.

- മെച്ചപ്പെട്ട ജല ഉപയോഗക്ഷമതക്കും കാർബൺ ബഹിർഗ്ഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽക്കൃഷി സ്വീകരിക്കുക.

<u>ഘടകം 2:</u> പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യവർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുക.

- കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും അഗ്രി ബിസിനസ്സിനുമിടയിൽ സുസ്ഥിര ഉല്പാദനസഖ്യങ്ങളുടെ (Productive Alliances) രൂപീകരണം

- സംസ്ഥാനത്ത് തെരഞ്ഞെടുത്ത തോട്ടവിളകളുടെ (റബ്ബർ, ഏലം, കാപ്പി) പുനരുജ്ജീവനം

- നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർദ്ധിപ്പിക്കൽ എന്നിവയിലൂടെ ഉല്പാദനക്ഷമത മെച്ചപ്പെടുത്തൽ

<u>ഘടകം 3</u>: FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം.

- കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട/ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർദ്ധിപ്പിക്കുക

- അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻക്യുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്

- അഗ്രിപാർക്കുകൾക്കുള്ള സഹായം.

(ബി) പ്രസ്തുത പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനത്തിനും നടത്തിപ്പിനുമായുള്ള കൺസൾട്ടൻസികളുടെ തെരഞ്ഞെടുപ്പ് ഏത്

ഘട്ടത്തിലാണ്; സംസ്ഥാനത്ത് കാർഷിക മേഖലയുടെ സമഗ്ര മുന്നേറ്റത്തിന് പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാകും; വിശദാംശം നൽകുമോ?

പദ്ധതിയുടെ പാരിസ്ഥിതികാഘാത പഠനത്തിനും നടത്തിപ്പിനുമായി ഏണസ്റ്റ് & യംഗ് LLP എന്ന കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ കാർഷികമേഖലയിലെ കാലാവസ്ഥ പ്രതിരോധവും അതുവഴിയുള്ള കൃഷി നാശനഷ്ടം ഉൾപ്പെടെയുള്ളവയുടെ ലഘൂകരണത്തിനും ഈ പദ്ധതി സഹായകരമാകും. മൂല്യവർധനവിന് പ്രാമുഖ്യമുള്ള ഈ പദ്ധതിയിലൂടെ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുകവഴി അഗ്രോപ്രോസസ്സിംഗ് മേഖലയിൽ ഉല്പാദന സഖ്യങ്ങളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വിപണി കണ്ടെത്തുന്നതിന് സാധിക്കും. അതുവഴി കർഷകരുടെ കാർഷിക മേഖലയിൽ നിന്നുള്ള വരുമാന വർധനവും ഉറപ്പാക്കാൻ സാധിക്കുന്നതാണ്.

**കർഷക ആത്മഹത്യകൾ**

**50 (1674)** <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കർഷക ആത്മഹത്യകൾ ഉണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് 42 കർഷകർ പലവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

(ബി) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് അനുവദിച്ചുനൽകിയിട്ടുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; പ്രസ്തുത കുടുംബങ്ങൾ ജപ്തി ഭീഷണി നേരിടേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം നടപടിയുണ്ടായതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് പരിഹാര നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) കർഷക ആത്മഹത്യയായി സ്ഥിരീകരിച്ചു കഴിഞ്ഞാൽ ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ കർഷകന്റെ ആശ്രിതർക്ക് ധനസഹായവും കട ഭീഷണിയുള്ള വിഷയങ്ങളിൽ ഉദാരമായ നിലപാട് സ്വീകരിക്കാൻ ബാങ്കുകൾക്ക് നിർദ്ദേശങ്ങളും നൽകാറുണ്ട്. റവന്യൂ വകുപ്പിൽനിന്നും സാമ്പത്തിക സഹായമായി 44 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ജപ്തി ഭീഷണി നേരിടേണ്ട സാഹചര്യമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സംസ്ഥാനത്ത് കൃഷിയിൽനിന്നും മതിയായ വരുമാനം ഉറപ്പാക്കുന്നതിനായി പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ ഉൾപ്പെടുന്നു. സംസ്ഥാന, കേന്ദ്ര, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കർഷകരുടെ ഉന്നമനത്തിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കർഷക വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃഷിയിടാധിഷ്ഠിത ആസൂത്രണ സമീപനം പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ നടപ്പിലാക്കിവരുന്നു. ഇതോടൊപ്പം കർഷകർക്ക് പിന്തുണ നൽകിക്കൊണ്ട്

വിവിധ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതികൾ കാർഷിക ആവാസ യൂണിറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്.

പ്രകൃതിക്ഷോഭംമൂലവും വന്യമൃഗാക്രമണംമൂലവും ഉണ്ടാകുന്ന വിള നാശത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും കേന്ദ്ര സംസ്ഥാന ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി പ്രകാരവും എസ്.ഡി.ആർ.എഫ്. പ്രകാരവും നഷ്ടപരിഹാരം നൽകിവരുന്നു. കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസിൽ അംഗങ്ങളാകുന്ന കർഷകർക്ക് വിള നാശമുണ്ടായില്ലെങ്കിലും കാലാവസ്ഥാ വ്യതിയാനംമൂലം വിളകളുടെ ഉല്പാദനക്കുറവിനും ആനുപാതികമായ നഷ്ടപരിഹാരം നൽകുന്നു. വന്യമൃഗാക്രമണങ്ങളിൽനിന്നും വിളകളെ സംരക്ഷിക്കുന്നതിന് 25 കോടി രൂപയുടെ RKVY പദ്ധതി, 1.88 കോടി രൂപയുടെ സംസ്ഥാന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. വനംവകുപ്പിന്റെ എതിർപ്പില്ലാത്ത അസംരക്ഷിത വന പ്രദേശത്തും മറ്റ് ഭൂരേഖകൾ ലഭ്യമല്ലാതെ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യം ലഭ്യമാകത്തക്കവിധം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാർഷിക ബ്ലോക്കുകൾ കേന്ദ്രീകരിച്ച് കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും പരിഹരിക്കുന്നതിനുമായി കൃഷി ദർശൻ പരിപാടി സംഘടിപ്പിച്ചുവരുന്നു.

നെല്ലിന് രാജ്യത്തെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ഉയർന്ന സംഭരണ വില (28.20 രൂപ) നൽകിവരുന്നു. പച്ചത്തേങ്ങയ്ക്ക് കിലോയ്ക്ക് 34 രൂപ സംഭരണ വിലയായി നൽകുന്നു. വിലയിടിവ് തടയുന്നതിനായി കാർഷികോല്പന്നങ്ങൾക്ക് അടിസ്ഥാന പദ്ധതി നടപ്പിലാക്കിവരുന്നു. 16 ഇനം പഴം, പച്ചക്കറികൾക്ക് വിപണി വില അടിസ്ഥാന വിലയിലും താഴുന്ന പക്ഷം ആയതിന്റെ വ്യത്യാസം കണക്കാക്കി ആനുകൂല്യം നൽകിവരുന്നു. കർഷകർക്കായി കേരളാഗ്രോ എന്ന ബ്രാൻഡ് സ്ഥാപിക്കുകയും ഗുണമേന്മ ഉയർത്തി അധിക വരുമാനം ലഭിക്കത്തക്കവിധം ശാക്തീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കാർഷികോല്പന്ന സംസ്കരണവും വിപണനവും കയറ്റുമതിയും ലക്ഷ്യംവച്ച് കേരള അഗ്രോ ബിസിനസ്സ് കമ്പനി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയും ചെയ്യുന്നുണ്ട്.

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ എന്നിവ ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളുടെ ആഘാതങ്ങൾക്കെതിരെ കേരളത്തിന്റെ കാർഷിക മേഖലയുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ശൃംഖല നവീകരിക്കുന്നതിനുമായി കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡേണൈസേഷൻ (കേര) പദ്ധതി നടപ്പിലാക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്.

**കർഷക ക്ഷേമനിധി ബോർഡിൽനിന്നും അനുവദിക്കുന്ന പെൻഷൻ**

**51 (1675)** ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ക്ഷേമനിധി ബോർഡിൽ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; അംശദായമായി എത്ര രൂപയാണ് ഈടാക്കുന്നതെന്നും ഈയിനത്തിൽ നാളിതുവരെ എത്ര തുക ലഭിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കേരള കർഷക ക്ഷേമനിധി ബോർഡിൽ 18337 കർഷകർ അപേക്ഷിച്ചതിൽ നാളിതുവരെ 15049 കർഷകർ രജിസ്ട്രേഷൻ നടപടികൾ

പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവർ രജിസ്ട്രേഷന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് 100 രൂപ വീതം നിധിയിലേക്ക് അംശദായം നൽകേണ്ടതാണ്. ഈ ഇനത്തിൽ നാളിതുവരെ അംശദായമായി 2,29,83,383/- രൂപ ലഭിച്ചിട്ടുണ്ട്.

(ബി) കർഷക ക്ഷേമനിധി ബോർഡിൽനിന്നും നാളിതുവരെ എത്രപേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപ നിരക്കിലാണ് പെൻഷൻ അനുവദിക്കുന്നതെന്നും ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് 5 വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആനുകൂല്യത്തിനും പെൻഷനും ആക്റ്റ് പ്രകാരം അർഹതയുള്ളത്. അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 2021 ഡിസംബർ ഒന്നാം തീയതി മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ ആനുകൂല്യങ്ങളും പെൻഷനും നൽകാറായിട്ടില്ല. പെൻഷന്റെയും മറ്റ് ആനുകൂല്യങ്ങളുടെയും നിരക്ക് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

(സി) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാരിൽനിന്നും നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്ന വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡിന് നാളിതുവരെ സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2020-21 | 1 കോടി രൂപ |
| 2021-22 | 1.10 കോടി രൂപ |
| 2022-23 | 1 കോടി രൂപ |
| 2023-24 | 1 കോടി രൂപ |

മേൽ പറഞ്ഞ തുകകൾ ചെലവഴിച്ചത് ഇനം തിരിച്ച് 2020-21, 2021-22, 2022-23 സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള ആഡിറ്റ് ചെയ്ത കണക്കുകളുടെ പത്രിക യഥാക്രമം അനുബന്ധം+ 1, 2, 3 ആയി ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**കർഷകർക്ക് സൗജന്യ വൈദ്യുതി**

**52 (1676)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകിയ ഇനത്തിൽ കൃഷിവകുപ്പ് കെ.എസ്.ഇ.ബി.-ക്ക് എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

ചെറുകിട നാമമാത്ര കർഷകർക്കുള്ള സൗജന്യ വൈദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകളിൽനിന്നും ശേഖരിച്ച വിവരം അനുസരിച്ച് കൃഷി വകുപ്പിന്റെ കണക്കുപ്രകാരം 2017-18 വർഷം മുതൽ 2022-23 വരെ കെ.എസ്.ഇ.ബി.-ക്ക് 8553.599 ലക്ഷം രൂപ കുടിശ്ശിക തുകയായി നിലനിൽക്കുന്നു.

(ബി) വകുപ്പ് കുടിശ്ശിക നൽകാത്തതിനാൽ കെ.എസ്.ഇ.ബി. കർഷകർക്ക് നേരിട്ട് നോട്ടീസ് അയച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) സൗജന്യമായി കർഷകർക്ക് വൈദ്യുതി നൽകുമെന്ന വാഗ്ദാനത്തിന്റെ പേരിൽ കണക്ഷൻ എടുത്ത കർഷകരെ കൂടുതൽ

പ്രതിസന്ധിയിലേക്ക് നയിക്കാതിരിക്കാൻ അടിയന്തരമായി പ്രസ്തുത കുടിശ്ശിക അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

കർഷകരെ പ്രതിസന്ധിയിലാക്കുന്ന നടപടികൾ ഉണ്ടായിട്ടില്ല. 20-07-2021 വരെയുള്ള (DBT സ്കീമിൽ ഉൾപ്പെട്ട) കാർഷിക ഉപഭോക്താക്കളുടെ OTS-ൽ ഉൾപ്പെടുത്താവുന്ന തുകയായി കെ.എസ്.ഇ.ബി.-ക്ക് നൽകേണ്ടതായുള്ള കുടിശ്ശിക, മുതൽ തുകയായി 71.88 കോടി രൂപയും OTS പ്രകാരമുള്ള പലിശയായ 11.33 കോടി രൂപയും ഉൾപ്പെടെ ആകെ 83.21 കോടി രൂപ അനുവദിക്കണമെന്നുള്ള ശിപാർശ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. വിഷയത്തിൽ വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുകയും കർഷകരുടെ വൈദ്യുതി വിച്ഛേദിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

**കർഷകർക്ക് നൽകിയ ധനസഹായം**

**53 (1677)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നഗരസഭ, പെരുമ്പഴുതൂർ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ ഓരോ കൃഷിഭവനുകളിൽനിന്നും

2016-17 സാമ്പത്തികവർഷം മുതൽ 2023-24 സാമ്പത്തിക വർഷംവരെ പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് നൽകിയ ധനസഹായം എത്രയാണെന്ന് വിശദമാക്കുമോ; എത്ര കർഷകർക്കാണ് നൽകിയതെന്നും വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) ഈ കാലയളവിൽ ഇനി എത്ര കർഷകർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ കാലയളവിൽ ഇനി 1801 കർഷകർക്കായി 144.05071 ലക്ഷം രൂപ (ഒരു കോടി നാല്പത്തിനാല് ലക്ഷത്തി അയ്യായിരത്തി എഴുപത്തിയൊന്ന് രൂപ) ധനസഹായം നൽകാൻ ബാക്കിയുണ്ട്.

**ശീതകാല പച്ചക്കറികൾ**

**54 (1678)** ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നതിന് കർഷകർക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിഭവനുകൾവഴി ഏതെല്ലാം പച്ചക്കറിത്തൈകളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി ശീതകാല പച്ചക്കറി കൃഷി നടപ്പിലാക്കിവരുന്നു.

ശീതകാല പച്ചക്കറി കൃഷിക്കായി 3/- രൂപ വിലയുള്ള കാബേജ്, ക്വാളിഫ്ലവർ, ബ്രോക്കോളി, കെയിൽ എന്നിവയുടെ സങ്കരയിനം തൈകളും 2.5 രൂപ വിലയുള്ള കാരറ്റ്, ബീൻസ്, ബീറ്റ്റൂട്ട് മുതലായവയുടെ തൈകളുമാണ് കർഷകർക്ക് കൃഷി ഭവനുകൾവഴി പൂർണ്ണമായും സൗജന്യമായി നൽകിവരുന്നത്.

**മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യങ്ങൾ**

**55 (1679)** **ശ്രീ. കെ. ജെ. മാക്സി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്തതിനാൽ മറ്റുള്ളവരുടെ ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരുടെ കണക്കും ഇത്തരത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകിവരുന്നതെന്നും ഇനി എന്തൊക്കെ ആനുകൂല്യങ്ങൾ പുതുതായി നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ഇത്തരത്തിൽ കൃഷി ചെയ്യുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന ആനുകൂല്യങ്ങളുടെ നിരക്ക് അനുബന്ധം 2+ ആയി ചേർക്കുന്നു.

(സി) ഇത്തരം കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; വിശദീകരിക്കാമോ?

നിലവിൽ കൃഷി വകുപ്പ്, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലസ്റ്ററുകൾ, ആഴ്ച ചന്തകൾ, നഗര വഴിയോര ആഴ്ച ചന്തകൾ, ആറ് കാർഷിക മൊത്തവ്യാപാര വിപണികൾ തുടങ്ങിയവ മുഖേന അതത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പ്രദേശങ്ങളിൽ കർഷകർ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ കർഷകരിൽനിന്നും ഉപഭോക്താക്കൾക്ക് നേരിട്ട് വിപണനം നടത്തുന്നതിനുള്ള സംവിധാനമൊരുക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ ആറ് കാർഷിക മൊത്തവ്യാപാര വിപണികൾ ശക്തിപ്പെടുത്തി കർഷകർക്ക് കൂടുതൽ സൗകര്യപ്രദമാക്കുന്നതിനും കർഷകർക്കുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി ഉൾപ്പെടെ വകയിരുത്തിയിട്ടുണ്ട്. കൂടാതെ കേരളത്തിലെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് വിപണി ഇടപെടൽ പദ്ധതിപ്രകാരം 2023-24 വർഷത്തിൽ 2825 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും ഹോർട്ടികോർപ്പിന് 13 ജില്ലാ സംഭരണ കേന്ദ്രങ്ങളും 6 ഉപസംഭരണ കേന്ദ്രങ്ങളും അവയുടെ കീഴിൽ 81 സ്വന്തം സ്റ്റാളുകളും 199 ലൈസൻസി സ്റ്റാളുകളുമുണ്ട്. കൂടാതെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ജൈവ പച്ചക്കറി

ഉല്പന്നങ്ങൾ 'സേഫ് ടു ഈറ്റ്' എന്ന ലേബലിൽ പ്രധാന ഔട്ട്ലെറ്റുകൾ മുഖേന വിപണനം നടത്തിവരുന്നു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം 293 സ്വാശ്രയകർഷക സമിതികളാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിനുകീഴിൽ പ്രവർത്തിച്ചുവരുന്നത്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷിക്കുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. പ്രതിവർഷം ഒരു ലക്ഷം മെട്രിക് ടൺ പഴം പച്ചക്കറികളുടെ വിപണനം നടത്തിവരുന്നു.

കാർഷികോല്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്നുമുതൽ നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി പഴം-പച്ചക്കറി വിപണന ശൃംഖല ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ചെയ്ത് പഴം-പച്ചക്കറികൾ വിപണിയിൽ എത്തിക്കുന്നതിനുമുള്ള പദ്ധതി VFPCK നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കാക്കനാട് കേന്ദ്രമാക്കി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രോസസ്സിംഗ്

ആന്റ് മാർക്കറ്റിംഗ് സെന്റർ (VFPMC), 7 ജില്ലകളിൽ പഴം-പച്ചക്കറികളുടെ പ്രാഥമിക സംസ്കരണ കേന്ദ്രങ്ങൾ, വി.എഫ്.പി.സി.കെ. സ്വാശ്രയ കർഷക സമിതികൾ നടത്തുന്ന 63 തളിർ ഔട്ട്ലെറ്റുകൾ എന്നിവ ആരംഭിച്ചു.

കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി FPO-കൾ രൂപീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും നടപടികൾ തുടങ്ങിക്കഴിഞ്ഞു. കാർഷിക ഉല്പന്നങ്ങളുടെ വിപണി ഉറപ്പാക്കുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ഉതകുമാറ് മൂല്യവർദ്ധിത കാർഷിക മിഷൻ (VAAM) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ നിലവിൽ വന്നുകഴിഞ്ഞു. കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്നതോടെ കാർഷിക ഉല്പന്നങ്ങളുടെ ആവശ്യകതയും വിപണിയും വർദ്ധിക്കും.

കർഷകർ, കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ, FPO, FPC-കൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൾപ്പടെയുള്ള കാർഷിക ഉല്പന്നങ്ങളുടെ മെച്ചപ്പെട്ട വിപണനം ഉറപ്പാക്കുന്നതിനായി "കേരളഗ്രോ" ബ്രാൻഡ് ആവിഷ്കരിച്ചിട്ടുണ്ട്.

ഉല്പന്നങ്ങൾ "കേരളഗ്രോ" ബ്രാൻഡ് ചെയ്യുന്നതിനും ഓൺലൈൻ വിപണത്തിനുമായി 40 ലക്ഷം രൂപയും എല്ലാ ജില്ലയിലും ഓരോ കേരളഗ്രോ ബ്രാൻഡഡ് ഷോപ്പും ഫാം പ്ലാൻ സൂപ്പർ മാർക്കറ്റും തുടങ്ങുന്നതിനായി 280 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കേരളഗ്രോ ബ്രാൻഡിംഗ് സംവിധാനംവഴി കർഷകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ മുഖാന്തരവും കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ എന്നിവവഴി വിപണനം നടത്തുന്നതിനും അതുവഴി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം നേടുന്നതിനും സാധിക്കും.

**കർഷകരുടെ കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടികൾ**

**56 (1680)** <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി നഷ്ടം കാരണം ദുരിതത്തിലായി വായ്പകളുടെ തിരിച്ചടവ് സാധ്യമാകാതെ പ്രയാസപ്പെടുന്ന കർഷകരുടെ കുടിശ്ശിക ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കർഷകർ സഹകരണ സംഘങ്ങളിൽ/ സൊസൈറ്റികളിൽ നിന്നും എടുക്കുന്ന വായ്പകൾക്ക് വയനാട്, ഇടുക്കി ജില്ലകളിൽ 31-08-2020 വരെയും മറ്റ് ജില്ലകളിൽ 31-03-2016 വരെയും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന പരമാവധി 2 ലക്ഷം രൂപവരെ കടാശ്വാസം അനുവദിച്ചുവരുന്നുണ്ട്. സഹകരണ ബാങ്കുകളിൽ വായ്പാ കുടിശ്ശികയുള്ളവർക്ക് പ്രത്യേക ഇളവുകൾ നൽകുന്നതിന് നവകേരളീയം കുടിശ്ശിക നിവാരണം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സഹകരണ ബാങ്കുകൾ നടപ്പിലാക്കാറുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമ്പോൾ പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു. വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവർക്ക് പലിശയിൽ പരമാവധി 50% വരെ ഇളവ് അനുവദിക്കുന്നു. കൂടാതെ ചില പ്രത്യേക വ്യവസ്ഥകൾക്ക് വിധേയമായി അർഹരായവരുടെ വായ്പകൾക്ക് പൂർണ്ണമായോ ഭാഗികമായോ ഇളവ് നൽകുന്നു. സാധാരണക്കാരായ ഗുരുതര രോഗബാധിതർ, മരണപ്പെട്ടവർ, മാതാപിതാക്കൾ മരണപ്പെട്ടശേഷം മാതാപിതാക്കളുടെ

ബാധ്യത തങ്ങളുടെ ബാധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവർക്ക് ഇളവുകൾ നൽകുന്നു.

അർഹരായ വായ്പക്കാർക്ക് പൊതുമേഖലാ ബാങ്കുകൾ പരമാവധി ഇളവുകളോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നുണ്ട്.

കേരള ബാങ്ക് ഒഴികെയുള്ള നാഷണൽ/ഷെഡ്യൂൾഡ്/കൊമേഴ്സ്യൽ ബാങ്കുകളുടെ കുടിശ്ശികയിന്മേൽ നടത്തപ്പെടുന്ന ജപ്തി നടപടികൾ കേരള റവന്യൂ റിക്കവറി നിയമ ഭേദഗതി നിലവിൽ വരുന്നതുവരെ നിർത്തിവയ്ക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർക്കും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കേരള ബാങ്കിൽ നിന്നെടുത്ത വായ്പകളിൽ 10 ലക്ഷത്തിൽ താഴെ ലോണെടുത്തവർക്ക് 6 മുതൽ 8 തവണ വരെ അനുവദിക്കുന്നുണ്ട്. ബാങ്ക് ലോൺ ഒഴികെ മറ്റ് ഇനത്തിൽ കുടിശ്ശിക വരുന്ന കേസുകളിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ തവണ അനുവദിച്ചുവരുന്നുണ്ട്.

(ബി) കാലാവസ്ഥാ വ്യതിയാനം, ജലലഭ്യതക്കുറവ്, വിളകളിലെ രോഗബാധ തുടങ്ങിയവയാലുള്ള കൃഷിനഷ്ടവും വരുമാനത്തകർച്ചയും കാരണമുള്ള കർഷകരുടെ ആത്മഹത്യ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാർഷിക മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾമൂലം കർഷകൻ ആത്മഹത്യ ചെയ്യേണ്ട സാഹചര്യം സംസ്ഥാനത്തില്ല. കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശമുണ്ടായാൽ കർഷകർക്ക് സംസ്ഥാന സർക്കാരിന്റെ പ്രകൃതിക്ഷോഭ ദുരിതാശ്വാസമനുസരിച്ചുള്ള നഷ്ടപരിഹാരം ലഭിക്കുന്നു. ഇതിനുപുറമേ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെയുള്ള കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പരിരക്ഷ പ്രകാരമുള്ള ആനുകൂല്യവും ലഭിക്കുന്നുണ്ട്.

കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസിൽ അംഗങ്ങളാകുന്ന കർഷകർക്ക് വിള നാശമുണ്ടായില്ലെങ്കിലും കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന വിള ഉല്പാദനക്കുറവിന് ആനുപാതികമായ നഷ്ടപരിഹാരം ലഭ്യമാകുന്നതാണ്.

കാർഷിക വിളകളിലെ കീടരോഗാക്രമണം നിയന്ത്രിക്കുന്നതിന് ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയും വിവിധ വിളകൾക്കായുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. ജലലഭ്യതക്കുറവുള്ള പ്രദേശങ്ങളിൽ ലഭ്യമായ ജലം ഏറ്റവും കാര്യക്ഷമമായി വിനിയോഗിക്കാനുതകുന്ന 'മൈക്രോ ഇറിഗേഷൻ' പദ്ധതികളും കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നു.

വിളകളിലെ പെട്ടെന്നുള്ള വ്യാപക കീടരോഗാക്രമണം പ്രതിരോധിക്കുന്നതിനുള്ള കണ്ടിജൻസി പ്രോഗ്രാം പെട്ടെന്നുള്ള വിളനാശത്തിൽനിന്ന് രക്ഷ നേടുവാൻ കർഷകരെ സഹായിക്കുന്നു. സംസ്ഥാന സർക്കാർ ലോക ബാങ്ക് സഹായത്തോടെ 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (KERA). കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും പ്രസ്തുത പദ്ധതിയിലെ ഒരു മുഖ്യ ഘടകമാണ്. ഇതിനുപുറമെ KABCO-യും വൻ മുടക്കുമുതലുള്ള കാർഷിക മൂല്യവർധനവിനും വിപണനത്തിനും പ്രാധാന്യം നൽകുന്ന വിവിധ

പദ്ധതികളും വരുന്ന സാമ്പത്തിക വർഷം നടപ്പിലാക്കുമ്പോൾ കർഷകന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സാധ്യമാകുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തു; അവരുടെ ആശ്രിതർക്ക് നൽകിയ ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 17 കർഷകരുടെ ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയെല്ലാം കർഷക ആത്മഹത്യയായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. കർഷക ആത്മഹത്യയായി സ്ഥിരീകരിച്ച കർഷകരുടെ ആശ്രിതർക്ക് സർക്കാർ മുഖേന ധനസഹായം നൽകിവരുന്നു.

(ഡി) അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയ്ക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്നതിനുപകരം അവയൊക്കെ നമ്മുടെ സംസ്ഥാനത്തുനിന്നും ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് ചെയ്തുവരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

അരി, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് വിവിധ പദ്ധതികളും പ്രവർത്തനങ്ങളും സർക്കാർ നടത്തി വരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**വേങ്ങേരി കാർഷിക വിപണന കേന്ദ്രം**

**57 (1681)** ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങേരി കാർഷിക വിപണന കേന്ദ്രത്തിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം കൃഷി ചെയ്യുന്നതിനായി കർഷകരുടെ കൂട്ടായ്മയ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വേങ്ങേരി കാർഷിക നഗര മൊത്തവ്യാപാര വിപണിയിൽ ഒന്നര ഏക്കർ സ്ഥലം വേങ്ങേരി സർവ്വീസ് സഹകരണ ബാങ്കിന് കീഴിലുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷക കൂട്ടായ്മയ്ക്ക് കൃഷി ചെയ്യുന്നതിനായി 01-12-2017 മുതൽ പാട്ടവ്യവസ്ഥയിൽ നൽകിയിട്ടുണ്ട്.

(സി) മേൽപ്പറഞ്ഞ വിപണന കേന്ദ്രം വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

കേരള അഗ്രോ ബിസിനസ് കമ്പനി (കാബ്കോ) നിലവിൽ വന്നതോടുകൂടി വേങ്ങേരി വിപണിയിൽ പ്രദർശന കേന്ദ്രം (എക്സിബിഷൻ സെന്റർ), സോളാർ പാനൽ സ്ഥാപിക്കൽ എന്നിങ്ങനെ വിവിധ പ്രവർത്തനങ്ങൾക്കായുള്ള രൂപരേഖ കാബ്കോ തയ്യാറാക്കി വരുന്നു.

**കർഷക പെൻഷനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി**

**58 (1682)** ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-നുശേഷം കർഷക പെൻഷൻ പുതുതായി അനുവദിച്ചിട്ടുണ്ടോ?

27-01-2021-ലെ സ.ഉ. (കൈ) നം.8/2021/കൃഷി ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ 3197 പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

(ബി) കർഷക പെൻഷൻ ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നിരവധി അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മേൽ വിഷയത്തിൽ തീരുമാനം വൈകുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത പെൻഷന് വേണ്ടിയുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി 2021 ഒക്ടോബർ മാസം കൃഷി ഡയറക്ടർ സമർപ്പിച്ച ശിപാർശയിൽ ഉൾപ്പെട്ട പുതിയ ഗുണഭോക്താക്കളിൽ (6765 എണ്ണം) നിന്നും വിവിധ സാമൂഹിക സുരക്ഷാ പെൻഷൻ സ്കീമുകൾ പ്രകാരം പെൻഷൻ ലഭിക്കാൻ അർഹരായവരെ ഒഴിവാക്കി പുതുക്കിയ ലിസ്റ്റ് ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ

അടിസ്ഥാനത്തിൽ 2023 മേയ് മാസം ലഭ്യമായ കർഷക പെൻഷന് അർഹരായ പുതിയ ഗുണഭോക്താക്കളുടെ (6201 എണ്ണം) പുതുക്കിയ ലിസ്റ്റ് നിലവിൽ സർക്കാരിന്റെ പരിശോധനയിലാണ്.

**വാമനപുരം മണ്ഡലത്തിലെ കർഷകർക്ക് നഷ്ടപരിഹാരം**

**59 (1683)** <u>ശ്രീ. ഡി. കെ. മുരളി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ (2016-21) നാളിതുവരെ വാമനപുരം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിലുമായി പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരമായി എന്തെല്ലാം ധനസഹായങ്ങളും മറ്റാനുകൂല്യങ്ങളും അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ച ധനസഹായം, ധനസഹായം ലഭിച്ച കർഷകരുടെ എണ്ണം എന്നിവ എത്രയെന്നും കൃഷിഭവൻ തിരിച്ച് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധം-I+ ആയി ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിൽ വിള ഇൻഷ്വറൻസിനായി രജിസ്റ്റർ ചെയ്യപ്പെട്ട കർഷകർക്കും അല്ലാത്തവർക്കും വിതരണം ചെയ്ത ധനസഹായത്തിന്റെ വിവരങ്ങൾ കൃഷിഭവൻ തിരിച്ച് നൽകാമോ?

വിശദാംശങ്ങൾ അനുബന്ധം-II+ ആയി ചേർത്തിരിക്കുന്നു.

**കൊല്ലക്കോട്ട് മുക്ക് പാടശേഖരത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം**

**60 (1684)** ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ജനവരി ആദ്യവാരത്തിലുണ്ടായ ശക്തമായ മഴയെത്തുടർന്ന് പാതാക്കര വില്ലേജിലെ കളത്തിലക്കര കൊല്ലക്കോട്ട് മുക്ക് പാടശേഖരത്തിൽ സംഭവിച്ച കൃഷിനാശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവത്തിലുണ്ടായ നഷ്ടത്തിന്റെ കണക്ക് കൃഷി വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സംഭവത്തിൽ കൃഷിനാശമുണ്ടായ കർഷകർക്ക് മതിയായ നഷ്ടപരിഹാരം എപ്പോൾ നൽകാനാകുമെന്ന് വിശദമാക്കുമോ?

നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

**ദേവികുളം മണ്ഡലത്തിൽ കർഷകർക്കുള്ള നഷ്ടപരിഹാരം**

**61 (1685)** <u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതൽ ദേവികുളം മണ്ഡലത്തിൽ പ്രകൃതിക്ഷോഭത്തിലും കാലാവസ്ഥാവ്യതിയാനം മൂലവും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

17963 കർഷകർ നഷ്ടപരിഹാരം അനുവദിക്കുന്നതിനായി അപേക്ഷിച്ചിട്ടുണ്ട്.

(ബി) ലഭിച്ച അപേക്ഷകളിൽ എത്ര പേർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിക്കേണ്ടി വന്നുവെന്നും വ്യക്തമാക്കാമോ?

ലഭിച്ച അപേക്ഷകളിൽ 17041 കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഇതിനായി 8,71,74,976/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**കാർഷിക വിഭവങ്ങൾക്ക് താങ്ങുവില**

**62 (1686)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ പ്രധാന പ്രതിസന്ധിയായ കാർഷികോല്പന്നങ്ങളുടെ വിലയില്ലായ്മ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കാർഷിക വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

കർഷക താത്പര്യം സംരക്ഷിച്ചുകൊണ്ട് സംസ്ഥാനത്ത് കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പുവരുത്തുവാനും വിലയിടിവ് തടയുവാനും സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കാർഷികോല്പന്നങ്ങളുടെ വിലയില്ലായ്മ പരിഹരിക്കുന്നതിനായി ഇവയുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർധനവ് ലക്ഷ്യമിട്ട് കേരള സർക്കാർ കൃഷി വകുപ്പ് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) ഏതൊക്കെ കാർഷിക ഉല്പന്നങ്ങൾക്കാണ് ഇപ്പോൾ താങ്ങുവില നൽകുന്നത്; ന്യായമായ വില ലഭിക്കാതെ കാർഷികവൃത്തിയിൽനിന്നും പലരും പിന്തിരിയുന്നത് ഒഴിവാക്കാനായി കൂടുതൽ കാർഷിക വിഭവങ്ങൾക്ക് താങ്ങുവില നൽകാൻ സർക്കാർ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന പച്ചത്തേങ്ങ സംഭരണത്തിൽ കിലോഗ്രാമിന് 34/- രൂപ സംഭരണ വില കർഷകർക്ക് നൽകി വരുന്നു. കൂടാതെ കൊപ്ര സംഭരണത്തിന്റെ ഭാഗമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകരിൽനിന്നും സംഭരിക്കുന്ന പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 4.76 രൂപ നൽകി വരുന്നു.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന നെല്ല് സംഭരണത്തിൽ സംഭരിക്കുന്ന നെല്ലിന് കേന്ദ്ര സർക്കാർ വിഹിതവും സംസ്ഥാന പ്രോത്സാഹന ബോണസ് വിഹിതവും ചേർത്ത് 2023-24 സീസണിൽ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 28.20 രൂപയായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. 2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 170/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതിപ്രകാരം 2020 നവംബർ ഒന്ന് മുതൽ അടിസ്ഥാനവില പ്രഖ്യാപിച്ചിട്ടുള്ളത്.

കൂടാതെ ചേന, ചുരയ്ക്ക, കത്തിരി/വഴുതന, കോവയ്ക്ക, മത്തൻ എന്നീ 5 ഇനം കാർഷിക വിളകളെക്കൂടി അടിസ്ഥാന വില പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കാർഷിക വിഭവങ്ങളുടെ വിപണനം**

**63 (1687)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിഭവങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ കുത്താളി കൃഷി ഫാമിന്റെ ഭൂമി പട്ടയത്തിന് അനുവദിക്കുന്നതിനുവേണ്ടി ഫാർമിംഗ് കോർപറേഷനുമായി എന്തെങ്കിലും ചർച്ച നടത്തിയിരുന്നോ?

ഇല്ല.

(ബി) ഈ കാര്യത്തിൽ എന്ത് തീരുമാനമായെന്ന് വിശദീകരിക്കാമോ?

ബാധകമല്ല.

**ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ**

**64 (1688)** ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച 06-10-2022-ലെ സ.ഉ 30/2022/അഗ്രി നമ്പർ ഉത്തരവിൽ ഫാം തൊഴിലാളികളുടെ അലവൻസുകളിൽ 'മെഡിക്കൽ ആനുകൂല്യങ്ങൾ സർക്കാർ ജീവനക്കാർക്ക് ബാധകമായ വ്യവസ്ഥകൾ' എന്നതിലെ ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

1960-ലെ Kerala Government Servants Medical Attendance Rules പ്രകാരമുള്ള Interest Free Medical Advance (IFMA), Medisep, Medical Reimbursement എന്നിവയാണ് സർക്കാർ ജീവനക്കാർക്ക് ബാധകമായ മെഡിക്കൽ ആനുകൂല്യങ്ങൾ.

(ബി) സർക്കാർ ജീവനക്കാർക്കും കെ.എസ്.ആർ. ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്കും ബാധകമാക്കിയ യൂട്രസ് റിമൂവൽ സർജറിക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് നൽകുന്ന നാല്പത്തിയഞ്ച് ദിവസത്തെ അവധി, പ്രസവാവധി തുടങ്ങിയ അവധി

ആനുകൂല്യങ്ങൾ ഫാം തൊഴിലാളികൾക്കും അനുവദിക്കുന്ന ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം അനുവദിക്കുന്നില്ലെങ്കിൽ ആയത് അനുവദിക്കുന്നതിനുള്ള തടസ്സങ്ങളെന്താണെന്ന് അറിയിക്കാമോ?

(ബി&സി) തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് കേന്ദ്രസർക്കാർ പാസാക്കിയ 1961-ലെ Maternity Benefit Act സംസ്ഥാനത്തെ ഫാമുകൾക്കും കേരള സർക്കാരിന്റെ 01-01-1994-ലെ അസാധാരണ ഗസറ്റ് വിജ്ഞാപനപ്രകാരം ബാധകമാക്കിയിട്ടുള്ളതിനാൽ ഫാമിലെ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാവധി നിലവിൽ അനുവദിക്കുന്നുണ്ട്. ഗവൺമെന്റ് ഫാം തൊഴിലാളികളുടെ സേവനവ്യവസ്ഥ പരിഷ്കരണ സമിതി 2019, സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിൽ യൂട്രസ് റിമൂവൽ സർജറിക്ക് വിധേയരാകുന്ന ഫാം തൊഴിലാളികൾക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണമെന്ന ശിപാർശ ഉൾപ്പെടുത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ

ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകളുടെ പരിഷ്കരണവുമായി ബന്ധപ്പെട്ട് അത് പരിശോധിക്കപ്പെട്ടിട്ടില്ല.

**കൂത്താളി കൃഷി ഫാം**

**65 (1689)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള പേരാമ്പ്ര, കൂത്താളി കൃഷി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പ്രവൃത്തികളാണ് പുതിയതായി ആരംഭിച്ചതെന്ന് വിശദമാക്കാമോ?

I) കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൂത്താളി കൃഷി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. വിവിധ വിള കൃഷി ചെയ്യുന്നതിനായി തരിശായി കിടന്ന സ്ഥലം തട്ടുതിരിച്ച് കൃഷി യോഗ്യമാക്കി

2. പ്രോജനി ഓർച്ചാർഡുകൾ തുടങ്ങി

3. റെയിൻ ഷെൽട്ടർ നിർമ്മിച്ചു

4. മിനി മിസ്റ്റ് ചേമ്പർ, റെയിൻ ഷെൽട്ടർ റിപ്പയർ നിർമ്മിച്ചു

5. ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് സ്ഥാപിച്ചു

6. ഡയറി ഫാമിൽ 13 പശുക്കളെ പുതിയതായി വാങ്ങി.

RIDF-NABARD പദ്ധതിപ്രകാരം 7.451 കോടി രൂപയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

1. ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ

2. ഭൂവികസന പ്രവൃത്തികൾ

3. മഴമറ, മിസ്റ്റ് ചേമ്പർ, ബഡ്ഡിംഗ് ആൻഡ് ഗ്രാഫ്റ്റിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണം

4. ചെയിൻ ലിംഗ് ഫെൻസിംഗ്, സംരക്ഷണ ഭിത്തി, സോളാർ ഫെൻസിംഗ് എന്നിവയുടെ നിർമ്മാണം

5. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഫാം റോഡ്, ഓഫീസ് കെട്ടിടം, ശുചിമുറി, വെയിറ്റിംഗ് ഷെഡ് എന്നിവയുടെ നിർമ്മാണം

6. ഇന്റഗ്രേറ്റഡ് ഫാമിങ്ങ് സിസ്റ്റത്തിന്റെ ഭാഗമായി പോത്ത് പരിപാലനം, കോഴി വളർത്തൽ, താറാവ് വളർത്തൽ, മത്സ്യ കൃഷി, ആട് വളർത്തൽ എന്നിവ നടപ്പിലാക്കി വരുന്നു.

II) കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള പേരാമ്പ്ര കൃഷി ഫാമിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ലാ പഞ്ചായത്ത് പേരാമ്പ്ര ഫാമിൽ 65.33 ലക്ഷം രൂപയുടെ താഴെപറയുന്ന അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. ബി ബ്ലോക്കിൽ കുളം, തൊഴിലാളികൾക്കുള്ള ശുചിമുറി, വാച്ച്മെൻ ഷെഡ്, ഗേറ്റ് എന്നിവയുടെ നിർമ്മാണം

2. ഓഫീസിന്റെ പുനരുദ്ധാരണവും ഡ്രെയിനേജ് നവീകരണവും കൂടാതെ കൃഷി വകുപ്പിന്റെയും ജില്ലാ പഞ്ചായത്തിന്റെയും മറ്റ് വാർഷിക പദ്ധതികളും ഇവിടെ നടപ്പിലാക്കിവരുന്നു.

(ബി) കൂത്താളി കൃഷി ഫാമിന്റെ കൈവശം എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇതിൽ എത്ര ഏക്കർ ഭൂമി കൃഷിക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും വിശദാംശം ലഭ്യമാക്കുമോ?

കൂത്താളി കൃഷി ഫാമിന്റെ കൈവശം 100 ഏക്കർ ഭൂമിയാണുള്ളത്. അതിൽ 84 ഏക്കർ സ്ഥലത്ത് നിലവിൽ കൃഷി ചെയ്തുവരുന്നു. ബാക്കി സ്ഥലം ഫാമിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഉപയോഗിച്ചുവരുന്നു.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മന്ത്രി തലത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് എന്തൊക്കെ കാര്യങ്ങൾ കൂത്താളി കൃഷി ഫാമിൽ ഇതുവരെ നടപ്പിലാക്കിയെന്ന വിശദാംശം ലഭ്യമാക്കാമോ?

27-07-2020-ൽ നടത്തിയ മന്ത്രിതല യോഗതീരുമാനപ്രകാരം 2020 ആഗസ്റ്റ് മാസം മുതൽ കാഷ്വൽ തൊഴിലാളികൾക്ക് തൊഴിൽ നൽകി വരുന്നു.

1. കുറ്റാരോപിതനായിരുന്ന ക്ലാർക്കിന് സ്ഥലം മാറ്റം നൽകിയതോടൊപ്പം ചീങ്ങേരി എക്സ്റ്റൻഷൻ സ്കീമിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സായിറാം ഹരിദാസ് (കൃഷി അസിസ്റ്റന്റ് ഡയറക്ടർ)-നെ ഫാം സൂപ്രണ്ടായി നിയമിച്ചു.

2. കുത്താളി ഫാമിലെ ട്രെയിനിംഗ് സെന്ററിൽ നിലവിൽ കേരള സ്റ്റേറ്റ് അഗ്രോ മെക്കനൈസേഷൻ മിഷന്റെ കീഴിൽ ഹരിത സേനകൾക്ക് പരിശീലനങ്ങൾ നൽകിവരുന്നു.

3. കൃഷിഭൂമി കൃഷി യോഗ്യമാക്കുന്നതിന് കാട് വെട്ടിത്തെളിച്ച് ഭൂമിയുടെ തട്ട് തിരിക്കൽ പദ്ധതി പൂർത്തിയായി.

4. തൊഴിലാളികൾക്കുള്ള 4 വിശ്രമമുറിയുടെയും ശുചിമുറിയുടെയും പ്രവൃത്തി പൂർത്തീകരിക്കുകയും മറ്റുരണ്ടെണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.

**നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം**

**66 (1690) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിന്റെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാം സംസ്ഥാന സർക്കാരിന്റെ ഫണ്ട് മാത്രം ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്പെഷ്യൽ ഫാം വിഭാഗത്തിൽ ഉൾപ്പെടുന്നു. ഫാമിന്റെ വികസനത്തിനായി 2021-22, 2022-23, 2023-24 എന്നീ വർഷങ്ങളിൽ പ്രധാനമായും രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

I. <u>ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവും പദ്ധതി</u>

ടി പദ്ധതി പ്രകാരം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗുണമേന്മയുള്ള വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ ഉല്പാദനവും വിതരണവും

2. കേരളഗ്രോ ബ്രാൻഡിൽ 10 മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഓൺലൈൻ പ്ലാറ്റ്ഫോം വഴിയുള്ള വിപണനം സാധ്യമായിട്ടുണ്ട്

3. അവൊക്കാഡോ, സപ്പോട്ട, ഡ്രാഗൺ ഫ്രൂട്ട്, കുരുമുളക് എന്നിവയുടെ പ്രോജനി ഓർച്ചാർഡുകൾ വികസിപ്പിച്ചിട്ടുണ്ട്

4. ഫാം തരിശുരഹിതം ആക്കുന്നതിന്റെ ഭാഗമായി പാഷൻ ഫ്രൂട്ട് (10ha), ഓറഞ്ച് (2.5 ha) എന്നിവ റീ പ്ലാന്റ് ചെയ്യുന്നതിനും പുതുതായി അശോകം, കറുകപ്പട്ട, വിവിധയിനം നാരകവർഗ്ഗങ്ങൾ എന്നിവയുടെ കൃഷി വ്യാപിപ്പിക്കുന്നതിനും സൂക്ഷ്മ ജലസേചന പദ്ധതി നടപ്പിലാക്കുന്നതിനും സാധിച്ചിട്ടുണ്ട്

5. ഹൈടെക് കൃഷി സമ്പ്രദായത്തിൽ സാലഡ് കുക്കുമ്പർ, തക്കാളി, ഓർക്കിഡ്, ആന്തൂറിയം, ഫോളിയേജ് പ്ലാന്റുകൾ, എന്നിവയുടെ കൃഷി ആരംഭിച്ചു

6. പ്രിസിഷൻ ഫാമിംഗ് രീതിയിൽ ശീതകാല പച്ചക്കറി വിളകളുടെ കൃഷി ആരംഭിച്ചു

7. ഫാമിലെ തനതു വിളകളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ ജാതിക്ക സ്ക്വാഷ്, ജാതിക്ക അച്ചാർ, റംബൂട്ടാൻ സ്ക്വാഷ്, റംബൂട്ടാൻ അച്ചാർ, നെല്ലിക്ക-കാന്താരി സ്ക്വാഷ്, കുമ്പളങ്ങാ സ്ക്വാഷ് തുടങ്ങിയവയുടെയും ലിച്ചി, മത്തൻ, പാഷൻ ഫ്രൂട്ട്, ഓറഞ്ച്, പേരക്ക, പൈനാപ്പിൾ, നെല്ലിക്ക തുടങ്ങിയവയുടെ റെഡി ടു ഡ്രിങ്ക് ബോട്ടിലുകളുടെയും ഉല്പാദനം ആരംഭിച്ചു

8. ഫാം ടൂറിസത്തിന് കൂടുതൽ പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ഫാം സൗന്ദര്യവത്കരണം കൂടുതൽ വിപുലമാക്കുന്നതിനും സാധിച്ചു. അവധി ദിവസങ്ങളിൽ നാലായിരത്തിലധികം സന്ദർശകർ ഫാമിൽ എത്താറുണ്ട്

9. ഫാമിന്റെ സുരക്ഷയ്ക്കായി CCTV ക്യാമറകൾ സ്ഥാപിച്ചു.

II. <u>പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം പദ്ധതി</u>

പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം എന്ന പദ്ധതി പ്രകാരം ഫാമിലെ പോളി ഹൗസുകളിലെയും സൂക്ഷ്മ ജലസേചന സംവിധാനം പ്രവർത്തനക്ഷമമാക്കുന്നതിനും 'ഡ്രാഗൺ ഫ്രൂട്ട് ഓർച്ചാഡ്' കൂടുതൽ വിസ്തൃതിയിലേക്ക് വ്യാപിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വികസന പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉല്പാദനവും വിപണനവും പദ്ധതിക്കായി 2021-22 വർഷം 32,68,212/- രൂപയും (മുപ്പത്തി രണ്ട് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി ഇരുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം), 2022-23 വർഷം 44,26,459/- രൂപയും (നാൽപ്പത്തിനാല് ലക്ഷത്തി ഇരുപത്തിയാറായിരത്തി നാന്നൂറ്റി അൻപത്തിയൊമ്പത് രൂപ മാത്രം), 2023-24 വർഷം 49,02,892/- രൂപയും (നാൽപ്പത്തിയൊമ്പത് ലക്ഷത്തി രണ്ടായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം എന്ന

പദ്ധതിക്കായി 2022-23 വർഷം 12,50,000/- രൂപയും (പന്ത്രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**വിള ഇൻഷ്വറൻസ് ആനുകൂല്യം**

**67 (1691)** ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കനത്ത മഴയിൽ നശിച്ച വിളകൾക്കുള്ള ഇൻഷ്വറൻസ് തുക മലപ്പുറം ജില്ലയിൽ കർഷകർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കർഷകർക്ക് വിള ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) 2023-24 സാമ്പത്തിക വർഷത്തിൽ ഇതുവരെ മലപ്പുറം ജില്ലയിൽ 1209 കർഷകർക്കായി 353.81150 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ എയിംസ് പോർട്ടലിൽ 27-01-2024 വരെയുള്ള റിപ്പോർട്ട് പ്രകാരം മലപ്പുറം ജില്ലയിൽ 2871 കർഷകർക്കായി 517.67019 ലക്ഷം രൂപ നൽകാൻ കുടിശ്ശികയായുണ്ട്. 2023-24 സാമ്പത്തിക

വർഷത്തിൽ വകയിരുത്തിയ തുകയിൽനിന്നും നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള പാർക്കുകൾ**

**68 (1692)** ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വിളകൾ സംരക്ഷിക്കാനും കർഷകരെ സഹായിക്കാനുമായി രൂപീകരിച്ച വാല്യൂ ആഡഡ് പ്രോഡക്ട് ഓഫ് കേരള പാർക്കുകൾ നിലവിൽ എവിടെയൊക്കെ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഈ പാർക്കുകൾ കൂടുതൽ വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കിഫ്ബിയുടെ ധനസഹായത്തോടെ കേരളത്തിൽ ചുവടെപ്പറയുന്ന 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. ബനാന & ഹണി പാർക്ക്, കണ്ണാറ, തൃശ്ശൂർ
2. നാളീകേര പാർക്ക്, വേങ്ങേരി, കോഴിക്കോട്
3. നാളീകേര പാർക്ക്, കുത്താളി, കോഴിക്കോട്

4. മാംഗോ പാർക്ക്, മുതലമട, പാലക്കാട്

5. വെജിറ്റബിൾ പാർക്ക്, വണ്ടിപ്പെരിയാർ, ഇടുക്കി

ഇവയിൽ തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ നിർമ്മിക്കുന്ന ബനാന & ഹണി പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. വേങ്ങേരിയിലും കുത്താളിയിലുമുള്ള അഗ്രോ പാർക്കുകൾ, പാലക്കാട് ജില്ലയിലെ സ്റ്റേറ്റ് സീഡ് ഫാം, മുതലമടയിൽ മാംഗോ അഗ്രോ പാർക്ക് എന്നിവ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ കിഫ്ബിയുടെ പരിഗണനയിലാണ്.

ഇടുക്കി വണ്ടിപ്പെരിയാറിൽ സ്ഥാപിക്കാനിരുന്ന പച്ചക്കറി അഗ്രോ പാർക്ക് ആലപ്പുഴയിലെ ചേർത്തലയിലേക്ക് മാറ്റി സ്ഥാപിക്കാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

**കാർഷിക ഉൽപ്പന്നങ്ങളുടെ ബ്രാൻഡിംഗ്**

**69 (1693)** **ശ്രീ. ഇ. കെ. വിജയൻ:**

**ശ്രീ. മുഹമ്മദ് മുഹസിൻ:**

**ശ്രീമതി സി. കെ. ആശ:**

**ശ്രീ. സി. സി. മുകുന്ദൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയ്ക്ക് പുത്തൻ ഊർജ്ജം പകരുന്നതിന് കൃഷിയെ ഒരു സംരംഭമായി പരിഗണിച്ച് കാർഷിക ഉല്പന്നങ്ങൾക്ക് വിപണന ശൃംഖല ഒരുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആഭ്യന്തര-വിദേശ വിപണികളിൽ സംസ്ഥാനത്തിന്റെ കാർഷിക ഉല്പന്നങ്ങൾക്ക് ബ്രാൻഡിംഗും മെച്ചപ്പെട്ട മാർക്കറ്റിംഗും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കാർഷിക ഉല്പപ്പന്നങ്ങൾ ഒരു ഏകീകൃത ബ്രാൻഡിംഗ് സംവിധാനത്തിലൂടെ വിപണനം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രാദേശികാടിസ്ഥാനത്തിൽ കാർഷിക കൂട്ടായ്മകളുണ്ടാക്കി കാർഷിക ഉല്പന്നങ്ങൾക്ക് വിപണന ശൃംഖലയൊരുക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-ഡി) ഉണ്ട്. പ്രാഥമിക തലത്തിൽ കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ കൂടാതെ എഫ്.പി.ഒ.-കൾ, എഫ്.പി.സി.-കൾ എന്നിവവഴി സുദൃഢമായ ഒരു വിപണന ശൃംഖല സൃഷ്ടിച്ച്, കർഷകരുടെ ഉല്പന്നങ്ങൾ സമാഹരിച്ചും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ചും വിപണനം നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുനടപ്പാക്കിവരുന്നു. ഈ ഉല്പന്നങ്ങൾ നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾപ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവവഴിയും സർക്കാർ സംരംഭങ്ങളായ ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും വിപണി ശൃംഖല വഴിയും ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിക്കും.

പ്രാദേശികാടിസ്ഥാനത്തിൽ കർഷകർ, കൃഷിക്കൂട്ടങ്ങൾ, മറ്റ് കർഷക കൂട്ടായ്മകൾ കൂടാതെ എഫ്.പി.ഒ.-കൾ, എഫ്.പി.സി.-കൾ തുടങ്ങിയവർ ഉല്പാദിപ്പിക്കുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൾപ്പെടെയുള്ള കാർഷിക

ഉല്പന്നങ്ങളുടെ മെച്ചപ്പെട്ട വ്യാപനം ഉറപ്പാക്കുന്നതിനായി "കേരളഗ്രോ" ബ്രാൻഡ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

കേരളഗ്രോ ബ്രാൻഡിംഗ് സംവിധാനംവഴി കർഷകരുടെ ഉല്പന്നങ്ങൾ ഓൺലൈൻ മുഖാന്തരവും കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ സൂപ്പർ മാർക്കറ്റുകൾ, ഇക്കോ ഷോപ്പുകൾ എന്നിവവഴി വിപണനം നടത്തുന്നതിനും സാധിക്കും. കൂടാതെ കൃഷി വകുപ്പിന്റെ കീഴിലുള്ള 21 ഫാമുകളിൽനിന്നും സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മണ്ണുത്തിയിൽ നിന്നുമായി 193 ഉല്പന്നങ്ങൾ കേരളഗ്രോ എന്ന ബ്രാൻഡിന്റെ കീഴിൽ 2023 ഏപ്രിൽ മുതൽ ആമസോൺ, ഫ്ലിപ്കാർട്ട് എന്നീ ഓൺലൈൻ സൈറ്റുകളിൽക്കൂടി വിൽപ്പന നടത്തുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്. ഇത്തരം ബ്രാൻഡിംഗ്വഴി കർഷകരുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും ആഭ്യന്തര വിദേശ വിപണികളിൽ ആവശ്യകതയും വർദ്ധിക്കും. കൂടാതെ സിയാൽ മാതൃകയിൽ Kerala Agro Business Company (KABCO) രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കാനും സാധിക്കുന്നു.

## കർഷകർക്ക് കാർഷിക ഉല്പന്നങ്ങളുടെ വില ഹോർട്ടികോർപ്പിൽനിന്നും ലഭ്യമാക്കുന്നതിന് നടപടി

**70 (1694)** ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ കേന്ദ്രം മുഖേന കർഷകരിൽനിന്ന് സംഭരിച്ച് ഹോർട്ടികോർപ്പിന് നൽകിയ കാർഷിക ഉല്പന്നങ്ങളുടെ വിലയിനത്തിൽ ഹോർട്ടികോർപ്പിൽനിന്നും ലഭിക്കാനുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; ഈ തുക എന്നത്തേയ്ക്ക് കൊടുത്തുതീർക്കാനാകുമെന്ന് അറിയിക്കാമോ?

കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ കേന്ദ്രംവഴി ഈ സാമ്പത്തിക വർഷം ഇതുവരെ 29,18,859/- രൂപയുടെ പച്ചക്കറികൾ സംഭരിച്ചിരുന്നു. ഇതിൽ 27,16,581/- രൂപ നൽകിയിട്ടുണ്ട്. ജനുവരി മാസം സംഭരിച്ച പച്ചക്കറികളുടെ തുകയായ 2,02,278/- രൂപ മാത്രമാണ് ഇനി കുടിശ്ശികയായിട്ടുള്ളത്. ടി തുക ഈ മാസംതന്നെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കർഷകർക്ക് കിലോയ്ക്ക് എത്ര രൂപ വീതമാണ് ട്രാൻസ്പോർട്ടേഷൻ ചാർജ് കൊടുക്കാറുള്ളത്; ആയതിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; അവ എന്നത്തേയ്ക്ക് കൊടുത്തുതീർക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഒരു കിലോഗ്രാമിന് 1.50 രൂപ നിരക്കിലാണ് ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകാറുള്ളത്. 2022 ഏപ്രിൽ മുതൽ 2023 ഡിസംബർ വരെ ഈ ഇനത്തിൽ നൽകേണ്ട 16.48626 ലക്ഷം രൂപയിൽ 9.41016 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) കഴിഞ്ഞ മൂന്ന് വർഷമായി കൃഷി വകുപ്പ് മുഖേന നൽകിവരുന്ന കൈകാര്യച്ചെലവ് കിട്ടിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് കൊടുത്തുതീർക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

2023-24 വർഷത്തിൽ കൈകാര്യച്ചെലവ് ഇനത്തിൽ വകയിരുത്തിയിട്ടുള്ള രണ്ട് ലക്ഷം രൂപ കോട്ടയം ജില്ലാ കാർഷികോല്പന്ന സംഭരണ കേന്ദ്രത്തിന് മാറി നൽകുന്നതിനായി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.

**രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി**

**71 (1695)** <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കുഴുപിള്ളി ഗ്രാമപഞ്ചായത്തിലെ ഐക്യസമാജം പാടശേഖരത്തിൽ 50 എച്ച്.പി. പമ്പ് സെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി 207 ലക്ഷം അനുവദിച്ച പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2023-24 വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി വൈപ്പിൻ നിയോജകമണ്ഡലത്തിലെ കുഴുപിള്ളി ഗ്രാമപഞ്ചായത്തിലെ ഐക്യസമാജം പാടശേഖരത്തിൽ 50 എച്ച്.പി. പമ്പ് സെറ്റും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിനായി ആകെ തുകയായി 207 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ ആർ.കെ.വി.വൈ. ധനസഹായമായി 206.39 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളത്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മൈനർ ഇറിഗേഷൻ

എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥല സന്ദർശനം നടത്തുകയും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുകയായ 2,00,000/- രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം പമ്പ്സെറ്റ് സ്ഥാപിക്കുന്നതിലേക്കായി വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനും പൂർത്തീകരിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നിർവഹണം നടത്തുന്ന കണ്ണോത്ത്-പുല്ല-തൃശ്ശൂർ റോഡ്**

**72 (1696)** **ശ്രീ. മുരളി പെരുനെല്ലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽനിന്നും തൃശ്ശൂരിലേക്കും തിരിച്ചും എളുപ്പത്തിൽ യാത്ര ചെയ്യാവുന്ന കണ്ണോത്ത്-പുല്ല-തൃശ്ശൂർ റോഡിന്റെ തൃശ്ശൂർ മണ്ഡലത്തിൽപ്പെട്ട ഭാഗം വികസിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 26-ൽ ഉൾപ്പെടുത്തി പുല്ലഴി വലിയപാടം മുതൽ കണ്ണോത്ത് 51-തറ വരെയുള്ള 3700 മീറ്റർ ബണ്ട് റോഡ് നിർമ്മാണം പുരോഗതിയിലാണ്.

(ബി) കേരളാ ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നിർവഹണം നടത്തുന്ന പ്രസ്തുത റോഡിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ബണ്ട് റോഡ് നിർമ്മാണത്തിൽ നിശ്ചിത ഉയരത്തിലേക്ക് മണ്ണ് ഉയർത്തിയതിനുശേഷം 4 മീറ്റർ വീതിയിലും 20 സെന്റീമീറ്റർ കനത്തിലും Quarry muck വിരിച്ച് water bound macadam ഫിനിഷിംഗ് ലെയർ ആയിട്ടാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട 3700 മീറ്റർ സംരക്ഷണ ഭിത്തി നിർമ്മാണത്തിൽ 3550 മീറ്റർ

പൂർത്തീകരിച്ചിട്ടുണ്ട്. ബണ്ട് റോഡ് മണ്ണിട്ട് ഉയർത്തുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ; വിശദാംശം നൽകാമോ?

2024 മേയ് മാസത്തോടുകൂടി പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിടുന്നു.

**നാദാപുരം മണ്ഡലത്തിലെ കെ.എൽ.ഡി.സി. പദ്ധതികൾ**

**73 (1697)** ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോപ്പറേഷൻ (കെ.എൽ.ഡി.സി.) മുഖേന നടപ്പിലാക്കേണ്ടുന്ന എത്ര പദ്ധതികൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) നാദാപുരം മണ്ഡലത്തിലെ വളയം ഗ്രാമപഞ്ചായത്തിലെ നീലാണ്ട്ച്ചിറ, നാദാപുരം ഗ്രാമപഞ്ചായത്തിലെ പുളിക്കൂൽ തോട് എന്നീ പദ്ധതികളുടെ പ്രൊപ്പോസലിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) നാദാപുരം മണ്ഡലത്തിലെ വളയം ഗ്രാമപഞ്ചായത്തിലെ നീലാണ്ട്ച്ചിറ, നാദാപുരം ഗ്രാമപഞ്ചായത്തിലെ പുളിക്കൂൽ തോട് എന്നീ പദ്ധതികൾ നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 29-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അനുമതി ലഭ്യമാക്കുന്നതിനായി വിശദമായ പദ്ധതി റിപ്പോർട്ട് (DPR) 25-08-2023-ൽ ധനകാര്യ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ അനുമതി നാളിതുവരെ ലഭ്യമായിട്ടില്ല.

**കെ.എൽ.ഡി.സി. നടപ്പിലാക്കിയ പദ്ധതികൾ**

**74 (1698)** ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിൽ ഇതുവരെ കെ.എൽ.ഡി.സി. നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ ഇനി ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വിശദാംശം നൽകാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണലൂർ മണ്ഡലത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. XX, XXII, RKI എന്നീ

പദ്ധതികളിൽ ഉൾപ്പെടുത്തി 33 പ്രവൃത്തികൾ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്നുണ്ട്. ഇതിൽ 23 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 10 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ കണിയൻ പാടശേഖരത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട്**

**75 (1699)** **ശ്രീ. ടി. ഐ. മധുസൂദനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിലെ കണിയൻ പാടശേഖരത്തിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിനായി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റിന് ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ ചെറിയില തെക്കാനംക്കുർ പാടശേഖരത്തിൽ ഉപ്പുവെള്ള പ്രതിരോധത്തിനായി 229.01 ലക്ഷം രൂപയുടെ പദ്ധതി റിപ്പോർട്ട് ഉചിതമായ സ്കീമിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കൃഷിശ്രീ സെന്റർ**

**76 (1700)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ ചിറ്റൂർ, ആലത്തൂർ, തൃത്താല, ഷൊർണ്ണൂർ എന്നീ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളത്.

(ബി) ആലത്തൂർ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ബ്ലോക്കിൽ കിഴക്കഞ്ചേരി കൃഷിഭവന് 2022-23 സാമ്പത്തിക വർഷത്തിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്.

(സി) കൃഷിശ്രീ സെന്റർ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള ഓഫീസിനായി കുറഞ്ഞത് 25 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും യന്ത്രങ്ങൾ സൂക്ഷിക്കുന്നതിന് കുറഞ്ഞത് 200 ചതുരശ്ര മീറ്റർ സ്ഥല സൗകര്യവും നൽകാൻ തയ്യാറുള്ള ഏജൻസി/ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമപഞ്ചായത്തുകൾക്ക് കൃഷിശ്രീ സെന്റർ സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നു. 2023-24 സാമ്പത്തിക വർഷം മുതൽ ഒരു ബ്ലോക്കിലെ സർവ്വീസ് സെക്ടറിൽ പ്രവർത്തിക്കുന്ന കൃഷിക്കൂട്ടങ്ങളിൽനിന്നും തെരഞ്ഞെടുത്ത അംഗങ്ങളെ ഉൾപ്പെടുത്തിയാണ് കൃഷിശ്രീ സെന്റർ രൂപീകരിക്കുന്നത്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത സേവനമേഖലയിലെ

കൃഷിക്കൂട്ടങ്ങളെയാണ് കൃഷിശ്രീ സെന്റർ രൂപീകരിക്കുന്നതിനായി പരിഗണിക്കുന്നത്.

**കാർഷിക കടാശ്വാസ കമ്മീഷൻ**

**77 (1701) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച എത്ര രൂപയുടെ ക്ലെയിം നിലവിൽ വിതരണം ചെയ്യാനുണ്ട്; ഏത് കാലയളവ് മുതലുള്ള ക്ലെയിമുകളാണ് വിതരണം ചെയ്യാനുള്ളത്; കമ്മീഷൻ അംഗീകരിച്ച കടാശ്വാസം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

കർഷക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച ക്ലെയിം കർഷകർക്ക് ഉടൻതന്നെ ലഭ്യമാക്കുന്നു. ഇങ്ങനെ കർഷകർക്ക് സഹകരണ ബാങ്കുകൾ സെറ്റിൽ ചെയ്യുന്ന തുക സർക്കാർ ബാങ്കുകൾക്ക് നൽകുന്നു. ഇതിൽ കർഷകന് ഒരു ബാധ്യതയുമില്ല. കർഷക കടാശ്വാസ കമ്മീഷൻ 31-12-2023 വരെ സർക്കാരിലേക്ക് കടാശ്വാസം ശിപാർശ ചെയ്തതിൽ 2019 നവംബർ മാസം മുതലുള്ള 221,74,55,011/- രൂപ (ഇരുന്നൂറ്റി ഇരുപത്തിയൊന്ന് കോടി

എഴുപത്തിനാല് ലക്ഷത്തി അൻപത്തി അയ്യായിരത്തി പതിനൊന്ന് രൂപ) ബാങ്കുകൾക്ക് നൽകുന്നതിനായി അവശേഷിക്കുന്നു. പ്രസ്തുത കടാശ്വാസ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ പ്രവർത്തനം**

**78 (1702)** ശ്രീ. വി. ആർ. സുനിൽകുമാർ**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ രൂപം കൊടുത്ത കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഘടനയും വ്യക്തമാക്കാമോ?

ആഭ്യന്തര-അന്തർദ്ദേശീയ വിപണികളിൽ അസംസ്കൃതവും മൂല്യവർദ്ധിതവുമായ ഉല്പന്നങ്ങൾ വിപണനം ചെയ്യുന്നതിലൂടെ കേരളത്തിൽ കാർഷിക ബിസിനസ്സ് വികസിപ്പിക്കുക, അതുവഴി സംസ്ഥാനത്ത് ഒരു ഊർജ്ജസ്വലമായ കാർഷിക വിപണന സംവിധാനം സ്ഥാപിക്കുക, കൃഷിവകുപ്പിന് കീഴിലുള്ള കാർഷികോല്പാദന കമ്പനികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും കർഷകർക്കും കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിന് ആവശ്യാനുസരണം സഹായം നൽകുക എന്നിവയാണ് നിർദ്ദിഷ്ട കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

കേരള സർക്കാരിന്റെ 33% ഓഹരിയും 2 ശതമാനത്തിൽ അധികരിക്കാതെ കർഷക ഓഹരിയും 25 ശതമാനത്തിൽ അധികരിക്കാതെ കർഷക കൂട്ടായ്മകളുടെ ഓഹരിയും 13 ശതമാനത്തിൽ അധികരിക്കാതെ പൊതു ഓഹരിയും പ്രാഥമിക സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ 5 ശതമാനത്തിൽ അധികരിക്കാത്ത ഓഹരിയും അടങ്ങിയിട്ടുള്ളതാണ് കേരള അഗ്രോ ബിസിനസ്സ് കമ്പനിയുടെ ഘടന.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തന പരിധിയിൽ നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ളതും ഭക്ഷ്യ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതുമായ കാർഷിക പൊതുമേഖലാ സ്ഥാപനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കാബ്കോയുടെ പ്രവർത്തന പരിധിയിൽ നിലവിൽ സർക്കാർ ഉടമസ്ഥതയിലുള്ളതും ഭക്ഷ്യ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതുമായ കാർഷിക പൊതുമേഖലാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ (MoA), ആർട്ടിക്കിൾ ഓഫ് അസോസിയേഷൻ (AoA) എന്നിവ പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

**ബയോ റിസോഴ്സ് കം അഗ്രോ സർവീസ് സെന്റർ**

**79 (1703)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ 2014-ൽ ആരംഭിച്ച ബയോ റിസോഴ്സ് കം അഗ്രോ സർവീസ് സെന്ററിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത സെന്ററിൽ അഗ്രോ പ്രോസസ്സിംഗ്, ആനിമൽ ന്യൂട്രിഷൻ എന്നിവയ്ക്ക് സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും കോഴ്സുകൾക്ക് കേരള പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഇത്തരത്തിലുള്ള ആദ്യത്തെ സ്ഥാപനം എന്ന നിലയിൽ പ്രസ്തുത പരിശീലന കേന്ദ്രം ജനോപകാരപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ-സി) ബയോ റിസോഴ്സ് കം അഗ്രോ സർവീസ് സെന്ററിൽ അഗ്രോ പ്രോസസ്സിംഗ് ആൻഡ് വാല്യൂ അഡിഷൻ (2 സെമസ്റ്റർ), ആനിമൽ ന്യൂട്രീഷൻ ആൻഡ് ഫീഡ് പ്ലാന്റ് ടെക്നോളജി (1 സെമസ്റ്റർ) എന്നീ സർട്ടിഫിക്കറ്റ് കോഴ്സുകൾക്ക് 13-02-2021-ലെ സ.ഉ.(കൈ) നമ്പർ 26/2021/കൃഷി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സുകൾക്ക് ASAP-ന്റെ അഫിലിയേഷൻ നേടിയെടുക്കുന്നതിനുള്ള നടപടി എക്സിക്യൂട്ടീവ് ഡയറക്ടർ സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർതലത്തിൽ കോഴ്സുകൾ തുടങ്ങുകയാണെങ്കിൽ Guest Faculties-നെ അവരുടെ തനത് ജോലികൾക്ക് ഭംഗം വരാത്ത വിധത്തിൽ വിട്ടുനൽകാമെന്നും ആവശ്യമായ Technical Support നൽകാമെന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാറും കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവകലാശാല രജിസ്ട്രാറും അറിയിച്ചിട്ടുണ്ട്.

ഉദ്യോഗാർഥികൾക്ക് കാർഷിക മേഖലയിൽ സാങ്കേതിക പരിജ്ഞാനം നൽകുന്നതിനുള്ള കാർഷിക സർവകലാശാല അംഗീകൃത കോഴ്സുകൾ നടത്തുന്നതിനും മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയുമായി ചേർന്ന്

ബ്യൂച്ചറി മാനേജ്മെന്റ് കോഴ്സ് തുടങ്ങുന്നതിനുമുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**ആലപ്പുഴ മണ്ഡലത്തിൽ സ്മാർട്ട് കൃഷിഭവൻ**

**80 (1704)** <u>**ശ്രീ. പി. പി. ചിത്തരഞ്ജൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിലെ മാരാരിക്കുളം തെക്ക് കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി 25 ലക്ഷം രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. കൃഷിഭവന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. 1.5 ലക്ഷം (ഒരു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ഇലക്ട്രിക്കൽ വർക്ക് റീടെൻഡർ ചെയ്തിട്ടുണ്ട്. നിർമ്മിതിയുടെ നേതൃത്വത്തിൽ ഫ്രണ്ട് ഓഫീസ് സജ്ജീകരണം, പ്ലാന്റ് ഹെൽത്ത്

ക്ലിനിക്കിന്റെ കാബിനറ്റ് സജ്ജീകരണം എന്നിവ ഫെബ്രുവരി 10-നുള്ളിൽ പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതൊക്കെ കൃഷിഭവനുകളാണ് സ്മാർട്ട് കൃഷിഭവനായി ഉയർത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്നും അവയുടെ പ്രൊപ്പോസൽ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്.

(സി) കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി ആലപ്പുഴ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും പുതുതായി ഏതൊക്കെ സ്ഥലങ്ങളാണ് ഏറ്റെടുക്കുന്നതെന്നും വിശദമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

2016-17 - മണ്ണഞ്ചേരി, മാരാരിക്കുളം തെക്ക്

2018-19 - മാരാരിക്കുളം വടക്ക്

2022-23 - ആര്യാട്. ആര്യാട് കേരഗ്രാമത്തിന്റെ രണ്ടാം വർഷ (2023-24) പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

**പാറശ്ശേരി സബ്സെന്റർ പൊളിച്ചുമാറ്റാൻ അനുമതി**

**81 (1705)** ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട് കൃഷിഭവൻ പരിധിയിലുള്ള പാറശ്ശേരി സബ്സെന്റർ കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രൊപ്പോസലിന്മേൽ തീരുമാനമെടുക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ

നിലവിലെ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട് കൃഷിഭവൻ പരിധിയിലുള്ള ജീർണ്ണാവസ്ഥയിലായ പാറശ്ശേരി സബ്സെന്റർ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള പ്രൊപ്പോസൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കെട്ടിടം പൊളിച്ചു മാറ്റുന്നതിന് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**കോഴിക്കോട് കോർപ്പറേഷനിലെ കൃഷിഭവനുകൾ**

**82 (1706)** ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ എത്ര കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

1. ചെറുവണ്ണൂർ നല്ലളം - 7 ഡിവിഷനുകൾ

2. ഏലത്തൂർ - 6 ഡിവിഷനുകൾ

3. ബേപ്പൂർ - 7 ഡിവിഷനുകൾ

4. കോഴിക്കോട് - 55 ഡിവിഷനുകൾ

(ബി) കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ പുതിയറയിൽ സ്ഥിതി ചെയ്യുന്ന കൃഷിഭവൻ പ്രവർത്തന സൗകര്യത്തിനായി കോഴിക്കോട് നോർത്ത്, കോഴിക്കോട് സൗത്ത് മണ്ഡലങ്ങളിലായി ഓരോ കൃഷിഭവൻ എന്ന നിലയിൽ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പരിശോധിച്ചുവരുന്നു.

**സ്മാർട്ട് കൃഷിഭവൻ**

**83 (1707)** <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ കുന്നത്തുനാട് കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്ന നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

കുന്നത്തുനാട് കൃഷിഭവന്റെ ഫൗണ്ടേഷൻ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

2024 നവംബർ അവസാനത്തോടുകൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കി കുന്നത്തുനാട് കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) മണ്ഡലത്തിലെ കൂടുതൽ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടമായി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. മണ്ഡലത്തിലെ കൂടുതൽ കൃഷിഭവനുകളെ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**നെടുമ്പന സ്മാർട്ട് കൃഷിഭവന്റെ പ്രവർത്തന പുരോഗതി**

**84 (1708)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെടുമ്പനയിൽ നിർമ്മാണം ആരംഭിച്ച സ്മാർട്ട് കൃഷിഭവന്റെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന RIDF പദ്ധതി പ്രകാരം നെടുമ്പനയിൽ നിർമ്മാണം ആരംഭിച്ച സ്മാർട്ട് കൃഷി ഭവൻ കെട്ടിടത്തിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഫൗണ്ടേഷൻ നിർമ്മാണം പൂർത്തിയായി. 2024 നവംബറോടെ പണി പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

**അരൂർ മണ്ഡലത്തിലെ പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിലുള്ള കാലതാമസം**

**85 (1709)** ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിന് തുക അനുവദിച്ചിരുന്നെങ്കിലും പ്രസ്തുത പ്രവൃത്തി അനിശ്ചിതമായി നീളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ വിശദമാക്കാമോ?

(എ&ബി) അരൂർ മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിന് 2023-24 സാമ്പത്തിക വർഷം ടി പദ്ധതിയിൽ ആകെ 10 ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. അതിനാൽ പ്രസ്തുത കെട്ടിട നിർമ്മാണത്തിനാവശ്യമായ ബാക്കി തുകയായ 33.5 ലക്ഷം രൂപ അധിക ധനാനുമതി വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അനുമതി ലഭ്യമായിട്ടില്ല.

**സ്മാർട്ട് കൃഷി ഓഫീസുകൾ**

**86 (1710)** <u>**ശ്രീ. വി. ജോയി**</u>**:** താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം കൃഷി ഓഫീസുകളാണ് സ്മാർട്ട് കൃഷി ഓഫീസുകളായി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ മംഗലപുരം, കരകുളം കൃഷി ഭവനകളെ 2022-23-ൽ സ്മാർട്ട് കൃഷി ഭവനകളാക്കാൻ നടപടിയെടുത്തിട്ടുണ്ട്. കൂടാതെ, RIDF-TRANCHE 27-ൽ ഉൾപ്പെടുത്തി നഗരൂർ കൃഷിഭവനെയും സ്മാർട്ട് കൃഷിഭവനാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പൂവച്ചൽ കൃഷി ഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ കൃഷിഭവനകളിലെ ഒഴിവുകൾ**

**87 (1711)** ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ 9 കൃഷിഭവനകളിലും കൃഷി ഓഫീസർമാർ ഉൾപ്പെടെ വിവിധ തസ്തികകളിലുള്ള ജീവനക്കാരുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഏതൊക്കെ കൃഷിഭവനകളിലാണ് കൃഷി ഓഫീസർമാർ ഇല്ലാത്തതെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

- കറുകുറ്റി, കാലടി, പാറക്കടവ് എന്നീ കൃഷി ഭവനുകളിലാണ് നിലവിൽ കൃഷി ഓഫീസർമാർ ഇല്ലാത്തത്.

(ബി) അങ്കമാലി നിയോജകമണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകുവാനുള്ള നഷ്ടപരിഹാര തുക കുടിശ്ശിക ഉണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ് ഇനി വേണ്ടതെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) കൃഷി ഭവനുകളിലെ ജീവനക്കാരുടെ അഭാവവും നഷ്ടപരിഹാര തുക നൽകുന്നതിലെ കാലതാമസവും പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജീവനക്കാരില്ലാത്ത തസ്തികകളിൽ അധിക ചുമതല നൽകി ചുമതലകൾ നിർവ്വഹിക്കുന്നുണ്ട്. നിലവിലുള്ള വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിന് 2023-24 വർഷത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ലാത്തതിനാൽ അധികം തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ ഡയറക്ടർ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ നിയമനങ്ങൾ**

**88 (1712)** **ശ്രീ. ഐ. സി. ബാലകൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ താൽക്കാലികം, കരാർ എന്നീ അടിസ്ഥാനത്തിൽ എത്ര നിയമനങ്ങൾ നടത്തിയെന്ന് അറിയിക്കാമോ; നിയമനം ലഭിച്ചവരുടെ

വിവരങ്ങൾ, ഇവരുടെ നിലവിലെ ശമ്പളം എന്നിവ സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കാമോ?

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ 25 പേരെ നിയമിച്ചിട്ടുണ്ട്. ഇതിൽ കരാർ പുതുക്കി നൽകപ്പെട്ടവരും പുതുതായി നിയമിച്ചവരും ഉൾപ്പെടെ നിലവിൽ 21 പേർ കോർപ്പറേഷന്റെ സേവനത്തിൽ ഉണ്ട്. ഇതിൽ 16 പേർ അക്കൗണ്ടിംഗ് വിഭാഗത്തിലാണ് നിയോഗിക്കപ്പെട്ടിട്ടുള്ളത്. (പ്രസ്തുത വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.)

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ഒരു നിയമനവും നടത്താൻ പാടില്ലായെന്നും പതിമൂവായിരം രൂപയ്ക്ക് താഴെ ശമ്പളമുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പതിമൂവായിരം രൂപയ്ക്ക് മുകളിൽ ശമ്പളമുള്ളവരെ നിയമിക്കാൻ ബോർഡിന് അവകാശമില്ലെന്ന് കോർപ്പറേഷന്റെ ആർട്ടിക്കിൾ ഓഫ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അസോസിയേഷൻ വ്യവസ്ഥ ചെയ്യുന്നുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥകൾ അട്ടിമറിച്ചുകൊണ്ടാണോ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ MoA III (13) പ്രകാരം പ്രത്യേക ആവശ്യങ്ങൾക്കായി വിദഗ്ധരെ നിയോഗിക്കാമെന്നും ആയതിന് പ്രതിഫലം നൽകാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനാൽത്തന്നെ വ്യവസ്ഥകളുടെ ലംഘനമുണ്ടായിട്ടില്ല. (പ്രസ്തുത പേജിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു).

(ഡി) ഇതുസംബന്ധിച്ച് കൃഷി വകുപ്പുമന്ത്രിക്ക് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്ന് വിശദമാക്കാമോ?

പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ കെയ്കോ മാനേജിംഗ് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**കാസർഗോഡ് ജില്ലയിലെ കൃഷിവകുപ്പിന്റെ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**89 (1713)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ കീഴിലുള്ള കാസർഗോഡ് ജില്ലയിലെ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. കാസർഗോഡ് പ്രിൻസിപ്പൽ കൃഷി ഓഫീസ്

2. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം

3. ജില്ലാ മണ്ണ് പരിശോധനശാല

4. സ്റ്റേറ്റ് സീഡ് ഫാം കാസർഗോഡ്

5. സ്റ്റേറ്റ് സീഡ് ഫാം, പുല്ലൂർ

6. കശുമാവ് വികസന ഓഫീസ്

7. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, മഞ്ചേശ്വരം

8. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കാസർഗോഡ്

9. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കാറഡുക്ക

10. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, കാഞ്ഞങ്ങാട്

11. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,, നീലേശ്വരം

12. കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം, പരപ്പ

13. ആത്മ പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം

14. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ

15. കൃഷിഭവനുകൾ - 41 എണ്ണം

16. കശുമാവ് സന്തതി തോട്ടം, ആദൂർ

17. കശുമാവ് സന്തതി തോട്ടം, ഗളിമുഖ

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ അനുവദിച്ച തസ്തികകൾ എത്രയാണെന്ന് ഓഫീസ്, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയാണെന്ന് ഓഫീസ്, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞ് കിടക്കുന്നുണ്ടെന്ന് ഓഫീസ്, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

(ബി-ഡി) അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്താത്തതിന്റെ കാരണം എന്താണെന്നും എപ്പോൾ നികത്താൻ കഴിയുമെന്നും ഓഫീസ്, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ?

**കൃഷി ഡെപ്യൂട്ടി ഡയറക്ടർ**

ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റികൂടി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്.

**അക്കൗണ്ട്സ് ഓഫീസർ**

അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ലർക്ക്**

ക്ലർക്ക് തസ്തികയിൽ കന്നഡ/മലയാളം റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ മാറ്റിവച്ച ഒഴിവ് റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ നികത്താൻ സാധിച്ചിട്ടില്ല. പി.എസ്.സി.-യിൽനിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് ടി തസ്തികയിൽ നിയമനം നടത്തുന്നതാണ്.

**കൃഷി അസിസ്റ്റന്റ്**

കൃഷി അസിസ്റ്റന്റുമാരുടെ 22-12-2023 വരെയുള്ള എല്ലാ ഒഴിവുകളും 2024-ൽ ആന്റിസിപ്പേറ്റഡായി ഉണ്ടാകുന്ന 10 ഒഴിവുകളും പി.എസ്.സി.-ക്ക് 22-12-2023-ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**കൃഷി ഓഫീസർ**

കൃഷി ഓഫീസർ തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് ഒഴിവുള്ള കൃഷി ഭവനുകളിൽ നിയമനം നടത്തുന്നതാണ്.

**ഓയിൽ പാം**

**90 (1714)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ പി.എസ്.സി. നിയമനം അട്ടിമറിച്ച് 14 താൽക്കാലിക ജീവനക്കാരെ

നിയമിക്കുന്നതിനുവേണ്ടി നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യെ അറിയിക്കാതിരിക്കാൻ ബോർഡ് അംഗങ്ങൾ കൃഷി വകുപ്പുമന്ത്രിക്ക് കത്ത് നൽകിയെന്ന ആരോപണം ശരിയാണോ; ആണെങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് സർക്കാർ ഉത്തരവിറക്കിയതിന് പിന്നാലെ ഓയിൽ പാം ഇന്ത്യ ലിമിറ്റഡിലെ ബോർഡംഗങ്ങൾ കത്തയച്ചുവെങ്കിൽ അത് നിയമപരമാണോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ കൃഷി വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) പൊതുമേഖലാ സ്ഥാപനമായ ഓയിൽ പാം ഇന്ത്യാ ലിമിറ്റഡിൽ ജോലി ചെയ്തുവരുന്ന 14 താൽക്കാലിക ജീവനക്കാരെ അവരുടെ യോഗ്യതയും പ്രവൃത്തി പരിചയവും മറ്റ് ജോലി ലഭിക്കുന്നതിന് തടസ്സമായിട്ടുള്ള പ്രായാധിക്യവും കണക്കിലെടുത്ത് സ്ഥിരപ്പെടുത്തുന്ന വിഷയം സംബന്ധിയായ ഫയൽ വർഷങ്ങളായി സർക്കാരിലുണ്ടെന്നും

ആയതിന് മാനുഷിക പരിഗണന നൽകണമെന്നുമുള്ള ശിപാർശ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ് ചെയർമാൻ കൃഷി വകുപ്പുമന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു). വിഷയം പരിശോധിച്ചു വരുന്നു.

**കോങ്ങാട് മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

**91 (1715)** <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ കൃഷിവകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷി ഭവനാക്കുന്ന നടപടി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**92 (1716)** **<u>ശ്രീ. ഡി. കെ. മുരളി</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ കൃഷി ഭവനെ സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി എന്തെല്ലാം പ്രാരംഭ നടപടികളാണ് ഇതുവരെ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്നും എത്ര തുകയാണ് സ്മാർട്ട് കൃഷിഭവന് അനുവദിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഓരോ കൃഷി ഭവൻ വീതം സ്മാർട്ട് കൃഷി ഭവനാക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 140 നിയോജകമണ്ഡലങ്ങളിലെയും ജനപ്രതിനിധികളുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ അതത് ജില്ലകളിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ മൂന്ന് കാറ്റഗറികളായി തയ്യാറാക്കിയ സ്മാർട്ട് കൃഷി ഭവനുകളാക്കേണ്ട കൃഷി ഭവനുകളുടെ പട്ടികയിൽ (ബി) കാറ്റഗറിയിൽ പുല്ലമ്പാറ കൃഷി ഭവൻ ഉൾപ്പെട്ടിരുന്നു. മേൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന

കൃഷി ഭവനുകളുൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ കൃഷി ഭവനുകളെയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി സ്മാർട്ട് കൃഷി ഭവനുകളാക്കുന്നതിനാണ് സർക്കാർ സ്മാർട്ട് കൃഷി ഭവൻ പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഓരോ സ്മാർട്ട് കൃഷിഭവനിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നത്; വിശദമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്ന് മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഫ്രണ്ട് ഓഫീസ് സൗകര്യം, വിള ആരോഗ്യ കേന്ദ്രം, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ സ്മാർട്ട് കൃഷി ഭവനിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകുന്നു.

**ഒറ്റപ്പാലം മണ്ഡലത്തിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

**93 (1717)** <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിൽ ഏതെല്ലാം കൃഷി ഭവനുകൾക്ക് കീഴിലാണ് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിൽ ഒറ്റപ്പാലം, അമ്പലപ്പാറ, കടമ്പഴിപ്പുറം, കരിമ്പുഴ, ലക്കിടി-പേരൂർ, പൂക്കോട്ടുകാവ്, ശ്രീകൃഷ്ണപുരം, തച്ചനാട്ടുകര എന്നീ കൃഷി ഭവനുകൾക്ക് കീഴിലാണ് പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന-പെർ ഡ്രോപ്പ് മോർ ക്രോപ്പ് പദ്ധതി പ്രകാരം ഡ്രിപ്പ് ഇറിഗേഷൻ നടപ്പാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം ഈ മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിവരവും ലഭിച്ച സബ്സിഡിയുടെ വിശദാംശവും ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ സബ്സിഡി ലഭിച്ച ഗുണഭോക്താക്കളുടെ വിവരവും വിശദാംശവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | കൃഷി ഭവൻ | സബ്സിഡി തുക (രൂപ) | സാമ്പത്തിക വർഷം |
|---|---|---|---|---|
| 1 | കെബിൻ ബേബി | കരിമ്പുഴ | 25721 | 2021-22 |
| 2 | ഏലിയമ്മ തോമസ് | കരിമ്പുഴ | 25721 | 2021-22 |
| 3 | കെ. പി. വിജയശേഖൻ | ഒറ്റപ്പാലം | 12534 | 2021-22 |
| 4 | ശോഭന യു. | കരിമ്പുഴ | 14<br><br>938 | 2021-22 |
| 5 | പത്മനാഭൻ | അമ്പലപ്പാറ | 38815 | 2021-22 |
| 6 | ഭാരതിയമ്മ | അമ്പലപ്പാറ | 21543 | 2021-22 |
| 7 | രാജേന്ദ്രൻ ആർ. | പൂക്കോട്ടുകാവ് | 33321 | 2021-22 |
| 8 | രജനി മധുസൂദനൻ | അമ്പലപ്പാറ | 19288 | 2021-22 |
| 9 | വിജിത എസ്. | ലെക്കിടി-പേരൂർ | 34013 | 2022-23 |
| 10 | മണികണ്ഠൻ സി.ടി. | കടമ്പഴിപ്പുറം | 99850 | 2022-23 |
| 11 | രവി പി. ആർ. | ശ്രീകൃഷ്ണപുരം | 40226 | 2022-23 |
| 12 | ബാലസുബ്രഹ്മണ്യം | ശ്രീകൃഷ്ണപുരം | 7524 | 2022-23 |
| 13 | അബൂബക്കർ കെ. എൻ. | പൂക്കോട്ടുകാവ് | 30201 | 2022-23 |
| 14 | കെ. എൻ. ഷൺമുഖൻ | ഒറ്റപ്പാലം | 14313 | 2022-23 |
| 15 | മിഥുൻ നാരായണൻ | ഒറ്റപ്പാലം | 15106 | 2022-23 |
| 16 | വിശ്വൻ എ.പി. | കടമ്പഴിപ്പുറം | 28764 | 2022-23 |
| 17 | കെ. ബിഗിൽ കുമാർ | ലെക്കിടി- | 16850 | 2022-23 |

| | | | | |
|---|---|---|---|---|
| | | പേരൂർ | | |
| 18 | ജ്യോതികുമാർ ടി. | അമ്പലപ്പാറ | 10788 | 2022-23 |
| 19 | ഗീത പി. | ശ്രീകൃഷ്ണപുരം | 14598 | 2022-23 |
| 20 | രുഗ്മിണി | പൂക്കോട്ടുകാവ് | 14072 | 2022-23 |
| 21 | ചന്ദ്രദരൻ കെ. | അമ്പലപ്പാറ | 13237 | 2022-23 |
| 22 | കെ. ഡി. അശോക് കുമാർ | ലെക്കിടി-പേരൂർ | 21658 | 2022-23 |
| 23 | കബീർ പി. എസ്. | കടമ്പഴിപ്പുറം | 43687 | 2022-23 |
| 24 | സക്കീർ ഹുസൈൻ | കടമ്പഴിപ്പുറം | 22717 | 2022-23 |
| 25 | ഉണ്ണികൃഷ്ണൻ മുകുന്ദൻ | ഒറ്റപ്പാലം | 14219 | 2022-23 |
| 26 | ടി. സന്തോഷ് കുമാർ | ലെക്കിടി-പേരൂർ | 8801 | 2022-23 |
| 27 | മുകുന്ദ കുമാർ | അമ്പലപ്പാറ | 7570 | 2022-23 |
| 28 | ഭാനുമതി | ഒറ്റപ്പാലം | 5222 | 2022-23 |
| 29 | ചന്ദ്രിക | ഒറ്റപ്പാലം | 15300 | 2022-23 |
| 30 | ബാലകൃഷ്ണൻ | ഒറ്റപ്പാലം | 5113 | 2022-23 |
| 31 | അനുയോജ് എൻ. | ലെക്കിടി-പേരൂർ | 18694 | 2022-23 |
| 32 | ചന്ദ്ര കൃഷ്ണൻ | കരിമ്പുഴ | 13790 | 2022-23 |
| 33 | പി. മുരളീധരൻ | പൂക്കോട്ടുകാവ് | 17139 | 2022-23 |
| 34 | രാധാകുമാരി | അമ്പലപ്പാറ | 14830 | 2022-23 |

| | | | | |
|---|---|---|---|---|
| 35 | അപ്പുക്കുട്ടൻ സി. | അമ്പലപ്പാറ | 12943 | 2022-23 |
| 36 | മുഹമ്മദ് കുട്ടി വി. കെ. | കരിമ്പുഴ | 25328 | 2022-23 |
| 37 | പ്രഭാകരൻ ടി. പി. | പൂക്കോട്ടുകാവ് | 12265 | 2022-23 |
| 38 | പി. കെ. രാധ | ഒറ്റപ്പാലം | 17302 | 2022-23 |
| 39 | ഗോവിന്ദൻ | പൂക്കോട്ടുകാവ് | 18416 | 2023-24 |
| 40 | കാളിക്കുട്ടി പി. സി. | പൂക്കോട്ടുകാവ് | 6106 | 2023-24 |
| | **ആകെ** | | **832523** | |

**തകഴി മോഡേൺ റൈസ് മില്ലിന്റെ കെട്ടിട നിർമ്മാണം**

**94 (1718)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കർഷകർ ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ തകഴി വെയർഹൗസിംഗ് കോർപ്പറേഷൻ കോമ്പൗണ്ടിൽ ആരംഭിച്ച മോഡേൺ റൈസ് മിൽ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 75 ലക്ഷം രൂപയോളം ചെലവഴിച്ചിട്ടും നിർമ്മാണം പാതിവഴിയിൽ ഉപേക്ഷിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

നെല്ലിന് ന്യായവില ഉറപ്പുവരുത്തുക, ഉപഭോക്താക്കൾക്ക് ന്യായ വിലയിൽ അരി ലഭ്യമാക്കുക എന്നീ ഉദ്ദേശ്യങ്ങൾ മുൻനിർത്തി 24-01-2000-ലെ G.O.(MS) No.24/2000/കൃഷി പ്രകാരം, കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് തകഴിയിൽ റൈസ് മിൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മില്ലിനായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുവെങ്കിലും പ്രാദേശിക തർക്കങ്ങൾ, ഫണ്ടിന്റെ ലഭ്യതക്കുറവ് എന്നിവമൂലം 2001 ഒക്ടോബറിൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം മില്ലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് പ്രാദേശിക തർക്കങ്ങൾ പരിഹരിക്കുവാൻ പല തലങ്ങളിൽ ചർച്ചകൾ നടത്തുകയും ഇവ പരിഹരിച്ചശേഷം നിർമ്മാണം പുനരാരംഭിക്കണമെന്ന് 2008-ൽ തീരുമാനമെടുക്കുകയും ചെയ്തുവെങ്കിലും തർക്കം പരിഹരിക്കുവാനോ നിർമ്മാണം പുനരാരംഭിക്കുവാനോ സാധിക്കാത്തതിനാൽ കെട്ടിടം

ഭാഗികമായി നിർമ്മിക്കപ്പെട്ട സ്ഥിതിയിലാണുള്ളത്. യന്ത്രസാമഗ്രികൾ വാങ്ങിയിട്ടില്ല.

(ബി) കര, ജല, റെയിൽ ഗതാഗത മാർഗ്ഗമുള്ള വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണും മറ്റ് അനുബന്ധ സൗകര്യങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്ന ഈ മില്ലിന്റെ നിർമ്മാണ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

തകഴിയിൽ റൈസ് മിൽ വിഭാവനം ചെയ്ത കാലഘട്ടത്തിലുള്ള സാഹചര്യമല്ല നിലവിലുള്ളത്. അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കംമൂലം ഈ സ്ഥലത്ത് റൈസ് മിൽ പ്രവർത്തിപ്പിക്കുന്നത് പ്രായോഗികമല്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതും കൂടാതെ നിലവിലെ കെട്ടിടത്തിനനുസരിച്ചുള്ള യന്ത്ര സാമഗ്രികൾ ഇപ്പോൾ ലഭ്യമല്ലാത്തതുമാണ്. നിർദ്ദിഷ്ട സ്ഥലം മണ്ണിട്ട് ഉയർത്തിയാൽ ഗോഡൗൺ നിർമ്മാണം പ്രായോഗികമാകുമെന്നതിനാൽ പ്രസ്തുത കെട്ടിടം അറ്റകുറ്റപ്പണികൾ ചെയ്ത് ഗോഡൗണാക്കി മാറ്റി ഭക്ഷ്യ

സാധനങ്ങൾ സംഭരിക്കാനും സൂക്ഷിക്കാനും ഉപയോഗിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

**കാർഷിക മേഖലയുടെ വികസനത്തിനുള്ള പദ്ധതികൾ**

**95 (1719)** **ശ്രീ. സി. കെ. ഹരീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും വകയിരുത്തിയിട്ടുള്ള തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

കാർഷിക അടിസ്ഥാന സൗകര്യ വികസനവും പാരിസ്ഥിതിക പുനരുജ്ജീവനവും ലക്ഷ്യമിട്ടുകൊണ്ട് നീർത്തടാടിസ്ഥാനത്തിൽ വിവിധ മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് നടപ്പിലാക്കുന്നു. 2023-24 സാമ്പത്തിക വർഷം വകുപ്പിന് ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 3916 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ മണ്ണ് സംരക്ഷണ വിഭാഗം മുഖേന 3565 ലക്ഷം രൂപയുടെ 9 പദ്ധതികളും മണ്ണ് പര്യവേഷണ വിഭാഗം മുഖേന 351 ലക്ഷം രൂപയുടെ 5 പദ്ധതികളും നടപ്പാക്കിവരുന്നു. മണ്ണ് സംരക്ഷണ വിഭാഗം മുഖേന കാർഷിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡ് ധനസഹായത്തോടുകൂടിയുള്ള RIDF പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണുജല സംരക്ഷണം, മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസനം, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവനം, വിവരസാങ്കേതികവിദ്യയുടെ ഉപയോഗം, തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ സമഗ്ര നീർത്തട വികസന പദ്ധതി (NIDA) എന്നിവയും പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ചും നീർത്തടാധിഷ്ഠിത വികസനത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് വകുപ്പിന്റെ പരിശീലന കേന്ദ്രമായ IWDM-K ചടയമംഗലം മുഖേന പരിശീലന

പരിപാടികളും നടപ്പിലാക്കുന്നു. മണ്ണ് പര്യവേഷണ വിഭാഗം മുഖേന ലബോറട്ടറീസ്, മണ്ണ് പര്യവേഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം, സോയിൽ ഇൻഫർമാറ്റിക്സ് & പബ്ലിക്കേഷൻ സെൽ, സോയിൽ മ്യൂസിയം, ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് സൃഷ്ടിക്കൽ എന്നിവയും നടപ്പിലാക്കുന്നു. കൂടാതെ കേരള പുനർനിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി തൃശ്ശൂർ, ഇടുക്കി, വയനാട്, ആലപ്പുഴ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 60.94 കോടി രൂപയുടെ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്തെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികൾ സർക്കാരിന്റെ ആർ.ഐ.ഡി.എഫ്, ആർ.കെ.വി.വൈ., പി.എം.കെ.എസ്.വൈ., ആർ.കെ.ഐ. എന്നീ സ്കീമുകൾ മുഖാന്തരം നടപ്പിലാക്കി വരുന്നു. കൂടാതെ അഗ്രികൾച്ചർ ഫാമുകളുടെ നവീകരണം, 3 ടിഷ്യൂകൾച്ചർ ലാബുകളുടെ നിർമ്മാണം, തൃശ്ശൂർ മണ്ണുത്തിയിലെ സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിന്റെ നിർമ്മാണം, പഴം-പച്ചക്കറി സംഭരണത്തിനും സംരക്ഷണത്തിനുമായി

പാക്ക് ഹൗസ് നിർമ്മാണം/വിതരണം, എക്കോഷോപ്പ് നിർമ്മാണം എന്നിവ കെ.എൽ.ഡി.സി. മുഖേന നടപ്പാക്കിവരുന്നു.

(ബി) പാറശ്ശാല മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേയ്ക്കായി വകയിരുത്തിയ തുക എത്രയാണെന്നും അവയുടെ ഇന്നത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ?

കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1) ആർ.ഐ.ഡി.എഫ്. XXVI പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിലെ കൊല്ലയിൽ പഞ്ചായത്തിലെ ആരിരവേലി കളത്തിന്റെ നിർമ്മാണം - വകയിരുത്തിയ തുക 40.647 ലക്ഷം, പ്രവൃത്തി പൂർത്തീകരിച്ചു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2) പി.എസ്.കെ.എസ്.വൈ. - തിരുവനന്തപുരം ജില്ലയിലെ കൊല്ലയിൽ പഞ്ചായത്തിലെ വെന്റഡ് ക്രോസ്ബാറിന്റെയും റീട്ടെയിനിംഗ് വാളിന്റെയും നിർമ്മാണം - വകയിരുത്തിയ തുക - 36 ലക്ഷം, പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(സി) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്നും അവയുടെ ഇന്നത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നബാർഡ് സാമ്പത്തിക സഹായത്തോടെയുള്ള RIDF പദ്ധതിയുടെ XXI മുതൽ XXV വരെയുള്ള ഘട്ടങ്ങളിൽ ഉൾപ്പെടുത്തി 3 പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കി. ഇതിൽ 2 പദ്ധതികൾ

പൂർത്തീകരിക്കുകയും ഒരു പദ്ധതി തുടർന്നുവരികയും ചെയ്യുന്നു. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കൂടാതെ ആർ.കെ.വി.വൈ. പ്രകാരം, 2015-16 കാലഘട്ടത്തിൽ കൊല്ലയിൽ പഞ്ചായത്തിലെ ദേവേശ്വരം കുളം, പറമ്പിക്കുളം എന്നിവയുടെ പുനരുദ്ധാരണ പ്രവൃത്തികളും അക്കവിളാകം ഏലായുടെയും ചിറയ്ക്കൽ ഐക്കര ഏലായുടെയും നവീകരണ പ്രവൃത്തികളും അനുവദിച്ചിരുന്നു. പ്രസ്തുത പ്രവൃത്തികൾ മുൻസർക്കാരിന്റെ കാലഘട്ടത്തിൽ പൂർത്തീകരിച്ചു.

## കരാർ നിയമനങ്ങൾ

**96 (1720)** <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലംമുതൽ നാളിതുവരെ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ എത്ര കരാർ നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും ഇതിൽ എത്ര നിയമനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന അല്ലാതെ നടത്തിയിട്ടുള്ള നിയമനങ്ങൾ എത്രയെന്നും പ്രസ്തുത നിയമനങ്ങൾക്ക് അവലംബിച്ച മാർഗ്ഗം ഏതാണെന്നുമുള്ള വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇത്തരം നിയമനം നടത്തിയപ്പോൾ റിസർവേഷൻ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ പദ്ധതികൾ**

**97 (1721)** <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം, നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും കായംകുളം മണ്ഡലത്തിൽ

നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ച തുക എത്രയെന്നും പ്രവൃത്തികളുടെ പുരോഗതി എന്തെന്നും വിശദമാക്കാമോ?

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ മുഖേനയും കായംകുളം മണ്ഡലത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ക്ലൺ ഗ്രാമം പദ്ധതി**

**98 (1722)** <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്ന കൃഷി വകുപ്പിന്റെ നൂതന പരിപാടിയായ ക്ലൺ ഗ്രാമം പദ്ധതി വേഗത്തിൽ നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരമാണ് ക്ലൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ബ്ലോക്കിലെ പഞ്ചായത്തുകൾ ഉൾപ്പെട്ടിട്ടുണ്ട്. പദ്ധതി വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരുരങ്ങാടി മണ്ഡലത്തിലെ നീർത്തട വികസനം**

**99 (1723)** <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി നിയോജകമണ്ഡലത്തിലെ നീർത്തട വികസനം സംബന്ധിച്ച നാല്പത്തിയൊൻപത് കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ മുൻഗണന ക്രമത്തിൽ ഈ പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നീർത്തട വികസനം സംബന്ധിച്ച പദ്ധതി തിരൂരങ്ങാടി മുനിസിപ്പാലിറ്റിയിലാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കർഷകരും മുനിസിപ്പാലിറ്റിയിലെ എല്ലാ പ്രദേശത്തും നീർത്തട നടത്തം സംഘടിപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ഏതൊക്കെ ഭാഗങ്ങളിൽ തോട് നവീകരണം, വി.സി.ബി., ചെക്ക് ഡാം എന്നിവ ആവശ്യമാണെന്ന് കണ്ടെത്തി. ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പിനെ ചുമതലപ്പെടുത്തുകയും 17 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയതായി നഗരസഭാ അധികൃതർ അറിയിച്ചതായി കൃഷി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(സി) ഈ പദ്ധതിയുടെ പ്രൊപ്പോസൽ 2024-ലെ ബജറ്റിലേക്ക് സമർപ്പിക്കുന്ന ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള സൂക്ഷ്മ നീർത്തടാധിഷ്ഠിത വികസന

പദ്ധതിയിൽ ഉൾപ്പെടുത്തി തിരൂരങ്ങാടി, കോന്നി നിയോജകമണ്ഡലങ്ങളിലെ നീർത്തട വികസന പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ 100 ലക്ഷം രൂപ വകയിരുത്താനുള്ള ശിപാർശ നിലവിലുണ്ട്.

**കുണ്ടറ ചിറയിൽകുളം നവീകരണം**

**100 (1724)** ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുണ്ടറയിലെ ചിറയിൽകുളം നവീകരണവുമായി ബന്ധപ്പെട്ട് കുളത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ് നീക്കം ചെയ്യുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി വിശദമാക്കാമോ?

കൃഷി വകുപ്പ് മുഖേന ടി പ്രവൃത്തി നടപ്പിലാക്കിയിട്ടില്ല.

**കാർഷിക സർവകലാശാലയുടെ ഭൂമി വെറ്ററിനറി സർവകലാശാലയ്ക്ക് കൈമാറുന്നത്**

**101 (1725)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിലുള്ള 45 ഏക്കർ ഭൂമി വെറ്ററിനറി സർവകലാശാലയ്ക്ക് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇല്ല.

(ബി) ഈ ഭൂമികൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭൂവിസ്തൃതി കണക്കാക്കി കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2023-ൽ 47 തൊഴിലാളികളെ സ്ഥിരപ്പെടുത്തുകയും 62 താൽക്കാലിക തൊഴിലാളികളെ നിയമിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2023 വർഷത്തിൽ 46 കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി നിയമിച്ചു. കൂടാതെ, 60 കാഷ്വൽ തൊഴിലാളികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി കേന്ദ്രത്തിൽ 48 സ്ഥിരം തൊഴിലാളികളും 61 കാഷ്വൽ തൊഴിലാളികളും ജോലി ചെയ്തുവരുന്നു.

(സി) വെറ്ററിനറി സർവകലാശാലയ്ക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ച് കാർഷിക സർവകലാശാല നേരത്തെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) ഈ ഭൂമി കൈമാറിയാൽ കാർഷിക സർവകലാശാലയുടെ നൂറുകണക്കിന് ജീവനക്കാർ ജോലി ചെയ്യുന്ന ഏഴോളം സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യമുണ്ടാകുമോ; വിശദമാക്കുമോ?

(സി&ഡി) കേരള വെറ്ററിനറി & അനിമൽ സയൻസ് സർവകലാശാലയുടെ 2011-ലെ ആക്ട് 3-ലെ ഷെഡ്യൂൾ പ്രകാരം കൈമാറേണ്ട 20 സ്ഥാപനങ്ങൾ കേരള കാർഷിക സർവകലാശാല കൈമാറിയിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയുടെ ഭൂമി കൈമാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടതായ സാഹചര്യം നിലവിലില്ല.

(ഇ) എങ്കിൽ ഈ ഭൂമി കൈമാറുന്നതിനായി നടപടികൾ സ്വീകരിക്കാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വെറ്ററിനറി സർവകലാശാല കൂടുതൽ ഭൂമി കാർഷിക സർവകലാശാലയിൽനിന്നും ആവശ്യപ്പെട്ടിരിക്കുന്ന വിഷയം സംബന്ധിയായ ഫയൽ സർക്കാരിന്റെ പരിശോധനയിലുള്ളതാണ്.

## വിദേശ വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികളെ റിക്രൂട്ട് ചെയ്യുന്ന സ്വകാര്യ ഏജൻസികളുടെ നിയന്ത്രണം

**102 (1726)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. കെ. ബഷീർ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും ഉന്നത വിദ്യാഭ്യാസത്തിനായി വിദേശത്ത് പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ് മൊബിലിറ്റിയിൽ ദൃശ്യമായ മാറ്റങ്ങൾ പഠിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രൊഫ. ഗോപിനാഥ് രവീന്ദ്രൻ (വൈസ് ചാൻസലർ, കണ്ണൂർ യൂണിവേഴ്സിറ്റി) അധ്യക്ഷനായ ഒരു സമിതി "Committee on Student Mobility and Expectations" രൂപീകരിച്ച് പ്രവർത്തിച്ചുവരികയാണ്.

(ബി) ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ റിക്രൂട്ടിംഗ് ഏജൻസികളെ നിയന്ത്രിക്കുന്നതിനും തട്ടിപ്പുകൾ തടയുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) വിദേശ വിദ്യാഭ്യാസത്തിനായി വിദ്യാർഥികളെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും തട്ടിപ്പുകൾ തടയുന്നതിനും നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(ബി&സി) വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർഥികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതുമായുള്ള വിഷയങ്ങൾ പഠിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് ചെയർമാനായും ഡോ. ആർ. കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവരെ അംഗങ്ങളായും

ഉൾപ്പെടുത്തി വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. വിദഗ്ദ്ധ സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും നിയമനിർമ്മാണത്തിന്റെ കരടും സർക്കാർ പരിശോധിച്ചുവരികയാണ്.

**പബ്ലിക് അഡ്മിനിസ്ട്രേഷൻ ശാഖയിൽ കൂടുതൽ കോഴ്സുകൾ**

**103 (1727)** <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പബ്ലിക് അഡ്മിനിസ്ട്രേഷൻ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പഠിതാക്കൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ സംസ്ഥാനത്ത് പബ്ലിക് അഡ്മിനിസ്ട്രേഷൻ കോഴ്സുകൾ തുടങ്ങാൻ കോളേജുകളിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷകളുടെ നിജസ്ഥിതി വ്യക്തമാക്കാമോ?

സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റി വച്ചിരിക്കുകയാണ്.

(സി) ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന സാമൂഹ്യ-ശാസ്ത്രശാഖയെ വളരെയധികം പരിഗണനയോടെ കാണുമ്പോൾ കേരളത്തിൽ ഈ പഠനശാഖ അക്കാദമിക് രംഗത്ത് അവഗണന നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശാഖയിൽ കൂടുതൽ ബിരുദ, ബിരുദാനന്തര കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

ഇല്ല. സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റി വച്ചിരിക്കുകയാണ്.

**നൂതന സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ അക്കാദമിക് പ്രവർത്തനങ്ങൾ**

**104 (1728) ശ്രീ. മുഹമ്മദ് മുഹസിൻ:**

**ശ്രീ. ഇ. കെ. വിജയൻ:**

ശ്രീമതി സി. കെ. ആശ:

ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാവി തൊഴിൽ സാധ്യതകൾക്കും സാങ്കേതികവിദ്യകൾക്കും അനുയോജ്യമാകുംവിധത്തിൽ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ വാർത്തെടുക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാലയിൽ കരിക്കുലത്തിന്റെ ഭാഗമായിത്തന്നെ വൻകിട വ്യവസായ സ്ഥാപനങ്ങളിൽ ബി.ടെക്., എം.ടെക്. വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് സൗകര്യങ്ങളും സർവകലാശാല ഒരുക്കിയിട്ടുണ്ട്. അതോടൊപ്പം തൊഴിൽ സംരംഭകത്വം പാഠ്യവിഷയ പദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തുന്നതിനായി അഫിലിയേറ്റഡ് കോളേജുകൾ കേന്ദ്രീകരിച്ചുള്ള CENTRES OF EXCELLENCE സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ Industry-on-Campus, Technology

Business Incubator, Mini Industrial Units തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്താനുള്ള മാർഗ്ഗം തുറക്കപ്പെടുന്നു. നൂതന തൊഴിൽ നൈപുണ്യ സാധ്യതകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള Bachelor of Vocational Studies പ്രോഗ്രാം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2020-2021 അധ്യയന വർഷം മുതൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ എല്ലാ പാഠ്യപദ്ധതികളും OBE Pattern (ഫലാധിഷ്ഠിത വിദ്യാഭ്യാസം) അനുസരിച്ച് സിലബസ് പരിഷ്കരിച്ചിട്ടുണ്ട്. ലോകോത്തര വിദ്യാഭ്യാസ/ശാസ്ത്രീയ സ്ഥാപനങ്ങളുടെ സഹായത്തോടെ ഭക്ഷ്യസുരക്ഷ, ജൈവ ഇന്ധനം, കാലാവസ്ഥ വ്യതിയാനം, ഔഷധ നിർമ്മാണം തുടങ്ങിയ മേഖലകളിൽ പാഠ്യപദ്ധതികൾ ആവിഷ്കരിച്ച് ബിരുദ-ബിരുദാനന്തര, ഡോക്ടറൽ തലങ്ങളിലുള്ള അക്കാദമിക് പ്രവർത്തനങ്ങളിലൂടെ മാനവശേഷി വികസനത്തിനായുള്ള സമഗ്രപദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

പോളിടെക്നിക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ ഔട്കം ബേസ്ഡ് ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു. വ്യവസായം,

സാങ്കേതികവിദ്യ, പരിസ്ഥിതി സുസ്ഥിരത എന്നിവയിലെ ഏറ്റവും പുതിയ പ്രവണതകൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് ഔട്ട്കം ബേസ്ഡ് റിവിഷൻ 2021 പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

(ബി) ആധുനിക കാലഘട്ടത്തിന് അനുസൃതമായി സംസ്ഥാനത്തെ മാനവ വിഭവശേഷി വികസനത്തിന് സഹായകമാകുംവിധം വ്യവസായ മേഖലയുമായി ചേർന്ന് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കാമോ?

എഞ്ചിനീയറിംഗ് കോളേജുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് എഞ്ചിനീയറിംഗ് മേഖലയിൽ നിരവധിയായ നവീന കോഴ്സുകൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്.

കാലാനുസൃതമായ കരിക്കുലം, സിലബസ് എന്നിവ പരിഷ്കരിക്കാൻ ഇൻഡസ്ട്രിയിൽനിന്നുള്ള വിദഗ്ധരുടെ പങ്കാളിത്തത്തോടെ ഇൻഡസ്ട്രിയൽ ഇലക്ടീവ്സ്, മൈനർ തുടങ്ങിയ നൂതന ആശയങ്ങൾ പരിഷ്കരിച്ച കരിക്കുലത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഫിലിയേറ്റഡ് കോളേജുകൾ

കേന്ദ്രീകരിച്ചുള്ള CENTRES OF EXCELLENCE സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്, ഇത്തരം കേന്ദ്രങ്ങളിൽ Industry-on-Campus, Technology Business Incubator, Mini Industrial Units തുടങ്ങിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി വിദ്യാർഥികൾക്ക് പഠനത്തോടൊപ്പം വരുമാനം കണ്ടെത്താനുള്ള മാർഗ്ഗം തുറക്കപ്പെടുന്നു.

പ്രമുഖ വ്യവസായ സ്ഥാപനമായ സിന്തൈറ്റ് ഇൻഡസ്ട്രീസിന്റെ 20 കോടി രൂപയുടെ സഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള "CVJ Centre for Synthetic Biology Bio Manufacturing" എന്ന ഗവേഷണ കേന്ദ്രം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. TCS, IBM തുടങ്ങിയ പ്രമുഖ കമ്പനികൾ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ വിവിധ പഠന വകുപ്പുകളുമായി ചേർന്ന് അക്കാദമിക് പ്രോഗ്രാമുകൾ നടത്തിവരുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളിൽ Industry **on** Campus പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വ്യവസായ മേഖലയിൽ ജോലി ലഭ്യത ഉറപ്പുവരുത്തുന്നതിനായി Finishing School പദ്ധതി നടത്തി വരുന്നു.

വിദ്യാർഥികളുടെ Employability skill വർദ്ധിപ്പിക്കുന്നതിനുവേണ്ടി തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ സൗജന്യമായി തൊഴിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. കൂടാതെ YIP-Young Innovators Programme പോളിടെക്നിക്ക് കോളേജുകളിൽ നടപ്പിലാക്കി.

സംസ്ഥാന സർക്കാർ അസാപ് വഴി അതിന്റെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ നൂതന സാങ്കേതികവിദ്യയിൽ മികവിന്റെ കേന്ദ്രങ്ങൾ (സി.ഒ.ഇ.) സ്ഥാപിച്ചുവരുന്നു. എ.ആർ;/വി.ആർ; സാങ്കേതികവിദ്യ, വൈദ്യുത വാഹന മേഖല, ഫിൻടെക്ക്, വെഹിക്കിൾ പെയിന്റിംഗ് ആൻഡ് റീഫിനിഷിംഗ് എന്നീ മേഖലകളിൽ ഇതിനകം തന്നെ എട്ട് സി.ഒ.ഇ.-കൾ സ്ഥാപിച്ചു കഴിഞ്ഞു. കൂടാതെ ഡ്രോൺ, 5 ജി ആൻഡ് യൂസ് കേസ് ഫൈബർ റേഡിയോ എന്നീ സാങ്കേതികവിദ്യകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ പദ്ധതിയുണ്ട്.

(സി) നിർമ്മിത ബുദ്ധി, ഗ്രാഫീൻ നിർമ്മാണങ്ങൾ, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യാധിഷ്ഠിത വ്യവസായങ്ങൾക്കാവശ്യമായ അക്കാദമിക് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രധാന നഗരങ്ങളെ ടെക്നോളജി ഹബ്ബുകളാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(സി&ഡി) ഉണ്ട്. New and emerging ഡിപ്ലോമ പ്രോഗ്രാമുകൾ പോളിടെക്നിക് കോളേജുകളിൽ നടപ്പാക്കിയിട്ടുണ്ട്. അവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു:

a) Artificial Intelligence

b) Artificial Intelligence and Machine Learning

c) Automation and Robotics

നിർമ്മിത ബുദ്ധി, റോബോട്ടിക്സ് തുടങ്ങിയ നൂതന സാങ്കേതികവിദ്യാധിഷ്ഠിത അക്കാദമിക് പ്രവർത്തനങ്ങൾ M.Sc., M.Tech. പാഠ്യപദ്ധതിയിൽ 2016 സ്കീം മുതൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സർവകലാശാലയിലെ ഫിസിക്സ്, കെമിസ്ട്രി, ഇൻസ്ട്രുമെന്റേഷൻ പഠനവകുപ്പുകൾ ചേർന്ന് 5cm x 5cm-നും അതിനുമുകളിലുമുള്ള ഗ്രാഫീൻ ഷീറ്റുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ടെക്നോളജി വികസിപ്പിച്ചിട്ടുള്ളതാണ്. ഗ്രാഫീനും ഗ്രാഫീനിന്റെ കോംപോസിറ്റുകളും ഉപയോഗിച്ച് വിവിധ സെമികണ്ടക്ടർ ഡിവൈസുകൾ,

സോളാർ സെൽ, സൂപ്പർ കപ്പാസിറ്റർ, ലിഥിയം അയൺ ബാറ്ററി എന്നിവ സർവകലാശാല വികസിപ്പിച്ചിട്ടുണ്ട്.

**വിദ്യാഭ്യാസ കൺസട്ടൻസി സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതികൾ**

**105 (1729)** <u>ശ്രീ. കെ. ജെ. മാക്സി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തും ഇതരസംസ്ഥാനങ്ങളിലും ഉപരിപഠനത്തിനായി സേവനം തേടിയെത്തുന്ന വിദ്യാർഥികളെ ചൂഷണം ചെയ്യുന്നതും നിലവാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് അയയ്ക്കുന്നതും ഉൾപ്പെടെ വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ വ്യാപക പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത്തരം കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ലൈസൻസും ഏകീകൃത സേവന നിരക്കും

ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർഥികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതുമായുള്ള വിഷയങ്ങൾ പഠിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് ചെയർമാനായും ഡോ. ആർ. കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി വിദഗ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും നിയമ നിർമ്മാണത്തിന്റെ കരടും സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കഴിഞ്ഞ 10 വർഷ കാലയളവിൽ (2013 മുതൽ 2023 വരെ) സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർഥികൾ

ഉന്നതവിദ്യാഭ്യാസത്തിനായി ഇതര സംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിച്ച എന്നതിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

ഉന്നത വിദ്യാഭ്യാസത്തിനായി ഇതരസംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിക്കുന്ന വിദ്യാർഥികളുടെ 2013 മുതലുള്ള വിവരശേഖരണത്തിന് നിലവിൽ സംവിധാനമില്ല. എന്നിരുന്നാലും 2020 ഏപ്രിലിൽ ആരംഭിച്ച നോർക്ക റൂട്ട്സിന്റെ നോർക്ക സ്റ്റുഡന്റ് ഐഡി കാർഡ് പദ്ധതിപ്രകാരം വിദേശ രാജ്യങ്ങളിലേക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോയിട്ടുള്ള 8052 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| **നമ്പർ** | **വർഷം** | **രജിസ്റ്റർ ചെയ്തവർ** |
|---|---|---|
| 1 | 2021 | 2022 |
| 2 | 2022 | 3526 |
| 3 | 2023 | 2504 |

**കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജ് ഹോസ്റ്റൽ**

**106 (1730)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ ഹോസ്റ്റൽ സൗകര്യം നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന, ഹോസ്റ്റൽ സൗകര്യം ആവശ്യപ്പെട്ടിട്ടുള്ള എല്ലാ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റലുകളുണ്ട്. നിലവിൽ ആൺകുട്ടികൾക്കായി രണ്ടു ഹോസ്റ്റലുകൾ ക്യാമ്പസിനകത്തും ഒരു ഹോസ്റ്റൽ ക്യാമ്പസിന് പുറത്തുമായി സൗകര്യപ്പെടുത്തിയിട്ടുണ്ട്. പെൺകുട്ടികൾക്കായി 300 കുട്ടികൾക്ക് താമസസൗകര്യമുള്ള ഒരു ഹോസ്റ്റൽ ക്യാമ്പസിന് പുറത്തും സൗകര്യപ്പെടുത്തിയിട്ടുണ്ട്.

(ബി) എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും കോളേജ് കോമ്പൗണ്ടിനകത്തുതന്നെ ഹോസ്റ്റൽ സൗകര്യം

ഏർപ്പെടുത്തണമെന്ന ആവശ്യത്തിൻമേൽ തുടർനടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമാകുന്ന മുറയ്ക്ക് എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും കോളേജ് കോമ്പൗണ്ടിനകത്തുതന്നെ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

**പ്രൊഫഷണൽ കോളേജ് പ്രവേശനത്തിൽ ഫ്ലോട്ടിംഗ് സംവരണം**

**107 (1731)** **ശ്രീ. പി. ഉബൈദുള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിൽ സംവരണ വിഭാഗങ്ങൾക്ക് അർഹമായ തോതിലുള്ള പ്രവേശനം ഉറപ്പാക്കാൻ ഏർപ്പെടുത്തിയ ഫ്ലോട്ടിംഗ് സംവരണ രീതി തുടരുന്നത് സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിൽനിന്ന് നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

ഉന്നത വിദ്യാഭ്യാസ വകുപ്പിന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി) ഫ്ലോട്ടിംഗ് സംവരണം നിർത്തലാക്കുന്നതുവഴി സംവരണ വിഭാഗങ്ങൾക്കുണ്ടാകുന്ന നഷ്ടം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടില്ല.

(സി) ഫ്ലോട്ടിംഗ് സംവരണത്തിലൂടെ 2023-ൽ എം.ബി.ബി.എസ്., ബി.ടെക് കോഴ്സുകളിൽ എത്ര വിദ്യാർഥികൾ പ്രവേശനം നേടിയിട്ടുണ്ട്; സംവരണ വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2023 ബി.ടെക് കോഴ്സുകളിൽ 573 വിദ്യാർഥികളാണ് ഫ്ലോട്ടിംഗ് സംവരണത്തിലൂടെ അഡ്മിഷൻ നേടിയിട്ടുള്ളത്.

174 വിദ്യാർഥികളാണ് ഫ്ലോട്ടിംഗ് സംവരണത്തിലൂടെ എം.ബി.ബി.എസ്. കോഴ്സിൽ അഡ്മിഷൻ നേടിയിട്ടുള്ളത്.

സംവരണ വിഭാഗം തിരിച്ചുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

**മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജ്**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**108 (1732)** <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് അനുവദിച്ച ഫണ്ടുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.എച്ച്.ആർ.ഡി.-യുടെ മലമ്പുഴ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് നിർമ്മാണ പ്രവൃത്തികൾക്കായി താഴെ പറയുന്ന തുക അനുവദിച്ചിട്ടുണ്ട്.

1) പ്രധാന കെട്ടിടത്തിന്റെ ഒന്നാം നില – 150 ലക്ഷം

2) ചുറ്റുമതിൽ – 30 ലക്ഷം

(ബി) മലമ്പുഴ ഐ.എച്ച്.ആർ.ഡി. കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് നടത്തിവരുന്നത്. വരുംവർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കോളേജിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**പുതിയ ആർട്സ് & സയൻസ് കോളേജുകളുടെ ആവശ്യകത**

**109 (1733)** **ശ്രീ. വി. ജോയി:** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ മേഖലയിൽ പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കേണ്ട ആവശ്യകത സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

സർക്കാർ മേഖലയിൽ പുതിയ ആർട്സ് & സയൻസ് കോളേജുകൾ ആരംഭിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുന്നു.

**തൃശ്ശൂർ ശ്രീരാമവർമ്മ മ്യൂസിക് കോളേജ് കെട്ടിട നിർമ്മാണം**

**110 (1734)** <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ ശ്രീരാമവർമ്മ മ്യൂസിക് കോളേജ് കെട്ടിട നിർമ്മാണത്തിന് കിഫ്ബിവഴി 10 കോടി രൂപ അനുവദിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോളേജ് കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ-സി) SRV സംഗീത കോളേജിനായി കണ്ടെത്തിയ തൃശ്ശൂർ രാമവർമ്മപുരം സ്കൂളിന്റെ സ്ഥലം കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്ക് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. സ്ഥലം കൈമാറിക്കിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഗവ. സി.കെ.ജി. മെമ്മോറിയൽ കോളേജ് കെട്ടിടത്തിന്റെ ഫയർ എൻ.ഒ.സി.**

**111 (1735)** <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ സി.കെ.ജി. മെമ്മോറിയൽ ഗവ. കോളേജിൽ എന്തൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്?

കോളേജിന്റെ ചുറ്റുമതിൽ, ലേഡീസ് ഹോസ്റ്റലിന്റെ ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണ പ്രവർത്തികളാണ് നിലവിൽ കോളേജിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

(ബി) നിർമ്മാണം പൂർത്തിയാക്കിയ അക്കാദമിക്ക് ബ്ലോക്ക് കെട്ടിടത്തിന് ഫയർ എൻ.ഒ.സി. ലഭിക്കാത്തതിനാൽ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടത്തിന് ഫയർ എൻ.ഒ.സി. ലഭിക്കാനുള്ള തടസ്സമെന്താണെന്നും ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദീകരിക്കാമോ?

(ബി&സി) ഉണ്ട്. ചട്ടപ്രകാരം കെട്ടിടത്തിനാവശ്യമായ സ്റ്റെയർകേസുകൾ കുറവാണെന്ന കാരണത്താലാണ് അഗ്നിശമന സേന പേരാമ്പ്ര സി.കെ.ജി.എം. സർക്കാർ കോളേജിൽ നിർമ്മാണം പൂർത്തീകരിച്ച അക്കാദമിക് ബ്ലോക്ക് കെട്ടിടത്തിന് ഫയർ NOC-യ്ക്ക് നൽകിയ അപേക്ഷ നിരസിച്ചത്. ടി പ്രശ്നം ശ്രദ്ധയിൽപ്പെട്ടപ്പോൾ അഗ്നിശമന സേനയിൽ നിന്നുള്ള നിർദ്ദേശപ്രകാരം ആവശ്യമായ കൂടുതൽ ഫയർ സ്റ്റെയർ സജ്ജീകരിക്കുന്നതിനുള്ള നിർദ്ദേശം പദ്ധതി നിർവഹണ ഏജൻസിയായ KITCO-യ്ക്ക് നൽകുകയും ആയതുപ്രകാരം KITCO എസ്റ്റിമേറ്റ് തയ്യാറാക്കി KIIFB-ടെ അനുമതിക്കായി സമർപ്പിച്ചിട്ടുമുണ്ട്.

**വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള പരീക്ഷാഫല പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും**

**112 (1736)** <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള പരീക്ഷാഫല പ്രഖ്യാപനം, സർട്ടിഫിക്കറ്റ്

വിതരണം എന്നിവ വേഗത്തിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ആവശ്യത്തിനുവേണ്ടി ഏതെങ്കിലും സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ ഈ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം പൂർണ്ണസജ്ജമായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്തുവരുന്നു. K-REAP-ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും.

അക്കാദമിക്/എക്സാമിനേഷൻ/അഡ്മിനിസ്ട്രേഷൻ ഉൾപ്പെടുന്ന എല്ലാ പ്രവർത്തനങ്ങൾക്കും ഇആർപി (ERP) അടിസ്ഥാനമാക്കിയുള്ള ഒരു സമ്പൂർണ്ണ റിസോഴ്സ് പ്ലാനിംഗ് സിസ്റ്റമാണ് K-REAP. ഇത് വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തിരൂർ മണ്ഡലത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ**

**113 (1737)** **<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2024-2025 വർഷത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) തിരൂർ മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉന്നതവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

തിരൂർ മണ്ഡലത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ് പ്രവർത്തിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കോളേജിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) തിരൂർ മണ്ഡലത്തിൽ പുതുതായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തിരൂർ സർക്കാർ കോളേജിൽ സ്മാർട്ട് ക്ലാസ് റൂം, വൈ ഫൈ ക്യാമ്പസ് എന്നിവ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

**പേരാമ്പ്ര താലൂക്കാശുപത്രി**

**114 (1738)** ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിതലത്തിൽ നടന്ന യോഗത്തിലുണ്ടായ ധാരണയെത്തുടർന്ന് പേരാമ്പ്ര താലൂക്കാശുപത്രിക്കുവേണ്ടി സി.കെ.ജി. മെമ്മോറിയൽ ഗവ. കോളേജിന്റെ രണ്ട് ഏക്കർ സ്ഥലം കൈമാറുന്നതിനുവേണ്ടി എൻ.ഒ.സി.-യ്ക്കുള്ള അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത അപേക്ഷയിന്മേലുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ&ബി) പേരാമ്പ്ര കോളേജിന്റെ 2 ഏക്കർ ഭൂമി പേരാമ്പ്ര താലൂക്ക് ഹോസ്പിറ്റലിന് കൈമാറുന്നതിനുള്ള അപേക്ഷയും അർത്ഥനാപത്രവും ആരോഗ്യവകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കോളേജ് പഠന നിലവാരം മെച്ചപ്പെടുത്തൽ**

**115 (1739)** <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കോളേജ് വിദ്യാർഥികളിൽ ഇംഗ്ലീഷ് ഭാഷാപഠനം, പ്രസ്തുത ഭാഷയിലുള്ള ആശയവിനിമയം, സംഭാഷണം എന്നിവയിൽ വരുന്ന നിലവാരക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മേല്പറഞ്ഞ വിഷയങ്ങൾ പരിഹരിക്കുന്നതിനും വിദ്യാർഥികൾക്ക് ഇംഗ്ലീഷ് ഭാഷയിൽ സംസാരിക്കുന്നതിനടക്കമുള്ള പ്രാവീണ്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ബിരുദതല കരിക്കുലം പരിഷ്കരണത്തിൽ, ഇംഗ്ലീഷ് ഉൾപ്പെടെയുള്ള വിവിധ ഭാഷകളുടെ കാര്യത്തിൽ ആവശ്യമായിട്ടുള്ള കരിക്കുലം/സിലബസ്സ് പരിഷ്കാരങ്ങൾ സംസ്ഥാനത്തെ സർവകലാശാലകളിൽ നടത്തിവരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പാക്കിയ ഘട്ടത്തിൽത്തന്നെ, ഇംഗ്ലീഷ് ഭാഷാ പഠനത്തിന്റെ ഘടനയിലും ഉള്ളടക്കത്തിലും ആവശ്യമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷാ സാഹിത്യത്തിന് പുറമെ, ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം നേടുന്നതിന് ഭാഷാപഠനത്തെ ലിസണിംഗ് സ്കിൽ, സ്പീക്കിംഗ് സ്കിൽ, റീഡിംഗ് സ്കിൽ, റൈറ്റിംഗ് സ്കിൽ എന്നീ നാല് നൈപുണ്യ മേഖലകളായി തിരിച്ച് അവ സ്വായത്തമാക്കുന്നതിന് ഉതകുന്ന പാഠ്യപദ്ധതി തയ്യാറാക്കുകയും ഇവ സംബന്ധിച്ച പ്രത്യേക പാഠപുസ്തകങ്ങൾ എല്ലാ ബിരുദ പഠിതാക്കൾക്കും നിർബന്ധമാക്കുകയും ചെയ്തിരുന്നു. കൂടാതെ, ഇംഗ്ലീഷ് ഭാഷയുമായി ബന്ധപ്പെട്ട് ഓറൽ കമ്മ്യൂണിക്കേഷൻ സ്കിൽ ടെസ്റ്റുകൾ എൻഡ് സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകളിൽ ഉൾപ്പെടുത്തിയിരുന്നു. ഇതിനുപുറമെ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഒരു പ്രധാന ബിരുദ പ്രോഗ്രാം/കോഴ്സായി സർവകലാശാലകളിലും കോളേജുകളിലും നിലവിലുണ്ട്.

(ബി) സാമ്പ്രദായിക രീതിയിലുള്ള സിലബസ്സിലെ പഠനമല്ലാതെ മറ്റെന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പുതിയ 4 വർഷ ബിരുദ പ്രോഗ്രാമിൽ ഫൗണ്ടേഷൻ കോഴ്സുകൾക്ക് വർദ്ധിച്ച പ്രാധാന്യമാണ് നൽകിയിട്ടുള്ളത്. ഫൗണ്ടേഷൻ കോഴ്സുകളിൽ ഉൾപ്പെടുന്ന Ability Enhancement Courses (AEC) മുഴുവൻ~~തന്നെ~~ കൈകാര്യം ചെയ്യേണ്ടത് ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷാ അധ്യാപകരാണ്. പ്രായോഗിക പഠനത്തിനുള്ള വർദ്ധിച്ച പ്രാധാന്യവും പുതിയ പാഠ്യപദ്ധതിയുടെ പ്രത്യേകതയായിരിക്കും. ഇതിലൂടെ ഭാഷാപഠനം കൂടുതൽ കാര്യക്ഷമമാക്കാനാകുമെന്ന് കരുതുന്നു.

**പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് പഠനശേഷം അപ്രന്റീസ്ഷിപ്പ്**

**116 (1740)** **ശ്രീ. ഐ. ബി. സതീഷ്:**

**ശ്രീ. എം. മുകേഷ്:**

**ശ്രീ. കെ. പ്രേംകുമാർ:**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാർഥികൾക്ക് പഠനശേഷം അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസായ മേഖലകളിലാണ് അപ്രന്റീസ് ട്രെയിനികളെ തെരഞ്ഞെടുക്കുന്നത്; പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന അപ്രന്റീസുകൾക്ക് തൊഴിൽ പരിചയ സാക്ഷ്യപത്രമായി ഉപയോഗിക്കാൻ കഴിയുംവിധം കേന്ദ്രസർക്കാർ അംഗീകാരമുള്ള സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാർഥികൾക്ക് അപ്രന്റീസ്ഷിപ്പ് അവസരം ലഭിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കളമശ്ശേരിയിലെ സൂപ്പർവൈസറി ഡെവലപ്പ്മെന്റ് സെന്ററിൽ പഠനശേഷം 5 വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ സർക്കാർ പൊതുമേഖലാ സ്വകാര്യ സ്ഥാപനങ്ങളിൽ ഭൂരിഭാഗവും എസ്.ഡി. സെന്റർ വഴിയാണ് അപ്രന്റീസുകളെ നിയമിക്കുന്നത്. കമ്പനികൾ അപ്രന്റീസുകളെ നിയമിക്കുമ്പോൾ MHRD-യുടെ National Apprenticeship Training Scheme (NATS) പോർട്ടൽ മുഖേനയാണ് അപ്രന്റീസ് കോഴ്സുകൾ അനുവദിച്ച്

നൽകുന്നത്. ഉദ്യോഗാർത്ഥികൾ അപ്രന്റീസ്ഷിപ്പ് ഒരു വർഷം വിജയകരമായി പൂർത്തീകരിച്ചാൽ MHRD നൽകുന്ന Certificate of Proficiency (COP) ഒരു വർഷത്തെ തൊഴിൽ പരിചയമായി അംഗീകരിച്ചിട്ടുണ്ട്.

(ബി) വിദ്യാർഥികൾക്ക് സാങ്കേതിക പരിജ്ഞാനവും തൊഴിൽ നൈപുണ്യവും സ്വായത്തമാക്കുന്നതിനും മികച്ച സംരംഭകരാകുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണ്; വിശദാംശം നൽകുമോ?

വിദ്യാർഥികൾക്ക് പഠനശേഷം വ്യവസായ മേഖലകളിൽ അപ്രന്റീസ്ഷിപ്പ് ചെയ്യുന്നതിലൂടെ സാങ്കേതിക പരിജ്ഞാനവും തൊഴിൽ നൈപുണ്യവും സ്വായത്തമാക്കാൻ കഴിയുന്നു. എന്നാൽ സംരംഭകരാകുന്നതിനുള്ള പരിശീലനം അപ്രന്റീസ്ഷിപ്പിലൂടെ ലഭിക്കുന്നില്ല.

**മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

**117 (1741)** <u>ശ്രീ. മഞ്ഞളാംകുഴി അലി</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്, ഏതെല്ലാം പ്രവർത്തനങ്ങളാണ് അവശേഷിക്കുന്നത്, ഓരോ പ്രവൃത്തിക്കും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

മങ്കട സർക്കാർ ആർട്സ് & സയൻസ് കോളേജിൽ നിലവിൽ നടന്നുവരുന്നതും ആരംഭിക്കാത്തതുമായ നിർമ്മാണ പ്രവർത്തനങ്ങൾ താഴെ കൊടുക്കുന്നു.

സൈക്കോളജി & കമ്പ്യൂട്ടർ ലാബ് നിർമ്മാണം - ഈ നിർമ്മാണ പ്രവർത്തനത്തിനായി 15,72,000/- (പതിനഞ്ച് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) രൂപ കോളേജിന് അനുവദിച്ചിട്ടുണ്ട്. ടി നിർമ്മാണ പ്രവർത്തനം അതിന്റെ അന്തിമഘട്ടത്തിലാണ്.

റീറ്റെയ്നിംഗ് വാളിന്റെയും കോമ്പൗണ്ട് വാളിന്റെയും നിർമ്മാണം - ഈ നിർമ്മാണ പ്രവർത്തനത്തിനായി 99,35,541/- (തൊണ്ണൂറ്റി ഒൻപതു ലക്ഷത്തി മുപ്പത്തി അയ്യായിരത്തി അഞ്ഞൂറ്റി നാല്പത്തൊന്നു രൂപ മാത്രം) രൂപ അനുവദിച്ചിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിനായി

കിറ്റ്കോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ടി നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ കിറ്റ്കോ നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത കോളേജിൽ കിഫ്ബിവഴി നടപ്പാക്കുന്ന പ്രവൃത്തികൾക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കിയ സാഹചര്യത്തിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബിവഴി ഈ കോളേജിന് പുതിയ അക്കാദമിക് ബ്ലോക്ക് (G+2) നിർമ്മാണത്തിനാണ് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) മങ്കട ഗവ. ആർട്സ് & സയൻസ് കോളേജിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾകൂടി ഒരുക്കേണ്ടതുണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്, ഇതിനായി ഏതെങ്കിലും തരത്തിലുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോ, വ്യക്തമാക്കുമോ?

മങ്കട കോളേജിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ താഴെ നൽകുന്നു.

- നിർദ്ദിഷ്ട അക്കാദമിക് ബ്ലോക്കിലേക്കുള്ള ആഭ്യന്തര റോഡ് സൗകര്യം.

- സെമിനാർ ഹാൾ
- ഓഡിറ്റോറിയം
- ലൈബ്രറി ബ്ലോക്ക്
- ലേഡീസ് ഹോസ്റ്റൽ
- മെൻസ് ഹോസ്റ്റൽ
- ക്യാന്റീൻ
- കോളേജ് ചുറ്റുമതിൽ രണ്ടാംഘട്ട നിർമ്മാണം

മേൽ പരാമർശിച്ചിരിക്കുന്ന വർക്കുകൾക്കായി പ്രത്യേകം ഫണ്ട് ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടില്ല.

**കേന്ദ്ര വിഹിത കുടിശ്ശിക**

**118 (1742)** ഡോ. മാത്യു കുഴൽനാടൻ**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി ലഭിക്കാനുള്ളതിൽ എത്ര തുക കുടിശ്ശികയാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികൾ ഓരോന്നിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം അറിയിക്കുമോ;

(ബി) ഇതിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റു റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം പണം അനുവദിച്ചുനൽകാത്ത എത്ര പദ്ധതികളുണ്ട്, പദ്ധതികൾ ഏതൊക്കെയാണ്, ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയാണ് എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ?

അനുബന്ധമായി+ ചേർക്കുന്നു.

**പദ്ധതി ഇനത്തിൽ നീക്കിവച്ച തുക**

**119 (1743)** <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>**:** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണ്; നാളിതുവരെ എത്ര തുക അനുവദിച്ചുനൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന തുകയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**സമുദ്രാവാസവ്യവസ്ഥയെയും ജീവിതത്തെയും സംരക്ഷിക്കുന്നത് സംബന്ധിച്ച യൂറോപ്യൻ യൂണിയൻ പ്രോജക്റ്റ്**

**120 (1744)** **<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:**

**<u>ശ്രീ. എച്ച്. സലാം</u>:**

**<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:**

**<u>ശ്രീ. വി. കെ. പ്രശാന്ത്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സമുദ്രാവാസവ്യവസ്ഥയെയും ജീവിതത്തെയും സംരക്ഷിക്കുന്നതിനായി സംവിധാനം നിർമ്മിക്കുക എന്ന യൂറോപ്യൻ യൂണിയൻ പ്രോജക്റ്റിൽ കേരളത്തിലെ സർവകലാശാലകൾക്ക് പങ്കാളിത്തം ലഭിച്ചിട്ടുണ്ടോ; ഏതൊക്കെ രാജ്യങ്ങളിൽനിന്നുള്ള സ്ഥാപനങ്ങളാണ് ഇതിന്റെ ഭാഗമാകുന്നത്; അധ്യാപകർക്കും സമുദ്രശാസ്ത്രമേഖലയിലെ ഗവേഷകർക്കും പരിശീലനവും നൈപുണ്യശേഷി വികസനവും ഉറപ്പുവരുത്തുന്നതിനായി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

യൂറോപ്യൻ യൂണിയൻ ധനസഹായം നൽകുന്ന ഇക്കോമറൈൻ (കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്ലാസ്റ്റിക് അവശിഷ്ടങ്ങളുടെ നിർമ്മാർജ്ജനത്തിന്റെയും കാലാവസ്ഥാ മാറ്റത്തിന്റെയും പ്രത്യാഘാതങ്ങളിൽനിന്ന് സമുദ്ര ആവാസ വ്യവസ്ഥയെയും ജീവിതത്തെയും സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ ഒരു സംവിധാനം നിർമ്മിക്കുക) എന്ന പ്രോജക്റ്റിൽ കേരള സർവകലാശാലയെ തെരഞ്ഞെടുത്തിട്ടുണ്ട്. യൂറോപ്പിൽനിന്ന് സൈപ്രസ് സർവകലാശാല, സൈപ്രസ് (കോർഡിനേറ്റർ);

ഒവീഡോ യൂണിവേഴ്സിറ്റി, സ്പെയിൻ; ആർക്കിപെലാഗോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ കൺസർവേഷൻ, ഗ്രീസ്; സിംപ്ലെക്സിസ്, ഗ്രീസ്; BK കൺസൾട്ട്, ജർമ്മനി എന്നീ സ്ഥാപനങ്ങളും ഏഷ്യയിൽനിന്ന് കേരള യൂണിവേഴ്സിറ്റി, ഇന്ത്യ; ആന്ധ്രാ യൂണിവേഴ്സിറ്റി, ഇന്ത്യ; യൂണിവേഴ്സിറ്റി മലേഷ്യ തെരെംഗാനു, മലേഷ്യ; യൂണിവേഴ്സിറ്റി കെബാങ്സാൻ മലേഷ്യ എന്നീ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകുന്നുണ്ട്. പ്രോജക്റ്റുമായി ബന്ധപ്പെട്ട അധ്യാപകർ (ഡോ. ബിജു കുമാർ, ഡോ. കുര്യൻ മാത്യു എബ്രഹാം), പ്രോജക്റ്റ് സയന്റിസ്റ്റ് (ഡോ. സുവർണ ദേവി) എന്നിവർ സ്പെയിനിലെ ഓവിഡിയോ സർവകലാശാല, ഗ്രീസിലെ ആർച്ചിപ്പിലാഗോസ് മറൈൻ റിസർച്ച് സെന്റർ എന്നിവ സന്ദർശിക്കുകയും പ്രത്യേക പരിശീലനം നേടുകയും ചെയ്തു.

(ബി) പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

പദ്ധതി നടപ്പിലാക്കുന്നതിനായി ഇക്കോ മറൈൻ പദ്ധതിയുടെ ഏകോപന സ്ഥാപനമായ സൈപ്രസ് സർവകലാശാലയുമായി കേരള സർവകലാശാല ധാരണാപത്രം ഒപ്പുവച്ചു. പദ്ധതിയുടെ ഭാഗമായി ഒരു

'മറൈൻ മോണിറ്ററിംഗ് ലാബ്'അക്വാട്ടിക് ബയോളജി ആൻഡ് ഫിഷറീസ് വിഭാഗത്തിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ എല്ലാ തീരദേശ ജില്ലകളിലും സമുദ്ര മാലിന്യങ്ങളുടെ കണക്കെടുപ്പ് പൂർത്തിയായിട്ടുണ്ട്. 50 മീറ്റർ വരെ താഴ്ചയിൽ കടലിനടിയിലെ ജൈവ വൈവിധ്യ പഠനം ആരംഭിച്ചിട്ടുണ്ട്. നോർവ്വെയിൽനിന്ന് ശാസ്ത്രജ്ഞർ സർവകലാശാല സന്ദർശിക്കുകയും പരിശീലന പരിപാടികൾ നടത്തുകയും ചെയ്തു.

(സി) പദ്ധതി നടപ്പാക്കുന്നതിലൂടെ സമുദ്രശാസ്ത്രമേഖലയിലും മറ്റും എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നു; വിശദാംശം നൽകാമോ?

ആറ് രാജ്യങ്ങളിൽ നിന്നുള്ള ഒമ്പത് സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രസ്തുത നെറ്റ്‌വർക്ക് പ്രോജക്റ്റ് ഇന്ത്യയിലെയും മലേഷ്യയിലെയും ഏഷ്യൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (HEIs) മറൈൻ മോണിറ്ററിംഗ് ലാബുകളുടെ മാനേജ്മെന്റും പ്രവർത്തനവും മെച്ചപ്പെടുത്താനാണ് ലക്ഷ്യമിടുന്നത്. മറൈൻ മോണിറ്ററിംഗ് ലാബുകളുടെ തുടർപ്രവർത്തനങ്ങൾവഴി കേരള തീരത്തെ മലിനീകരണം, ജൈവസമ്പത്ത്, കാലാവസ്ഥാമാറ്റം പ്രതിരോധിക്കാനുള്ള സങ്കേതങ്ങൾ എന്നിവയിൽ കൂടുതൽ ഗവേഷണം നടത്താനും പരിശീലന

പരിപാടികൾ സംഘടിപ്പിക്കാനും പ്രസ്തുത മേഖലയിൽ നയരൂപീകരണത്തിനും സംരക്ഷണത്തിനും സമുദ്രവിഭവങ്ങൾ സുസ്ഥിരമായി ഉപയോഗിക്കുന്നതിനും ആവശ്യമായ വിജ്ഞാനവും മാനവ വിഭവശേഷിയും ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**പാലത്തിങ്ങൽ കീരനല്ലൂർ സയൻസ് പാർക്ക്**

**121 (1745)** ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ നിർദിഷ്ട പാലത്തിങ്ങൽ കീരനല്ലൂർ സയൻസ് പാർക്ക് ആൻഡ് പ്ലാനറ്റേറിയം പദ്ധതിയുടെ നിലവിലെ സാഹചര്യം വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി മണ്ഡലത്തിലെ കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയത്തിന്റെ മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി 2019-ൽ M/s. KEL-നെ ഏൽപ്പിക്കുകയും 2021 മാർച്ചിൽ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത കെട്ടിടം നിലനിൽക്കുന്ന 3 ഏക്കർ വസ്തുവിന്റെ ചുറ്റുമതിൽ, ഗേറ്റ്,

ഫെൻസിംഗ് എന്നിവ നിർമ്മിക്കുവാനായി 03-12-2015-ൽ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് വർക്ക് ഓർഡർ നൽകുകയും മുൻകൂറായി 34,08,912/- രൂപ 5 തവണകളായി അനുവദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

17-3-2022-ന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശ പ്രകാരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് നടത്തിയ ചുറ്റുമതിൽ നിർമ്മാണത്തിന്റെ അളവുകളെടുത്ത് വിലയിരുത്തുന്നതിനായി സർക്കാർ നിയന്ത്രിത നിർമ്മാണ ഏജൻസിയായ M/s. KEL-നെ ചുമതലപ്പെടുത്താൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കാൻ കഴിയില്ലെന്ന് M/s. KEL അറിയിച്ചു. തുടർന്ന്, 2023 ഒക്ടോബർ 25-ന് ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ചുറ്റുമതിൽ നിർമ്മാണത്തിന്റെ അളവുകൾ അടങ്ങിയ പൂർണ്ണമായ മെഷർമെന്റ് ബുക്ക് തയ്യാറാക്കി എൽ.എസ്.ജി.ഡി. എഞ്ചിനീയർ സർട്ടിഫൈ ചെയ്ത് നൽകേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്

പ്രസ്തുത മെഷർമെന്റ് ബുക്കുകൾ ലഭ്യമാക്കുകയും ചെയ്തു. എങ്കിലും പ്രസ്തുത മെഷർമെന്റ് ബുക്കുകൾ എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിനുള്ള വിസമ്മതം പരപ്പനങ്ങാടി നഗരസഭാ കാര്യാലയം അറിയിച്ചു. തുടർന്ന് ഈ വിഷയത്തിൽ സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച് ചീഫ് ടെക്നിക്കൽ എക്സാമിനറുടെ അഭിപ്രായം തേടിയിരിക്കുകയാണ്. അതോടൊപ്പം പ്രസ്തുത കെട്ടിടത്തിന് ആവശ്യമായ വാട്ടർ/വൈദ്യുതി കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ പദ്ധതിയുടെ തുടർ പ്രവൃത്തിക്കാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ പദ്ധതിയുടെ തുടർ പ്രവൃത്തികൾക്കായി ഈ സാമ്പത്തികവർഷം (2023-24) 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ 2024-ലെ ബജറ്റിലേക്ക് ബന്ധപ്പെട്ട വകുപ്പ് നൽകിയ പ്രൊപ്പോസലിൽ പ്രസ്തുത പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ പദ്ധതിയുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കേരള സയൻസ് ആൻഡ് ടെക്നോളജി മ്യൂസിയം സംസ്ഥാന സർക്കാരിന്റെ 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിലേയ്ക്കായി 300 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**കോഴിക്കോട് എഞ്ചിനീയറിംഗ് കോളേജ് നവീകരണം**

**122 (1746)** <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ നവീകരണത്തിനും വൈവിദ്ധ്യവൽക്കരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന്റെ നവീകരണത്തിനായി 29-12-2023-ലെ സ.ഉ.(സാധാ) നം.1914/2023/ഉ.വി.വ. ഉത്തരവുപ്രകാരം KSITIL-നെ SPV-യായി നിയമിച്ചു. KIIFB ഫണ്ടുവഴി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത

അനുമതിയിൽ ഉൾപ്പെട്ടിരിക്കുന്ന പ്രവൃത്തികൾ അനുബന്ധമായി+ ചേർക്കുന്നു.

കൂടാതെ, കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ CCF & സെൻട്രൽ ലൈബ്രറി നിർമ്മാണവുമായി ബന്ധപ്പെട്ട് 1,00,00,000/- രൂപയുടെ ഭരണാനുമതി 28-12-2020-ലെ സ.ഉ. (സാധാ) നം.1629/2020/ഉ.വി.വ പ്രകാരം നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ നടന്നുവരുന്നുണ്ട്.

**ഗവൺമെന്റ് കോളേജുകളിലെ അധിക അധ്യാപക തസ്തികളുടെ പുനർവിന്യാസം**

**123 (1747)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് കോളേജുകളിൽ ഇപ്പോൾ നിലനിൽക്കുന്ന അധിക അധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നതിനെടുത്ത നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അധിക തസ്തികകൾ നിലനിൽക്കുന്നതുമൂലം വിവിധ വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസ്സർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി 2020-നുശേഷം ഒഴിവുവന്ന തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയതീരുമാനം ആവശ്യമാണെന്നിരിക്കെ പ്രസ്തുത നയതീരുമാനമെടുക്കാനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിൽ ആദ്യ റാങ്കുകാർക്കുപോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉന്നത ബിരുദധാരികളായ ഈ യുവാക്കളുടെ ജീവൽപ്രശ്നം പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളുമോ?

(എ-സി) അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക്ലോഡ് കണക്കാക്കുന്നതിൽ പി.ജി. കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01-06-2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന അവസാന തസ്തിക/സിംഗിൾ ഫാക്കൽറ്റി എന്നിവയിലും 16 മണിക്കൂർ

വർക്ക്ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക്ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും യു.ജി.സി., എം.ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350-ൽപ്പരം അധിക അധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്ന നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ വേണ്ടിവരുന്ന അധിക അധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഇ) നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കാൻ ആകെ വേണ്ടിവരുന്ന അധ്യാപകരുടെ എണ്ണം ഉന്നത വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; നാലു വർഷ ഡിഗ്രി കോഴ്സ് വരുന്നതോടെ, ഇപ്പോഴുള്ള

അധിക അധ്യാപക തസ്തികകളെ പുനർവിന്യസിക്കാനുള്ള നടപടികൾ ഉന്നത വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുമോയെന്ന് അറിയിക്കാമോ?

(ഡി&ഇ) നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കാതെതന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്. സർവകലാശാലകൾ സിലബസുകൾ തയ്യാറാക്കിക്കഴിയുമ്പോൾ ജോലിഭാരം സംബന്ധിച്ച് വ്യക്തത വരുന്നതാണ്.

(എഫ്) നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ വിവിധ വിഷയങ്ങളിലെ ഇല്ലാതാകുന്ന അധിക അധ്യാപക തസ്തികകളുടെ എണ്ണം ഉന്നത വിദ്യാഭാസ വകുപ്പിന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അധ്യാപക തസ്തികകളൊന്നും ഇല്ലാതാകുന്നില്ല. നിലവിലുള്ള അധ്യാപകരുടെ മുഴുവൻ ജോലി ഭാരവും സംരക്ഷിച്ചുകൊണ്ടുള്ള നാലു വർഷ കരിക്കുലമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

(ജി) അധിക അധ്യാപക തസ്തികകളുടെ കാരണത്താൽ റിട്ടയർമെന്റ് അടക്കമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യരുതെന്ന നിർദ്ദേശം ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഇല്ല. പി.ജി. കോഴ്സുകൾക്ക് നൽകിവന്നിരുന്ന അധിക വെയിറ്റേജ് 01-06-2020 പ്രാബല്യത്തിൽ ഒഴിവാക്കിയതിനെത്തുടർന്ന് മതിയായ വർക്ക്ലോഡ് ഇല്ലാത്ത അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ വിവിധ വിഷയങ്ങളിൽ 01-06-2020-നുശേഷം ഉണ്ടായ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പത്തിരിപ്പാല കോളേജിലെ അധ്യാപക തസ്തികകൾ**

**124 (1748)** <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ പത്തിരിപ്പാല ആർട്സ് & സയൻസ് കോളേജിൽ അംഗീകരിച്ച അധ്യാപക തസ്തികകൾ എത്രയാണെന്നും ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ പത്തിരിപ്പാല ആർട്സ് & സയൻസ് കോളേജിൽ അംഗീകരിച്ച അധ്യാപക തസ്തികകൾ ചുവടെ ചേർക്കുന്നു.

- മലയാളം - 3
- കൊമേഴ്സ് - 3
- ഇംഗ്ലീഷ് - 4

ഇതിൽ മലയാളം വിഭാഗത്തിൽ 2 ഒഴിവുകൾ നിലനിൽക്കുന്നു.

(ബി) പ്രസ്തുത കോളേജിലെ ഇംഗ്ലീഷ് വിഭാഗം അധ്യാപകർ ജോലിക്ക് ഹാജരാകാത്തതിനാൽ അധ്യയനം മുടങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതലാണ് ഇവർ ജോലിക്ക് ഹാജരാകാത്തത് എന്നതിന്റെ

വിശദാംശം നൽകാമോ; പകരം സംവിധാനം ഏർപ്പെടുത്തി അധ്യയനം സുഗമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 04-09-2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന പത്തിരിപ്പാല ഗവൺമെന്റ് കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിലെ അധ്യാപകനെതിരെ ചട്ടപ്രകാരം കഠിന ശിക്ഷയ്ക്കുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള മൂന്ന് സ്ഥിര അധ്യാപകരുടെയും ഒരു ഗസ്റ്റ് അധ്യാപകന്റെയും സേവനം ഉപയോഗപ്പെടുത്തി അധ്യയനം സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സർവകലാശാലകളിൽ വിവിധ പ്രോജക്ടുകളിൽ സ്ഥിരപ്പെട്ട അധ്യാപകർ**

**125 (1749)** <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ വിവിധ പ്രോജക്ടുകളിൽ നിയമിതരാകുകയും പിന്നീട് അധ്യാപക തസ്തികകളിൽ സ്ഥിരപ്പെട്ടവരുമായ അധ്യാപകരുടെ ലിസ്റ്റ് സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ?

മഹാത്മാഗാന്ധി സർവകലാശാലയിൽ ഗ്രാമസ്വരാജ് എക്സ്റ്റെൻഷൻ പ്രോജക്ടിന്റെ ഭാഗമായി ഡോ. റോയി സി. മാത്യുവിനെ പ്രോജക്റ്റ് ഓഫീസർ താത്കാലികമായി നിയമിക്കുകയും പിന്നീട് ടി തസ്തിക സ്ഥിര തസ്തികയായി ക്രമീകരിക്കുകയും ചെയ്തു. തുടർന്ന് പ്രോജക്റ്റ് ഓഫീസർ എന്ന തസ്തിക ലക്ചറർ (School of Gandhian Thought and Development Studies) തസ്തികയിലേക്ക് റീഡെസിഗ്നേറ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത നിയമനങ്ങൾക്ക് സംവരണം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ അധ്യാപകരും നിയമിക്കപ്പെട്ട റിസർവേഷൻ ടേണിന്റെ വിശദാംശം തസ്തിക തിരിച്ച് ലഭ്യമാക്കാമോ?

മഹാത്മാഗാന്ധി സർവകലാശാലയിൽ ഗ്രാമസ്വരാജ് എക്സ്റ്റെൻഷൻ പ്രോജക്ടിന്റെ ഭാഗമായി ഡോ. റോയി സി. മാത്യുവിനെ സ്ഥിര തസ്തികയിൽ ക്രമീകരിച്ചിരുന്നു.

തുടർന്ന് പ്രോജക്റ്റ് ഓഫീസർ തസ്തിക ലക്ചറർ തസ്തികയിലേക്ക് റീഡെസിഗ്നേറ്റ് ചെയ്തപ്പോൾ അധ്യാപക നിയമനത്തിന്റെ സംവരണം

പാലിച്ചുകൊണ്ട് തയ്യാറാകുന്ന റോസ്റ്റർ രജിസ്റ്ററിൽ ഉൾപ്പെട്ടിരുന്നില്ല. ടിയാൻ 31-03-2017-ൽ അസിസ്റ്റന്റ് പ്രൊഫസർ സ്റ്റേജ് 3 തസ്തികയിൽ വിരമിച്ചു.

**കരാർ നിയമനങ്ങൾ**

**126 (1750)** ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ വിവിധ സർവകലാശാലകളിലും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന മറ്റ് സ്ഥാപനങ്ങളിലും എത്ര കരാർ നിയമനങ്ങൾ നടന്നിട്ടുണ്ട്; ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്; എത്ര നിയമനങ്ങൾ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുണ്ട്; അറിയിക്കാമോ;

(ബി) ഇതിൽ എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ നടത്തിയിട്ടുണ്ട്; ഇത്തരം നിയമനങ്ങൾക്ക് അവലംബിച്ച മാർഗ്ഗമേതാണ്; വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കുമോ; എംപ്ലോയ്മെന്റ് മുഖേനയല്ലാതെ നിയമനം നടത്തിയപ്പോൾ റിസർവേഷൻ

തത്വങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ കോളേജുകളിലെ എക്സസ് അധ്യാപക തസ്തികകൾ**

**127 (1751)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ നിലവിലുള്ള അധിക അധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നതിനെടുത്ത നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ വിഷയങ്ങളിലെ പി.എസ്.സി.-യുടെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വിവരാവകാശ നിയമപ്രകാരം ലഭിച്ച മറുപടിയിൽ അധിക തസ്തികകൾ നിലനിൽക്കുന്നതുമൂലം 2020-നുശേഷം ഒഴിവുവന്ന തസ്തികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയപരമായ തീരുമാനം ആവശ്യമാണെന്ന് അറിയിച്ചിരുന്നതിനാൽ പ്രസ്തുത നയപരമായ

തീരുമാനമെടുക്കുവാനായി സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ലിസ്റ്റിൽ ആദ്യ റാങ്കുകാർക്കുപോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ശ്രമിക്കുമോ?

(എ-സി) യു.ജി.സി. സ്കീമിന് യോജിച്ച രീതിയിൽ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക്ലോഡ് കണക്കാക്കുന്നതിൽ പി.ജി. കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01-06-2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/സെക്കന്റ് ലാംഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക്ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക്ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും എം.ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350-ൽപ്പരം അധിക അധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത

തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) അടുത്ത അക്കാദമിക് വർഷം മുതൽ ആരംഭിക്കുന്ന നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ വേണ്ടിവരുന്ന അധിക അധ്യാപകരുടെ നിയമനം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കാൻ ആകെ വേണ്ടിവരുന്ന അധ്യാപകരുടെ എണ്ണം വിദ്യാഭ്യാസ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഇ) നാല് വർഷ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ അധിക തസ്തികൾ ഇല്ലാതാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നതിനാൽ പി.എസ്.സി.-യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ പരിശ്രമിക്കുമോയെന്നും നാല് വർഷ ഡിഗ്രി കോഴ്സ് വരുന്നതോടെ ഇപ്പോഴുള്ള അധിക അധ്യാപക തസ്തികകളെ പുനർവിന്യസിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോയെന്നും വ്യക്തമാക്കാമോ?

(ഡി&ഇ) നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കാതെതന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്.

(എഫ്) നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ ഇല്ലാതാവുന്ന വിവിധ വിഷയങ്ങളിലെ എക്സസ് അധ്യാപകരുടെ എണ്ണം ലഭ്യമായിട്ടുണ്ടോ; അധിക അധ്യാപകരുടെ കാരണം പറഞ്ഞ് റിട്ടയർമെന്റ് അടക്കമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യരുതെന്ന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസംകൂടാതെ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അധ്യാപക തസ്തികകളൊന്നും ഇല്ലാതാകുന്നില്ല. നിലവിലുള്ള അധ്യാപകരുടെ മുഴുവൻ ജോലി ഭാരവും സംരക്ഷിച്ചുകൊണ്ടുള്ള നാലുവർഷ കരിക്കുലമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

(ജി) പൊതുഭരണ വകുപ്പിന്റെ 21-10-2021-ലെ 155/2021 നമ്പർ ഉത്തരവുപ്രകാരം എല്ലാ വകുപ്പുകളിലും ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം സ്ഥലംമാറ്റം നടത്തണമെന്ന് എല്ലാ വകുപ്പുകൾക്കും ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുഭരണ വകുപ്പിന്റെ 21-10-2021-ലെ സ.ഉ.(സാധാ)നം. 155/2021/ഉഭപവ നമ്പർ ഉത്തരവ് എല്ലാ വകുപ്പ് മേധാവികൾക്കും നൽകിയിട്ടുണ്ട്.

**സർക്കാർ കോളേജിലെ അധ്യാപക നിയമനം**

**128 (1752)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ നിലവിലുള്ള അധിക അധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നതിനെടുത്ത നടപടികൾ എന്തൊക്കെയാണ്;

(ബി) വിവിധ വിഷയങ്ങളിലെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കോളേജ് വിദ്യാഭ്യാസ

വകുപ്പിൽനിന്നും വിവരാവകാശ നിയമപ്രകാരം കിട്ടിയ മറുപടിയിൽ അധിക തസ്തികകൾ നിലനിൽക്കുന്നതുമൂലം 2020-നുശേഷം ഒഴിവുവന്ന തസ്തികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെങ്കിൽ സർക്കാരിന്റെ നയതീരുമാനം ആവശ്യമാണെന്ന മറുപടി ലഭ്യമായ സാഹചര്യത്തിൽ പ്രസ്തുത നയതീരുമാനമെടുക്കുവാനായി സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് ലിസ്റ്റിൽ ആദ്യ റാങ്കുകാർക്ക് പോലും ജോലി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉന്നത ബിരുദധാരികളായ ഈ യുവാക്കളുടെ പ്രശ്നം പരിഹരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ ശ്രമിക്കുമോ?

(എ-സി) യു.ജി.സി. സ്കീമിന് യോജിച്ച രീതിയിൽ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക്ലോഡ് കണക്കാക്കുന്നതിൽ പി.ജി. കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01-06-2020 മുതൽ പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/സെക്കന്റ് ലാംഗ്വേജ്

വിഷയങ്ങളിലും 16 മണിക്കൂർ വർക്ക്ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക്ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും എം.ഫിൽ കോഴ്സുകൾ നിർത്തലാക്കിയതിന്റെ ഭാഗമായും 350-ൽപ്പരം അധിക അധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

(ഡി) അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്ന നാലുവർഷ ഡിഗ്രി കോഴ്സിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ആവശ്യമായി വരുന്ന അധിക അധ്യാപകരുടെ നിയമനം സംബന്ധിച്ച് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അധ്യാപകരുടെ എണ്ണം

പര്യാപ്തമാണ്. അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കാതെതന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്.

**സർക്കാർ കോളേജുകളിലെ അധ്യാപക നിയമനങ്ങൾ**

**129 (1753)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാലുവർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കാൻ ആകെ വേണ്ടിവരുന്ന അധ്യാപകരുടെ എണ്ണം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. സിലബസുകൾ തയ്യാറാക്കിക്കഴിയുമ്പോൾ നാലാം വർഷത്തേയ്ക്ക് അധിക തസ്തികകൾ വേണ്ടിവരുമോ എന്നതുസംബന്ധിച്ച് വ്യക്തത വരുന്നതാണ്.

(ബി) നാലുവർഷ ഡിഗ്രി കോഴ്സുകൾ തുടങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ അധിക തസ്തികകൾ ഇല്ലാതെയാകുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടാൽ

പി.എസ്.സി.-യിലേക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(സി) നാലുവർഷ ഡിഗ്രി കോഴ്സ് വരുന്നതോടെ ഇപ്പോഴുള്ള അധിക അധ്യാപക തസ്തികകളെ പുനർവിന്യസിക്കാനുള്ള നടപടികൾ വകുപ്പ് കൈക്കൊള്ളുമോ; വ്യക്തമാക്കുമോ?

(ബി&സി) അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കാതെതന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്.

(ഡി) നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ ഇല്ലാതെയാകുന്ന വിവിധ വിഷയങ്ങളിലെ അധിക അധ്യാപകരുടെ എണ്ണം ലഭ്യമായിട്ടുണ്ടോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അധ്യാപക തസ്തികകളൊന്നും ഇല്ലാതാകുന്നില്ല. നിലവിലുള്ള അധ്യാപകരുടെ മുഴുവൻ ജോലിഭാരവും സംരക്ഷിച്ചുകൊണ്ടുള്ള നാലുവർഷ കരിക്കുലമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

(ഇ) അധിക അധ്യാപകർ എന്നുള്ള കാരണം കാണിച്ച് റിട്ടയർമെന്റ് അടക്കമുള്ള ഒഴിവുകൾ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ റിപ്പോർട്ട്

ചെയ്യരുതെന്നുള്ള നിർദ്ദേശം വകുപ്പ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഇല്ല. പി.ജി കോഴ്സുകൾക്ക് നൽകിവന്നിരുന്ന അധിക വെയിറ്റേജ് 01-06-2020 പ്രാബല്യത്തിൽ ഒഴിവാക്കിയതിനെത്തുടർന്ന് മതിയായ വർക്ക്‌ലോഡില്ലാത്ത അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ വിവിധ വിഷയങ്ങളിൽ 01-06-2020-ന് ശേഷമുണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ജനപ്രതിനിധികളായി പ്രവർത്തിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമാക്കൽ**

**130 (1754)** ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജ് ജീവനക്കാരോ അധ്യാപകരോ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ടാൽ അവർ ജനപ്രതിനിധികളായി പ്രവർത്തിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമായി കണക്കാക്കാൻ വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

എയ്ഡഡ് കോളേജുകളിലെ അധ്യാപക/അനധ്യാപക ജീവനക്കാർ തദ്ദേശസ്ഥാപനത്തിലേയ്ക്കോ നിയമസഭയിലേയ്ക്കോ പാർലമെന്റിലേയ്ക്കോ ജനപ്രതിനിധിയായി പ്രവർത്തിക്കുന്നതിനുള്ള അനുമതി സർവകലാശാലകളുടെ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി കാലയളവ് ശൂന്യവേതന അവധിക്ക് സമാനമായി കണക്കാക്കാമെന്നും ടി കാലാവധി പെൻഷൻ, ഇൻക്രിമെന്റ്, സീനിയോറിറ്റി എന്നിവയ്ക്ക് പരിഗണിക്കാമെന്നും കേരള/കാലിക്കറ്റ്/കണ്ണൂർ സർവകലാശാല ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമായി കണക്കാക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി) കോവിഡ് നിയന്ത്രണങ്ങളുടെ കാലഘട്ടത്തിൽ ജീവനക്കാർക്ക് വർക്ക് അറ്റ് ഹോം സൗകര്യങ്ങൾ നൽകിയിരുന്ന സാഹചര്യത്തിലും

ജനങ്ങൾക്കിടയിൽ സേവന വ്യാപൃതരായിരുന്ന എയ്ഡഡ് കോളേജ് അധ്യാപകരോ ജീവനക്കാരോ ആയിരുന്ന ജനപ്രതിനിധികൾക്ക് അവർ ജനപ്രതിനിധികളായി സേവനമനുഷ്ഠിച്ച കാലയളവ് ഔദ്യോഗിക സർവീസിന്റെ ഭാഗമാക്കി കണക്കാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) എയ്ഡഡ് കോളേജ് ജീവനക്കാരും എയ്ഡഡ് സ്കൂൾ ജീവനക്കാരും കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിന്റെ പരിധിയിൽ തുല്യമായ പരിഗണനയിൽ ഉൾപ്പെടുന്ന ജീവനക്കാരാണോ; ആണെങ്കിൽ ജനപ്രതിനിധികളായ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന സർവീസ് ആനുകൂല്യങ്ങൾ എയ്ഡഡ് കോളേജ് ജീവനക്കാർക്കും അധ്യാപകർക്കും നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

അല്ല. എയ്ഡഡ് കോളേജുകളിലെ ജീവനക്കാർക്ക് ബന്ധപ്പെട്ട സർവകലാശാല സ്റ്റാറ്റ്യൂട്ടുകളിലെ വ്യവസ്ഥകളും എയ്ഡഡ് സ്കൂളിലെ

ജീവനക്കാർക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ (KER) വ്യവസ്ഥകളുമാണ് ബാധകമായുള്ളത്.

(ഡി) ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെടുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന സർവീസ് പ്രൊട്ടക്ഷൻ എയ്ഡഡ് കോളേജ് ജീവനക്കാർക്കും അധ്യാപകർക്കുംകൂടി നൽകി ഈ കാര്യത്തിൽ തുല്യനീതി ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**സർക്കാർ കോളേജുകളിലെ പ്രധാനാധ്യാപക-അധ്യാപക തസ്തികകളിലെ നിയമനം**

**131 (1755)** <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പ്രധാനാധ്യാപകരുടെയും അധ്യാപകരുടെയും തസ്തികകളിൽ ഒഴിവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 57 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, 7 സർക്കാർ ആർട്സ് & സയൻസ് (സ്പെഷ്യൽ ഗ്രേഡ്) കോളേജുകൾ, 4 ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ, 2 സംസ്കൃത കോളേജുകൾ, ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് എന്നിവയാണുള്ളത്. നിലവിൽ പ്രിൻസിപ്പാൾ തസ്തികയിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലനിൽക്കുന്നു.

- സർക്കാർ ആർട്സ് & സയൻസ് കോളേജ് - 22
- സർക്കാർ ആർട്സ് & സയൻസ് കോളേജ് (സ്പെഷ്യൽ ഗ്രേഡ്) - 3
- സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജ് - 3
- സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് - 1

ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23-08-2023-ലെ സ.ഉ. (സാധാ) നം. 1320/2023/ഉവിവ പ്രകാരം 36 അധ്യാപകർക്ക്

താത്കാലികമായി പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകി ഉത്തരവായിരുന്നു. ഒഴിവുള്ള തസ്തികകളിൽ റെഗുലർ പ്രൊമോഷൻ അനുവദിക്കുന്നതിനായി UGC മാനദണ്ഡപ്രകാരം സെലക്ഷൻ കമ്മിറ്റി കൂട്ടുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 04-10-2023-ലെ ബി3/36844/2023/ഡി.സി.ഇ നമ്പർ പരിപത്രം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി OP (KAT) 493/2023 കേസിന്മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്നു. മറ്റ് സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ കോളേജുകളിൽ 113 അധ്യാപക തസ്തികകളിലും ഒഴിവ് നിലനിൽക്കുന്നുണ്ട്. യു.ജി.സി റെഗുലേഷൻ പ്രകാരം ഒരു അധ്യാപക

തസ്തിക അനുവദിക്കുന്നതിന് 16 മണിക്കൂർ വർക്ക്‌ലോഡ് ആവശ്യമാണ്. UGC മാനദണ്ഡപ്രകാരം PG Weightage പുനഃക്രമീകരിച്ചതിനാലും M.Phil തസ്തിക ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലും മിക്ക വിഷയങ്ങളിലും അധിക തസ്തിക നിലവിലുണ്ട്. അത്തരത്തിലുണ്ടായ അധിക തസ്തികകൾ പുനഃക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**എക്സസ് അധ്യാപക തസ്തികകൾ**

**132 (1756)** **ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജുകളിൽ നിലവിലുള്ള അധിക അധ്യാപക തസ്തികകൾ പുനർവിന്യസിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ;

(ബി) അധിക തസ്തികകൾ നിലവിലുള്ളതുമൂലം കേരള പി.എസ്.സി.-യുടെ അസിസ്റ്റന്റ് പ്രൊഫസർ റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ആദ്യ റാങ്കുകാർക്കുപോലും നിയമന ശിപാർശ ലഭിക്കാത്തത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(എ&ബി) യു.ജി.സി. സ്കീമിന് യോജിച്ച രീതിയിൽ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള വർക്ക്ലോഡ് കണക്കാക്കുന്നതിൽ പി.ജി. കോഴ്സുകൾക്ക് അധിക വെയിറ്റേജ് നൽകിവന്നിരുന്ന രീതി 01-06-2020 പ്രാബല്യത്തിൽ സർക്കാർ നിർത്തലാക്കിയിരുന്നു. അതുവരെ 9 മണിക്കൂർ ജോലിഭാരം മതിയായിരുന്ന സിംഗിൾ ഫാക്കൽറ്റി/സെക്കന്റ് ലാംഗ്വേജ് വിഷയങ്ങളിലും 16 മണിക്കൂർ വർക്ക്ലോഡ് നിർബന്ധമാക്കിയിരുന്നു. തുടർന്ന് സർക്കാർ കോളേജുകളിൽ വിവിധ വിഷയങ്ങളിൽ നിലനിന്നിരുന്ന വർക്ക്ലോഡ് പുനഃക്രമീകരിച്ചതിന്റെ ഭാഗമായും എം.ഫിൽ കോഴ്സുകൾ യു.ജി.സി. നിർത്തലാക്കിയതിന്റെ ഭാഗമായും 350-ൽപ്പരം അധിക അധ്യാപക തസ്തികകൾ നിലനിൽക്കുന്നതായി കണ്ടെത്തുകയുണ്ടായി. പ്രസ്തുത തസ്തികകൾ ക്രമീകരിക്കുന്നതിനായുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) അടുത്ത അക്കാദമിക് വർഷം ആരംഭിക്കുന്ന നാല് വർഷ ഡിഗ്രി കോഴ്സുകൾ നടപ്പിലാക്കുന്നതിന് അധികമായി എത്ര അധ്യാപക തസ്തികൾ വേണ്ടിവരുമെന്ന് കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാമിൽ മൂന്നുവർഷത്തെ പഠനം പൂർത്തിയാക്കി ബിരുദം സമ്പാദിക്കുന്നതിന് നിലവിലെ അധ്യാപകരുടെ എണ്ണം പര്യാപ്തമാണ്. അധിക അധ്യാപക തസ്തികകൾ സൃഷ്ടിക്കാതെതന്നെ നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കാവുന്നതാണ്.

(ഡി) നാലുവർഷ ഡിഗ്രി കോഴ്സ് നിലവിൽ വരുമ്പോൾ ഇല്ലാതെയാകുന്ന വിവിധ വിഷയങ്ങളിലെ അധിക അധ്യാപകരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

നാലുവർഷ ഡിഗ്രി പ്രോഗ്രാം ആരംഭിക്കുമ്പോൾ അധ്യാപക തസ്തികകളൊന്നും ഇല്ലാതാകുന്നില്ല. നിലവിലുള്ള അധ്യാപകരുടെ മുഴുവൻ ജോലി ഭാരവും സംരക്ഷിച്ചുകൊണ്ടുള്ള നാലുവർഷ കരിക്കുലമാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

(ഇ) അധിക അധ്യാപകർ നിലവിലുള്ളതിനാൽ റിട്ടയർമെന്റ് ഒഴിവുകൾ ഉൾപ്പെടെയുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഒഴിവുകൾ കാലതാമസം കൂടാതെ റിപ്പോർട്ട് ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇല്ല. പി.ജി. കോഴ്സുകൾക്ക് നൽകിവന്നിരുന്ന അധിക വെയിറ്റേജ് 01-06-2020 പ്രാബല്യത്തിൽ ഒഴിവാക്കിയതിനെത്തുടർന്ന് മതിയായ വർക്ക്‌ലോഡ് ഇല്ലാത്ത അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കേണ്ടതുള്ളതിനാൽ വിവിധ വിഷയങ്ങളിൽ 01-06-2020-നുശേഷം ഉണ്ടായ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നില്ല. അധിക അധ്യാപക തസ്തികകൾ ക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പെരിങ്ങോം ഗവൺമെന്റ് കോളേജിലെ കെട്ടിട നിർമ്മാണം**

**133 (1757)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച കെട്ടിട നിർമ്മാണ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം സർക്കാർ ആർട്സ് & സയൻസ് കോളേജിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച നിലവിലുള്ള കെട്ടിടത്തിന് മുകളിൽ ഒരു നിലകൂടി നിർമ്മിക്കുന്നതിനാണ് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിരുന്നത്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന് മുകളിൽ കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനാവശ്യമായ കെട്ടുറപ്പ് ടി കെട്ടിടത്തിനില്ലെന്നാണ് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുള്ളത്. തുടർന്ന് നിലവിലുള്ള പദ്ധതിയിൽനിന്നും മാറ്റം വരുത്തി

മറ്റേതെങ്കിലും പുതിയ പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ KITCO-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ കിഫ്ബി പ്രവൃത്തികൾ**

**134 (1758)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ കിഫ്ബി പദ്ധതിപ്രകാരം നടപ്പാക്കുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം ഗോവിന്ദ പൈ മെമ്മോറിയൽ സർക്കാർ കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് KSITIL-നെയാണ് പദ്ധതി നിർവ്വഹണ ഏജൻസിയായി

നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിക്കായി 6.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാമ്പത്തിക അനുമതികൂടി ലഭ്യമാക്കിയശേഷം ടെൻഡർ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ടെൻഡർ നടപടികൾ പൂർത്തീകരിച്ചശേഷമേ പദ്ധതി ആരംഭിക്കുന്നതും പൂർത്തീകരിക്കുന്നതും സംബന്ധിച്ച് വ്യക്തത വരികയുള്ളൂ.

**മൊകേരി ഗവൺമെന്റ് കോളേജിലെ പ്രവൃത്തികൾ**

**135 (1759)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൊകേരി ഗവൺമെന്റ് കോളേജിൽ 2020-21 വർഷംമുതൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദാംശം സഹിതം അറിയിക്കാമോ?

മൊകേരി ഗവൺമെന്റ് കോളേജിൽ 2020-21 വർഷം മുതൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**മൊകേരി ഗവൺമെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ**

**136 (1760)** ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊകേരി ഗവൺമെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തിയുടെ ഭാഗമായി എന്തൊക്കെ നിർമ്മാണങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

മൊകേരി ഗവൺമെന്റ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിന് 27-03-2018-ൽ ഭരണാനുമതി നൽകിയിരുന്നു. സിവിൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ് വർക്കുകളാണ് ടി പ്രവൃത്തിയിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെട്ടിരിക്കുന്നത്. ആധുനിക സംവിധാനങ്ങളോടുകൂടിയ മികച്ച അടിസ്ഥാന സൗകര്യം ഹോസ്റ്റൽ അന്തേവാസികൾക്ക് പ്രദാനം ചെയ്യുന്നതിനുതകുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് ടി പദ്ധതിയിലൂടെ നിർവ്വഹിക്കാൻ വകുപ്പ് ലക്ഷ്യമിടുന്നത്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടും നിർവഹണത്തിലേക്ക് കടക്കാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രവൃത്തി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിനായി സ്ഥലം കൈമാറുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിരുന്നു. പൈലിംഗ് വർക്ക് ആരംഭിച്ചപ്പോൾ വലിയ പാറകളുള്ളതിനാൽ പൈലിംഗ് നടത്താൻ കഴിഞ്ഞില്ല. തുടർന്ന് കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടും നിർവഹണത്തിലേക്ക് കടക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായതിനെത്തുടർന്ന് 28-02-2023, 11-10-2023 തീയതികളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ

നടത്തിയ യോഗ തീരുമാനപ്രകാരം റിവൈസ്ഡ് പ്ലാനും എസ്റ്റിമേറ്റും KITCO തയ്യാറാക്കി KIIFB-യുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

**തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജ്**

**137 (1761)** ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി അംഗീകാരം നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ?

തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി 28-03-2018-ൽ 8.87 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 29-12-2023-ൽ 10.4 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കാലതാമസം ഒഴിവാക്കി പ്രസ്തുത പ്രവൃത്തി ഉടനെ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാനാകുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) തിരൂർ തുഞ്ചൻ മെമ്മോറിയൽ സർക്കാർ കോളേജിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിന് KSITIL-നെയാണ് പദ്ധതി നിർവഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്. 29-12-2023-ൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായതിനുശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാകും.

**എസ്.എ.ആർ.ബി.റ്റി.എം. ഗവണ്മെന്റ് കോളേജിൽ പുതിയ കോഴ്സുകൾ**

**138 (1762)** <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ എസ്.എ.ആർ.ബി.റ്റി.എം. ഗവ. കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) അടുത്ത അധ്യയന വർഷത്തിൽ പുതിയ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുകയാണ്.

**കുന്ദമംഗലം ഗവ. ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ**

**139 (1763)** ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുകയാണ്.

(ബി) കുന്ദമംഗലം ഗവ. ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഉണ്ട്. ടി വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുകയാണ്.

**അമ്പലപ്പുഴ സർക്കാർ കോളേജിന് പുതിയ കെട്ടിടം**

**140 (1764)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ സർക്കാർ കോളേജ് പ്രവർത്തനമാരംഭിച്ചത് എന്നാണെന്നും നിലവിൽ ഏതൊക്കെ കോഴ്സുകൾ ഇവിടെയുണ്ടെന്നും അറിയിക്കാമോ?

2010 സെപ്തംബർ മാസം 12-നാണ് അമ്പലപ്പുഴ സർക്കാർ കോളേജ് ആരംഭിച്ചത്. നിലവിൽ ഇക്കണോമിക്സ്, കൊമേഴ്സ്, ഗണിതശാസ്ത്രം എന്നീ വിഷയങ്ങളിൽ ബിരുദ കോഴ്സുകളും ഇക്കണോമിക്സ്, കൊമേഴ്സ്, ഇംഗ്ലീഷ്

എന്നീ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദ കോഴ്സുകളുമാണ് അമ്പലപ്പുഴ സർക്കാർ കോളേജിലുള്ളത്.

(ബി) പ്രസ്തുത കോളേജിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിൽ കിഫ്ബി മുഖേന എത്ര ഫണ്ടാണ് ലഭ്യമാക്കിയിട്ടുള്ളത്; ഇതിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഏത് എജൻസിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ഏജൻസി ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) അമ്പലപ്പുഴ എം.എൽ.എ.-യുടെ ആവശ്യപ്രകാരം കിഫ്ബി സി.ഇ.ഒ. കൂടി പങ്കെടുത്ത യോഗ തീരുമാനപ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്ന ഉത്തരവിനായി കാത്ത് നിൽക്കാതെ അടിയന്തരമായി ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നടപ്പാക്കാതെയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(ബി&സി) അമ്പലപ്പുഴ കോളേജിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 9.84 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

DPR തയ്യാറാക്കുന്നത് KITCO ആണ്. പ്രസ്തുത സ്ഥാപനം DPR തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

**വൈപ്പിനിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനം**

**141 (1765) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 10 കോടി രൂപ അനുവദിച്ചിട്ടുള്ള വൈപ്പിനിലെ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 07-07-2023-ന് നടന്ന യോഗത്തിലെ തീരുമാനപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കോളേജ് നിർമ്മാണത്തിനായി കണ്ടെത്തിയ ഭൂമിയെ സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് റവന്യൂ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

(എ&ബി) കോളേജിന്റെ വികസനത്തിനായി കണ്ടെത്തിയ ഇളകുന്നപ്പുഴ വില്ലേജിലെ റീ സർവ്വേ നമ്പർ 309/5, 308/8, 308/9, 308/10, 307/21, 306/4, 306/5, 306/18 എന്നീ സ്ഥലങ്ങൾ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലങ്ങൾ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമാണെന്ന് എറണാകുളം കളക്ടർ അറിയിച്ചതിനെത്തുടർന്ന് ടി നിർമ്മാണ പ്രവർത്തനത്തിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**കുളത്തൂർ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ**

**142 (1766)** ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിൽ ഏതെങ്കിലും പുതിയ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിന് മാറ്റിവച്ചിരിക്കുകയാണ്.

**ഡോ. ബി. ആർ. അംബേദ്ക്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്**

**143 (1767)** <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോ. ബി. ആർ. അംബേദ്ക്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിന്റെ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ പ്രവൃത്തികളാണ് നിലവിൽ പൂർത്തിയായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഡോ. ബി. ആർ. അംബേദ്കർ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജിലെ പ്രധാന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ ഏകദേശം 65% പൂർത്തിയാക്കിയിട്ടുണ്ട്. ഹോസ്റ്റൽ, ക്യാന്റീൻ എന്നിവയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. പദ്ധതി നിർവഹണ ഏജൻസിയായ KITCO-യുമായി ബന്ധപ്പെട്ട പദ്ധതി പൂർത്തീകരണം വേഗത്തിലാക്കാനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) പ്രവൃത്തി പൂർത്തീകരിച്ച ഹോസ്റ്റൽ കെട്ടിടം കോളേജിന് കൈമാറാത്തതുകൊണ്ട് ദൂരെ സ്ഥലങ്ങളിൽനിന്നും വരുന്ന വിദ്യാർഥികൾക്ക് താമസസൗകര്യം നൽകാൻ കഴിയുന്നില്ലെന്ന പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രവൃത്തി പൂർത്തീകരിച്ച ഹോസ്റ്റൽ കെട്ടിടം അടിയന്തരമായി കോളേജിന് വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കാമോ?

(ബി&സി) ഹോസ്റ്റൽ കെട്ടിടം നിർമ്മാണം അന്തിമഘട്ടത്തിലാണ്. അടിയന്തരമായി നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് കോളേജിന് ടി കെട്ടിടം കൈമാറാമെന്ന് കിറ്റ്കോ അധികൃതർ അറിയിച്ചിട്ടുണ്ട്. ഹോസ്റ്റൽ പ്രവർത്തനസജ്ജമാക്കുന്നതിനായുള്ള ഫർണീച്ചറുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 2023-24 സാമ്പത്തിക വർഷം ആകെ 18 ലക്ഷം രൂപയും ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനായി 5.35 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിടം പൂർണ്ണമായും പ്രവർത്തനസജ്ജമായാൽ ഉടൻ വിദൂരസ്ഥലങ്ങളിൽനിന്നും കേളേജിൽ എത്തിച്ചേരുന്ന വിദ്യാർഥികൾക്ക് പ്രത്യേക പരിഗണന നൽകി താമസസൗകര്യം ഏർപ്പെടുത്താൻ സാധിക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ എയ്ഡഡ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ

**144 (1768)** ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന എയ്ഡഡ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ഓരോന്നിന്റെയും മാനേജ്മെന്റിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

## സുവോളജി വിഷയത്തിൽ പി.ജി., പിഎച്ച്.ഡി. കോഴ്സുകൾ

**145 (1769)** ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകളുടെ കീഴിൽ വരുന്ന കോളേജുകളിൽ സുവോളജി വിഷയത്തിൽ പി.ജി., പിഎച്ച്.ഡി. കോഴ്സുകൾ പഠിക്കാൻ കൂടുതൽ അവസരങ്ങൾ വിദ്യാർഥികൾക്ക് ലഭ്യമാകാത്തത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ പി.ജി., പിഎച്ച്.ഡി. കോഴ്സുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരള സർവകലാശാലയിൽ സുവോളജി വിഷയത്തിൽ പി.ജി., പിഎച്ച്.ഡി. കോഴ്സുകൾക്ക് എത്ര സീറ്റുകൾ ഏതെല്ലാം കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സർവകലാശാലയിൽ സുവോളജി കോഴ്സുകൾക്ക് മതിയായ സീറ്റ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള സർവകലാശാലയിൽ നിലവിലുള്ള പി.ജി. (സുവോളജി) സീറ്റ് വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

സർവകലാശാലയിൽ പിഎച്ച്.ഡി. ചെയ്യുന്നതിനുള്ള സീറ്റുകളുടെ എണ്ണം നിശ്ചയിക്കപ്പെട്ടിട്ടില്ല. ഓരോ രജിസ്ട്രേഷൻ സമയത്തും നിലവിലുള്ള റിസർച്ച് ഗൈഡുമാരുടെ ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് രജിസ്ട്രേഷൻ നൽകിവരുന്നത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## നാലു വർഷ ബിരുദ പ്രോഗ്രാം

**146 (1770)** <u>ശ്രീ. പി. ടി. എ. റഹീം</u> :

<u>ശ്രീ. ഐ. ബി. സതീഷ്</u>:

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>:

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിലും കോളേജുകളിലും നാലുവർഷ ബിരുദ പ്രോഗ്രാം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിന്റെ ഭാഗമായി നിലവിലെ ബിരുദ പഠന മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

ഉണ്ട്. 2024-25 അക്കാദമിക വർഷത്തോടെ സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ പൂർണ്ണമായും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി രൂപീകരിച്ച 'സംസ്ഥാന ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി' നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കിയിട്ടുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ഫൗണ്ടേഷൻ

കോഴ്സുകൾ, പാത് വേ കോഴ്സുകൾ (മേജർ/മൈനർ), റിസർച്ച് പാത് വേ മുതലായവ ഉൾപ്പെടുത്തിയുള്ള ഓണേഴ്സ് പ്രോഗ്രാം രൂപകൽപ്പന ചെയ്തിട്ടുണ്ട്. ഇത് വിദ്യാർഥി കേന്ദ്രീകൃതവും വിവിധ കോഴ്സുകൾ തെരഞ്ഞെടുക്കാൻ വിദ്യാർഥികൾക്ക് സ്വാതന്ത്ര്യം നൽകുന്നതുമാണ്. പുതിയ കരിക്കുലം വിദ്യാർഥികളുടെ അക്കാദമിക് മൊബിലിറ്റി ഉറപ്പാക്കുന്നു. ഈ കരിക്കുലം ചട്ടക്കൂടിൽ ഒന്നും രണ്ടും വർഷങ്ങളിൽ വിദ്യാർഥികളുടെ എക്സിറ്റ് അനുവദിക്കുന്നില്ല. മൂന്നാം വർഷം നിശ്ചിത ക്രെഡിറ്റുകൾക്ക് (133) ബിരുദവും നാലുവർഷം പൂർത്തിയാക്കി 177 ക്രെഡിറ്റുകൾ സമ്പാദിച്ചാൽ ഓണേഴ്സ് ബിരുദവും ലഭിക്കും.

വിദ്യാർഥികൾക്ക് ഗവേഷണ മേഖലയിൽ ആഭിമുഖ്യം വളർത്തുന്നതിന് 4-ാം വർഷം ഗവേഷണത്തിന് മാത്രമുള്ള Honours with Research എന്ന ഒരു പാത് വേ നിലവിലുണ്ട്. 4 വർഷ ബിരുദ പ്രോഗ്രാം പൂർത്തിയാക്കുന്ന വിദ്യാർഥികൾക്ക് യു.ജി.സി. പിഎച്ച്.ഡി. റെഗുലേഷൻ പ്രകാരം പിഎച്ച്.ഡി.-ക്ക് നേരിട്ട് പ്രവേശനം നേടാവുന്നതാണ്.

4-ാം വർഷം (7, 8 സെമസ്റ്ററുകളിൽ) പ്രോജക്റ്റുകൾ, ഇന്റേൺഷിപ്പ്/സ്കിൽ കോഴ്സുകൾ/ഓൺലൈൻ കോഴ്സുകൾ എന്നിവയുടെ സാധ്യതകളും പുതിയ കരിക്കുലം മുന്നോട്ടുവയ്ക്കുന്നു. ബിരുദ തലത്തിൽ ഗവേഷണത്തിനും തൊഴിൽ നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകിക്കൊണ്ടുള്ള കരിക്കുലമാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്.

നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കാൻ ആവശ്യമായിട്ടുള്ള മാതൃക റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകൾക്കുള്ള റെഗുലേഷൻ സർവകലാശാലാ തലത്തിൽ രൂപീകരിച്ചുവരുന്നു.

(ബി) നാലുവർഷ ബിരുദ കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിദ്യാർഥികളെ ഗവേഷണ രംഗത്തേയ്ക്ക് ആകർഷിക്കുക, അവർക്ക് തൊഴിൽ നൈപുണ്യം നൽകുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ഇത് എത്രത്തോളം സഹായകമാണ്; വിശദാംശങ്ങൾ നൽകുമോ?

നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗം കൂടുതൽ ഗവേഷണോന്മുഖമാക്കാനും വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണി വികസിപ്പിക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ**

**147 (1771)** ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തിവരുന്ന ഗവൺമെന്റ് അംഗീകാരമുള്ളതും ഇല്ലാത്തതുമായ കോഴ്സുകളിൽ 2021-22, 2022-23, 2023-24 അധ്യയന വർഷങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം, കോളേജ്, മേഖല (സർക്കാർ, എയ്ഡഡ്, സ്വാശ്രയം) കോഴ്സുകൾ (അംഗീകാരമുള്ളത്, ഇല്ലാത്തത്) എന്നിങ്ങനെ പട്ടിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്തെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തിവരുന്ന ഗവൺമെന്റ് അംഗീകാരമുള്ളതും

ഇല്ലാത്തതുമായ കോഴ്സുകളിൽ 2021-22, 2022-23, 2023-24 അധ്യയന വർഷങ്ങളിൽ ലഭ്യമായ പെർമനന്റ് സീറ്റുകളുടെ എണ്ണം, കോളേജ്, മേഖല (സർക്കാർ എയ്ഡഡ്, സ്വാശ്രയം), കോഴ്സുകൾ (അംഗീകാരമുള്ളത്, ഇല്ലാത്തത്) എന്നിങ്ങനെ പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തിവരുന്ന കോഴ്സുകളിൽ 2021-22, 2022-23, 2023-24 അധ്യയന വർഷങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികളുടെ എണ്ണം, കോളേജ്, മേഖല (സർക്കാർ, എയ്ഡഡ്, സ്വാശ്രയം), കോഴ്സുകൾ എന്നിവയുടെ വിവരം വിവിധ സർവകലാശാലകൾ (കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കണ്ണൂർ സർവകലാശാല) ലഭ്യമാക്കിയത് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) സർക്കാർ, എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള സ്ഥിരം അധ്യാപകരുടെ എണ്ണം ലഭ്യമാക്കാമോ; വിഷയവും സ്ഥാപനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) സർക്കാർ, എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള സ്ഥിരം അനധ്യാപക ജീവനക്കാരുടെ എണ്ണം സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

**കേരളീയം, നവകേരളം പരിപാടികൾക്കായി സ്പോൺസർഷിപ്പ്**

**148 (1772)** ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയം, നവകേരളം പരിപാടികൾക്കായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പ് നൽകിയിട്ടുണ്ട്; പ്രസ്തുത സ്ഥാപനങ്ങളുടെ പേരും നൽകിയ തുകയും സേവനങ്ങളും സംബന്ധിച്ച വിശദാംശം നൽകുമോ?

കേരളീയം 2023-ന്റെ ഭാഗമായി നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽവച്ച് നടത്തിയ പ്രദർശനത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ സ്റ്റാളുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ, നിയമസഭാ സമുച്ചയത്തിൽ നടന്ന കേരള

നിയമസഭാ അന്താരാഷ്ട്ര പുസ്തകോത്സവം 2023-ൽ പങ്കെടുത്ത വിദ്യാർഥികൾക്ക് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം ഗ്യാലറികളും സയൻസ് പാർക്കും സൗജന്യ സന്ദർശന പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നു. ഏകദേശം ഇരുപതിനായിരത്തോളം വിദ്യാർഥികൾ ഈ സൗകര്യം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

**ഐ.എച്ച്.ആർ.ഡി.-യിൽ നഴ്സിംഗ് കോഴ്സ്**

**149 (1773)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി ഐ.എച്ച്.ആർ.ഡി. കോളേജിൽ നിലവിലുള്ള കോഴ്സുകളിലേക്ക് ആവശ്യമായ പ്രവേശനമില്ലാത്തതിനാൽ ബി.എസ്‌സി നഴ്സിംഗ് കോഴ്സ് അനുവദിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ നിബന്ധനകൾ പ്രകാരമുള്ള സൗകര്യങ്ങളൊരുക്കി നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകാൻ ഐ.എച്ച്.ആർ.ഡി.-

ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) സ്ഥാപനം നിലനിൽക്കേണ്ട സാഹചര്യത്തിൽ ഭാവി സാധ്യതകൾകൂടി പരിഗണിച്ചുകൊണ്ടുള്ള കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കോഴ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ആരോഗ്യ സർവകലാശാലയുടെയും നഴ്സിംഗ് കൗൺസിലിന്റെയും നിബന്ധനകൾക്ക് വിധേയമായി കോഴ്സുകൾ അനുവദിക്കാൻ ആരോഗ്യ കുടുംബ ക്ഷേമവകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**കേന്ദ്രസർക്കാർ വരുത്തിയ കുടിശ്ശിക**

**150 (1774)** <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോളേജ് അധ്യാപകരുടെ ശമ്പളം യു.ജി.സി. നിരക്കിലാക്കിയതോടെ 2016 മുതൽ 2019 വരെയുള്ള കാലയളവിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് എത്ര രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഏഴാം യു.ജി.സി. ശമ്പള പരിഷ്കരണത്തോടനുബന്ധിച്ച് 01-01-16 മുതൽ 31-03-19 വരെയുള്ള കാലയളവിലെ ശമ്പള കുടിശ്ശിക നൽകുന്നതിനായി കേന്ദ്ര സർക്കാരിൽനിന്നും 750,93,30,588/- (എഴുനൂറ്റി അൻപത് കോടി തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി എൺപത്തിയെട്ട്) രൂപ ലഭിക്കാനുണ്ട്.

**ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജ്**

**151 (1775)** <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ഹരിപ്പാട് കാർത്തികപ്പള്ളി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ പ്രധാന കെട്ടിടത്തിന്റെ രണ്ടാംനിലയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയുടെ ഭരണാനുമതി 17-05-2022-ലെ G.O.(Rt) No.702/2022/HEDN ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബഡ്ജറ്റിൽ നിർമ്മാണ പ്രവൃത്തികൾക്കായി വകയിരുത്തിയ 15,16,20,000/- രൂപയിൽ 9,40,04,400/- രൂപയാണ് നിർമ്മാണ പ്രവൃത്തികൾക്കായി അനുവദിച്ചത്. 25-03-2023-ലെ G.O. (Rt) No.445/2023/HEDN ഉത്തരവുപ്രകാരം നിർമ്മാണ പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയിൽ ബാക്കിയുള്ള 5,76,15,600/- രൂപയും പർച്ചേസിന് അനുവദിച്ച തുകയുടെ ബാക്കി 2,90,24,400/- രൂപയും നോൺ സാലറിക്കായി അനുവദിച്ച തുകയുടെ ബാക്കി 1,33,60,000/- ~~തുകയും~~ രൂപയും ചേർത്ത് 10,00,00,000/- രൂപ ജീവനക്കാർക്ക് ശമ്പളവും വേതനവും നൽകാൻവേണ്ടി അനുവദിച്ചിരുന്നു. അതിനാൽ പ്രസ്തുത നിർമ്മാണം

ഉൾപ്പെടെയുള്ള ബാക്കി പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കാൻ കഴിഞ്ഞിരുന്നില്ല. ഐ.എച്ച്.ആർ.ഡി.-യുടെ വരും വർഷങ്ങളിലെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിക്ക് തുക അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**ബി.ടെക് ടെക്സ്റ്റൈൽ ടെക്നോളജി, ഹാൻഡ്‌ലൂം ടെക്നോളജി കോഴ്സുകൾ**

**152 (1776)** ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ബി.ടെക് ടെക്സ്റ്റൈൽ ടെക്നോളജി, ഹാൻഡ്‌ലൂം ടെക്നോളജി കോഴ്സുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

നിലവിലില്ല.

(ബി) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ ഇത്തരം കോഴ്സുകൾ നിലവിലുണ്ടോ; വിശദമാക്കാമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കണ്ണൂർ, കൊരട്ടി പോളിടെക്നിക് കോളേജുകളിലും തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക് കോളേജിലും ഡിപ്ലോമ ഇൻ ടെക്സ്റ്റൈൽ ടെക്നോളജി കോഴ്സ് നിലവിലുണ്ട്.

(സി) പോളിടെക്നിക്കുകളിൽ ഈ കോഴ്സുകൾ പഠിപ്പിക്കുന്നതിനുള്ള അധ്യാപക യോഗ്യതകൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

അധ്യാപകർക്ക് എ.ഐ.സി.റ്റി.ഇ. നിഷ്കർഷിച്ചിരിക്കുന്ന യോഗ്യത ബന്ധപ്പെട്ട വിഷയത്തിലുള്ള ഒന്നാം ക്ലാസ്സോടുകൂടിയ ബി.ടെക് ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ്.

**എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ ആസ്ഥാനം**

**153 (1777)** <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരത്തെ വിളപ്പിൽശാലയിൽ നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി സമയബന്ധിതമായി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

(എ-സി) വിളപ്പിൽശാലയിൽ എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയുടെ ആസ്ഥാനമന്ദിര നിർമ്മാണത്തിനായി ഏറ്റെടുത്ത സ്ഥലത്ത് ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണത്തിനുള്ള 71.75 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിൽ സാങ്കേതികമായ ചില പിഴവുകൾ കണ്ടെത്തിയതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിരുന്നു. പുതുക്കിയ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. ഇതോടൊപ്പം ടെക്നിക്കൽ കമ്മിറ്റിയുടെ രൂപീകരണത്തിനായുള്ള നടപടിക്രമങ്ങളും നടന്നുവരുന്നു.

**കോതമംഗലം ചേലാട് പോളിടെക്നിക്കിലെ നിർമ്മാണ പ്രവൃത്തികൾ**

**154 (1778)** <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ചേലാട് പോളിടെക്നിക്കിൽ പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിൽ മൂന്ന് നിലകളിലായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രോണിക്സ് ബ്രാഞ്ചുകൾക്കായി അക്കാദമിക് ബ്ലോക്കിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. ഇതിൽ രണ്ട് നിലകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിരിക്കുന്നു.

(ബി) ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശേഷിക്കുന്ന നിർമ്മാണ പ്രവൃത്തി ഡെപ്പോസിറ്റ് വർക്കായി പൊതുമരാമത്ത് വകുപ്പ് മുഖാന്തരം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി**

**155 (1779)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏതെല്ലാം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി നടപ്പാക്കി വരുന്നത്; പ്രസ്തുത പദ്ധതിപ്രകാരം ഓരോ ക്യാമ്പസിനും കൈവരിക്കാനായ നേട്ടങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പദ്ധതി നടപ്പാക്കിയ സ്ഥാപനങ്ങളുടെയും ടി പദ്ധതി പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക്

കൈവരിക്കാനായ നേട്ടങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മുക്കത്ത് ഗവൺമെന്റ് പോളിടെക്നിക്**

**156 (1780)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കത്ത് അനുവദിച്ച ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതിനായി സ്ഥലമെടുപ്പ് സംബന്ധിച്ച് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലമെടുപ്പ് ഇപ്പോൾ ഏത് അവസ്ഥയിലാണുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇനി ഏതെല്ലാം നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) മുക്കം പോളിടെക്നിക്കിനുവേണ്ടി കണ്ടെത്തിയ സ്ഥലം വനം വകുപ്പിന്റേതാണ്. സ്ഥലം ലഭ്യമാക്കുന്നതിന് ഡയറക്ടർ സമർപ്പിച്ച അപേക്ഷ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

special afforestation & nodal officer-ടെ പരിഗണനയിലാണ്. വനം വകുപ്പിൽനിന്നും സ്ഥലം റവന്യൂ വകുപ്പിന് കൈമാറുകയും തുടർന്ന് റവന്യൂ വകുപ്പിൽനിന്നും പോളിടെക്നിക്ക് കോളേജിനായി സ്ഥലം ലഭ്യമാക്കുകയും ചെയ്യുന്ന മുറയ്ക്ക് കോളേജ് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

**പോളിടെക്നിക്കുകളിലെ അധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരണം**

**157 (1781)** **<u>ശ്രീ. ഷാഫി പറമ്പിൽ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ തിയറി ക്ലാസുകൾ നടത്തുന്ന ലെക്ചറർ തസ്തികകളുടെ എണ്ണം വിദ്യാർഥി അനുപാതത്തിന് അനുസരിച്ച് പരിഷ്കരിച്ചിട്ടുണ്ടെങ്കിലും പ്രാക്ടിക്കൽ ക്ലാസുകൾ നൽകുന്ന അധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പോളിടെക്നിക് കോഴ്സുകളിൽ പ്രാക്ടിക്കൽ ക്ലാസുകൾക്കുള്ള പ്രാധാന്യം പരിഗണിച്ച് അക്കാദമിക നിലവാരം ഉറപ്പുവരുത്തുന്നതിനായി

പ്രാക്ടിക്കൽ ക്ലാസുകൾ നൽകുന്ന അധ്യാപകരുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിൽ 21-12-1998-ലെ സ.ഉ. (കൈ)158/98/ഉ.വി.വ. പ്രകാരം നിശ്ചയിച്ചിട്ടുള്ള ലാബ് സ്റ്റാഫ് പാറ്റേണാണ് പിന്തുടരുന്നത്. പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം ഓരോ പോളിടെക്നിക് കോളേജുകളിലെയും ഓരോ ബ്രാഞ്ചിലേയ്ക്കും 2 വീതം ഡെമോൺസ്ട്രേറ്റർ, ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളും വർക്ക്ഷോപ്പിലേക്ക് ഒരു വർക്ക് ഷോപ്പ് സൂപ്രണ്ട്, 4 വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (മെക്കാനിക്കൽ), ഒരു വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ (ഇലക്ട്രിക്കൽ), 4 വീതം ട്രേഡ് ഇൻസ്ട്രക്ടർ, ട്രേഡ്സ്മാൻ തസ്തികകളുമാണ് നിശ്ചയിച്ചിട്ടുള്ളത്. പോളിടെക്നിക്ക് കോളേജുകളിലെ അധ്യാപക തസ്തികകളുടെ പാറ്റേൺ എ.ഐ.സി.ടി.ഇ. കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അധ്യാപക-വിദ്യാർഥി അനുപാതത്തിന്റെ അടിസ്ഥാനത്തിലാണ് പരിഷ്കരിക്കുന്നത്. എന്നാൽ ലാബ് ജിവനക്കാർക്കായി എ.ഐ.സി.ടി.ഇ. പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നും നിശ്ചയിച്ചിട്ടില്ല. പോളിടെക്നിക് കോളേജുകളിലെ ലാബ് സ്റ്റാഫുകളുടെ

പാറ്റേൺ പരിഷ്കരിക്കാൻ നിലവിൽ പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ പരിഗണനയിലില്ല.

**മാനന്തവാടി ദ്വാരക ഗവ. പോളിടെക്നിക്കിലെ അടിസ്ഥാന സൗകര്യങ്ങൾ**

**158 (1782)** <u>ശ്രീ. ഒ. ആർ. കേളു</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ദ്വാരക ഗവ. പോളിടെക്നിക്കിൽ നടന്നുവരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ അനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുമോ?

(എ&ബി) മാനന്തവാടി ഗവ. പോളിടെക്നിക് കോളേജിൽ അക്കാദമിക് കം അഡ്മിനിസ്ട്രേറ്റീവ് കെട്ടിട നിർമ്മാണം, ലബോറട്ടറി കെട്ടിട നിർമ്മാണം,

നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന്റെ മുകളിലായി രണ്ട് നിലകൾ നിർമ്മാണം എന്നിവയാണ് നിലവിൽ നടന്നുവരുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ.

മാനന്തവാടി ഗവ. പോളിടെക്നിക് കോളേജിൽ KIIFB പദ്ധതിയായി അനുവദിച്ച 7.58 കോടി രൂപയുടെ അക്കാദമിക് കം അഡ്മിനിസ്ട്രേറ്റീവ് കെട്ടിടത്തിന്റെ പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്.

290 ലക്ഷം രൂപയുടെ ലബോറട്ടറി കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ടെൻഡർ നടപടികൾ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന്റെ മുകളിലായി രണ്ടുനിലകൾ കൂടി നിർമ്മിക്കുന്നതിന് 208 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

(സി) നിലവിൽ ഈ സ്ഥാപനത്തിൽ എത്ര വിദ്യാർഥികൾ ഏതെല്ലാം കോഴ്സുകളിൽ പഠിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

മറുപടി അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

**പാറശ്ശാല മണ്ഡലത്തിൽ വനിതാ പോളിടെക്നിക്**

**159 (1783)** **ശ്രീ. സി. കെ. ഹരീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ഒരു വനിതാ പോളിടെക്നിക് ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ വനിതാ പോളിടെക്നിക് ആരംഭിക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) മലയോര പട്ടികവർഗ്ഗ മേഖലയായ വെള്ളറടയോ കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ ധനുവച്ചപുരമോ കേന്ദ്രമാക്കി ഒരു വനിതാ പോളിടെക്നിക് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) പാറശ്ശാല മണ്ഡലത്തിൽ ഒരു വനിതാ പോളിടെക്നിക് ആരംഭിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ച പ്രൊപ്പോസൽ എൽ2/58/2020/ഉ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു.

പാറശ്ശാല മണ്ഡലത്തിൽ വെള്ളറട കേന്ദ്രീകരിച്ച് ഒരു പോളിടെക്നിക് ആരംഭിക്കുന്ന ആവശ്യം സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി നെയ്യാറ്റിൻകര സർക്കാർ പോളിടെക്നിക് കോളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രിൻസിപ്പൽ ലഭ്യമാക്കിയ പഠന റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മഞ്ചേശ്വരം താലൂക്കിൽ പോളിടെക്നിക് കോളേജ്**

**160 (1784)** <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ പോളിടെക്നിക് കോളേജ് അനുവദിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിൽ പോളിടെക്നിക് കോളേജ് അടുത്ത അധ്യയന വർഷം മുതൽ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ഉണ്ട്. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിൽ സർക്കാർ മേഖലയിൽ പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കണമെന്ന ആവശ്യത്തെത്തുടർന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പിന്റെ എൽ2/138/2023/ഉ.വി.വ നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ഗവൺമെന്റ് പോളിടെക്നിക് കോളേജുകൾ പുതിയതായി ആരംഭിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർനടപടി എടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**കുറ്റിപ്പുറം പോളിടെക്നിക് കോളേജ് ആരംഭിക്കാൻ നടപടി**

**161 (1785)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് നൽകിയ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ആയതുസംബന്ധിച്ച ഫയലിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ പോളിടെക്നിക് കോളേജുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ 2024 ജനവരി 31-ന് മുൻപായി എ.ഐ.സി.ടി.ഇ.-ലേക്ക് നൽകേണ്ടതിനാൽ പ്രസ്തുത തീയതിക്കുള്ളിൽ ഈ പ്രൊപ്പോസൽ എ.ഐ.സി.ടി.ഇ.- യ്ക്ക് അയക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിനോട് ചേർന്ന് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ (എൽ)

വകുപ്പിന്റെ എൽ2/220/2023/ഉ.വി.വ ഫയലിൽ പരിശോധിച്ചുവരുന്നു. പുതിയ സർക്കാർ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

**ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന്റെ ഓഡിറ്റോറിയം**

**162 (1786)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണമെന്ന അപേക്ഷയിൽ (ഇ-6353658/2022/എം.(ഉ.വി.&എസ്.ജെ) ഐ.എച്ച്.ആർ.ഡി. ഡയറക്ടർ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അവസാനം നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ ഹയർ എഡ്യൂക്കേഷൻ പ്രിൻസിപ്പൽ സെക്രട്ടറി (J1/299/2022/H.Edn.) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആലുവ കപ്രശ്ശേരി മോഡൽ ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്ന പ്രവൃത്തിക്കായി എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയായ 2,68,91,844/- രൂപ (രണ്ട് കോടി അറുപത്തി എട്ട് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി എണ്ണൂറ്റി നാൽപത്തി നാല് രൂപ മാത്രം) പ്രത്യേക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ പ്രൊപ്പോസൽ ഈ സാമ്പത്തിക വർഷം (2023-24) സമർപ്പിക്കാൻ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത തുക അധിക ഫണ്ടായി അനുവദിക്കണമെന്ന ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ 03-07-2023-ലെ കത്ത് പ്രകാരമുള്ള അപേക്ഷ സർക്കാർ പരിശോധിക്കുകയും പ്ലാൻ ഫണ്ടിലെ നീക്കിയിരിപ്പ് നിർണ്ണയിച്ച് പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്ലാൻ ഫണ്ടിൽ അനുവദിച്ച തുക മുഴുവൻ ഭരണാനുമതി ലഭിച്ച അടിയന്തര പ്രവൃത്തികൾക്കായി ഉപയോഗിച്ചതിനാൽ

പ്ലാൻ ഫണ്ടിൽ നീക്കിയിരിപ്പിന് സാധ്യതയില്ലെന്ന് 22-10-2023-ലെ കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർ മറുപടി നൽകിയിരുന്നു. (ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സമർപ്പിച്ച 22-10-2023-ലെ കത്തിന്റെ പകർപ്പ് ~~ഉള്ളടക്കം ചെയ്യുന്ന~~ അനുബന്ധമായി ചേർക്കുന്നു+.) പ്രസ്തുത പദ്ധതി നടപ്പ് സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും പ്ലാൻ ഫണ്ടിൽ നീക്കിയിരിപ്പിന് സാധ്യത ഇല്ലാത്തതിനാലും പ്രൊപ്പോസൽ പരിഗണിക്കാൻ കഴിയുകയില്ലെന്ന് 29-11-2023-ലെ സർക്കാർ കത്ത് പ്രകാരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർക്ക് മറുപടി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത സ്കൂളിന് മൾട്ടി പർപ്പസ് ഓഡിറ്റോറിയം നിർമ്മിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിച്ച് പ്രവൃത്തി പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഈ പ്രവൃത്തി നടപ്പാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ചാണ് നടപ്പാക്കിവരുന്നത്. വരുംവർഷങ്ങളിൽ ഐ.എച്ച്.ആർ.ഡി.-ക്ക് അനുവദിക്കുന്ന പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷ**

**163 (1787)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2023-ൽ നടത്തേണ്ട രണ്ടാമത്തെ കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം എന്നത്തേയ്ക്ക് പുറപ്പെടുവിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) 2023 ഡിസംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച് നടത്തേണ്ട ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് പരീക്ഷയുടെ വിജ്ഞാപനം നാളിതുവരെ വരാത്തതുകാരണം നിലവിൽ പരീക്ഷയ്ക്കായി

തയ്യാറെടുത്തിരിക്കുന്ന വിദ്യാർഥികളുടെ ആശങ്ക പരിഹരിക്കുന്നതിനായി പഴയ സിലബസിൽ പരീക്ഷ നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയ്ക്കായുള്ള പുതിയ സിലബസ് പ്രകാരം പരീക്ഷാ നടത്തിപ്പ് എങ്ങനെ എന്നതുസംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പരീക്ഷാരീതി സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോയെന്നും പുതിയ സിലബസ് പ്രകാരം മോഡൽ ചോദ്യപേപ്പറുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) പുതിയ സിലബസ് നടപ്പിലാക്കുന്നതിന് മുൻപേ പുതിയ സിലബസ് പ്രകാരമുള്ള പരീക്ഷ സംബന്ധിച്ച് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ച് ആറ് മാസത്തെ

കോഴ്സ് കാലാവധി സമയം പുതിയ സിലബസ് പ്രകാരം നടപ്പിലാക്കുന്നതിന് അനുവദിക്കുമോ; വ്യക്തമാക്കാമോ;

(ഇ) ടൈപ്പ്റൈറ്റിംഗ് ആൻഡ് വേഡ് പ്രോസസ്സിംഗ് കോഴ്സിന്റെ കാലാവധി ആറ് മാസത്തിൽ കൂടുതൽ നീട്ടിക്കൊണ്ടുപോകുന്നതിന് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് സാധിക്കാത്തതിനാൽ വർഷത്തിൽ രണ്ട് പരീക്ഷ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഇ) കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ആൻഡ് കമ്പ്യൂട്ടർ വേഡ്പ്രോസസ്സിംഗ് പരീക്ഷ പുതിയ സിലബസ് പ്രകാരം നടത്തുന്നതിന് സാങ്കേതിക തടസമുള്ളതിനാൽ സ്പഷ്ടീകരണം നൽകണമെന്ന് പരീക്ഷാഭവൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി തീരുമാനമെടുക്കുന്നതും വിജ്ഞാപനം അടിയന്തരമായി പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതുമാണ്.

## കുത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ നിർമ്മാണ പ്രവൃത്തികളും പുതിയ കോഴ്സുകളും

**164 (1788)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ (ഐ.എച്ച്.ആർ.ഡി.) രണ്ടാം നിലയുടെ നിർമ്മാണത്തിനും ആകർഷകമായ ന്യൂ ജനറേഷൻ കോഴ്സുകൾ പുതുതായി അനുവദിക്കാനും സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

ഐ.എച്ച്.ആർ.ഡി. സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവൃത്തികൾ സർക്കാർ വർഷാവർഷം അനുവദിക്കുന്ന പ്ലാൻ ഫണ്ട് ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഐ.എച്ച്.ആർ.ഡി.-യുടെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കുത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ രണ്ടാം നിലയുടെ നിർമ്മാണം പൂർത്തിയാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

നിലവിലുള്ള കോഴ്സുകൾക്ക് പുറമെ ന്യൂ ജനറേഷൻ കോഴ്സുകളായ ബി.എ. ജേർണലിസം വിത്ത് സ്പെഷ്യലൈസേഷൻ ഇൻ വിഷ്വൽ മീഡിയ,

ബി.എസ്സി സ്റ്റാറ്റിസ്റ്റിക്സ് വിത്ത് ഡാറ്റ അനാലിസിസ് എന്നീ കോഴ്സുകൾ 2023-24 അധ്യയന വർഷം മുതൽ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിലെ മാലിന്യങ്ങൾ യഥാവിധി സംസ്കരിക്കുന്നതിന് ചെറുകിട മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ?

മാലിന്യ സംസ്കരണ പ്ലാന്റ് കോളേജ് ക്യാമ്പസിൽ നിർമ്മിക്കുന്നത് പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്താൻ പാട്യം ഗ്രാമപഞ്ചായത്തിൽ കോളേജ് പ്രിൻസിപ്പൽ അപേക്ഷ നൽകിയിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ യു.ഐ.ടി.**

**165 (1789)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിൽ യു.ഐ.ടി. ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ യു.ഐ.ടി ആരംഭിക്കുന്നതിനുള്ള അപേക്ഷ കേരള സർവകലാശാലയിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരിശോധിച്ചുവരുന്നു.

**ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം**

**166 (1790)** ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതുൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് ത്വരിതഗതിയിൽ നടത്തിവരുന്നു.

(ബി) ചോർച്ച പരിഹരിച്ച് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് പ്ലാനറ്റേറിയം എന്നത്തേയ്ക്ക് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിച്ച് സീറ്റിങ് സ്ട്രക്ചർ, സെർവ്വർ റൂം, എയർ കണ്ടിഷനിംഗ്, കാർപെറ്റ്, സീറ്റ് എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത ഉപകരണങ്ങൾ ഘടിപ്പിച്ച് ഫയർ ആൻഡ് സേഫ്റ്റി പരിശോധനകൾ പൂർത്തീകരിച്ച് പ്ലാനറ്റേറിയം പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാവുന്നതാണ്.

**ഐ.എച്ച്.ആർ.ഡി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

**167 (1791)** <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ *ശ്രീ.* കെ. നന്ദകുമാർ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി നാളിതുവരെ കൈപ്പറ്റിയിട്ടുള്ള തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഐ.എച്ച്.ആർ.ഡി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറായ ശ്രീ. കെ. നന്ദകുമാർ ശമ്പളയിനത്തിൽ നാളിതുവരെ 1,17,581/- രൂപ (ഒരു ലക്ഷത്തി പതിനേഴായിരത്തി അഞ്ഞൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം) കൈപ്പറ്റിയിട്ടുണ്ട്.

(ബി) സാമൂഹ്യ മാധ്യമത്തിലൂടെ സ്ത്രീകൾ ഉൾപ്പെടെയുള്ളവരെ അധിക്ഷേപിച്ചത് സംബന്ധിച്ച് പ്രസ്തുത വ്യക്തിയിൽനിന്ന് ഐ.എച്ച്.ആർ.ഡി. ഡയറക്ടർ വിശദീകരണം ആരാഞ്ഞിരുന്നോ; ഉണ്ടെങ്കിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ വകുപ്പുതല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മാധ്യമ റിപ്പോർട്ടുകളെത്തുടർന്ന് ഉദ്യോഗസ്ഥനിൽനിന്നും ഐ.എച്ച്.ആർ.ഡി. ഡയറക്ടർ വിശദീകരണം ആരാഞ്ഞിരുന്നു. ഐ.എച്ച്.ആർ.ഡി. ഡയറക്ടർ വകുപ്പുതല റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടില്ല.

(സി) പ്രസ്തുത വ്യക്തിക്കെതിരെ പോലീസ് അന്വേഷണം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൂജപ്പുര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം നടത്തി ബഹുമാനപ്പെട്ട തിരുവനന്തപുരം അഡീഷണൽ ചീഫ് ജൂഡീഷ്യൽ മജിസ്ട്രേറ്റ് കോടതി മുമ്പാകെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

**പിഎച്ച്.ഡി. കോഴ്സ്**

**168 (1792)** <u>ശ്രീ. സി. ആർ. മഹേഷ്</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതൊക്കെ സർവകലാശാലകളിലാണ് പിഎച്ച്.ഡി. കോഴ്സുകൾ ഉള്ളതെന്ന് അറിയിക്കുമോ?

കേരള സർവകലാശാല, മഹാത്മാഗാന്ധി സർവകലാശാല, കണ്ണൂർ സർവകലാശാല, കാലിക്കറ്റ് സർവകലാശാല, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, എ.പി.ജെ. അബ്ദുൾകലാം

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവകലാശാലകളിൽ പിഎച്ച്.ഡി. കോഴ്സുകളുണ്ട്.

(ബി) യു.ജി.സി. മാർഗ്ഗരേഖ പ്രകാരം പിഎച്ച്.ഡി. കോഴ്സ് വർക്ക് നിബന്ധനയിൽനിന്നും ഇളവ് കൊടുത്തിട്ടുള്ളത് ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരള സർവകലാശാലയിൽ എം.ഫിൽ ബിരുദധാരികൾക്ക് പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷയിലെ Paper I (Research Methodology)-ന് ഇളവ് നൽകിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ യു.ജി.സി. മാർഗ്ഗരേഖപ്രകാരം എം.ഫിൽ യോഗ്യതയുള്ളവർക്ക് അവർ എം.ഫിൽ പഠന കാലത്ത് പൂർത്തീകരിച്ച കോഴ്സ് വർക്കിന്റെ അടിസ്ഥാനത്തിൽ Research Methodology, Elective Course എന്നീ കോഴ്സ് വർക്ക് പേപ്പറുകൾക്ക് ഇളവ് നൽകാറുണ്ട്.

കണ്ണൂർ സർവകലാശാലയിൽ പിഎച്ച്.ഡി. റെഗുലേഷൻസ് 2022 നിലവിൽ വന്നതിന് മുൻപായി അഞ്ച് വർഷത്തിനുള്ളിൽ (2018-നോ

അതിനുശേഷമോ) എം.എഫിൽ പൂർത്തിയാക്കിയവർക്ക് കോഴ്സ് വർക്കിൽ ഇളവ് അനുവദിക്കുന്നുണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ പിഎച്ച്.ഡി. പ്രോഗ്രാമിന് പ്രവേശനം നേടിയ എം.എഫിൽ ബിരുദധാരികളെ പിഎച്ച്.ഡി. കോഴ്സ് വർക്കിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ബിരുദാനന്തര ബിരുദ വിദ്യാർഥികൾ ഒരു ഐച്ഛിക വിഷയമായി റിസർച്ച് മെത്തഡോളജി പഠിച്ചിട്ടുണ്ടെങ്കിൽ റിസർച്ച് കമ്മറ്റിയുടെ ശിപാർശപ്രകാരം കോഴ്സ് വർക്കിനായി പ്രസ്തുത പേപ്പർ രജിസ്റ്റർ ചെയ്യുന്നതിൽനിന്നും ഗവേഷണ വിദ്യാർഥികളെ ഒഴിവാക്കുന്നതാണ്. പിഎച്ച്.ഡി. വിദ്യാർഥികൾ താങ്കളുടെ എം.എഫിൽ കോഴ്സ് ചെയ്തതിന് സമാനമായ മേഖലയിലാണ് ഗവേഷണം നടത്തുന്നതെന്ന് റിസർച്ച് കമ്മിറ്റിക്ക് ബോധ്യമാകുന്നപക്ഷം പ്രസ്തുത വിദ്യാർഥികൾ കോഴ്സ് വർക്കിന്റെ കോഴ്സ് I & III പേപ്പറുകൾക്ക് രജിസ്റ്റർ ചെയ്യുന്നതിൽനിന്നും ഒഴിവാക്കപ്പെടുന്നതാണ്.

(സി) കേരളത്തിൽ ഏതെങ്കിലും സർവകലാശാലയിൽ എം.ഫിൽ യോഗ്യതയുള്ളയുള്ളവർക്ക് പിഎച്ച്.ഡി. കോഴ്സ് വർക്ക് നിർബന്ധമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ യു.ജി.സി. മാർഗ്ഗരേഖയനുസരിച്ച് എം.ഫിൽ ബിരുദധാരികളെ നിർബന്ധിത കോഴ്സ് വർക്കിൽനിന്നും ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

മഹാത്മാഗാന്ധി സർവകലാശാല, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവകലാശാലകൾ എം.ഫിൽ യോഗ്യതയുള്ളയുള്ളവർക്ക് പിഎച്ച്.ഡി. കോഴ്സ് വർക്ക് നിർബന്ധമാക്കിയിട്ടുണ്ട്. University Grants Commission (Minimum Standards and Procedure for Award of Ph.D Degree) Regulations, 2022 പ്രകാരം കോഴ്സ് വർക്ക് ചെയ്യുന്നതിൽനിന്ന് ആരെയും ഒഴിവാക്കിയിട്ടില്ല.

**സർവകലാശാലകളിലെ ഗവേഷകർക്ക് ഫെല്ലോഷിപ്പുകൾ**

**169 (1793)** <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഗവേഷണം ചെയ്യുന്ന വിദ്യാർത്ഥികൾക്ക് യോഗ്യതകൾക്കനുസരിച്ച് ലഭിക്കാവുന്ന കേന്ദ്ര ഗവൺമെന്റിന്റെയോ മറ്റു സെൻട്രൽ അതോറിറ്റികളുടെയോ **ഫെല്ലോഷിപ്പുകൾ** ഏതെല്ലാമാണ്; സംസ്ഥാന സർക്കാരിന്റെ ഫെല്ലോഷിപ്പുകൾ ഏതെല്ലാമാണ്; സംസ്ഥാന സർക്കാർ ഗവേഷകർക്ക് നൽകിവരുന്ന ഫെല്ലോഷിപ്പുകളിൽ കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുന്നുണ്ടോ; കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഗവേഷണം നടത്തുന്ന, സെൻട്രൽ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് അതോറിറ്റികളുടെ ഫെല്ലോഷിപ്പുകളൊന്നും ലഭിക്കാത്ത ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; വ്യക്തമാക്കുമോ?

കേരളത്തിൽ ഗവേഷണം ചെയ്യുന്ന വിദ്യാർഥികൾക്ക് യോഗ്യതകൾക്കനുസരിച്ച് ലഭിക്കാവുന്ന കേന്ദ്ര ഗവൺമെന്റിന്റെയും മറ്റ് സെൻട്രൽ അതോറിറ്റികളുടെയും സംസ്ഥാന സർക്കാരിന്റെയും ഫെല്ലോഷിപ്പുകൾ സംബന്ധിച്ച വിവരങ്ങൾ സർവകലാശാല തിരിച്ചുള്ളത് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നീ സർവകലാശാലകൾ ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആർട്സ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; സയൻസ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; നിലവിൽ ഈ വർഷം എത്ര ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; കഴിഞ്ഞവർഷം എത്ര ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; സർവകലാശാല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

കേരള സർവകലാശാല: കേരള സർവകലാശാല ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ട്. ആർട്സ്, സയൻസ് വിഷയങ്ങളിലെ NET യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 13,000/- രൂപയും മറ്റ് യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 11,000/- രൂപയും നൽകുന്നുണ്ട്. 2023-ൽ കേരള സർവകലാശാലയിൽ പിഎച്ച്.ഡി. ഗവേഷണത്തിന് രജിസ്റ്റർ ചെയ്തവരിൽ സർവകലാശാല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം-136. 2022-ൽ കേരള സർവകലാശാലയിൽ പിഎച്ച്.ഡി. ഗവേഷണത്തിന് രജിസ്റ്റർ ചെയ്തവരിൽ

സർവകലാശാല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം- 278.

മഹാത്മാഗാന്ധി സർവകലാശാല: ഗവേഷണം പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ മഹാത്മാഗാന്ധി സർവകലാശാലയിൽ മറ്റ് ഫെല്ലോഷിപ്പുകളൊന്നും ലഭിക്കാത്ത ഗവേഷണ വിദ്യാർഥികൾക്കായി സർവകലാശാല ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. സർവകലാശാല പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും ഗവേഷണം നടത്തുന്ന പൂർണ്ണസമയ ഗവേഷകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആർട്സ്/സയൻസ് വിഷയ വേർതിരിവില്ലാതെ പ്രതിമാസം 12,000/- (പന്ത്രണ്ടായിരം രൂപ മാത്രം) രൂപ ഫെല്ലോഷിപ്പ് ഇനത്തിലും പ്രതിവർഷം 5,000/- (അയ്യായിരം രൂപ) രൂപ കണ്ടിജൻസി ഗ്രാന്റ് ഇനത്തിലും പരമാവധി 3 വർഷക്കാലയളവിലേക്ക് അനുവദിച്ചുവരുന്നു.

2022-23 കാലയളവിൽ 113 ഗവേഷക വിദ്യാർഥികൾക്കും 2021-22 കാലയളവിൽ 200 ഗവേഷക വിദ്യാർഥികൾക്കും യൂണിവേഴ്സിറ്റി

ജെ.ആർ.എഫ്. അനുവദിച്ചിട്ടുണ്ട്. 2022-2023 കാലയളവിൽ അഫിലിയേറ്റഡ് കോളേജുകളിലെ 78 ഗവേഷക വിദ്യാർഥികൾക്കും 2021-22 കാലയളവിൽ 126 ഗവേഷക വിദ്യാർഥികൾക്കും ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്.

<u>കാലിക്കറ്റ് സർവകലാശാല</u>: കാലിക്കറ്റ് സർവകലാശാല പഠന വകുപ്പുകളിലെ ഗവേഷകർക്ക് നാലുവർഷത്തേയ്ക്ക് ഫെല്ലോഷിപ്പ് നൽകുന്നുണ്ട്. ആർട്സ്, സയൻസ് വിഷയങ്ങളിലെ ഗവേഷകർക്ക് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക ചുവടെ ചേർക്കുന്നു.

ജൂനിയർ റിസർച്ച് ഫെല്ലോഷിപ്പ് (രണ്ട് വർഷം) - 15,000/- രൂപ

സീനിയർ റിസർച്ച് ഫെല്ലോഷിപ്പ് (രണ്ട് വർഷം) - 18,000/- രൂപ

കണ്ടിജൻസി ഗ്രാന്റ് (നാല് വർഷത്തേയ്ക്ക്) - 10,000/- രൂപ

ഈ വർഷം ഫെല്ലോഷിപ്പ് നൽകിയ ഗവേഷകരുടെ എണ്ണം - 206

കഴിഞ്ഞ വർഷം ഫെല്ലോഷിപ്പ് നൽകിയ ഗവേഷകരുടെ എണ്ണം - 174

കണ്ണൂർ സർവകലാശാല: കണ്ണൂർ സർവകലാശാല ഫെല്ലോഷിപ്പ് ഇനത്തിൽ അർഹരായ ഗവേഷകർക്ക് പ്രതിമാസം 10,000/- രൂപ വീതമാണ് നൽകിവരുന്നത്.

2023 അധ്യയന വർഷം 108 ഗവേഷകർക്കാണ് ഫെല്ലോഷിപ്പ് അനുവദിച്ചത്. 2022 അധ്യയന വർഷം 82 ഗവേഷകർക്കാണ് ഫെല്ലോഷിപ്പ് അനുവദിച്ചത്.

(സി) അഫിലിയേറ്റഡ് കോളേജുകളിലും മറ്റുമുള്ള യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകളിലെ ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നീ സർവകലാശാലകളിലെ റിസർച്ച് സെന്ററുകളിലെ (അഫിലിയേറ്റഡ് കോളേജ്) ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആർട്സ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; സയൻസ് വിഷയത്തിലെ ഗവേഷകന് പ്രതിമാസം നൽകുന്ന ഫെല്ലോഷിപ്പ് തുക എത്ര; നിലവിൽ ഈ വർഷം എത്ര

ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; കഴിഞ്ഞ വർഷം എത്ര ഗവേഷകർക്ക് ഫെല്ലോഷിപ്പ് നൽകി; സർവകലാശാല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

കേരള സർവകലാശാല: അഫിലിയേറ്റഡ് കോളേജുകളിലും മറ്റുമുള്ള യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകളിലെ ഗവേഷകർക്ക് യൂണിവേഴ്സിറ്റി ഫെല്ലോഷിപ്പ് നൽകുന്നുണ്ട്. ആർട്സ്, സയൻസ് വിഷയങ്ങളിലെ NET യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 13,000/- രൂപയും മറ്റ് യോഗ്യതയുള്ള ഗവേഷകർക്ക് പ്രതിമാസം 11,000/- രൂപയും നൽകുന്നുണ്ട്. 2023-ൽ കേരള സർവകലാശാലയിൽ പിഎച്ച്.ഡി. ഗവേഷണത്തിന് അഫിലിയേറ്റഡ് കോളേജുകളിലും മറ്റ് റിസർച്ച് സെന്ററുകളിലും സർവകലാശാല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം 95. 2022-ൽ കേരള സർവകലാശാലയിൽ പിഎച്ച്.ഡി. ഗവേഷണത്തിന് അഫിലിയേറ്റഡ് കോളേജുകളിലും മറ്റ് റിസർച്ച് സെന്ററുകളിലും ഗവേഷണത്തിന് രജിസ്റ്റർ ചെയ്തവരിൽ സർവകലാശാല ഫെല്ലോഷിപ്പ് വാങ്ങിയ ആകെ ഗവേഷകരുടെ എണ്ണം 191.

<u>മഹാത്മാഗാന്ധി സർവകലാശാല:</u> സർവകലാശാല പഠന വകുപ്പുകളിലും അഫിലിയേറ്റഡ് കോളേജുകളിലെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിലും ഗവേഷണം നടത്തുന്ന പൂർണ്ണസമയ ഗവേഷകരിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവർക്ക് ആർട്സ്/സയൻസ് വിഷയ വേർതിരിവില്ലാതെ പ്രതിമാസം 12,000/- (പന്ത്രണ്ടായിരം രൂപ മാത്രം) രൂപ ഫെല്ലോഷിപ്പ് ഇനത്തിലും പ്രതിവർഷം 5,000/- (അയ്യായിരം രൂപ) രൂപ കണ്ടിജൻസി ഗ്രാന്റ് ഇനത്തിലും പരമാവധി 3 വർഷക്കാലയളവിലേക്ക് അനുവദിച്ചുവരുന്നു. 2022-2023 കാലയളവിൽ 113 ഗവേഷക വിദ്യാർത്ഥികൾക്കും 2021-22 കാലയളവിൽ 200 ഗവേഷക വിദ്യാർഥികൾക്കും യൂണിവേഴ്സിറ്റി ജെ.ആർ.എഫ്. അനുവദിച്ചിട്ടുണ്ട്. 2022-23 കാലയളവിൽ അഫിലിയേറ്റഡ് കോളേജുകളിലെ 78 ഗവേഷക വിദ്യാർഥികൾക്കും 2021-22 കാലയളവിൽ 126 ഗവേഷക വിദ്യാർഥികൾക്കും ഫെല്ലോഷിപ്പ് അനുവദിച്ചിട്ടുണ്ട്.

<u>കാലിക്കറ്റ് സർവകലാശാല:</u> അഫിലിയേറ്റഡ് കോളേജുകളിലും മറ്റുമുള്ള യൂണിവേഴ്സിറ്റി റിസർച്ച് സെന്ററുകളിലെ ഗവേഷകർക്ക് യൂണിവേഴ്സിറ്റി

ഫെല്ലോഷിപ്പ് നൽകുന്നില്ല. പ്രസ്തുത വിഷയം സർവകലാശാല സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ്.

കണ്ണൂർ സർവകലാശാല: കണ്ണൂർ സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെയും സർവകലാശാല ഡിപ്പാർട്ടുമെന്റുകളിലെയും റിസർച്ച് സെന്ററുകളിലെ സെൻട്രൽ അല്ലെങ്കിൽ സ്റ്റേറ്റ് ഗവൺമെന്റ് അതോറിറ്റികളുടെ ഫെല്ലോഷിപ്പുകളൊന്നും ലഭിക്കാത്ത അർഹരായ എല്ലാ ഗവേഷകർക്കും സയൻസ്, ആർട്സ് വിഷയ വ്യത്യാസമില്ലാതെ പ്രതിമാസം 10,000/- രൂപ നിരക്കിൽ സർവകലാശാല ഫെല്ലോഷിപ്പ് നൽകിവരുന്നുണ്ട്.

2023 വർഷം അനുവദിച്ച 108-ൽ 67, 2022 വർഷം അനുവദിച്ച 82-ൽ 25 എന്നിങ്ങനെയാണ് അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷകർക്ക് ഫെല്ലോഷിപ്പ് അനുവദിച്ചത്.

**കാലിക്കറ്റ് സർവകലാശാല ബി.എഡ്. പഠന കേന്ദ്രങ്ങൾ**

**170 (1794)** ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാല നടത്തുന്ന എത്ര ബി.എഡ്. പഠന കേന്ദ്രങ്ങളാണുള്ളതെന്ന് വിശദമാക്കുമോ?

കാലിക്കറ്റ് സർവകലാശാലയുടെ നേരിട്ടുള്ള ഭരണത്തിനുകീഴിൽ 11 ബി.എഡ്. പഠന കേന്ദ്രങ്ങളാണ് നിലവിലുള്ളത്.

(ബി) ഇതിൽ എൻ.സി.ടി.ഇ. അംഗീകാരമുള്ള പഠന കേന്ദ്രങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

10-01-2024-ന് ചേർന്ന എൻ.സി.ടി.ഇ. സതേൺ റീജിയണൽ കമ്മിറ്റിയുടെ നാനൂറ്റി മുപ്പത്തി ഒന്നാമത് (431st) യോഗത്തിൽ പരിശോധന പൂർത്തിയാക്കിയ 10 സെന്ററുകളിൽ 5 സെന്ററുകൾക്ക് (ക്യൂട്ടെക്-കണിയാമ്പറ്റ, ക്യൂട്ടെക്-ചക്കിട്ടപാറ, ക്യൂട്ടെക്-മഞ്ചേരി, ക്യൂട്ടെക്-വടകര, ക്യൂട്ടെക്-കാലിക്കറ്റ്) അംഗീകാരം തുടരാനുള്ള അനുമതി നൽകാനും പരിശോധന പൂർത്തിയാക്കാത്ത കേന്ദ്രത്തിൽ സന്ദർശനം നടത്താനും SRC തീരുമാനിച്ചിട്ടുണ്ട്. എൻ.സി.ടി.ഇ. പരിശോധന പൂർത്തിയാക്കിയ ബാക്കി അഞ്ച് കേന്ദ്രങ്ങൾക്ക് സതേൺ റീജിയണൽ കമ്മിറ്റി ഷോകോസ് നോട്ടീസുകൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഷോകോസ്

നോട്ടീസുകൾക്കുള്ള മറുപടി പരിഗണിച്ചതിനുശേഷം ബാക്കിയുള്ളവയ്ക്ക് അംഗീകാരം തുടർന്നും നൽകുന്നതിൽ അനുകൂലമായ നടപടി എൻ.സി.ടി.ഇ. സതേൺ റീജിയണൽ കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ കൈക്കൊള്ളുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇതിൽ എത്ര ബി.എഡ്. കേന്ദ്രങ്ങൾക്കാണ് സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ളതെന്ന് വിശദമാക്കുമോ?

പതിനൊന്ന് ബി.എഡ്. പഠന കേന്ദ്രങ്ങളിൽ കൃൂട്ടെക് ചാലക്കുടി ഒഴികെയുള്ള പത്ത് സെന്ററുകൾക്ക് നിലവിൽ ഭൂമിയും സ്വന്തമായി കെട്ടിടവുമുണ്ട്.

**വിദേശത്തും അന്യസംസ്ഥാനത്തുമുള്ള സർവകലാശാലകളിൽ പ്രവേശനം നേടിയ മലയാളി വിദ്യാർത്ഥികൾ**

**171 (1795)** <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും വിദേശ സർവകലാശാലകളിൽ പഠനത്തിനായി

പ്രവേശനം നേടിയ മലയാളി വിദ്യാർഥികളുടെ കണക്ക് വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ ഓരോ അക്കാദമിക വർഷവും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ സർവകലാശാലകളിൽ പഠനത്തിനായി പ്രവേശനം നേടിയ മലയാളി വിദ്യാർഥികളുടെ കണക്ക് വാർഷികാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ സംസ്ഥാനത്തെ ഓരോ സർവകലാശാലയിലും എഞ്ചിനീയറിംഗിനും മെഡിസിനും ഉൾപ്പെടെ വിവിധ ഡിപ്ലോമ, ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനം നേടിയ മലയാളി വിദ്യാർഥികളുടെയും പുറത്തുനിന്നുള്ള വിദ്യാർഥികളുടെയും എണ്ണം അക്കാദമിക വർഷത്തിന്റെ അടിസ്ഥാനത്തിൽ വിഷയം തിരിച്ച് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് മറ്റ് സംസ്ഥാനങ്ങളെയും വിദേശ രാജ്യങ്ങളെയും ആശ്രയിക്കുന്ന വിദ്യാർഥികളുടെ വിവരം ശേഖരിക്കുന്നതിന് നിലവിൽ സംവിധാനമില്ല.

എന്നാൽ വിദേശ രാജ്യങ്ങളിലേക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോയിട്ടുള്ള വിദ്യാർഥികളിൽ ചിലർ നോർക്ക റൂട്ട്സിന്റെ സ്റ്റുഡന്റ്സ് ഐ.ഡി. കാർഡ് പദ്ധതി പ്രകാരം നോർക്ക റൂട്ട്സിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | വർഷം | രജിസ്റ്റർ ചെയ്ത വിദ്യാർഥികൾ |
|---|---|---|
| 1 | 2021 | 2022 |
| 2 | 2022 | 3526 |
| 3 | 2023 | 2504 |

**ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ**

**172 (1796)** **<u>ശ്രീ. എം. വിജിൻ</u>:** താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ പഠിക്കാമെന്ന യു.ജി.സി. നിർദ്ദേശം സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒരേ സമയം രണ്ട് അക്കാദമിക് പ്രോഗ്രാമുകൾ പഠിക്കാമെന്ന യു.ജി.സി. നിർദ്ദേശം നിലവിൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഒന്ന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ ക്ലാസ് റൂം വഴിയും മറ്റൊന്ന് ഓപ്പൺ ആൻഡ് ഡിസ്റ്റൻസ് ലേണിംഗ് (ODL) ഓൺലൈൻ മോഡിലും പഠിക്കാവുന്നതാണ്. ശ്രീനാരായണ ഓപ്പൺ സർവകലാശാലയും ഒരേ സമയം 2 കോഴ്സുകൾ പഠിക്കുന്നതിന് അനുവദിക്കുന്നുണ്ട്. മറ്റ് സർവകലാശാലകളിൽ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

**സർവകലാശാലകളുടെ തനത് ഫണ്ട് വിനിയോഗം**

**173 (1797)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പുസാമ്പത്തിക വർഷംവരെ ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ തനത് ഫണ്ടിൽ (റെസീപ്റ്റ്സ് ഫ്രം ഓൺ റിസോഴ്സസ്) ഓപ്പണിംഗ് ബാലൻസായി

ലഭ്യമായിരുന്ന തുകയുടെ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ തനത് ഫണ്ടിലേക്ക് ഏതെല്ലാം ഇനങ്ങളിൽ തുക വരവ് ലഭിച്ചിട്ടുണ്ടെന്നതിന്റെ ഓരോ ഇനത്തിലും ലഭിച്ച തുകയുടെയും വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(സി) വിവിധ സർവകലാശാലകൾ പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷവും തങ്ങളുടെ തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിലെ ഓരോ സാമ്പത്തിക വർഷത്തിന്റെയും അവസാനത്തിൽ സംസ്ഥാനത്തെ വിവിധ സർവകലാശാലകളുടെ തനത് ഫണ്ടിൽ ലഭ്യമായിരുന്ന നീക്കിയിരിപ്പ് (ക്ലോസിംഗ് ബാലൻസ്) തുകയുടെ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത കാലയളവിൽ ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയുടെ വിതരണത്തിനും നിർമ്മാണ/നിർമ്മാണേതര പദ്ധതികൾക്കും

ഓരോ സർവകലാശാലയും തങ്ങളുടെ തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) അതത് സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ സർവകലാശാലകൾക്ക് പ്ലാൻ ഗ്രാന്റിനത്തിലും നോൺപ്ലാൻ ഗ്രാന്റിനത്തിലും വകയിരുത്തിയ തുക പൂർണ്ണമായും സർക്കാർ അനുവദിക്കാത്തതുമൂലം പ്ലാൻ, നോൺ പ്ലാൻ ചെലവുകൾ പൂർത്തീകരിച്ചതിന് 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പുസാമ്പത്തിക വർഷംവരെ സർവകലാശാലകൾ തങ്ങളുടെ തനത് ഫണ്ടിൽനിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ഓരോ സർവകലാശാലയും തിരിച്ചു ലഭ്യമാക്കാമോ?

(എ-എഫ്) സർവകലാശാല തിരിച്ചുള്ള വിവരം അനുബന്ധം 1-6+ ആയി ചേർത്തിട്ടുണ്ട്.

**പുതുതായി സ്ഥാപിച്ച സർവകലാശാലകൾ**

**174 (1798)** <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് 2016 മുതൽ 2023 വരെയുള്ള കാലയളവിൽ പുതുതായി സ്ഥാപിച്ച സർവകലാശാലകൾ ഏതെല്ലാമാണെന്നും അവയുടെ പ്രാരംഭ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കാമോ?

2016 മുതൽ 2023 വരെയുള്ള കാലയളവിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല ആരംഭിച്ചിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിക്ക് യു.ജി.സി. ആക്ടിലെ സെക്ഷൻ 2(f) പ്രകാരം ഓപ്പൺ ഡിസ്റ്റൻസ് ലേണിംഗിലൂടെ (ODL) പ്രവർത്തിക്കാനുള്ള അനുമതി UGC ലഭ്യമാക്കിയിട്ടുണ്ട്.

കോഴ്സുകൾക്കാവശ്യമായ SLM (Self Learning Materials) തയ്യാറാക്കിയിട്ടുണ്ട്. 46 അധ്യാപകരെ നാല് സ്കൂളുകളിലായി നിയമിച്ച് അക്കാദമിക് വിഭാഗം പ്രവർത്തനം തുടങ്ങി. School of Languages, School of Humanities and Social Science, School of Law and Business Studies, School of Communication and Information Science എന്നീ പഠന വകുപ്പുകളിൽ മേധാവികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാല് പ്രാദേശിക കേന്ദ്രങ്ങളിലേയ്ക്കും ഡയറക്ടർമാരെ

സർക്കാർ നിയമിച്ചു. സംസ്ഥാനത്തുടനീളം അൻപതോളം ലേണേഴ്സ് സപ്പോർട്ട് സെന്ററുകൾ കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സർവകലാശാലയിൽ 118 അധ്യാപക-അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിലെ ഏതെല്ലാം കോഴ്സുകൾക്ക് നിലവിൽ യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത കോഴ്സുകളുടെ നടത്തിപ്പും വിവരിക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ വിദൂര വിദ്യാഭ്യാസ രീതിയിൽ നടത്തുന്നതിന് യു.ജി.സി.-യിൽനിന്നും അംഗീകാരം ലഭിച്ച കോഴ്സുകളുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെല്ലാം സർവകലാശാലകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ സർവകലാശാലകൾക്ക് പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അംഗീകാരങ്ങളുടെ വിശദവിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ഡി) സംസ്ഥാനത്തെ സർവകലാശാലകളിലും ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമായി ഇതര സംസ്ഥാനങ്ങളിൽനിന്നും ഇതര രാജ്യങ്ങളിൽനിന്നും എത്ര വിദ്യാർഥികൾ പഠിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

മഹാത്മാഗാന്ധി സർവകലാശാലയിൽ പ്രവേശനം നേടിയ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ളവർ 2021-22 അധ്യയന വർഷം - 163, 2022-23 അധ്യയന വർഷം- 249, 2023-24 അധ്യയന വർഷം- 252.

കാലിക്കറ്റ് സർവകലാശാലയിൽ പ്രവേശനം നേടിയ ഇതര സംസ്ഥാനത്തെ വിദ്യാർഥികൾ 2022-23 അധ്യയന വർഷം - 78 പേർ, 2023- 24 അധ്യയന വർഷം - 60 പേർ.

കണ്ണൂർ സർവകലാശാലയിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും ആകെ 222 വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സർവകലാശാലയിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും 15 വിദ്യാർഥികൾ പഠനം നടത്തുന്നുണ്ട്. ന്യുവാൽസിൽ ഇതര സംസ്ഥാനങ്ങളിൽനിന്നും 124 വിദ്യാർഥികൾ പഠിക്കുന്നുണ്ട്. സംസ്ഥാനത്ത് ഇതര രാജ്യങ്ങളിൽനിന്നും ആകെ 371 വിദ്യാർഥികൾ പഠിക്കുന്നുണ്ട്.

**കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ അപകടം**

**175 (1799)** ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാല ആസ്ഥാനത്ത് കലാപരിപാടികൾക്കിടയിൽ അപകടത്തിൽപ്പെട്ട് 4 കുട്ടികൾ മരണപ്പെടുകയും നിരവധി പേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ടെക്ഫെസ്റ്റിന്റെ ഭാഗമായി നടത്തിയ സംഗീത പരിപാടിക്കിടെയുണ്ടായ തിക്കിലും തിരക്കിലുംപെട്ട് വിദ്യാർഥികൾ

ഉൾപ്പെടെ നാലുപേരുടെ ജീവൻ നഷ്ടപ്പെടുന്നതിനും 60-നമുകളിൽ വിദ്യാർഥികൾക്ക് പരിക്കേൽക്കുന്നതിനും ഇടയായ സംഭവം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ 25-11-2023-ൽ ഉന്നതവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന്, കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിൽ 25-11-2023-ൽ ടെക്ഫെസ്റ്റിവലുമായി ബന്ധപ്പെട്ട പരിപാടിക്കിടെടയിൽ അപകടത്തിൽ 4 പേർ മരിക്കാനിടയായ ദാരുണ സംഭവത്തെ സംബന്ധിച്ച് സമഗ്ര അന്വേഷണം നടത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് സമാനമായ പരിപാടികൾ കാമ്പസ്സുകളിൽ നടത്തുമ്പോൾ പാലിക്കേണ്ട പൊതുനിർദ്ദേശങ്ങൾ ഉൾപ്പെട്ട ഒരു പെരുമാറ്റച്ചട്ടം തയ്യാറാക്കുന്നതിനും ഡോ. സജി ഗോപിനാഥ് (വൈസ് ചാൻസലർ, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല), ഡോ. രാജശ്രീ എം. എസ്. (മുൻ വൈസ് ചാൻസലർ, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാല; സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ), ഡോ. ബൈജു കെ. ആർ. (പ്രൊഫസർ ആൻഡ് ഹെഡ്, സ്കൂൾ ഓഫ്

എൻവയോൺമെന്റൽ സയൻസസ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ്; ഡീൻ, എൻവയോൺമെന്റൽ & അറ്റ്മോസ്ഫെറിക് സയൻസസ്, മഹാത്മാഗാന്ധി സർവകലാശാല) എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 28-11-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 1749/2023/HEDN പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി അതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധനയിലാണ്.

(ബി) ഇത്തരത്തിൽ ഒരു കലാപരിപാടി സംഘടിപ്പിച്ചത് സംബന്ധിച്ച് വൈസ് ചാൻസലർക്കും രജിസ്ട്രാർക്കും അറിവുണ്ടായിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

അന്വേഷണ റിപ്പോർട്ട് സർക്കാർ പരിശോധനയിലാണ്.

(സി) വിദ്യാർഥികൾ സംഘടിപ്പിച്ച കലാപരിപാടിക്കാവശ്യമായ സുരക്ഷാ സംവിധാനമൊരുക്കുന്ന കാര്യത്തിൽ വീഴ്ച ആരുടെ ഭാഗത്താണെന്ന് വ്യക്തമാക്കാമോ? വിശദാംശം ലഭ്യമാക്കുമോ?

ടി വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ളതാണ്.

## കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ നിയമനം

**176 (1800)** ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി പ്രൊഫ. ഗോപിനാഥ് രവീന്ദ്രന് നിയമനം നൽകിയതുമായി ബന്ധപ്പെട്ട് വിവിധ കോടതികളിലെ നിയമ നടപടികൾക്കായി സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി പ്രൊഫസർ ഗോപിനാഥ് രവീന്ദ്രന് നിയമനം നൽകിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ നിയമ നടപടികൾക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) *പ്രൊഫ.* ഗോപിനാഥ് രവീന്ദ്രന്റെ നിയമനം സുപ്രീംകോടതി റദ്ദാക്കിയത് പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് വീണ്ടും കോടതിയെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സമീപിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

*പ്രൊഫ.* ഗോപിനാഥ് രവീന്ദ്രന്റെ നിയമനം ബഹുമാനപ്പെട്ട സുപ്രീംകോടതി റദ്ദുചെയ്തത് സംബന്ധിച്ച് സംസ്ഥാന സർക്കാരിനുവേണ്ടി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധന ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

**കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ നിയമനം**

**177 (1801)** <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി *പ്രൊഫ.* ഗോപിനാഥ് രവീന്ദ്രന് നിയമനം നൽകിയതെന്നാണ്; പ്രസ്തുത തീയതി മുതൽ നാളിതുവരെ അദ്ദേഹം ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി എത്ര രൂപ കൈപ്പറ്റിയിട്ടുണ്ട്; വിശദാംശങ്ങൾ പ്രതിമാസ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

24-11-2017-ന് കണ്ണൂർ സർവകലാശാല വൈസ് ചാൻസലറായി *പ്രൊഫ.* ഗോപിനാഥ് രവീന്ദ്രൻ നിയമിതനായി. പ്രസ്തുത തീയതി മുതൽ 31-10-2023 വരെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി കൈപ്പറ്റിയ തുകയുടെ പ്രതിമാസ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) *പ്രൊഫ.* ഗോപിനാഥ് രവീന്ദ്രന്റെ കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ പദവിയിലുള്ള നിയമനം സുപ്രീംകോടതി റദ്ദാക്കിയ സാഹചര്യത്തിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി അദ്ദേഹം കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി *പ്രൊഫ.* ഗോപിനാഥ് രവീന്ദ്രൻ കൈപ്പറ്റിയ തുക തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് തീരുമാനങ്ങളൊന്നും സർവകലാശാല കൈക്കൊണ്ടിട്ടില്ല.

**സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാർ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**178 (1802)** <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര സർവകലാശാലകളിൽ നിലവിൽ സ്ഥിരം വൈസ് ചാൻസലർ (വി.സി.)-മാർ ഇല്ലെന്നും ഏത് തീയതി മുതലാണ് പ്രസ്തുത പദവിയിൽ ഒഴിവ് വന്നതെന്നും അറിയിക്കുമോ; വിശദാംശം നൽകുമോ?

കേരള, എം.ജി., കണ്ണൂർ, ന്യുവാൽസ്, തുഞ്ചത്തെഴുത്തച്ഛൻ മലയാള, കുസാറ്റ്, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലകളിൽ നിലവിൽ സ്ഥിരം വൈസ് ചാൻസലർമാരില്ല. കേരള സർവകലാശാലയുടെ വൈസ് ചാൻസലർ പദവിയിൽ 25-10-2022 മുതൽ ഒഴിവ് വന്നിട്ടുണ്ട്. നിലവിൽ കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) മോഹനൻ കുന്നുമ്മൽ കേരള സർവകലാശാലയുടെ വൈസ് ചാൻസലർ പദവികൂടി നിർവ്വഹിക്കുന്നു.

മഹാത്മാഗാന്ധി സർവകലാശാലയിൽ 28-05-2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. 05-06-2023 മുതൽ പ്രൊഫ. സി. റ്റി. അരവിന്ദകുമാർ വൈസ് ചാൻസലറുടെ ചുമതല നിർവഹിക്കുന്നു.

കണ്ണൂർ സർവകലാശാലയിൽ 01-12-2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 24-04-2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. പ്രസ്തുത തീയതി മുതൽ സർവകലാശാലയിലെ പ്രോ-വൈസ് ചാൻസലറായിരുന്ന ഡോ. പി. ജി. ശങ്കരൻ വൈസ് ചാൻസലറുടെ ചുമതല വഹിച്ചുവരുന്നു.

നുവാൽസിൽ 24-01-2023 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. 24-01-2023 മുതൽ ജസ്റ്റിസ് (റിട്ട.) സിരിജഗൻ എസ്. ആക്ടിംഗ് വൈസ് ചാൻസലറായി തുടരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലയിൽ 01-03-2023 മുതൽ സ്ഥിരം വൈസ് ചാൻസലർ ഇല്ല. 07-06-2023 മുതൽ ഡോ. സുഷമ എൽ. വൈസ് ചാൻസലറുടെ ചാർജ്ജ് വഹിച്ചുവരുന്നു.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവകലാശാലയിൽ 21-10-2022 മുതൽ വൈസ് ചാൻസലറുടെ ഒഴിവ് വന്നിട്ടുണ്ട്. ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സജി ഗോപിനാഥ് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്നു.

(ബി) സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം സർവകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ നടപടികളെ ദോഷകരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥിരം വി.സി.-മാരെ നിയമിക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്ഥിരം വൈസ് ചാൻസലർമാരുടെ അഭാവം സർവകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ നടപടികളെ ദോഷകരമായി ബാധിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്.

**സാന്റാമോണിക്ക ഡയറക്ടർക്ക് ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നിയമനം**

**179 (1803)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീമതി കെ. കെ. രമ:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിദ്യാഭ്യാസ റിക്രൂട്ട്മെന്റ് ഏജൻസിയായ സാന്റാമോണിക്ക ഡയറക്ടറെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടറെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നിയമിക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) ആരോപണം നേരിടുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടറെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നിയമിച്ച നടപടി പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

(എ-സി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സിൻഡിക്കേറ്റിൽനിന്നും ഡോ. പ്രേംകുമാർ കെ. പി. രാജിവച്ച ഒഴിവിൽ സർവകലാശാല സിൻഡിക്കേറ്റിലേക്ക് ഡോ. റെനി സെബാസ്റ്റ്യൻ, ഹൗസ് നം. 24, ഡി.ഡി. വില്ലേജ്, മെയ് ഫസ്റ്റ് റോഡ്, തമ്മനം പി.ഒ., കൊച്ചി-682032-നെയും യൂണിവേഴ്സിറ്റിയിലെ രജിസ്റ്റേർഡ് വിദ്യാർഥികളുടെ

വിഭാഗത്തിൽനിന്ന് ശ്രീമതി അനശ്രീ കെ., കോളോത്ത് വീട്, കോഴൂർ, എരുവട്ടി പി.ഒ., കണ്ണൂർ, പിൻ- 670642 (എം.എ. ഹിസ്റ്ററി ഒന്നാം വർഷ വിദ്യാർഥി)-യെയും നാമനിർദ്ദേശം ചെയ്തുകൊണ്ട് 10-01-2024-ൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയിരുന്ന ഡോ. റെനി സെബാസ്റ്റ്യൻ വിദ്യാഭ്യാസ വിദഗ്ധ എന്ന നിലയിലാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടത്.

**കാലിക്കറ്റ് സർവകലാശാലയിലെ അധ്യാപക നിയമനം**

**180 (1804)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-12-2019-ലെ നോട്ടിഫിക്കേഷൻ നമ്പർ ജി.എ.-II സി1/156687/2019/അഡ്മിൻ പ്രകാരമുള്ള അധ്യാപക നിയമനങ്ങളിൽ കാലിക്കറ്റ് സർവകലാശാല ഔട്ട് ഓഫ് ടേണായി നാല് ശതമാനം ഭിന്നശേഷി സംവരണം അനുവദിച്ചത് സുപ്രീംകോടതിയുടെ ഇന്ദ്രാസാഹ്നിയും യൂണിയൻ ഓഫ് ഇന്ത്യയും തമ്മിലുള്ള കേസിലെ വിധിക്കെതിരാണെന്നും

ആയതിനാൽ റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുനഃക്രമീകരിക്കണമെന്നുമുള്ള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഡബ്ല്യു.എ. നം.1527/2021 കേസിലെ ഉത്തരവിനും ആയത് ശരിവച്ച സുപ്രീംകോടതിയുടെ സ്പെഷ്യൽ ലീവ് അപ്പീൽ (സി) നം.10045/2023 കേസിലെ ഉത്തരവിനും അനുസൃതമായി റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുനഃക്രമീകരിക്കുന്നതിന് നാളിതുവരെ സർവകലാശാല സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പുതുക്കിയ റൊട്ടേഷൻ ചാർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവകലാശാല നടത്തിയ 31-12-2019-ലെ നോട്ടിഫിക്കേഷൻ നമ്പർ ജി.എ.-II സി1/156687/2019/Admn പ്രകാരമുള്ള അധ്യാപക നിയമനത്തിനെതിരെ ഡോ. അനുപമ കെ. പി. ഫയൽ ചെയ്ത WP(C)No. 16456/2021 കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർവകലാശാലയുടെ നിയമന പ്രക്രിയ രീതി അംഗീകരിച്ചുകൊണ്ട് ഉത്തരവായിരുന്നു. എന്നാൽ ഡോ. അനുപമ കെ. പി. ഹൈക്കോടതിയിൽ WA No.1527/2021 in WP(C)No.16456/2021 നമ്പർ അപ്പീൽ സമർപ്പിക്കുകയും

തുടർന്ന് സിംഗിൾ ബെഞ്ചിന്റെ വിധി ഡിവിഷൻ ബെഞ്ച് റദ്ദുചെയ്യുകയും പരാതിക്കാരിക്ക് നിയമനം നൽകാനും അതോടൊപ്പം സംവരണ പട്ടിക പുനഃക്രമീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് WA No. 1527/2021 in WP(C)No.16456/2021 കേസിലെ 03-02-2023-ലെ കോടതി വിധിയനുസരിച്ച് ഡോ. അനുപമ കെ. പി.-യെ ജേണലിസം ആൻഡ് മാസ്സ് കമ്മ്യൂണിക്കേഷൻ പഠന വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസറായി നിയമിച്ചു. കോടതി വിധിയിലെ മറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സർവകലാശാല സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, WP(C)No.129 of 2024 കേസിലെ കോടതി വിധി അനുസരിച്ചുള്ള നടപടിയും പൂർത്തിയാകേണ്ടതുണ്ട്.

(ബി) പ്രസ്തുത കോടതി ഉത്തരവുകൾക്കനുസൃതമായി റൊട്ടേഷൻ ചാർട്ട് പുതുക്കി നിയമനങ്ങൾ പുനഃക്രമീകരിക്കുന്നതിനുമുമ്പെ പഠന വകുപ്പുകളിലെ അധ്യാപക തസ്തികകളിലെ ഒഴിവുകളിലേക്ക് സ്ഥിരനിയമനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് സർവകലാശാല സിൻഡിക്കേറ്റ്

തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന് ആധാരമായ വസ്തുതകളുടെ വിശദാംശം ലഭ്യമാക്കാമോ?

അധ്യാപകരുടെ വിരമിക്കൽ കാരണം ധാരാളം ഒഴിവുകളുള്ളതിനാലും അധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ഭാവിയിൽ വരാനിരിക്കുന്ന NAAC, NIRF തുടങ്ങിയ റാങ്കിംഗ് ഏജൻസികളുടെ സന്ദർശനത്തിൽ ഉയർന്ന ഗ്രേഡ് കരസ്ഥമാക്കാൻ വിഘാതം സൃഷ്ടിക്കുമെന്ന വസ്തുതയും മുൻകൂട്ടിക്കണ്ടാണ് സർവകലാശാല പഠന വകുപ്പുകളിലെ ഒഴിവുവന്ന അധ്യാപക തസ്തികകളിലേക്ക് (അസിസ്റ്റന്റ് പ്രൊഫസർ, അസ്സോസിയേറ്റ് പ്രൊഫസർ, പ്രൊഫസർ) സ്ഥിരനിയമനം നടത്തുന്നതിന് വിജ്ഞാപനം പുറപ്പെടുവിക്കാൻ സിൻഡിക്കേറ്റ് തീരുമാനിച്ചത്.

(സി) പഠനവകുപ്പുകളിലെ അധ്യാപക തസ്തികകളിലേക്ക് സ്ഥിരനിയമനം നടത്തുന്നതിന് സർവകലാശാല സിൻഡിക്കേറ്റിന്റെ പ്രസ്തുത തീരുമാനത്തിന്മേൽ സർവകലാശാല നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്നും അവയുടെ പകർപ്പുകളും ലഭ്യമാക്കാമോ?

തുടർനടപടികൾ സർവകലാശാല സ്വീകരിച്ചുവരുന്നതേയുള്ളൂ.

**സർവകലാശാലകളിലെ അധ്യാപക-അനധ്യാപക നിയമനങ്ങൾ**

**181 (1805)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ നിലവിലുള്ള വിവിധ അധ്യാപക-അനധ്യാപക തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) 01-01-1985 മുതൽ സംസ്ഥാനത്തെ സർവകലാശാലകളിൽ വിവിധ അധ്യാപക-അനധ്യാപക തസ്തികകളിലേക്കുള്ള സ്ഥിരനിയമനത്തിനായി അവലംബിച്ച റൊട്ടേഷൻ ചാർട്ട്, വിവിധ തസ്തികകളുടെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ എന്നിവയുടെ പകർപ്പുകൾ സർവകലാശാലയും തസ്തികയും തിരിച്ച് ലഭ്യമാക്കാമോ;

(സി) റൊട്ടേഷൻ ചാർട്ട്, എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്റർ എന്നിവയുടെ പകർപ്പുകൾ ലഭ്യമല്ലെങ്കിൽ അവ ലഭ്യമല്ലാത്തതിന്റെ കാരണങ്ങളും വിശദാംശങ്ങളും പ്രത്യേകമായി ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഓപ്പൺ സർവകലാശാല സിൻഡിക്കേറ്റിലേക്കുള്ള നിയമനം**

**182 (1806)** ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ സർവകലാശാലകളിലേക്ക് കുട്ടികളെ പഠനത്തിന് അയയ്ക്കുന്ന കൺസൾട്ടൻസി സ്ഥാപനമായ സാന്റാമോണിക്കയുടെ ഡയറക്ടറെ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് തെരഞ്ഞെടുക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) വിദേശ സർവകലാശാലകളിലേക്ക് കുട്ടികളെ പഠനത്തിന് അയക്കുന്ന ഏജൻസിയുടെ ഡയറക്ടറെ ഓപ്പൺ സർവകലാശാലയുടെ സിൻഡിക്കേറ്റിലേക്ക് നിയമിക്കാൻ ശിപാർശ ചെയ്തത് ആരാണെന്നും ഏത് രംഗത്തെ വിദഗ്ധ എന്ന നിലയിലാണ് നിയമിച്ചതെന്നും വ്യക്തമാക്കുമോ; പ്രസ്തുത തീരുമാനം റദ്ദാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലാ സിൻഡിക്കേറ്റിൽനിന്നും ഡോ. പ്രേംകുമാർ കെ. പി. രാജിവച്ച ഒഴിവിൽ സർവകലാശാല സിൻഡിക്കേറ്റിലേക്ക് ഡോ. റെനി സെബാസ്റ്റ്യൻ, ഹൗസ് നം. 24, ഡി.ഡി. വില്ലേജ്, മെയ് ഫസ്റ്റ് റോഡ്, തമ്മനം പി.ഒ., കൊച്ചി 682032-യെയും യൂണിവേഴ്സിറ്റിയുടെ രജിസ്റ്റേഡ് വിദ്യാർഥികളുടെ വിഭാഗത്തിൽനിന്നും അനശ്രീ കെ., കോളോത്ത് വീട്, കോഴൂർ, എരുവട്ടി പി.ഒ., കണ്ണൂർ, പിൻ-670 642 (എം.എ. ഹിസ്റ്ററി ഒന്നാം വർഷ വിദ്യാർഥി) -യെയും നാമനിർദ്ദേശം ചെയ്തുകൊണ്ട് 10-01-2024-ൽ ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയിരുന്ന ഡോ. റെനി സെബാസ്റ്റ്യൻ വിദ്യാഭ്യാസ വിദഗ്ദ്ധ എന്ന നിലയിലാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടത്.

**കാലിക്കറ്റ് സർവകലാശാല മാർക്ക് വിവാദം**

**183 (1807)** **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:**
**ശ്രീ. ഷാഫി പറമ്പിൽ:**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:**

<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയിൽ പൂജ്യം മാർക്ക് ലഭിച്ച ഭരണപക്ഷ വിദ്യാർഥി സംഘടനാ നേതാവിന് ഇന്റേണൽ പരീക്ഷയിൽ ആറ് മാർക്ക് കൂട്ടിക്കൊടുത്ത് ബി.എസ്‌സി. പരീക്ഷ ജയിപ്പിക്കാൻ തീരുമാനമെടുത്തെന്ന ആക്ഷേപം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത നടപടി ചട്ടപ്രകാരമാണോയെന്ന് വിശദമാക്കാമോ?

കാലിക്കറ്റ് സർവകലാശാലയുടെ വിദ്യാർഥികളുടെ പരാതികൾ പരിഗണിക്കുന്നതിനുള്ള ബോർഡിന്റെ അന്വേഷണ സമിതിയുടെ 12-10-2023-ലെ യോഗത്തിൽ പ്രസ്തുത വിദ്യാർഥിയുടെ പരാതി പരിഗണിക്കുകയും പരാതി യഥാർത്ഥമാണെന്ന് സമിതി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ നൽകിയ ബോർഡിന്റെ അന്വേഷണ സമിതിയുടെ ശിപാർശ സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും ചെയ്തു. 30-10-2023-ന് നടന്ന സിൻഡിക്കേറ്റ് യോഗം ഇത് പരിഗണിക്കുകയും

കോളേജുതല പരാതി പരിഹാര സമിതിയുടെ ശിപാർശ അംഗീകരിക്കുകയും ചെയ്തു.

(സി) നോമിനേറ്റഡ് സിൻഡിക്കേറ്റാണോ പ്രസ്തുത തീരുമാനം കൈക്കൊണ്ടതെന്നും ഇങ്ങനെ ഒരു തീരുമാനം കൈക്കൊള്ളാൻ സിൻഡിക്കേറ്റിന് അധികാരമുണ്ടോയെന്നും വ്യക്തമാക്കാമോ?

സിൻഡിക്കേറ്റാണ് തീരുമാനമെടുത്തത്. പ്രസ്തുത പരാതിയിന്മേൽ വിദ്യാർഥികളുടെ പരാതികൾ പരിഗണിക്കുന്നതിനുള്ള ബോർഡിന്റെ അന്വേഷണ സമിതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നൽകിയ ശിപാർശ സിൻഡിക്കേറ്റ് പരിഗണിക്കുകയും കോളേജ് പരാതി പരിഹാര സമിതിയുടെ ശിപാർശ അംഗീകരിക്കുകയുമാണ് ചെയ്തത്.

**കാലിക്കറ്റ് സർവകലാശാല അധ്യാപക തസ്തികകളിലെ ബാക്ക്‌ലോഗ് ഒഴിവുകൾ**

**184 (1808)** **ശ്രീ. മഞ്ഞളാംകുഴി അലി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാല പഠന വകുപ്പുകളിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളിലെ സംവരണ ബാക്ക്‌ലോഗ് വേക്കൻസികളിലെ

നിയമനവുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല രജിസ്ട്രാർ, ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിക്ക് അയച്ച 22-04-2014, 28-03-2014 എന്നീ തീയതികളിലെ 9833/ജി.എ.-II-സി-എസ്.ഒ./2013/സി.യു (I) നമ്പർ കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത കത്തുകൾപ്രകാരം ഏതെല്ലാം പഠന വകുപ്പുകളിലാണ് അധ്യാപക തസ്തികകളിൽ വിവിധ സംവരണ വിഭാഗങ്ങളുടെ ബാക്ക്‌ലോഗ് ഒഴിവുകൾ നിലവിലുണ്ടായിരുന്നതെന്നും വിവിധ സംവരണ വിഭാഗങ്ങൾക്ക് ഓരോ പഠനവകുപ്പുകളിലും എത്ര വീതം ബാക്ക്‌ലോഗ് ഒഴിവുകളാണ് നിലവിലുണ്ടായിരുന്നതെന്നും വിശദമാക്കാമോ?

പ്രസ്തുത വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സർവകലാശാല സർക്കാരിലേക്ക് നൽകിയ കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പ്രസ്തുത കത്തുകളിൽ സർക്കാർ സ്വീകരിച്ച തുടർനടപടികളുടെയും സർക്കാരിൽനിന്നും നൽകിയ മറുപടികളുടെയും പകർപ്പുകളും വിശദവിവരങ്ങളും ലഭ്യമാക്കാമോ?

കാലിക്കറ്റ് സർവകലാശാലയുടെ 28-03-2014-ലെ കത്തിന് സർക്കാർ നൽകിയ മറുപടിയുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പ്രസ്തുത കത്തുകളിൽ വിശദമാക്കിയ അധ്യാപക തസ്തികകളിലെ വിവിധ സംവരണ വിഭാഗങ്ങളുടെ ബാക്ക്‌ലോഗ് ഒഴിവുകൾ നികത്തുന്നതുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവകലാശാല സ്വീകരിച്ച തുടർനടപടികളുടെ പകർപ്പുകളും വിശദാംശവും ലഭ്യമാക്കാമോ?

സംവരണ വിഭാഗങ്ങളുടെ ബാക്ക്‌ലോഗ് ഒഴിവുകൾ ഉൾപ്പെടെയുള്ളവ നികത്താനായി ഇറക്കിയ 2015-ലെ വിജ്ഞാപനം WP(C) Nos. 9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 03-02-2016-ലെ ഹൈക്കോടതി വിധി പ്രകാരം റദ്ദുചെയ്യപ്പെടുകയും പുതിയ വിജ്ഞാപനമിറക്കാൻ കോടതി സർവകലാശാലയോട് ആവശ്യപ്പെടുകയും ചെയ്തു. 2015-ലെ വിജ്ഞാപനത്തിന്റെ പകർപ്പുകൾ അനുബന്ധമായി+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചേർക്കുന്നു. തുടർന്ന് WP(C) Nos.9785 of 2015-W, 17961 of 2015-U, 18659 of 2015-F & 18797 of 2015-Y dated 03-02-2016-ലെ ഹൈക്കോടതി വിധി പ്രകാരം 31-12-2019-ലെ GA II C1/104750/2019/Admn dated 31-12-2019, GAII C1/162156/2019/Admn dated 31.12.2019, GAII C1/156687/2019/Admn dated 31-12-2019 നമ്പർ വിജ്ഞാപനത്തിലൂടെ അധ്യാപക ഒഴിവുകൾ (പ്രൊഫസർ - 24, അസോസിയേറ്റ് പ്രൊഫസർ - 29, അസിസ്റ്റന്റ് പ്രൊഫസർ – 63) വിജ്ഞാപനം ചെയ്യുകയും 53 അസിസ്റ്റന്റ് പ്രൊഫസർമാർ, 16 അസോസിയേറ്റ് പ്രൊഫസർമാർ, 8 പ്രൊഫസർമാർ എന്നിവരെ നിയമിക്കുകയും ചെയ്തു.

**അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ**

**185 (1809)** <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസാപ് കേരളയ്ക്ക് പാലക്കാട് ജില്ലയിൽ എത്ര കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുണ്ടെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിൽ ലക്കിടി കിൻഫ്ര പാർക്കിലും ചാത്തന്നൂരിലുമായി അസാപ് കേരളയ്ക്കുകീഴിൽ രണ്ട് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളാണ് പ്രവർത്തിക്കുന്നത്.

**ആലപ്പുഴ മണ്ഡലത്തിലെ അസാപ് പദ്ധതികൾ**

**186 (1810)** **ശ്രീ. പി. പി. ചിത്തരഞ്ജൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ അസാപ് മുഖേന ഏതൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

അസാപ് കേരളയുടെ ആലപ്പുഴ ചെറിയ കലവൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ വിവിധ തൊഴിൽ മേഖലകളിലായി വ്യത്യസ്ത പരിശീലനപരിപാടികൾ നടപ്പിലാക്കിവരുന്നു.

ആലപ്പുഴ ജില്ലാ പഞ്ചായത്തും കുടുംബശ്രീ ജില്ലാ മിഷനും സംയുക്തമായി ഒരുക്കിയ പദ്ധതിയിലുൾപ്പെടുത്തി ജില്ലയിലെ അറുപതോളം വരുന്ന വനിതകൾക്ക് സൗജന്യമായി ക്രാഫ്റ്റ് ബേക്കർ കോഴ്സ്, ഫിറ്റ്നസ് ട്രെയിനർ കോഴ്സ് എന്നിവയുടെ പരിശീലനം നൽകി. ജില്ലാ വ്യവസായ

വകുപ്പിന്റെ പദ്ധതിയിൽ നാൽപ്പതോളം വരുന്ന യുവസംരംഭകർക്ക് ആർറ്റിസണൽ ബേക്കറി, ബ്യൂട്ടി ആൻഡ് വെൽനെസ്സ് കോഴ്സ് പരിശീലനം നൽകി. വനിതാ ശിശു വികസന വകുപ്പിന്റെ പദ്ധതിയായ "ബേട്ടി ബച്ചാവോ ബേട്ടി പഠാവോ" വഴി ആലപ്പുഴ ജില്ലയിലെ 18-നും 21-നും ഇടയിൽ പ്രായമുള്ള പെൺകുട്ടികൾക്ക് മാത്രമായി സൗജന്യ ഫിറ്റ്നസ് ട്രെയിനർ, ബ്യൂട്ടി തെറാപ്പിസ്റ്റ്, ബേസിക് പ്രൊഫിഷ്യൻസി-ഇൻ-കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എന്നീ പരിശീലന പരിപാടികളും നടത്തുന്നു.

കൊച്ചിൻ ഷിപ്പ്‌യാർഡ് സി.എസ്.ആർ. ധനസഹായത്തോടെ ഒരു വർഷത്തെ സൗജന്യ മൊബൈൽ ഹാർഡ്‌വെയർ റിപ്പെയർ ടെക്നീഷ്യൻ കോഴ്സിലൂടെ ഇരുപത്തിരണ്ടോളം യുവതീയുവാക്കൾ പരിശീലനം നേടുന്നു. എസ്.സി/എസ്.ടി. വിഭാഗത്തിലെയും മത്സ്യത്തൊഴിലാളി വിഭാഗത്തിലെയും മുപ്പതിൽപ്പരം യുവതീയുവാക്കൾക്ക് ഫിറ്റ്നസ് ട്രെയിനർ കോഴ്സിൽ പരിശീലനവും നൽകിവരുന്നു.

കേന്ദ്ര ധനസഹായത്തോടെ സ്കിൽ ഹബ്ബ് പദ്ധതിയിൽ 18-നും 45-നും ഇടയിൽ പ്രായമുള്ള 150 യുവതീയുവാക്കൾക്ക് ഫിറ്റ്നസ് ട്രെയിനർ,

അസിസ്റ്റന്റ് യോഗ ഇൻസ്ട്രക്ടർ, ഹെയർ ഡ്രസിംഗ് അസിസ്റ്റന്റ്, ഓഫീസ് അസിസ്റ്റന്റ് എന്നീ കോഴ്സുകളിൽ പരിശീലനം നൽകിവരുന്നു. ഫിറ്റ്നസ് ട്രെയിനർ കോഴ്സിൽ 24 യുവതീയുവാക്കൾ പരിശീലനം നടത്തുന്നു. ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ്/നഴ്സിംഗ് അസിസ്റ്റന്റ് കോഴ്സിൽ മുപ്പത്തിയഞ്ചിൽപ്പരം യുവതീയുവാക്കൾ പരിശീലനം നടത്തിവരുന്നു.

കേരളാ നോളജ് ഇക്കോണമി മിഷനുമായി സഹകരിച്ച് ആലപ്പുഴയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൈപുണ്യവികസനത്തിനായി വിഭാവനം ചെയ്തിരിക്കുന്ന തുക ഉപയോഗിച്ച് തൊഴിലധിഷ്ഠിത പരിശീലനം നൽകുകയെന്നതാണ് ആലപ്പുഴ അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ഇനിവരുന്ന മാസങ്ങളിൽ ലക്ഷ്യം വയ്ക്കുന്നത്.

എം.എൽ.എ.-യുടെ പ്രാദേശിക ആസ്തി വികസന പദ്ധതി പ്രകാരം അസാപിൽ നിർമ്മിച്ച ഇ-ലേണിംഗ് ലാബ് ഉപയോഗപ്പെടുത്തി കുടുംബശ്രീ മുഖേന ദ്വിദിന കമ്പ്യൂട്ടർ സാക്ഷരതാ പരിശീലനവും നടപ്പിലാക്കാനൊരുങ്ങുകയാണ് അസാപ്. ഇതിലൂടെ ആലപ്പുഴ മണ്ഡലത്തെ സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരതാ മണ്ഡലമാക്കാനും ഉദ്ദേശിക്കുന്നുണ്ട്.

ഇ-ലേണിംഗ് ലാബ് സൗകര്യങ്ങൾ ഉപയോഗിച്ച് വെബ് ഡിസൈനിംഗ്, ഗ്രാഫിക് ഡിസൈൻ, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ കോഴ്സുകൾ പ്രദാനം ചെയ്യും. വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വ്യവസായാധിഷ്ഠിത പരിശീലനപരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കും.

ഓപ്പൺ വാട്ടർ ഡൈവർ കോഴ്സ്, അഡ്വാൻസ് ഓപ്പൺ വാട്ടർ ഡൈവർ കോഴ്സ്, റെസ്ക്യൂ ഡൈവർ, ഡൈവ്മാസ്റ്റർ കോഴ്സ്, എമർജൻസി ഫസ്റ്റ് റെസ്പോൺസ്, PADI ഇൻസ്ട്രക്ടർ വികസന കോഴ്സ്, ഡിപ്ലോമ ഇൻ ഹെയർ ഡ്രസിംഗ്, ഡിപ്ലോമ ഇൻ പ്രൊഫഷണൽ മേക്കപ്പ്, ഡിപ്ലോമ ഇൻ കോസ്മെറ്റോളജി, ഡിപ്ലോമ ഇൻ ബ്യൂട്ടി തെറാപ്പി എന്നീ കോഴ്സുകളാണ് തൊഴിലധിഷ്ഠിത പരിശീലനത്തിനായി സ്കിൽ പാർക്കിൽ ആസൂത്രണം ചെയ്തിട്ടുള്ളത്.

ഉദ്യോഗാർഥികളുടെ ആത്മവിശ്വാസവും അഭിമുഖ പരീക്ഷകളിലെ പ്രകടനവും മെച്ചപ്പെടുത്താൻ കേരള നോളജ് ഇക്കോണമി മിഷന്റെ സഹായത്തോടെ തികച്ചും സൗജന്യമായി 155 'വർക്ക് റെഡിനെസ്സ് പ്രോഗ്രാം' ആലപ്പുഴ ജില്ലയിൽ സ്കിൽ പാർക്കിന്റെ നേതൃത്വത്തിൽ 2023-ൽ

സംഘടിപ്പിച്ചു. വരുംകാലങ്ങളിൽ യുവതീയുവാക്കൾക്ക് തൊഴിലെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കുന്ന തരത്തിലുള്ള വിവിധ പരിപാടികൾ അസാപ് കേരള മറ്റ് ഏജൻസികളുടെ സഹകരണത്തോടെ സംയുക്തമായി ചെറിയ കലവൂർ സ്കിൽ പാർക്കിൽ നടപ്പിലാക്കും.

ഒന്നാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്കായി ചെസ്സ് ട്രെയിനിംഗ്, ഡ്രോയിംഗ് ക്ലാസ്, റോബോട്ടിക്സ് & കോഡിംഗ് ക്ലാസുകൾ, അബാക്കസ് ട്രെയിനിംഗ് തുടങ്ങി കുട്ടികളുടെ ബുദ്ധിപരവും സർഗാത്മപരവുമായ കഴിവുകളെ വളർത്തിയെടുക്കാനുള്ള പരിശീലനങ്ങളും സ്കിൽ പാർക്കിൽ നടന്നുവരുന്നു.

(ബി) എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം അസാപിൽ നിർമ്മിച്ച ഇ-ലേണിംഗ് ലാബ് മുഖേന പൊതുജനങ്ങൾക്ക് എന്തൊക്കെ സൗജന്യ സേവനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ?

ആലപ്പുഴ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ചെറിയ കലവൂരിൽ സ്ഥാപിച്ചിട്ടുള്ള ഈ ലേണിംഗ് ലാബ് നമ്മുടെ നാട്ടിലെ

അഭ്യസ്തവിദ്യരായിട്ടുള്ള ആളുകൾക്ക് വർക്ക് നിയർ ഹോം, വർക്ക് ഹോം എന്ന രീതിയിൽ ഉപയോഗപ്പെടുത്താൻ സാധിക്കുന്നു.

അസാപ് കേരള നൽകിവരുന്ന IT അധിഷ്ഠിത പരിപാടികളായ AI/ML, ബിസിനസ് അനലിറ്റിക്സ്, സൈബർ സെക്യൂരിറ്റി, ഫുൾ സ്റ്റാക്ക് ഡെവലപ്മെന്റ്, ഡിജിറ്റൽ മാർക്കറ്റിംഗ്, ഗ്രാഫിക് ഡിസൈൻ തുടങ്ങിയവ സ്കിൽ പാർക്ക് മുഖാന്തരം പ്രദാനം ചെയ്യും. ബിരുദ വിദ്യാർത്ഥികളുടെ തൊഴിൽശേഷി വർദ്ധിപ്പിക്കാനുതകുന്ന വിവിധ ഹ്രസ്വകാല പരിപാടികൾ നടപ്പിലാക്കും. ഹൈ സ്പീഡ് ഇന്റർനെറ്റും കമ്പ്യൂട്ടർ സിസ്റ്റങ്ങളും ഉപയോഗപ്പെടുത്തി ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും ഗവേഷണങ്ങളിൽ ഏർപ്പെട്ടിട്ടുള്ള അധ്യാപകർക്കും ഏറ്റവും സൗകര്യപ്രദമായ രീതിയിൽ അവരുടെ പ്രോജക്ടുകൾ, അസൈൻമെന്റുകൾ തുടങ്ങിയ അക്കാദമിക് വർക്കുകൾ പൂർത്തീകരിക്കാൻ സൗകര്യമൊരുക്കുന്നു. Techgentsia Software Technologies-മായി സഹകരിച്ച് IT മേഖലയ്ക്കുവേണ്ട നൂതന തൊഴിലധിഷ്ഠിത കോഴ്സുകളായ സൈബർ സെക്യൂരിറ്റി, IOT, ഗെയിം ഡെവലപ്പർ തുടങ്ങിയവയിൽ

ഉദ്യോഗാർത്ഥികൾക്ക് ഇന്റേൺഷിപ് നൽകി അവരെ തൊഴിൽ സജ്ജരാക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. നിർധനരായുള്ള കുടുംബങ്ങളിലെ കുട്ടികൾക്കായി സൗജന്യ കമ്പ്യൂട്ടർ വർക്ക്ഷോപ്പുകൾ നടത്തുന്നതിലൂടെ സമൂഹത്തിലെ മറ്റുള്ള ആളുകളെപ്പോലെതന്നെ അവർക്കും വിവരസാങ്കേതികവിദ്യയുടെ നൂതനമായ ടെക്നോളജികൾ പരിചയപ്പെടുവാൻ സാധിക്കുന്നു. ഏറ്റവും ഫലപ്രദമായ രീതിയിൽ സൗജന്യ കമ്പ്യൂട്ടർ സാക്ഷരത കുടുംബശ്രീ അംഗങ്ങളായ സ്ത്രീകൾക്കും ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളായ പെൺകുട്ടികൾക്കും നൽകുന്നതിലൂടെ കമ്പ്യൂട്ടർ സാക്ഷരതാ മണ്ഡലമായി ആലപ്പുഴയെ മാറ്റിയെടുക്കാൻ ഈ ലേണിംഗ് ലാബ് മുഖാന്തരം സാധിക്കും.

(സി) അസാപ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കോഴ്സുകൾ പൊതുജനങ്ങൾക്ക് കൂടുതൽ സൗജന്യമായി നൽകുന്നതിനും പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളിൽ ആശയവിനിമയ പാടവം, അന്യഭാഷാ നൈപുണ്യം, സാങ്കേതിക നൈപുണ്യം എന്നിവ കൈവരിക്കുന്നതിനുംകൂടി ഉപകാരപ്പെടുന്ന രീതിയിലാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഒന്നാം വർഷ ഹയർ സെക്കൻഡറി/കോളേജ് വിദ്യാർഥികൾക്ക് നൈപുണ്യ വികസനം നൽകുന്നതിന് പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്ത പദ്ധതിയായാണ് 2012-ൽ അസാപ് ആരംഭിച്ചത്. സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെയും കോളേജുകളിലെയും വിദ്യാർഥികൾക്ക് ആശയവിനിമയ പാടവം, അന്യഭാഷാ നൈപുണ്യം, സാങ്കേതിക നൈപുണ്യം എന്നിവയ്ക്കുപുറമേ വിവിധ മേഖലകളിൽ തൊഴിൽ പരിശീലനവും അസാപ് മുഖാന്തരം നൽകി. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പാ സഹായത്തോടെ രണ്ടുലക്ഷത്തിലധികം വിദ്യാർഥികൾക്ക് അസാപ് സൗജന്യ പരിശീലനം നൽകിയിരുന്നു. കേരള നോളജ് ഇക്കോണമി മിഷൻ, വനിതാ-ശിശു വികസന വകുപ്പ്, എസ്.സി./എസ്.ടി. വകുപ്പ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വ്യവസായ വകുപ്പ് തുടങ്ങിയ വിവിധ സർക്കാർ സംവിധാനങ്ങളുടെ ധനസഹായത്തോടെയും വിവിധ സ്വകാര്യ/പൊതു മേഖലാ സ്ഥാപനങ്ങളുടെ CSR ഫണ്ട് വിനിയോഗിച്ചും PMKVY പദ്ധതി മുഖാന്തരവും മറ്റുമായി അർഹരായ നിരവധി

വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കും സൗജന്യമായോ സ്കോളർഷിപ്പോടുകൂടിയോ വിവിധ പരിശീലന പരിപാടികൾ അസാപ് നൽകിവരുന്നുണ്ട്. 2023-24-ൽ 135 ഉദ്യോഗാർത്ഥികൾക്ക് തികച്ചും സൗജന്യമായാണ് സ്കിൽ പാർക്ക് മുഖാന്തരം വിവിധ തൊഴിൽ മേഖലകളിലും നൈപുണികളിലും പരിശീലനം നൽകിയത്.

**കോഴിക്കോട് സിവിൽ സർവീസ് അക്കാദമി**

**187 (1811)** ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിവിൽ സർവീസ് അക്കാദമിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ഇല്ല.

(ബി) കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സർക്കാർ സ്ഥലമുപയോഗിച്ച് കെട്ടിട നിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

02-06-2014-ലെ സ.ഉ. (എം.എസ്) നമ്പർ 228/2014/റ.വ. പ്രകാരം കോഴിക്കോട് താലൂക്ക് കസബ വില്ലേജിൽ റീസർവ്വേ നമ്പർ TS 5/23/1139/2-ൽപ്പെട്ട 54 സെന്റ് ഭൂമി കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാദമിയുടെ കോഴിക്കോട് സെന്റർ നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമുന്നയിച്ച് കോഴിക്കോട് ശ്രീ അഴകോടി ദേവീക്ഷേത്ര ഭൂമി സംരക്ഷണ സമിതി പ്രസിഡന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)No.23793/2021 നമ്പർ കേസ് ഫയൽ ചെയ്തതിനാൽ പുതിയ അക്കാദമി കെട്ടിടം പണിയുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് കോടതിയുടെ തീർപ്പുണ്ടാകുന്നമുറയ്ക്ക് മാത്രമേ പുതിയ കെട്ടിടം പണിയുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**തിരൂരങ്ങാടി മണ്ഡലത്തിലെ അസാപ് സ്കിൽ പാർക്ക്**

**188 (1812)** ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ എടരിക്കോട് പുതുപ്പറമ്പ് ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിൽ നിർദ്ദേശിച്ച അസാപ് സ്കിൽ പാർക്ക് പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) തിരൂരങ്ങാടി വെന്നിയൂർ ഗവൺമെന്റ് യു.പി. സ്കൂളിൽ നിർമ്മിക്കുന്നതിന് തീരുമാനിച്ച പ്രസ്തുത പദ്ധതി പ്രാദേശിക എതിർപ്പുകൾ കാരണം പുതുപ്പറമ്പ് ഗവൺമെന്റ് വനിതാ പോളിടെക്നിക് കോളേജിലേക്ക് മാറ്റി നിർമ്മിക്കുന്നതിനുവേണ്ടി നൽകിയ പ്രൊപ്പോസലിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) മലപ്പുറം തിരൂരങ്ങാടി മണ്ഡലത്തിൽ ആദ്യം വെന്നിയൂർ ഗവൺമെന്റ് യു.പി. സ്കൂളിന് സമീപത്തും പിന്നീട് പ്രാദേശിക എതിർപ്പുകൾ കാരണം പുതുപ്പറമ്പ് വനിതാ പോളിടെക്നിക് കോളേജ് ഭാഗത്തേയ്ക്കും നിർദ്ദേശിക്കപ്പെട്ടുവെങ്കിലും പ്രസ്തുത സ്കിൽ പാർക്കിന്റെ നിർമ്മാണം വിവിധ കാരണങ്ങളാൽ പൂർത്തീകരിക്കാൻ സാധിച്ചില്ല.

സംസ്ഥാനത്ത് ആകെ അനുവദിക്കപ്പെട്ട 16 സ്കിൽ പാർക്കുകളിൽ രണ്ട് പാർക്കുകൾ (പാണ്ടിക്കാട്, തവനൂർ) മലപ്പുറം ജില്ലയിൽ നിർമ്മാണം പൂർത്തിയായി പ്രവർത്തിക്കുന്നുണ്ട്.

**അസാപ് കേരളയുടെ മികവിന്റെ കേന്ദ്രങ്ങൾ**

**189 (1813)** ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസാപ് കേരളയ്ക്ക് എത്ര മികവിന്റെ കേന്ദ്രങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

അസാപ് കേരളയുടെ ഏഴ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. എ.ആർ./വി.ആർ. സാങ്കേതികവിദ്യയിൽ നാലെണ്ണവും വൈദ്യുത വാഹന സാങ്കേതികവിദ്യയിൽ രണ്ടെണ്ണവും വെഹിക്കിൾ പെയിന്റിംഗ് ആൻഡ് സർഫസ് ഫിനിഷിംഗിൽ ഒരെണ്ണവും വീതം മികവിന്റെ കേന്ദ്രങ്ങളാണ് നിലവിലുള്ളത്.

**കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ വെഹിക്കിൾ റീഫിനിഷ് പെയിന്റിംഗ് സെന്റർ**

**190 (1814)** ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ വെഹിക്കിൾ റീഫിനിഷ് പെയിന്റിംഗ് സെന്റർ എവിടെയാണുള്ളതെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ തവനൂർ കമ്മ്യൂണിറ്റി സ്കിൽ പാർക്കിലാണ് ആക്സോനോബലിന്റെ പരിശീലന പങ്കാളിത്തത്തോടെ വെഹിക്കിൾ റീഫിനിഷ് പെയിന്റിംഗ് സെന്റർ പ്രവർത്തിക്കുന്നത്.

**എൽഡർ ലൈൻ ടോൾ ഫ്രീ നമ്പർ**

**191 (1815)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽഡർ ലൈൻ ടോൾ ഫ്രീ നമ്പരായ 14567-ൽനിന്നും സേവനങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച് മുതിർന്ന പൗരന്മാരിൽ

അവബോധം സൃഷ്ടിക്കുന്നതിനും അറിയിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

എൽഡർ ലൈൻ മുഖേന മുതിർന്ന പൗരന്മാർക്ക് ലഭ്യമാകുന്ന സേവനങ്ങൾ സംബന്ധിച്ച് പത്രം, ടെലിവിഷൻ, റേഡിയോ എന്നിവ മുഖാന്തരം അറിയിപ്പുകൾ നൽകിവരുന്നുണ്ട്. കൂടാതെ, എൽഡർ ലൈൻ ജീവനക്കാർ എല്ലാ ജില്ലകളിലും അവബോധ ക്ലാസുകൾ, സമൂഹ യോഗങ്ങൾ എന്നിവ സംഘടിപ്പിക്കുകയും പോലീസ് സ്റ്റേഷനുകൾ, ആശുപത്രികൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പടെ പൊതുജന ശ്രദ്ധ ലഭിക്കുന്നയിടങ്ങളിൽ എൽഡർ ലൈൻ പോസ്റ്ററുകൾ പതിക്കുകയും ചെയ്തുവരുന്നുണ്ട്. അതോടൊപ്പം KSRTC-യുടെ ഓർഡിനറി ബസ്സുകളിൽ എൽഡർ ലൈൻ സ്റ്റിക്കറുകൾ പതിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനത്തിലൂടെ നിലവിൽ എത്ര പരാതികൾ ലഭ്യമായിട്ടുണ്ട്; എത്ര എണ്ണത്തിന് പരിഹാരം കാണാനായിട്ടുണ്ട്?

എൽഡർ ലൈനിൽ പരാതികൾ ടെലഫോൺ മുഖേനയാണ് സ്വീകരിക്കുന്നത്. നാളിതുവരെ 82000 കോളുകൾ ലഭ്യമായിട്ടുണ്ട്, ഇതിൽ

നേരിട്ടുള്ള ഇടപെടലുകൾ ആവശ്യമായ 2841 കോളുകൾക്ക് ഫീൽഡുതല ഇടപെടലുകൾ നടത്തുകയും അവയിൽ 2779 ആവശ്യങ്ങൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് കോളുകൾ പ്രധാനമായും പെൻഷൻ, വയോജനങ്ങൾക്കായുള്ള സർക്കാർ പദ്ധതികൾ, വൃദ്ധസദനങ്ങൾ, MWPSC Act-2007 മുതലായവയെക്കുറിച്ചുള്ള വിവരങ്ങൾക്കും മാനസിക പിന്തുണക്കുമായാണ് വിളിച്ചിട്ടുള്ളത്. ഇതിനെല്ലാം ആവശ്യമായ വിവരങ്ങളും മാനസിക പിന്തുണയും അതത് സമയങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ആശ്വാസകിരണം പദ്ധതി**

**192 (1816)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിപ്രകാരമുള്ള പെൻഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലുള്ള പെൻഷനാണ് മുടക്കം വന്നിട്ടുള്ളതെന്നും കുടിശ്ശികയിനത്തിൽ വിതരണം ചെയ്യാനുള്ള തുകയെത്രയാണെന്നും വിശദമാക്കുമോ?

ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള പെൻഷൻ വിതരണം മുടങ്ങിയിട്ടില്ല. 'ആശ്വാസ കിരണം' പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ ആദ്യഘട്ടമായി അനുവദിച്ച 15 കോടി രൂപയിൽനിന്നും 14,99,93,520/- രൂപ ഉപയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തി വിവരങ്ങൾ, മറ്റ് അനുബന്ധ രേഖകൾ എന്നിവ 01-08-2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുവഴി അനുവദിച്ചിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുകകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 01-08-2023 വരെ ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ 19229 ഗുണഭോക്താക്കൾക്കും 01-08-2023-നുശേഷം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ ഗുണഭോക്താക്കൾക്കും 2024 ജനുവരിവരെ ധനസഹായം നൽകാൻ 32,18,22,000/- രൂപ ആവശ്യമാണ്.

(ബി) മൂന്നുവർഷങ്ങൾക്കുമുൻപ് വിതരണം ചെയ്ത മണി ഓർഡറിനൊപ്പം രേഖപ്പെടുത്തിയ എഫ്.എൽ. നമ്പർ രേഖപ്പെടുത്താതെ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയവരുടെ പെൻഷൻ നിർത്തലാക്കുന്നതിന് നിർദ്ദേശിച്ചിരുന്നോ; വ്യക്തമാക്കുമോ?

ആശ്വാസകിരണം പദ്ധതിപ്രകാരം ധനസഹായം മണിയോർഡറായി ലഭിച്ചുകൊണ്ടിരുന്ന ഗുണഭോക്താക്കളുടെ പുതുക്കിയ വ്യക്തി വിവരങ്ങൾ, ലൈഫ് സർട്ടിഫിക്കറ്റ്, മറ്റു അനുബന്ധ രേഖകൾ എന്നിവ ഹാജരാക്കിയ മുഴുവൻ ഗുണഭോക്താക്കൾക്കും അവരുടെ ബാങ്ക് അക്കൗണ്ടുവഴി ധനസഹായം അനുവദിക്കുകയുണ്ടായി. എഫ്.എൽ. നമ്പർ രേഖപ്പെടുത്താത്ത അപേക്ഷാ ഫോമുകൾ ഒന്നുംതന്നെ നിരസിച്ചിട്ടില്ല. അപാകതകളുള്ള ഫോമുകൾ എല്ലാം വ്യക്തികൾക്ക് തിരിച്ചയച്ച് പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടിരിക്കുകയാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള നിലവിലെ പെൻഷൻ തുക എത്രയാണെന്നും ഇത് ഏറ്റവും ഒടുവിൽ വർദ്ധിപ്പിച്ചത് എന്നാണെന്നും അറിയിക്കുമോ?

525/- രൂപയായിരുന്ന ആശ്വാസകിരണം പദ്ധതി ധനസഹായം 21-10-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം 600/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ആശ്വാസകിരണം പദ്ധതിപ്രകാരം പെൻഷന് അപേക്ഷ സ്വീകരിച്ചശേഷം പെൻഷൻ വിതരണം ചെയ്തിട്ടില്ലാത്ത എത്ര അപേക്ഷകളുണ്ടെന്നും എന്നുമുതലുള്ള അപേക്ഷകളാണ് ഇപ്രകാരം തീർപ്പാക്കാനുള്ളതെന്നും അറിയിക്കാമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം 2018 ഏപ്രിൽ മുതൽ ലഭിച്ച അറുപത്തയ്യായിരത്തോളം അപേക്ഷകൾ തീർപ്പാക്കാനുണ്ട്.

(ഇ) പ്രസ്തുത ധനസഹായം ഏറ്റവും അർഹതയുള്ളവർക്ക് മുൻഗണന നൽകി മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡപ്രകാരം അർഹതയുള്ള എല്ലാവർക്കും ധനസഹായം നൽകിവരുന്നു. അർഹതപ്പെട്ട ഗുണഭോക്താക്കൾക്കുതന്നെയാണ് ആനുകൂല്യം ലഭിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിനായി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്

ആധാർ വിവരങ്ങൾ ലിങ്ക് ചെയ്ത് ധനസഹായം ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുവഴി വിതരണം ചെയ്യുന്നതിനായി പ്രസ്തുത വിവരങ്ങൾ ശേഖരിച്ച് അവ നൽകിയവർക്ക് ധനസഹായം അനുവദിച്ചുവരുന്നു.

**എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം പദ്ധതിയുടെ പുരോഗതി**

**193 (1817)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പുനരധിവാസ ഗ്രാമത്തിന്റെ മാസ്റ്റർ പ്ലാൻ പദ്ധതിപ്രകാരം എന്തൊക്കെ സംവിധാനങ്ങളാണ് സജ്ജമാക്കുന്നത്; ഇതിന് എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ പ്രകാരം തയ്യാറാക്കിയ എൻഡോസൾഫാൻ പുനരധിവാസ മാസ്റ്റർ പ്ലാൻ പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ഹൈഡ്രോതെറാപ്പി, സൈക്കോതെറാപ്പി, അഡ്വാൻസ് ലെവൽ തെറാപ്പികളടക്കം പല

തെറാപ്പികൾ, പ്രത്യേക പഠനസൗകര്യം, സ്വയംതൊഴിലടക്കമുള്ള പരിശീലന സംവിധാനങ്ങൾ, സമഗ്ര പുനരധിവാസ പ്രവർത്തനങ്ങൾ എന്നിങ്ങനെ വിപുലമായ സൗകര്യങ്ങളാണ് പ്രസ്തുത പുനരധിവാസ ഗ്രാമ പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി 68.75 കോടി രൂപ ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ആയതിൽ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4,89,52,829/- രൂപയ്ക്ക് (ഒരു വർഷത്തേയ്ക്കുള്ള ആവർത്തന ചെലവ് ഉൾപ്പെടെ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൺസൾട്ടിംഗ് & ഹൈഡ്രോതെറാപ്പി ബ്ലോക്കുമാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നത്. ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 90 ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്.

(ബി) നിലവിൽ എന്തൊക്കെ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും അവയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ എൻഡോസൾഫാൻ പുനരധിവാസ വില്ലേജ് സ്ഥാപിക്കുന്നതിനായി ആദ്യഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 4,89,52,829/- രൂപയ്ക്ക് (ഒരു വർഷത്തേക്കുള്ള ആവർത്തന ചെലവ് ഉൾപ്പെടെ) താഴെ പറഞ്ഞിരിക്കുന്ന വിവിധ components പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

| Sl. No. | Category | Amount |
|---|---|---|
| 1 | Infrastructure (By Uralungal Labour Contract Co-Operative Society) | ₹ 4,45,00,000/- |
| 2 | Equipment & Furniture | ₹ 44,52,829/- |
| | **Total** | **₹ 4,89,52,829/-** |

തുടർന്ന് പ്രസ്തുത നിർമ്മാണത്തിനായുള്ള ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി കാസർഗോഡ് ജില്ലാ സാമൂഹ്യനീതി ഓഫീസർ 04-04-2022-ന് കരാറിൽ ഒപ്പുവക്കുകയും 25-05-2022-ന് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യഘട്ടത്തിൽ ക്ലിനിക്കൽ സൈക്കോളജി ബ്ലോക്കും കൺസൾട്ടിംഗ് &

ഹൈഡ്രോതെറാപ്പി ബ്ലോക്കുമാണ് നിർമ്മിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങൾ തൊണ്ണൂറ് ശതമാനത്തിലധികം പൂർത്തിയായിട്ടുണ്ട്.

**വയോമിത്രം പദ്ധതി**

**194 (1818)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോമിത്രം പദ്ധതി എന്നുമുതലാണ് നടപ്പാക്കിയിട്ടുള്ളത്; പദ്ധതി പ്രകാരം എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നത്?

സംസ്ഥാനത്തെ നഗരപ്രദേശത്ത് വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരന്മാർക്ക് ആരോഗ്യ പരിരക്ഷയും മാനസികോല്ലാസവും അവരുടെ സ്ഥലങ്ങളിൽത്തന്നെ ഒരുക്കുകയെന്ന ലക്ഷ്യത്തോടുകൂടി 2011 ഫെബ്രുവരിയിൽ അന്നത്തെ എൽ.ഡി.എഫ്. സർക്കാരാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 'വയോമിത്രം' പദ്ധതി നടപ്പാക്കിയത്. നിലവിൽ സംസ്ഥാനത്തെ 6 കോർപ്പറേഷനുകൾ, 85 മുനിസിപ്പാലിറ്റികൾ, 4 ബ്ലോക്കുകൾ എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞവർക്ക് അവരുടെ വരുമാന പരിധി

ബാധകമാക്കാതെ സൗജന്യമായി ജീവിതശൈലീ രോഗ നിയന്ത്രണ മരുന്നുകൾ, പാലിയേറ്റീവ് സേവനം, ഹെൽപ്പ്ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് സേവനം, വാതിൽപ്പടി സേവനം എന്നിവ നൽകുന്നുണ്ട്. വയോമിത്രം ഹെൽപ്പ്ഡെസ്കിലൂടെ പുനരധിവാസം, നിയമ സഹായം, ആംബുലൻസ് സേവനം, കിടപ്പിലായ വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾ എന്നിവയ്ക്കായി വയോജനങ്ങൾ ബന്ധപ്പെടുമ്പോൾ ബന്ധപ്പെട്ട വയോമിത്രം യൂണിറ്റ് നേരിട്ട് ഇടപെട്ട് ചെയ്യാൻ സാധിക്കുന്നവ നേരിട്ടും അല്ലാത്തവ ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തും ഇവർക്കാവശ്യമായ സേവനം നൽകിവരുന്നു. കൂടാതെ വയോമിത്രം ഗുണഭോക്താക്കളിൽത്തന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്നവരും മാനസിക സംഘർഷം അനുഭവിക്കുന്നവരുമായ വയോജനങ്ങൾക്കാവശ്യമായ കൗൺസിലിംഗ് കോർഡിനേറ്റർമാർ ഡോക്ടർമാരുമായി ചേർന്ന് നൽകിവരുന്നു.

(ബി) പദ്ധതിയിൽ ജോലിചെയ്യുന്ന ആരോഗ്യപ്രവർത്തകർക്ക് വേതനം മുടങ്ങിയതോടെ അവരിൽ പകുതിയോളം പേർ അവധിയിൽ

പ്രവേശിച്ചതുമൂലം വയോജന കേന്ദ്രങ്ങൾ പ്രതിസന്ധിയിലായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വയോമിത്രം പദ്ധതിയിൽ കരാർ/ദിവസവേതനാടിസ്ഥാനത്തിലാണ് ജീവനക്കാരെ നിയോഗിച്ചിട്ടുള്ളത്. ടി ജീവനക്കാർക്ക് 2023 ഡിസംബർ വരെയുള്ള വേതനവും നൽകിയിട്ടുണ്ട്. ഇവർക്ക് വേതനം മുടങ്ങിയതായും ജീവനക്കാർ അവധിയിൽ പ്രവേശിച്ചതായുമുള്ള വിഷയങ്ങൾ ഉണ്ടായിട്ടില്ല. ഇതുമൂലം വയോജന കേന്ദ്രങ്ങൾ പ്രതിസന്ധിയിൽ ആയിട്ടുള്ളതല്ല. വയോജന കേന്ദ്രങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. വയോമിത്രം പദ്ധതിയുടെ സേവനം വയോജന കേന്ദ്രങ്ങളിലെ അന്തേവാസികൾക്കും ലഭ്യമാക്കുന്നുണ്ട്.

(സി) ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിൽ മുടക്കം വന്നിട്ടുണ്ടോ; എങ്കിൽ എത്ര നാളത്തെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കാമോ?

വയോമിത്രം പദ്ധതിയിലൂടെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽ വളരെ അപൂർവ്വം സന്ദർഭങ്ങളിൽ മാത്രം

മരുന്നുകളുടെ ലഭ്യതക്കുറവ് നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും മറ്റ് സേവനങ്ങൾക്ക് മുടക്കം വന്നിട്ടില്ല.

(ഡി) പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വേതനവും മറ്റ് ആനുകൂല്യങ്ങളും അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

വയോമിത്രം പദ്ധതിയിലെ ജീവനക്കാർക്ക് നിലവിൽ വേതനവും ആനുകൂല്യങ്ങളും വിതരണം ചെയ്തുവരുന്നുണ്ട്.

**ആശ്വാസകിരണം പദ്ധതി**

**195 (1819)** ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന ആശ്വാസകിരണം പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും നാളിതുവരെ അനുവദിച്ച തുകയും നാളിതുവരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

ആശ്വാസകിരണം പദ്ധതിയുടെ നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 54 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽനിന്നും ആദ്യഘട്ടമായി അനുവദിച്ച 15 കോടി രൂപയിൽ 14,99,93,520/- രൂപ ചെലവഴിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തി വിവരങ്ങൾ, മറ്റു അനുബന്ധ രേഖകൾ എന്നിവ 01-08-2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുവഴി അനുവദിച്ചിട്ടുണ്ട്.

**കുന്നത്തുനാട് മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ**

**196 (1820)** ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ കുന്നത്തുനാട് മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) സമൂഹത്തിലെ പാർശ്വവൽകൃത ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമുള്ള വിവിധ പദ്ധതികളും പുനരധിവാസ പ്രവർത്തനങ്ങളും സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ജില്ലാതലത്തിലാണ് നടപ്പിലാക്കിവരുന്നത്. മണ്ഡലാടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പുമുഖേന പദ്ധതികളൊന്നും നടപ്പിലാക്കിവരുന്നില്ല. ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വിവിധ പദ്ധതികൾക്കായി കുന്നത്തുനാട് മണ്ഡലം ഉൾപ്പെടുന്ന എറണാകുളം ജില്ലയ്ക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ അനുവദിച്ച തുകയുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

**ആശ്വാസകിരണം പദ്ധതി**

**197 (1821)** **<u>ശ്രീ. എം. വിജിൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കിവരുന്ന 'ആശ്വാസകിരണം' പദ്ധതിയിൽ ഏത് തീയതിവരെ അപേക്ഷ നൽകിയവർക്കാണ് നിലവിൽ ധനസഹായം നൽകിവരുന്നത്?

2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകർക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്രമാസത്തെ ധനസഹായം കുടിശ്ശികയായിട്ടുണ്ട്; വിശദമാക്കാമോ?

'ആശ്വാസ കിരണം' പദ്ധതിയുടെ നടത്തിപ്പിനായി 2023-2024 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള 54 കോടി രൂപയിൽ ആദ്യഘട്ടമായി അനുവദിച്ച 15 കോടി രൂപയിൽനിന്നും 14,99,93,520/- രൂപ ഉപയോഗിച്ച് ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തി വിവരങ്ങൾ, മറ്റു അനുബന്ധ രേഖകൾ എന്നിവ 01-08-2023 വരെ ലഭ്യമാക്കിയ വിവിധ ജില്ലകളിലെ 19229 ഗുണഭോക്താക്കൾക്ക് 13 മാസത്തെ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുവഴി അനുവദിച്ചിട്ടുണ്ട്.

നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതത്തിൽ അവശേഷിക്കുന്ന തുകകൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 01-08-2023 വരെ ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ 19229 ഗുണഭോക്താക്കൾക്കും 01-08-2023-നുശേഷം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ ഗുണഭോക്താക്കൾക്കും 2024 ജനുവരി വരെ ധനസഹായം നൽകാൻ 32,18,22,000/- രൂപ ആവശ്യമാണ്.

**കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷന് വകയിരുത്തിയിട്ടുള്ള തുക**

**198 (1822)** <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കുള്ള ചെലവിനത്തിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി മിഷന് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**സാമൂഹ്യനീതി വകുപ്പിന്റെ വിവിധ പദ്ധതികൾ**

**199 (1823)** ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന സ്നേഹസ്പർശം, എൻഡോസൽഫാൻ ദുരിതബാധിതർക്കുള്ള പാക്കേജ്, വയോമിത്രം, ഡിസ്ട്രിക്റ്റ് ഏർലി ഇന്റർവെൻഷൻ സെന്റർ, ഓട്ടിസം ബാധിതരായ കുട്ടികളുടെ പുനരധിവാസം, പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള സഹായ പദ്ധതി, സമാശ്വാസം, അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക് എന്നീ പദ്ധതികൾക്ക് നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും നാളിതുവരെ അനുവദിച്ച തുകയും നാളിതുവരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് വ്യക്തമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്ന സ്നേഹസ്പർശം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള പാക്കേജ്, വയോമിത്രം, ഡിസ്ട്രിക്ട് ഏർലി ഇന്റർവെൻഷൻ സെന്റർ, ഓട്ടിസം ബാധിതരായ കുട്ടികളുടെ പുനരധിവാസം, പ്രമേഹ ബാധിതരായ കുട്ടികൾക്കുള്ള സഹായ പദ്ധതി, സമാശ്വാസം, അൽഷിമേഴ്സ് മെമ്മറി സ്ക്രീനിംഗ് ക്ലിനിക് എന്നീ പദ്ധതികൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും നാളിതുവരെ അനുവദിച്ച തുകയും നാളിതുവരെ ചെലവഴിച്ച തുകയും അനുബന്ധമായി+ ചേർക്കുന്നു.

**ഡിമെൻഷ്യ സൗഹൃദ കേരളം**

**200 (1824)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:</u>
<u>ശ്രീ. എൻ. കെ. അക്ബർ:</u>
<u>ശ്രീ. കെ. ജെ. മാക്സി:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഡിമെൻഷ്യ കെയറിംഗിനായി പ്രത്യേക സംവിധാനം നിലവിലുണ്ടോ; ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ 'ഓർമ്മത്തോണി' എന്ന പേരിൽ പ്രത്യേക പദ്ധതി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഡിമെൻഷ്യ രോഗികളുടെ പരിചരണത്തിനും പുനരധിവാസത്തിനുമായി ARDSI (Alzhimers and Related Disorders Society of India)-യുടെ സഹകരണത്തോടെ എറണാകുളം ജില്ലയിലെ എടവനക്കാട് മുഴുവൻ സമയ പരിചരണ കേന്ദ്രവും തൃശ്ശൂർ ജില്ലയിലെ കുന്നംകുളത്ത് പകൽ പരിപാലന കേന്ദ്രവും പ്രവർത്തിച്ചുവരുന്നു. ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ലക്ഷ്യത്തോടെ 'ഓർമ്മത്തോണി' എന്ന പേരിൽ പ്രത്യേക പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഈ വർഷം മുതൽ നടപ്പിലാക്കുന്നുണ്ട്. ഡിമെൻഷ്യ ഒരു ആരോഗ്യപ്രശ്നം എന്നതിനോടൊപ്പം അതൊരു സാമൂഹ്യ പ്രശ്നമായിക്കൂടി കണ്ടുകൊണ്ട് കേരളത്തിലെ മുഴുവൻ ഡിമെൻഷ്യ/അൽഷിമേഴ്സ് ബാധിതരെയും കണ്ടെത്തി അനുയോജ്യമായ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതി ലക്ഷ്യം. ഈ പദ്ധതി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ

വകുപ്പ്, ആരോഗ്യ സർവകലാശാല തുടങ്ങിയവയുടെ സഹകരണത്തോടെയാണ് നടപ്പാക്കുന്നത്.

ഈ സാമ്പത്തിക വർഷം ഓർമ്മത്തോണിയുടെ പ്രവർത്തനങ്ങൾക്കായി 92,12,020/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 91 വയോമിത്രം യൂണിറ്റുകൾ കേന്ദ്രീകരിച്ച് സ്ക്രീനിംഗ്, ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെമ്മറി ക്ലിനിക്കുകൾ, മരുന്ന് ലഭ്യമാക്കുക തുടങ്ങിയ പരിപാടികളാണ് ഈ വർഷം നടപ്പാക്കുന്നത്. സംസ്ഥാനത്താകമാനം പദ്ധതി പ്രവർത്തനങ്ങൾ 2024 ഏപ്രിൽ മുതൽ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; പദ്ധതിയിലൂടെ എന്തൊക്കെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

ഡിമെൻഷ്യ സൗഹൃദ കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന

നടപ്പിലാക്കുന്ന ഓർമ്മത്തോണി പദ്ധതി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം ആവശ്യമാണ്. ഈ വർഷം ആദ്യഘട്ടമായി നിലവിൽ വയോമിത്രം പദ്ധതി പ്രവർത്തിക്കുന്ന നഗരപ്രദേശത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. 2024 ഏപ്രിൽ മുതൽ ബ്ലോക്ക് അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി ആരംഭിക്കുന്ന നടപടികൾ സ്വീകരിക്കും. പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി വയോമിത്രം ഡോക്ടർമാർ, വയോമിത്രം ജീവനക്കാർ, നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആശാ വർക്കർമാർ എന്നിവർക്ക് ഡിമെൻഷ്യ സംബന്ധമായ പരിശീലനം നൽകുന്നതാണ്. ഓർമ്മത്തോണി പദ്ധതിയുടെ ഭാഗമായുള്ള ഡേ-കെയർ സെന്ററുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യം നൽകാൻ തിരുവനന്തപുരം ജില്ലാ പഞ്ചായത്തും തൃശ്ശൂർ ഒല്ലൂക്കര ബ്ലോക്ക് പഞ്ചായത്തും താല്പര്യം അറിയിച്ചിട്ടുണ്ട്. സമയബന്ധിതമായി ഡിമെൻഷ്യ കണ്ടെത്തി വിവിധങ്ങളായ പ്രൈമറി, സെക്കൻഡറി, ടെറിഷ്യറി പ്രിവൻഷൻ സമീപനങ്ങളിലൂടെ മൈൽഡ് ഡിമെൻഷ്യ അവസ്ഥയിൽനിന്നും സിവിയർ

ഡിമെൻഷ്യ എന്ന അവസ്ഥയിലേക്കുള്ള മാറ്റം നിയന്ത്രിക്കാൻ കഴിയുമെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. പ്രാരംഭ ലക്ഷണങ്ങൾ പ്രകടിപ്പിക്കുമ്പോൾത്തന്നെ ഡിമെൻഷ്യ കണ്ടെത്തുകയും ഓരോരുത്തരുടെയും ലക്ഷണങ്ങളനുസരിച്ച് അനുയോജ്യമായ ഇടപെടലുകൾ നടത്തുകയും ഇത്തരക്കാരുടെ പരിചരണം സംബന്ധിച്ച് കുടുംബാംഗങ്ങൾക്കാവശ്യമായ അറിവും പരിശീലനവും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**വയോമിത്രം പദ്ധതി**

**201 (1825)** <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിൽ വയോമിത്രം പദ്ധതി ആരംഭിക്കുന്നതിന് അനുമതി ലഭിച്ചതിനെത്തുടർന്ന് ബ്ലോക്ക് പഞ്ചായത്ത് അവരുടെ വിഹിതം മാറ്റിവച്ചെങ്കിലും സാമൂഹ്യ സുരക്ഷാ മിഷൻ മറ്റ് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലെന്ന ആരോപണത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിച്ച നിവേദനങ്ങളിന്മേൽ സ്വീകരിച്ച തുടർനടപടികൾ സംബന്ധിച്ച വിശദാംശം ഫയൽ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷത്തിൽ വയോമിത്രം പദ്ധതി ആരംഭിക്കുന്നതിന് സന്നദ്ധത അറിയിച്ചിരുന്നു. എന്നാൽ 2022-23 വർഷത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് ലഭിച്ച ബഡ്ജറ്റ് വിഹിതം 27.20 കോടി രൂപയാണ്. ഇത് നിലവിലുള്ള വയോമിത്രം പദ്ധതിയുടെ നടത്തിപ്പിനുതന്നെ അപര്യാപ്തമാണ്. ഒരു യൂണിറ്റ് ആരംഭിച്ച് അതിന്റെ ഒരു വർഷത്തെ നടത്തിപ്പിന് 30-40 ലക്ഷം രൂപ വേണ്ടിവരും. പ്രസ്തുത സാഹചര്യത്തിൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ അധിക ധനാഭ്യർത്ഥന മുഖേനയോ ഉപധനാഭ്യർത്ഥന മുഖേനയോ വയോമിത്രം പദ്ധതിക്ക് അധിക തുക ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷനിൽനിന്ന് ലഭ്യമായ പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പിൽ പരിശോധിച്ചുവരുന്നുണ്ട്. ഫയൽ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയോമിത്രം പദ്ധതിക്കായി എത്ര തുക സാമൂഹ്യ സുരക്ഷാ മിഷൻ അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

വയോമിത്രം പദ്ധതിക്കായി അനുവദിച്ചിട്ടുള്ള തുക സംസ്ഥാനതലത്തിലാണ് ചെലവഴിക്കുന്നത്. ആയതിനാൽ ജില്ലാ തലത്തിലുള്ള കണക്കുകൾ ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ. നം. | സാമ്പത്തിക വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | 2021-22 | 4708.60 ലക്ഷം | 4707.25 ലക്ഷം |
| 2 | 2022-23 | 2365 ലക്ഷം | 2364.92 ലക്ഷം |
| 3 | 2023-24 | 2750 ലക്ഷം | 1547.09 ലക്ഷം |

**വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതത്തിന്റെ കുടിശ്ശിക**

**202 (1826)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന്

ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭ്യമാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ചുനൽകാത്ത എത്ര പദ്ധതികളുണ്ട്; ഇവ ഏതൊക്കെ പദ്ധതികളാണെന്നും ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയാണെന്നും വ്യക്തമാക്കുമോ?

(എ&ബി) കേന്ദ്ര സർക്കാരിന്റെ ആക്സസബിൾ ഇന്ത്യ പദ്ധതിയിൽ രണ്ടാംഘട്ടമായി 4.5638 കോടി രൂപയുടെ പ്രൊപ്പോസൽ സംസ്ഥാനം സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയത് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. എൽഡർ ലൈൻ പദ്ധതിക്ക് 2022-2023 വർഷത്തിൽ 1,15,56,000/- രൂപ അനുവദിച്ചതിൽ 82,44,150/- രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 33,12,450/- രൂപ ഇനിയും ലഭിക്കേണ്ടതായുണ്ട്. 2023-2024 വർഷത്തിൽ ലഭിച്ച ഫണ്ടിന്റെ വിശദാംശങ്ങളും മറ്റ് പദ്ധതികൾക്ക് ലഭിക്കേണ്ടതായ ഫണ്ടിന്റെ വിശദാംശങ്ങളും ശേഖരിച്ചുവരുന്നു.

**കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായി സംയോജിത പുനരധിവാസ ഗ്രാമം**

**203 (1827)** ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ ഭിന്നശേഷിക്കാർക്കായി സംയോജിത പുനരധിവാസ ഗ്രാമം നിർമ്മിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് വിശദമാക്കാമോ; ഇതിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള 50 സെന്റ് ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 10-11-2022-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. ഗ്രാമപഞ്ചായത്തിന്റെ 31-5-2023-ലെ മീറ്റിംഗിലെ തീരുമാനപ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ പാറച്ചൽ വാർഡിൽ കുളത്തുമ്മൽ വില്ലേജിൽ

ബ്ലോക്ക് നം. 9-ൽ റീസർവ്വേ 401-5-ൽ ഉൾപ്പെട്ട 20.20 ആർ (50 സെന്റ്) ഭൂമിയിൽ ഭിന്നശേഷി സൗഹൃദപാർക്ക് സ്ഥാപിക്കാൻ സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിന് ഗ്രാമപഞ്ചായത്തിന് തടസ്സമില്ലെന്നും ടി ഭൂമി കൈറുന്നതിനുള്ള ഉത്തരവ് നൽകുന്നതിന് തീരുമാനിച്ചതായും അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ നടന്നുവരുന്നതായും അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയോട് ചേർന്നുള്ള 50 സെന്റ് ഭൂമി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ വാങ്ങുന്നതിന് കാട്ടാക്കട നിയോജകമണ്ഡലത്തിലെ 2023-24 വർഷത്തെ ആസ്തിവികസന പദ്ധതിയിൽനിന്നും 55,00,000/- രൂപ (അമ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് 04-06-2018-ലെ സ.ഉ. (അച്ചടി) നം. 119/2018/ധന ഉത്തരവിൽ ഇളവ് വരുത്തിക്കൊണ്ട് പ്രത്യേക അനുമതി നൽകി 04-12-2023-ലെ സ.ഉ. (സാധാ) നം. 8525/2023/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 50 സെന്റ് ഭൂമി വാങ്ങുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്വീകരിച്ചുവരുന്നു. കാട്ടാക്കടയിൽ ആരംഭിക്കുന്ന പുനരധിവാസ ഗ്രാമത്തിൽ

ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ കാട്ടാക്കട നിയോജകമണ്ഡലം എം.എൽ.എ.-യും ഗ്രാമപഞ്ചായത്ത് അധികൃതരുമായും ചർച്ചചെയ്ത് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പുനലൂരിൽ പ്രഖ്യാപിക്കപ്പെട്ട ഭിന്നശേഷി സൗഹൃദ പുനരധിവാസ ഗ്രാമം**

**204 (1828)** <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ പ്രഖ്യാപിക്കപ്പെട്ട ഭിന്നശേഷി സൗഹൃദ പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിയ സാഹചര്യത്തിൽ പ്രസ്തുത കേന്ദ്രം സ്ഥാപിക്കുന്നതിനായി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പുനരധിവാസഗ്രാമം സ്ഥാപിക്കുന്നതിനായി പുനലൂർ താലൂക്കിലുള്ള വാളക്കോട് വില്ലേജിൽ

സർവ്വേ നം. 538/1/173 A, 538/1/173 B എന്നിവയിലുൾപ്പെട്ട 65.55 ആർസ് (1.62 ഏക്കർ) ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി, സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതി നൽകി 06-01-2024-ലെ സ.ഉ. (സാധാ) നം. 86/2024/RD പ്രകാരം ഉത്തരവ് പുറപ്പെടുപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പ്രൊഡക്ഷൻ യൂണിറ്റുകൾ, പകൽ പരിപാലനകേന്ദ്രം, രക്ഷകർത്തൃ ശാക്തീകരണ പരിപാടികൾ എന്നിവ ആരംഭിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട പുനലൂർ എം.എൽ.എ.-യുമായി നടത്തിയ യോഗത്തിൽ പ്രാഥമിക ധാരണയായിട്ടുണ്ട്.

(ബി) പ്രസ്തുത കേന്ദ്രത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; ആയതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) ഇവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്ന പുനരധിവാസ ഗ്രാമത്തിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) പുനരധിവാസ ഗ്രാമത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി Detailed Project Report തയ്യാറാക്കേണ്ടതുണ്ട്. അതിലേക്ക് അനുയോജ്യമായ ഏജൻസികളിൽനിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. DPR-ന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ നിർമ്മാണ ഏജൻസിയെ ചുമതലപ്പെടുത്തുന്ന മുറയ്ക്കുമാത്രമേ പുനരധിവാസകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാകുന്ന തീയതി അറിയാൻ കഴിയുകയുള്ളൂ.

**ആശ്വാസം സ്വയംതൊഴിൽ വായ്പ പദ്ധതി**

**205 (1829)** ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷി കുടുംബങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ആശ്വാസം പദ്ധതി പ്രകാരം എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര പേർ അതിന്റെ ഗുണഭോക്താക്കളായെന്ന് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന ആശ്വാസം പദ്ധതിപ്രകാരം അർഹരായ 295 ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി 25,000/- രൂപ വീതം 73,75,000/- രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ആശ്വാസം സ്വയംതൊഴിൽ വായ്പാ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ?

ആശ്വാസം സ്വയംതൊഴിൽ വായ്പാ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ താഴെ പറയുംപ്രകാരമാണ്.

സ്വയംതൊഴിൽ വായ്പയ്ക്ക് ഈട് നൽകാൻ ഭൂമിയോ മറ്റ് വസ്തു വകകളോ ഇല്ലാത്ത ഭിന്നശേഷിക്കാർക്ക് ചെറുകിട സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആശ്വാസം സ്വയംതൊഴിൽ വായ്പാ പദ്ധതിപ്രകാരം 25,000/- രൂപ അനുവദിച്ചുവരുന്നു. 40 ശതമാനമോ അതിലധികമോ ഭിന്നശേഷിത്വമുള്ളവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. തീവ്ര ഭിന്നശേഷിത്വമുള്ളവർ, വിധവകൾ, ഗുരുതരരോഗ ബാധിതർ, 14 വയസ്സ്

കഴിഞ്ഞ മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ അമ്മമാർ, 60 വയസ്സിന് മുകളിൽ പ്രായമുള്ളവർ, അഗതികൾ എന്നിവർക്ക് ടി ആനുകൂല്യത്തിന് മുൻഗണനയുണ്ടായിരിക്കും. സ്വന്തം പേരിലോ ഭാര്യ/ ഭർത്താവ്/അച്ഛൻ/അമ്മ എന്നിവരുടെ പേരിലോ വസ്തുവോ വീടോ ഇല്ല എന്നതിന് വില്ലേജ് ആഫീസറുടെ സാക്ഷിപത്രവും മറ്റ് സർക്കാർ/ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഇതേ ആവശ്യത്തിന് ധനസഹായമോ സബ്സിഡിയോടുകൂടിയ വായ്പയോ ലഭിച്ചിട്ടില്ലെന്ന സത്യവാങ്മൂലവും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ 200/- രൂപ മുദ്രപ്പത്രത്തിൽ കരാർ സമർപ്പിക്കേണ്ടതാണ്. ഗുണഭോക്താക്കളെ വിദഗ്ദ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമായി തെരഞ്ഞെടുക്കുന്നു.

**നിലമ്പൂർ നഗരസഭയിൽ ഭിന്നശേഷി അസിസ്റ്റീവ് വില്ലേജ്**

**206 (1830)** <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയിൽ ഭിന്നശേഷി അസിസ്റ്റീവ് വില്ലേജ് നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത വില്ലേജിൽ ഒരുക്കുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസ പദ്ധതിക്കായി നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള ഭൂമി വിട്ടുനൽകാൻ സന്നദ്ധമാണെന്ന് നിലമ്പൂർ എം.എൽ.എ. അറിയിച്ചതിനെത്തുടർന്ന് പുനരധിവാസകേന്ദ്രം സ്ഥാപിക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ 10-11-2022-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. മുനിസിപ്പാലിറ്റിയുടെ പരിധിയിൽ റീസർവെ നമ്പർ 383/1983/2-ൽപ്പെട്ട ഒരേക്കർ ഭൂമി സാമൂഹ്യനീതി വകുപ്പിന് വിട്ടുനൽകാൻ നഗരസഭ തീരുമാനിക്കുകയും പ്രസ്തുത സ്ഥലം മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസർ 07-10-2023-ന് സന്ദർശിക്കുകയും ചെയ്തിരുന്നു. സന്ദർശന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിൽ ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ സംവിധാനങ്ങൾ

സജ്ജമാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തിയതിനുശേഷം പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത വില്ലേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രോജക്ട് ഡ്രാഫ്റ്റ്, ഡിസൈൻ എന്നിവ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; പദ്ധതിക്കായി എത്ര തുക ചെലവഴിക്കേണ്ടി വരുമെന്ന് അറിയിക്കാമോ; പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ പരിധിയിൽ റീസർവെ നമ്പർ 383/1983/2-ൽപ്പെട്ട ഒരേക്കർ ഭൂമിയിൽ ഭിന്നശേഷിക്കാർക്കുള്ള പുനരധിവാസ സംവിധാനങ്ങൾ സജ്ജമാക്കുന്നത് സംബന്ധിച്ച പരിശോധന നടത്തിയശേഷം പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) പ്രസ്തുത വില്ലേജ് നടപ്പാക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറേണ്ടതുണ്ടോയെന്നും വ്യക്തമാക്കാമോ?

പദ്ധതി നടപ്പിലാക്കുന്നതിനായി മുനിസിപ്പാലിറ്റിയുടെ പരിധിയിൽ റീസർവ്വേ നമ്പർ 383/1983/2-ൽപ്പെട്ട ഒരേക്കർ ഭൂമി സാമൂഹ്യനീതി വകുപ്പിന് വിട്ടുനൽകാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. പദ്ധതി ആരംഭിക്കുന്നതിന് പ്രസ്തുത ഭൂമി സാമൂഹ്യനീതി വകുപ്പിന് അനുവദിച്ചുകിട്ടുകയോ ഭൂമിയുടെ ഉപയോഗാനുമതി സാമൂഹ്യനീതിവകുപ്പിന് ലഭ്യമാകുകയോ ചെയ്യേണ്ടതുണ്ട്.

(ഡി) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും പ്രസ്തുത ആവശ്യത്തിലേക്ക് 50 ലക്ഷം രൂപ അനുവദിച്ച സാഹചര്യത്തിൽ ഈ ഫണ്ട് വിനിയോഗിക്കേണ്ടത് എപ്രകാരമാണെന്ന് അറിയിക്കാമോ; പ്രസ്തുത തുകയ്ക്ക് അസിസ്റ്റീവ് വില്ലേജ് കൺസെപ്റ്റിന് യോജിക്കുന്ന ഏതുതരം പ്രവൃത്തിയാണ് വില്ലേജിൽ നടപ്പാക്കുന്നതെന്നും വിശദമാക്കാമോ?

പദ്ധതി ആരംഭിക്കുന്നതിന് കണ്ടെത്തിയിട്ടുള്ള ഭൂമി സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച് കിട്ടുകയോ ഭൂമിയുടെ ഉപയോഗാനുമതി സാമൂഹ്യനീതി വകുപ്പിന് ലഭ്യമാകുകയോ ചെയ്യുന്ന മുറയ്ക്ക് Detailed Project Report തയ്യാറാക്കുന്നതിനും തുക വിനയോഗിക്കുന്നത് സംബന്ധിച്ച വിഷയങ്ങളിലും തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ**

**208 (1831)** ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. രാജഗോപാലൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ (എൻ.ഐ.പി.എം.ആർ.)-ൽ വെർച്വൽ റിയാലിറ്റി സംവിധാനം നടപ്പാക്കിയിട്ടുണ്ടോ; ഇത് രാജ്യത്തെതന്നെ ആദ്യ സംവിധാനമാണോ; ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ?

ഉണ്ട്. സർക്കാർ മേഖലയിലെ രാജ്യത്തെ ആദ്യ സംവിധാനമാണിത്. പ്രതീതി യഥാർത്ഥ്യം (Virtual Reality) അടിസ്ഥാനമാക്കിയുള്ള

എക്സർസൈസുകളും ഓഗ്മെന്റഡ് റിയാലിറ്റികളുടെയും കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെയും സഹായത്തോടെയുള്ള ഒരുകൂട്ടം ക്ലിനിക്കൽ ഇടപെടലുകളെയാണ് വെർച്വൽ റിഹാബിലിറ്റേഷൻ എന്നുപറയുന്നത്. ഒരു മൾട്ടി മോഡൽ സെൻസറി ഇൻഫർമേഷന്റെ സഹായത്തോടെ കൂടുതൽ കായികവും ബൗദ്ധികവുമായ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ വ്യക്തിഗത ഇടപെടൽ സാധ്യമാക്കുന്നതിനും ഈ സംവിധാനം പ്രയോജനപ്പെടും. ജീവിത സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരുന്നതിനും അകാരണമായ ഭയം, ഫോബിയ തുടങ്ങിയ കാരണങ്ങളാൽ ബുദ്ധിമുട്ടനുഭവിക്കുന്ന വ്യക്തികളെ ജീവിത സാഹചര്യങ്ങൾ കൃത്രിമമായി സൃഷ്ടിച്ച് അവയിൽ പരിശീലനം നൽകുന്നതിനും (ട്രെയിനിൽ കയറുക, പൊതുഗതാഗത സൗകര്യങ്ങൾ ഉപയോഗിക്കുക, ബോട്ടിൽ കയറുക, റോഡ് മുറിച്ചുകടക്കുക, ആൾക്കൂട്ടത്തിൽ സഞ്ചരിക്കുക) ചലന പ്രശ്നങ്ങൾ ഉള്ളവരെ നടത്തം പരിശീലിപ്പിക്കുന്നതിനും സഹായിക്കുന്ന സംവിധാനമാണ് വെർച്വൽ റിയാലിറ്റി.

(ബി) ഏതെല്ലാം കോഴ്സുകളും ചികിത്സാ സൗകര്യങ്ങളുമാണ് നിപ്മറിൽ ലഭ്യമായിട്ടുള്ളത്; ചലനക്ഷമത കൂട്ടുന്നതിനും നാഡീപ്രശ്നങ്ങൾ കാരണം ചലനമറ്റവർക്ക് ചികിത്സ എളുപ്പമാക്കുന്നതിനും ഇവിടെ സംവിധാനമുണ്ടോ; മറ്റെന്തെല്ലാം രോഗങ്ങൾക്കാണ് ഇവിടെ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നത്; വിശദാംശം നൽകാമോ?

NIPMR-ൽ സെറിബ്രൽ പാൾസി, ഓട്ടിസം സ്പെക്ട്രം ഡിസോർഡേഴ്സ്, ഇന്റലെക്ച്വൽ ആൻഡ് ഡെവലപ്മെന്റൽ ഡിസെബിലിറ്റി എന്നീ അവസ്ഥകളാൽ ബുദ്ധിമുട്ടുന്ന കുട്ടികൾക്കായി മൂന്ന് സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നു. കൂടാതെ സ്പെഷ്യൽ സ്കൂൾ അധ്യാപകരാകാനുള്ള ഏറ്റവും കുറഞ്ഞ യോഗ്യതയായ രണ്ട് വർഷം ദൈർഘ്യമുള്ള ഡിപ്ലോമ സ്പെഷ്യൽ എഡ്യൂക്കേഷൻ കോഴ്സും കേരള ആരോഗ്യ ശാസ്ത്ര സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന നാലര വർഷം ദൈർഘ്യമുള്ള ബാച്ചിലർ ഓഫ് ഒക്യുപ്പേഷണൽ തെറാപ്പി കോഴ്സും NIPMR-ലുണ്ട്. ഇതോടൊപ്പം 18-നും 30-നും ഇടയിൽ പ്രായമുള്ള ഭിന്നശേഷിക്കാരായ യുവതീയുവാക്കളെ സ്വയംപര്യാപ്തരാക്കുന്നതിന്റെ ഭാഗമായി നടത്തുന്ന

തൊഴിലധിഷ്ഠിത പരിശീലനമായ 6 മാസം ദൈർഘ്യമുള്ള എംപവർമെന്റ് ത്രൂ വൊക്കേഷണലൈസേഷൻ (Em-Voc) പ്രോഗ്രാമും നടപ്പിലാക്കിവരുന്നു. ചലനക്ഷമത കൂട്ടുന്നതിനും നാഡീപ്രശ്നങ്ങൾ കാരണം ചലനമറ്റവർക്ക് ചികിത്സ എളുപ്പമാക്കുന്നതിനും NIPMR-ൽ വിവിധ തെറാപ്പി സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. NIPMR-ൽ ലഭ്യമാക്കുന്ന വിവിധ തെറാപ്പി സംവിധാനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## ആലത്തൂർ മണ്ഡലത്തിലെ ബഡ്സ് സ്കൂളുകൾ

**208 (1832)** ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ നിലവിലുള്ള ബഡ്സ് സ്കൂളുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്കൂളുകളിലെ വിദ്യാർഥികളുടെ എണ്ണം, ഭൗതിക സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

| ബഡ്സ് സ്കൂൾ പ്രവർത്തിക്കുന്ന | വിദ്യാർഥികളുടെ എണ്ണം | ഭൗതിക സാഹചര്യം | റിമാർക്ക്സ് |
|---|---|---|---|

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

| | | | |
|---|---|---|---|
| തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര് | | | |
| ആലത്തൂർ | 26 | പഞ്ചായത്തുവക കെട്ടിടം, സ്വന്തം സ്കൂൾ ബസ്, സ്മാർട്ട് ക്ലാസ് റൂം | എല്ലാ സ്ഥാപനങ്ങളിലും ഒരു ടീച്ചറുടെയും രണ്ട് ആയമാരുടെയും സേവനം ലഭ്യമാക്കി വരുന്നു |
| കിഴക്കഞ്ചേരി | 44 | പഞ്ചായത്തുവക കെട്ടിടം, തെറാപ്പി ഉപകരണങ്ങൾ, അടുക്കള ഉപകരണങ്ങൾ, ടെലിവിഷൻ, സ്പീക്കർ, സൗണ്ട് സിസ്റ്റം | |
| എരിമയൂർ | 30 | പഞ്ചായത്തുവക കെട്ടിടം | |

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പുതിയ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

**നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിംഗിൽ ആരംഭിച്ച പുതിയ കോഴ്സുകൾ**

**209 (1833)** <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രവണ പരിമിതർക്കും കാഴ്ചപരിമിതിയുള്ളവർക്കും ഏതെല്ലാം കോഴ്സുകളാണ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സ്പീച്ച് ആൻഡ് ഹിയറിംഗിൽ ആരംഭിച്ചത്; വിശദമാക്കുമോ?

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിൽ ശ്രവണ പരിമിതർക്കായി താഴെപ്പറയുന്ന കോഴ്സുകൾ നടത്തിവരുന്നു.

| ക്രമ നമ്പർ | കോഴ്സ് | സീറ്റുകളുടെ എണ്ണം |
|---|---|---|
| 1 | ബി.എസ്‌സി. കമ്പ്യൂട്ടർ സയൻസ്<br>(കേരള യൂണിവേഴ്സിറ്റി അംഗീകൃതം) | 30 |
| 2 | ഫൈൻ ആർട്സിൽ ബിരുദം<br>(കേരള യൂണിവേഴ്സിറ്റി അംഗീകൃതം) | 40 |
| 3 | ബി.കോം. (കേരള യൂണിവേഴ്സിറ്റി അംഗീകൃതം) | 30 |
| 4 | ഹയർ എജ്യൂക്കേഷൻ ഫൗണ്ടേഷൻ പ്രോഗ്രാം | 30 |
| 5 | ഡിപ്ലോമ ഇൻ ടീച്ചിംഗ് ഇന്ത്യൻ സൈൻ ലാംഗ്വേജ് (റീ ഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകൃതം) | 30 |

പ്രസ്തുത സ്ഥാപനം ശ്രവണ-സംസാരശേഷി കുറഞ്ഞവരുടെ പുനരധിവാസം ലക്ഷ്യമാക്കിയുള്ള സ്ഥാപനമായതിനാൽ നിലവിൽ കാഴ്ച

പരിമിതിയുള്ളവർക്കായി യാതൊരുവിധ കോഴ്സുകളും നടത്തിവരുന്നില്ല.

**കേരള സാമൂഹ്യ സുരക്ഷ മിഷനുകീഴിലെ കൗൺസിലർമാർ**

**210 (1834)** ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷനുകീഴിൽ വിവിധ ആശുപത്രികളിലായി താൽക്കാലികമായി നാളിതുവരെ എത്ര കൗൺസിലർമാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷനുകീഴിൽ വിവിധ ആശുപത്രികളിലായി വിവിധ കാലങ്ങളിൽ താൽക്കാലികമായി നാളിതുവരെ 27 പേരെ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ കൗൺസിലർമാരായി നിയമിച്ചിട്ടുണ്ട്.

(ബി) ഇവരിൽ എത്ര ജീവനക്കാർ സ്വന്തം ഇഷ്ടപ്രകാരം രാജിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; രാജിവച്ച ജീവനക്കാരുടെ രാജിയുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) രാജിയുടെ പകർപ്പ് ഇല്ലെങ്കിൽ പ്രസ്തുത ഫയൽ നഷ്ടപ്പെടുത്തിയ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(ബി&സി) കൗൺസിലർമാരായി സേവനത്തിലുണ്ടായിരുന്ന 18 ജീവനക്കാർ രാജിവച്ചുപോയിട്ടുണ്ട്. 2009 മുതൽ വിവിധ സമയങ്ങളിൽ സേവനത്തിൽ പ്രവേശിച്ച് രാജിവച്ചുപോയവരുടെ ലഭ്യമായ രാജിക്കത്തുകളുടെ പകർപ്പുകൾ ശേഖരിച്ചുവരുന്നു. രാജിയുമായി ബന്ധപ്പെട്ട ഫയലുകൾ നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന വിവരം പരിശോധിച്ചുവരുന്നു.

**വൃദ്ധസദനം നിർമ്മിക്കുന്നതിനുള്ള നടപടികൾ**

**211 (1835)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കോട്ടയം ജില്ലാ വൃദ്ധസദനത്തിനുവേണ്ടി മുളക്കുളം ഗ്രാമപഞ്ചായത്തിലെ കാരിക്കോട്

കരയിൽ പഞ്ചായത്ത് വിട്ടുനൽകിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2023-24-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്തുപണികൾ) മുപ്പത്തിയേഴാമത്തെ ഇനമായി സാമൂഹ്യനീതി വകുപ്പ് മുഖേന കോട്ടയം ജില്ലാ വൃദ്ധസദനം മുളക്കുളം കാരിക്കോട് നിർമ്മാണം രണ്ടാംഘട്ട പദ്ധതിക്കായി തുക വകയിരുത്തിട്ടുണ്ട്. ആകെ അടങ്കൽ തുകയായ 300 ലക്ഷം രൂപയിൽ 60 ലക്ഷം രൂപയാണ് നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത സ്ഥാപനം കൂടുതൽ വയോജന സൗഹൃദമാക്കുന്നതിന്റെ ഭാഗമായി രണ്ടാംഘട്ട നിർമ്മാണ സാധ്യതകൾ പരിശോധിച്ച് വിശദമായ റിപ്പോർട്ടും പ്ലാനും ബാരിയർ ഫ്രീ കണ്ടസൾട്ടൺസി സെൽ മുഖേന ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്ലാൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പുമായി ചർച്ച നടത്തുകയും പ്ലാനിന്റെ പ്രായോഗികത പരിശോധിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മുന്നോടിയായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ നടത്തുന്നതിലേയ്ക്കായി സാമൂഹ്യനീതി വകുപ്പിന്റെ 2235-02-001-96 (പി) ശീർഷകത്തിൽനിന്നും 3,90,000/- രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത നടപടി പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയിൽ എന്തെല്ലാം ഇനങ്ങളാണ് ഉൾപ്പെടുത്തേണ്ടതെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള കത്ത് സാമൂഹ്യനീതി വകുപ്പ് പൊതുമരാമത്ത് വകുപ്പിന് നൽകേണ്ടതായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ മുഖേന അക്സസ് ഓഡിറ്റ് നടത്തി വിശദമായ റിപ്പോർട്ടും പ്ലാനും തയ്യാറാക്കിയിരുന്നു. മേൽ പ്ലാൻ അംഗീകരിക്കാവുന്നതാണെന്നും സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിനുശേഷമുള്ള കണ്ടെത്തലിന്റെ വിശദാംശങ്ങൾ അനുസരിച്ച് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിക്കുകയുള്ളൂവെന്നും പഴയ കെട്ടിടത്തിൽനിന്നും നിശ്ചിത അകലം പാലിക്കേണ്ടിവന്നാൽ

അതനുസരിച്ചുള്ള ഭേദഗതികൾ വരുത്തുന്നതാണെന്നും പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് 16-10-2023-ൽ സ്ഥലം എം.എൽ.എ. വകുപ്പുമന്ത്രിക്കും ഡയറക്ടർക്കും നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത കത്തിന് ഡയറക്ടർ സ്ഥലം എം.എൽ.എ.-ക്ക് മറുപടി നൽകിയിരുന്നോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ?

രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാനായി കോട്ടയം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. വർക്ക് ആരംഭിക്കുന്നതിന് മുന്നോടിയായി സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾക്കായി വൈക്കം പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന ലഭ്യമാക്കിയ 3,90,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ഫണ്ട് അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച്

സ്വീകരിച്ച നടപടികൾ അറിയിച്ചുകൊണ്ടുള്ള മറുപടി ബഹുമാനപ്പെട്ട എം.എൽ.എ.-ക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇതുസംബന്ധിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ ഇരു വകുപ്പുകളിലെയും ഉദ്യോഗസ്ഥരെ സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ട് യോഗം വിളിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഇത് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. മീറ്റിംഗ് വിളിച്ചിരുന്നു. ചില അസൗകര്യംമൂലം ആയത് മാറ്റിവയ്ക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ സ്ഥലം എം.എൽ.എ., സാമൂഹ്യനീതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ബാരിയർ ഫ്രീ കൺസൾട്ടൻസി സെൽ

എന്നിവരുമായി ചേർന്ന് ഒരു മീറ്റിംഗ് കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**സാമൂഹ്യനീതി വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

**212 (1836)** ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള എന്തെങ്കിലും പദ്ധതികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) വൃദ്ധസദനം പോലെയുള്ള സ്ഥാപനങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങളിൽ മുൻഗണന നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വൃദ്ധസദനം പോലെയുള്ള സ്ഥാപനങ്ങൾക്ക് ക്ഷേമ പ്രവർത്തനങ്ങളിൽ മുൻഗണന നൽകുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**സ്പോൺസർഷിപ്**

**213 (1837)** ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾ കേരളീയം, നവകേരളം എന്നീ പരിപാടികൾക്കായി സ്പോൺസർഷിപ്പ് നൽകിയിട്ടുണ്ട്; സ്പോൺസർഷിപ്പ് നൽകിയ സ്ഥാപനങ്ങളുടെ പേരും നൽകിയ തുകയും സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് കേരള സാമൂഹ്യ സുരക്ഷ മിഷൻ പബ്ലിസിറ്റി, സോഷ്യൽ മീഡിയ, ഐ.ഇ.സി., എക്സിബിഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് 3,42,077/- രൂപ ചെലവഴിച്ചിട്ടുണ്ട്. കേരളീയം പരിപാടിയുമായി ബന്ധപ്പെട്ട് 2023 നവംബർ 4-ന് തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

1200-ഓളം പേരെ പങ്കെടുപ്പിച്ചുനടന്ന സംസ്ഥാനതല സെമിനാറിൽ രജിസ്ട്രേഷൻ ഡെസ്കിലേയ്ക്കായി കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ 82,619/- രൂപയുടെ വോളണ്ടിയർ ബാഡ്ജ്, നോട്ട്പാഡ്, പേന, കാർഡ്ബോർഡ്, ഫയൽ തുടങ്ങിയ സാധനങ്ങൾ സെമിനാറിൽ പങ്കെടുത്ത പ്രതിനിധികൾക്ക് നൽയിട്ടുണ്ട്.

**വിവിധ സ്ഥാപനങ്ങളിലെ കരാർ നിയമനങ്ങൾ**

**214 (1838)** <u>**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന സ്ഥാപനങ്ങളിൽ എത്ര കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പ്രൊഫഷണൽ എംപ്ലോയ്മെന്റ് എന്നിവ മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സാമൂഹ്യനീതി വകുപ്പിലും സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറ്റ് സ്ഥാപനങ്ങളിലും താഴെപ്പറയുന്ന കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

| ക്രമ നം. | വകുപ്പ്/ സ്ഥാപനത്തിന്റെ പേര് | കരാർ നിയമനത്തിന്റെ എണ്ണം |
|---|---|---|
| 1 | സാമൂഹ്യനീതി വകുപ്പ് | 589 |
| 2 | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 12 |
| 3 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് | ഇല്ല |
| 4 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ | 37 |
| 5 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ | 226 |
| 6 | ഓർഫനേജ് കൺട്രോൾ ബോർഡ് | 1 |
| 7 | കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് | 9 |

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | വകുപ്പ്/സ്ഥാപനത്തിന്റെ പേര് | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് | പ്രൊഫഷണൽ എംപ്ലോയ്മെന്റ് |
|---|---|---|---|

| | | മുഖാന്തരമുള്ള നിയമനത്തിന്റെ എണ്ണം | മുഖാന്തരമുള്ള നിയമനത്തിന്റെ എണ്ണം |
|---|---|---|---|
| 1 | സാമൂഹ്യനീതി വകുപ്പ് | 5 | 0 |
| 2 | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 66 | 1 |
| 3 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് | 0 | 0 |
| 4 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ | 0 | 0 |
| 5 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ | 1 | 0 |
| 6 | ഓർഫനേജ് കൺട്രോൾ ബോർഡ് | 0 | 0 |
| 7 | കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് | 0 | 0 |

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഇത്തരം നിയമനങ്ങൾക്ക് അവലംബിച്ച മാർഗ്ഗമെന്താണ്; വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ നടത്തിയ നിയമനങ്ങളുടെ വിവരങ്ങൾ:

| ക്രമ. നം. | വകുപ്പ്/ സ്ഥാപനത്തിന്റെ പേര് | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനത്തിന്റെ എണ്ണം |
|---|---|---|
| 1 | സാമൂഹ്യനീതി വകുപ്പ് | 584 |
| 2 | കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ | 12 |
| 3 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് | ഇല്ല |
| 4 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ | 37 |
| 5 | കേരള സാമൂഹ്യ സുരക്ഷാ മിഷൻ | 226 |
| 6 | ഓർഫനേജ് കൺട്രോൾ ബോർഡ് | 1 |
| 7 | കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് | 9 |

സാമൂഹ്യനീതി വകുപ്പിലും സാമൂഹ്യനീതി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മറ്റ് 7 സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനങ്ങൾക്ക് അവലംബിച്ചുവരുന്ന മാർഗ്ഗങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെയുള്ള നിയമനങ്ങളിൽ റിസർവേഷൻ തത്വങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള താൽക്കാലിക നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കണമെന്ന് നിഷ്കർഷിക്കുന്ന ഉത്തരവുകളോ ചട്ടങ്ങളോ നിലവിലില്ല.

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം**

215 (1839) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം എൻഡോസൾഫാൻ ബാധിതരെന്ന് കണ്ടെത്തിയ എല്ലാവരെയും എൻഡോസൾഫാൻ ബാധിതരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

വിദഗ്ധ സമിതി റിപ്പോർട്ട് പ്രകാരം 2017-ലെ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പിൽ 1905 പേരെ പരിശോധിക്കുകയും ആയതിൽ 879 പേരെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്തു. ബാക്കിയുള്ളവർ നിർദ്ദിഷ്ട മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ അവരെ ഒഴിവാക്കി. 2010 മുതൽ 2017 വരെ വിവിധ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ വഴി 6727 വ്യക്തികളെ എൻഡോസൾഫാൻ ദുരിത ബാധിതരായി കണ്ടെത്തിയിരുന്നു. നിലവിൽ 6600 വ്യക്തികൾ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്. 127 പേരെ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്.

1. പട്ടികയിൽനിന്നും ഒഴിവാകാൻ അപേക്ഷ നൽകിയവർ – 17

2. വന്ധ്യത കാരണമായി ഭാര്യയും ഭർത്താവും ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഒരാളെ ഒഴിവാക്കിയത്/വന്ധ്യതമൂലം ലിസ്റ്റിൽ ഉൾപ്പെടുകയും പിന്നീട് കുട്ടികളുണ്ടാവുകയും ചെയ്തവർ – 47

3. ഒരാൾതന്നെ 2 ഒ.പി. നമ്പറിൽ ഉൾപ്പെട്ടത് - 63

(ബി) ഇവർക്ക് സൗജന്യ ചികിത്സയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി സംസ്ഥാന സർക്കാർ ആകെ 456,19,38,884/- (നാനൂറ്റി അമ്പത്തിയാറ് കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി എൺപത്തിനാല് കോടി) രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

<u>കാസർഗോഡ് ജില്ലാ കളക്ടറേറ്റ് മുഖാന്തരം</u>

1. ബഹുമാനപ്പെട്ട സുപ്രീംകോടതി ~~കോടതി~~ വിധിപ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള 5,00,000/- രൂപയുടെ ധനസഹായം - 269,24,00,000/- രൂപ

2. വായപ എഴുതിത്തള്ളൽ പദ്ധതി - 5,62,38,884/- രൂപ

3. ചികിത്സാ ധനസഹായ പദ്ധതി - 95,00,00,000/- രൂപ (സ്റ്റേറ്റ് ഫണ്ട്)

കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖാന്തരം

1. സ്നേഹസാന്ത്വനം പ്രതിമാസ പെൻഷൻ പദ്ധതി - 78,71,00,000/- രൂപ

2. സ്പെഷ്യൽ ആശ്വാസകിരണം - എൻഡോസൾഫാൻ ദുരിതബാധിതരെ പരിചരിക്കുന്നവർക്കുള്ള പ്രതിമാസ ധനസഹായ പദ്ധതി - 5,55,00,000/- രൂപ

3. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് ഒറ്റത്തവണ വിദ്യാഭ്യാസ ധനസഹായ പദ്ധതി - 2,07,00,000/-രൂപ

കാസർഗോഡ് എൻഡോസൾഫാൻ ദുരിത ബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് സൗജന്യ ചികിത്സയും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. വിശദാംശങ്ങൾ താഴെ പറയുംപ്രകാരമാണ്.

1. എല്ലാ സർക്കാർ ആശുപത്രികളിലും സൗജന്യ ചികിത്സയും ലാബ് പരിശോധനകളും എംപാനൽ ചെയ്തിട്ടുള്ള 17 സർക്കാർ സ്വകാര്യ സ്പെഷ്യലിസ്റ്റ്/ സൂപ്പർ സ്പെഷ്യലിസ്റ്റ് ആശുപത്രികൾ മുഖേനയുള്ള സൗജന്യ സ്പെഷ്യലിസ്റ്റ്/സൂപ്പർ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ, സർക്കാർ

ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കുന്നു.

2. ആരോഗ്യകേരളം മുഖേന ഒരു മൊബൈൽ മെഡിക്കൽ യൂണിറ്റ് എൻഡോസൾഫാൻ മേഖലയിൽ സേവനം നൽകുന്നു.

3. എൻഡോസൾഫാൻ ദുരിതബാധിതരുൾപ്പെടുന്ന കാസർഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളിൽ ആരോഗ്യകേരളം മുഖേന നിയമിതരായ ഫിസിയോതെറാപ്പിസ്റ്റുകൾ മുഖേന ഫിസിയോതെറാപ്പി സേവനം നല്കിവരുന്നു.

4. പഞ്ചായത്ത് തലത്തിലെ പ്രാഥമിക പാലിയേറ്റീവ് നഴ്സുമാർ മുഖേനയും ആരോഗ്യകേരളം മുഖേനയുള്ള സെക്കൻഡറി പാലിയേറ്റീവ് നഴ്സുമാർ മുഖേനയും പാലിയേറ്റീവ് സേവനങ്ങൾ നൽകിവരുന്നു.

5. കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിൽ നിലവിൽ നിർമ്മാണം പൂർത്തീകരിച്ച അക്കാദമിക് ബ്ലോക്കിൽ ജനറൽ മെഡിസിൻ, പീഡിയാട്രിക്, ന്യൂറോളജി, നെഫ്രോളജി, കമ്മ്യൂണിറ്റി മെഡിസിൻ,

ഡെർമറ്റോളജി, സൈക്യാട്രി, ഇ.എൻ.ടി., പൾമനോളജി, ഓറൽ മാക്സിലോഫേഷ്യൽ സർജറി എന്നീ വിഭാഗങ്ങളിൽ ഒ.പി. പ്രവർത്തിക്കുന്നു. എൻഡോസൾഫാൻ രോഗികൾക്ക് മരുന്നുകളും ലാബ് പരിശോധനകളും സൗജന്യമായി നൽകുന്നു. രോഗികളെ അതത് ഒ.പി.-യിൽ പരിശോധിക്കുകയും വിദഗ്ധ ചികിത്സ വേണ്ടവരെ എംപാനൽ ചെയ്ത ആശുപത്രികളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഹോസ്പിറ്റൽ ബ്ലോക്ക് പൂർത്തീകരിക്കുന്നതോടുകൂടി കിടത്തി ചികിത്സ, എൻഡോസൾഫാൻ ബാധിതർക്കുള്ള പ്രത്യേക വാർഡ്, MAR Unit, Physiotherapy, MRI, CT, Electrophysiology, Audiology and Speech Unit എന്നീ സൗകര്യങ്ങൾ ലഭ്യമാകും.

മെഡിക്കൽ കോളേജ് പൂർത്തിയാകുന്നതോടുകൂടി എൻഡോസൾഫാൻ ഗവേഷണ പ്രവർത്തനങ്ങളും സാധ്യമാക്കുന്നതാണ്.

**എൻഡോസൾഫാൻ ദുരന്തം**

**216 (1840)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരന്തം നേരിട്ടത് എപ്പോഴാണെന്നും അതിന്റെ ആഘാതം ആദ്യമായി നേരിട്ട വ്യക്തി ആരാണെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 1978-2001 വരെയുള്ള കാലയളവിലാണ് എൻഡോസൾഫാൻ കീടനാശിനി തളിച്ചത്. പ്രസ്തുത കീടനാശിനി തളിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ദുരന്തത്തിന്റെ ആഘാതം ആദ്യമായി നേരിട്ട വ്യക്തിയെക്കുറിച്ചുള്ള വിവരം ലഭ്യമല്ല.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഇപ്പോൾ എത്രപേരുണ്ടെന്നും അവർക്ക് ഇതുവരെ ലഭിച്ചതും ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതുമായ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

6600 പേർ നിലവിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. 2016 മുതൽ 2023 വരെയുള്ള വിവിധ സാമ്പത്തിക വർഷങ്ങളിലായി കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആകെ 456,19,38,884/- (നാനൂറ്റി അമ്പത്തിയാറ് കോടി പത്തൊൻപത് ലക്ഷത്തി മുപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി എൻപത്തിനാല് കോടി) രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങളടക്കം എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പട്ടികയിൽനിന്ന് ഈ അടുത്ത കാലത്തായി ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ എത്രപേരെ ഒഴിവാക്കിയിട്ടുണ്ടെന്നും അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

2010 മുതൽ 2017 വരെ വിവിധ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ വഴി 6727 വ്യക്തികളെ എൻഡോസൾഫാൻ ദുരിതബാധിതരായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കണ്ടെത്തിയിരുന്നു. പട്ടികയിൽനിന്നും 127 പേരെ ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്.

1. പട്ടികയിൽനിന്നും ഒഴിവാകാൻ അപേക്ഷ നൽകിയവർ - 17

2. വന്ധ്യത കാരണമായി ഭാര്യയും ഭർത്താവും ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഒരാളെ ഒഴിവാക്കിയവർ / പിന്നീട് കുട്ടികളുണ്ടായവർ - 47

3. ഒരാൾതന്നെ 2 ഒ.പി. നമ്പറിൽ ഉൾപ്പെട്ടത്

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിക്കൊണ്ടിരിക്കുന്നതും ഇപ്പോൾ നൽകിവരുന്നതുമായ ചികിത്സകളെയും മരുന്നുകളെയും സംബന്ധിച്ച് വിശദമാക്കുമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിക്കൊണ്ടിരിക്കുന്നതും ഇപ്പോൾ നൽകിവരുന്നതുമായ ചികിത്സകളെയും മരുന്നുകളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഇ) എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിക്കുന്ന ആശുപത്രികളും മരുന്നുനൽകുന്ന സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിക്കുന്ന ആശുപത്രികളും മരുന്നുനൽകുന്ന സ്ഥാപനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(എഫ്) പ്രസ്തുത ആശുപത്രികളിൽ ഇപ്പോഴും ചികിത്സ ലഭ്യമാണോ എന്നും സൗജന്യ മരുന്നുകൾ നൽകിവരുന്നുണ്ടോ എന്നും വ്യക്തമാക്കാമോ; സൗജന്യമരുന്നുകൾ നിർത്തിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

എൻഡോസൾഫാൻ ദുരിതബാധിതർക്ക് എംപാനൽ ചെയ്ത ആശുപത്രികൾവഴി സൗജന്യ ചികിത്സ ഇപ്പോഴും നൽകിവരുന്നു. സർക്കാർ ആശുപത്രികളിൽ ലഭ്യമായ മരുന്നുകൾ സൗജന്യമായി നൽകുന്നു. ലഭ്യമല്ലാത്ത മരുന്നുകൾ അതത് ആശുപത്രികളുമായി ധാരണയുള്ള നീതി മെഡിക്കൽ സ്റ്റോറുകൾ മുഖേന ലഭ്യമാക്കിവരുന്നു.

(ജി) എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിച്ച ആശുപത്രികൾക്ക് പണം നൽകാൻ ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എങ്കിൽ കുടിശ്ശിക എത്രകാലമായി നിലനിൽക്കുന്നുവെന്ന് തുകയും ആശുപത്രിയും തിരിച്ച് വ്യക്തമാക്കാമോ?

2011 മുതൽ 2021 വരെ എൻഡോസൾഫാൻ ദുരിത മേഖലയിൽ 28,43,65,000/- രൂപ ആരോഗ്യസേവനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരെ ചികിത്സിച്ച വകയിൽ കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിക്ക് 31-12-2023 വരെ 99,62,537/- രൂപയും കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിന് 1,60,306/- രൂപയും നൽകാനുണ്ട്.

**സ്വകാര്യ വയോജനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയമ വിധേയമാക്കുന്നതിനുള്ള നടപടി**

**217 (1841)** **ശ്രീ. ജി. സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ വയോജനകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയമ വിധേയമാക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ അതിനായി തയ്യാറാക്കിയ മാർഗ്ഗരേഖ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ഓർഫനേജസ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർവിഷൻ & കൺട്രോൾ) ആക്ട് 1960 പ്രകാരവും സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ദി കേരള സ്റ്റേറ്റ് (ഓർഫനേജസ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ്) ബോർഡ് ഓഫ് കൺട്രോൾ റൂൾസ് 1961 പ്രകാരവും കാലാകാലങ്ങളായി സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന വിവിധ ഉത്തരവുകൾക്കും വിധേയമായിട്ടാണ് സംസ്ഥാനത്ത് വയോജനങ്ങളെ പാർപ്പിക്കുന്ന ഹോമുകൾ പ്രവർത്തിക്കാൻ അനുമതി നൽകുന്നത്. അതിനുപുറമെ 28-8-2009-ലെ സ.ഉ. (പി) നമ്പർ 38/2009/എസ്.ഡബ്ല്യൂ.ഡി. പ്രകാരം നിലവിൽവന്ന 'കേരള മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും റൂൾസ് 2009-ന്റെ 18 (2) പ്രകാരം സംസ്ഥാനത്തെ വാർദ്ധക്യകാല ഗൃഹങ്ങളുടെ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖ 20-8-2016-ലെ സ.ഉ.

(അച്ചടി) നമ്പർ 10/2016/സാ.നീ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**വിവിധ ആക്രമണങ്ങൾക്ക് വിധേയരായവർക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ**

**218 (1842)** ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധതരം ആക്രമണങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾ, അംഗപരിമിതർ, കുട്ടികൾ, വൃദ്ധർ, നിരാലംബർ, തെരുവിൽ അലഞ്ഞുനടക്കുന്ന ആശ്രയമില്ലാത്തവർ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവർക്കായി വൈദ്യസഹായം, സൗജന്യ നിയമസഹായം, കൗൺസിലിംഗ്, പുനരധിവാസം, അനുബന്ധ ധനസഹായം എന്നിവ ഉറപ്പാക്കാനായി സാമൂഹ്യനീതി വകുപ്പ് നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ, പ്രൊബേഷൻകാർ എന്നീ വിഭാഗത്തിലുൾപ്പെടുന്ന വ്യക്തികളുടെ ഉന്നമനത്തിനുവേണ്ടിയുള്ള പദ്ധതികളാണ് സംസ്ഥാന സാമൂഹ്യനീതി വകുപ്പ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മുഖേന സംസ്ഥാനത്ത് നടപ്പാക്കിവരുന്നത്. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമുള്ള പദ്ധതികൾ സംസ്ഥാന വനിതാശിശു വികസന വകുപ്പ് മുഖേനയാണ് നടപ്പാക്കിവരുന്നത്. പ്രൊബേഷൻ & ആഫ്റ്റർ കെയർ സേവനങ്ങളുടെ ഭാഗമായി അതിക്രമത്തിന് ഇരയായവർ/ അവരുടെ ആശ്രിതർ എന്നിവർക്കുവേണ്ടിയുള്ള താഴെപ്പറയുന്ന പദ്ധതികളാണ് സംസ്ഥാന സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കിവരുന്നത്.

1. അതിക്രമത്തിന് ഇരയായവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
2. ജീവനം - സ്വയംതൊഴിൽ പുനരധിവാസ പദ്ധതി
3. മിത്രം പദ്ധതി - പ്രൊബേഷൻ ഗുണഭോക്താക്കൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം
4. ഭിന്നശേഷിക്കാർക്കായുള്ള പരിരക്ഷ പദ്ധതി
5. ഇംപ്രസ്റ്റ് മണി പദ്ധതി
6. വയോരക്ഷ പദ്ധതി

7. കരുതൽ പദ്ധതി തുടങ്ങിയ പദ്ധതികളും നടപ്പാക്കിവരുന്നു.

മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ കണക്ക് തരംതിരിച്ച് ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം ഈ സാമ്പത്തിക വർഷം ഇതുവരെ ധനസഹായം അനുവദിച്ചവരുടെ കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

**കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ**

219 (1843) ശ്രീ. എം. എം. മണി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം നൽകാമോ?

സംസ്ഥാന സാമൂഹ്യനീതി വകുപ്പിനുകീഴിലുള്ള കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന ഓരോ പദ്ധതിയിലൂടെയും ഭിന്നശേഷിക്കാർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; ഇതിനായി എന്തുതുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**മജ്ജ മാറ്റിവക്കൽ ശസ്ത്രക്രിയയ്ക്കുള്ള സഹായം**

**220 (1844)** <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മാസ്റ്റർ ഷെസിൻ റിയാൻ (6 വയസ്സ്), ചാലിയന്റെ പറമ്പത്ത്, അത്തൂർ എന്ന കുട്ടിയുടെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ തീരുമാനം കൈകൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സാമ്പത്തികമായി ഏറെ പ്രയാസം അനുഭവിക്കുന്ന ഷെസിൻ റിയാന്റെ ചികിത്സയ്ക്ക് സഹായം നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ?

മാസ്റ്റർ ഷെസിൻ റിയാൻ (6 വയസ്സ്), ചാലിയന്റെ പറമ്പത്ത്, അത്തൂർ എന്ന കുട്ടിയുടെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് സമർപ്പിച്ച അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വി കെയർ പദ്ധതിയുടെ മെഡിക്കൽ കമ്മിറ്റി ശിപാർശയോടെ ഗവേണിംഗ് ബോഡി ചെയർപേഴ്സൺ ഗവേണിംഗ് ബോഡിയുടെ അനുമതി പ്രതീക്ഷിച്ച് 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ) അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആശുപത്രിക്ക് സമ്മതപത്രം അയയ്ക്കുന്നതിനുമുമ്പ് ശസ്ത്രക്രിയ തീയതി സ്ഥിരീകരിക്കുന്നതിനായി സാമൂഹ്യ സുരക്ഷാ മിഷൻ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ടിരുന്നു. എന്നാൽ

2023 മാർച്ച് 21-ന് മാസ്റ്റർ ഷെസിൻ റിയാന്റെ രണ്ടാമത്തെ ശസ്ത്രക്രിയ കഴിഞ്ഞതാണ് എന്ന വിവരം ആശുപത്രി അധികൃതരിൽനിന്നും അറിയാൻകഴിഞ്ഞു. വി കെയർ പദ്ധതി മാർഗ്ഗരേഖ പ്രകാരം ചികിത്സയ്ക്ക് ചെലവായ തുക റീ-ഇമ്പേഴ്സ് (ചികിത്സ കഴിഞ്ഞശേഷം ചികിത്സ ചെലവ് അനുവദിച്ചുനൽകൽ) ചെയ്തുനൽകുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ മാസ്റ്റർ ഷെസിൻ റിയാന്റെ അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കാൻ കഴിയുകയില്ലെന്ന വിവരം രേഖാമൂലം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്.

**ലൈബ്രറികളിൽ സൗജന്യ പി.എസ്.സി. പരിശീലനം**

**221 (1845)** ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലൈബ്രറികളിൽ സൗജന്യ പി.എസ്.സി. പരിശീലന ക്ലാസുകൾ നടത്തുന്നതിന് സാമ്പത്തിക സഹായം നൽകാൻ സാധിക്കുമോയെന്ന് അറിയിക്കുമോ?

നിലവിൽ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുകീഴിൽ വരുന്ന 800-ഓളം ലൈബ്രറികളിൽ സൗജന്യ പി.എസ്.സി. പരിശീലനം നൽകിവരുന്നു. ആയതിന് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നില്ല.

(ബി) ലൈബ്രറികളിൽ പകൽവീട്, പഠനവീട് പദ്ധതികൾ ഊർജ്ജിതമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനവുമായി സഹകരിച്ച് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിൽവരുന്ന ലൈബ്രറികളിൽ പകൽവീട് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ലൈബ്രറി കൗൺസിൽ നൽകിയിട്ടുണ്ട്. പഠനവീട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

**ലൈബ്രറികളുടെ ഗ്രേഡിംഗ്**

**222 (1846)** <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 കാലഘട്ടത്തിൽ സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ്-ഇൻ എയ്ഡ് എത്രയെന്നും അത് മുൻവർഷത്തെ അപേക്ഷിച്ച് കുറവാണോ കൂടുതലാണോയെന്നും വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷം സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ ഗ്രാന്റ്-ഇൻ എയ്ഡ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | **വകയിരുത്തിയ തുക** | **ലഭിച്ച തുക** |
|---|---|---|
| എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് | 5,57,99,000/- | 3,79,43,320/- |
| ഓർഗനൈസേഷൻ ഗ്രാന്റ് | 20,30,59,000/- | 12,58,96,500/- |
| പ്ലാൻ ഫണ്ട് | 1,10,00,000/- | 1,10,00,000/- |

മുൻവർഷം വകയിരുത്തിയ അതേ തുകയാണ് 2022-23 സാമ്പത്തിക വർഷം ഓർഗനൈസേഷൻ ഗ്രാന്റായും എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റായും വകയിരുത്തിയത്. പ്ലാൻ ഫണ്ടായി മുൻവർഷം വകയിരുത്തിയതിനേക്കാൾ കൂടുതലാണ് 2022-23 വർഷം വകയിരുത്തിയിരുന്നത്.

(ബി) സംസ്ഥാനത്തെ ലൈബ്രറികളുടെ ഗ്രേഡിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ?

ലൈബ്രറികളുടെ ഗ്രേഡിൽ വ്യത്യാസം വരുത്തിയിട്ടില്ല. ലൈബ്രറികളുടെ ഗ്രാന്റ് അപേക്ഷയിന്മേൽ മുൻവർഷത്തെ പ്രവർത്തനം വിലയിരുത്തിയാണ് ഓരോ വർഷവും ഗ്രേഡ് അനുവദിക്കുന്നത്. ഗ്രഡേഷൻ കമ്മിറ്റിയാണ് ലൈബ്രറിയുടെ പ്രവർത്തനം പരിശോധിച്ച് ഗ്രേഡ് ശിപാർശ ചെയ്യുന്നത്. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ലൈബ്രറികളുടെ ഗ്രേഡിൽ വ്യത്യാസം വരുത്തിയിട്ടില്ല.

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര ലൈബ്രറികളെ തരംതാഴ്ത്തിയിട്ടുണ്ട്; ഇതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കാമോ; എത്ര ലൈബ്രറികളുടെ ഗ്രേഡ് ഉയർത്തിയിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഒരു ലൈബ്രറിയുടെയും ഗ്രേഡ് തരംതാഴ്ത്തിയിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ ഗ്രഡേഷൻ കമ്മിറ്റിയുടെ ശിപാർശ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ലൈബ്രറികളുടെ ഗ്രേഡ് സ്ഥായിയല്ല. ലൈബ്രറികളുടെ പ്രവർത്തനമനുസരിച്ച് സംസ്ഥാനത്തെ ചില ലൈബ്രറികളിൽ എല്ലാ

വർഷവും ഗ്രേഡിൽ വ്യത്യാസം വരാറുണ്ട്. ലൈബ്രറി ഓൺലൈനായി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ഗ്രേഡേഷൻ കമ്മിറ്റി റിക്കാർഡുകൾ പരിശോധിക്കുകയും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഗ്രേഡേഷൻ റിപ്പോർട്ട് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഒരു ലൈബ്രറിയുടെയും ഗ്രേഡ് ഉയർത്തിയിട്ടില്ല. ലൈബ്രറിയുടെ അപേക്ഷയനുസരിച്ച് ഗ്രേഡേഷൻ കമ്മിറ്റി ശിപാർശ ചെയ്ത ഗ്രേഡ് തന്നെയാണ് ലൈബ്രറികൾക്ക് അനുവദിച്ചിട്ടുള്ളത്.

(ഡി) ജില്ലാ ലൈബ്രറി കൗൺസിലിൽ എത്ര ജീവനക്കാർ നിലവിലുണ്ട്; താൽക്കാലിക ജിവനക്കാർ, സ്ഥിരം ജീവനക്കാർ എന്നിങ്ങനെ തരംതിരിച്ച് അറിയിക്കാമോ?

തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസിൽ ഒരു സ്ഥിരം ജീവനക്കാരിയും രണ്ട് താൽക്കാലിക ജീവനക്കാരുമുണ്ട്.

(ഇ) ഗ്രേഡേഷന് തിരുവനന്തപുരം താലൂക്ക് ലൈബ്രറി കൗൺസിൽ ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയതെന്നും അവർ ആരെല്ലാമാണെന്നും ഇവർ സ്ഥിരം ജീവനക്കാരാണോയെന്നും അറിയിക്കാമോ; ഗ്രേഡേഷന്

ചുമതലപ്പെടുത്തിയവർ എത്ര ലൈബ്രറികളുടെ ഗ്രേഡ് താഴ്ത്തിയെന്നും അവ ഏതെല്ലാമെന്നും തരംതാഴ്ത്തുന്നതിനുള്ള മാനദണ്ഡം എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലാ ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ. ജെ. എം. റഷീദ്, സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം ശ്രീ. ജി. ശ്രീകണ്ഠൻ, തിരുവനന്തപുരം താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി ശ്രീ. അനിൽകുമാർ, ഹെഡ് അക്കൗണ്ടന്റ് ശ്രീമതി ദിവ്യ ഐ., എൽ.ഡി. ക്ലാർക്ക് ശ്രീ. അദിനാൻ മൊഹദ് സി. പി. എന്നിവരെയാണ് തിരുവനന്തപുരം താലൂക്കിൽ ഗ്രഡേഷന് ചുമതലപ്പെടുത്തിയത്. ഇവരിൽ ആദ്യം പറഞ്ഞ മൂന്നുപേർ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി അംഗങ്ങളും മറ്റ് രണ്ടുപേർ ജീവനക്കാരുമാണ്. ശ്രീമതി ദിവ്യ ഐ., ശ്രീ. അദിനാൻ മൊഹദ് സി. പി. എന്നിവർ സ്ഥിരം ജീവനക്കാരാണ്. ഗ്രഡേഷൻ കമ്മിറ്റി അംഗങ്ങൾ ലൈബ്രറി ഗ്രാന്റ് അപേക്ഷയുടെ അടിസ്ഥാനത്തിൽ ലൈബ്രറി റിക്കാർഡുകൾ പരിശോധിച്ചും കൂട്ടായി ചർച്ച ചെയ്തും ഗ്രഡേഷൻ റിപ്പോർട്ട് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് നൽകുകയും ഗ്രേഡ് അനുവദിക്കുകയും

ചെയ്തു. ലൈബ്രറി സമർപ്പിച്ച ഗ്രാന്റ് അപേക്ഷ പ്രകാരമാണ് ഗ്രേഡ് നൽകിയിട്ടുള്ളത്. ഗ്രഡേഷന് ചുമതലപ്പെടുത്തിയവർ ലൈബ്രറിയുടെ ഗ്രേഡ് താഴ്ത്തിയിട്ടില്ല. തരംതാഴ്ത്തുന്നതിനുള്ള മാനദണ്ഡം നിലവിലില്ല.

(എഫ്) തിരുവനന്തപുരം താലൂക്ക് ലൈബ്രറി കൗൺസിലിൽ ഏത് മാനദണ്ഡപ്രകാരമാണ് ലൈബ്രറികളുടെ ഗ്രേഡ് നിശ്ചയിച്ചതെന്നും വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറികളെ തരംതാഴ്ത്തുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്നും പരിശോധനയ്ക്ക് മാർക്ക് ഷീറ്റ് നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അംഗീകരിച്ച മാനദണ്ഡപ്രകാരമാണ് തിരുവനന്തപുരം താലൂക്ക് ലൈബ്രറി കൗൺസിലിലും മറ്റ് 76 താലൂക്ക് ലൈബ്രറി കൗൺസിലുകളിലും ഗ്രഡേഷൻ പരിശോധന നടത്തിയതും ഗ്രേഡ് നിശ്ചയിച്ചതും. വർഷങ്ങളായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറികൾ നൽകുന്ന ഗ്രാന്റ് അപേക്ഷയനുസരിച്ച് പ്രവർത്തനം വിലയിരുത്തി ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. ഒരു ഓൺലൈൻ ഗ്രഡേഷൻ സോഫ്റ്റ്‌വെയർ അനുസരിച്ചാണ് ഗ്രാന്റ് അപേക്ഷ സ്വീകരിക്കുന്നതും

ഗ്രഡേഷൻ നടത്തുന്നതും ഗ്രേഡ് നിശ്ചയിക്കുന്നതും. ഗ്രഡേഷൻ നടത്തിയതിന്റെ മാർക്ക് ലിസ്റ്റ് നിലവിലുണ്ട്. അതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**ഗോ സമൃദ്ധി പദ്ധതി**

**223 (1847)** **ശ്രീ. പി. അബ്ദുൽ ഹമീദ്**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലികൾക്കും ഉടമകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്ന ഗോ സമൃദ്ധി പദ്ധതി മുടങ്ങിയതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഈ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; അതിൽ എത്ര രൂപ ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്; ഇപ്രകാരം ലഭിച്ച തുകയിൽ ചെലവഴിച്ച തുകയുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം 600 ലക്ഷം രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്. ധനകാര്യ വകുപ്പ് തുക അനുവദിച്ചിട്ടില്ല.

**നാദാപുരം മണ്ഡലത്തിലെ മൃഗസംരക്ഷണ-ക്ഷീരവികസന പദ്ധതികൾ**

**224 (1848)** ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിൽ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ?

മൃഗസംരക്ഷണ വകുപ്പ്:

നാദാപുരം മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ വന്ധ്യതാ നിവാരണ ക്യാമ്പ് പദ്ധതി, രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി, മൊബൈൽ വെറ്ററിനറി യൂണിറ്റ് പദ്ധതി എന്നിവ നടപ്പാക്കിവരുന്നു.

<u>ക്ഷീരവികസന വകുപ്പ്:</u>

നാദാപുരം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദാംശവും വ്യക്തമാക്കാമോ?

<u>മൃഗസംരക്ഷണ വകുപ്പ്</u>

(1) വന്ധ്യതാ നിവാരണ ക്യാമ്പ് പദ്ധതി നാദാപുരം മണ്ഡലത്തിലെ കാവിലുംപാറ, കായക്കൊടി, മരുതോങ്കര എന്നീ പഞ്ചായത്തുകളിൽ നടപ്പിലാക്കിക്കഴിഞ്ഞു. മൂന്ന് പ്രാവശ്യം കുത്തിവയ്പ്പ് നടത്തിയിട്ടും ഗർഭധാരണം നടക്കാത്ത പശുക്കൾക്കും മദിലക്ഷണം കാണിക്കാത്ത കിടാരികൾക്കും വിദഗ്ദ്ധ പരിശോധന നടത്തി ചികിത്സ ലഭ്യമാക്കുന്നു.

(2) രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി തൂണേരി മൃഗാശുപത്രി കേന്ദ്രീകരിച്ച് തൂണേരി ബ്ലോക്ക് പരിധിയിൽ നടപ്പാക്കിവരുന്നു. വൈകുന്നേരം 6 മണി മുതൽ രാവിലെ 6 മണി വരെ ഒരു വെറ്ററിനറി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഡോക്ടറുടെയും ഡ്രൈവർ-കം-അറ്റൻഡന്റിന്റെയും സേവനം ബ്ലോക്ക് പരിധിയിൽ ലഭ്യമാണ്.

(3) മൊബൈൽ വെറ്ററിനറി സേവനം പദ്ധതി തൂണേരി മൃഗാശുപത്രി കേന്ദ്രീകരിച്ച് തൂണേരി ബ്ലോക്ക് പരിധിയിൽ നടപ്പാക്കിവരുന്നു. ഉച്ചയ്ക്ക് 1 മണി മുതൽ രാത്രി 8 മണി വരെ ഒരു വെറ്ററിനറി ഡോക്ടർ, പാരാവെറ്റ്, ഡ്രൈവർ-കം-അറ്റൻഡന്റ് എന്നിവരുൾപ്പെട്ട സംഘം ആധുനിക മൃഗ ചികിത്സാ സൗകര്യമുള്ള വാഹനത്തിൽ കർഷകരുടെ വീട്ടുപടിക്കലെത്തി സേവനം നൽകുന്നു.

<u>ക്ഷീരവികസന വകുപ്പ്</u>:

നാദാപുരം മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് 2023-24 സാമ്പത്തിക വർഷം നടപ്പാക്കിവരുന്ന പദ്ധതികളുടെ പുരോഗതിയും വിശദാംശങ്ങളും അനുബന്ധമായി+ ചേർക്കുന്നു.

**ആലത്തൂർ മണ്ഡലത്തിലെ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളുടെ പദ്ധതികൾ**

**225 (1849)** <u>ശ്രീ. കെ. ഡി. പ്രസേനൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ആലത്തൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകളുടെ ഏതെല്ലാം പദ്ധതികളാണ് നടന്നുവരുന്നതെന്നും അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

മൃഗസംരക്ഷണ വകുപ്പ്

1) എൻ.എൽ.എം. ഗോട്ട് (എസ്.സി.) ഒരു ഗുണഭോക്താവിന് 59,400/- രൂപ പ്രകാരം 4 ഗുണഭോക്താക്കൾക്ക് 2,37,600/- രൂപ നൽകുന്നു.

2) വന്ധ്യതാനിവാരണ ക്യാമ്പ് - 4 എണ്ണം (40,000/- രൂപ)

മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ്:

ആലത്തൂർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് 2023-24 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിലെ മൃഗാശുപത്രികളുടെ അടിസ്ഥാന വികസനത്തിന് നടപടികൾ സ്വീകരിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള മൃഗാശുപത്രികളുടെ അടിസ്ഥാന വികസനത്തിനായി ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തുന്നമുറയ്ക്കും ആവശ്യകതയനുസരിച്ചും അടിസ്ഥാന സൗകര്യവികസനത്തിനായി പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

**കന്നുകാലികളിലെ ചർമ്മമുഴ രോഗം പ്രതിരോധിക്കുന്നതിനുള്ള നടപടികൾ**

**226 (1850)** ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ കന്നുകാലികളിൽ ചർമ്മമുഴ രോഗം സ്ഥിരീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പ്രതിരോധിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. രോഗം പ്രതിരോധിക്കുന്നതിനായി കാർപെറ്റ് വാക്സിനേഷൻ, കണ്ടെയ്ൻമെന്റ് വാക്സിനേഷൻ തുടങ്ങിയ വാക്സിനേഷൻ രീതികൾ സ്വീകരിച്ചിട്ടുണ്ട്. രോഗബാധിത പ്രദേശത്തുനിന്നും മറ്റു കന്നുകാലികളിലേക്ക് രോഗപടർച്ചയുണ്ടാകുന്നത് തടയാനായി പ്രഭവ കേന്ദ്രത്തിന്റെ ഒരു കിലോമീറ്റർ വിട്ടുള്ള പ്രദേശങ്ങളിലുള്ള കന്നുകാലികൾക്ക് കണ്ടെയ്ൻമെന്റ്

വാക്സിനേഷൻ നൽകുന്നു. ചർമ്മമുഴ രോഗം പ്രതിരോധിക്കുന്നതിനായി നാലുമാസത്തിന് മുകളിലുള്ള എല്ലാ ഉരുക്കൾക്കും ക്യാമ്പയിൻ മോഡിൽ കാർപെറ്റ് വാക്സിനേഷൻ നൽകിവരുന്നു. പ്രതിരോധ ശക്തി നിലനിർത്തുന്നതിന് ഈ വാക്സിനേഷൻ ഓരോ വർഷവും ആവർത്തിച്ചുനൽകുന്നു. ഇതുവരെ വയനാട് ജില്ലയിൽ 65433 ഉരുക്കൾക്ക് വാക്സിനേഷൻ നൽകിക്കഴിഞ്ഞിട്ടുണ്ട് (57433 കാർപ്പെറ്റ് വാക്സിനേഷൻ & 8000 കണ്ടെയ്ൻമെന്റ് വാക്സിനേഷൻ). കൂടാതെ അസുഖം ബാധിച്ച ഉരുക്കളെ മറ്റു ഉരുക്കളുമായി സമ്പർക്കം വരാതെ നോക്കുക, കന്നുകാലികളുടെ കൈമാറ്റവും സഞ്ചാരവും നിയന്ത്രിക്കുക, തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുക, ബാഹ്യപരാദങ്ങളുടെ നിയന്ത്രണം, മറ്റ് ജൈവ സുരക്ഷാ സംവിധാനങ്ങൾ പാലിക്കുക തുടങ്ങിയവയെക്കുറിച്ച് കർഷകർക്ക് അവബോധം നൽകുക എന്നീ നടപടികൾ പ്രതിരോധത്തിനായി സ്വീകരിച്ചിട്ടുണ്ട്.

(ബി) വയനാട് ജില്ലയിൽ എവിടെയെങ്കിലും ഈ അസുഖം ബാധിച്ച് കന്നുകാലികൾ ചത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നുള്ള കണക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ ചർമ്മമുഴ ബാധിച്ച് ആകെ 8 കന്നുകാലികൾ ചത്തിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

പൂതാടി -2

കാട്ടിമൂല -1

കാർട്ടികുളം -1

വരദൂർ -1

വെള്ളമുണ്ട -1

തൊണ്ടർനാട് -2

(സി) ഈ അസുഖത്തിനുള്ള മരുന്നുകൾ എല്ലാ സർക്കാർ മൃഗാശുപത്രികളിലും ലഭ്യമാണോയെന്ന് അറിയിക്കാമോ?

ഈ അസുഖത്തിനുള്ള വാക്സിൻ എല്ലാ മൃഗാശുപത്രികളിലും ലഭ്യമാണ്.

**പാൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

**227 (1851)** ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പാൽ, മാംസം, മുട്ട എന്നിവയുടെ ഉല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതിയായ മിൽക്ക് ഷെഡ് പദ്ധതി മുഖേന അന്യസംസ്ഥാനങ്ങളിൽനിന്നും കറവപ്പശുക്കളെ വാങ്ങുന്നതിലൂടെ സംസ്ഥാനത്തെ കാലി സമ്പത്ത് വർദ്ധിക്കുകയും അതുവഴി പാലുല്പാദനം മെച്ചപ്പെടുകയും ചെയ്യുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി കൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, ഓരോ മേഖല/വിഭാഗം

എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി ക്ഷീരലയം, ക്ഷീരതീരം എന്നീ പദ്ധതികൾ, ഇടുക്കി/വയനാട് ജില്ലകൾക്കായി പ്രത്യേക ഡയറി പാക്കേജുകൾ, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, പാൽ ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പ് നിരന്തരം പ്രയത്നിക്കുന്നു. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്ഷീരമേഖലയിൽ അനേകം പദ്ധതികൾ ക്ഷീരവികസന വകുപ്പിന്റെ ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് നടപ്പിലാക്കുന്നു. പശുപരിപാലന പദ്ധതി, ഗർഭകാല സംരക്ഷണ പദ്ധതി, കാലിത്തീറ്റ വിതരണ പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി, തീറ്റപ്പുൽകൃഷി പദ്ധതി, മിനി ഡയറി ആധുനികവത്കരണം, കറവയന്ത്ര പദ്ധതി തുടങ്ങിയ ഒട്ടനവധി പദ്ധതികളിലൂടെ ക്ഷീരകർഷകർക്ക് ധനസഹായം അനുവദിക്കുന്നു. ഇത് ഉല്പാദനച്ചെലവ് കുറച്ചുകൊണ്ട് പാലുല്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകരവും സംസ്ഥാനത്തെ പാലുല്പാദനം സ്വയംപര്യാപ്തമാക്കാനുതകുന്ന

ഒരു ഘടകവുമാണ്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനുപുറമേ വിവിധ സബ്സിഡികളായും അധിക പാൽ വിലയായും വിവിധ ക്ഷേമപ്രവർത്തനങ്ങളായും കർഷകക്ഷേമ പദ്ധതികളായും കഴിഞ്ഞ സാമ്പത്തികവർഷം 70 കോടിയോളം രൂപ ക്ഷീരസംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് കൈമാറാൻ മിൽമയ്ക്ക് സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടുകൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാവുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകിക്കൊണ്ടും ചെലവുകുറഞ്ഞ പാലുല്പാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും

മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകന്റെ വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽപേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കാനും അതുവഴി ക്ഷീരോല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള കന്നുകാലി വികസന ബോർഡ് മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന രീതിയിൽ ജനിതകമേന്മയുള്ള വിത്തുകാളകളെ കേന്ദ്ര കൃഷി മന്ത്രാലയം അംഗീകരിച്ചിട്ടുള്ള സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽനിന്നും വാങ്ങി അവയുടെ ബീജം ഗാഢ ശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. വളരെ ഉയർന്ന ജനിതക ശേഷിയുള്ള അഞ്ച് (5) ഹോൾസ്റ്റീൻ ഫ്രിഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് (4) ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. 90%

പശുക്കിടാങ്ങളെ മാത്രം ഉല്പാദിപ്പിക്കുന്ന ലിംഗനിർണ്ണയം നടത്തിയ ബീജമാത്രകൾ രാഷ്ട്രീയ ഗോകുൽമിഷനുകീഴിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ വിതരണം ചെയ്തുതുടങ്ങി. താമസിയാതെ ഇത് കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്.

പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ മൊബൈൽ വെറ്ററിനറി യൂണിറ്റ്, SLBP, രാത്രികാല സേവനങ്ങൾ, ഇൻഷ്വറൻസ് എന്നിവ കർഷകർക്ക് നൽകുകയും ഇൻഷ്വറൻസ് തുക ലഭിക്കാത്ത പശുക്കൾ മരണപ്പെടുമ്പോൾ ദുരന്തനിവാരണ സഹായവും നൽകിവരുന്നു. ഇറച്ചി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ കേരളാ ചിക്കൻ പദ്ധതിയും മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽനിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി വഴി വളർത്തി സർക്കാരിന്റേതന്നെ ജനകീയാസൂത്രണ പദ്ധതികളിൽ ഡിപ്പാർട്ടുമെന്റ് മുഖേനെയും സർക്കാർ നിരക്കിൽ വിതരണം നടത്തിവരുന്നു.

കേരളത്തിലെ മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനുമുള്ള ഏകമാർഗ്ഗം സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും വ്യാപകമാക്കുകയും ചെയ്യുക എന്നത് മാത്രമാണ്. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട് പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) മുഖേന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉല്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾവഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു.

അതിനുപുറമെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതാണ്. കേരളാ ചിക്കൻ പദ്ധതിക്കാവശ്യമായ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെയും കെപ്കോയിൽനിന്നും ലഭ്യമാക്കിവരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽനിന്നും കർഷകർക്കാവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ബി.വി.-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകിവരുന്നു. കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ '100 കോഴിയും കൂടും പദ്ധതി' തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കിക്കഴിഞ്ഞു. കെപ്കോ നടപ്പാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഏകദേശം 90 കോടി മുട്ട

അധികമായി ഉല്പാദിപ്പിക്കാൻ കെപ്കോയുടെ പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനുകീഴിൽ കുടപ്പനക്കുന്നിൽ ആധുനിക രീതിയിലുള്ളതും പദ്ധതി തുടങ്ങി മൂന്നാമത്തെ വർഷം മുതൽ ദിവസം 50000 മുട്ട ലഭിക്കുന്ന രീതിയിലുള്ളതുമായ പുതിയ HI-TECH LAYER FARM IN ENVIRONMENTALLY CONTROLLED SHED-ന്റെ പണികൾ പുരോഗമിച്ചുവരുന്നു. ടി പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സംസ്ഥാനത്ത് കോഴിമുട്ടയുടെ അധിക ഉല്പാദനം സാധ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ (എം.പി.ഐ.) ഇടയാറിൽ പ്രവർത്തിക്കുന്ന അത്യാധുനിക സ്ലോട്ടർ ഹൗസിൽ പ്രതിദിനം 2 ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പുചെയ്യാനും 45 മെട്രിക് ടൺ ഇറച്ചി ഉല്പാദിപ്പിക്കാനും കഴിയുന്ന പ്ലാന്റുകൾ പ്രവർത്തിച്ചുവരുന്നു. എം.പി.ഐ.-യുടെ പഴയ മീറ്റ് പ്രോസസ്സിങ്ങ് പ്ലാന്റിൽ, പ്രതിദിനം ഒന്നര മെട്രിക് ടൺ ഇറച്ചി ഉല്പന്നങ്ങൾ സംസ്കരിച്ചുവരുന്നു. മാംസാവശ്യത്തിനുള്ള മൃഗങ്ങളെ വളർത്തിയെടുക്കാൻ ചാലക്കുടിയിൽ എം.പി.ഐ.-ക്ക് സ്വന്തമായുള്ള 16 ഏക്കർ സ്ഥലത്ത് ഒരു

കാള/പോത്ത് കിടാരി വളർത്തൽ കേന്ദ്രം സ്ഥാപിച്ച് ഒരു ബാച്ചിൽ 10000 കിടാരികളെ വളർത്തിയെടുക്കാനുള്ള പദ്ധതി പരിഗണനയിലാണ്. 2024-25 സാമ്പത്തികവർഷം ഇത് നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇവിടെ വളർത്തിയെടുക്കുന്ന മൃഗങ്ങളെ എം.പി.ഐ.-യുടെ ഇടയാറുള്ള ഹൈടെക് സ്ലോട്ടർ ഹൗസിൽ കശാപ്പിനായി ഉപയോഗിക്കുകയാണ് ലക്ഷ്യം. മൂല്യവർദ്ധിത ഇറച്ചി ഉല്പന്നങ്ങൾ സംസ്കരിക്കുന്നതിനുള്ള ഒരു അത്യാധുനിക പ്ലാന്റ് കൊല്ലം ജില്ലയിൽ, ഏരൂർ പഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കി ഉല്പാദനം തുടങ്ങാൻ സജ്ജമായിട്ടുണ്ട്. പ്രതിദിനം 2 ഷിഫ്റ്റിൽ 4 മെട്രിക് ടൺ മൂല്യവർദ്ധിത ഇറച്ചി ഉല്പന്നങ്ങൾ ഇവിടെ സംസ്കരിക്കാൻ കഴിയും. സംസ്ഥാനത്ത് സംശുദ്ധവും സമ്പുഷ്ടവുമായ ഇറച്ചി ഭക്ഷ്യസുരക്ഷാ നിയമങ്ങൾ അനുശാസിക്കുംവിധം സംസ്കരിക്കുന്ന സ്ഥാപനമാണ് എം.പി.ഐ. ഇത് വിപുലമാക്കാൻ പക്ഷിമൃഗാദികളെ എം.പി.ഐ.-യുടെ പ്ലാന്റുകളിൽ കൊണ്ടുവന്ന് കശാപ്പും സംസ്കരണവും നടത്തിക്കൊണ്ടുപോകാൻ താല്പര്യമുള്ളവർക്ക് അതിനുള്ള സൗകര്യം എം.പി.ഐ. ഒരുക്കിയിട്ടുണ്ട്.

ഇതുവഴി പ്ലാന്റുകളുടെ ഉല്പാദനശേഷി 100% ഉപയോഗിച്ച് 3 ഷിഫ്റ്റുകൾ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വീട്ടമ്മമാർക്ക് മുട്ടക്കോഴികൾ നൽകുന്ന പദ്ധതി എല്ലാ പഞ്ചായത്തിലും നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതികളിലുൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന്റെ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി എല്ലാ പഞ്ചായത്തിലും മുട്ടക്കോഴിക്കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി വഴി വളർത്തി സർക്കാരിന്റെതന്നെ ജനകീയാസൂത്രണ പദ്ധതികളിൽ ഡിപ്പാർട്ടുമെന്റ് മുഖേന സർക്കാർ നിരക്കിൽ വിതരണം നടത്തിവരുന്നു. വീട്ടമ്മമാർക്ക് പഞ്ചായത്തുകൾവഴി മുട്ടക്കോഴികൾ വിതരണം ചെയ്യുന്ന പദ്ധതി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വർഷങ്ങളായി നടപ്പിലാക്കിവരികയാണ്.

**സമഗ്ര പേവിഷ നിയന്ത്രണ പദ്ധതി**

**228 (1852)** ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയിരുന്ന സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിയുടെ നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; ഇത് കൃത്യമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; അതിനുള്ള ഫണ്ട് കൃത്യമായി അനുവദിച്ചിട്ടുണ്ടോ; ഈ സർക്കാരിന്റെ കാലത്ത് സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

(എ&ബി) ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫണ്ട് വച്ചിട്ടുള്ള പ്രദേശങ്ങളിൽ 2022 സെപ്തംബർ ഒന്നു മുതൽ തെരുവ് നായ്ക്കളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ഒന്നാം ഘട്ടം ആരംഭിച്ചു. രണ്ടാം ഘട്ടം 2023 സെപ്തംബർ മുതൽ ആരംഭിച്ചു. മൂന്നാം ഘട്ടം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്കാവശ്യമായ വാക്സിൻ മൃഗസംരക്ഷണ വകുപ്പ് നൽകിവരുന്നു. 2023 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പിന്റെ പോർട്ടലിൽ ലഭ്യമായ കണക്കനുസരിച്ച് 310180 വളർത്തുനായ്ക്കളെയും 38114

തെരുവുനായ്ക്കളെയും വാക്സിനേറ്റ് ചെയ്തിട്ടുണ്ട്. പദ്ധതി നിർവഹണത്തിനായി RFKVC Certificate ചാർജ്ജായി സമാഹരിക്കുന്ന തുകയിൽനിന്നും 25-03-22 മുതൽ 21-10-23 വരെ 1,72,08,501/- രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. അവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **Date** | **Extended Amount** | **Remarks** |
|---|---|---|
| 25-03-2022 | 10,92,528 | Purchase of Needle |
| 04-06-2022 | 49,86,935 | Vaccine |
| 06-06-2022 | 1,83,627 | Logistics |
| 05-07-2022 | 30,217,27 | Logistics |
| 31-12-2022 | 36,54,000 | Vaccine |
| 08-02-2023 | 1,58,934 | Logistics |
| 21-10-2023 | 41,10,750 | Vaccine |
| **TOTAL** | **1,72,08,501** | |

(സി) നിലവിലുള്ള സമഗ്ര പേവിഷ നിയന്ത്രണ പദ്ധതിയുടെ നടപടിക്രമങ്ങൾ പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സമഗ്ര പേവിഷ പ്രതിരോധ പദ്ധതി മൂന്നാം ഘട്ടം ആരംഭിക്കുന്നതിന് മുന്നോടിയായി നടപടികൾ പുതുക്കി

നിശ്ചയിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് സമഗ്ര പേവിഷ പ്രതിരോധ പദ്ധതിയിൽ പ്രവർത്തിക്കുന്ന മിഷൻ റാബീസിലെ പ്രോജക്ട് മാനേജർ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ എന്നിവരുമായി പ്രാഥമിക ഘട്ട ചർച്ചകൾ നടന്നുവരുന്നു.

(ഡി) തെരുവുനായകൾക്കും വളർത്തുനായകൾക്കുമുള്ള പേവിഷ പ്രതിരോധ കുത്തിവയ്പ്പ് ഫലപ്രദമാകണമെങ്കിൽ വർഷം മുഴുവൻ പ്രതിരോധ കുത്തിവയ്പ്പിന് സംവിധാനമുണ്ടാകണം എന്നതിനാൽ ഇതിനുള്ള നടപടികൾ സ്വീകരിക്കാമോ?

നിലവിൽ കേരളത്തിലെ എല്ലാ മൃഗാശുപത്രികളിലും പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ വർഷം മുഴുവനും ലഭ്യമാണ്. ജില്ലകളിൽനിന്നും ലഭിക്കുന്ന ആവശ്യകതയനുസരിച്ച് വർഷംതോറും വാക്സിൻ പർച്ചേസ് ചെയ്ത് ജില്ലകൾക്ക് നൽകുന്നു. ഇത്തരത്തിൽ ഈ സാമ്പത്തികവർഷം 9.9 ലക്ഷം ഡോസ് വാക്സിൻ ജില്ലകളിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് അത് വാങ്ങുന്നതിനുള്ള നടപടികൾ

സ്വീകരിക്കുകയും 4.5 ലക്ഷം ഡോസ് ഇതിനകം വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 5.4 ലക്ഷം വാക്സിന്റെ പർച്ചേസ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ**

**229 (1853) ശ്രീ. മുഹമ്മദ് മുഹസിൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെ ഉന്നമനത്തിനും കൂടുതൽ കർഷകരെ പ്രസ്തുത മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പട്ടാമ്പി മണ്ഡലത്തിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

പട്ടാമ്പി മണ്ഡലത്തിൽ മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പുസാമ്പത്തിക വർഷം നടപ്പിലാക്കുന്നില്ല.

**മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള പദ്ധതികൾ**

**230 (1854)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ ആരംഭിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

(1) കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ - മടിക്കൈ പദ്ധതി. ആദ്യഘട്ടമായി ഒരു മാംസ സംസ്കരണ ശാല മീറ്റ്സ് പ്രൊഡക്ട് ഓഫ് ഇന്ത്യയുമായി ചേർന്ന് ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. തയ്യാറാക്കിയ DPR പരിഷ്കരിക്കുന്നതിന് MPI-യോട് ആവശ്യപ്പെട്ടിട്ടുണ്ട്. അവശ്യമായ സ്ഥലം വിട്ടുനൽകുന്നതിന് റവന്യൂ വകുപ്പിനോട് അപേക്ഷിച്ചിട്ടുണ്ട്.

(2) വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം പദ്ധതിക്കുവേണ്ടി 2,95,440/- രൂപ ചെലവഴിച്ചു. പദ്ധതി തുടരുന്നു.

(3) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ കീഴിൽ റൂറൽ ബേക്ക് യാർഡ് ഗോട്ട് ഡെവലപ്മെന്റ് പദ്ധതിയിൽ ആകെ 13

യൂണിറ്റുകൾ അനുവദിച്ചു. പട്ടികവർഗ്ഗ, പട്ടികജാതി വിഭാഗത്തിലുള്ള ഗുണഭോക്താക്കൾക്കായി നടപ്പിലാക്കുന്ന ആട്ടുവളർത്തൽ പദ്ധതിയാണിത് (ST-12, SC-1). ഈ പദ്ധതി മുഖേന ഇതേവരെ 7,12,800/- രൂപ ചെലവഴിച്ചു.

(4) ജൂനിയർ റസിഡന്റ്ഷിപ്പ് പദ്ധതിക്കുവേണ്ടി 3,20,000/- രൂപ ചെലവഴിച്ചു. പദ്ധതി തുടരുന്നു. വെറ്ററിനറി ബിരുദം നേടിയ പുതു വെറ്ററിനറി ഡോക്ടർമാരെ ജൂനിയർ റെസിഡന്റ്മാരായി നിയോഗിക്കുന്ന പദ്ധതി പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. നിലവിൽ മൃഗാശുപത്രിയിലുള്ള ഡോക്ടർമാർക്ക് പുറമെയാണ് ഈ യുവ ഡോക്ടർമാരെ ജൂനിയർ റസിഡന്റ്മാരായി നിയോഗിക്കുന്നത്. ഇതുവഴി കർഷകർക്ക് കൂടുതൽ സേവനം നൽകുന്നതിനും യുവ ഡോക്ടർമാർക്ക് കൂടുതൽ പരിശീലനം ലഭിക്കുന്നതിനും ഈ മേഖലയെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കുന്നതിനും സാധിക്കുന്നു.

(5) കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ - മൊബൈൽ വെറ്ററിനറി യൂണിറ്റ് - ഈ

പദ്ധതിക്കായി ഇതേവരെ 9,12,526/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി തുടരുന്നു.

(ബി) പ്രസ്തുത പദ്ധതികൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

50 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽനിന്നും മടിക്കൈ പ്രോജക്ടിന്റെ മാംസ സംസ്കരണശാലയ്ക്കുവേണ്ടി അനുവദിച്ച് കിട്ടിയിട്ടുണ്ട്. 50 ഏക്കർ സ്ഥലംകൂടി അനുവദിക്കുന്നതിന് റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ട്. അളവ് പൂർത്തിയാക്കി സ്കെച്ച് തയ്യാറാക്കിവരികയാണ്.

(സി) പ്രസ്തുത പദ്ധതികൾ ആരംഭിക്കാനാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

1) കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽ - മടിക്കൈ പദ്ധതി - ജില്ലയിലേക്ക് തുകയൊന്നും അനുവദിച്ച് നൽകിയിട്ടില്ല.

മൃഗസംരക്ഷണ വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം

(2) വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം പദ്ധതിക്കുവേണ്ടി 2,95,440/- രൂപ.

(3) റൂറൽ ബേക്ക്‌യാർഡ് ഗോട്ട് ഡെവലപ്‌മെന്റ് പദ്ധതിക്കുവേണ്ടി 7,12,800/- രൂപ. (കേന്ദ്രാവിഷ്കൃതം)

(4) ജൂനിയർ റെസിഡന്റ്ഷിപ്പ് പദ്ധതിക്കുവേണ്ടി 3,20,000/- രൂപ.

(5) മൊബൈൽ വെറ്ററിനറി യൂണിറ്റ് - പദ്ധതിക്കായി ഇതേവരെ 9,12,526/- രൂപ.

(ഡി) മറ്റ് ഏതെല്ലാം സ്രോതസ്സുകളിൽനിന്നുള്ള ഫണ്ടുകളാണ് പദ്ധതി ആരംഭിക്കാൻ ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

കാസർഗോഡ് വികസന പദ്ധതിയിൽനിന്നുള്ള ഫണ്ടാണ് ഉപയോഗിക്കുന്നത്. കാസർഗോഡ് വികസന പദ്ധതിയിൽനിന്നും 15 കോടി രൂപ അനുവദിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി**

**231 (1855)** <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനത്തോടൊപ്പം വരുമാനവും എന്ന ലക്ഷ്യത്തോടെ സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്?

മൃഗസംരക്ഷണ വകുപ്പിൽ 2022-23 സാമ്പത്തിക വർഷം 341 സ്കൂളുകളിൽ പൗൾട്രി ക്ലബ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിൽ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടില്ല. പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) സ്കൂൾ പൗൾട്രി ക്ലബ് പദ്ധതിവഴി 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലായി 24 സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പരിശോധനാ സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ പദ്ധതി നടത്തിപ്പ്, ജില്ലാതല അവലോകന യോഗങ്ങളിൽ ജില്ലാ ഓഫീസർ അവലോകനം ചെയ്യാറുണ്ട്. കൂടാതെ അതത് സ്കൂളുകളിലെ അധ്യാപക-രക്ഷാകർതൃ സംഘടനകൾ, പദ്ധതിയുടെ നിർവ്വഹണ ഓഫീസറായ വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ എന്നിവർ പദ്ധതി പരിശോധിക്കാറുണ്ട്. ഈ പദ്ധതി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്ന സ്കൂളുകളിലെ അധ്യാപക-രക്ഷാകർതൃ സംഘടനകളുടെ മേൽനോട്ടത്തിൽ പരിശോധനാ സംവിധാനം നിലവിലുണ്ട്. ഇവർ കുട്ടികൾക്ക് ലഭിക്കുന്ന കോഴികൾ നല്ലരീതിയിൽ പരിപാലിച്ച് അവ മുട്ടയിടുന്നുവെന്ന് ഉറപ്പുവരുത്തുകയും മുട്ടകൾ സ്കൂളുകളിൽ ശേഖരിക്കുകയും ഉച്ചഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യാറുണ്ട്.

**വിവിധ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം**

**232 (1856)** ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൃഗസംരക്ഷണ വകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ; യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ചുനൽകാത്ത എത്ര പദ്ധതികളുണ്ട്; ഏതൊക്കെ പദ്ധതികളാണ്; ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ?

2022-23 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേയുടെ ശമ്പള ഘടകത്തിൽ 89.64 ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. 2019-ൽ നടന്ന ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഹോണറേറിയം, കണ്ടിജൻസി എന്നീ ഘടകങ്ങളിൽ 125.19 ലക്ഷം രൂപ കുടിശ്ശികയുണ്ട്. എന്നാൽ 2023-24 പദ്ധതികളിലെ ((LH & DC -MVU, ASCAD, Integrated Sample Survey, Livestock Census) അംഗീകരിച്ച തുകയുടെ 25% ആദ്യ ഗഡുവായി ലഭ്യമായിട്ടുണ്ട്. ഈ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം നൽകിയാൽ മാത്രമാണ് തുടർന്നുള്ള

ഗഡുക്കൾ ലഭ്യമാകുന്നത്. വിവിധ പദ്ധതികളുടെ ധനവിനിയോഗം വിവിധ ഘട്ടങ്ങളിലാണ്. NLM- Livestock Insurance 2023-24 പദ്ധതിക്ക് ഫണ്ട് ലഭിച്ചിട്ടില്ല. 2022-23 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേയുടെ ശമ്പള ഘടകത്തിൽ മൂന്ന് ഗഡുക്കളിൽ രണ്ടെണ്ണം മാത്രമാണ് ലഭിച്ചത്. അതിന് കാരണങ്ങൾ വ്യക്തമാക്കിയിട്ടില്ല. 2019-ൽ നടന്ന ലൈവ്സ്റ്റോക്ക് സെൻസസിന്റെ ഓണറേറിയം, കണ്ടിജൻസി എന്നീ ഘടകങ്ങളിൽ നിലവിൽ ലഭ്യമായ 37.5 ലക്ഷം രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കാനുണ്ട്. ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിക്കാത്ത ഒരു പദ്ധതി മാത്രമാണുള്ളത് (2022-23 ഇന്റഗ്രേറ്റഡ് സാമ്പിൾ സർവ്വേ - salary component)) NLM 2023-24-ൽ 57.3167 കോടി രൂപയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അംഗീകാരം ലഭ്യമായിട്ടില്ല. NLM മുൻവർഷങ്ങളിലെ ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

**233 (1857)** **ശ്രീ. എം. എസ്. അരുൺ കുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മൃഗസംരക്ഷണ വകുപ്പ് മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവഴിച്ച തുകയുടെയും വിശദ വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷീരവികസന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ക്ഷീരവികസന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**കോഴി കൃഷി**

**234 (1858)** ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കുഞ്ഞുങ്ങളുടെയും കോഴിത്തീറ്റയുടെയും വലിയ തോതിലുള്ള വിലക്കയറ്റത്തിൽനിന്നും കോഴിക്കർഷകരെ സംരക്ഷിക്കാൻ ശാശ്വതമായ നടപടികൾ സ്വീകരിക്കുമോ; ഇതര സംസ്ഥാന ലോബികൾ നിയന്ത്രിക്കുന്ന കോഴിക്കൃഷിയിൽ കേരളത്തിന്റെ സാന്നിധ്യം ഉറപ്പാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ ഫീഡ്സ്, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മൃഗസംരക്ഷണ വകുപ്പിനുകീഴിലുള്ള സെൻട്രൽ ഹാച്ചറി എന്നിവിടങ്ങളിൽ കോഴിത്തീറ്റ ഫാക്ടറികളുണ്ടെങ്കിലും അവ ആഭ്യന്തര വിതരണത്തിന് മാത്രമാണ് തീറ്റ ഉല്പാദിപ്പിക്കുന്നത്. എന്നാൽ വെറ്ററിനറി സർവകലാശാലയുടെ ഫീഡ് ഫാക്ടറിയിൽനിന്നും പൊതുജനങ്ങൾക്ക് കോഴിത്തീറ്റ വിതരണം നടത്തുന്നുണ്ട്. ഇറച്ചി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്

കേരളാ ചിക്കൻ പദ്ധതിയും മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിന്റെ പൗൾട്രി ഫാമുകളിൽനിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി വഴി വളർത്തി സർക്കാരിന്റെതന്നെ ജനകീയാസൂത്രണ പദ്ധതികളിൽ ഡിപ്പാർട്ടുമെന്റ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തിവരുന്നുണ്ട്.

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) കോഴിത്തീറ്റ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നില്ല. ഇതര സംസ്ഥാന ലോബികൾ നിയന്ത്രിക്കുന്ന കോഴിക്കൃഷിയിൽ കേരളത്തിന്റെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽനിന്നും ഉല്പാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായമാകുമ്പോൾ കെപ്കോതന്നെ

വിലയ്ക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉല്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾവഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. അതിനുപുറമെ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാച്ചറിയിൽനിന്നും മിതമായ നിരക്കിൽ ലഭിക്കുന്നതും കേരളാ ചിക്കൻ പദ്ധതിക്കാവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽനിന്നും ലഭ്യമാക്കിവരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽനിന്നും കർഷകർക്കാവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ബി.വി.-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകിവരുന്നു. കോഴിക്കൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, കുഞ്ഞ്

കൈകളിൽ കോഴിക്കുഞ്ഞ് ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ 100 കോഴിയും കൂട്ടം പദ്ധതി തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കിക്കഴിഞ്ഞു. സംസ്ഥാന മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് ജനുവരി 2020 മുതൽ ഗുണമേന്മയുള്ള വിവിധതരം കോഴിത്തീറ്റകളും ന്യായമായ വിലയിൽ, വിപണിയിൽ ലഭ്യമാക്കിവരുന്നുണ്ട്. കോഴിത്തീറ്റ ഉല്പാദനത്തിന് ഉപയോഗിക്കുന്ന എല്ലാ അസംസ്കൃത വസ്തുക്കളുടെയും വിലയിൽ അഭൂതപൂർവ്വമായ വർധനവാണുണ്ടായിട്ടുള്ളത്. എന്നിരുന്നാലും ഒരു സർക്കാർ സ്ഥാപനമെന്ന നിലയിൽ കേരള ഫീഡ്സ് കോഴിക്കർഷക സമൂഹത്തോടുള്ള പ്രതിബദ്ധതമൂലം വിലകുറച്ച് കോഴിത്തീറ്റ വിതരണം ചെയ്തുവരുന്നു. കേരള വെറ്ററിനറി & അനിമൽ സയൻസസ് സർവകലാശാലയുടെ ഫീഡ് മില്ലുകളിൽ ഉയർന്ന നിലവാരമുള്ള കോഴിത്തീറ്റ ഉല്പാദിപ്പിച്ചുവരുന്നുണ്ട്. കൂടാതെ സർവകലാശാല കർഷകർക്ക് ലാഭകരമായ രീതിയിൽ കോഴി വളർത്തൽ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുകയും

ചെയ്യുന്നു. കൂടാതെ കേരളത്തിലെ കോഴിയിറച്ചി ഉല്പാദന സംസ്കരണ മേഖലയ്ക്ക് കരുത്ത് പകരുന്നതിന് അടുക്കള മുറ്റത്തെ മാതൃകാ ഇറച്ചിക്കോഴി വളർത്തൽ പദ്ധതിയായ 'പ്രതീക്ഷ' സർവകലാശാല നടപ്പിലാക്കിവരുന്നു. കോഴി വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ ഉപഭോക്താക്കളിൽ സൃഷ്ടിക്കുന്ന അമിതഭാരം ലഘൂകരിക്കുന്നതിന് ബദൽ നിർദ്ദേശമായാണ് വെറ്ററിനറി സർവകലാശാല ഈ പദ്ധതിയിലൂടെ മുന്നോട്ടുവയ്ക്കുന്നത്. നാടൻ കോഴിയിനങ്ങളെയും മുട്ടക്കോഴി കുഞ്ഞുങ്ങളിലെ പൂവൻമാരെയും അടുക്കള മുറ്റത്ത് വളർത്തി അവയ്ക്ക് തീറ്റയായി ഗാർഹിക മാലിന്യത്തിൽ വളരുന്ന കുഞ്ഞ് ലാർവകളെ ഉപയോഗിക്കുന്ന രീതിയിലാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ കുടുംബശ്രീയുമായി കൈകോർത്ത് പരീക്ഷണാടിസ്ഥാനത്തിലാണ് പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കിയത്. വീട്ടുമുറ്റത്ത് കോഴി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന പരിചയ സമ്പന്നരായ അമ്പത് കുടുംബശ്രീ അംഗങ്ങൾക്ക് പത്ത് നാടൻ കോഴിക്കുഞ്ഞുങ്ങളോ പൂവൻ കോഴിക്കുഞ്ഞുങ്ങളോ നൽകുകയും ഒപ്പം അവരുടെ വീടുകളിൽ

ലാർവകൾ ഉല്പാദിപ്പിക്കുന്ന ചെറുയൂണിറ്റുകൾ സജ്ജമാക്കി കൊടുക്കുകയും ശാസ്ത്രീയമായുള്ള കോഴി പരിപാലനത്തിൽ പരിശീലനം നൽകുകയും ചെയ്തുവരുന്നു. സർവകലാശാലതന്നെ ഗവേഷണത്തിലൂടെ ഉരുത്തിരിച്ചെടുത്ത ഗ്രാമശ്രീ ഇനം മുട്ടക്കോഴികളുടെ പൂവന്മാരും തലശ്ശേരി ഇനത്തിൽപ്പെട്ട നാടൻ കോഴിക്കുഞ്ഞുങ്ങളുമാണ് പദ്ധതിക്കായി ഉപയോഗിക്കുന്നത്. സർവകലാശാലയിലെ ശാസ്ത്രജ്ഞർ ഗവേഷണത്തിലൂടെ തയ്യാറാക്കിയ 'ബ്ലാക്ക് സോൾജിയർ ലാർവ' ഉപയോഗിച്ചുള്ള മാലിന്യ നിർമാർജ്ജന യൂണിറ്റുകളാണ് കോഴികളുടെ തീറ്റയായി ഉപയോഗിക്കുന്നത്. രണ്ട് മുതൽ മൂന്ന് മാസംവരെ നീണ്ടുനിൽക്കുന്ന പരിപാലനത്തിനുശേഷം ഇറച്ചിക്കോഴികളായി ഇവയെ വിപണനം നടത്താവുന്നതാണ്. കുടുംബശ്രീ നടപ്പിലാക്കുന്ന കേരളാ ചിക്കൻ പദ്ധതിയുമായോ തനത് ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകളായോ ഭാവിയിൽ ഈ പദ്ധതി ഏകോപിപ്പിക്കാം. കേരളം മുഴുവൻ ഈ പദ്ധതി നടപ്പിലാക്കാനും സാധിക്കും. കേരളത്തിലെ മാറിമാറി വരുന്ന ഇറച്ചിക്കോഴി വില സാധാരണക്കാരിലും കർഷകരിലുമുണ്ടാക്കുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനും ബദൽ

മാർഗ്ഗങ്ങൾ തയ്യാറാക്കുന്നതിനുമായി സർവകലാശാല സംഘടിപ്പിച്ച ശില്പശാലയിലാണ് പ്രസ്തുത പദ്ധതി ആവിഷ്കരിക്കപ്പെട്ടത്.

**പക്ഷിപ്പനി ഭീഷണിയെത്തുടർന്ന് വളർത്തുതാറാവുകളെ കൊന്നൊടുക്കിയ കർഷകർക്ക് ധനസഹായം**

**235 (1859)** ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പക്ഷിപ്പനി ഭീഷണിയെത്തുടർന്ന് വളർത്തുതാറാവുകളെ കൊന്നൊടുക്കിയ കർഷകർക്ക് നൽകാനുള്ള ധനസഹായ വിതരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക കൊടുക്കാനുണ്ടെന്നും അതിന്റെ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ?

ധനസഹായ വിതരണം പൂർത്തിയായിട്ടില്ല. 2022-2023-ലെ കണക്ക് പ്രകാരം 1,74,03,005/- രൂപ വിതരണം ചെയ്യാനുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സംസ്ഥാന സർക്കാരിന്റെ വിഹിതവും ചേർത്ത് ഇനിയും നൽകാനുള്ള നഷ്ടപരിഹാരം അനുവദിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചു; ഇതിൽ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണ്; വിശദമാക്കുമോ?

2021-22 വരെ 1112.9 ലക്ഷം രൂപ ചെലവഴിച്ചു. ടി തുക സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിന്റെ പലിശയിനത്തിൽനിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ചെലവഴിച്ച തുകയിൽ 559.9 ലക്ഷം രൂപ കേന്ദ്രവിഹിതവും 553 ലക്ഷം രൂപ കേന്ദ്രവിഹിതത്തിന് ആനുപാതികമായുള്ള സംസ്ഥാനവിഹിതവുമാണ്. 559.9 ലക്ഷം രൂപയിൽ 2016-ൽ 115 ലക്ഷം രൂപ കേന്ദ്ര വിഹിതം ലഭ്യമായിട്ടുണ്ട്. ബാക്കി 444.9 ലക്ഷം രൂപ ലഭിക്കാനുള്ളതിൽ 111.25 ലക്ഷം രൂപ 2023-24 ൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ ടി തുക PFMS-ൽ ലഭ്യമായിട്ടില്ല.

(സി) ഇപ്രകാരമുള്ള നഷ്ടപരിഹാരത്തുക അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണ്; അത് അപര്യാപ്തമായതിനാൽ തുക പുതുക്കി നിശ്ചയിക്കുന്നതിനും കുടിശ്ശിക വേഗത്തിൽ വിതരണം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോ?

10-03-2022-ലെ സ.ഉ. (കൈ) നം. 14/2022/AHD ഉത്തരവ് പ്രകാരമുള്ള നിരക്കിലാണ് നിലവിൽ നഷ്ടപരിഹാരം കണക്കാക്കിവരുന്നത്. നിലവിൽ കേന്ദ്രവിഹിതത്തേക്കാളും ഉയർന്ന നിരക്കിലാണ് സംസ്ഥാന വിഹിതം നൽകിവരുന്നത്. കുടിശ്ശിക വേഗത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ രംഗത്ത് ഏതെങ്കിലും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

താറാവ്, കോഴി എന്നിവയ്ക്ക് സംസ്ഥാന വ്യാപകമായി ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനും ഇൻഷ്വറൻസ് പ്രീമിയം നിശ്ചയിക്കുന്നതിനും ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ പലതവണ പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളുമായി മീറ്റിംഗ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ മുട്ടക്കോഴി/താറാവ് - 100 എണ്ണം, ഇറച്ചിക്കോഴി/താറാവ് - 500 എണ്ണം, ടർക്കി മുട്ട/ഇറച്ചിക്കുള്ളത് - 50 എണ്ണം എന്നിങ്ങനെയുള്ള യൂണിറ്റുകൾ കണക്കാക്കി EOI ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ പൊതുമേഖല ഇൻഷ്വറൻസ് കമ്പനികളൊന്നുംതന്നെ നിശ്ചിത

സമയപരിധിക്കുള്ളിൽ EOI സമർപ്പിക്കുകയുണ്ടായില്ല. കൂടാതെ കോഴി, താറാവ് എന്നിവയ്ക്ക് നിലവിൽ പൊതുമേഖല ഇൻഷ്വറൻസ് കമ്പനികൾ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ലെന്നാണ് ഇൻഷ്വറൻസ് കമ്പനികളുടെ പ്രീ-ബിഡ് യോഗത്തിൽ ഇൻഷ്വറൻസ് കമ്പനി പ്രതിനിധികൾ അറിയിച്ചത്.

**കാഞ്ഞങ്ങാട് വെറ്ററിനറി ആശുപത്രി**

**236 (1860)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വെറ്ററിനറി ആശുപത്രിയിൽ അനുവദിച്ച ആകെ തസ്തികകൾ എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

1) സീനിയർ വെറ്ററിനറി സർജൻ -1

2) വെറ്ററിനറി സർജൻ - 2

3) ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ -2

4) അറ്റൻഡന്റ് -2

5) പാർട്ട് ടൈം സ്വീപ്പർ – 1

(ബി) അതിൽ എത്ര ഒഴിവുകളുണ്ടെന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

പാർട്ട് ടൈം സ്വീപ്പർ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്. നിയമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഉദ്യോഗാർത്ഥികളുടെ പട്ടിക ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ആശുപത്രി കെട്ടിടം കാലപ്പഴക്കത്താൽ ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ആശുപത്രി പ്രവർത്തിക്കുന്ന കെട്ടിടത്തിന് 50 കൊല്ലത്തിലേറെ പഴക്കമുണ്ട്. ഓപ്പറേഷൻ തിയേറ്റർ ഉൾപ്പെടെ മറ്റ് അനുബന്ധ പ്രാഥമിക സൗകര്യങ്ങളൊരുക്കി പുതിയ കെട്ടിടം പണിയുന്നതിനായി നഗരസഭയുമായി ബന്ധപ്പെട്ടപ്പോൾ ഒരു കോടി രൂപയുടെ മേൽ ചെലവ് വരുന്ന പദ്ധതിയായതിനാൽ നഗരസഭയ്ക്ക് ഒറ്റയ്ക്ക് തുക കണ്ടെത്താൻ ബുദ്ധിമുട്ടാണെന്നും 2024-25 വർഷത്തിൽ ഒരു ടോക്കൺ തുക

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താമെന്നും കൂടുതൽ തുക കാസർഗോഡ് പാക്കേജ്, MLA ഫണ്ട്, സർക്കാർ ഫണ്ട് എന്നിവിടങ്ങളിൽനിന്നും സ്വരൂപിക്കാൻ നടപടി കൈക്കൊള്ളാമെന്നും നഗരസഭാ അധികൃതർ അറിയിച്ചിട്ടുണ്ട്.

**മൃഗാശുപത്രികളിൽ ഡോക്ടർമാരുടെ സേവനം**

**237 (1861)** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ മൂന്ന് ഷിഫ്റ്റുകളിലായി 24 മണിക്കൂറും വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള രാത്രികാല മൃഗചികിത്സ ലഭ്യമായിട്ടുള്ള 31 സ്ഥാപനങ്ങൾവഴി 24 മണിക്കൂർ വെറ്ററിനറി ചികിത്സാ സേവനം ലഭ്യമാക്കുന്നുണ്ട്. ടി സേവനങ്ങൾ ലഭ്യമാകുന്ന മൃഗാശുപത്രികളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | സ്ഥലം |
|---|---|---|
| 1 | വെറ്ററിനറി പോളി ക്ലിനിക് | പാറശ്ശാല |
| 2 | വെറ്ററിനറി പോളി ക്ലിനിക് | നെടുമങ്ങാട് |
| 3 | വെറ്ററിനറി ഹോസ്പിറ്റൽ | ആറ്റിങ്ങൽ |
| 4 | വെറ്ററിനറി പോളി ക്ലിനിക് | പുനലൂർ |
| 5 | വെറ്ററിനറി പോളി ക്ലിനിക് | കരുനാഗപ്പള്ളി |
| 6 | വെറ്ററിനറി ഹോസ്പിറ്റൽ | കുളത്തുപ്പുഴ |
| 7 | വെറ്ററിനറി പോളി ക്ലിനിക് | അടൂർ |
| 8 | വെറ്ററിനറി പോളി ക്ലിനിക് | തിരുവല്ല |
| 9 | വെറ്ററിനറി പോളി ക്ലിനിക് | ഹരിപ്പാട് |
| 10 | വെറ്ററിനറി പോളി ക്ലിനിക് | ചേർത്തല |
| 11 | വെറ്ററിനറി ഹോസ്പിറ്റൽ | വൈക്കം |
| 12 | വെറ്ററിനറി പോളി ക്ലിനിക് | കാഞ്ഞിരപ്പള്ളി |
| 13 | വെറ്ററിനറി പോളി ക്ലിനിക് | മൂന്നാർ |
| 14 | വെറ്ററിനറി പോളി ക്ലിനിക് | കട്ടപ്പന |
| 15 | വെറ്ററിനറി പോളി ക്ലിനിക് | മൂവാറ്റുപുഴ |
| 16 | വെറ്ററിനറി പോളി ക്ലിനിക് | മുളന്തുരുത്തി |
| 17 | വെറ്ററിനറി പോളി ക്ലിനിക് | അന്തിക്കാട് |
| 18 | വെറ്ററിനറി പോളി ക്ലിനിക് | കൊടുങ്ങല്ലൂർ |
| 19 | വെറ്ററിനറി പോളി ക്ലിനിക് | മണ്ണാർക്കാട് |
| 20 | വെറ്ററിനറി പോളി ക്ലിനിക് | ഒറ്റപ്പാലം |
| 21 | വെറ്ററിനറി പോളി ക്ലിനിക് | ചിറ്റൂർ |
| 22 | വെറ്ററിനറി പോളി ക്ലിനിക് | പെരിന്തൽമണ്ണ |
| 23 | വെറ്ററിനറി പോളി ക്ലിനിക് | വടകര |
| 24 | വെറ്ററിനറി പോളി ക്ലിനിക് | പേരാമ്പ്ര |
| 25 | വെറ്ററിനറി പോളി ക്ലിനിക് | സുൽത്താൻബത്തേരി |

| | | |
|---|---|---|
| 26 | വെറ്ററിനറി പോളി ക്ലിനിക് | മാനന്തവാടി |
| 27 | വെറ്ററിനറി ഹോസ്പിറ്റൽ | ധർമ്മടം |
| 28 | വെറ്ററിനറി പോളി ക്ലിനിക് | പയ്യന്നൂർ |
| 29 | വെറ്ററിനറി ഹോസ്പിറ്റൽ | മട്ടന്നൂർ |
| 30 | വെറ്ററിനറി ഹോസ്പിറ്റൽ | കാഞ്ഞങ്ങാട് |
| 31 | വെറ്ററിനറി ഹോസ്പിറ്റൽ | മഞ്ചേശ്വരം |

(ബി) മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിവരുന്ന മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല. ഈ സാമ്പത്തിക വർഷം മാതൃകാ മൃഗസംരക്ഷണ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നില്ല.

**മൃഗാശുപത്രികളുടെ അടിസ്ഥാന വികസനം**

**238 (1862)** <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22, 2022-23, 2023-24 വർഷങ്ങളിൽ ചിറയിൻകീഴ് മണ്ഡലത്തിലെ മൃഗാശുപത്രികളിൽ അടിസ്ഥാനസൗകര്യ

വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ, അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയെക്കുറിച്ചുള്ള വിശദാംശം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ചിറയിൻകീഴ് മണ്ഡലത്തിലെ മൃഗാശുപത്രികളിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി ഫണ്ടൊന്നും അനുവദിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തിൽ ചിറയിൻകീഴ് മണ്ഡലത്തിൽ അഴൂർ പഞ്ചായത്തിലെ, പെരുങ്ങുഴി വെറ്ററിനറി ഡിസ്പെൻസറി നവീകരിക്കുന്നതിന് 69,10,000/- രൂപയുടെ പ്രൊപ്പോസൽ NABARD-RIDF Tranche 29 (2023-24)-ലെ സ്ട്രെങ്ങ്തെനിംഗ് ഓഫ് വെറ്ററിനറി ഇൻസ്റ്റിറ്റ്യൂഷൻസ് എന്ന പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സർക്കാർ NABARD-ന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നതിന് നടപടി**

**239 (1863)** <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഓൺലൈൻ സേവനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഓൺലൈൻ സേവനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മൃഗാശുപത്രികളിൽനിന്നും വകുപ്പിന്റെ മറ്റ് സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്കും കർഷകർക്കും കൂടുതൽ മെച്ചപ്പെട്ട രീതിയിലും ആയാസരഹിതമായും സേവനങ്ങൾ ലഭ്യമാകുന്നതരത്തിൽ മൃഗാശുപത്രികളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി മൃഗസംരക്ഷണ വകുപ്പ് 'ഇ-സമൃദ്ധ' എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരികയാണ്. കേരളത്തിലെ മൃഗസംരക്ഷണ, വെറ്ററിനറി പ്രവർത്തനങ്ങളുടെ എല്ലാ വശങ്ങളും സംയോജിപ്പിക്കാനാണ് ഇ-സമൃദ്ധ പദ്ധതി ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ എല്ലാ മൃഗങ്ങളുടെയും ഇലക്ട്രോണിക്

ഹെൽത്ത് റെക്കോർഡുകൾ സൂക്ഷിക്കുകയും ടി വിവരങ്ങൾ കർഷകർ, വെറ്ററിനറി ഡോക്ടർമാർ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ, എക്സ്റ്റൻഷൻ ഓഫീസർമാർ, വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട മറ്റ് ഏജൻസികൾ എന്നിവർക്ക് എളുപ്പത്തിൽ ലഭ്യമാവുകയും ചെയ്യുന്നു. ജന്തുജന്യ രോഗ സംബന്ധമായ പൊതുജനാരോഗ്യ ആശങ്കകൾ പരിഹരിക്കാനും പാൽ, മുട്ട, ഇറച്ചി മുതലായവയുടെ ഉറവിടം കണ്ടുപിടിക്കാനുമുതകുന്ന തരത്തിലുള്ള സംവിധാനങ്ങളൊരുക്കാനും ഇത്തരത്തിൽ സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളെയും സ്മാർട്ട് മൃഗാശുപത്രികളാക്കി മാറ്റാനുമാണ് ലക്ഷ്യമിടുന്നത്. ടി പദ്ധതിയുടെ ഭാഗമായുള്ള സോഫ്റ്റ്‌വെയറിന്റെ ആദ്യഘട്ട മൊഡ്യൂളുകൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്, ട്രയൽ റൺ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിൽ പുരോഗമിക്കുന്നു.

(ബി) ഇതിനായി മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടില്ല. മൃഗ ചികിത്സാ സംബന്ധമായ സേവനങ്ങൾ പൊതുജനങ്ങൾക്കും കർഷകർക്കും ഓൺലൈനായി മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനും ചികിത്സാ സംബന്ധമായ രേഖകളും അനുബന്ധ സർട്ടിഫിക്കറ്റുകളും ഓൺലൈനായിത്തന്നെ ലഭ്യമാകുന്ന തരത്തിലുമുള്ള മൊബൈൽ ആപ്ലിക്കേഷനും ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ നവീകരിക്കുന്നതിനുള്ള നടപടികൾ**

**240 (1864)** <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറിയടക്കം പല വെറ്ററിനറി ഡിസ്പെൻസറികളും ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത മണ്ഡലത്തിലെ വെറ്ററിനറി ഡിസ്പെൻസറികൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) മുല്ലശ്ശേരി ഡിസ്പെൻസറിയെ പോളി ക്ലിനിക്കായി ഉയർത്തുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാറിന് അധിക ബാധ്യതയുണ്ടാകുമെന്നതിനാൽ മുല്ലശ്ശേരി വെറ്ററിനറി ഡിസ്പെൻസറിയെ വെറ്ററിനറി പോളി ക്ലിനിക്കായി ഉയർത്തണമെന്നുള്ള ആവശ്യം പരിഗണിച്ചിട്ടില്ല.

(ഡി) മണലൂർ മണ്ഡലത്തിൽ പോളി ക്ലിനിക്കുകൾ ഇല്ലാത്തതിനാൽ മുല്ലശ്ശേരി ഡിസ്പെൻസറിയെ പോളി ക്ലിനിക്കായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

ഇപ്പോൾ പരിഗണനയിലില്ല.

**വെറ്ററിനറി പോളിക്ലിനിക്**

**241 (1865)** <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വെറ്ററിനറി പോളിക്ലിനിക്കിൽ ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണ്; സ്റ്റാഫ് പാറ്റേൺ സംബന്ധിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ?

വെറ്ററിനറി പോളിക്ലിനിക്കിൽ ലബോറട്ടറി സൗകര്യങ്ങളും എക്സ്റേ, സ്കാനിംഗ്, ഓപ്പറേഷൻ തിയേറ്റർ സൗകര്യങ്ങളും ലഭ്യമാകും. രോഗബാധിതരായ പക്ഷി-മൃഗാദികളെ സർക്കാർ മാനദണ്ഡങ്ങൾക്കനുസൃതമായി ചികിത്സിക്കുക, സർക്കാർ നയം അനുസരിച്ച് പക്ഷി മൃഗാദികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് നടത്തുക, കന്നുകാലികൾക്കും എരുമകൾക്കും കൃത്രിമ ബീജസങ്കലന സൗകര്യം ഒരുക്കുക, വെറ്ററിനറി പോളിക്ലിനിക്കിന്റെ അധികാരപരിധിക്കുള്ളിലെ സാംക്രമിക, പകർച്ചവ്യാധികളുടെ നിയന്ത്രണവും ചികിത്സയും മറ്റ് സ്ഥാപനങ്ങളുടെ സഹകരണത്തോടെയും മൃഗങ്ങളുടെ രോഗങ്ങളുടെ നിയന്ത്രണം, പക്ഷി മൃഗാദികൾക്കുള്ള ഇൻഷ്വറൻസ് സൗകര്യം

നടപ്പിലാക്കുക, ഇൻഷ്വറൻസ് ക്ലെയിം സെറ്റിൽമെന്റ് സുഗമമാക്കുക, സൂനോട്ടിക് രോഗങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുക, കന്നുകാലികൾക്കായി ആനിമൽ ഹെൽത്ത് ക്യാമ്പുകൾ നടത്തുക, വെറ്ററിനറി പോളിക്ലിനിക്കിന്റെ അധികാരപരിധിയിൽ മൃഗസംരക്ഷണ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുക, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടുള്ള സ്വയംതൊഴിൽ സംബന്ധിച്ചും മൃഗസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പ്രദേശവാസികൾക്ക് സാങ്കേതിക ഉപദേശവും മാർഗ്ഗനിർദേശവും നൽകുക, ക്ലിനിക്കൽ ലബോറട്ടറിയുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പാക്കൽ, വെറ്ററിനറി പോളിക്ലിനിക്കിന്റെ അധികാരപരിധിയിൽ വിവിധ മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കൽ എന്നിവയാണ് വെറ്ററിനറി പോളിക്ലിനിക്കിൽ ലഭിക്കുന്ന സേവനങ്ങൾ. സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക് ആരംഭിക്കുന്നതിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) തിരുവമ്പാടിയിൽ വെറ്ററിനറി പോളിക്ലിനിക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

**മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം**

**242 (1866)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ ഉൾപ്പെടുന്ന വാമനപുരം, നെടുമങ്ങാട് ബ്ലോക്കുകളിൽ മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമാണോ; വിശദമാക്കാമോ?

വാമനപുരം മണ്ഡലത്തിൽ ഉൾപ്പെടുന്ന നെടുമങ്ങാട് ബ്ലോക്കിൽ മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം ലഭ്യമാണ്.

(ബി) എന്തെല്ലാം സേവനങ്ങളാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾവഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്നും എവിടെയാണ് ഇതിനായി ബന്ധപ്പെടേണ്ടതെന്നും വിശദമാക്കാമോ?

മൃഗ ഡോക്ടറുടെ സേവനം - അതായത് വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമ ബീജസങ്കലനം, രോഗ പ്രതിരോധ കുത്തിവയ്പ്, പ്രയാസമേറിയ പ്രസവം തുടങ്ങിയ പ്രവർത്തനങ്ങൾ കർഷകരുടെ വാതിൽപ്പടിയിൽ ലഭ്യമാക്കി മൃഗങ്ങളെ ചികിത്സിക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റുകൾവഴി സേവനം ലഭിക്കുന്നതിനായി '1962' എന്ന നമ്പറിൽ കോൾ സെന്ററിലേക്ക് ബന്ധപ്പെടാവുന്നതാണ്.

(സി) പ്രസ്തുത ബ്ലോക്കുകളിലെ എത്രപേർ ഇതിനോടകം ഈ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

നെടുമങ്ങാട് ബ്ലോക്കിലെ 266 പേർ ഇതിനോടകം നെടുമങ്ങാട് മൊബൈൽ വെറ്ററിനറി യൂണിറ്റിന്റെ സേവനം പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

**ഏറനാട് മണ്ഡലത്തിലെ ഹാച്ചറിയുടെ പ്രവർത്തനം**

**243 (1867)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ ഹാച്ചറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഏറനാട് മണ്ഡലത്തിൽ RKVY പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിച്ച എടവണ്ണ ഹാച്ചറിയുടെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല. എന്നാൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ഹാച്ചറി പൂർണ്ണമായും പ്രവർത്തന സജ്ജമാകുമ്പോൾ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാകുമെന്ന് വെളിപ്പെടുത്തുമോ;

എടവണ്ണ ഹാച്ചറി പൂർണ്ണമായി പ്രവർത്തനസജ്ജമാകുമ്പോൾ ജില്ലയിലെ എഗ്ഗർ നഴ്സറികൾക്കാവശ്യമായ കോഴിക്കുഞ്ഞുങ്ങളെ ജില്ലയിൽത്തന്നെ വിരിയിച്ചെടുക്കാനും കൂടാതെ ആതവനാട് കോഴിവളർത്തൽ കേന്ദ്രത്തിൽ അധികം വരുന്ന മുട്ടകൾ മറ്റ് ജില്ലകളിലെ ഫാമുകളിലേക്ക് കൊണ്ടുപോകാതെ ജില്ലയിൽത്തന്നെ വിരിയിച്ചെടുക്കാനും സാധിക്കുന്നതാണ്.

(സി) ഒന്നും രണ്ടും ഘട്ടങ്ങളായി നാളിതുവരെ എത്ര തുക പ്രസ്തുത പ്രവൃത്തിക്കായി അനുവദിച്ചിട്ടുണ്ടെന്നും രണ്ടാം ഘട്ടത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഒന്നാംഘട്ടമായി 1,00,00,000/- രൂപയും (ഒരു കോടി രൂപ മാത്രം) രണ്ടാംഘട്ടമായി 50,00,000/- രൂപയും (അമ്പത് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല.

(ഡി) ഹാച്ചറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും സ്പെഷ്യൽ ഓഫീസറെ നിയമിച്ചതിനുശേഷമുണ്ടായ പുരോഗതി എന്താണെന്നും വെളിപ്പെടുത്തുമോ?

ഹാച്ചറിയുടെ പ്രാരംഭ പ്രവർത്തനത്തിനുവേണ്ട കെട്ടിട സൗകര്യങ്ങളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. പ്ലംബിംഗ് & ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തീകരിച്ചെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ഹാച്ചറി നിലനിൽക്കുന്ന സ്ഥലം വകുപ്പിന് കൈമാറിക്കിട്ടുന്നതിനായി പഞ്ചായത്ത് വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടെങ്കിലും ആയതിനുള്ള ധാരണാപത്രം നാളിതുവരെയും ലഭിച്ചിട്ടില്ല. ഹാച്ചറിക്കാവശ്യമായ ശുദ്ധജലം ലഭ്യമാക്കാൻ

ഒരു സ്വകാര്യവ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2 സെന്റ് സ്ഥലം പദ്ധതികൾക്കായി ലഭ്യമാക്കാമെന്ന് സമ്മതിച്ചുവെങ്കിലും ധാരണാപത്രം നാളിതുവരെയും ലഭിച്ചിട്ടില്ല. അതിനുള്ള ശ്രമങ്ങൾ പഞ്ചായത്ത് അധികാരികളുടെ സഹകരണത്തോടെ നടത്തിവരുന്നു. ഹാച്ചറിയുടെ പ്രവർത്തനത്തിന് നേതൃത്വം നൽകാൻ ഒരു സ്പെഷ്യൽ ഓഫീസർ സർക്കാർ സർവ്വീസിൽനിന്നും വിരമിച്ച സാഹചര്യത്തിൽ പുതിയ സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) ഹാച്ചറിയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ?

ഹാച്ചറിയുടെ പ്രവർത്തനത്തിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ ഓഫീസിൽനിന്നും മൃഗസംരക്ഷണ ഡയറക്ടർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

**മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

**244 (1868)** <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ ഈ സർക്കാർ കാലയളവിൽ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I+ ആയും ക്ഷീരവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം II+ ആയും ചേർക്കുന്നു.

(ബി) പാറശ്ശാല ആട്ടുവളർത്തൽ കേന്ദ്രത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ, പ്രവർത്തന പുരോഗതി, അടങ്കൽ തുക ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പാറശ്ശാല ആട്ടുവളർത്തൽ കേന്ദ്രത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ, പ്രവർത്തന പുരോഗതി, അടങ്കൽ തുക ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി[+] ചേർക്കുന്നു.

(സി) മണ്ഡലത്തിലെ ഒൻപത് ഗ്രാമപഞ്ചായത്തുകളിലായി മൃഗസംരക്ഷണ വകുപ്പിനുകീഴിൽ എത്ര ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സംഘങ്ങളുടെ പേരും രജിസ്ട്രേഷൻ നമ്പരും തദ്ദേശസ്വയംഭരണ സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ക്ഷീര സംഘങ്ങളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(ഡി) പ്രസ്തുത ക്ഷീരസംഘങ്ങൾക്കായി ഈ സർക്കാരിന്റെ കാലത്ത് ലഭ്യമാക്കിയിട്ടുള്ള ധനസഹായം എത്രയാണെന്നും ഏതെല്ലാം സംഘങ്ങൾക്കാണ് സഹായം ലഭ്യമായിട്ടുള്ളതെന്നും അറിയിക്കാമോ?

ബാധകമല്ല.

**ഡയറി നെക്സ്റ്റ് പദ്ധതി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

**245 (1869)** <u>ശ്രീ. ജി. സ്റ്റീഫൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്രീയ പശുപരിപാലനം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ഡയറി നെക്സ്റ്റ് പദ്ധതി വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഡയറി നെക്സ്റ്റ് പദ്ധതി കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്, കേരള ഫീഡ്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, ക്ഷീരവികസന വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും ക്ഷീരകർഷകർക്ക് ശാസ്ത്രീയ പരിശീലനം നൽകുന്നതിനുള്ള സെമിനാറുകൾ സംഘടിപ്പിക്കുക, പുതിയ സംരംഭകർക്ക് വേണ്ടിയുള്ള സാങ്കേതിക സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പ്രധാനമായും കന്നുകാലികളുടെ പ്രജനനം, തീറ്റക്രമം, രോഗപ്രതിരോധം, പുതുക്കിയ ഫാം ലൈസൻസിംഗ് ചട്ടങ്ങൾ, മൃഗസംരക്ഷണ മേഖലയിൽ ഗവൺമെന്റ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

എന്നിവയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുകയാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇപ്രകാരം തീറ്റയുടെ ചെലവ് കുറയ്ക്കാനും പശുവളർത്തൽ ലാഭകരമാക്കാനും പാലുല്പാദനം വർദ്ധിപ്പിക്കാനും അതുവഴി പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാനും സാധിക്കുന്നതുമാണ്.

'ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും' എന്ന പദ്ധതി കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഇടുക്കി, വയനാട്, പാലക്കാട് ജില്ലകളിലെ വിവിധ നിയോജകമണ്ഡലങ്ങളിൽ നടത്താനും തുടർന്ന് മറ്റ് നിയോജകമണ്ഡലങ്ങളിലേക്ക് വ്യാപിപ്പിക്കാനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടത്തിയിട്ടുള്ള ശാസ്ത്രീയ ഗവേഷണങ്ങളുടെയും പഠനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കെ.എൽ.ഡി. ബോർഡിന്റെ ഹൈടെക് ഡയറി ഫാമുകളിൽ നടത്തിയ പഠനങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞ വസ്തുതകൾ 'Dairy Next'-

രണ്ടാംഘട്ടത്തിന്റെ ഭാഗമായുള്ള പഠന ക്ലാസ്സുകൾവഴി കർഷകരിലേക്ക് എത്തിക്കുന്നതാണ്. ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും എന്ന ശീർഷകംതന്നെ ക്ഷീരകർഷകർക്ക് അത് എങ്ങനെ പ്രയോഗിക്കണമെന്നും ക്ഷീരകർഷകർക്ക് അത് എങ്ങനെ പ്രയോജനം ചെയ്യുമെന്നുമുള്ളതാണ് ഉദ്ദേശിക്കുന്നത്. ക്ഷീരകർഷകരെ അലട്ടുന്ന ഒരു പ്രശ്നമാണ് കാലിത്തീറ്റയുടെ ഉയർന്ന വില. കാലിത്തീറ്റയ്ക്ക് ഉയർന്ന വില വരാൻ കാരണം കാലിത്തീറ്റയുണ്ടാക്കുന്ന അസംസ്കൃത വസ്തുക്കളെല്ലാംതന്നെ കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളിൽനിന്ന് സംഭരിക്കുന്നതുകൊണ്ടാണ്. ഈ ഉല്പന്നങ്ങളുടെ വില വളരെ കൂടുതലാണ്. ഇന്ത്യയിലെ തെക്കൻ സംസ്ഥാനങ്ങളിൽ ആദ്യമായി പെല്ലറ്റ് രൂപത്തിൽ കാലിത്തീറ്റ വിപണിയിലിറക്കിയത് കേരള ഫീഡ്സ് ആണ്. പെല്ലറ്റ് രൂപത്തിൽ കാലിത്തീറ്റ വിപണിയിലിറക്കിയതുകൊണ്ട് ഉദ്ദേശിക്കുന്നത് കന്നുകാലികളുടെ ബാക്ടീരിയ, മറ്റ് അസുഖങ്ങൾ എന്നിവ ഒഴിവാക്കാനും കൊടുക്കുന്ന ആഹാരം നല്ലരീതിയിൽ ദഹിച്ച് ആരോഗ്യത്തിന് ഗുണകരമായി മാറുന്നതിനും വേണ്ടിയാണ്. എന്നാൽ കഴിഞ്ഞ 25 വർഷമായി

കമ്പനികളെല്ലാം പെല്ലറ്റ് രൂപത്തിലാണ് കാലിത്തീറ്റ ലഭ്യമാക്കുന്നതെങ്കിൽപ്പോലും ക്ഷീരകർഷകർ വെള്ളം ചേർത്താണ് പെല്ലറ്റ് രൂപത്തിലുള്ള കാലിത്തീറ്റ ഇപ്പോഴും കൊടുക്കുന്നത്. ഇത് ക്ഷീരകർഷകരിലുള്ള ശാസ്ത്രീയമായ തീറ്റക്രമത്തിന്റെ അറിവുകേടിന്റെ ഫലമാണ്. അതിന് പരിഹാരമായി എല്ലാ മണ്ഡലങ്ങളിലുമുള്ള ക്ഷീരകർഷകരെ കേരള ഫീഡ്സും കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും ഒത്തൊരുമിച്ച് നടത്തുന്ന ഒരു പദ്ധതിയാണ് ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും. ഇത് പുസ്തക രൂപത്തിൽ എല്ലാ ക്ഷീരകർഷകരിലേയ്ക്കും എത്തിക്കുന്നുണ്ട്. ഖര രൂപത്തിലുള്ള കാലിത്തീറ്റ നൽകുമ്പോൾ അതിന്റെ കൂടെ ഒരോ പ്രായത്തിനനുസരിച്ച് പച്ചപ്പുൽ, ടി.എം.ആർ. കൂടാതെ സൈലേജ് ഇവയെല്ലാം നിശ്ചിത ശതമാനത്തിൽ കൊടുത്താൽ പാലുല്പാദനം കൂടുകയും തീറ്റച്ചെലവ് കുറയ്ക്കുകയും ചെയ്യാം എന്നുള്ള കേരളത്തിലെ കെ.എൽ.ഡി.ബി.-യുടെ ഫാമുകളിലും കേരള ഫീഡ്സ് കാലിത്തീറ്റ കൊടുക്കുന്ന ഫാമുകളിൽ നടത്തിയ പരീക്ഷണത്തിന്റെ അടിസ്ഥാനത്തിലും നിലവിലുള്ള ശാസ്ത്രീയ

അറിവുകളുടെ അടിസ്ഥാനത്തിലുമാണ് ഇങ്ങനെയുള്ള ശാസ്ത്രീയമായ രൂപരേഖ തയ്യാറാക്കി ക്ഷീരകർഷകർക്ക് നൽകുന്നത്. ഇത് മനസ്സിലാക്കിക്കഴിയുമ്പോൾ ക്ഷീരകർഷകർ വിഷാംശമുള്ള പുല്ലുകൾ കൊടുക്കാതിരിക്കാനും തീറ്റച്ചെലവ് കൂടുന്ന രീതിയിൽ അധികമായി തീറ്റവസ്തുക്കൾ കൊടുക്കാതിരിക്കാനും ഗുണകരമായ ശാസ്ത്രീയ രീതിയിലുള്ള കാലിത്തീറ്റ എങ്ങനെ നൽകണമെന്നുള്ളത് മനസ്സിലാക്കാനുമുള്ള ഒരു പദ്ധതിയാണ് ഡയറി നെക്സ്റ്റ് പ്രയോഗവും പ്രയോജനവും എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത്.

**മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

**246 (1870)** <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പുകൾ മുഖാന്തരം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ചുള്ളത് അനുബന്ധം I-ആയും+ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ചുള്ളത് അനുബന്ധം II-ആയും+ ചേർക്കുന്നു.

**ഗുണനിലവാരമുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ നടപടി**

**247 (1871)** **ശ്രീ. എൻ. എ. നെല്ലിക്കുന്ന്:**
**ശ്രീ. കുറുക്കോളി മൊയ്തീൻ:**
**ശ്രീ. പി. അബ്ദുൽ ഹമീദ്:**
**ശ്രീ. എ. കെ. എം. അഷ്റഫ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നുകാലിത്തീറ്റ, പരുത്തിപ്പിണ്ണാക്ക്, വൈക്കോൽ എന്നിവയുടെ വില വർദ്ധനവുമൂലം ക്ഷീരകർഷകർ പ്രതിസന്ധി നേരിടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി NABL accreditation ഉള്ള സ്റ്റേറ്റ് ഡയറി ലാബ് അത്യാധുനിക സൗകര്യങ്ങളോടുകൂടി ക്ഷീരവികസന വകുപ്പ് ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വിതരണം നടത്തുന്ന കാലിത്തീറ്റകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉല്പാദനവും വില്പനയും നിയന്ത്രിക്കൽ) ബിൽ കേരള നിയമസഭ പാസ്സാക്കിയിട്ടുണ്ട്. കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കാലിത്തീറ്റകളിൽ ചേർക്കുന്ന അസംസ്കൃത വസ്തുക്കൾ നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ചാണ് വാങ്ങുന്നതും ഉല്പാദനത്തിന് ഉപയോഗിക്കുന്നതും. ഇത് ഉറപ്പുവരുത്തുന്നതിനായി കമ്പനിയിലേയ്ക്ക് വരുന്ന അസംസ്കൃത പദാർത്ഥങ്ങൾക്കും കാലിത്തീറ്റ ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള ഗുണനിലവാര പരിശോധന അടക്കം നാല് ഘട്ടങ്ങളിലുള്ള ഗുണനിലവാര പരിശോധന നടപ്പിലാക്കി കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു. ഇതിൽ അസംസ്കൃത പദാർത്ഥങ്ങളുടെ പ്രാഥമിക ഗുണനിലവാരം ഗോഡൗണിൽ ഇറക്കിയ ശേഷമുള്ള സമഗ്രമായ ഗുണനിലവാര പരിശോധന,

ഉല്പാദനത്തിന്റെ വിവിധ ഘട്ടങ്ങളിലുള്ള പരിശോധന, ഉല്പാദനത്തിനുശേഷമുള്ള ഉല്പന്നത്തിന്റെ ഗുണനിലവാര പരിശോധന എന്നിവയാണ് നാല് ഘട്ട ഗുണനിലവാര പരിശോധനയുടെ ഭാഗമായി വരുന്നത്. ഉല്പാദനത്തിനായി ഉപയോഗിക്കുന്ന വിവിധ യന്ത്രങ്ങൾ കൃത്യതയാർന്നതും വിദേശ നിർമ്മിതവുമാണ്. ആയതിനാൽ ഉല്പാദനത്തിൽ സ്ഥിരതയുള്ള ഗുണനിലവാരം ഉറപ്പുവരുത്താൻ സഹായിക്കുന്നു. പാലുല്പാദനം വർദ്ധിപ്പിക്കാനുതകുംവിധത്തിലുള്ള തവിട്, പിണ്ണാക്ക്, ധാന്യങ്ങൾ തുടങ്ങിയ മേൽത്തരം അസംസ്കൃത വസ്തുക്കളാണ് കാലിത്തീറ്റ നിർമ്മാണത്തിന് മിൽമ ഉപയോഗിക്കുന്നത്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഓരോ അസംസ്കൃത വസ്തുവിന്റെയും ഗുണനിലവാര ഘടകങ്ങൾക്ക് പരിധി നിശ്ചയിച്ചുകൊണ്ട് അപ്രകാരമുള്ളവ മാത്രമാണ് വാങ്ങുന്നത്. ഫാക്ടറികളിലെ എൻ.ഐ.ആർ. അനലൈസർ ഉൾപ്പെടെയുള്ള അതിനൂതന ഉപകരണങ്ങളുടെ പിൻബലത്തോടെ നടത്തുന്ന പ്രാഥമിക പരിശോധനയിലൂടെ നിശ്ചിത ഗുണനിലവാരം പുലർത്താത്ത വസ്തുക്കൾ തിരസ്കരിക്കുകയും പൂർണ്ണ ഗുണനിലവാരമുള്ളവ മാത്രം കാലിത്തീറ്റയിൽ

ചേർക്കുന്നതിനായി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അസംസ്കൃത വസ്തുക്കൾ മിൽമയുടെ ഗോഡൗണിൽ ഇറക്കുന്ന സമയത്ത് കൃത്യമായ സാമ്പിൾ ശേഖരണം നടത്തി വിശദമായ ലാബ് ടെസ്റ്റുകൾവഴി ഗുണമേൻമ ഉറപ്പുവരുത്തുന്നുണ്ട്. ഇതുകൂടാതെ കാലിത്തീറ്റയും കൃത്യമായ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. പ്രോട്ടീൻ, എണ്ണയുടെ അംശം, നാരുകളുടെ അംശം, മണലിന്റെ അംശം എന്നിവ ഇതിലൂടെ പരിശോധിക്കപ്പെടുന്നു. ഈർപ്പത്തിന്റെ അളവും യഥാസമയം സൂക്ഷ്മതയോടെ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നുണ്ട്. ബി.ഐ.എസ്. നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണമേന്മയിൽ കാലികളുടെ ഉല്പാദനശേഷിക്കനുസൃതമായി ഓരോതരം കാലിത്തീറ്റയിലൂടെയും ലഭ്യമാക്കേണ്ടുന്ന ഗുണം (മാംസ്യം, കൊഴുപ്പ്, നാരുകൾ, ധാതുലവണങ്ങൾ എന്നിവ) കമ്പ്യൂട്ടർവൽക്കൃതമായുള്ള ഫോർമുലേഷൻ പ്രകാരം തയ്യാറാക്കുന്നു. പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച പ്ലാന്റുകളിൽ ഓട്ടോമേറ്റഡ് സംവിധാനം ഉപയോഗിച്ച് ചേരുവകളുടെ അളവും തൂക്കവും കൃത്യമായി

സംയോജിപ്പിച്ചുകൊണ്ട് ഗുണനിലവാരം ഉറപ്പാക്കിയ സമീകൃത കാലിത്തീറ്റകൾ ഉല്പാദിപ്പിക്കപ്പെടുന്നു.

(സി) ഗുണനിലവാരമുള്ള കാലിത്തീറ്റകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കി ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്തി കാലിത്തീറ്റ വിതരണ പദ്ധതി ഓരോ സാമ്പത്തിക വർഷവും നടപ്പിലാക്കിവരുന്നു. സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന ഗുണനിലവാരമുള്ള മിൽമ, കേരള ഫീഡ്സ് എന്നീ ഏജൻസികളുടെ കാലിത്തീറ്റയാണ് കുറഞ്ഞ വിലയ്ക്ക് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നത്. ഒരു കർഷകന് പരമാവധി 10,000/- രൂപയുടെ കാലിത്തീറ്റ ധനസഹായമാണ് ക്ഷീരവികസന വകുപ്പ് സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നത്. കാലിത്തീറ്റ ഉല്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ്

കാലിത്തീറ്റയുടെ വിലയിൽ വർധനവുണ്ടാകുന്നത്. അന്യസംസ്ഥാനങ്ങളിൽനിന്നും എത്തിക്കുന്ന അസംസ്കൃത വസ്തുക്കളുടെ വിലവർധനവും കടത്തുകൂലിയിലുണ്ടാകുന്ന ഗണ്യമായ വർധനവും കണക്കാക്കാതെ നഷ്ടം സഹിച്ചാണ് നിലവിൽ മിൽമയും കേരള ഫീഡ്സ് ലിമിറ്റഡും ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്തുവരുന്നത്. മിൽമയുടെ മേഖലാ യൂണിയനുകൾ കാലാകാലങ്ങളിൽ അവരവരുടെ പ്രവർത്തന ലാഭത്തിനനുസരിച്ച് കർഷകർക്ക് സഹായകമാകുന്ന രീതിയിൽ കാലിത്തീറ്റക്ക് വിവിധ സബ്സിഡികൾ നൽകിവരുന്നുണ്ട്. നിലവിൽ മേഖലാ യൂണിയനുകൾ 100-150 രൂപ വരെ കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. പ്രവർത്തന ലാഭത്തിന്റെ 90 ശതമാനവും കാലിത്തീറ്റ സബ്സിഡിയായും അധിക പാൽ വിലയായും വിവിധ ക്ഷേമപ്രവർത്തനങ്ങളായും മിൽമ ക്ഷീരകർഷകരിലേക്കുതന്നെ തിരികെ നൽകുകയാണ് ചെയ്യുന്നത്. അസംസ്കൃത വസ്തുക്കളുടെ വില വളരെയധികം വർദ്ധിച്ചിട്ടും ക്ഷീരകർഷക സമൂഹത്തോടുള്ള പ്രതിബന്ധത മുൻനിർത്തി, ആഗസ്റ്റ് 2023-ലും തുടർന്ന് ഒക്ടോബർ 2023-ലും കാലിത്തീറ്റയുടെ വിലയിൽ

ചെറിയ ഒരു വർധനവ് മാത്രം വരുത്തി ഇപ്പോഴും നഷ്ടം സഹിച്ചാണ് പൊതുമേഖല സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡ് കമ്പനി കാലിത്തീറ്റ വിതരണം നടത്തിവരുന്നത്. സ്വകാര്യ കാലിത്തീറ്റ നിർമ്മാതാക്കളുടെ ഉല്പന്നങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സമാനമായ കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റയ്ക്ക് വിപണിയിൽ 50 കിലോ ചാക്കൊന്നിന് 90/- രൂപവരെ വിലക്കുറവുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

**248 (1872)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയതെന്ന് ജില്ല, മണ്ഡലം, പഞ്ചായത്ത് എന്നിവ തിരിച്ച് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ ചേർത്തിരിക്കുന്ന ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയത്.

| വർഷം | ജില്ല | നിയോജകമണ്ഡലം | പഞ്ചായത്ത് |
|---|---|---|---|
| 2021-22 | തിരുവനന്തപുരം | കഴക്കൂട്ടം | പോത്തൻകോട് |
| | കൊല്ലം | ചടയമംഗലം | ഇട്ടിവ |
| | | കൊട്ടാരക്കര | കരീപ്ര |
| | ആലപ്പുഴ | ചേർത്തല | തണ്ണീർമുക്കം |
| | കോട്ടയം | കാഞ്ഞിരപ്പള്ളി | കറുകച്ചാൽ |
| | എറണാകുളം | പറവൂർ | കോട്ടുവള്ളി |
| | കോഴിക്കോട് | കുറ്റിയാടി | വേളം |
| | | ബേപ്പൂർ | കടലുണ്ടി |
| | കണ്ണൂർ | കൂത്തുപറമ്പ് | മങ്ങാട്ടിടം |
| | | ധർമ്മടം | പിളരശ്ശേരി |
| 2022-23 | തിരുവനന്തപുരം | വാമനപുരം | പുല്ലമ്പാറ |
| | കൊല്ലം | പുനലൂർ | അഞ്ചൽ |
| | | ചടയമംഗലം | ചിതറ |
| | | ചാത്തന്നൂർ | കല്ലുവാതുക്കൽ |
| | പത്തനംതിട്ട | അടൂർ | കടമ്പനാട് |
| | ആലപ്പുഴ | കായംകുളം | ഭരണിക്കാവ് |
| | കോട്ടയം | കടുത്തുരുത്തി | മരങ്ങാട്ടുപ്പള്ളി |
| | | കാഞ്ഞിരപ്പള്ളി | വാഴൂർ |
| | ഇടുക്കി | പീരുമേട് | വണ്ടിപ്പെരിയാർ |
| | എറണാകുളം | കളമശ്ശേരി | ആലങ്ങാട് |
| | | മൂവാറ്റുപുഴ | അരക്കുഴ |
| | തൃശ്ശൂർ | ഒല്ലൂർ | മടക്കത്തറ |
| | | നാട്ടിഴ | താന്നിയം |
| | പാലക്കാട് | തൃത്താല | നഗലശ്ശേരി |
| | | മണ്ണാർക്കാട് | ഷോളയാർ |

| | | | |
|---|---|---|---|
| | മലപ്പുറം | നിലമ്പൂർ | കരുളായി |
| | കോഴിക്കോട് | കുറ്റ്യാടി | നരിപ്പേട്ട |
| | വയനാട് | സുൽത്താൻബത്തേരി | മീനങ്ങാടി |
| | കണ്ണൂർ | തളിപ്പറമ്പ് | പരിയാരം |
| | കാസർഗോഡ് | ഉദുമ | ചെമ്മനാട് |
| 2023-24 | തിരുവനന്തപുരം | ചിറയിൻകീഴ് | കഠിനംകുളം |
| | കൊല്ലം | കുന്നത്തൂർ | വെസ്റ്റ്കല്ലട |
| | | കുന്നത്തൂർ | പൊരുവഴി |
| | കോട്ടയം | പൂഞ്ഞാർ | പൂഞ്ഞാർതെക്കേക്കര |
| | | കടുത്തുരുത്തി | മുളക്കുളം |
| | | കാഞ്ഞിരപ്പള്ളി | ചിറക്കടവ് |
| | തൃശ്ശൂർ | കുന്നംകുളം | വേളൂർ |
| | മലപ്പുറം | വണ്ടൂർ | പോരൂർ |
| | കോഴിക്കോട് | നാദാപുരം | മരുതോൻകര |
| | വയനാട് | മാനന്തവാടി | തിരുനെല്ലി |
| | | മാനന്തവാടി | വെള്ളമുണ്ട |
| | കണ്ണൂർ | ഇരിക്കൂർ | ഉദയഗിരി |
| | | പേരാവൂർ | കൊട്ടിയൂർ |

(ബി) പയ്യന്നൂർ മണ്ഡലത്തിലെ ഏതെങ്കിലും ഗ്രാമപഞ്ചായത്തിൽ ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് വർഷം, ഏത് ഗ്രാമപഞ്ചായത്തിൽ എന്ന് അറിയിക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ കാടാനപ്പള്ളി പാണപ്പുഴ പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി.

**ക്ഷീരഗ്രാമം പദ്ധതി**

**249 (1873)** **<u>ശ്രീ. പി. പി. ചിത്തരഞ്ജൻ:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നടപ്പ് വർഷം ക്ഷീരഗ്രാമം പദ്ധതി ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നില്ല.

(ബി) പ്രസ്തുത മണ്ഡലത്തിൽ എത്ര ക്ഷീര സഹകരണ സംഘങ്ങളാണ് പ്രവർത്തിക്കുന്നതെന്നും ഇവ സ്വന്തം കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ മണ്ഡലത്തിൽ ആകെ 10 ക്ഷീരസംഘങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഇതിൽ നെഹ്റു ട്രോഫി ക്ഷീരസംഘം ഒഴികെ മറ്റെല്ലാ സംഘങ്ങളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

**ക്ഷീരവികസന പദ്ധതികളുടെ കേന്ദ്ര വിഹിത കുടിശ്ശിക**

**250 (1874)** ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരവികസന വകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

കേന്ദ്ര ഗവൺമെന്റ് ഫണ്ടുപയോഗിച്ച് ക്ഷീരവികസന വകുപ്പിന്റെ കീഴിൽ പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല.

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം പണം അനുവദിച്ചുനൽകാത്ത എത്ര

പദ്ധതികളുണ്ട്; ഏതൊക്കെ പദ്ധതികളാണെന്നും ഓരോന്നിലും ലഭിക്കാനുള്ള പണം എത്രയാണെന്നും വ്യക്തമാക്കുമോ?

ബാധകമല്ല.

**കോട്ടക്കൽ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി**

**251 (1875)** പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

കോട്ടക്കൽ മണ്ഡലത്തിലെ നിലവിൽ ഒരു പഞ്ചായത്തിലും ക്ഷീരഗ്രാമം പദ്ധതല നടപ്പിലാക്കിയിട്ടില്ല. പഞ്ചായത്തുകൾ തങ്ങളുടെ പദ്ധതി വിഹിതമായി ചുരുങ്ങിയത് 10 ലക്ഷം രൂപയെങ്കിലും ക്ഷീരഗ്രാമം

പദ്ധതിക്കായി വകയിരുത്തി തീരുമാനം ക്ഷീരവികസന വകുപ്പ് ഡയറക്ടറെ അറിയിക്കുന്നമുറയ്ക്കാണ് പ്രസ്തുത പദ്ധതിക്ക് അനുമതി ലഭിക്കുന്നത്.

(ബി) കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; അതിന്റെ നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അപേക്ഷ ലഭിച്ചിട്ടില്ല.

**പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നൂതന പദ്ധതികൾ**

**252 (1876)** <u>**ശ്രീ. കെ. ജെ. മാക്സി**</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്ത് ആകെ ഉല്പാദിപ്പിക്കപ്പെടുന്ന പാലിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പാലുല്പാദനം 2579.76 (000 Tonnes) ആണ്.

(ബി) നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പാൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം പാൽ ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്നുണ്ട്; ഇത്തരത്തിൽ ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ജനസംഖ്യയുടെ അടിസ്ഥാനത്തിൽ 33.31 ലക്ഷം മെട്രിക് ടൺ പാലാണ് ഉപഭോഗത്തിനായി ആവശ്യമായിട്ടുള്ളത്. ഇതിൽ 2022-23-ലെ കണക്കുകൾ പ്രകാരം 25.80 ലക്ഷം മെട്രിക് ടൺ ലിറ്റർ പാൽ മാത്രമാണ് സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിക്കുന്നത്. അതായത് ആകെ ആവശ്യകതയുടെ 78-80% പാൽ സംസ്ഥാനത്തിനുള്ളിൽ ഉല്പാദിപ്പിക്കുമ്പോൾ 20 ശതമാനത്തിലധികം പാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നു.

ക്ഷീരവികസന വകുപ്പ് ഇറക്കുമതി ചെയ്യുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനായി പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം എന്നീ സ്ഥലങ്ങളിൽ സ്ഥിരം പാൽ പരിശോധനാ ചെക്ക്പോസ്റ്റും ജില്ലാതലത്തിൽ

പാൽ ഗുണനിയന്ത്രണ പരിശോധനാ ലാബുകളും മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി NABL അക്രഡിറ്റേഷനുള്ള സ്റ്റേറ്റ് ഡയറി ലാബും തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്നു.

2023 ജനുവരി 1 മുതൽ 2024 ജനുവരി 29 വരെയുള്ള കണക്കുകൾ പ്രകാരം മിൽമയുടെ ശരാശരി പ്രതിദിന വിൽപ്പന ആവശ്യകതയുടെ 80 ശതമാനത്തോളം പാൽ പ്രതിദിനം മിൽമ സംഭരിക്കുകയും തികയാതെ വരുന്ന ബാക്കി 20 ശതമാനത്തോളം പാൽ ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടി വരികയും ചെയ്യുന്നു. ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിലാണ് കൂടുതലും അയൽ സംസാഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്.

അയൽ സംസ്ഥാന ഫെഡറേഷനുകളിൽനിന്ന് മിൽമ പാൽ എത്തിക്കുന്ന മിൽമയുടെ ഡയറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയശേഷമാണ് പാൽ സ്വീകരിക്കുന്നത്. ഇത്തരത്തിൽ ഗുണപരിശോധന മാനദണ്ഡങ്ങൾ പാലിച്ച്, ഗുണനിലവാരം

ഉറപ്പുവരുത്തിയ പാൽ മാത്രമേ മിൽമ വിപണിയിൽ എത്തിക്കുന്നുള്ളൂ. കൂടാതെ, മിൽമയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ ഡയറികളും ഐ.എസ്.ഒ. സർട്ടിഫൈഡ് ആണ്. ജി.എം.പി. കൃത്യമായി പാലിക്കുന്ന ഡയറികളെല്ലാംതന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്.

(സി) കഴിഞ്ഞ 10 വർഷത്തിനിടയിൽ പാലിന്റെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വീതം വർദ്ധിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ 10 വർഷക്കാലയളവിനുള്ളിൽ പാലിന്റെ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ 2021-22 സാമ്പത്തിക വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2022-23 വർഷം പാലുൽപ്പാദനം 2% വർദ്ധിച്ചതായി മനസ്സിലാക്കാവുന്നതാണ്.

(ഡി) നിലവിൽ സംസ്ഥാനത്തെ ക്ഷീരകർഷകരുടെ എണ്ണം എത്രയെന്നും ഇവരെ സഹായിക്കാൻ നൂതനമായ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള ക്ഷീരസഹകരണ സംഘങ്ങളിലൂടെ 3.97 ലക്ഷം ക്ഷീരകർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ക്ഷീരകർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി തെരെഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, മേഖല/വിഭാഗം എന്നിവിടങ്ങളിലെ തൊഴിലാളികൾക്കുവേണ്ടി ക്ഷീരതീരം, ക്ഷീരലയം എന്നീ പദ്ധതി, ഇടുക്കി, വയനാട് ജില്ലകൾക്കായി പ്രത്യേക ഡയറി പാക്കേജ്, യുവസംരംഭകർക്കായി സ്മാർട്ട് ഡയറി യൂണിറ്റുകൾ, കോളാർ മോഡൽ തീറ്റപ്പുൽകൃഷി വ്യാപന പദ്ധതി എന്നിങ്ങനെയുള്ള നൂതനമായ പദ്ധതികൾ ക്ഷീര വികസനവകുപ്പ് നടപ്പിലാക്കുന്നു.

(ഇ) സംസ്ഥാനം പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും ആയത് എപ്പോൾ പൂർത്തീകരിച്ച് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി പലവിധ പദ്ധതി പ്രവർത്തനങ്ങളും ക്ഷീരവികസന വകുപ്പ് നടപ്പാക്കിവരുന്നു. പ്രധാന പദ്ധതിയായ മിൽക്ക് ഷെഡ് പദ്ധതി മുഖേന അന്യസംസ്ഥാനങ്ങളിൽനിന്നും കറവ പശുക്കളെ വാങ്ങുന്നതിലൂടെ സംസ്ഥാനത്തെ കാലി സമ്പത്ത് വർദ്ധിപ്പിക്കുന്നതിനും അതുവഴി പാലുല്പാദനം കൂട്ടുന്നതിനും ഇത് സഹായകരമാണ്. മിൽക്ക് ഷെഡ് വികസനപദ്ധതി കൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, മേഖല/വിഭാഗം/ജില്ല എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി പ്രത്യേക ഡയറി പാക്കേജുകൾ, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, പാൽഗുണ നിയന്ത്രണ ലാബുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വകുപ്പ് നിരന്തരം പ്രയത്നിക്കുന്നു. 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്ഷീരവികസന വകുപ്പ് പരിശ്രമിക്കുന്നു.

**ക്ഷീര കർഷകർക്കായുള്ള പദ്ധതി**

**253 (1877)** <u>ശ്രീ. എം. വിജിൻ</u>**:** താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കുമോ?

ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതിയായ മിൽക്ക് ഷെഡ് വികസന പദ്ധതി മുഖേന അന്യസംസ്ഥാനങ്ങളിൽനിന്നും കറവപ്പശുക്കളെ വാങ്ങുന്ന ഒരു പശു ഡയറി യൂണിറ്റ്, രണ്ട് പശു ഡയറി യൂണിറ്റ്, അഞ്ച് പശു ഡയറി യൂണിറ്റ്, പത്ത് പശു ഡയറി യൂണിറ്റ്, ഇരുപത് പശു ഡയറി യൂണിറ്റ് പദ്ധതികൾ കൂടാതെ കാലിത്തൊഴുത്ത് നിർമ്മാണം, ഡയറി ഫാമുകളുടെ ആധുനികവൽക്കരണവും യന്ത്രവൽക്കരണവും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായുള്ള ഒരു പശു ഡയറി യൂണിറ്റ് എന്നിവ ഉൾപ്പെടുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി കൂടാതെ തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ ധനസഹായ പദ്ധതി, തെരഞ്ഞെടുക്കപ്പെട്ട

ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി, ഓരോ മേഖല/വിഭാഗം/ജില്ല എന്നിവിടങ്ങളിലെ തൊഴിലാളികൾക്കായി പ്രത്യേക ഡയറി പാക്കേജുകൾ, പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പദ്ധതികൾ, പാൽ ഗുണനിയന്ത്രണ ലാബുകളുടെ ശാക്തീകരണം തുടങ്ങിയ പദ്ധതികളിലൂടെ സംസ്ഥാനത്തെ ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ക്ഷീരമേഖലയിൽ അനേകം പദ്ധതികൾ ക്ഷീരവികസന വകുപ്പിന്റെ ഉദ്യോഗസ്ഥരെ നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിച്ചുകൊണ്ട് നടപ്പിലാക്കുന്നു. കറവ പശുപരിപാലന പദ്ധതി, ഗർഭകാല സംരക്ഷണ പദ്ധതി, കറവപ്പശുക്കൾക്ക് കാലിത്തീറ്റ വിതരണ പദ്ധതി, പാലിന് സബ്സിഡി പദ്ധതി, കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതി, തീറ്റപ്പുൽക്കൃഷി പദ്ധതി, മിനി ഡയറി ഫാം ആധുനികവൽക്കരണം, കറവയന്ത്ര പദ്ധതി, ചാണകം ഉണക്കിപ്പൊടിക്കുന്ന പദ്ധതി, കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡ് എന്റർപ്രൈസസ് കം മിനി ഡയറി

ഫാം, പാൽ സംഭരണവും വിപണനവും വാതിൽ പടിക്കൽ, മിനി എലിവേറ്റഡ് ക്യാറ്റിൽ ഷെഡ് തുടങ്ങിയ ഒട്ടനവധി പദ്ധതികളിലൂടെ ക്ഷീരകർഷകർക്ക് ധനസഹായം അനുവദിക്കുന്നു.

ക്ഷീരവികസന വകുപ്പിന്റെ വാർഷിക പദ്ധതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളും ക്ഷീരകർഷകർക്ക് പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനും ഈ മേഖലയിൽ അവരെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സഹായകരമാണ്.

പാലുല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റ് ആനുകൂല്യങ്ങളായും നൽകുന്നതിനുപുറമെ വിവിധ സബ്സിഡികളായും അധിക പാൽവിലയായും വിവിധ ക്ഷേമ പ്രവർത്തനങ്ങളായും കർഷകക്ഷേമ പദ്ധതികളായും കഴിഞ്ഞ സാമ്പത്തികവർഷം 70 കോടിയോളം രൂപ ക്ഷീരസംഘങ്ങളിലൂടെ ക്ഷീരകർഷകർക്ക് കൈമാറാൻ മിൽമയ്ക്ക്

സാധിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടുകൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാകുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകിക്കൊണ്ടും ചെലവ് കുറഞ്ഞ പാലുല്പാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരകർഷകന്റെ വർദ്ധിച്ചുവരുന്ന ഉല്പാദനച്ചെലവ് നിയന്ത്രിച്ചുകൊണ്ട് കൂടുതൽപേരെ ക്ഷീരമേഖലയിലേയ്ക്ക് എത്തിക്കാനും അതുവഴി ക്ഷീരോല്പാദനം വർദ്ധിപ്പിച്ചുകൊണ്ട് പാലുല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

**പദ്ധതി ഇനത്തിൽ നീക്കിവച്ച തുക**

**254 (1878)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ നീക്കിവച്ചിട്ടുള്ള തുക എത്രയാണ്; അതിൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ 122.26 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2023-24 വർഷം പ്ലാൻ ഇനത്തിൽ വകുപ്പ് പദ്ധതികൾക്കായി 103.76 കോടി രൂപയും മറ്റ് സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി (മിൽമ) 7.5 കോടി രൂപയും ചേർത്ത് ആകെ 111.26 കോടി രൂപയും നബാർഡ് ലോൺ

(ആർ.ഐ.ഡി.എഫ്) ധനസഹായമായി 11 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്.

ടി തുകയുടെ 63% 71.24 കോടി രൂപ ജനവരി മാസംവരെ ഫിനാൻസിൽനിന്നും അനുവദിച്ചുതന്നിട്ടുണ്ട്. ടി തുകയിൽ 40.2 കോടി രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

**മിൽമയുടെ വികസനത്തിനും ആധുനികവൽക്കരണത്തിനും പദ്ധതികൾ**

**255 (1879)** <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് മിൽമയുടെ വികസനത്തിനും ആധുനികീകരണത്തിനും ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കോഴിക്കോട് മിൽമയുടെ മലിനീകരണ പ്ലാന്റിന്റെ സമഗ്രവികസനത്തിനായി 5 ഏക്കറോളം സ്ഥലം മിൽമ ഏറ്റെടുത്തിട്ടുണ്ട്. മലിനീകരണ പ്ലാന്റിന്റെ വികസന പദ്ധതികൾ ഉടൻതന്നെ തുടങ്ങുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് മിൽമയുടെ പ്ലാന്റിന്റെയും ഐസ്ക്രീം നിർമ്മാണ ശാലയുടെയും സംസ്കരണശേഷി ഉയർത്തുന്നതിനായുള്ള പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കോഴിക്കോട് മിൽമയുടെ കീഴിലുള്ള തിരുവണ്ണൂർ എന്ന സ്ഥലത്ത് മിൽമയുടെ എല്ലാ ഉല്പന്നങ്ങളും ലഭ്യമാകുന്ന രീതിയിലുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു വില്പനശാല സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. വിവര സാങ്കേതികവിദ്യയുടെ ഉപയോഗം പരമാവധി മലബാർ മേഖലാ യൂണിയനിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായുള്ള അടിസ്ഥാന സൗകര്യങ്ങൾ കോഴിക്കോട് മിൽമയിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

കേന്ദ്ര, സംസ്ഥാന സർക്കാർ സഹായത്തോടെ കോഴിക്കോട് മിൽമയിൽ നടപ്പിലാക്കിയ പദ്ധതിയായ ചോക്കോബാർ ഉണ്ടാക്കുന്ന യന്ത്രസാമഗ്രികൾ ഇപ്പോൾ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

**ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ**

**256 (1880)** ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) മണലൂർ മണ്ഡലത്തിൽ ക്ഷീരകർഷകർക്കായി ഈ സർക്കാർ വന്നശേഷം ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിലേയ്ക്കായി എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

(എ) ക്ഷീരകർഷകർക്ക് ക്ഷീരവികസന വകുപ്പ് മുഖേന നൽകിവരുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

1. തീറ്റപ്പുൽകൃഷി വികസനപദ്ധതി (സൗജന്യമായി പുൽക്കട വിതരണം, പുൽകൃഷി ചെയ്യുന്നതിനുള്ള ധനസഹായം)

2. മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് വികസന പദ്ധതിയുടെ ഭാഗമായി തൊഴുത്ത് നിർമ്മാണം, ഹെർഡ് ഇൻഡക്ഷൻ (2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, അസിസ്റ്റൻസ് ടു പ്രോഗ്രസ്സീവ് ഡയറി ഫാർമേഴ്സ് (വിവിധ കാറ്റഗറികളിൽ ഡയറി ഫാമിങ്ങിന് ആവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനുള്ള പദ്ധതി) എന്നിവയ്ക്കുള്ള പദ്ധതി.

3. ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് സബ്സിഡി.

മിൽമയുടെ മലബാർ മേഖലാ യൂണിയൻ പാൽ വിൽപ്പന വിലയുടെ 83 ശതമാനം നേരിട്ടുള്ള സംഭരണ വിലയായും കൂടാതെ അധിക പാൽ വിലയായും ക്ഷീരകർഷകർക്ക് നൽകിവരുന്നു. യൂണിയൻ വിൽപ്പന നടത്തുന്ന ഓരോ ലിറ്റർ പാലിൽനിന്നും 31 പൈസ സർക്കാർ ക്ഷീരകർഷക പെൻഷൻ/ക്ഷേമനിധിയിലേക്ക് നൽകിവരുന്നു. കിലോഗ്രാമിന് 2 രൂപ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകുന്നു. ചെലവ് കുറഞ്ഞ പാലുല്പാദനത്തിന് കറവമാടുകൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിലെത്തിക്കുന്നു. സഹോദര സ്ഥാപനമായ മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻവഴി വൈക്കോൽ ബൈലുകൾ കിലോഗ്രാമിന് 8.40 രൂപ മുതൽ 10.95 രൂപ വരെ നിരക്കിൽ വിപണിയിലെത്തിക്കുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് ക്ഷീരകർഷകർക്ക് പ്രതിവർഷം 25,000/- രൂപ വരെയും ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിന് 15,000/- രൂപ വരെയും കാലിത്തൊഴുത്ത്

നിർമ്മാണത്തിന് 15,000/- രൂപ വരെയുമുള്ള ധനസഹായങ്ങൾ നൽകിവരുന്നു. തെരഞ്ഞെടുത്ത സംഘങ്ങളിൽ 300/- രൂപയ്ക്ക് ഡോക്ടറുടെ സേവനവും മരുന്നും കർഷക ഭവനത്തിൽ ലഭ്യമാക്കുന്ന വികേന്ദ്രീകൃത യൂണിറ്റുകൾ ആരംഭിച്ചു. പശുക്കളിലെ ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനും പാലിലെ ആന്റിബയോട്ടിക്ക് മരുന്നുകളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനുംവേണ്ടി മേഖലാ യൂണിയൻ നിർമ്മിച്ച ചെലവുകുറഞ്ഞ ഇ.വി.എം. മരുന്നുകളുടെ വിതരണം നടത്തിവരുന്നു. കൃത്രിമ ബീജദാന കേന്ദ്രങ്ങൾവഴി കറവമാടുകളുടെ വർഗ്ഗോദ്ധാരണത്തിന് ബീജമാത്രകളുടെ സൗജന്യമായ വിതരണം നടത്തിവരുന്നു. 50 ശതമാനം സബ്സിഡിയോടെ ധാതുലവണ മിശ്രിത വിതരണം, ഉയർന്ന ഉല്പാദനക്ഷമതയുള്ള തെരഞ്ഞെടുത്ത ഗർഭിണി പശുക്കൾക്ക് 70 ശതമാനം സബ്സിഡി നിരക്കിൽ ബൈപ്പാസ് ഫാറ്റ് വിതരണം, 50 ശതമാനം സബ്സിഡി നിരക്കിൽ സ്റ്റെയിൻലെസ്സ് സ്റ്റീൽ പാൽപാത്ര വിതരണം എന്നിവ നടത്തിവരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്വന്തമായി വീടില്ലാത്ത ക്ഷീരകർഷകർക്ക് ഭവന നിർമ്മാണത്തിനായി ഒരു ജില്ലയിൽ

ഒരാൾക്ക് 5 ലക്ഷം രൂപയെന്ന രീതിയിൽ ക്ഷീരസദനം പദ്ധതിവഴി ധനസഹായം നൽകിവരുന്നു. സ്വന്തമായി വീട് ഇല്ലാത്ത, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും വിധവകൾക്കും മുൻഗണന നൽകുന്നതാണ്. ഈ പദ്ധതിയിൻപ്രകാരം 18 വീടുകൾ ഇതുവരെ നൽകിയിട്ടുണ്ട്.

കൂടാതെ, ക്ഷീരകർഷകരുടെ ടൈപ്പ് 1 പ്രമേഹ രോഗികളായ 18 വയസ്സിൽ താഴെയുള്ള മക്കളുടെ ചികിത്സയ്ക്കുള്ള ധനസഹായവും ക്ഷീരകർഷകർക്ക് ജനിക്കുന്ന പെൺകുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുന്നതിനുള്ള ക്ഷീര സുകന്യ പദ്ധതിയും നടപ്പിലാക്കിവരുന്നു. അകിട്‌രോഗ നിർണ്ണയ-നിവാരണ പദ്ധതി (ഡി.സി.എ.എം.) നടപ്പിലാക്കുന്നു. ഗ്രാമങ്ങളിൽ 8.135 ലക്ഷം ലിറ്റർ പാൽ ശീതീകരണ സംവിധാനം ഒരുക്കുകയും മലബാർ റൂറൽ ഡെവലപ്മെന്റ് ഫൗണ്ടേഷൻവഴി അർഹരായവർക്ക് ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനും 10,000/- രൂപ ധനസഹായം നൽകുകയും ചെയ്യുന്നുണ്ട്. ക്ഷീരസമാശ്വാസം പദ്ധതിപ്രകാരം മലബാർ മേഖലാ യൂണിയനുകീഴിൽ പാലളക്കുന്ന ഗുരുതര രോഗം ബാധിച്ച അംഗങ്ങൾക്ക് 20,000/- രൂപ ധനസഹായം നൽകുന്നുണ്ട്.

എറണാകുളം മേഖലാ യൂണിയൻ ക്ഷീരകർഷകർക്ക് പ്രത്യേക ഇൻസെന്റീവ്, ഫാം സെക്യൂർ കർഷകർക്ക് ഹെഡ് ലോഡ് ചാർജ്ജ്, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത പശു/കിടാരി മരണപ്പെടുമ്പോൾ കർഷകന് ധനസഹായം നൽകുന്ന പദ്ധതി, സബ്സിഡി നിരക്കിൽ വൈക്കോൽ/സൈലേജ് വിതരണം, കന്നുകാലി ലോൺ പലിശ സബ്സിഡി, റബ്ബർ മാറ്റ് വാങ്ങുന്നതിന് സബ്സിഡി, വീൽബാരോ വാങ്ങുന്നതിന് സബ്സിഡി, മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് സബ്സിഡി, ക്ഷീരകർഷകർക്ക് പരിശീലനം, ക്ഷീരകർഷകരുടെ കന്നുകാലികൾക്ക് മൃഗചികിത്സാ സൗകര്യം എന്നിവ നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം മേഖലാ യൂണിയൻ കാലിത്തീറ്റ സബ്സിഡി, കിടാരി ദത്തെടുക്കൽ പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കറവ പശുക്കളെ വാങ്ങുന്നതിനുള്ള സഞ്ചാലക നിധി, ഹാൻഡ് ഓപ്പറേറ്റഡ് കറവയന്ത്രത്തിനുള്ള സബ്സിഡി, കാലിത്തൊഴുത്ത് നവീകരണത്തിനുള്ള ധനസഹായം, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി,

വികേന്ദ്രീകൃത മൃഗചികിത്സാ യൂണിറ്റുകൾ, കന്നുകാലികളെ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്നതിന് കടത്തുകൂലി, മരണാനന്തര ധനസഹായം, ധനലഭ്യതയുടെ അടിസ്ഥാനത്തിൽ കർഷകർക്ക് സംഘങ്ങൾ മുഖേന നൽകുന്ന പ്രത്യേക പാൽ വില വ്യത്യാസം, കർഷകർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച് നൽകുന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും ധനസഹായങ്ങളും ലഭ്യമാക്കിവരുന്നു.

(ബി) മണലൂർ മണ്ഡലത്തിൽ ക്ഷീരകർഷകർക്കായി ഈ സർക്കാർ വന്നശേഷം ക്ഷീരവികസന വകുപ്പ് ഇതുവരെ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി+ ചേർക്കുന്നു.

മിൽമയുടെ എറണാകുളം മേഖലാ യൂണിയന്റെ കീഴിൽവരുന്ന തൃശ്ശൂർ ജില്ലയിൽപ്പെട്ട മണലൂർ മണ്ഡലത്തിലെ ക്ഷീരകർഷകർക്ക് യൂണിയൻ നടപ്പിലാക്കിവരുന്ന ക്ഷീരകർഷകർക്കുള്ള പ്രത്യേക ഇൻസെന്റീവ്, ഫാം സെക്ടർ കർഷകർക്ക് ഹെഡ് ലോഡ് ചാർജ്ജ്, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത പശു/കിടാരി മരണപ്പെടുമ്പോൾ കർഷകന് ധനസഹായം നൽകുന്ന പദ്ധതി, സബ്സിഡി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരക്കിൽ വൈക്കോൽ/സൈലേജ് വിതരണം, കന്നുകാലി ലോൺ പലിശ സബ്സിഡി, റബ്ബർ മാറ്റ് വാങ്ങുന്നതിന് സബ്സിഡി, വീൽബാരോ വാങ്ങുന്നതിന് സബ്സിഡി, മിൽക്കിംഗ് മെഷീൻ വാങ്ങുന്നതിന് സബ്സിഡി, ക്ഷീരകർഷകർക്ക് പരിശീലനം, ക്ഷീരകർഷകരുടെ കന്നുകാലികൾക്ക് മൃഗചികിത്സാ സൗകര്യം എന്നിവ നടപ്പിലാക്കിവരുന്നു.

**സംസ്ഥാനത്തെ ക്ഷീരമേഖലയുടെ വിശദാംശങ്ങൾ**

**257 (1881)** ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കന്നുകാലികളുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

കണക്കാക്കിയിട്ടുണ്ട്. 2019-ലെ ലൈവ്സ്റ്റോക്ക് സെൻസസ് പ്രകാരം 13.41 ലക്ഷം കന്നുകാലികളാണ് കേരളത്തിലുള്ളത്.

(ബി) മൊത്തം ആഭ്യന്തര മൂല്യവർധനവിൽ ക്ഷീരമേഖലയുടെ പങ്ക് എത്രയാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര മൂല്യവർദ്ധനവിൽ കന്നുകാലി മേഖലയുടെ വിഹിതം 2.35 ശതമാനമാണ് (2021-22). കൃഷി അനുബന്ധ മേഖലകളുടെ മൊത്തം മൂല്യവർദ്ധനവിൽ കന്നുകാലി മേഖലയുടെ വിഹിതം 26.44 ശതമാനമാണ്(2021-22).

**വെറ്ററിനറി സർവകലാശാലയിൽ പുതിയ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ**

**258 (1882)** **ശ്രീ. പി. ഉബൈദുള്ള:**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്:**
**ശ്രീ. പി. കെ. ബഷീർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെറ്ററിനറി സർവകലാശാലയിൽ 156 അസിസ്റ്റന്റ് പ്രൊഫസർ തസ്തികകൾ സൃഷ്ടിക്കാനുള്ള ബോർഡ് ഓഫ് മാനേജ്മെന്റിന്റെ തീരുമാനം അനധികൃതമാണോയെന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. സർവകലാശാലയിൽ ഒഴിഞ്ഞുകിടക്കുന്ന 156 അധ്യാപക തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് അനുമതി അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ 09-01-2024-ൽ നടന്ന 84-ാമത് ഭരണസമിതിയോഗവും 45-ാമത് മാനേജ്മെന്റ് കൗൺസിൽ യോഗവും

പരിഗണിച്ചിരുന്നു. സർവകലാശാലയ്ക്ക് കീഴിലെ ഡയറി കോളേജുകൾക്കായി 27-05-2023-ലെ ജി.ഒ. (എം.എസ്) 13/2023.എ.എച്ച്.ഡി ഉത്തരവുപ്രകാരം അനുവദിച്ച 69 അധ്യാപക തസ്തികകളോടൊപ്പം ഡയറി ഫാക്കൽറ്റിക്കുകീഴിൽ ഒഴിഞ്ഞുകിടപ്പുള്ള 2 അധ്യാപക തസ്തികകൾകൂടി ചേർത്ത് ടി ഫാക്കൽറ്റിക്ക് കീഴിൽ 71 ഒഴിവുകളിലും വെറ്ററിനറി ഫാക്കൽറ്റിക്ക് കീഴിൽ കാർഷിക സർവകലാശാലയിൽനിന്ന് കൈമാറി ലഭിച്ച 308 അധ്യാപക തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്ന 85 തസ്തികകളിലുമാണ് നിയമനം നടത്താൻ സർവകലാശാല ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപക തസ്തികകൾ നികത്തുന്നതിനുള്ള യു.ജി.സി നിർദ്ദേശം, സർവകലാശാലയിലെ വെറ്ററിനറി കോളേജുകളിൽ പരിശോധന നടത്തി വിവിധ വകുപ്പുകളിലെ അധ്യാപക ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയ വെറ്ററിനറി കൗൺസിൽ ഓഫ് ഇന്ത്യ നൽകിയ പരിശോധനാ റിപ്പോർട്ട് എന്നിവ പരിഗണിച്ചാണ് മേൽപ്രകാരം വരുന്ന 156 ഒഴിവുകളും

നികത്തുന്നതിന് സർവകലാശാല ഭരണസമിതികൾ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

(ബി) ചില വിഷയങ്ങളിലെ നിയമനത്തിന് നെറ്റ് യോഗ്യത വേണമെന്ന നിബന്ധന ഒഴിവാക്കിയതിനെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ?

UGC Regulation 2018-ൽ അധ്യാപക നിയമനത്തിനുള്ള മാനദണ്ഡങ്ങൾ പരാമർശിക്കുന്ന ഖണ്ഡിക 3.3 (II) ആയി NET/SET/SLET പരീക്ഷകൾ നടത്താത്ത വിഷയങ്ങളിൽ ടി യോഗ്യത നിർബന്ധമല്ലെന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. എല്ലാ സർവകലാശാലകളിലും അധ്യാപക നിയമനങ്ങൾക്ക് ഇത് ബാധകമാണ്.

(സി) സാമ്പത്തിക ബാധ്യത പരിഗണിക്കാതെയുള്ള അനധികൃത നിയമനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

മേൽ പ്രസ്താവിച്ച 156 അധ്യാപക തസ്തികകളിൽ നിയമനങ്ങൾ നടത്തുമ്പോൾ എൻ.പി.എസ്. വിഹിതം ഉൾപ്പെടെ ശരാശരി ഒരു വർഷം

17.16 കോടി രൂപ അധികമായി ചെലവ് കണക്കാക്കിയിട്ടുണ്ട്. സാമ്പത്തിക ബാധ്യത സംബന്ധിച്ച പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്. സർക്കാർ അത് പരിശോധിച്ചുവരികയാണ്.

**പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റാൻ നടപടി**

**259 (1883)** ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിൽ എത്ര കടമുറികളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് അറിയിക്കാമോ?

20 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു.

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് ആർ.ടി.ഒ. ഓഫീസിന്റെ വാടക എത്രയാണെന്ന് വ്യക്തമാക്കാമോ?

പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടി കെട്ടിടത്തിന് വാടക നിശ്ചയിച്ച് നൽകുന്നതിനായി ഗതാഗത കമ്മീഷണർ 15-09-2023-ൽ സമർപ്പിച്ച

പ്രൊപ്പോസൽ സി1/255/2023/ഗതാഗതം നമ്പർ ഫയലിൽ പൊതുമരാമത്ത് (ഇ) വകുപ്പിന് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത ഓഫീസ് കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പയ്യന്നൂർ നഗരസഭയിലെ വെള്ളൂരിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റുന്നതിന്റെ സാധ്യത പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കണ്ണൂർ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**കേന്ദ്ര വിഹിതം കുടിശ്ശികയായ പദ്ധതികൾ**

**260 (1884)** <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പിനുകീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ച് നൽകാത്ത എത്ര പദ്ധതികളുണ്ട്; അവ ഏതൊക്കെയാണ്; ഓരോ പദ്ധതിക്കും ലഭിക്കാനുള്ള തുക എത്രയാണ്; വ്യക്തമാക്കുമോ?

(എ-സി) ഗതാഗത വകുപ്പിനുകീഴിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി കുടിശ്ശിക ഇനത്തിൽ തുക ലഭിക്കാനുള്ളത് കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് മാത്രമാണ്.

കെ.എം.ആർ.എൽ. ഘട്ടം I ബി ഗ്രാന്റ് ഇനത്തിൽ 27.27 കോടി രൂപയും ഘട്ടം II-നുവേണ്ടി ഓഹരി ഇനത്തിൽ 174.90 കോടി രൂപയും കീഴ്ക്കടം ഇനത്തിൽ 63.85 കോടി രൂപയും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കാനുണ്ട്.

ഘട്ടം I ബി-യുടെ ഗ്രാന്റ് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. ഘട്ടം II-നുവേണ്ടി കേന്ദ്രസർക്കാർ 100 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ നൽകുകയുണ്ടായി.

**ഇ-ബസ്സുകൾ**

**261 (1885)** ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നാളിതുവരെ എത്ര ഇ-ബസ്സുകൾ വാങ്ങിയെന്ന് അറിയിക്കാമോ?

സർക്കാർ നാളിതുവരെ 132 ഇ-ബസ്സുകൾ കിഫ്ബി (KIIFB), സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (Smart City Thiruvananthapuram Limited) എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ലിമിറ്റഡിനുവേണ്ടി വാങ്ങിയിട്ടുണ്ട്.

(ബി) ടെൻഡർ നടപടികൾ സ്വീകരിച്ചാണോ ഇ-ബസ്സുകൾ വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടൽ മുഖേന ഇ-ദർഘാസ് ക്ഷണിച്ചാണ് ഇ-ബസ്സുകൾ വാങ്ങിയിട്ടുള്ളത്.

(സി) ഒരു ഇ-ബസ്സിന് ഒരു ഡീസൽ ബസ്സിനേക്കാൾ എത്ര രൂപയാണ് കൂടുതലാകുന്നതെന്ന് വിശദമാക്കാമോ?

ഒരു ഇ-ബസ്സിന് ഒരു ഡീസൽ ബസ്സിനേക്കാൾ ഏകദേശം 50 ലക്ഷം രൂപ അധികമായി ചെലവുവരുന്നുണ്ട്. ഇ-ബസ്സിന്റെ ബാറ്ററി പാക്ക് (Battery pack)-ന് വരുന്ന ചെലവാണ് പ്രസ്തുത വില വ്യത്യാസത്തിന് കാരണം.

(ഡി) കെ.എസ്.ആർ.ടി.സി. എത്ര ഇ-ബസ്സുകൾക്കാണ് നിലവിൽ ഓർഡർ നൽകിയിരിക്കുന്നതെന്ന് അറിയിക്കാമോ; ഇതിന്റെ വിശദാംശങ്ങൾ നൽകാമോ?

കെ.എസ്.ആർ.ടി.സി. നിലവിൽ 165 ഇ-ബസ്സുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്. അതിൽ 132 ഇ-ബസ്സുകൾ കിഫ്ബി (KIIFB), സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് (Smart City Thiruvananthapuram Limited) ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കേരളീയം, നവകേരളം പരിപാടികൾക്കായി സ്പോൺസർഷിപ്പ് നൽകിയ സ്ഥാപനങ്ങൾ**

**262 (1886)** ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളീയം, നവകേരളം പരിപാടികൾക്കായി ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഏതൊക്കെ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പ് നൽകിയിട്ടുണ്ട്; സ്പോൺസർഷിപ്പ് നൽകിയ സ്ഥാപനങ്ങളുടെ പേരും നൽകിയ തുകയും സേവനങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ സ്പോൺസർഷിപ്പായി തുക ഒന്നും നൽകിയിട്ടില്ല.

**ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ താൽക്കാലിക നിയമനങ്ങൾ**

**263 (1887)** ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഗതാഗത വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ എത്ര കരാർ നിയമനങ്ങൾ നടന്നിട്ടുണ്ടെന്നും എത്ര നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും എത്ര നിയമനങ്ങൾ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തിയിട്ടുണ്ടെന്നും വർഷം/ഇനം തിരിച്ചുള്ള കണക്ക് വിശദമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ കെ.എസ്.ആർ.ടി.സി.-യിൽ നാളിതുവരെ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചവരുടെ എണ്ണം–91, നിലവിൽ സേവനം അനുഷ്ഠിക്കുന്നവരുടെ എണ്ണം–23 (31-01-2024 വരെയുള്ള കണക്ക് പ്രകാരം). എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നിയമനം നടത്തിയിട്ടില്ല. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ലിമിറ്റഡ് എന്ന സ്വതന്ത്ര കമ്പനി 19-11-2021-ന് രൂപീകരിച്ചതിനുശേഷം പ്രൊഫഷണൽ സീനിയർ മാനേജർ തസ്തികകളിൽ കരാറിൽ നിയമിക്കപ്പെട്ടവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

1. ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) – 1

2. ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻ) – 1

കൂടാതെ, കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിലെൽ കരാറിൽ നിയമിച്ച് നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരം:

1. ഡ്രൈവർ കം കണ്ടക്ടർ - 1127

2. ഡ്രൈവർ - 53

3. കണ്ടക്ടർ - 69

4. വനിത ഡ്രൈവർ കം കണ്ടക്ടർ-1

5. വനിത ഡ്രൈവർ - 4

6. വനിത കണ്ടക്ടർ - 2

സ്വിഫ്റ്റിന്റെ കരാറിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുള്ള ഡ്രൈവർ-കം-കണ്ടക്ടർ തസ്തികയിൽ നാലുപേരും വനിത ഡ്രൈവർ തസ്തികയിൽ ഒരാളും ജോലി ചെയ്യുന്നു.

മോട്ടോർ വാഹന വകുപ്പിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തിയിട്ടുള്ളത് സിസ്റ്റം സൂപ്പർവൈസർ തസ്തികയിലാണ്. പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ച് കൂടിക്കാഴ്ചയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിയമനം നടത്തിയിട്ടുള്ളത്. പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനമൊന്നും നടത്തിയിട്ടില്ലാത്തതാണ്. വകുപ്പിലെ ഓഫീസുകളിൽ താൽക്കാലിക ഡ്രൈവർ, താൽക്കാലിക അറ്റൻഡന്റ് തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തുന്നത്. വർഷം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി+ ചേർക്കുന്നു.

സംസ്ഥാന ജലഗതാഗത വകുപ്പിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കരാർ നിയമനങ്ങളോ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളോ നടത്തിയിട്ടില്ല. മേൽപ്പറഞ്ഞ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ആർ.ഡി.സി.എൽ.-ൽ ഹ്രസ്വകാലയളവിലേക്ക് പദ്ധതികളുടെ സ്വഭാവമനുസരിച്ച് പരിചയസമ്പന്നരായ സാങ്കേതിക വിദഗ്ദ്ധരെയാണ് കൂടുതലും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുന്നത്. റെയിൽവേ, മെട്രോ റെയിൽ തുടങ്ങിയ റെയിൽ അടിസ്ഥാനമായുള്ള സ്ഥാപനങ്ങളിൽനിന്നും പ്രവൃത്തിപരിചയം നേടിയവരുടെ സേവനം കരാർ വ്യവസ്ഥയിൽ ലഭ്യമാക്കിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നിയമനങ്ങൾ നടത്തിയിട്ടില്ല. നിലവിൽ ആകെ 26 പേരാണ് കരാർ വ്യവസ്ഥയിൽ തുടരുന്നത്. കരാർ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട തസ്തികകളുടെ വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെ.എം.ആർ.എൽ.-ൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ടി.ഡി.എഫ്.സി.-യിൽ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെയുള്ള നിയമനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് / പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുലഭിക്കുന്ന പട്ടികയിലെ ഉദ്യോഗാർഥികളെക്കൂടി ഉൾപ്പെടുത്തിയാണ് നിയമനപ്രക്രിയ നടത്തിവരുന്നത്.

മുൻ സർക്കാരിന്റെ കാലത്ത് കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിൽ 5 പേരെ കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. അതിൽ നിലവിൽ 2 പേർ സേവനമനുഷ്ഠിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 2018-ൽ ഒരു ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ പ്രിൻസിപ്പൽ തസ്തിക കരാർ നിയമനമാണ്.

(ബി) പ്രസ്തുത കാലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ നടത്തിയിട്ടുള്ള നിയമനങ്ങൾക്ക് അവലംബിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന വിശദാംശം ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയല്ലാതെ നടത്തിയ നിയമനങ്ങളിൽ റിസർവേഷൻ തത്ത്വങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(ബി&സി) കെ.എസ്.ആർ.ടി.സി.-യെക്കുറിച്ച് പഠനം നടത്തിയ IIM കൊൽക്കത്തയിലെ റിട്ട. പ്രൊഫസറായ ശ്രീ. സുശീൽ ഖന്ന സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായി കരാർ / താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ട്. പ്രസ്തുത തസ്തികകളെല്ലാംതന്നെ താൽക്കാലികാടിസ്ഥാനത്തിൽ സൃഷ്ടിക്കപ്പെടുകയും സ്പെഷ്യൽ റൂൾ നിലവിലില്ലാത്ത ടി തസ്തികകൾ പി.എസ്.സി. മുഖാന്തരം സ്ഥിരം നിയമനത്തിന് സാധിക്കാത്തിനാലും പ്രസ്തുത തസ്തികകൾ കെ.എസ്.ആർ.ടി.സി.-യിൽ അത്യന്താപേക്ഷിതമായതിനാലും യോഗ്യതകൾ നിശ്ചയിച്ച് കരാറടിസ്ഥാനത്തിൽ മാനേജർ/ഡെപ്യൂട്ടി മാനേജർ തസ്തികയിൽ ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി നിയമനം നടത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ കരാർ വ്യവസ്ഥയിൽ

നേരിട്ടും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നിയമനങ്ങൾ നടത്തുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിന്റെ ഭരണ സമിതി തീരുമാനപ്രകാരം ചുമതലപ്പെടുത്തി. അതിൻപ്രകാരം യോഗ്യത നിർണ്ണയിക്കുന്നതിനായി എഴുത്ത് പരീക്ഷ/അഭിമുഖം, ഡ്രൈവിംഗ് ടെസ്റ്റ് എന്നിവ നടത്തിയാണ് നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

03-12-2012-ലെ ജി.ഒ.(ആർ.ടി.)58/2012/ ട്രാൻസ് പ്രകാരം മോട്ടോർ വാഹന വകുപ്പിൽ സിസ്റ്റം സൂപ്പർവൈസർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് സർക്കാർ അനുവാദം നൽകിയിരുന്നു. 05-06-2020-ലെ ജി.ഒ.(ആർ.ടി.) 190/2020/ട്രാൻസ് ഉത്തരവ് പ്രകാരം പത്രപ്പരസ്യം മുഖേന ലഭിച്ച അപേക്ഷകളിൽനിന്നും യോഗ്യരായ ഉദ്യോഗാർഥികളെ കൂടിക്കാഴ്ച നടത്തി തയ്യാറാക്കിയ പട്ടികയിലെ ഒന്നാം റാങ്ക് ലഭിച്ച ഉദ്യോഗാർഥിയെ പ്രതിമാസം 20,000/- രൂപ കൺസോളിഡേറ്റഡ് പേ അടിസ്ഥാനത്തിൽ കരാർ വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിച്ചിരുന്നു.

സംസ്ഥാന ജലഗതാഗത വകുപ്പിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമല്ലാതെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

കെ.ആർ.ഡി.സി.എൽ.-ൽ പത്രങ്ങളിലും കമ്പനിയുടെ വെബ്സൈറ്റിലും വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് ഓപ്പൺ മാർക്കറ്റുവഴി ഉദ്യോഗാർത്ഥികളെ റിക്രൂട്ട് ചെയ്യുന്നു. കേന്ദ്ര സംസ്ഥാന വകുപ്പുകളിൽനിന്നും വിരമിച്ച വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള സാങ്കേതിക വിദഗ്ദ്ധരെ/ഉദ്യോഗസ്ഥരെ പുനഃനിയമനാടിസ്ഥാനത്തിൽ നിയമിക്കാറുള്ളതും വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ടാണ്.

കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിൽ KMRL ഡയറക്ടർ ബോർഡ് അംഗീകരിച്ച KMRL Recruitment Conditions of Service Rules പ്രകാരം പൊതുവെ പ്രോജക്ട് വിഭാഗത്തിലെ നിയമനങ്ങളെല്ലാം കരാറടിസ്ഥാനത്തിലും ഓപ്പറേഷൻസ് വിഭാഗത്തിലെ നിയമനങ്ങളെല്ലാം സ്ഥിരാടിസ്ഥാനത്തിലും കേന്ദ്ര റിസർവേഷൻ നിയമങ്ങൾ പാലിച്ചാണ് നടപ്പിലാക്കുന്നത്.

കെ.ടി.ഡി.എഫ്.സി.-യുടെ കരട് നിയമന ചട്ടങ്ങൾ നിലവിൽ പരിഗണനയിലായതിനാൽ കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾക്ക് പത്രപരസ്യം നൽകുകയും ഔദ്യോഗിക വെബ്സൈറ്റിൽ പരസ്യപ്പെടുത്തുകയും ചെയ്യുന്നതുകൂടാതെ എംപ്ലോയ്മെന്റ്/പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽനിന്ന് യോഗ്യരായ ഉദ്യോഗാർത്ഥികളുടെ പട്ടികകൂടി ലഭ്യമാക്കിക്കൊണ്ട് എഴുത്തു പരീക്ഷ/അഭിമുഖം എന്നിവ നടത്തിയാണ് നിയമന നടപടികൾ പൂർത്തീകരിച്ചിട്ടുള്ളത്.

അടിയന്തര സാഹചര്യത്തിൽ കാര്യാലയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായാണ് കെ.ആർ.എസ്.എ.-യിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്.

സെൽഫ് ഫിനാൻസിംഗ് എഞ്ചിനീയറിംഗ് കോളേജായ ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിൽ നിയമനങ്ങൾ PSC വഴിയല്ല നടത്തുന്നത്. ഭരണസമിതി തീരുമാനപ്രകാരവും കോളേജിന്റെ സർവ്വീസ് റൂൾസ് പ്രകാരവും അപേക്ഷ ക്ഷണിച്ച്, എഴുത്തു പരീക്ഷ, ഇന്റർവ്യൂ എന്നിവ നടത്തിയാണ് നിയമനങ്ങൾ നടത്തുന്നത്. സ്ഥിര നിയമനങ്ങൾ

റിസർവേഷൻ തത്വങ്ങൾ പാലിച്ചാണ് നടത്തുന്നത്. കരാർ നിയമനങ്ങളിൽ കോളേജിന്റെ ഭരണസമിതിയുടെ തീരുമാനപ്രകാരവും സർവീസ് റൂൾസ് പ്രകാരവും പത്രത്തിൽ പരസ്യം നൽകി ഭരണസമിതി രൂപീകരിച്ച ഇന്റർവ്യൂ ബോർഡ് ഇന്റർവ്യൂ നടത്തി മികവിന്റെ അടിസ്ഥനത്തിലാണ് നിയമനം നൽകുന്നത്. ശ്രീചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ് കോളേജിലെ പ്രിൻസിപ്പൽ തസ്തിക അടിയന്തര സാഹചര്യം കണക്കിലെടുത്ത് നടത്തിയ കരാർ നിയമനമാണ്. മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഈ സ്ഥാപനത്തിൽ നടന്ന അഡ്ഹോക് അധ്യാപകരുടെ ഉൾപ്പടെയുള്ള വിവരങ്ങൾ ഇനി പറയും പ്രകാരമാണ് - 2016 - 19, 2017- 29, 2018 - 35, 2019 - 22, 2020 - 18, 2021 - 14, 2022 - 38, 2023 -57.

**നാദാപുരം സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

**264 (1888)** ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടകര റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൻ കീഴിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്ന നാദാപുരം കേന്ദ്രീകരിച്ച് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

നാദാപുരം കേന്ദ്രമാക്കി പുതിയ സബ് ആർ.ടി. ഓഫീസ് അനുവദിക്കുന്നതിനായി ഗതാഗത കമ്മീഷണർ സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് സർക്കാർ ഈ വിഷയം പരിഗണിക്കുന്നതാണ്.

**വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക**

**265 (1889)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികൾ എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന മോട്ടോർ വാഹന വകുപ്പിന് ഇൻസ്പെക്ഷൻ & സർട്ടിഫിക്കേഷൻ സെന്റർ പദ്ധതിക്കായി 83,30,692/- രൂപ അനുവദിച്ചിരുന്നു.

സ്മാർട്ട് സിറ്റി തിരുവനന്തപുരം പദ്ധതിയിൽ ഉൾപ്പെടുത്തി KSRTC-SWIFT-ന് 103.74 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ആകെ 113 ബസ്സുകൾക്കായി അനുവദിച്ച തുകയിൽ നാളിതുവരെ 80 ബസ്സുകൾ ലഭ്യമായിട്ടുണ്ട്. ഇതിനായി ഇതുവരെ 37.33 കോടി രൂപ വാഹന നിർമ്മാതാക്കൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ബാക്കി ബസ്സുകൾ ലഭ്യമാക്കി തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

കൊച്ചി മെട്രോ റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഘട്ടം IA പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള പദ്ധതിക്കായി ഗ്രാന്റിനത്തിൽ കേന്ദ്ര സർക്കാർ 46.74 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഈ തുക മുഴുവനായും ചെലവഴിച്ചിട്ടുണ്ട്.

ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം 2 പദ്ധതിയുമായി ബന്ധപ്പെട്ട് 1957.05 കോടി രൂപയുടെ ഭരണാനുമതി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഹരിയിനത്തിൽ കേന്ദ്ര സർക്കാർ 100 കോടി രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. മേൽ പദ്ധതിക്കുവേണ്ടി 2023 ഡിസംബർ മാസം അവസാനംവരെ 13.16 കോടി രൂപ ചെലവഴിക്കുകയുണ്ടായി. ബാക്കിയുള്ള തുക ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ ടെൻഡറുകൾ അവാർഡ് ചെയ്തിരിക്കുകയാണ്.

**വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസുകളുടെ നഗരപ്രവേശനം**

**266 (1890)** <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽ നിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗരപ്രവേശനത്തിനായി 27-11-2023-ന് ഗതാഗത വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നഗരപ്രവേശനത്തിനായി

എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

27-11-2023-ലെ G.O.(P)No.27/2023/TRANS പ്രകാരം നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ച് അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് പെർമിറ്റ് അനുവദിക്കുന്നതാണ്.

(ബി) പ്രസ്തുത വിജ്ഞാപനപ്രകാരം നഗരപ്രവേശനത്തിന് പെർമിറ്റിനായി അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ?

പുതിയ പെർമിറ്റിനായി മൂന്ന് അപേക്ഷകളും പെർമിറ്റ് വ്യതിയാനത്തിനായി രണ്ട് അപേക്ഷകളും ലഭിച്ചിട്ടുണ്ട്.

(സി) വൈപ്പിനിൽനിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗരപ്രവേശനം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

അപേക്ഷ ലഭിക്കുന്നതനുസരിച്ച് 27-11-2023-ലെ G.O.(P) No.27/2023/TRANS പ്രകാരം നിശ്ചയിച്ചിട്ടുള്ള നടപടികൾ പൂർത്തിയാക്കി പെർമിറ്റ് അനുവദിക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ ബസുകൾ

**267 (1891)** <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ ഇലക്ട്രിക് ബസ്സുകൾ നഷ്ടത്തിലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നഷ്ടത്തിലാണെന്ന് പറയുന്നത് ഏതൊക്കെ രേഖകളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് സർവീസ് നടത്തുന്ന 110 ഇലക്ട്രിക് ബസ്സുകളിൽ 50 എണ്ണം കിഫ്ബി ഫണ്ടുവഴി കിട്ടിയതും 60 എണ്ണം സ്മാർട്ട് സിറ്റി ഫണ്ടുവഴി കിട്ടിയതുമാണ്. കിഫ്ബി ഫണ്ടിംഗ് തിരിച്ചടവ് രണ്ടുവർഷത്തിനുശേഷം മാത്രമേ ആരംഭിക്കുകയുള്ളൂ. ആയതിനാൽ ക്യാപ്പിറ്റൽ കോസ്റ്റ് കണക്കാക്കാതെ ഓഗസ്റ്റ് 22 മുതൽ ഡിസംബർ 23 വരെ പ്രവർത്തന ലാഭമായി 375 ലക്ഷം രൂപയുണ്ട്. എന്നാൽ ക്യാപിറ്റൽ കോസ്റ്റും ബാറ്ററി റീപ്ലേസ്മെന്റ് കോസ്റ്റും കണക്കാക്കിയാൽ നഷ്ടത്തിലാണ്.

(ബി) കെ.എസ്.ആർ.ടി.സി. സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് ആരംഭിച്ചതിനുശേഷം നാളിതുവരെ ഓരോ മാസവും ഈ ഇനത്തിൽ ആകെ ലഭിച്ച കളക്ഷനും സർവീസിനായി ആകെ ചെലവഴിച്ച തുകയും ഡീസൽ ബസ്സുകളും ഇലക്ട്രിക് ബസ്സുകളും ഇനം തിരിച്ച് വ്യക്തമാക്കുമോ?

സിറ്റി സർവീസുകൾക്കായി ഉപയോഗിക്കുന്ന കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഇലക്ട്രിക് ബസ്സുകളുടെ വരവിന്റെയും പ്രവർത്തന ചെലവുകളുടെയും താരതമ്യം ചെയ്ത അവലോകന റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യുടെ കഴിഞ്ഞ മൂന്നുവർഷത്തെ വാർഷിക റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കാലയളവിലെ വരവ് ചെലവ് കണക്കുകൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ 2015-16 സാമ്പത്തിക വർഷം വരെയുള്ള വാർഷിക കണക്കുകൾക്ക് മാത്രമേ C&AG ആഡിറ്റ് പൂർത്തീകരിച്ച് ഗവൺമെന്റ് അംഗീകാരം ലഭിച്ചിട്ടുള്ളൂ. 2016-17 മുതൽ 2021-22 സാമ്പത്തിക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം വരെയുള്ള കണക്കുകൾക്ക് ഭരണ സമിതി അംഗീകാരം ലഭിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം മുതലുള്ള കണക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. നടപ്പ് സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കാലയളവിലെ വരവ് ചെലവ് കണക്കുകൾ അനുബന്ധമായി+ ചേർക്കുന്നു.

**സിറ്റി സർക്കുലർ ബസ്സുകൾ**

**268 (1892)** <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ എത്ര സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് നടത്തുന്നുണ്ടെന്നും ഏതൊക്കെ റൂട്ടുകളിലാണ് സർവീസ് നടത്തുന്നതെന്നും ഓരോ ബസ്സിന്റെയും 2023 ഡിസംബർ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം എത്രയാണെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം നഗരപരിധിയിലെ 60 റൂട്ടുകളിലായി 122 ബസ്സുകൾ സിറ്റി സർക്കുലർ സർവീസിനായി ഉപയോഗിക്കുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം നഗരത്തിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ 110 ഇലക്ട്രിക് ബസ്സുകൾ സിറ്റി സർക്കുലർ, പോയിന്റ് ടു പോയിന്റ് ബസ്സുകൾ ആയി സർവീസ് നടത്തിവരുന്നു.

പ്രസ്തുത ഇലക്ട്രിക് ബസ്സുകൾ ഏതൊക്കെ റൂട്ടുകളിൽ സർവീസ് നടത്തുന്നുവെന്ന വിവരം അനുബന്ധമായി+ ചേർക്കുന്നു.

ഇങ്ങനെ സർവീസ് നടത്തുന്ന ഓരോ ഇലക്ട്രിക് ബസ്സിന്റെയും 2023 ഡിസംബർ മാസത്തിലെ ശരാശരി പ്രതിദിന വരുമാനം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി എത്ര തുക ചെലവ് വരുന്നുണ്ടെന്നും ശരാശരി എത്ര തുക ഓരോ കിലോമീറ്ററിലും വരുമാനമായി ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഇലക്ട്രിക് ബസ്സുകൾക്ക് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് പ്രവർത്തന ചെലവ് ഇനത്തിൽ 26.83 രൂപയും non operating cost, depreciation, ചർജ്ജിംഗ് സ്റ്റേഷൻ നിർമ്മാണം എന്നിവയും moratorium കാലാവധിക്കുശേഷമുള്ള വായ്പാ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ചടവുംകൂടി കണക്കാക്കിയാൽ പ്രതികിലോമീറ്റർ ചെലവ് 47.27 രൂപയുമാണ്.

രണ്ടു വർഷത്തെ വാറന്റി കാലാവധിക്കുശേഷം ഓരോ കിലോമീറ്ററിനും നൽകേണ്ട AMC ചാർജ് മേല്പറഞ്ഞ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ടി സർവീസുകൾക്ക് ശരാശരി ഓരോ കിലോമീറ്ററിലും 36.77 രൂപ വരുമാനമായി ലഭിക്കുന്നുണ്ട്.

(സി) 2023 ഡിസംബർ മാസത്തിൽ സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് നടത്തുന്നതിനായി ആകെ ചെലവായ തുക എത്രയാണെന്നും വരുമാനമായി ആകെ ലഭിച്ച തുക എത്രയാണെന്നും വ്യക്തമാക്കുമോ?

2023 ഡിസംബർ മാസത്തിൽ KSRTC-SWIFT-ന്റെ ഇലക്ട്രിക് സിറ്റി സർക്കുലർ ബസ്സുകൾ സർവീസ് നടത്തുന്നതിനായി പ്രവർത്തന ചെലവ് നോൺ ഓപ്പറേറ്റിംഗ് കോസ്റ്റ്, ഡിപ്രീസിയേഷൻ, ചാർജ്ജിംഗ് സ്റ്റേഷൻ നിർമ്മാണം എന്നിവകൂടി കണക്കാക്കിയുള്ള ചെലവ് 238.92 ലക്ഷം രൂപയാണ്. തൻ മാസത്തിൽ വരുമാനമായി ലഭിച്ചത് 150.23 ലക്ഷം രൂപയാണ്.

(ഡി) സിറ്റി സർക്കുലർ സർവീസുകൾ നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ എന്ത് ബദൽ ക്രമീകരണമാണ് ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ?

നിർത്തലാക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

**അമിത വേഗം കണ്ടെത്താനുള്ള ക്യാമറകൾ**

**269 (1893)** **ശ്രീ. എ. പി. അനിൽ കുമാർ:**
**ശ്രീ. ടി. സിദ്ദിഖ്:**
**ശ്രീ. സജീവ് ജോസഫ്:**
**ശ്രീ. ചാണ്ടി ഉമ്മൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കുന്ന എ.ഐ. ക്യാമറകളിൽ അമിത വേഗം കണ്ടെത്താനുള്ള ക്യാമറകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) എ.ഐ. ക്യാമറകൾ സ്ഥാപിക്കുന്ന പദ്ധതിയുടെ കരാറിൽ അമിതവേഗം കണ്ടെത്താനുള്ള ക്യാമറകൾ ഉൾപ്പെട്ടിട്ടും അവ സ്ഥാപിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ&ബി) സേഫ് കേരള പദ്ധതിയുടെ ഭാഗമായി അമിതവേഗം കണ്ടെത്താനുള്ള 4 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ പദ്ധതിയുടെ ഭാഗമായി 4 മൊബൈൽ സ്പീഡ് ഡിറ്റക്ഷൻ സംവിധാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

(സി) അമിത വേഗം കണ്ടെത്താനുള്ള ക്യാമറകൾ എസ്.ആർ.ഐ.ടി. എന്ന സ്ഥാപനം നൽകിയിട്ടുണ്ടോയെന്ന് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സേഫ് കേരള പ്രോജക്ടിന്റെ ഭാഗമായി അമിതവേഗം കണ്ടെത്താനുള്ള ക്യാമറകൾ സ്ഥാപിച്ചത് കെൽട്രോൺ നേരിട്ടാണ്.

**റോഡപകടങ്ങളുടെ കണക്കും സേഫ് കേരള പദ്ധതിയുടെ പ്രവർത്തനവും**

**270 (1894)** ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ കേരളത്തിൽ എത്ര റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്; പ്രസ്തുത അപകടങ്ങളിൽ എത്ര

മരണങ്ങൾ; എത്രപേർക്ക് പരിക്കേറ്റിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021 ജൂൺ മുതൽ 2023 ഡിസംബർ മാസം വരെയുള്ള കാലയളവിൽ 110714 റോഡപകടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത അപകടങ്ങളിൽ 9898 മരണങ്ങൾ ഉണ്ടായിട്ടുണ്ട്. 111881 പേർക്ക് പരിക്കേറ്റിട്ടുണ്ട്. ഈ വിവരങ്ങൾ സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽനിന്നും ലഭ്യമായതാണ്. ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ കുറവ് സേഫ് കേരള പദ്ധതിയുടെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ 70 ഒഴിവുകൾ നിലവിലുള്ളതും ആയത് നികത്തുന്നതിലേയ്ക്കായി പി.എസ്.സി.-യിലേക്ക് 41 ഒഴിവുകൾ റിപ്പോർട്ട്

ചെയ്തിട്ടുള്ളതും ശേഷിക്കുന്ന ഒഴിവുകൾ ബൈ ട്രാൻസ്ഫർ നിയമനം മുഖേന നികത്തുന്നതിനായി നടപടി സ്വീകരിച്ചുവരികയുമാണ്.

സേഫ് കേരള എൻഫോഴ്സ്മെന്റ് സ്ക്വാഡിൽ പുതുതായി 14 ജോയിന്റ് ആർ.ടി.ഒ.-യുടെയും 198 എം.വി.ഐ.-മാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള ശിപാർശയും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ ഒരു അധിക തസ്തിക സൃഷ്ടിച്ച് സേഫ് കേരള പദ്ധതിയുടെ നോഡൽ ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള ശിപാർശയും സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കേരളത്തിൽ മോട്ടോർ വാഹന വകുപ്പിനുകീഴിൽ എത്ര ചെക്ക് പോസ്റ്റുകളുണ്ട്; ഇവിടുത്തെ ജീവനക്കാരുടെ എണ്ണം ഓഫീസ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

19 ചെക്ക് പോസ്റ്റുകൾ. ജീവനക്കാരുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കേരള മോട്ടോർ വാഹന വകുപ്പിൽ ആകെ എത്ര ജി.പി.എസ്. കൺട്രോൾ റൂമുകളുണ്ട്; അതിൽ ആകെ എത്ര ഉദ്യോഗസ്ഥർ നിലവിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

കേരള മോട്ടോർ വാഹന വകുപ്പിനുകീഴിൽ ജി.പി.എസ്. അഥവാ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് സംവിധാനം നിരീക്ഷിക്കുന്നതിനായി ഗതാഗത കമ്മീഷണറുടെ ഓഫീസ്, തിരുവനന്തപുരം ആസ്ഥാനത്ത് ഒരു കേന്ദ്രീകൃത നിരീക്ഷണ ഓഫീസും കൂടാതെ 17 മിനി നിരീക്ഷണ കേന്ദ്രങ്ങൾ വിവിധ ജില്ലാ ഓഫീസുകൾ കേന്ദ്രീകരിച്ചും ക്രമീകരിച്ചിട്ടുണ്ട്. ഈ സംവിധാനത്തിന്റെ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ഒരു നോഡൽ ഓഫീസറെയും നിരീക്ഷണ സംവിധാനം ക്രമപ്പെടുത്തുന്നതിനായി ഓരോ ജില്ലകളിലും ഓഫീസുകൾ കേന്ദ്രീകരിച്ച് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ റാങ്കിൽ കുറയാതെയുള്ള ഉദ്യോഗസ്ഥനെയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഇ) മോട്ടോർ വാഹന വകുപ്പിന്റെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**എ.ഐ. ക്യാമറ**

**271 (1895)** <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം വാഹന അപകടങ്ങൾ എത്രകണ്ട് കുറഞ്ഞിട്ടുണ്ടെന്ന് വിശദമാക്കാമോ?

വിശദമായി പരിശോധിച്ചുവരുന്നു.

(ബി) എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം മോട്ടോർ വാഹന വകുപ്പിന് പിഴയിനത്തിൽ എത്ര കോടി രൂപ നാളിതുവരെ വരുമാനമായി ലഭിച്ചിട്ടുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വിശദമാക്കാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം മോട്ടോർ വാഹന വകുപ്പിന് പിഴ ഇനത്തിൽ 42,79,66,000/- രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി+ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എ. ഐ. ക്യാമറകൾ

**272 (1896)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ സ്ഥാപിച്ചശേഷം റോഡപകടങ്ങളിൽ കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ റോഡുകളിൽ അനുവദിച്ചിരിക്കുന്ന വേഗപരിധി പുനർനിർണ്ണയിച്ചുകൊണ്ട് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി 23-06-2023-ലെ G.O. (P)No.15/2023/Tran (SRO No.707/2023) നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(സി) ഓരോ റോഡിലും അനുവദനീയമായ വേഗപരിധി വ്യക്തമാക്കിക്കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

വേഗപരിധി വ്യക്തമാക്കിക്കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിന് 1988-ലെ മോട്ടോർ വാഹന നിയമം സെക്ഷൻ 116 പ്രകാരം വ്യവസ്ഥയുണ്ട്. പി.ഡബ്ല്യു.ഡി.-യുമായി ചർച്ച ചെയ്ത് മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സേഫ് കേരള പദ്ധതി**

**273 (1897)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>:

<u>ശ്രീ. എം. വിൻസെന്റ്</u>:

<u>ശ്രീമതി ഉമ തോമസ്</u>:

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരത്തുകളിൽ ക്യാമറകൾ സ്ഥാപിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിനായി മോട്ടോർ വാഹന നിയമ ലംഘനങ്ങൾ കൂടുതലായി കണ്ടെത്തി നടപടികൾ സ്വീകരിക്കാനും അതുവഴി

റോഡപകടങ്ങളും മരണനിരക്കും പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടാണ് നിരത്തുകളിൽ എ.ഐ. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത ക്യാമറകൾ സ്ഥാപിച്ചതിനുശേഷവും മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ വർഷം അപകടങ്ങൾ കൂടിവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ?

നിയമ ലംഘനങ്ങൾ ഗൗരവമായിക്കണ്ട് കൂടുതൽ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരത്തുകളിൽ ക്യാമറകൾ സ്ഥാപിച്ചതിനുശേഷവും അപകടങ്ങളിൽ കുറവ് സംഭവിക്കാത്തതിന്റെ കാരണം പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

പഠനവിധേയമാക്കിയിട്ടില്ല.

**റോഡ് സേഫ്റ്റി ഫണ്ട്**

**274 (1898)** <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചുവെന്നും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**എ.ഐ. ക്യാമറ പരിപാലനം**

**275 (1899)** <u>**ശ്രീ. ഷാഫി പറമ്പിൽ**</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറ പരിപാലനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറ പരിപാലനത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി കെൽട്രോൺ 131 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സേഫ് കേരള പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് ശമ്പള ഇനത്തിൽ എത്ര രൂപ നൽകുന്നുവെന്ന വിവരം ലഭ്യമാക്കാമോ?

ശമ്പളം നൽകുന്നത് കെൽട്രോൺ ആണ്.

**ഗതാഗത നിയമങ്ങൾ കർശനമാക്കുന്നതിന്റെ ഭാഗമായി സ്ഥാപിച്ച എ.ഐ. ക്യാമറകൾ**

**276 (1900)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത നിയമങ്ങൾ കർശനമാക്കുന്നതിന്റെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷം നിയമലംഘനങ്ങൾ കുറഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത നിയമം കർശനമാക്കിയതിനുശേഷം സംസ്ഥാനത്ത് അപകട മരണങ്ങൾ കുറഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ?

കുറഞ്ഞിട്ടുണ്ട്. എ.ഐ. ക്യാമറകൾ സ്ഥാപിച്ചതിനുശേഷമുള്ള കാലയളവായ ജൂൺ 2023 മുതൽ ഡിസംബർ 2023 വരെ നടന്ന അപകടമരണങ്ങളുടെ എണ്ണം ജൂൺ 2022 മുതൽ ഡിസംബർ 2022 വരെയുള്ള കാലയളവിലെ എണ്ണത്തേക്കാൾ കുറവാണ്.

**എ.ഐ. ക്യാമറ**

**277 (1901)** <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>:

<u>ശ്രീ. അൻവർ സാദത്ത്</u>:

<u>ശ്രീ. സി. ആർ. മഹേഷ്</u>:

<u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിരത്തുകളിൽ സ്ഥാപിച്ച ക്യാമറകളിൽ എ.ഐ. സാങ്കേതികവിദ്യ ഉപയോഗിക്കുന്നില്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സേഫ് കേരള പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ക്യാമറകളിൽ എ.ഐ. സാങ്കേതികവിദ്യ ഉപയോഗിക്കുന്നുവെന്ന് ഈ പദ്ധതിയിൽ ക്യാമറകൾ സ്ഥാപിച്ച കെൽട്രോൺ വ്യക്തമാക്കിയിട്ടുള്ളതാണ്.

(ബി) എ.ഐ. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്ന ക്യാമറകൾ സ്ഥാപിച്ചതിനുശേഷവും ധാരാളം ജീവനക്കാർ ഇതുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നതിന്റെ കാരണം വിശദമാക്കുമോ?

ക്യാമറ കണ്ടെത്തിയ വാഹനത്തിന്റെ നമ്പർ കൃത്യമാണെന്ന് ഉറപ്പുവരുത്തുക, നോട്ടീസുകൾ പ്രിന്റ് എടുക്കുക, മേൽവിലാസക്കാരന് ചെലാൻ നോട്ടീസ് അയച്ചുനൽകുക എന്നീ ജോലികൾക്കുവേണ്ടിയാണ് കൺട്രോൾ റൂമിൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഇതുകൂടാതെ പദ്ധതിയുടെ ഭാഗമായ ഡാറ്റ സെന്റർ, സെർവറുകൾ, ഫയർവാൾ, കമ്പ്യൂട്ടറുകൾ, പ്രിന്റർ, നെറ്റ്‌വർക്ക്, മറ്റ് സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനത്തിനും പരിപാലനത്തിനും ആവശ്യമായ ടെക്നിക്കൽ ഉദ്യോഗസ്ഥരും പദ്ധതിയുടെ ഭാഗമായുണ്ട്.

(സി) സേഫ് കേരള പദ്ധതിയുടെ ഭാഗമായി ബാക്ക് എൻഡിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയറിൽ മാത്രമാണ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം

ജീവനക്കാരുടെ ഇടപെടൽ കൂടുതലായി ആവശ്യമാകുന്നുണ്ടോ; വിശദമാക്കാമോ?

എ.ഐ. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയാണ് ക്യാമറകൾ പ്രവർത്തിക്കുന്നതെന്ന് കെൽട്രോൺ വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതുമൂലം ജീവനക്കാരുടെ ഇടപെടൽ കൂടുതലായി ആവശ്യമാകുന്നില്ലെന്നും കെൽട്രോൺ വ്യക്തമാക്കിയിട്ടുണ്ട്.

**വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി**

**278 (1902)** <u>**ശ്രീ. അനൂപ് ജേക്കബ്:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡപകടങ്ങൾ വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സേഫ് കേരള പദ്ധതിപ്രകാരം 2018 വർഷത്തിൽ 51 പുതിയ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുണ്ടായിരുന്ന 34 സ്ക്വാഡുകൾ ചേർത്ത് ആകെ 85 സ്ക്വാഡുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തിവരുന്നു. പ്രസ്തുത സ്ക്വാഡുകൾ വാഹനപരിശോധനയ്ക്ക് പുറമേ റോഡുസുരക്ഷാ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, റോഡ് അപകടങ്ങൾക്ക് കാരണമാകുന്ന വിഷയങ്ങൾ കണ്ടെത്തി ബന്ധപ്പെട്ട ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖേന പരിഹാരം കാണൽ എന്നീ ചുമതലകൾകൂടി നിറവേറ്റുന്നു. പ്രസ്തുത വാഹന പരിശോധനകൾക്ക് പുറമെ, 2020 വർഷത്തിൽ 726 എ.ഐ. ക്യാമറ സംവിധാനങ്ങൾ സ്ഥാപിക്കുകയും ആയത് 2023 ജൂൺ മാസം മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പ്രസ്തുത ക്യാമറകൾ മുഖേന കൂടുതലായി നിയമലംഘനങ്ങൾ കണ്ടെത്താനും നടപടികൾ സ്വീകരിക്കാനും സാധിക്കുന്നുണ്ട്.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി വേണ്ടത്ര ജീവനക്കാർ ഇല്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ മോട്ടോർ വാഹന വകുപ്പിൽ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

മോട്ടോർ വാഹനവകുപ്പിൽ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ**

**279 (1903)** <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.എഫ്.സി. (കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ)-യുടെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി., കെ.ടി.ഡി.എഫ്.സി.-യിൽനിന്നും എടുത്തിട്ടുള്ള 453 കോടി രൂപയുടെ ഹ്രസ്വകാല, ദീർഘകാല വായ്പകളുടെ തിരിച്ചടവ് മുടങ്ങിയതിനാൽ 2018-19 ധനകാര്യ വർഷം മുതൽ കെ.ടി.ഡി.എഫ്.സി. നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ആയതിനെത്തുടർന്ന് കെ.ടി.ഡി.എഫ്.സി.-യുടെ അറ്റ ആസ്തി (Net Owned Fund) നെഗറ്റീവ്

ആകുകയും റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നിക്ഷേപ സമാഹരണം ഉൾപ്പെടെയുള്ള കെ.ടി.ഡി.എഫ്.സി.-യുടെ NBFC പ്രവർത്തികൾക്ക് 03-08-2022-ൽ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തു. തുടർന്ന് cash in flow കുറയുകയും നിക്ഷേപകർക്ക് നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്ത അവസ്ഥ സംജാതമാകുകയും ചെയ്തു. 2022-23 സാമ്പത്തിക വർഷത്തിൽ കെ.ടി.ഡി.എഫ്.സി.-ക്ക് 59.13 കോടി രൂപയുടെ നഷ്ടമുണ്ട് (Unaudited). Maturity Profile പ്രകാരം 01-05-2023 മുതൽ 31-12-2023 വരെ ഏകദേശം 305 കോടി രൂപയുടെ നിക്ഷേപം ഫണ്ട് ഇല്ലാത്തതിനാൽ തിരികെ നൽകാൻ സാധിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി DCB Palakkad, Ernakulam (ഇപ്പോഴത്തെ കേരള ബാങ്ക്) എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ള 350 കോടി രൂപയുടെ വായ്പയും തിരിച്ചടയ്ക്കാനുണ്ട്.

(ബി) കെ.ടി.ഡി.എഫ്.സി. ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങാൻ ഇടയായ സാഹചര്യമെന്താണെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-ക്ക് ഹ്രസ്വകാല, ദീർഘകാല വായ്പ ഇനത്തിൽ കെ.ടി.ഡി.എഫ്.സി. നൽകിയിരുന്ന 452.90 കോടി രൂപയുടെ വായ്പയുടെ

തിരിച്ചടവ് 2018-19 സാമ്പത്തിക വർഷം മുതൽ മുടങ്ങിയതിനാലും ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുള്ള 4 ബസ് ടെർമിനൽ കോംപ്ലക്സുകളിൽനിന്നും പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതിനാലുമാണ് കെ.ടി.ഡി.എഫ്.സി. ഗുരുതര സാമ്പത്തിക പ്രതിസന്ധിയിലായിട്ടുള്ളത്. അറ്റ ആസ്തി നെഗറ്റീവ് ആയതിനാൽ ആർ.ബി.ഐ., കെ.ടി.ഡി.എഫ്.സി.-യുടെ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ നിക്ഷേപം സ്വീകരിക്കാനും നിലവിൽ സാധിക്കുന്നില്ല. ഇത് പ്രതിസന്ധി രൂക്ഷമാക്കി.

(സി) കെ.ടി.ഡി.എഫ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പുതിയ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കെ.ടി.ഡി.എഫ്.സി. Revival Package (with Short Term, Medium Term & Long Term measures) തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## ഡിജിറ്റൽ പേയ്മെന്റ് സാധിക്കുന്ന തരത്തിൽ ടിക്കറ്റിംഗ് സംവിധാനം

**280 (1904)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>:
<u>ഡോ. എൻ. ജയരാജ്</u>:
<u>ശ്രീ. പ്രമോദ് നാരായൺ</u>:
<u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിവു യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ട്രാവൽ കാർഡുകൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ബി) ആയതിലേക്ക് എന്തെങ്കിലും പഠനം നടത്തുകയോ ധാരണാപത്രം ഒപ്പിടുകയോ ചെയ്തിട്ടുണ്ടോ; ട്രാവൽ കാർഡുകൾ എത്ര രൂപയ്ക്കാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്നും എത്ര കാർഡുകൾ ആദ്യഘട്ടത്തിൽ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ?

ട്രാവൽ കാർഡുകൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ യാതൊരു ധാരണാപത്രവും ഒപ്പുവച്ചിട്ടില്ല. നിലവിൽ പ്രസ്തുത കാർഡിന് സ്റ്റേഷനറി ചാർജ്ജുകൾ ഒന്നുംതന്നെയില്ല. 100/- രൂപയുടെ കാർഡാണ് തുടക്കത്തിൽ ഒരു യാത്രക്കാരന് ഇഷ്യൂ ചെയ്യുന്നത്. ടിയാന് ടി തുകയ്ക്ക്

മുഴുവനായും യാത്ര ചെയ്യാവുന്നതാണ്. കൂടാതെ ടി തുക തീരുന്ന പക്ഷം റീ ചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 130010 കാർഡുകൾ സ്പോൺസർഷിപ്പ് മുഖാന്തരം ലഭിച്ചിരുന്നു. നിലവിൽ പ്രസ്തുത കാർഡിന് യാത്രക്കാരിൽനിന്നും സ്റ്റേഷനറി ചാർജ്ജുകൾ ഒന്നുംതന്നെ ഈടാക്കുന്നില്ല.

(സി) ട്രാവൽ കാർഡുകൾ, എ.ടി.എം. കാർഡുകൾ എന്നിവകൂടി ഉപയോഗിക്കുന്ന തരത്തിൽ വൈഫൈ സൗകര്യമുള്ള ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങുന്നതിന് കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിനാവശ്യമായ ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) ട്രാവൽ കാർഡുകൾ ഉൾപ്പെടെ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം സാധിക്കുന്ന തരത്തിൽ ടിക്കറ്റിംഗ് സംവിധാനം രൂപപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ?

(സി&ഡി) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് വിശദമായി പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാന വ്യാപകമായി ഡിജിറ്റൽ പേയ്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിനും പരമാവധി പ്രചരിപ്പിക്കുന്നതിനും ആകർഷണീയമായ പാക്കേജുകൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വിശദമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**ഇലക്ട്രിക് ബസ്സുകൾ**

**281 (1905)** ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനായി പി.എം.ഐ. കമ്പനിയും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റുമായുമുള്ള കരാറിന്റെ പകർപ്പ് നൽകാമോ?

കരാറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ വാങ്ങിയ പി.എം.ഐ. ഇലക്ട്രിക് ബസ്സുകൾക്ക് ഏത് വർഷം മുതലാണ് കിഫ്ബിക്ക് വായ്പാ തിരിച്ചടവ് വരുന്നത്; പ്രതിമാസം എത്ര രൂപയാണ് വായ്പാ തിരിച്ചടവ്?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റിൽ വാങ്ങിയ 50 പി.എം.ഐ. ഇലക്ട്രിക് ബസ്സുകൾക്ക് 2024 ഒക്ടോബർ മുതലാണ് കിഫ്ബിക്ക് വായ്പാ തിരിച്ചടവ് ആരംഭിക്കുന്നത്. പ്രതിമാസം ശരാശരി 38.05 ലക്ഷം രൂപയാണ് വായ്പാ തിരിച്ചടവ് കണക്കാക്കിയിട്ടുള്ളത്.

**കെ.എസ്.ആർ.ടി.സി.-യുടെ അന്തർജില്ല - അന്തർസംസ്ഥാന സർവീസുകൾ**

**282 (1906)** ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അന്തർജില്ല, ദീർഘദൂര റൂട്ടുകളിൽ നിലവിൽ സ്വകാര്യ ബസ്സുകൾ ഓടുന്നതിനുള്ള വിലക്ക് പിൻവലിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. എസ്.ആർ.ഒ. നം.537/2023 ആയി വിജ്ഞാപനം ചെയ്ത 03-05-2023-ലെ ജി.ഒ. (പി)നം.13/2023/Trans പ്രകാരം സംസ്ഥാനത്തെ 31 റൂട്ടുകൾ ദേശസാൽക്കരിക്കുകയും പ്രൈവറ്റ് ബസ്സുകളുടെ പെർമിറ്റുകൾ 140 കിലോമീറ്ററായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം സർവീസുകൾ ഓർഡിനറിയായി മാത്രമേ സർവീസ് നടത്താൻ

പാടുള്ളൂവെന്നും പ്രസ്തുത വിജ്ഞാപനത്തിലെ ക്ലോസ്-4 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ദീർഘദൂര റൂട്ടുകളിൽ കൂടുതൽ കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദീകരിക്കാമോ?

ദീർഘദൂര അന്തർസംസ്ഥാന റൂട്ടുകളിൽ നെറ്റ് കോസ്റ്റ് കോൺട്രാക്ടിന്റെ (എൻ.സി.സി.) അടിസ്ഥാനത്തിൽ ബസ്സുകൾ കരാർ വ്യവസ്ഥയിൽ വാടകയ്ക്കെടുത്ത് സർവീസ് നടത്തുന്നതിനായി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദീർഘദൂര അന്തർജില്ല-അന്തർസംസ്ഥാന യാത്രകൾക്കായി കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് മുഖേന 8 സ്ലീപ്പർ, 20 എ.സി. സീറ്റർ, 88 നോൺ എ.സി. സൂപ്പർ ഡീലക്സ്, 151 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നുണ്ട്. കൂടാതെ, ദീർഘദൂര അന്തർസംസ്ഥാന റൂട്ടുകളിൽ വീക്ക് എൻഡ്, ഉത്സവകാല പ്രത്യേക സർവീസുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. പുതിയതായി അന്തർസംസ്ഥാന സർവീസുകൾ ആരംഭിക്കുന്നതിന് ഏതൊക്കെ സംസ്ഥാനങ്ങളുമായാണ് കരാർ ഒപ്പിട്ടിരിക്കുന്നത്; ഏതൊക്കെ സ്ഥലങ്ങളിലേയ്ക്കാണ് പ്രസ്തുത സർവീസുകൾ ആരംഭിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കർണ്ണാടകവുമായി 2016-ലും തമിഴ്നാട്ടുമായി 2019-ലുമാണ് അന്തർസംസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. എന്നാൽ 2019-ൽ തമിഴ്നാട് സർക്കാരുമായി രൂപീകരിച്ചിട്ടുള്ള അന്തർസംസ്ഥാന കരാർ പ്രകാരം ലഭ്യമായിട്ടുള്ള സർവീസുകളിൽ ബസ്സുകളുടെ അഭാവത്താൽ സർവീസ് ആരംഭിച്ചിട്ടില്ലാത്ത റൂട്ടുകളിൽ സർവീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

എറണാകുളം–കോയമ്പത്തൂർ (വാളയാർ വഴി) – 2

ഗുരുവായൂർ-കോയമ്പത്തൂർ (ഗോവിന്ദാപുരം, പൊള്ളാച്ചി വഴി) – 2

ഗുരുവായൂർ-കോയമ്പത്തൂർ (വാളയാർ വഴി) – 2

ഇരിങ്ങാലക്കട–കോയമ്പത്തൂർ (വാളയാർ വഴി) – 1

കൊടുങ്ങല്ലൂർ–കോയമ്പത്തൂർ (വാളയാർ വഴി) – 1

മണ്ണാർക്കാട്–കോയമ്പത്തൂർ (ആനക്കട്ടി വഴി) – 1

പാല–കോയമ്പത്തൂർ (വാളയാർ വഴി) – 1

നോർത്ത് പറവൂർ–കോയമ്പത്തൂർ (വാളയാർ വഴി) – 2

തൃശ്ശൂർ–കോയമ്പത്തൂർ (ഗോവിന്ദാപുരം, പൊള്ളാച്ചി വഴി) – 2

എറണാകുളം-കമ്പം (കമ്പംമേട്ട് വഴി) – 6

കോട്ടയം-കമ്പം (കുമിളി വഴി) – 6

എറണാകുളം-തേനി (ബോഡിമെട്ട് വഴി) – 2

എറണാകുളം–ഉദുമൽപേട്ട് (മൂന്നാർ വഴി) – 1

കോട്ടയം–തെങ്കാശി (ചെങ്കോട്ട വഴി) – 2

തൃശ്ശൂർ-പൊള്ളാച്ചി (ഗോവിന്ദാപുരം വഴി) – 3

തൃശ്ശൂർ-സുൽത്താൻബത്തേരി (ദേവാല, താളൂർ വഴി) – 1

പത്തനംതിട്ട-തെങ്കാശി (പുനലൂർ വഴി) – 2

കൊടുങ്ങല്ലൂർ-പൊള്ളാച്ചി (ഗോവിന്ദാപുരം വഴി) – 1

കൊടുങ്ങല്ലൂർ-കോയമ്പത്തൂർ (ഗോവിന്ദാപുരം വഴി) – 1

കായംകുളം-തെങ്കാശി (പുനലൂർ വഴി) – 1

തൃശ്ശൂർ-കോയമ്പത്തൂർ (വാളയാർ വഴി) – 4

കൂടാതെ, 2016-ൽ കർണ്ണാടക സംസ്ഥാനവുമായി രൂപീകരിച്ചിട്ടുള്ള കരാറിൽ ഇനിയും ആരംഭിച്ചിട്ടില്ലാത്ത 10 ഓർഡിനറി സർവീസുകൾ

കാസർഗോഡ്–തലപ്പാടി-തൊക്കോട്ട് റൂട്ടിൽ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

(ഡി) കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്നും കരകയറ്റാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്ന കെ.എസ്.ആർ.ടി.സി.-യിൽ പ്രവർത്തനച്ചെലവ് കുറയ്ക്കുന്നതിനും നഷ്ടം നികത്തുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

നിശ്ചിത വരുമാനമെങ്കിലും ലഭിക്കാത്ത സർവീസുകൾ യാത്രക്കാർക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിലും കോർപ്പറേഷന് ഗുണകരമാകുന്ന രീതിയിലും പുനഃക്രമീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ ഉൾപ്രദേശങ്ങളിലേക്ക് പോയശേഷം യാത്രക്കാരില്ലാതെ തിരിച്ച് ഡിപ്പോയിലേക്ക് വരുന്ന സർവീസുകളെ സ്റ്റേ സർവീസുകളാക്കി പുനഃക്രമീകരിക്കുന്നതിനും ഇത്തരത്തിൽ രാവിലെയും രാത്രിയിലുമുള്ള നഷ്ടട്രിപ്പുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ദീർഘദൂര സർവ്വീസുകളുടെ അവസാന പാദത്തിൽനിന്നും യാത്രക്കാർ തീരെ കുറവുള്ള പ്രദേശങ്ങളിലേക്ക് നീട്ടിയിരുന്ന ട്രിപ്പുകൾ കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമായ രീതിയിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത രീതിയിലും പുനഃക്രമീകരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഡീസൽ, സ്പെയർപാർട്സ്, മറ്റ് ചെലവുകൾ എന്നിവയിൽ കുറവ് വരുത്തുന്നതിന് കഴിയുന്നതാണ്.

1. കൊറിയർ സംവിധാനം

സംസ്ഥാനത്തിനകത്ത് ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് 16 മണിക്കൂർകൊണ്ട് സാധനങ്ങൾ എത്തിക്കാൻ സാധിക്കുന്ന രീതിയിൽ കെ.എസ്.ആർ.ടി.സി.-യിൽ കൊറിയർ സംവിധാനം ആരംഭിച്ചിട്ടുണ്ട്. 15-06-2023 മുതൽ ആരംഭിച്ച സംവിധാനം നിലവിൽ 47 യൂണിറ്റുകളിൽ സജ്ജമാണ്.

2. സ്മാർട്ട് ട്രാവൽ കാർഡ്

ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുന്നതിനും യാത്രക്കാർക്ക് സുഗമമായി ടിക്കറ്റ് ലഭിക്കുന്നതിനുമായി നടപ്പാക്കുന്ന സ്മാർട്ട് ട്രാവൽ കാർഡ്

പദ്ധതിയാണിത്. ആർ.എഫ്.ഐ.ഡി. സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സുരക്ഷാ സംവിധാനങ്ങളോടുകൂടിയ ട്രാവൽ കാർഡാണ് ലഭ്യമാക്കുന്നത്. ഇതിലൂടെ മുൻകൂറായി പണം റീ ചാർജ്ജ് ചെയ്ത് യാത്ര ചെയ്യാനും യാത്രക്കാർക്ക് ചില്ലറയില്ലാതെയുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കാനും സാധിക്കും. 05-09-2022-ൽ പുറത്തിറക്കിയ സ്മാർട്ട് ട്രാവൽ കാർഡിൽ പണം ചാർജ്ജ് ചെയ്യുന്നതിന് ആനുപാതികമായ ഓഫറുകളും ലഭ്യമാണ്.

തിരുവനന്തപുരം ജില്ലയിൽ മാത്രം സർവ്വീസ് നടത്തുന്ന എല്ലാ ഓർഡിനറി സർവ്വീസുകളിലും, ഫാസ്റ്റ് പാസഞ്ചർ സർവീസുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അടുത്ത ഘട്ടമെന്ന നിലയിൽ മറ്റ് സർവീസുകളിലും പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

3. സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം

സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ കൂടുതൽ കാര്യക്ഷമതയും ഉത്തരവാദിതത്വവും സുതാര്യതയും കൈവരിക്കാൻ കോർപ്പറേഷന് സാധിക്കും. കൂടാതെ,

സൂപ്പർവൈസറി ഓഫീസർമാരുടെ ശരിയായ നിരീക്ഷണ സംവിധാനം വിവിധ തലങ്ങളിൽ നടപ്പിലാക്കാനും കഴിയും.

4. <u>ഇ-ഓഫീസ്</u>

സുഗമവും വേഗതയേറിയതും സുതാര്യവും കൃത്യവുമായ ജോലിയുടെ ഒഴുക്ക് ഉറപ്പാക്കുന്നതിന് ചീഫ് ഓഫീസിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ പുരോഗമിക്കുകയാണ്.

5. <u>ഫ്ലീറ്റ്, ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം</u>

ബസ് അറ്റകുറ്റപ്പണിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ട്രാക്ക് സൂക്ഷിക്കാൻ മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം ഉദ്യോഗസ്ഥരെ സഹായിക്കും. പ്രിവന്റീവ്/റുട്ടീൻ മെയിന്റനൻസ്, ബ്രേക്ക്ഡൗൺ മെയിന്റനൻസ്, ആക്സിഡന്റ് മെയിന്റനൻസ്, ഡ്രൈവർമാർ റിപ്പോർട്ട് ചെയ്ത ബസുകളുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കൽ എന്നിവ സിസ്റ്റത്തിന് കീഴിൽ ഉൾക്കൊള്ളുന്ന അറ്റകുറ്റപ്പണികളിൽ ഉൾപ്പെടുന്നു.

മതിയായ പ്രതിരോധ അറ്റകുറ്റപ്പണികളും അറ്റകുറ്റപ്പണികളുടെ ശരിയായ റെക്കോർഡും ഇത് ഉറപ്പാക്കും. ടയർ, ലൂബ്രിക്കന്റ്, മറ്റ് സ്പെയർ

പാർട്സ് എന്നിവയുടെ സംഭരണത്തിനായി കെ.എസ്.ആർ.ടി.സി. കേന്ദ്രീകൃത പർച്ചേസ് സംവിധാനമാണ് പിന്തുടരുന്നത്. ടി സിസ്റ്റം നടപ്പിലാക്കുമ്പോൾ ബസ് പാർട്സുകളുടെ കൃത്യമായ വിതരണം ഓൺലൈനായി നടത്താനും നിരീക്ഷിക്കാനും സാധിക്കും.

6. ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊല്യൂഷൻ

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിംഗ് സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിലൂടെ പണമിടപാടുകൾ സുഗമമാക്കുന്നതിനും ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനും സാധിക്കും. ബസ്സുകളുടെ തത്സമയവിവരങ്ങൾ ഉൾപ്പെടുത്തി ഒരു ആപ്ലിക്കേഷൻ ഇതിന്റെ ഭാഗമായി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. ആയത് നടപ്പിലാക്കുമ്പോൾ യാത്രക്കാർക്ക് മുൻകൂറായി യാത്രകൾ പ്ലാൻ ചെയ്യാൻ സാധിക്കും.

കെ.എസ്.ആർ.ടി.സി.-യുടെ മാത്രം ഉപയോഗത്തിനായി സ്ഥാപിച്ചിട്ടുള്ള കൺസ്യൂമർ പമ്പുകൾ പൊതുജനങ്ങൾക്കുകൂടി

പ്രയോജനപ്പെടുന്ന രീതിയിൽ യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും ല്യൂബ് ഷോപ്പുകളും സ്ഥാപിക്കുന്നതിനുള്ള പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. 14 യാത്രാഫ്യൂവൽ റീട്ടെയിൽ ഔട്ട്‌ലെറ്റുകളും രണ്ട് ല്യൂബ് ഷോപ്പുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റു പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസ്സുകൾ അനുവദിച്ചുനൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, കോഫി വെൻഡിംഗ് (എൽ.ആർ. സ്റ്റാൾ) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, എൽ.ഇ.ഡി. ഡിസ്‌പ്ലേ, കൊറിയർ & പാഴ്സൽ സർവീസ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിച്ച് നഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യെ നഷ്ടത്തിൽനിന്ന് കരകയറ്റാൻവേണ്ടി ഈ സർക്കാർ വായ്പാ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ

2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24-ൽ നാളിതുവരെ 1379.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

കൂടാതെ, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ്, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനം, വർക്ക്ഷോപ്പുകളുടെ നവീകരണം, ജീവനക്കാർക്കുള്ള പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 17.82 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, ഇലക്ട്രിക് ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി

ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർതന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

ഇതോടൊപ്പം കിഫ്ബിയിൽനിന്നുള്ള ധനസഹായം, പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക, സ്മാർട്ട് സിറ്റി പദ്ധതി എന്നിവ ഉപയോഗപ്പെടുത്തി ഇലക്ട്രിക് ബസുകൾ ഉൾപ്പെടെ കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ

സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ലോജിസ്റ്റിക്സ് പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ

സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2022 നവംബർ മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. നിലവിൽ സാധാരണ യാത്രക്കാരുടെ ആവശ്യാനുസരണം ബഡ്ജറ്റ് ട്രിപ്പുകൾ കേരളത്തിലുള്ള വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് നടത്തിവരുന്നു. കൂടാതെ, തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കും യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. വളരെ ലാഭകരമായ രീതിയിൽ പ്രവർത്തനം കൂടുതൽ മികവോടെ മുന്നോട്ടുപോകുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം,

ബസ്സിലെ പരസ്യം, മൊബൈൽ ടവർ, പബ്ലിക് ഇൻഫർമേഷൻ സിസ്റ്റം, ഷോപ്പ് ഓൺ വീൽസ്, എ.ടി.എം. കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭ്യമാകുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി. - ഒഴിഞ്ഞുകിടക്കുന്ന ഷോപ്പിംഗ് കോംപ്ലക്സുകൾ**

**283 (1907)** <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ വാണിജ്യാവശ്യത്തിന് നിർമ്മിച്ചിട്ടുള്ള സ്റ്റാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ ഇവയിൽ എത്രയെണ്ണം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നത് സ്റ്റേഷനുകൾ തിരിച്ച് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിൽ ഒഴിഞ്ഞുകിടക്കുന്ന ഷോപ്പുകളുടെ എണ്ണം, ബസ് സ്റ്റേഷൻ പരിസരത്ത് ഒഴിഞ്ഞുകിടക്കുന്ന സ്റ്റാളുകൾ, കാന്റീൻ മുതലായവയുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാനത്തെ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിൽ ഒഴിഞ്ഞുകിടക്കുന്ന സ്റ്റാളുകളെയും ഷോപ്പിംഗ് കോംപ്ലക്സുകളെയും സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നത് ഏത് ഓഫീസിലാണെന്ന് വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലെ എസ്റ്റേറ്റ് വിഭാഗം.

(സി) ഇവ ഒഴിഞ്ഞുകിടക്കുന്നതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് ഓരോ സാമ്പത്തിക വർഷവുമുണ്ടാകുന്ന വരുമാന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

കണക്കാക്കിയിട്ടുണ്ട്. നാളിതുവരെയുള്ള വരുമാന നഷ്ടം 7.25 കോടി രൂപയാണ്.

**പിറവം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോ**

**284 (1908)** <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിനായി പിറവം കെ.എസ്.ആർ.ടി.സി. ബസ് ഡിപ്പോയുടെ മതിൽ പൊളിക്കേണ്ടിവന്ന സാഹചര്യമെന്താണെന്ന് വിശദമാക്കാമോ?

നവകേരള സദസ്സിനോടനുബന്ധിച്ച് പിറവം യൂണിറ്റിലെ ഗ്യാരേജും ഡിപ്പോയും വേർതിരിക്കുന്ന മതിൽ ഭാഗികമായി പൊളിച്ചുമാറ്റേണ്ട സാഹചര്യമുണ്ടായി.

(ബി) പ്രസ്തുത മതിലിന്റെ പുനർനിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇവ പുനർനിർമ്മിക്കുന്നതിനായി നിലവിൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി &സി) വിവരം ശേഖരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

**285 (1909)** ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ ഈ സർക്കാർ നൽകിവരുന്ന സഹായങ്ങൾ സംബന്ധിച്ച വിവരം അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യെ പൊതുമേഖലയിൽ നിലനിർത്താൻ കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ഈ സർക്കാർ വായ്പാ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1379.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാനസൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 17.82 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവരികയും കൺസോർഷ്യം കാലാവധി കഴിഞ്ഞതിനുശേഷം പുതിയ കരാറാകുന്നതുവരെയുള്ള കാലയളവിൽ സർക്കാർ ധനസഹായം നൽകുകയും ചെയ്തിരുന്നു. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർ തന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ; ഇന്ധന വിലവർധനവ് കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതിയെ എത്ര കണ്ട് ബാധിക്കുന്നുവെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മൾട്ടി ആക്സിൽ, ഇലക്ട്രിക് ഉൾപ്പെടെ വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി

വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നുള്ള ധനസഹായം, പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക, സ്മാർട്ട് സിറ്റി പദ്ധതി തുക എന്നിവ ഉപയോഗപ്പെടുത്തി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര,

കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ ലോജിസ്റ്റിക്സ് പദ്ധതി എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾവഴി കൂടുതൽ വരുമാനം ലക്ഷ്യമിടുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കൺസ്യൂമർ പമ്പുകളെ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 14 റീട്ടെയിൽ ഔട്ട്ലെറ്റുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഡീസൽ ഉപഭോഗം പ്രതിദിനം ശരാശരി 360 KL ആണ്. ഇതിനായി 3.46 കോടി രൂപ ചെലവ് വരുന്നു.

അതിനാൽ ഡീസൽ വിലയിൽ ഒരു രൂപയുടെ വർദ്ധനവ് ഉണ്ടായാൽത്തന്നെ പ്രതിമാസം 1.20 കോടി രൂപ അധിക ചെലവുണ്ടാകുന്നു. നിലവിൽ വൻകിട ഉപഭോക്താവ് എന്ന നിലയിൽ കേരളത്തിൽനിന്നും ഡീസൽ വാങ്ങുന്നതിന് 99.47 രൂപയും കർണ്ണാടകയിൽ നിന്നും 96.32 രൂപയും കെ.എസ്.ആർ.ടി.സി.-യുടെ റീട്ടെയിൽ ഔട്ട് ലെറ്റിൽനിന്നും 96.37 രൂപയുമാണ്.

കെ.എസ്.ആർ.ടി.സി.-യെ പ്രവർത്തന ലാഭത്തിലെത്തിക്കുന്നതിന് ചെലവ് ചുരുക്കി ജനോപകാരപ്രദമായി കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ നടന്നുവരുന്നു.

തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് നഗരപരിധിയിൽ വിവിധ പ്രദേശങ്ങളെയും സ്ഥാപനങ്ങളെയും ബന്ധിപ്പിച്ച് നഗരത്തിലേക്ക് വിവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങൾക്കും നഗരത്തിലെ വിവിധ ഭാഗങ്ങളിൽ സഞ്ചരിക്കേണ്ട യാത്രക്കാർക്കും പ്രയോജനകരമായ രീതിയിൽ സിറ്റി സർക്കുലർ സർവീസുകൾ ആരംഭിച്ചു. ഇതിലൂടെ തിരുവനന്തപുരം നഗരത്തിലേക്കുള്ള

സ്വകാര്യ വാഹനങ്ങളുടെ തിരക്കും പാർക്കിംഗും അന്തരീക്ഷ മലിനീകരണവും കുറയ്ക്കാൻ  കഴിഞ്ഞിട്ടുണ്ട്. സമഗ്രമായ പഠനത്തിന്റെ വെളിച്ചത്തിൽ സിറ്റി ഷട്ടിൽ സർവീസുകൾ ആരംഭിച്ചു. ഇത് കൂടുതൽ വ്യാപകമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവീസ് ആരംഭിച്ചു. സിറ്റിക്ക് വെളിയിലുള്ള രണ്ട് പ്രധാന സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുകവഴി യാത്രക്കാർക്ക് ഇറങ്ങിക്കയറുന്നത് ഒഴിവാക്കുകയും യാത്രക്കാർ കൂടുതലായി ഇത്തരം ബസ്സുകളെ ആശ്രയിക്കുകയും ചെയ്തതിനാൽ കട്ട് ട്രിപ്പുകൾ സിറ്റിയിലേക്ക് നടത്തിയിരുന്ന ബസ്സുകളുടെ എണ്ണം കുറയ്ക്കാനും തദ്വാര അനാവശ്യ ഗതാഗതക്കുരുക്കും ചെലവും അന്തരീക്ഷ മലിനീകരണവും ഒഴിവാക്കുന്നതിനും കഴിഞ്ഞു.

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് സർവീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവീസ് ആരംഭിച്ചിട്ടുണ്ട്.

കൂടാതെ ലാസ്റ്റ് മൈൽ ഫസ്റ്റ് മൈൽ കണക്ടിവിറ്റിക്കായി പരീക്ഷണാടിസ്ഥാനത്തിൽ ഫീഡർ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്.

ഇത് സ്ഥായിയായ വരുമാന വർധനവിനും നഷ്ടം കുറയ്ക്കാനും സഹായിക്കും. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനുമായി ഇത്തരത്തിൽ വൈവിധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര സർവീസുകളിലും അന്തർ സംസ്ഥാന സർവീസുകളിലും ഡ്രൈവർ-കം-കണ്ടക്ടർ തസ്തിക ആക്കിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ 3 സോണൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികകളും ചീഫ് ഓഫീസിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്ക്സ്) തസ്തികയും പൂർണ്ണമായും നിർത്തലാക്കി. 3 സോണൽ ജനറൽ

മാനേജർ തസ്തികകളും ചീഫ് ഓഫീസിൽ ഒരു ജനറൽ മാനേജർ തസ്തികയും രൂപീകരിച്ച് 4 കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസർമാരെ ജനറൽ മാനേജർമാരായി കെ.എസ്.ആർ.ടി.സി.-യിലേക്ക് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വാഹനങ്ങളുടെ ശരിയായ വിനിയോഗം വർദ്ധിപ്പിച്ചുകൊണ്ടും റൂട്ടുകളുടെ ശരിയായ ഉപയോഗത്തിലൂടെയും വരുമാനം വർദ്ധിപ്പിക്കുന്നതിന് നിലവിലുള്ള മാനേജ്മെന്റ് സംവിധാനം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സാധ്യത പരിശോധിക്കുന്നതാണ്.

(ഡി) മാനേജ്മെന്റ് സംവിധാനം പുനഃക്രമീകരിക്കുന്നതോടൊപ്പം യാത്രക്കാരുടെ ആവശ്യകത മനസ്സിലാക്കി കെ.എസ്.ആർ.ടി.സി.-യെ ശാക്തീകരിക്കുന്നതിനും ഫലപ്രദമായ ഉപദേശക ബോർഡ് രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

15-06-2023-ലെ സ.ഉ. (സാധാ) നം. 239/2023/TRANS നമ്പർ സർക്കാർ ഉത്തരവുപ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ അഡ്വൈസറി

ബോർഡ് രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 71 പേരെ ഉൾപ്പെടുത്തിയാണ് അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുള്ളത്.

**കെ-സ്വിഫ്റ്റ് ബസ്സുകൾ**

**286 (1910)** ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്വിഫ്റ്റിന് മാത്രമേ പുതിയ ബസ്സുകൾ വാങ്ങുകയുള്ളൂവെന്ന് മന്ത്രിസഭാ തീരുമാനമുണ്ടോ; ഉണ്ടെങ്കിൽ ഏത് ദിവസത്തെ മന്ത്രിസഭാ യോഗമാണ് പ്രസ്തുത തീരുമാനമെടുത്തത്?

അപ്രകാരം മന്ത്രിസഭാ തീരുമാനമില്ല.

(ബി) കെ-സ്വിഫ്റ്റിലെ ഇലക്ട്രിക് ബസ്സുകൾക്ക് കിലോമീറ്റർ വാടക എത്ര രൂപയാണ്?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഇലക്ട്രിക് ബസ്സുകൾക്ക് കിലോമീറ്ററിന് 25.85 രൂപയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്.

(സി) കെ-സ്വിഫ്റ്റിന് കിഫ്ബി വായ്പയെടുത്ത് വാങ്ങിയ ഇലക്ട്രിക് ബസ്സുകളുടെ ടെൻഡർ ഡോക്യുമെന്റിന്റെയും സ്വിഫ്റ്റുമായി/

കെ.എസ്.ആർ.ടി.സി.-യുമായി ബസ് കമ്പനിയുണ്ടാക്കിയ പർച്ചേസ് കരാറിന്റെയും പകർപ്പ് നൽകാമോ?

ടെൻഡർ ഡോക്യുമെന്റ്, എഗ്രിമെന്റ്, പർച്ചേസ് ഓർഡറിന്റെ പകർപ്പ് എന്നിവ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) കെ-സ്വിഫ്റ്റിന് വാങ്ങിയ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകളുടെ മെയിന്റനൻസ് ചെയ്യുന്നതിന് കമ്പനിക്ക് കേരളത്തിൽ സർവീസ് സെന്ററുണ്ടോ; ഇല്ലെങ്കിൽ എങ്ങനെയാണ് പ്രസ്തുത ബസ്സുകളുടെ മെയിന്റനൻസ് നിലവിൽ നടത്തിവരുന്നത്?

പി.എം.ഐ. കമ്പനിയിൽനിന്നും വാങ്ങിയ ഇലക്ട്രിക് ബസ്സുകൾക്ക് രണ്ടുവർഷത്തെ വാറണ്ടിയും രണ്ടു വർഷത്തെ വാറണ്ടിക്കുശേഷം ഇലക്ട്രിക് ഡ്രൈവ് ലൈൻ, ഇലക്ട്രിക് ഭാഗങ്ങൾ തുടങ്ങിയവയ്ക്ക് അഞ്ചുവർഷത്തെ എ.എം.സി.-യും നൽകണമെന്നതാണ് വ്യവസ്ഥ. ഇതിനായി വാഹന നിർമ്മാതാവ് ആവശ്യമുള്ള ജീവനക്കാരെ കെ.എസ്.ആർ.ടി.സി. അനുവദിച്ചുനൽകുന്ന ഡിപ്പോകളിൽ വിന്യസിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം പി.എം.ഐ. കമ്പനി തിരുവനന്തപുരം സിറ്റി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പേരൂർക്കട എന്നീ ഡിപ്പോകളിൽ ബസുകളുടെ പരിപാലനം നടത്തിവരുന്നു. ഡ്രൈവ് ലൈൻ ഇലക്ട്രിക് പാർട്സുകൾ, ബാറ്ററി തുടങ്ങിയവ ഒഴികെയുള്ള മറ്റു ഭാഗങ്ങളുടെ പരിപാലനം കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു.

(ഇ) കെ-സ്വിഫ്റ്റിലെ പി.എം.ഐ. കമ്പനിയുടെ ഏതൊക്കെ ഇലക്ട്രിക് ബസ്സുകൾക്ക് ഇതുവരെ മോട്ടോർ, ബാറ്ററി തകരാറുകൾ സംഭവിച്ചിട്ടുണ്ട്; ഓരോ ബസ്സിന്റെയും നമ്പരും തകരാറും തകരാറ് സംഭവിച്ച കിലോമീറ്ററും സഹിതം വ്യക്തമാക്കാമോ; കെ-സ്വിഫ്റ്റിലെ ബസ്സുകൾക്കായി ഇതുവരെ കെ.എസ്.ആർ.ടി.സി. ഏതൊക്കെ സ്പെയർ പാർട്സുകൾ എത്രയെണ്ണം വീതം എത്ര രൂപയ്ക്ക് വാങ്ങിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഇലക്ട്രിക് ബസ്സുകൾക്ക് ഇതുവരെ മോട്ടോർ, ബാറ്ററി തകരാറുകൾ സംഭവിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

KS129 തിരുവനന്തപുരം സിറ്റി ഡിപ്പോയിലെ ബസ്, 18128 കിലോ മീറ്ററിൽ battery വാറന്റിയിൽ മാറിയിട്ടുണ്ട്. മോട്ടോറുകൾ ഒന്നുംതന്നെ മാറിയിട്ടില്ല.

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ പി.എം.ഐ. ഇലക്ട്രിക് ബസുകൾക്ക് 67,56,905/- രൂപ Tyre, Brakepad, Filters, Wind shield Glass, Air filter, Halagon bulb, Greesing Kit, Glass Beeding, Lubricants എന്നിവ വാങ്ങിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധായി+ ചേർക്കുന്നു.

(എഫ്) കെ-സ്വിഫ്റ്റിൽ കണ്ടക്ടർ, ഡ്രൈവർ, ലാസ്റ്റ് ഗ്രേഡ് തസ്തികകൾക്ക് പുറമേ ഏതെല്ലാം തസ്തികകൾ എത്ര എണ്ണം വീതം നിലവിലുണ്ട്; അതിൽ നിയമിച്ചിട്ടുള്ളവരുടെ പേര്, യോഗ്യത, ശമ്പളം എന്നിവ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ കണ്ടക്ടർ, ഡ്രൈവർ, ലാസ്റ്റ് ഗ്രേഡ് തസ്തികകൾക്ക് പുറമേ വിവിധ തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ജി) കെ-സ്വിഫ്റ്റിലെ ഇലക്ട്രിക് ബസ്സുകൾക്ക് 2023 ഡിസംബർ 31 വരെ ഓരോ മാസവും എത്ര രൂപയാണ് വരുമാനം ലഭിച്ചിട്ടുള്ളത്; കെ-സ്വിഫ്റ്റിലെ ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതിനും മെയിന്റനൻസ് ചെയ്തതിനും ഓപ്പറേറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്യതിനും ലോൺ തിരിച്ചടവിനും 2023 ഡിസംബർ 31 വരെ ആകെ എത്ര രൂപയാണ് ചെലവായത്; ഓരോന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ ഇലക്ട്രിക് ബസ്സുകൾക്ക് 2023 ഡിസംബർ 31 വരെ ഓരോ മാസവും ലഭിച്ച വരുമാനം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ ഇലക്ട്രിക് ബസ്സുകൾ വാങ്ങിയതിനും മെയിന്റനൻസ് ചെയ്യതിനും ഓപ്പറേറ്റ് ചെയ്യതിനും 2023 ഡിസംബർ 31 വരെ ആകെ ചെലവായ തുക എന്നിവയുടെ ഇനം തിരിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

## കെ.എസ്.ആർ.ടി.സി– ഇലക്ട്രിക് ബസ്സുകൾ

**287 (1911)** <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. മുഖാന്തരം നിലവിൽ എത്ര ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തുന്നുവെന്നും ഏതെല്ലാം ഫണ്ടുകൾ മുഖേനയാണ് പ്രസ്തുത ബസ്സുകൾ വാങ്ങിയിട്ടുള്ളതെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. കിഫ്ബി ധനസഹായത്തിൽ 46.22 കോടി രൂപക്ക് 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

2. തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി 103.74 കോടി രൂപയുടെ ധനസഹായത്തോടെ 113 എണ്ണം 9 മീറ്റർ നോൺ എ.സി. ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ നോൺ എ.സി. ഇലക്ട്രിക് ബസ്സുകളിൽ 80 ബസ്സുകൾ വാങ്ങിയിട്ടുണ്ട്. സ്മാർട്ട് സിറ്റി ഫണ്ടായ 4.32 കോടി രൂപ ഉപയോഗിച്ച് 2 (രണ്ട്) ഇലക്ട്രിക് ഡബിൾ ഡക്കർ ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

(ബി) ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിന് ഇലക്ട്രിക് ബസ്സുകൾക്കും ഡീസൽ ബസ്സുകൾക്കും ചെലവാകുന്ന തുക എത്രയാണെന്ന് താരതമ്യം ചെയ്തിട്ടുണ്ടെങ്കിൽ വിശദമാക്കാമോ?

ഡിസംബർ 2023-ലെ കണക്കുകൾ പ്രകാരം ഒരു ഇലക്ട്രിക് ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി 0.68 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്നതായി കണക്കാക്കിയിട്ടുണ്ട്. ഇതിനായി 7/- രൂപ യൂണിറ്റ്

നിരക്കിൽ പ്രതി കിലോമീറ്ററിന് ശരാശരി 4.76 രൂപ വൈദ്യുതി ഇനത്തിൽ ചെലവാകുന്നു.

നിലവിൽ KSRTC/JNT/KSWIFT ബസ്സുകളുടെ ഡിസംബറിലെ ശരാശരി KMPL 3.96 ആണ്. കൂടാതെ Average ഡീസൽ വില ലിറ്ററിന് 96.37 ആണ്. ആയതിനാൽ ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിന് ഡീസൽ ബസ്സുകൾക്ക് ചെലവാകുന്ന തുക ശരാശരി 24.33 രൂപ ആണ്.

(സി) തിരുവനന്തപുരം നഗരത്തിൽ നിലവിൽ എത്ര ഇലക്ട്രിക് ബസ്സുകളാണ് സർവീസ് നടത്തിവരുന്നതെന്നും പ്രസ്തുത സർവീസുകൾ മുഖാന്തരമുണ്ടാകുന്ന പ്രതിമാസ ലാഭനഷ്ട കണക്ക് എത്രയാണെന്നും വിശദമാക്കാമോ?

നിലവിൽ തിരുവനന്തപുരം നഗരത്തിൽ 110 ഇലക്ട്രിക് ബസ്സുകളാണ് സർവീസ് നടത്തുന്നത്.

പ്രസ്തുത സർവീസുകളുടെ പ്രതിമാസ പ്രവർത്തന ചെലവുകളുടെ കണക്കുകൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന് നടപടി**

**288 (1912)** ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പൊതുഗതാഗതം ശക്തിപ്പെടുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനോപകാരപ്രദമായി കെ.എസ്.ആർ.ടി.സി സർവീസുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗര ഗതാഗതത്തിന് സിറ്റി സർക്കുലർ സർവീസുകൾ ആരംഭിച്ചു. സിറ്റി ഷട്ടിൽ സർവ്വീസുകളും അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവീസുകളും ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് സർവ്വീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ ലാസ്റ്റ് മൈൽ ഫസ്റ്റ് മൈൽ കണക്റ്റിവിറ്റിക്കായി ഫീഡർ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇത് സ്ഥായിയായ വരുമാന വർധനവിനും നഷ്ടം കുറയ്ക്കാനും സഹായിക്കും. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനുമായി ഇത്തരത്തിൽ വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-യിൽ GPRS, Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ, കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ട്രാക്കിംഗ് ആൻഡ് മോണിറ്ററിംഗ് സിസ്റ്റം, കൊറിയർ സംവിധാനം, സ്മാർട്ട് ട്രാവൽ കാർഡ്, ഗൂഗിൾ ട്രാൻസിറ്റ്, സമ്പൂർണ്ണ ഇ.ആർ.പി. സോഫ്റ്റ്‌വെയർ സംവിധാനം, ഫ്ലീറ്റ് ഇൻവെന്ററി, മെയിന്റനൻസ് മാനേജ്മെന്റ് സിസ്റ്റം, ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിംഗ് സൊല്യൂഷൻ എന്നീ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഇക്കാലയളവിൽ സംസ്ഥാന ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് പൊതുഗതാഗതം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ടൂറിസം മേഖലയിൽ നവീന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വകുപ്പ് സർവീസ് ആരംഭിച്ച സീ-കുട്ടനാട്, സീ-അഷ്ടമുടി, വേഗ കൂടാതെ ഇന്ത്യയിലെ ആദ്യത്തെ സോളാർ ക്രൂയിസ് ബോട്ടായ 'ഇന്ദ്ര' എന്നിവ ഇതിൽ എടുത്തുപറയത്തക്കതാണ്. ആകെ 106 ബോട്ടുകൾ ജലഗതാഗതത്തിന് മാറ്റുകൂട്ടാനായി നീറ്റിലിറക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ തന്നെ ആദ്യ സംരംഭമായ ആദിത്യ എന്ന സോളാർ ബോട്ട് പണി പൂർത്തീകരിച്ച് വൈക്കം-തവണക്കടവ് റൂട്ടിൽ സർവീസ് ആരംഭിച്ച് തികച്ചും മലിനീകരണമുക്തവും പ്രകൃതി സൗഹൃദവുമായ രീതിയിൽ വിജയകരമായി സർവീസ് നടത്തിവരുന്നു. കൂടാതെ പതിനൊന്നോളം സൗരോർജ്ജ ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ബോട്ടുജെട്ടി, ബസ് സ്റ്റാൻഡ് എന്നിവ സംയോജിപ്പിച്ച് ഒരു മൊബിലിറ്റി ഹബ്ബ് ഉണ്ടാക്കുകയും റെയിൽവേ സ്റ്റേഷനുമായി തുടർച്ചയായി ബസ്

സർവീസിലൂടെ ഈ കേന്ദ്രത്തെ ബന്ധിപ്പിക്കുകയും ചെയ്യുന്ന ഒരു പദ്ധതിയുടെ പ്രാരംഭനടപടികൾ പുരോഗമിച്ചുവരുന്നു.

പൊതുഗതാഗതം ശാക്തീകരിക്കുന്നതിന്റെ ഭാഗമായി കൊച്ചി മെട്രോ ഘട്ടം 1-ന്റെ എക്സ്റ്റൻഷനായ പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ വരെ സജ്ജമായിക്കൊണ്ടിരിക്കുന്ന എക്സ്റ്റൻഷൻ ഉടൻ പ്രവർത്തനമാരംഭിക്കുന്നു. യാത്രക്കാരുടെ ലാസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കുന്നതിനായി 75 ഇലക്ട്രിക് ഓട്ടോറിക്ഷകളും ഫീഡർ ലൈസൻസിൽ ഓടുന്ന 30 ഇലക്ട്രിക് ഓട്ടോറിക്ഷകളും ചേർന്ന് ആകെ 105 ഇലക്ട്രിക് ഫീഡർ ഓട്ടോറിക്ഷകൾ സർവീസ് നടത്തുന്നു. കൊച്ചി അന്താരാഷ്ട്ര എയർപോർട്ടിൽ നിന്നും മെട്രോ സ്റ്റേഷനുകളിലേക്ക് യാത്രക്കാർക്ക് എത്തിച്ചേരുന്നതിന് ഇലക്ട്രിക് ഫീഡർ ബസ് സർവീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കളമശ്ശേരി മെട്രോ സ്റ്റേഷനിൽനിന്നും മെഡിക്കൽ കോളേജിലേയ്ക്കും ഇൻഫോപാർക്കിലേയ്ക്കും ഫീഡർ ബസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനേതര യാത്രാ സംവിധാനത്തിന്റെ ഭാഗമായി ആയിരത്തോളം സൈക്കിളുകൾ മെട്രോ

സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാൽനട യാത്രക്കാർക്കായി പെഡസ്ട്രിയൻ പാത്തുകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനായി സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിനായും കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കുന്നതിനുംവേണ്ടി വായ്പാ വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1379.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും, വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി

വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 17.82 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ നൽകിവന്നിരുന്നു. കൺസോർഷ്യം കാലാവധി കഴിഞ്ഞ മാസങ്ങളിൽ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശ ഉൾപ്പെടെ സർക്കാർതന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്. സർക്കാർ വായ്പാ വിഹിതയിനത്തിൽ അനുവദിച്ച തുകയിൽ പെൻഷൻ വിതരണത്തിനായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിന് അനുവദിച്ച തുകയും ഉൾപ്പെട്ടിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. സ്വന്തംനിലയിൽ സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനായി നടത്തുന്ന ടിക്കറ്റിതര വരുമാന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി. സ്വന്തംനിലയിൽ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ

പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ ലോജിസ്റ്റിക്സ് പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന് വരുമാനം ലഭിക്കാനായി ആസൂത്രണം ചെയ്ത് ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസ്സിലെ പരസ്യം, മൊബൈൽ ടവർ, Public Information system, ഷോപ്പ് ഓൺ വീൽസ്, ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി 2021 നവംബർ 1 മുതൽ ബഡ്ജറ്റ് ടൂറിസം സെൽ രൂപീകരിക്കുകയും ടൂറിസം പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ഡി) അവ കൂടുതൽ പ്രായോഗികമായി നടപ്പാക്കി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോയെന്ന് അറിയിക്കുമോ?

ടിക്കറ്റിതര വരുമാനം ലഭിക്കുന്ന പദ്ധതികളെല്ലാംതന്നെ പരമാവധി പ്രയോജനപ്പെടുത്തി ആയതിലൂടെ വരുമാന വർധനവിനുള്ള നടപടി ക്രമങ്ങൾ ചെയ്തുവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷന്റെ അധീനതയിലുള്ള ബസ്സുകളിൽ അകവശങ്ങളിലും അനുവദനീയമായ സ്ഥലങ്ങളിൽ പരസ്യം പതിക്കുന്നതിനുള്ള അനുമതി നൽകിയും കൂടാതെ കെ.എസ്.ആർ.ടി.സി. സിഫ്റ്റ് ബസ്സുകളിൽ LED TV ഉപയോഗിച്ച് പരസ്യം നൽകിയും അതോടൊപ്പംതന്നെ നിലവിൽ പ്രവർത്തിച്ചുവരുന്ന കൊറിയർ/ലോജിസ്റ്റിക്സ് സംവിധാനം കൂടുതൽ യൂണിറ്റുകളിലേക്ക് വ്യാപിപ്പിച്ചും പരമാവധി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്ജറ്റ് ടൂറിസം സെല്ലിന്റെ ഭാഗമായി തമിഴ്നാട്,

കർണ്ണാടക എന്നീ സംസ്ഥാനങ്ങളിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കും പിൽഗ്രിം ടൂറിസം കേന്ദ്രങ്ങളിലേക്കുമുള്ള യാത്രകൾ സംഘടിപ്പിക്കുന്നതിനുള്ള വകുപ്പുതല ചർച്ചകൾ പുരോഗമിച്ചുവരുന്നു. കാലതാമസം കൂടാതെതന്നെ കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലേക്കുള്ള യാത്രകൾ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വേളാങ്കണ്ണി, മൂകാംബിക ക്ഷേത്രം പിൽഗ്രിം യാത്രകൾ ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ഫിനാൻസ് വിഭാഗത്തിലെ കരാർ, താൽകാലിക ജീവനക്കാർ**

**289 (1913)** ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഫിനാൻസ് വിഭാഗത്തിൽ കരാർ, താൽക്കാലിക, അപ്രന്റീസ്ഷിപ്പ് അടിസ്ഥാനത്തിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്നും അവരുടെ പേരും തസ്തികയും യോഗ്യതയും മാസ ശമ്പളവും നിയമിച്ച തീയതിയും ഇനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ എത്ര രൂപയുടെ മരാമത്ത് പണികൾ ഇതുവരെ എച്ച്.എൽ.എൽ.-ന് കൺസൾട്ടൻസി/കരാർ അനുവദിച്ചുനൽകിയിട്ടുണ്ടെന്നും ആയതിൽ കൺസൾട്ടൻസി ഇനത്തിൽ എച്ച്.എൽ.എൽ.-ന് കഴിഞ്ഞ മൂന്ന് വർഷത്തിൽ എത്ര രൂപയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി സർക്കാർ അംഗീകൃത ഏജൻസിയായ M/s. HLL Life Care Ltd.-നെ ചുമതലപ്പെടുത്തി. 06-11-2020 ട്രാൻസ്-എ 2/167/2020/ട്രാൻസ് നമ്പരായ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിൽ എച്ച്.എൽ.എൽ.-നുവേണ്ടി 4945.82 ലക്ഷം രൂപയുടെ മരാമത്ത് പണികൾക്ക് ദർഘാസ് അനുവദിച്ചുനൽകിയിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കാലയളവിൽ എച്ച്.എൽ.എൽ.-ന് ടെണ്ടർ/ക്വട്ടേഷൻ അനുവദിച്ചുനൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ആനയറ ഓഫീസിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് നിർമ്മാണ പ്രവൃത്തി - 108.6 ലക്ഷം രൂപ

2. ആനയറ ഓഫീസിൽ യാർഡിന്റെയും ഓടയുടെയും നിർമ്മാണം - 178.29 ലക്ഷം രൂപ

3. പാപ്പനംകോട് സെൻട്രൽ വർക്ക്ഷോപ്പിലെ ഒന്നാം ഘട്ട സിവിൽ - ഇലക്ട്രിക്കൽ പ്രവൃത്തികൾ - 4.54 ലക്ഷം രൂപ

4. മാവേലിക്കര റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 370.74 ലക്ഷം രൂപ

5.1) ചടയമംഗലം ജില്ലാ വർക്ക്ഷോപ്പിന്റെ പ്രീ ഫാബ് മോഡൽ നിർമ്മാണം - 171.60 ലക്ഷം രൂപ

6) ആലുവ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ - 287.26 ലക്ഷം രൂപ

7) എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ - 447.21 ലക്ഷം രൂപ

8.1) എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പിലെ സിവിൽ - ഇലക്ട്രിക് പ്രവൃത്തികൾ (റീ കണ്ടിഷനിംഗ് യൂണിറ്റ് വർക്ക്) - 115.06 ലക്ഷം രൂപ

8.2) റീജിയണൽ വർക്ക്ഷോപ്പ് എടപ്പാൾ ഇലക്ട്രിക്കൽ ഓവർ ഹെഡ് ട്രാവലിംഗ് ക്രെയിനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ - 98.47 ലക്ഷം രൂപ

9) കോഴിക്കോട് റീജിയണൽ വർക്ക്ഷോപ്പ് നവീകരണ പ്രവൃത്തി - 246.24 ലക്ഷം രൂപ

10) കോന്നി ബസ് സ്റ്റേഷനിലെ യാർഡ് നിർമ്മാണ പ്രവൃത്തി - 124.45 ലക്ഷം രൂപ

11) കോന്നി ബസ് സ്റ്റേഷനിലെ ബാലൻസ് നിർമ്മാണ പ്രവൃത്തിയും ഗ്യാരേജ് നിർമ്മാണവും - 48.46 ലക്ഷം രൂപ

12) ചാലക്കുടി ജില്ലാ വർക്ക്ഷോപ്പ് നിർമ്മാണം - 297.94 ലക്ഷം രൂപ

13) സുൽത്താൻ ബത്തേരി ജില്ലാ വർക്ക്ഷോപ്പ് നവീകരണം സിവിൽ - ഇലക്ട്രിക്കൽ പ്രവൃത്തി - 305.4 ലക്ഷം രൂപ

14) കാഞ്ഞങ്ങാട് ജില്ലാ വർക്ക്ഷോപ്പ് നവീകരണം - 81.73 ലക്ഷം രൂപ

15) പാവങ്ങാട് യാർഡ് നവീകരണം - 154.44 ലക്ഷം രൂപ

16.1) പാപ്പനംകോട് ഡിപ്പോയിലെ ഇ.വി. ചാർജിംഗ് സ്റ്റേഷനിലെ സിവിൽ പ്രവൃത്തികൾ - 84.15 ലക്ഷം രൂപ

16.2) പാപ്പനംകോട് ഡിപ്പോയിലെ ഇ.വി. ചാർജിംഗ് സ്റ്റേഷനിലെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 96.43 ലക്ഷം രൂപ

17.1) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ബാലൻസ് സിവിൽ പ്രവൃത്തികൾ - 48.93 ലക്ഷം രൂപ

17.2) ഇലക്ട്രിക് പ്രവൃത്തികൾ - 44.89 ലക്ഷം രൂപ

17.3) അഗ്നി സുരക്ഷാ പ്രവൃത്തി - 16.44 ലക്ഷം രൂപ

17.4) സൈനേജ് പ്രവൃത്തി - 3.35 ലക്ഷം രൂപ

17.5) ലിഫ്റ്റ് (2 എണ്ണം) സ്ഥാപിക്കൽ - 26.49 ലക്ഷം രൂപ

18) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ ബെയ്സ്മെന്റ് ഫ്ലോറിലെ വാട്ടർ പ്രൂഫിംഗ് ചെയ്യുന്ന പ്രവൃത്തി ലിഫ്റ്റ് പിറ്റ് - 11.15 ലക്ഷം രൂപ

19) ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിലെ സംപ് വർക്ക് - 7.36 ലക്ഷം രൂപ

20) പെയിന്റിംഗ് പ്രവൃത്തി - 15.29 ലക്ഷം രൂപ

21) മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലസിലെ രണ്ടാം ഘട്ട സിവിൽ പ്രവൃത്തികളും യാർഡ് നിർമ്മാണവും - 89.82 ലക്ഷം രൂപ

22) പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഫ്രണ്ട് യാർഡ്, ഓട, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ - 323.08 ലക്ഷം രൂപ

23.1) പത്തനംതിട്ട ബസ് ടെർമിനലിൽ ഹൈമാസ്റ്റ് ലൈറ്റ് - 18.18 ലക്ഷം രൂപ

23.2) പത്തനംതിട്ട ബസ് ടെർമിനലിന്റെ ബാലൻസ് പ്രവൃത്തി - ലിഫ്റ്റ് സ്ഥാപിക്കൽ - 14.51 ലക്ഷം രൂപ

23.3) പത്തനംതിട്ട ഫയർ ഫൈറ്റിംഗ് - 58.17 ലക്ഷം രൂപ

24) പത്തനംതിട്ട ബസ് ടെർമിനലിന്റെ റൂഫ് സ്ലാബ്, ബീം എന്നിവയുടെ ബലപ്പെടുത്തലും എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ്, വാട്ടർ പ്രൂഫിംഗ് എന്നീ പ്രവൃത്തികൾ - 17.06 ലക്ഷം രൂപ

25.1) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ സിവിൽ പ്രവൃത്തികൾ - 239.84 ലക്ഷം രൂപ

25.2) തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ - 69.88 ലക്ഷം രൂപ

25.3) അഗ്നി സുരക്ഷ പ്രവൃത്തി - 63.70 ലക്ഷം രൂപ

25.4) ലിഫ്റ്റ് സ്ഥാപിക്കൽ - 20.35 ലക്ഷം രൂപ

25.5) എക്സ്പാൻഷൻ ജോയിന്റ് ട്രീറ്റ്മെന്റ് പ്രവൃത്തി - 11.98 ലക്ഷം രൂപ

25.6) സൈനേജ് പ്രവൃത്തി - 9.83 ലക്ഷം രൂപ

26) വാട്ടർ പ്രൂഫിംഗ് പ്രവൃത്തി (ടെറസ് ഏരിയ, തൊടുപുഴ) - 41.14 ലക്ഷം രൂപ

27.1) മൂവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് സിവിൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 50.50 ലക്ഷം രൂപ

27.2) മൂവാറ്റുപുഴ ബസ് ടെർമിനലിന്റെ ബാലൻസ് ഇലക്ട്രിക്കൽ പ്രവൃത്തി (ഒന്നാം ഘട്ടം) - 107.94 ലക്ഷം രൂപ

27.3) അഗ്നി സുരക്ഷാ പ്രവൃത്തി (മൂവാറ്റുപുഴ) - 44.05 ലക്ഷം രൂപ

28) പേരൂർക്കട 8 ബേ ഇലക്ട്രിക് ഫ്ലീറ്റ് ചാർജ്ജിംഗ് സ്റ്റേഷൻ - സിവിൽ നിർമ്മാണ പ്രവൃത്തി - 97.40 ലക്ഷം രൂപ

28.1) ഇലക്ട്രിക് വർക്ക് – 112.25 ലക്ഷം രൂപ

29) കരുനാഗപ്പള്ളി ബസ് സ്റ്റേഷൻ - പെയിന്റിംഗ് & ഫർണിച്ചറിംഗ് – 8.38 ലക്ഷം രൂപ

30) ഇലക്ട്രിക് ഫ്ലീറ്റ് ചാർജിംഗ് ഇൻഫ്രാസ്ട്രക്ച്ചർ ഈഞ്ചയ്ക്കൽ - 83.88 ലക്ഷം രൂപ

31) തിരുവനന്തപുരം സിറ്റി ഡിപ്പോയിൽ 5 ബേ കോമേഴ്സ്യൽ ഇലക്ട്രിക്കൽ ഫ്ലീറ്റ് സിസ്റ്റം – 68.97 ലക്ഷം രൂപ

എച്ച്.എൽ.എൽ.-ന് കൺസൾട്ടൻസി ഇനത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കൺസൾട്ടൻസി/കരാർ ഇനത്തിൽ 1,65,35,955/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ കൺസൾട്ടൻസി ഇനത്തിൽ 51,79,697/- രൂപ (4% PMC charge) ഇതുവരെ എച്ച്.എൽ.എൽ.-ന് അനുവദിച്ച നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ സർക്കാരിന്റെ പ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ മരാമത്ത് പണികൾക്ക് പ്രസ്തുത പ്ലാൻ ഫണ്ട് തുക കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ എത്തുന്നതിനുമുമ്പ് കരാറുകാർക്ക് കെ.എസ്.ആർ.ടി.സി.-യുടെ തനത് ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച് ബിൽ തുക നൽകിയിട്ടുണ്ടോയെന്നും ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപ വീതമാണ് ഇത്തരത്തിൽ നൽകിയതെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽ സർക്കാരിന്റെ പ്ലാൻ ഫണ്ടുകൾ ഉപയോഗിച്ച് നടത്തിയ മരാമത്ത് പണികൾക്ക് പ്രസ്തുത പ്ലാൻ ഫണ്ട് തുക കെ.എസ്.ആർ.ടി.സി.-യുടെ അക്കൗണ്ടിൽ യഥാസമയം ലഭ്യമാകാത്തതിനാൽ പ്രവൃത്തിയുടെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് തനത് ഫണ്ടിൽനിന്നും കരാറുകാർക്ക് നൽകിയിട്ടുണ്ട്. തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- മൂവാറ്റുപുഴ ബസ് ടെർമിനലും വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് മേരി മാതാ കൺസ്ട്രക്ഷൻസിന് 27,96,319/- രൂപ.

- തൊടുപുഴ, പത്തനംതിട്ട എന്നീ ഡിപ്പോകളിലെ ബസ് ടെർമിനലുകളുടെ നിർമ്മാണ പ്രവൃത്തികൾ, കോഴിക്കോട്, എടപ്പാൾ റീജിയണൽ വർക്ക്ഷോപ്പുകളുടെ നവീകരണ പ്രവൃത്തികൾ എന്നീ ഇനങ്ങളിൽ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് 31,50,896/- രൂപ.

- പാപ്പനംകോട് ഡിപ്പോയിലെ സിവിൽ & ഇലക്ട്രിക്കൽ ജോലികൾക്കായി എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് 26,10,297/- രൂപ.

- നെടുമങ്ങാട് വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ ചെലവിനത്തിൽ കരാറുകാരനായ ശ്രീ. പി. എസ്. പ്രക്ഷോഭിന് 6,16,087/- രൂപ.

- മൂന്നാർ യൂണിറ്റിൽ ഫെൻസിംഗ് വർക്ക് ചെയ്തയിനത്തിൽ ഇടുക്കി നിർമ്മിതി കേന്ദ്രയ്ക്ക് 4,30,026/- രൂപ.

- പാപ്പനംകോട് ഡിപ്പോയിൽ ചാർജ്ജിംഗ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾക്കായി കരാറുകാരാനായ ശ്രീ. സി. എ. ഷെഫീക്കിന് 40,59,479/- രൂപ.

(ഡി) മൈക്രോ.എഫ്.എക്സ് (MICROFX) എന്ന കമ്പനിയും കെ.എസ്.ആർ.ടി.സി.-യുമായി ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങിയപ്പോൾ ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ 2000 ബസുകൾ സർവീസ് നടത്താതെ ഇട്ടുനശിപ്പിക്കുകയും അതിൽ 1400 ബസുകൾ ഇപ്പോഴും ഡോക്കിൽ കിടക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉത്തരവാദിയായവരിൽനിന്നും ഇതിന്റെ സാമ്പത്തിക നഷ്ടം ഈടാക്കുമോയെന്ന് വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യത്തിൽ സർക്കാർ ബസ് സർവീസിന് ഇളവ് അനുവദിച്ചപ്പോൾ പരമാവധി 3800 ബസുകൾ സർവീസ് നടത്തുന്നതിനാണ് സാധിച്ചിട്ടുള്ളത്. ആയതിന് പരമാവധി ആവശ്യമായ 12% സ്പെയർ ബസുകൾ അടക്കം 4250 ബസ്സുകളാണ് സജ്ജമാക്കുന്നതിന് അന്ന് നടപടി സ്വീകരിച്ചിട്ടുള്ളത്. ബാക്കിയുള്ള ബസ്സുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായിരുന്ന 1736 ബസ്സുകൾ സുരക്ഷിത കേന്ദ്രങ്ങളിൽ പാർക്ക് ചെയ്തിരുന്നു. ടി ബസ്സുകളിൽ വർദ്ധിച്ച അറ്റകുറ്റപ്പണികളുള്ളതും കാലപ്പഴക്കം ചെന്നതുമായ ബസ്സുകൾ വിദഗ്ധ സമിതി രൂപീകരിച്ച് പരിശോധിച്ച് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 920 ബസ്സുകൾ സ്ക്രാപ്പ്/ഷോപ്പ് ഓൺ വീൽ ആക്കി മാറ്റുന്നതിന് തീരുമാനിക്കുകയും ആയതിൽനിന്നും 845 സ്ക്രാപ്പ് ബസ്സുകൾ M/s. MSTC മുഖാന്തരം ലേലം ചെയ്ത് വിൽക്കുന്നതിന്

നടപടി സ്വീകരിച്ചതിൽ 733 എണ്ണം വിറ്റുപോയി. ബാക്കി ബസ്സുകളുടെ സ്ക്രാപ്പ് ലേല നടപടികൾ നടന്നുവരുന്നു. 703 ബസ്സുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് 2022-23-ൽത്തന്നെ സർവീസിന് സജ്ജമാക്കിയിരുന്നു. നിലവിൽ 01-01-2024-ൽ ഫിറ്റ്നസ്, ആക്സിഡന്റ് റിപ്പയർ അടക്കമുള്ള അറ്റകുറ്റപ്പണികൾക്കായി ആകെ 744 ബസ്സുകളാണ് കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ഡോക്കിലുള്ളത്. ആയതിന്റെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് നിരത്തിലിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**പൊതുഗതാഗതം ശക്തിപ്പെടുത്താൻ നടപടി**

**290 (1914)** **ശ്രീ. തോമസ് കെ. തോമസ്:**
**ശ്രീ. കോവൂർ കുഞ്ഞുമോൻ:**
**ശ്രീ. മാത്യു ടി. തോമസ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഗതാഗതം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

പൊതുഗതാഗതം ശക്തിപ്പെടുത്താൻ ജനോപകാരപ്രദമായി കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനഃക്രമീകരിച്ച് ഓപ്പറേറ്റ്

ചെയ്യുന്നതിന് നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം നഗരത്തിലെ സമഗ്രമായ നഗരഗതാഗതത്തിന് സിറ്റി സർക്കുലർ സർവീസുകൾ, സംസ്ഥാനത്തിന്റെ ഉൾപ്രദേശങ്ങളിലേക്ക് സർവീസുകൾ നടത്തുന്നതിനായി ഗ്രാമവണ്ടി എന്ന പേരിൽ പ്രത്യേക ബസ് സർവീസ്, സിറ്റി ഷട്ടിൽ സർവീസുകൾ, അനാവശ്യമായി യാത്രക്കാരില്ലാതെ റിട്ടേൺ ഡെഡ് ട്രിപ്പുകൾ കുറയ്ക്കുന്നതിനും യാത്രക്കാരുടെ സൗകര്യത്തിനുമായി സിറ്റി റേഡിയൽ സർവീസ് എന്നിവ ആരംഭിച്ചതുവഴി കട്ട് ട്രിപ്പുകൾ സിറ്റിയിലേക്ക് നടത്തിയിരുന്ന ബസുകളുടെ എണ്ണം കുറയ്ക്കാനും തദ്വാര അനാവശ്യ ഗതാഗതക്കുരുക്കും ചെലവും *കുറയ്ക്കാനും* ഇലക്ട്രിക്ക് ബസ്സുകൾ സർവീസ് ആരംഭിച്ചതുമുതൽ അന്തരീക്ഷ മലിനീകരണം ഒരു പരിധിവരെ ഒഴിവാക്കുന്നതിനും കഴിഞ്ഞു. കൂടാതെ ലാസ്റ്റ് മൈൽ ഫസ്റ്റ് മൈൽ കണക്ടിവിറ്റിയ്ക്കായി പരീക്ഷണാടിസ്ഥാനത്തിൽ താൽക്കാലികമായി ഫീഡർ സർവീസുകൾ ആരംഭിച്ചിട്ടുണ്ട്. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കാനും വാഹനപ്പെരുപ്പം നിയന്ത്രിക്കുന്നതിനുമായി ഇത്തരത്തിൽ വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

പൊതുഗതാഗത രംഗത്തെ ജലഗതാഗതം മെച്ചപ്പെടുത്താൻ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ബോട്ട് സർവീസുകൾ നടത്തിവരുന്നു. ജലഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാസഞ്ചർ സർവീസുകൾക്ക് പുറമെ പാസഞ്ചർ കം ടൂറിസ്റ്റ് സർവീസുകളും, റസ്ക്യൂ ആൻഡ് ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആംബുലൻസ് സർവീസുകളും വാട്ടർ ടാക്സി സർവീസുകളും പൊതുജനങ്ങൾക്ക് യാത്രാതടസ്സം ഉണ്ടാകാത്ത വിധത്തിൽ സർവീസുകൾ മുടക്കം കൂടാതെ നടത്തുന്നതിന് ആലപ്പുഴ പോഞ്ഞിക്കരയിൽ സ്ലിപ് വേ, ഡ്രൈഡോക്ക് എന്നിവ നിർമ്മിച്ച് ബോട്ടുകളുടെ അറ്റകുറ്റപ്പണികളും കൃത്യമായി നടത്തിവരുന്നു. ഇന്ത്യയിൽത്തന്നെ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് ആദിത്യ നിർമ്മാണം പൂർത്തിയാക്കി വൈക്കം-തവണക്കടവ് റൂട്ടിൽ സർവീസ് നടത്തിവരുന്നു. സോളാർ ബോട്ടിന്റെ പ്രവർത്തനം വിജയമായതിനെത്തുടർന്ന് 5 വർഷംകൊണ്ട് 50% ബോട്ടുകൾ

സോളാറിലേയ്ക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 ബോട്ടുകളിൽ 5 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർവീസ് നടത്തിവരുന്നു. ജലഗതാഗത മേഖലയിൽ ബഡ്ജറ്റ് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ കം ടൂറിസം സർവീസുകളും വകുപ്പ് നല്ല രീതിയിൽ നടത്തിവരുന്നു. ഇത്തരത്തിൽ വിനോദസഞ്ചാര മേഖലയിലുള്ള വകുപ്പിന്റെ സാന്നിധ്യം ഊട്ടിയുറപ്പിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ ഒന്നാണ് ഇന്ത്യയിലെ ആദ്യത്തെ സംരംഭമായ സോളാർ ക്രൂയിസ് വെസ്സൽ - ഇന്ദ്ര. പൊതുജനങ്ങൾക്ക് മികച്ച സേവനം നൽകുന്നതിനായി ആധുനിക രീതിയിലുള്ള ബോട്ടുകൾ കൂടുതലായി സർവീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൊച്ചി മെട്രോ ഘട്ടം 1-ന്റെ എക്സ്റ്റൻഷനായ പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻവരെ

പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറവരെ സജ്ജമായിക്കൊണ്ടിരിക്കുന്ന എക്സ്റ്റൻഷൻ ഉടൻ പ്രവർത്തനമാരംഭിക്കും. യാത്രക്കാരുടെ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനായി 75 ഇലക്ട്രിക് ഓട്ടോറിക്ഷകളും ഫീഡർ ലൈസൻസിൽ ഓടുന്ന 30 ഇലക്ട്രിക് ഓട്ടോറിക്ഷകളും ചേർന്ന് ആകെ 105 ഇലക്ട്രിക് ഫീഡർ ഓട്ടോറിക്ഷകൾ സർവ്വീസ് നടത്തുന്നു. കൊച്ചി അന്താരാഷ്ട്ര എയർപോർട്ടിൽനിന്നും മെട്രോ സ്റ്റേഷനുകളിലേക്ക് യാത്രക്കാർക്ക് എത്തിച്ചേരുന്നതിന് ഇലക്ട്രിക് ഫീഡർ ബസ് സർവീസ് ഏർപ്പെടുത്തിയിട്ടുണ്ട്. കളമശ്ശേരി മെട്രോ സ്റ്റേഷനിൽനിന്നും മെഡിക്കൽ കോളേജിലേയ്ക്കും ഇൻഫോപാർക്കിലേയ്ക്കും ഫീഡർ ബസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വാഹനേതര യാത്രാ സംവിധാനത്തിന്റെ ഭാഗമായി ആയിരത്തോളം സൈക്കിളുകൾ മെട്രോ സ്റ്റേഷനുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കാൽനട യാത്രക്കാർക്കായി പെഡസ്ട്രിയൻ പാത്തുകൾ നിർമ്മിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട് പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റെയിൽവേ പദ്ധതികളുടെ പുരോഗതിക്കും വികസനത്തിനും പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുംവേണ്ടി ഇന്ത്യൻ റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തോടെ ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി (കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) രൂപീകരിക്കുകയുണ്ടായി. സുസ്ഥിര വികസനം എന്ന ആശയം ലക്ഷ്യമിട്ട് കേരളത്തിന് അനുയോജ്യമായ പദ്ധതികൾ കണ്ടെത്തുന്നതിലേക്കുള്ള നടപടികൾ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിക്കുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെട്ട സർവീസ് സെക്ടറാക്കുന്നതിനും പരമാവധി ലാഭകരമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി വായ്പാ വിഹിതയിനത്തിൽ

2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1379.50 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 87.21 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 85.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 17.82 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് വിവിധ ശ്രേണികളിൽപ്പെട്ട ബസ്സുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. പ്രതിദിന വരുമാനത്തിൽനിന്നും പെൻഷൻ നൽകാൻ കഴിയാതെ വന്നതോടെ സർക്കാർ മുൻകൈയെടുത്ത് സഹകരണ

വകുപ്പുമായി ചേർന്ന് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ മുടക്കം കൂടാതെ നൽകിവന്നിരുന്നു. കൺസോർഷ്യം കാലാവധി കഴിഞ്ഞ മാസങ്ങളിൽ സർക്കാർ ധനസഹായം നൽകിയിരുന്നു.

പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിൽനിന്ന് ലഭ്യമാക്കിയ തുക പലിശയുൾപ്പെടെ സർക്കാർതന്നെ മടക്കി നൽകുകയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം കിഫ്ബിയിൽ നിന്നുള്ള ധനസഹായം, പദ്ധതി വിഹിതത്തിൽ ബസ്സുകൾ വാങ്ങുന്നതിനായി വകയിരുത്തിയ തുക, സ്മാർട്ട് സിറ്റി പദ്ധതി എന്നിവ ഉപയോഗപ്പെടുത്തി കൂടുതൽ ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതിനോടൊപ്പം ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് ഘട്ടം ഘട്ടമായി നടപ്പിലാക്കിവരുന്നു. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഉപയോഗയോഗ്യമല്ലാത്ത ബസ്സുകൾ സ്റ്റാളുകളാക്കി മാറ്റി വിവിധ ഏജൻസികൾക്ക് വാടകയ്ക്ക് നൽകുന്ന ഷോപ്പ് ഓൺ വീൽസ്, പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി.

പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദസഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിംഗ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ല്യൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതി, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിംഗ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ലോജിസ്റ്റിക്സ് പദ്ധതി എന്നിവയുൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ

സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

കെ.എസ്.ആർ.ടി.സി.-യെ പരമാവധി ലാഭകരമാക്കുന്നതിനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിലേക്ക് ബസ്സുകളിൽ പരസ്യം പതിപ്പിക്കൽ, ബസ്സുകൾ വാടകയ്ക്ക് നൽകൽ, കേരളത്തിലെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യത്തിനായി ബസുകൾ അനുവദിച്ചുനൽകൽ, യൂണിറ്റുകളിലെ സ്ഥലങ്ങളും കടമുറികളും കച്ചവട സംബന്ധമായ ആവശ്യങ്ങൾക്ക് വാടകയ്ക്ക് അനുവദിക്കൽ, കോഫി വെൻഡിംഗ് (LR Stall) സ്ഥാപിക്കുന്നതിലേയ്ക്കായി സ്ഥലം വാടകയ്ക്ക് അനുവദിക്കൽ, LED display, കൊറിയർ & പാഴ്സൽ സർവ്വീസ് തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ അധിക വരുമാനം കണ്ടെത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം,

ബസ്സിലെ പരസ്യം, മൊബൈൽ ടവർ, ഷോപ്പ് ഓൺ വീൽസ്, ATM കൗണ്ടറുകൾ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു.

**കോവിഡിനെത്തുടർന്ന് നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

**291 (1915)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെത്തുടർന്ന് നിർത്തിവച്ച പല സർവീസുകളും കെ.എസ്.ആർ.ടി.സി. പുനരാരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് കാലത്ത് പൊതുഗതാഗത സംവിധാനങ്ങൾ പൂർണ്ണമായും റദ്ദ് ചെയ്തതിനെത്തുടർന്ന് സംസ്ഥാനാടിസ്ഥാനത്തിൽ മുഴുവൻ സർവീസുകളും നിർത്തിവച്ചിരുന്നു. എന്നാൽ കോവിഡ് കാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെത്തുടർന്ന് നിന്നുപോയതും ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

(ബി) പുതുക്കാട് മണ്ഡലത്തിലെ മുപ്ലിയം, ചീമ്മിനി, വെള്ളാനിക്കോട്, മരോട്ടിച്ചാൽ, കോടാലി, ഇഞ്ചക്കുണ്ട്, തുടങ്ങിയ ഗ്രാമീണ മേഖലയിലേക്ക് തൃശ്ശൂർ, മെഡിക്കൽ കോളേജ്, ഇരിങ്ങാലക്കുട തുടങ്ങിയ സ്ഥലങ്ങളിൽനിന്നും കെ.എസ്.ആർ.ടി.സി. സർവീസ് നടത്തിയിരുന്നത് പുനഃരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പുതുക്കാട് മണ്ഡലത്തിലെ മുപ്ലിയം, കോടാലി, ഇഞ്ചക്കുണ്ട് എന്നിവിടങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. സർവീസുകൾ ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്.

ചീമ്മിനി, വെള്ളാനിക്കോട്, മരോട്ടിച്ചാൽ എന്നീ ഗ്രാമീണ മേഖലകളിലേക്കുള്ള റൂട്ടുകളിലെ സാധ്യതപഠനം നടത്തി ആവശ്യം പരിശോധിക്കുന്നതാണ്.

**ക്യാൻസൽ ചെയ്യുന്ന ഓൺലൈൻ ടിക്കറ്റുകളുടെ തുക**

**292 (1916)** <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഓൺലൈൻ ടിക്കറ്റുകൾ എടുത്തതിനുശേഷം ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ യാത്രക്കാരന് തുക തിരിച്ചുനൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ഓൺലൈൻ റിസർവേഷൻവഴി ടിക്കറ്റ് ബുക്ക് ചെയ്യുന്ന യാത്രക്കാർ റിസർവേഷൻ ക്യാൻസൽ ചെയ്യുന്നപക്ഷം ലഭിക്കുന്ന ടിക്കറ്റ് നിരക്ക് ചുവടെ ചേർക്കുന്നു.

| Cancellation Fee | Duration |
|---|---|
| No Cancellation Fee | Before 72 Hrs |
| 10% of the basic fare | Between 72 hrs and 48 hrs before the departure time |
| 25% of the basic fare | Between 48 hrs and 24 hrs before the departure time |
| 40% of the basic fare | Between 24 hrs and 12 hrs before the departure time |
| 50% of the basic fare | Between 12 hrs and 2 hrs before the departure time |
| No refund | Less than two hrs before the departure time and at/after the departure time |

കെ.എസ്.ആർ.ടി.സി.-യുടെ കൗണ്ടറുകളിൽനിന്നും ബുക്ക് ചെയ്ത ടിക്കറ്റുകൾ കൗണ്ടറിൽത്തന്നെ നൽകി ക്യാൻസൽ ചെയ്യാൻ സാധിക്കുന്നതാണ്. കൗണ്ടർവഴി എടുത്ത ടിക്കറ്റുകൾ ക്യാൻസൽ ചെയ്യുന്ന പക്ഷം യാത്രക്കാർക്ക് അപ്പോൾത്തന്നെ റീഫണ്ട് ക്യാഷ് ആയി നൽകുന്നതാണ്. ഓൺലൈൻവഴി ടിക്കറ്റെടുത്ത യാത്രക്കാർക്ക് സ്വമേധയാ ഓൺലൈൻവഴി ക്യാൻസൽ ചെയ്യാവുന്നതും റീഫണ്ട് തുക 24 മണിക്കൂർ മുതൽ പരമാവധി മൂന്ന് ബാങ്ക് പ്രവൃത്തി ദിവസത്തിനുള്ളിൽ പ്രസ്തുത അക്കൗണ്ടിലേക്ക് റീഫണ്ട് ആകുന്നതുമാണ്.

(ബി) ഇപ്രകാരം ക്യാൻസൽ ചെയ്യുന്ന ടിക്കറ്റുകളുടെ തുക യാത്രക്കാരുടെ അക്കൗണ്ടിലേക്ക് തിരികെ നൽകുന്നതിൽ വീഴ്ച സംഭവിക്കുന്നതായി പരാതികൾ ഉയരുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തരമായി പരിശോധന നടത്തി തുക തിരികെ യാത്രക്കാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉണ്ട്. ടിക്കറ്റ് ക്യാൻസൽ ചെയ്യുന്നപക്ഷം 24 മണിക്കൂർ മുതൽ പരമാവധി മൂന്ന് ദിവസത്തിനുള്ളിൽ പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ തുക

റീഫണ്ട് ആകുന്നതാണ്. റീഫണ്ട് നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനും സാങ്കേതിക തകരാർ കാരണം റീഫണ്ട് വൈകിയിട്ടുണ്ടെങ്കിൽ കെ.എസ്.ആർ.ടി.സി.-യിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന Operating Control Centre മുഖാന്തരം പരിഹാരം തേടാവുന്നതുമാണ്.

കൂടാതെ പേമെന്റ് ഗേറ്റ്‌വേയിലൂടെ യാത്രക്കാർക്ക് റീഫണ്ട് ഇനിഷ്യേറ്റ് ചെയ്ത വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. Acquirer Reference No. & Transaction Reference No. എന്നിവ ഉപയോഗിച്ച് യാത്രക്കാരന് തന്നെ ബാങ്ക് അക്കൗണ്ടിൽ തുക ലഭ്യമായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട ബാങ്ക് മുഖാന്തരം പരിശോധിക്കാവുന്നതാണ്.

**സിറ്റി സർക്കുലർ ബസ് സർവീസ്**

**293 (1917)** <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി സർക്കുലർ ബസ് സർവീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് കോർപ്പറേഷനുകൾ എത്ര ബസ്സുകൾ വാങ്ങി

നൽകിയിട്ടുണ്ട്; പ്രസ്തുത ബസ്സുകൾ സർവീസ് നടത്തുന്നതുസംബന്ധിച്ച് കോർപ്പറേഷനുകളുമായി കെ.എസ്.ആർ.ടി.സി. കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കുറഞ്ഞ നിരക്കിൽ ബസ് സർവീസ് നടത്തുന്നതുസംബന്ധിച്ച വ്യവസ്ഥ കരാറിൽ ഉൾപ്പെട്ടിട്ടുണ്ടോ; ബസ്സുകളുടെ സർവീസ് നടത്തലും മെയിന്റനൻസ് പണിയും അല്ലാതെ എന്തൊക്കെ ചുമതലകളാണ് കെ.എസ്.ആർ.ടി.സി.-യിൽ നിക്ഷിപ്തമായിട്ടുള്ളത്; ഇത്തരം സർവീസുകൾ ഏകപക്ഷീയമായി അവസാനിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-ക്ക് അധികാരമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) സിറ്റി സർക്കുലർ ബസ് സർവീസ് നടത്തുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് തിരുവനന്തപുരം കോർപ്പറേഷൻ സ്മാർട്ട് സിറ്റി പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച 113 എണ്ണം 9 മീറ്റർ നോൺ എ.സി. ബസ്സുകളിൽനിന്നും ഇപ്പോൾ 80 ബസുകൾ ലഭ്യമായിട്ടുണ്ട്. ഇതോടൊപ്പം

സ്മാർട്ട് സിറ്റി ഫണ്ടിൽനിന്നു വാങ്ങുന്ന 2 ഇലക്ട്രിക് Double decker ബസ്സുകളും ലഭ്യമായിട്ടുണ്ട്.

ബസ്സുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ്, സ്മാർട്ട് സിറ്റി, തിരുവനന്തപുരം കോർപ്പറേഷൻ എന്നിവരുമായി ഏർപ്പെട്ടിട്ടുള്ള കരാറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കുറഞ്ഞ നിരക്കിൽ ബസ് സർവീസ് നടത്തുന്നതുസംബന്ധിച്ച വ്യവസ്ഥ കരാറിൽ ഉൾപ്പെട്ടിട്ടില്ല. ഇത്തരം സർവീസ് നിർത്തലാക്കാൻ തീരുമാനിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക് ബസ്സുകൾ**

**294 (1918)** ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഇലക്ട്രിക് ബസ്സുകൾ ലാഭകരമായാണോ സർവീസ് നടത്തുന്നത് എന്നതുസംബന്ധിച്ച് കെ.എസ്.ആർ.ടി.സി. എം.ഡി.-യോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ; എങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിഷയം പരിശോധിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് കേരള ബാങ്കും സംസ്ഥാന സർക്കാരും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ധാരണയിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്; എത്ര ശതമാനം പലിശയ്ക്കാണ് സഹകരണ ബാങ്കുകളുടെ കൺസോർഷ്യം പണം അനുവദിക്കുന്നത്; പ്രസ്തുത വായ്പ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിരമിച്ച ജീവനക്കാരുടെ 12-2023 മുതൽ 11-2024 വരെയുള്ള കാലയളവിലെ പെൻഷൻ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യംവഴി വിതരണം ചെയ്യണമെന്നാണ് പ്രധാന വ്യവസ്ഥ. ഇത്തരത്തിൽ ഓരോ മാസവും അനുവദിക്കുന്ന തുക 8.80% പലിശ സഹിതം 6 മാസത്തിനുള്ളിൽ കെ.എസ്.ആർ.ടി.സി. മടക്കി നൽകണമെന്നാണ് വ്യവസ്ഥയിൽ

സൂചിപ്പിച്ചിരിക്കുന്നത്. കരാറിന്റെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ഹരിപ്പാട് ഡിപ്പോയിൽനിന്നും പുതിയ സർവീസുകൾ ആരംഭിക്കുന്നതിന് നടപടി**

**295 (1919)** <u>ശ്രീ. രമേശ് ചെന്നിത്തല</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പുതിയ സർവീസുകൾ ആരംഭിക്കുന്നതിനായി ഹരിപ്പാട് പാസഞ്ചേഴ്സ് ഫോറം നൽകിയിട്ടുള്ള നിവേദനങ്ങളിന്മേൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എത്ര സർവീസുകൾ ഇതിന്റെ ഫലമായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടെന്നും ഏതെല്ലാം സർവീസുകൾ ആരംഭിക്കുന്നതിനാണ് ആവശ്യപ്പെട്ടിരുന്നതെന്നും അറിയിക്കാമോ?

ഹരിപ്പാട് പാസഞ്ചർ ഫോറം എം.എൽ.എ. മുഖാന്തരം നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ട പ്രകാരം ഹരിപ്പാട് ഡിപ്പോയിൽനിന്നും 05.40-ന് കോഴിക്കോട് സർവീസ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ 08.00 മണി കെ.വി ജെട്ടി, 05.15 മണി ആയപ്പറമ്പ് - തിരുവനന്തപുരം, 09.00 മണി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയപ്പറമ്പ്, 08.00 മണി വഴുതാനം എന്നീ സർവീസുകൾ ഇതിനോടകം പുനഃരാരംഭിച്ചിട്ടുണ്ട്. ഇവ കൂടാതെ ഹരിപ്പാട് നിന്നും പരപ്പ, കോഴിക്കോട്, കട്ടപ്പന എന്നിവിടങ്ങളിലേക്ക് സർവീസ് ആരംഭിക്കുന്നതിനാണ് അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്. ഇത് പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത ഡിപ്പോയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പുതിയ ട്രിപ്പുകൾ ആരംഭിക്കുന്നതിനും സഹായകരമായ രീതിയിൽ ഇവിടേക്ക് കൂടുതൽ ജീവനക്കാരെയും ബസ്സുകളും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഹരിപ്പാട് ഡിപ്പോയിൽനിന്ന് പുതിയ സർവീസുകൾ/ട്രിപ്പുകൾ ആരംഭിക്കുന്നതിന് സാധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകൾ**

**296 (1920)** <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്കായി വാങ്ങിയ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകൾ കിഫ്ബി വായ്പയെടുത്താണോ വാങ്ങിയതെന്ന് വ്യക്തമാക്കാമോ; എത്ര രൂപയാണ് വായ്പയെടുത്തതെന്നും വായ്പയുടെ പലിശനിരക്ക് എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് കമ്പനിക്കായി വാങ്ങിയ പി.എം.ഐ. കമ്പനിയുടെ നിലവിലെ 50 ഇലക്ട്രിക് ബസ്സുകൾ 46.22 കോടി രൂപ കിഫ്ബി വായ്പയിലാണ് വാങ്ങിയത്; വായ്പയുടെ പലിശനിരക്ക് 4 ശതമാനമാണ്.

(ബി) പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകൾ ഒരു ഫുൾ ചാർജ്ജ് ചെയ്യാൻ എത്ര യൂണിറ്റ് വൈദ്യുതി വേണമെന്നും ഒരു ചാർജ്ജിൽ ശരാശരി എത്ര കിലോമീറ്റർ ഓടിക്കാൻ കഴിയുന്നുണ്ടെന്നും വ്യക്തമാക്കാമോ?

പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകൾ ഒരു ഫുൾ ചാർജ്ജ് ചെയ്യാൻ 30 ശതമാനത്തിൽനിന്ന് 100 ശതമാനത്തിൽ എത്തുന്നതിന് ശരാശരി 98 kWh (യൂണിറ്റ്) ആവശ്യമാണ്.

ഒരു ചാർജ്ജിൽ ശരാശരി 140 കിലോമീറ്റർ ഓടിക്കാൻ കഴിയുന്നുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകൾക്ക് എത്ര വർഷമാണ് കമ്പനി വാറണ്ടി നൽകിയിട്ടുള്ളതെന്നും എത്ര വർഷത്തെ മെയിന്റനൻസ് സപ്പോർട്ടാണ് ഉറപ്പ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകൾക്ക് രണ്ട് വർഷമാണ് കമ്പനി വാറണ്ടി നൽകിയിട്ടുള്ളത്. രണ്ട് വർഷത്തെ വാറണ്ടിയ്ക്കുശേഷമുള്ള അഞ്ച് വർഷത്തെ മെയിന്റനൻസ് സപ്പോർട്ടാണ് ഇലക്ട്രിക്കൽ ഭാഗങ്ങൾക്ക് ഉറപ്പ് നൽകിയിട്ടുള്ളത്.

**ദരിദ്ര കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര**

**297 (1921)** <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര ലഭ്യമാണോ; എങ്കിൽ

സൗജന്യയാത്രയ്ക്കായി പ്രത്യേക കാർഡ് കെ.എസ്.ആർ.ടി.സി. നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ അതിദരിദ്ര കുടുംബങ്ങളിലെ വിദ്യാർഥികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ യാത്ര ലഭ്യമാക്കിയിട്ടുണ്ട്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ എല്ലാ വിദ്യാർഥികൾക്കും വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി കെ.എസ്.ആർ.ടി.സി. ബസുകളിൽ സമ്പൂർണ്ണ സൗജന്യ യാത്ര അനുവദിച്ചുകൊണ്ട് 04-10-2023-ൽ G.O.(Rt) No. 434/2023/TRANS നമ്പരിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി വിദ്യാർഥികൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകുന്ന വിദ്യാഭ്യാസ യാത്രാ പാസിൽ മോട്ടോർ വാഹന വകുപ്പും കെ.എസ്.ആർ.ടി.സി.-യും സീൽ പതിപ്പിച്ച് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി വരെയുള്ള എല്ലാ ബസ്സുകളിലും വിദ്യാർഥികൾക്ക് ടി സമ്പൂർണ്ണ സൗജന്യ യാത്രാപാസ് ഉപയോഗിച്ച് യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ട്.

**പെൻഷൻ വിതരണത്തിനായി സഹകരണബാങ്ക് കൺസോർഷ്യവുമായുള്ള കരാർ**

**298 (1922)** ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എല്ലാ മാസവും ആദ്യ ആഴ്ചയിൽത്തന്നെ പെൻഷൻ നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

കഴിയുന്നില്ല. കോർപ്പറേഷന്റെ സാമ്പത്തിക പരാധീനത നിമിത്തം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖാന്തരമായിരുന്നു പെൻഷൻ വിതരണം ചെയ്തിരുന്നത്. എന്നാൽ പലിശ നിരക്ക് വർദ്ധിപ്പിക്കണമെന്ന കൺസോർഷ്യം ബാങ്കുകളുടെ ആവശ്യത്തിൽ തീരുമാനമാകാത്തതിനെത്തുടർന്ന് പെൻഷൻ വിതരണം മുടങ്ങുകയുണ്ടായി. ടി പ്രതിസന്ധി ഘട്ടത്തിൽ സർക്കാർ 2023 മാർച്ച് മാസം മുതൽ പെൻഷൻ വിതരണത്തിനായുള്ള തുക കെ.എസ്.ആർ.ടി.സി.-ക്ക് നേരിട്ട് അനുവദിക്കുകയും ടി തുക വിനിയോഗിച്ച് 2023 നവംബർ മാസം വരെയുള്ള

പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്തിട്ടുമുണ്ട്. പലിശ നിരക്ക് വർദ്ധിപ്പിക്കണമെന്ന സഹകരണ സംഘങ്ങളുടെ കൺസോർഷ്യത്തിന്റെ ആവശ്യത്തിന്മേൽ തീരുമാനമാകാത്ത സാഹചര്യം, സർക്കാരിൽനിന്നും അനുവദിക്കുന്ന പ്രതിമാസ പെൻഷൻ തുക സ്വാഭാവിക നടപടിക്രമങ്ങൾ പൂർത്തീകരിക്കാനെടുക്കുന്ന കാലതാമസം എന്നിവ നിമിത്തമാണ് പെൻഷൻകാർക്ക് എല്ലാ മാസവും ആദ്യ ആഴ്ചയിൽത്തന്നെ പെൻഷൻ വിതരണം ചെയ്യാൻ സാധിക്കാതിരുന്നത്. നിലവിൽ സഹകരണ ബാങ്ക് കൺസോർഷ്യം വഴി 12-2023 മുതൽ 11-2024 വരെയുള്ള ഒരു വർഷക്കാലത്തെ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള പുതിയ കരാർ 10-01-2024-ൽ ഒപ്പുവച്ചിട്ടുണ്ട്.

(ബി) പെൻഷൻ വിതരണത്തിനായി സഹകരണബാങ്ക് കൺസോർഷ്യവുമായി ഉണ്ടാക്കിയ കരാറിൽ എന്തെങ്കിലും മാറ്റം വരുത്തണമെന്ന് സഹകരണ വകുപ്പിൽനിന്നും അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

8.8% നിരക്കിൽ സഹകരണ ബാങ്ക് കൺസോർഷ്യംവഴി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള പുതിയ കരാറാണ് 10-01-2024-ൽ ഒപ്പുവച്ചിട്ടുള്ളത്. എന്നാൽ, കൺസോർഷ്യം നിക്ഷേപങ്ങളുടെ പലിശ നിരക്ക് 10 ശതമാനമായി ഉയർത്തണമെന്നും കൂടാതെ കെ.എസ്.ആർ.ടി.സി. കൺസോർഷ്യത്തിൽ കരാർ പ്രകാരം 8% പലിശനിരക്കിൽ മുമ്പ് നിക്ഷേപിച്ചിട്ടുള്ള കുടിശ്ശിക തുക മുഴുവനും തിരികെ ലഭ്യമാക്കിയാൽ മാത്രമേ ഇനി കൺസോർഷ്യവുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്നും സഹകരണ സംഘം രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(സി) പെൻഷൻ വിതരണം ചെയ്ത ഇനത്തിൽ സഹകരണ ബാങ്കുകൾക്ക് കെ.എസ്.ആർ.ടി.സി. തുക തിരിച്ചടയ്ക്കാനുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖാന്തരം ചെലവഴിച്ച തുക സർക്കാരാണ് കൺസോർഷ്യത്തിന് മടക്കി നൽകിവരുന്നത്. ഈ ഇനത്തിൽ നവംബർ 2022 മുതൽ ഫെബ്രുവരി 2023 വരെ പെൻഷൻ വിതരണത്തിനായി

ചെലവഴിച്ച തുക, സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ കണക്കുപ്രകാരം 8% പലിശ ഉൾപ്പടെ 297,67,15,193/- രൂപ സഹകരണ ബാങ്കുകളുടെ കൺസോർഷ്യത്തിന് തിരിച്ചടയ്ക്കാനുണ്ട്.

(ഡി) പെൻഷൻ വിതരണത്തിനായി പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സഹകരണ ബാങ്ക് കൺസോർഷ്യവുമായി ഒപ്പുവച്ച സാഹചര്യത്തിൽ പെൻഷൻ വിതരണത്തിനായി പുതിയ പദ്ധതികളൊന്നും ~~തന്നെ~~ ആവിഷ്ക്കരിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യിൽ ഏകീകൃത സോഫ്റ്റ്‌വെയർ**

**299 (1923)** <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>**:** താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

നടപ്പിലാക്കിയിട്ടില്ല. ഏകീകൃത ഡാഷ്ബോർഡ് നടപ്പിലാക്കുന്നതിനായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ഡീസൽ ബസ്സുകൾക്ക് മുൻഗണന**

**300 (1924)** ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ബസ്സുകൾക്ക് പകരം ഡീസൽ ബസ്സുകൾക്ക് മുൻഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപ്രകാരം തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) നിലവിൽ തീരുമാനിച്ചിട്ടില്ല.

(സി) ഇലക്ട്രിക് ബസ്സുകൾ നഷ്ടമാണെന്ന് കെ.എസ്.ആർ.ടി.സി. കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം നൽകുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽനിന്നും നിലവിൽ ലഭ്യമാക്കിയ വരവ് ചെലവ് കണക്കിൽ വരുമാനവും പ്രവർത്തന ചെലവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ഓരോ ബസ്സിന്റെയും ഒരു നിശ്ചിത കാലയളവിലുള്ള ഓരോ ദിവസത്തെയും വരുമാനം, ചെലവ് എന്നിവ

സംബന്ധിച്ചും റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതി പ്രകാരം ലഭ്യമായ ബസ്സുകളായതിനാൽ മൂലധന ചെലവ് കണക്കാക്കാത്തതും കിഫ്ബി വായ്പയ്ക്ക് രണ്ട് വർഷം മോറട്ടോറിയമുള്ളതിനാൽ വായ്പ തിരിച്ചടവ് ആരംഭിച്ചിട്ടില്ല എന്നതിനാലും ടി കണക്കുകൾകൂടി ഉൾപ്പെടുത്തി വിശകലനം നടത്തിയെങ്കിൽ മാത്രമേ ലാഭനഷ്ടങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ ബസ് സർവീസുകൾ**

**301 (1925)** ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ ഇലക്ട്രിക് ബസ്സുകളിൽ നിന്നുള്ള ഒരു മാസത്തെ ശരാശരി വരുമാനം എത്രയാണ്; പ്രസ്തുത സർവീസുകൾ നടത്തുന്നതിനായുള്ള ഒരു മാസത്തെ ശരാശരി ചെലവ് എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ?

സിറ്റി സർക്കുലർ സർവീസ് ബസ്സുകളുടെ വരവിന്റെയും പ്രവർത്തന ചെലവിന്റെയും താരതമ്യം ചെയ്ത റിപ്പോർട്ട് അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒരു മാസത്തെ ശരാശരി വരുമാനം 1.43 കോടി രൂപയും നടത്തുന്നതിനായുള്ള ഒരു മാസത്തെ ശരാശരി പ്രവർത്തന ചെലവ് 1.06 കോടി രൂപയുമാണ്.

(ബി) സിറ്റി സർക്കുലർ ഇലക്ട്രിക് ബസ്സുകളിൽ ഒരു ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ചെലവുവരുന്ന തുക എത്രയാണ്; പ്രസ്തുത ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുമ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ്; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ഇലക്ട്രിക് ബസുകൾക്ക് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി 26.83 രൂപ പ്രവർത്തന ചെലവ് വരുന്നതായി കണക്കാക്കിയിട്ടുണ്ട്.

ടി സർവീസുകൾക്ക് ഓരോ കിലോമീറ്ററിലും ശരാശരി 36.77 രൂപ വരുമാനമായി ലഭിക്കുന്നുണ്ട്.

(സി) സിറ്റി സർക്കുലർ ഡീസൽ ബസ്സുകളിൽ ഒരു ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ചെലവുവരുന്ന തുക എത്രയാണ്;

പ്രസ്തുത ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുമ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം എത്രയാണ്; വ്യക്തമാക്കുമോ?

സിറ്റി സർക്കുലർ ഡീസൽ ബസ്സുകളിൽ ഒരു ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുന്നതിന് ശരാശരി ചെലവ് വരുന്ന തുക 73/- രൂപയും പ്രസ്തുത ബസ് ഒരു കിലോമീറ്റർ സർവീസ് നടത്തുമ്പോൾ ലഭിക്കുന്ന ശരാശരി വരുമാനം 42/- രൂപയുമാണ്.

(ഡി) സിറ്റി സർക്കുലറായി ഡീസൽ ബസ്സുകൾ സർവീസ് നടത്തിയപ്പോൾ ഒരു ദിവസത്തെ ശരാശരി യാത്രക്കാരുടെ എണ്ണം എത്രയായിരുന്നു; ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തിയപ്പോൾ ശരാശരി യാത്രക്കാരുടെ എണ്ണം എത്രയാണ്; വ്യക്തമാക്കുമോ?

താരതമ്യേന വലിപ്പക്കൂടുതലുള്ള ഒരു ഡീസൽ ബസ് ഉപയോഗിക്കുമ്പോൾ ഒരു ദിവസം ശരാശരി 625 യാത്രക്കാരും ഇലക്ട്രിക് ബസ്സിൽ ഒരു ദിവസം ശരാശരി 525 യാത്രക്കാരെയും ലഭിക്കുന്നുണ്ട്.

(ഇ) സിറ്റി സർക്കുലർ ബസ്സുകൾ നഷ്ടത്തിലാണോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ടിക്കറ്റ് നിരക്ക് ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; എത്ര

രൂപയാണ് ഉയർത്താൻ തീരുമാനിച്ചിട്ടുള്ളത്; ടിക്കറ്റ് നിരക്ക് ഉയർത്തി ജനങ്ങൾക്ക് അധികഭാരം നൽകുന്ന നടപടി ഒഴിവാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ക്യാപിറ്റൽ കോസ്റ്റും ബാറ്ററി റീപ്ലേസ്മെന്റ് കോസ്റ്റും കണക്കാക്കിയാൽ ഇലക്ട്രിക് ബസ് നഷ്ടത്തിലാണ്. ഇലക്ട്രിക് ബസുകളിൽനിന്നുള്ള ഒരു മാസത്തെ ശരാശരി വരുമാനം 1.43 കോടി രൂപയാണ്. പ്രസ്തുത സർവീസുകൾ നടത്തുന്നതിനായുള്ള ഒരു മാസത്തെ ശരാശരി പ്രവർത്തന ചെലവ് 1.06 കോടി രൂപയാണ്. നിരക്ക് ഉയർത്തുന്ന കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല.

**കെ.എസ്.ആർ.ടി.സി. വാങ്ങിയ ഇലക്ട്രിക് ബസ്സുകൾ**

**302 (1926)** **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):**
**ശ്രീ. റോജി എം. ജോൺ:**
**ശ്രീ. എം. വിൻസെന്റ്:**
**ശ്രീ. അൻവർ സാദത്ത്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വായ്പ ഉപയോഗിച്ച് വാങ്ങിയ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് ഇലക്ട്രിക് ബസ്സുകൾ ലാഭകരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) ഇലക്ട്രിക് ബസ്സുകൾക്ക് പകരം ഡീസൽ ബസ്സുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇലക്ട്രിക് ബസ്സുകൾക്കുമേൽ ഡീസൽ ബസ്സുകൾക്ക് മുൻഗണന നൽകാനുണ്ടായ കാരണം വിശദമാക്കാമോ?

(ബി&സി) തീരുമാനിച്ചിട്ടില്ല.

(ഡി) നിലവിൽ ഓടിക്കൊണ്ടിരിക്കുന്ന സിറ്റി സർക്കുലർ ഇലക്ട്രിക് ബസ്സുകൾ ക്രമേണ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇലക്ട്രിക് ബസ്സുകൾ പിൻവലിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ വിനോദസഞ്ചാര പദ്ധതി**

**303 (1927)** <u>**ശ്രീ. എം. വിജിൻ**</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തി വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ലാഭകരമായി നടത്തുന്നതിന് സാധിച്ചിട്ടുണ്ടോ?

സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ എല്ലാ പ്രധാനപ്പെട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ഇത്തരത്തിൽ സർവീസ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ പ്രധാനപ്പെട്ട ഡിപ്പോകളിൽനിന്നും (65 ഡിപ്പോകൾ) ബഡ്ജറ്റ് ടൂറിസം സർവീസുകൾ നടത്തിവരുന്നുണ്ട്.

(സി) കണ്ണൂർ ജില്ലയിൽനിന്നും ഏതൊക്കെ സ്ഥലങ്ങളിലേയ്ക്കാണ് ഇപ്പോൾ ടൂറിസം പാക്കേജുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂരിൽനിന്നും നടത്തുന്ന ടൂറിസം പാക്കേജുകൾ:

- വയനാട്
- മൂന്നാർ
- മലയാറ്റൂർ

- നെഫർടിടി
- വണ്ടർ ലാ
- പാലക്കയം
- വാഗമൺ
- ആലപ്പുഴ
- ഗവി
- കുമരകം
- നാലമ്പല ദർശനം (തൃപ്രയാർ, കൂടൽമാണിക്യം, മമ്മിയൂർ, പായമ്മൽ)
- ആതിരപ്പള്ളി
- തിരുനെല്ലി

**കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസുകൾ**

**304 (1928)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്തുന്നുണ്ട്; പ്രസ്തുത ഇലക്ട്രിക് ബസ്സുകൾ ലാഭകരമാണോയെന്ന്

പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇലക്ട്രിക് ബസ്സുകളുടെ പ്രതിമാസ ലാഭം എത്രയാണെന്ന് വിശദമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ്സുകൾ ലാഭകരമല്ലെന്ന രീതിയിൽ ഗതാഗത വകുപ്പുമന്ത്രി പ്രസ്താവന നടത്തിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യം വ്യക്തമാക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ നിലവിൽ 110 ഇലക്ട്രിക് ബസുകൾ സർവീസ് നടത്തുന്നു.

ലാഭനഷ്ടവിവരങ്ങൾ പരിശോധിച്ചുവരുന്നു.

(സി) കൂടുതൽ ഇലക്ട്രിക് ബസ്സുകൾ സർവീസ് നടത്താൻ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

പരിശോധിച്ചുവരുന്നു.

### കെ.എസ്.ആർ.ടി.സി. റൂട്ട് പുനഃസ്ഥാപനം

**305 (1929)** <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവീസ് റൂട്ടുകൾ പല സ്ഥലങ്ങളിലും നിർത്തലാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡീസൽ ചെലവുപോലും വഹിക്കാൻ കഴിയാത്ത ട്രിപ്പുകൾ/ സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. സർവീസ് റൂട്ടുകൾ വ്യാപകമായി നിർത്തലാക്കിയെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ടെങ്കിൽ ലാഭത്തിൽ ഓടിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി. റൂട്ടുകൾ പുനഃസ്ഥാപിക്കുമോ; വിശദമാക്കുമോ?

യാത്രക്കാർക്ക് ഗുണകരമാകുന്ന രീതിയിലുള്ളതും കോർപ്പറേഷന് നിശ്ചിത വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതുമായ മിക്കവാറും എല്ലാ ട്രിപ്പുകളും സർവീസുകളും പുനരാരംഭിച്ചിട്ടുണ്ട്. നിർത്തലാക്കിയ മറ്റ് സർവീസുകൾ ലാഭകരമാണെന്ന് മനസ്സിലാകുന്നപക്ഷം പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ബസ് സർവീസ് ഇല്ലാത്ത പ്രദേശങ്ങളിൽ പൊതുജനങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ റൂട്ടുകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡീസൽ ചെലവുപോലും ലഭിക്കാത്ത റൂട്ടുകളിൽ സർവീസ് നടത്തുന്നകാര്യം കോർപ്പറേഷന്റെ ഇന്നത്തെ അവസ്ഥയിൽ പരിഗണിക്കാനാകില്ല.

**നിർത്തലാക്കിയ സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

**306 (1930)** **ശ്രീ. വി. ജോയി:** താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലാഭകരമായി ഓടിക്കൊണ്ടിരുന്നതും കോവിഡ്-19 കാലയളവിൽ നിർത്തലാക്കിയതുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനഃരാരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

കോവിഡ്-19 കാലയളവിൽ വിവിധ ഡിപ്പോകളിൽനിന്ന് നിർത്തലാക്കിയ സർവീസുകളിൽ യാത്രക്കാർക്ക് സൗകര്യപ്രദവും കോർപ്പറേഷന് ഗുണകരമാകുന്ന എല്ലാ സർവീസുകളും ഇതിനോടകംതന്നെ പുനഃരാരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകളെ സംബന്ധിച്ച പഠനം**

**307 (1931)** ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബസ് റൂട്ടുകളെപ്പറ്റിയും ബസ്സുകളുടെ പുനഃക്രമീകരണം നടത്തുന്നതിനെപ്പറ്റിയും പഠിക്കുന്നതിന് കിഫ്ബിയുടെ കൺസൾട്ടൻസിയായ കിഫ്കോണിനെയും കെ.പി.എം.ജി.-യെയും ചുമതലപ്പെടുത്തിയിരുന്നോ; പ്രസ്തുത പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇതിന് എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

കിഫ്കോണിനെ ചുമതലപ്പെടുത്തിയിരുന്നു. അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. തുകയൊന്നും നൽകിയിട്ടില്ല.

(ബി) യാത്രാ സൗകര്യമുള്ള എല്ലാ റോഡുകളിലും പൊതുഗതാഗതം ഉറപ്പാക്കുന്നതിനായി പൊതുഗതാഗത സമഗ്ര സർവ്വേയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസി മുഖാന്തരമാണ് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നത്; മേൽപ്പറഞ്ഞ സർവേയിലെ വിവരങ്ങൾ

അപര്യാപ്തമായതിനാലാണോ പുതിയ സർവേ നടത്തുന്നത്; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പല ജില്ലകളിലും കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്സുകൾ സർവീസ് നടത്താത്തതുമൂലം പൊതുജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുവെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാത്രമല്ല ഇതിൽ ചില റൂട്ടുകളിൽ സ്റ്റേജ് കാര്യേജുകൾ ലാഭകരമായിത്തന്നെ സർവീസ് നടത്താൻ സാധിക്കുന്നതാണെന്നും മനസ്സിലാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിലെ കെ.എസ്.ആർ.ടി.സി./സ്വകാര്യ സ്റ്റേജ് കാര്യേജുകൾ സർവീസ് നടത്താത്തതും എന്നാൽ ലാഭകരമായി സർവീസ് നടത്താൻ സാധിക്കുന്നതുമായ റൂട്ടുകൾ സംബന്ധിച്ച വിവരം അറിയിക്കാൻ മോട്ടോർ വാഹന വകുപ്പിലെ എല്ലാ ആർ.ടി.ഒ.-മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് സർവേകൾ നടത്തിയിട്ടില്ല.

**ഇലക്ട്രിക് ബസുകളുടെ മെയിന്റനൻസ്**

**308 (1932)** <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് കമ്പനിക്കായി ഇലക്ട്രിക് ബസ്സുകൾ വാങ്ങിയ പി.എം.ഐ. എന്ന കമ്പനിക്ക് കേരളത്തിൽ ഇലക്ട്രിക് ബസ്സുകളുടെ സർവീസ് സെന്റർ നിലവിലുണ്ടോ; ഇല്ലെങ്കിൽ എങ്ങനെയാണ് കെ.എസ്.ആർ.ടി.സി സ്വിഫ്റ്റിലെ ഇലക്ട്രിക് ബസ്സുകൾ സർവീസും മെയിന്റനൻസും ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

പി.എം.ഐ. കമ്പനിയിൽനിന്നും വാങ്ങിയ ഇലക്ട്രിക് ബസ്സുകൾക്ക് രണ്ടുവർഷത്തെ വാറണ്ടിയും രണ്ടുവർഷത്തെ വാറണ്ടിക്കുശേഷം ഇലക്ട്രിക് ഡ്രൈവ് ലൈൻ തുടങ്ങിയവയ്ക്ക് അഞ്ചുവർഷത്തെ എ.എം.സി.-യും നൽകണമെന്നതാണ് വ്യവസ്ഥ. ആയതിനായി വാഹന നിർമ്മാതാവ് ആവശ്യമുള്ള ജീവനക്കാരെ കെ.എസ്.ആർ.ടി.സി. അനുവദിച്ചുനൽകുന്ന ഡിപ്പോകളിൽ വിന്യസിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇപ്രകാരം പി.എം.ഐ. കമ്പനി തിരുവനന്തപുരം സിറ്റി, പേരൂർക്കട എന്നീ ഡിപ്പോകളിലെ ബസ്സുകളുടെ പരിപാലനം നടത്തിവരുന്നു. ഡ്രൈവ് ലൈൻ ഇലക്ട്രിക് പാർട്സുകൾ, ബാറ്ററി തുടങ്ങിയവ ഒഴികെയുള്ള മറ്റുഭാഗങ്ങളുടെ പരിപാലനം കെ.എസ്.ആർ.ടി.സി. നടത്തിവരുന്നു.

നിലവിൽ കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് ബസ്സുകളുടെ പീരിയോഡിക് മെയിന്റനൻസ് ജോലികൾ കെ.എസ്.ആർ.ടി.സി. മെക്കാനിക്കുകളെ ഉപയോഗിച്ച് യൂണിറ്റ് വർക്ക്ഷോപ്പുകളിലാണ് നിർവഹിക്കുന്നത്.

(ബി) സ്വിഫ്റ്റിലെ പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകളുടെ ബാറ്ററിക്ക് എത്ര വർഷമാണ് കമ്പനി വാറണ്ടി നൽകിയിട്ടുള്ളത്; പുതിയ ബാറ്ററികളുടെ പരമാവധി കാലാവധി എത്രയാണെന്ന് വിശദമാക്കാമോ?

പി.എം.ഐ. കമ്പനിയുടെ ഇലക്ട്രിക് ബസ്സുകളുടെ ബാറ്ററിക്ക് രണ്ട് വർഷത്തെ വാറന്റിയും വാറന്റി കാലാവധിക്കുശേഷം 3 വർഷത്തെ Annual Maintenance Contract-ഉം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പി.എം.ഐ. ഇലക്ട്രിക് ബസ്സുകളുടെ പർച്ചേസിന് മുൻപ് അതിന്റെ നിലവാരം പരിശോധിക്കാൻ ഏതെങ്കിലും കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടായിരുന്നോ; ഉണ്ടെങ്കിൽ അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. റിപ്പോർട്ടിന്റെ പകർപ്പുകൾ അനുബന്ധമായി[+] ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ CMVR-126 പ്രകാരം Ministry of Road Transport and Highways (MoRTH) നിയോഗിച്ചിട്ടുള്ള Type approval and Homologation Agency-യിൽ നിന്നും M/s. PMI Electro Mobility Solution Pvt. Ltd. വിതരണം ചെയ്ത മോഡലിലുള്ള ഇ-ബസിന് Type approval ലഭിച്ചിട്ടുണ്ട്.

**ഇലക്ട്രിക് ബസ്സുകൾ സംബന്ധിച്ച് വാർഷിക റിപ്പോർട്ടിലെ കണ്ടെത്തലുകൾ**

**309 (1933)** <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u>
<u>ശ്രീമതി കെ. കെ. രമ:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. സി. ആർ. മഹേഷ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വാർഷിക റിപ്പോർട്ടിലെ ഇലക്ട്രിക് ബസ്സുകൾ സംബന്ധിച്ച കണ്ടെത്തലുകൾ വിശദമാക്കാമോ;

(ബി) സർവീസ് നടത്തുന്ന ഇ-ബസുകൾ ലാഭകരമാണെന്ന് വാർഷിക റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടോ?

(എ&ബി)) കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിന്റെ ഇലക്ട്രിക് ബസ്സുകൾ 01-08-2022 മുതലാണ് സർവീസുകൾ ആരംഭിച്ചത്. ഇലക്ട്രിക് ബസ്സുകൾ

സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് വിധേയമായിട്ടില്ലാത്തതിനാൽ വാർഷിക റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല.

(സി) ഇ-ബസ്സുകൾ വാങ്ങുന്നില്ല എന്ന കെ.എസ്.ആർ.ടി.സി.-യുടെ തീരുമാനത്തിന്റെ അടിസ്ഥാനം വിശദമാക്കാമോ?

ഇത്തരത്തിൽ ഒരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) കിഫ്ബി വായ്പ ഉപയോഗിച്ച് ഇ-ബസ്സുകൾ വാങ്ങിയതിൽ ക്രമക്കേട് നടന്നിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

പരാതി ലഭിച്ചിട്ടില്ല.

**പുതിയ റോഡ് ശൃംഖല പ്രയോജനപ്പെടുത്തി കെ.എസ്.ആർ.ടി.സി. സർവീസ്**

**310 (1934)** **ശ്രീ. ജോബ് മൈക്കിൾ:**
**ഡോ. എൻ. ജയരാജ്:**
**ശ്രീ. പ്രമോദ് നാരായൺ:**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി വലിയതോതിൽ നിർമ്മാണ പ്രവർത്തനം നടത്തി നവീകരിച്ച പുതിയ റോഡ് ശൃംഖലകൾ

പ്രയോജനപ്പെടുത്തി പുതിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

(ബി) പുനലൂർ-മൂവാറ്റുപുഴ, കോട്ടയം-കോഴഞ്ചേരി, ആലപ്പുഴ-ചങ്ങനാശ്ശേരി-എരുമേലി എന്നിവപോലെ സംസ്ഥാനത്തുടനീളം പുതിയ റോഡ് ശൃംഖലകൾ പ്രാവർത്തികമായത് പൂർണ്ണ അർത്ഥത്തിൽ പ്രയോജനകരമാക്കത്തക്ക വിധത്തിൽ അത്തരം പാതകളിലൂടെ അന്തർജില്ലാ സർവീസുകൾ ആരംഭിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി രൂപീകരിക്കാമോ?

പുതുതായി പണികഴിപ്പിച്ചിട്ടുള്ള റോഡ് ശൃംഖലകളിലൂടെ യാത്രക്കാരുടെ ആവശ്യം കണക്കിലെടുത്ത് കെ.എസ്.ആർ.ടി.സി.-യുടെ വരുമാന ലഭ്യതയും ഉറപ്പുവരുത്തി പുതിയ സർവീസുകൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർവീസുകൾക്ക് ഇലക്ട്രിക് ബസ്സുകൾ**

**311 (1935)** <u>**ശ്രീ. കെ. പി. എ. മജീദ്:**</u>
<u>**ഡോ. എം. കെ. മുനീർ:**</u>
<u>**ശ്രീ. മഞ്ഞളാംകുഴി അലി:**</u> **താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

**(എ) കെ.എസ്.ആർ.ടി.സി.-യുടെ സിറ്റി സർക്കുലർ സർവീസുകൾ ലാഭകരമാണോ?**

പരിശോധിച്ചുവരുന്നു.

**(ബി) പ്രസ്തുത സർവീസുകൾക്കായി ഇലക്ട്രിക് ബസ്സുകൾ ഉപയോഗിക്കുന്നുണ്ടോ?**

ഉപയോഗിക്കുന്നുണ്ട്.

**(സി) ഇലക്ട്രിക് ബസ്സുകൾ വാങ്ങേണ്ടതില്ലെന്ന് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ;**

**(ഡി) എങ്കിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലഭിക്കാനുള്ള 950 ബസ്സുകൾ നഷ്ടപ്പെടാൻ സാധ്യതയുള്ളതിനാൽ ഈ തീരുമാനം പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?**

(സി&ഡി) നയപരമായ തീരുമാനമെടുത്തിട്ടില്ല.

## കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിൽനിന്ന് നടത്തുന്ന സർവീസുകൾ

**312 (1936)** ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിൽനിന്ന് ഇപ്പോൾ സർവീസ് നടത്തുന്ന റൂട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ഡിപ്പോയിൽനിന്ന് ഇപ്പോൾ സർവീസ് നടത്തുന്ന റൂട്ടുകൾ ചുവടെ ചേർക്കുന്നു.

കാസർഗോഡ് – കണ്ണൂർ

കാസർഗോഡ് – സുള്ള്യ

കാസർഗോഡ് – മംഗലാപുരം

കാസർഗോഡ് – പുത്തൂർ

കാസർഗോഡ് – ബന്തടുക്ക

കാസർഗോഡ് – ചെറുപുഴ

കാസർഗോഡ് – കാഞ്ഞങ്ങാട്

കാസർഗോഡ് – പൊയിനാച്ചി

കാസർഗോഡ് – കല്ലംവളപ്പ്

കാസർഗോഡ് – മാനന്തവാടി

കാസർഗോഡ് – കോഴിക്കോട്

കാസർഗോഡ് – ഗുരുവായൂർ

കാസർഗോഡ് – കോട്ടയം

കാസർഗോഡ് – തൃശ്ശൂർ

കാസർഗോഡ് – പരിപ്പുതോട്

കാസർഗോഡ് – ബാംഗ്ലൂർ

കാസർഗോഡ് – പാണത്തൂർ

കാസർഗോഡ് – കുമ്പള (ഗ്രാമവണ്ടി സർവീസ്)

**(ബി) എത്ര കാലമായി ഈ സർവീസുകൾ തുടരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഈ സർവീസുകൾ ലാഭകരമാണോയെന്ന് റൂട്ട് തിരിച്ച് വ്യക്തമാക്കാമോ?**

ടി സർവീസുകളിൽ മാനന്തവാടി, ഗുരുവായൂർ, പരിപ്പുതോട്, തൃശ്ശൂർ എന്നീ ടേക്ക് ഓവർ സർവീസുകൾ ഒഴികെ മറ്റ് സർവീസുകളെല്ലാം 20

വർഷത്തിൽ കൂടുതലായി കാസർഗോഡ് ഡിപ്പോയിൽനിന്നും ഓപ്പറേറ്റ് ചെയ്യുന്നവയാണ്. ഇതിൽ

കാസർഗോഡ് – കണ്ണൂർ

കാസർഗോഡ് – മംഗലാപുരം

കാസർഗോഡ് – സുള്ള്യ

കാസർഗോഡ് – പുത്തൂർ

കാസർഗോഡ് – ബന്തടുക്ക

കാസർഗോഡ് – ചെറുപുഴ

കാസർഗോഡ് – മാനന്തവാടി

കാസർഗോഡ് – പരിപ്പുതോട്

കാസർഗോഡ് – തൃശ്ശൂർ

എന്നീ സർവീസുകൾ പ്രവർത്തനലാഭത്തിലാണ് നടത്തിവരുന്നത്.

(സി) കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ സർവീസുകൾ നിർത്തൽ ചെയ്ത റൂട്ടുകൾ ഏതൊക്കെയാണെന്നും നിർത്തൽ ചെയ്യാനുള്ള കാരണമെന്തായിരുന്നുവെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് – കാട്ടുക്കുകൈ

കാസർഗോഡ് – മല്ലം

കാസർഗോഡ് – ചീക്കാട്

കാസർഗോഡ് – നീലേശ്വരം

കാസർഗോഡ് – ആഡൂർ

കാസർഗോഡ് – കണ്ണൂർ

കാസർഗോഡ് – പാണത്തൂർ

കാസർഗോഡ് – മൈസൂർ

കാസർഗോഡ് – മംഗലാപുരം

കാസർഗോഡ് – ചിറ്റാരിക്കൽ

കാസർഗോഡ് – പുത്തൂർ

കാസർഗോഡ് – സുള്ള്യ(2)

കാസർഗോഡ് – സുബ്രഹ്മണ്യ

കാസർഗോഡ് – കോഴിക്കോട്

കോവിഡാനന്തരം മതിയായ യാത്രക്കാർ ലഭ്യമാകാത്തതിനെത്തുടർന്ന് വരുമാനലഭ്യത ഇല്ലാത്തതിനാലാണ് ടി സർവീസുകൾ നിർത്തിയത്.

(ഡി) നിർത്തൽ ചെയ്ത ഏതെങ്കിലും സർവീസുകൾ പിന്നീട് പുനഃസ്ഥാപിച്ചിട്ടുണ്ടോയെന്ന് റൂട്ട് തിരിച്ച് വ്യക്തമാക്കാമോ?

പുനഃസ്ഥാപിച്ചിട്ടുണ്ട്.

കാസർഗോഡ് – പുത്തൂർ

കാസർഗോഡ് – സുള്ള്യ(2)

കാസർഗോഡ് – സുബ്രഹ്മണ്യ

കാസർഗോഡ് – കോഴിക്കോട്

(ഇ) സ്വകാര്യ ബസ്സുകൾ സർവീസ് നടത്തുന്നതും എന്നാൽ കെ.എസ്.ആർ.ടി.സി. സർവീസ് ഇല്ലാത്തതുമായ ഏതെല്ലാം റൂട്ടുകളുണ്ടെന്ന്

വ്യക്തമാക്കാമോ; ഈ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. സർവീസ് ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

1. ഹൊസങ്കടി - ധർമ്മദഡുക്ക - ബയാർ - കണിയാല – മുല്ലിഗദൈ.

2. ഉപ്പള – സജൻകില – അനാക്കൽ - കലത്തോട് എന്നീ റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾ സർവീസ് നടത്തുന്നുണ്ടെങ്കിലും കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിച്ചിട്ടില്ല.

സ്വകാര്യ ബസ്സുകൾ സർവീസ് നടത്തുന്ന ടി റൂട്ടുകളിൽ യാത്രക്കാരുടെ ആവശ്യകതയ്ക്കനുസരിച്ച് സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കോഴിക്കോട് നഗരത്തിൽ പുതിയ സിറ്റി സർക്കുലർ ബസ്സുകൾ**

**313 (1937)** **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മാതൃകയിൽ കോഴിക്കോട് നഗരത്തിൽ പുതിയ സിറ്റി സർക്കുലർ ബസ്സുകൾ അനുവദിക്കുമോ?

പൊതുഗതാഗത സംവിധാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം നഗരത്തിൽ നടപ്പിലാക്കിയിട്ടുള്ള സിറ്റി സർക്കുലർ മാതൃകയിൽ കേരളത്തിലെ മറ്റ് പ്രധാന നഗരങ്ങളായ എറണാകുളം, കോഴിക്കോട്, തൃശ്ശൂർ എന്നിവിടങ്ങളിൽ സർവീസ് ആരംഭിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിലെത്തുന്നവരുടെ സൗകര്യാർത്ഥം നഗരത്തിൽനിന്നും 24 മണിക്കൂറും സർവീസ് നടത്താൻ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോ?

കോഴിക്കോട് ഡിപ്പോയിൽനിന്നുള്ള ദീർഘദൂര സർവീസുകൾ നിലവിൽ കോഴിക്കോട് മെഡിക്കൽ കോളേജ് ഭാഗത്തുകൂടിയാണ് കടന്നുപോകുന്നത്. ഇതിനുപരിയായി കോഴിക്കോട് നഗരത്തിൽനിന്ന് 24 മണിക്കൂറും സർവീസ് നടത്തുന്നതിന് നിലവിലെ സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് കഴിയുകയില്ല.

നിലവിൽ സ്വകാര്യ ബസ്സുകൾ കോഴിക്കോട് - മെഡിക്കൽ കോളേജ് ഭാഗത്ത് പുലർച്ചെ 04.00 മണി മുതൽ രാത്രി 10.30 വരെ സർവീസ് നടത്തുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിന് നടപടി**

**314 (1938)** ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന കാട്ടിൻമേക്കതിൽ ക്ഷേത്രത്തിൽ എത്തുന്നതിനായി കായംകുളം, കരുനാഗപ്പള്ളി ഡിപ്പോകളിൽനിന്നും വെള്ളനാത്തുരുത്തുവഴി കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കരുനാഗപ്പള്ളി യൂണിറ്റിൽനിന്നും വെള്ളനാത്തുരുത്തുവഴി കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേക്ക് 2023 നവംബർ 17 മുതൽ 28-ാം തീയതി വരെ ക്ഷേത്രഭരണ സമിതിയുടെ പ്രത്യേക ആവശ്യപ്രകാരം സ്പെഷ്യൽ സർവീസുകൾ നടത്തിയിരുന്നു. പ്രസ്തുത സർവീസ് KMML കമ്പനിയുടെ പ്രധാന മൈനിംഗ് ഏരിയയിലൂടെയാണ് കടന്നുപോകുന്നത്.

അതിനാൽ സുരക്ഷാകാരണങ്ങൾ മുൻനിർത്തി 2023 നവംബർ 30-നുശേഷം സർവീസ് തുടരുന്നതിന് അനുമതി ലഭിക്കാത്തതിനാൽ പ്രസ്തുത സർവീസുകൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുകയാണ്. KMML, പന്മന ഗ്രാമപഞ്ചായത്ത് എന്നിവരുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. എന്നാൽ കരുനാഗപ്പള്ളി ഡിപ്പോയിൽനിന്നും ശങ്കരമംഗലംവഴി യാത്രക്കാരുടെയും ഭക്തജനങ്ങളുടെയും സൗകര്യാർത്ഥം കാട്ടിൽമേക്കതിൽ ക്ഷേത്രത്തിലേക്ക് ആവശ്യമായ സർവീസ് നടത്തിവരുന്നു.

**ചാമക്കാല മുതൽ അഴീക്കോട് വരെ കെ.എസ്.ആർ.ടി.സി. ബസ്**

**315 (1939)** ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ തീരദേശ മേഖലകളിൽ സ്ഥിതിചെയ്യുന്ന ആറ് വിദ്യാലയങ്ങളിലേക്ക് കുട്ടികൾ വരുന്നതിനും പോകുന്നതിനും അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി സ്കൂൾ

സമയത്ത് ചാമക്കാല മുതൽ അഴീക്കോട് വരെ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ ചാമക്കാല - അഴീക്കോട് റൂട്ടിലൂടെ 2015-16 കാലഘട്ടത്തിൽ സർവീസ് നടത്തിയിരുന്നുവെങ്കിലും ഡീസൽ ചെലവിനുപോലും തുക ലഭ്യമാകാത്തതിനാൽ പ്രസ്തുത സർവീസുകൾ നിന്നുപോകുകയാണുണ്ടായത്.

സാധ്യതാ പഠനം നടത്തി ലാഭകരമാണെന്ന് ബോധ്യപ്പെടുന്നപക്ഷം ഇത്തരം സർവീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് അനുവദിക്കാൻ നടപടി**

**316 (1940)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയെ മലപ്പുറവുമായി ബന്ധിപ്പിക്കുന്ന എളമരം കടവിലും കൂളിമാട്ടും പാലങ്ങൾ നിർമ്മിച്ച സാഹചര്യത്തിൽ പ്രദേശത്തെ മലയോര മേഖലയിലുള്ളവർക്ക് യാത്ര സുഗമമാക്കുന്നതിന് ഈ

പാലങ്ങളിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയെ മലപ്പുറവുമായി ബന്ധിപ്പിക്കുന്ന എളമരം കടവ്, കൂളിമാട് പാലങ്ങൾവഴി കോഴിക്കോട് യൂണിറ്റിൽനിന്നും രണ്ട് സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്നു. അതിൽ 05.50-ന് പാലക്കാട് സർവീസിന് 4 ട്രിപ്പുകൾ എളമരംകടവ് പാലം വഴിയും ഒരു ട്രിപ്പ് കൂളിമാട് പാലം വഴിയും കടന്നുപോകുന്നു. കൂടാതെ 06.50-ന് ചാത്തമംഗലം ഗ്രാമവണ്ടി സർവീസിന്റെ രണ്ട് ട്രിപ്പുകളും എളമരം കടവ് പാലംവഴി കടന്നുപോകുന്ന വിധത്തിൽ സർവീസ് നടത്തിവരുന്നുണ്ട്.

യാത്രക്കാരുടെ സൗകര്യാർത്ഥം പ്രസ്തുത റൂട്ടിലൂടെ കൂടുതൽ സർവീസുകൾ/ട്രിപ്പുകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സാധ്യതാപഠനം നടത്തി സ്വീകരിക്കുന്നതാണ്.

**ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനം**

**317 (1941)** **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ വികസനത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

നിലവിൽ ഡിപ്പോയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടില്ല.

(ബി) ഈരാറ്റുപേട്ട ഡിപ്പോയിൽനിന്ന് കൂടുതൽ ദീർഘദൂര സർവീസുകൾ ആരംഭിക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) സമീപ പ്രദേശങ്ങളിലെ ഡിപ്പോകളിൽനിന്നും ആരംഭിക്കുന്ന പ്രധാനപ്പെട്ട ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട ഡിപ്പോയിലേക്ക് നീട്ടി റൂട്ട് പുനഃക്രമീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി&സി) ഈരാറ്റുപേട്ട ഡിപ്പോയിൽനിന്ന് കൂടുതൽ ദീർഘദൂര സർവീസുകൾ ആരംഭിക്കണമെന്ന ആവശ്യപ്രകാരം 09.00 മണിക്ക് കയ്പ്പള്ളി - തിരുവനന്തപുരം റൂട്ടിൽ ഒരു ഫാസ്റ്റ് പാസഞ്ചർ സർവീസ് പുനഃരാരംഭിച്ചിട്ടുണ്ട്. കൂടാതെ പാലാ ഡിപ്പോയിൽനിന്നും സർവീസ് ആരംഭിച്ചിരുന്ന 21.00 മണി ആനക്കട്ടി, 03.40 മണി കോഴിക്കോട് എന്നീ ദീർഘദൂര സർവീസുകൾ ഈരാറ്റുപേട്ട യൂണിറ്റിലേക്ക് ദീർഘിപ്പിച്ച് പുനഃക്രമീകരിച്ചിട്ടുണ്ട്.

**ബാലുശ്ശേരി മണ്ഡലത്തിൽ സർവീസ് അവസാനിപ്പിച്ച ബസ്സുകൾ**

**318 (1942)** <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020 ജനവരി മുതൽ 2024 ജനവരി വരെയുള്ള കാലയളവിൽ കോഴിക്കോട്, താമരശ്ശേരി, തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനിന്നും ബാലുശ്ശേരി മണ്ഡലത്തിലൂടെ കടന്നുപോകുന്ന എത്ര ബസ്സുകളാണ് സർവീസ് അവസാനിപ്പിച്ചിട്ടുള്ളത്; ഒരോ ബസ്സിന്റെയും

സമയവും നിർത്തലാക്കിയ വർഷവും എന്തുകൊണ്ടാണ് സർവീസ് അവസാനിപ്പിക്കേണ്ടിവന്നിട്ടുള്ളതെന്നും വിശദമാക്കാമോ?

1. കോഴിക്കോട് യൂണിറ്റിലെ 06.10 കോഴിക്കോട് - സുൽത്താൻബത്തേരി സർവീസ് 2023-ൽ വരുമാനക്കുറവ് കാരണം ട്രിപ്പുകൾ ക്രമീകരിച്ചിട്ടുള്ളതും ബാലുശ്ശേരി വഴിയുള്ള ട്രിപ്പുകൾക്കുപകരം താമരശ്ശേരിവഴി സർവീസ് നടത്തിവരികയും ചെയ്യുന്നു.

2. താമരശ്ശേരി യൂണിറ്റിലെ ചുവടെ ചേർക്കുന്ന 10 സർവീസുകൾ കോവിഡിന് ശേഷം യാത്രക്കാരുടെ കുറവുമൂലം വരുമാന ലഭ്യത കുറഞ്ഞതിനാൽ നിന്നുപോയിട്ടുണ്ട്.

1. 05.20 കൊയിലാണ്ടി
2. 06.35 ഗുരുവായൂർ
3. 07.50 കൊയിലാണ്ടി
4. 08.30 കൊയിലാണ്ടി
5. 06.40 കൊയിലാണ്ടി
6. 07.20 കൊയിലാണ്ടി
7. 08.10 കൊയിലാണ്ടി

8. 08.40 കൊയിലാണ്ടി

9. 14.00 അടിവാരം

10. 13.55 കോഴിക്കോട്

3. തൊട്ടിൽപ്പാലം യൂണിറ്റിലെ ചുവടെ ചേർക്കുന്ന 4 സർവീസുകൾ വരുമാനക്കുറവുകാരണം കോവിഡിനുശേഷം നിന്നുപോയിട്ടുണ്ട്.

1. 14.10 തൊട്ടിൽപ്പാലം – താമരശ്ശേരി
2. 06.00 തൊട്ടിൽപ്പാലം – ഈരാറ്റുപേട്ട
3. 16.30 തൊട്ടിൽപ്പാലം – പിറവം
4. 07.45 തൊട്ടിൽപ്പാലം - കുമിളി

**മാനന്തവാടി ഡിപ്പോയിൽനിന്നും സർവീസ് നടത്തുന്ന വയനാട് ജില്ലയ്ക്ക് പുറത്തുള്ള സർവീസുകൾ**

**319 (1943)** ശ്രീ ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും സർവീസ് നടത്തുന്ന വയനാട് ജില്ലയ്ക്ക് പുറത്തുള്ള സർവീസുകളുടെ എണ്ണവും സർവീസ് നടത്തുന്ന സ്ഥലവും വ്യക്തമാക്കാമോ?

മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും സർവീസ് നടത്തുന്ന വയനാട് ജില്ലയ്ക്ക് പുറത്തേയ്ക്കുള്ള മറ്റ് സ്ഥലങ്ങളിലേക്ക് ആകെ 44 സർവീസുകൾ നടത്തുന്നു.

കോഴിക്കോട് – 17

കണ്ണൂർ - 8

കാസർഗോഡ് – 4

തിരുവനന്തപുരം – 2

കോട്ടയം – 3

പത്തനംതിട്ട – 1

കോയമ്പത്തൂർ - 1

കുട്ട - 5

ബൈരക്കുപ്പ- 2

മൈസൂർ- 1

(ബി) പ്രസ്തുത ഡിപ്പോയുടെ ദൈനംദിന ശരാശരി വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി ഡിപ്പോയിൽ പ്രതിദിനം ശരാശരി 10,24,213/- രൂപ വരുമാനം ലഭിക്കുന്നു.

(സി) പ്രസ്തുത ഡിപ്പോയിൽനിന്നും ഒരു ദിവസം ആകെ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകളുടെ എണ്ണം വ്യക്തമാക്കാമോ?

പ്രതിദിനം 75 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നു.

(ഡി) പ്രസ്തുത ഡിപ്പോയിൽ ആകെ എത്ര ബസ്സുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്; വ്യക്തമാക്കാമോ?

29-01-2024-ലെ കണക്ക് പ്രകാരം മാനന്തവാടി ഡിപ്പോയിലെ 82 ബസ്സുകളിൽ 73 ബസുകളും ഡിസ്ട്രിക്ട് കോമൺ പൂളിൽനിന്നും ലഭ്യമാക്കിയ 4 ബസ്സുകളും ഉൾപ്പെടെ 77 ബസുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത്. മാനന്തവാടി ഡിപ്പോയിലെ 9 ബസ്സുകൾ വിവിധ അറ്റകുറ്റപ്പണികൾക്കായി ഡോക്കിലാണ്.

**കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ്**

**320 (1944)** <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ഏതൊക്കെ സ്ഥലങ്ങളിലാണ് കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുതുതായി ആരംഭിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്ത് പുതുതായി സ്റ്റേഷൻ മാസ്റ്റർ ഓഫീസ് ആരംഭിച്ചിട്ടുണ്ടെങ്കിൽ ധാരാളം ഓഫീസുകളും വിദ്യാലയങ്ങളും ബസ് യാത്രക്കാരും ഉൾപ്പെടുന്ന മഞ്ചേരിയിൽ, നിലവിലുണ്ടായിരുന്ന സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുതുതായി ആരംഭിച്ചിട്ടില്ല.

(സി) മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

21-12-2012-ൽ പ്രവർത്തനമാരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി. സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03-09-2017-ലാണ്

നിർത്തലാക്കിയത്. പ്രസ്തുത സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനരാരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് നൽകിയ പുതിയ ബസ്സുകൾ**

**321 (1945)** ശ്രീ. കെ. ആൻസലൻ: താഴെ  കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ എത്ര പുതിയ ബസ്സുകൾ ആണ് നൽകിയതെന്ന് വിശദമാക്കാമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര ഡിപ്പോയ്ക്ക് 17 പുതിയ ബസുകളാണ് നൽകിയിട്ടുള്ളത്.

**ഇലക്ട്രിക് ബസ് സർവീസുകൾ മലയോര-വിനോദസഞ്ചാര മേഖലകളിലും ആരംഭിക്കാൻ നടപടി**

**322 (1946)** ശ്രീ. ജി. സ്റ്റീഫൻ: താഴെ  കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര നിയോജകമണ്ഡലത്തിലെ വനമേഖലയിലേയ്ക്കും വിനോദസഞ്ചാര മേഖലകളിലേയ്ക്കും കെ.എസ്.ആർ.ടി.സി. സർവീസുകൾ ഓപ്പറേറ്റ് ചെയ്യുന്ന ആര്യനാട്, വിതുര, വെള്ളനാട് എന്നീ ഡിപ്പോകളിൽനിന്നും പരിസ്ഥിതി സൗഹൃദമായ ഇലക്ട്രിക് ബസ്സുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ വനമേഖലയിലേക്കും വിനോദസഞ്ചാര മേഖലകളിലേക്കും കെ.എസ്.ആർ.ടി.സി. ഇലക്ട്രിക് ബസ് സർവീസുകൾ ആരംഭിക്കുന്നതിന് ഇപ്പോൾ പ്രായോഗികമായി കഴിയുകയില്ല. കൂടുതൽ ഇലക്ട്രിക് ബസ് ലഭ്യമാകുന്ന മുറയ്ക്ക് സാധ്യതാപഠനം നടത്തി പരിഗണിക്കുന്നതാണ്.

**തൊട്ടിൽപാലം ഡിപ്പോയിലെ സർവീസുകൾ**

**323 (1947)** <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും നിലവിൽ എത്ര സർവീസുകൾ നടത്തുന്നുണ്ടെന്ന് അറിയിക്കുമോ?

നാദാപുരം മണ്ഡലത്തിലെ തൊട്ടിൽപ്പാലം ഡിപ്പോയിൽനിന്നും നിലവിൽ 40 സർവ്വീസുകൾ നടത്തിവരുന്നു.

**കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജ് ട്രിപ്പുകൾ**

**324 (1948)** ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽനിന്നും കെ.എസ്.ആർ.ടി.സി. ടൂർ പാക്കേജ് ട്രിപ്പുകൾ നടത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. തൃശ്ശൂർ ഡിപ്പോയിൽനിന്നും ടൂർ ട്രിപ്പുകൾ നടത്തുന്നുണ്ട്.

(ബി) തൃശ്ശൂർ കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽനിന്നും തീർത്ഥാടന ടൂറിസം, കാനനയാത്രകൾ ഉൾപ്പടെയുള്ള ടൂർ ട്രിപ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. നിലവിൽ തൃശ്ശൂർ ഡിപ്പോയിൽനിന്നും സാഗരറാണി, മലക്കപ്പാറ, നാലമ്പല ദർശനം (തൃപ്രയാർ, കൂടൽമാണിക്യം, മൂഴിക്കുളം, പായമ്മൽ), പഞ്ച പാണ്ഡവ ദർശനം, നെഫർടിടി, മാമാങ്കം - ചരിത്രയാത്ര,

ആലപ്പുഴ, നെല്ലിയാമ്പതി, ഗവി, മൂന്നാർ - കാന്തല്ലൂർ എന്നീ ടൂർ ട്രിപ്പുകൾ നടത്തിവരുന്നുണ്ട്.

(സി) സീസണുകളിലെങ്കിലും തൃശ്ശൂരിൽനിന്നും നാലമ്പലം ട്രിപ്പുകൾ, മലക്കപ്പാറയിലേക്ക് ജംഗിൾ സഫാരി, ഗവി, മൂന്നാർ, തേക്കടി, വാഗമൺ, വയനാട് ട്രിപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ തൃശ്ശൂർ ഡിപ്പോയിൽനിന്നും എല്ലാ വാരാന്ത്യങ്ങളിലും അവധി ദിവസങ്ങളിലും ടൂർ ട്രിപ്പുകൾ നടത്തിവരുന്നുണ്ട്. സീസണിൽ കൂടുതൽ ട്രിപ്പുകൾ ആവശ്യകതയനുസരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഗ്രാമവണ്ടി പദ്ധതിയുടെ പുരോഗതി**

**325 (1949)** **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവണ്ടി പദ്ധതിയുടെ പുരോഗതി സംസ്ഥാനതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) വടക്കാഞ്ചേരി മണ്ഡലത്തിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ഗ്രാമവണ്ടി സംവിധാനം നിലവിൽ വന്നിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ വടക്കാഞ്ചേരി മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗ്രാമവണ്ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

**കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണം**

**326 (1950)** <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

കായംകുളം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിനായി പഴയകെട്ടിടങ്ങൾ പൊളിച്ചുമാറ്റി മുൻവശത്തായി വാണിജ്യ വികസന പദ്ധതികൾക്ക് 1.46 ഏക്കർ സ്ഥലം ഒഴിവാക്കി ബാക്കി

വരുന്ന ഭാഗത്ത് ഗ്രൗണ്ട് +2 നില എന്ന തരത്തിൽ കെട്ടിടം, ഗ്യാരേജ് എന്നിവ നിർമ്മിക്കുന്നതിന് KRDCL മുഖാന്തരം രൂപരേഖ തയ്യാറാക്കുകയും തുടർനടപടി സ്വീകരിക്കുന്നതിന് PWD കെട്ടിട വിഭാഗത്തിന് 27-11-2023 തീയതിയായി കെ.എസ്.ആർ.ടി.സി.-യിൽനിന്നും കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി Transaction Advisor ആയി നിയമിച്ചിട്ടുള്ള M/s. KIIFcon മുഖാന്തരം വാണിജ്യ സാധ്യത ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി കെ.എസ്.ആർ.ടി.സി. സ്വീകരിച്ചുവരുന്നു.

**മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോ**

**327 (1951)** ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ മാവേലിക്കര ഡിപ്പോയിൽ കെട്ടിട നിർമ്മാണത്തിനായി, എം.എൽ.എ.-യുടെ നിയോജകമണ്ഡല ആസ്തി

വികസന പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെ കാലത്ത് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണം ആരംഭിക്കാനാവശ്യമായ അനുമതിക്കായി ഗതാഗത വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ഈ പ്രവൃത്തി 2016 ജൂൺ മാസത്തിൽ ആരംഭിച്ചുവെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ മുനിസിപ്പാലിറ്റി സ്റ്റോപ്പ് മെമ്മോ നൽകിയതിൻപ്രകാരം നിർത്തിവയ്ക്കുകയുണ്ടായി. സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ 12-10-2022-ൽ നടന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തിക്ക് ചെലവായ തുക കഴിച്ച് ബാക്കി തുക ഉപയോഗിച്ച് ബസ് കാത്തിരിപ്പ് കേന്ദ്രത്തിനോടൊപ്പം കെട്ടിടസമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള നടപടി സ്വീകരിക്കണമെന്ന് നൽകിയ നിർദ്ദേശാനുസരണം ടി പ്രവൃത്തിയായി 92,59,322/- രൂപയുടെ എസ്റ്റിമേറ്റ്

തയ്യാറാക്കി KRDCL മുഖേന ടെൻഡർ നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും ടി പ്രവൃത്തിയുടെ ഭരണാനുമതി 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളതിനാൽ ടി തുക ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിനായുള്ള അനുവാദത്തിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ച് "മാവേലിക്കര നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2015-16-ൽ ഉൾപ്പെടുത്തി അനുവദിച്ച മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം എന്ന പ്രവൃത്തി ഉപേക്ഷിക്കപ്പെടാനുണ്ടായ കാരണങ്ങളിൽ ഒരു മാറ്റവും ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിൽ, 2015-16 നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള ബാക്കി തുക വിനിയോഗിച്ച് നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് അനുമതി നൽകുന്ന വിഷയം അംഗീകരിക്കാൻ കഴിയില്ല" എന്ന വിവരം 29-01-2024-ലെ എ 2/150/2023-ഗതാ നമ്പരിലുള്ള കത്ത് പ്രകാരം കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

**തൃശ്ശൂരിൽ കെ.എസ്.ആർ.ടി.സി.-ക്ക് പുതിയ സർവീസുകൾ അനുവദിക്കുന്നതിനുള്ള നടപടി**

**328 (1952)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനുമുൻപ് കെ.എസ്.ആർ.ടി.സി. തൃശ്ശൂർ സ്റ്റാൻഡിൽ നിന്നും നടത്തിയ സർവീസുകൾ പലതും കോവിഡിനുശേഷം സർവീസ് നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധിച്ചുവരുന്നു.

(ബി) തൃശ്ശൂർ വടക്കേ സ്റ്റാൻഡിൽനിന്നും വൈകുന്നേരം 5 മണിക്കുശേഷം, കൊടക്കര, ചാലക്കുടി, മുപ്ലിയം, വെള്ളിക്കുളങ്ങര, മാള ഭാഗത്തേയ്ക്ക് സർവീസ് നടത്തിയിരുന്നത് പലതും നിർത്തലാക്കിയതുമൂലം ഉണ്ടായിട്ടുള്ള യാത്രാബുദ്ധിമുട്ടുകൾ പരിഹരിക്കാൻ വൈകുന്നേരം 5 മണിക്കുശേഷം അയ്യന്തോൾ, വടക്കേ സ്റ്റാൻഡ് എന്നിവിടങ്ങളിൽനിന്നും കൊടകര, മുപ്ലിയം, ചീമ്മിനി, വെള്ളിക്കുളങ്ങര തുടങ്ങിയ ഭാഗത്തേയ്ക്ക് കൂടുതൽ ഓർഡിനറി ബസ്സുകൾ സർവീസ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പുതുക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽനിന്നും കൂടുതൽ സർവീസുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) പുതുക്കാട് ഡിപ്പോയിൽനിന്ന് കൊടകര, മുപ്ലിയം, വെള്ളിക്കുളങ്ങര ഭാഗങ്ങളിലേക്ക് കെ.എസ്.ആർ.ടി.സി. നിലവിൽ സർവീസ് നടത്തിവരുന്നു. എന്നാൽ അയ്യന്തോൾ, ചീമ്മിനി ഭാഗങ്ങളിലേക്ക് നിരവധി സ്വകാര്യ ബസ്സുകൾ സർവീസ് നടത്തുന്നതിനാൽ പൊതുഗതാഗത സൗകര്യം നിലവിൽ ലഭ്യമാണ്. ആയതിനാൽ ടി മേഖലയിൽ വരുമാന ലഭ്യത ഉറപ്പുവരുത്തി കെ.എസ്.ആർ.ടി.സി. സർവീസുകൾ ആരംഭിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

**അരൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനരാരംഭിക്കാൻ നടപടി**

**329 (1953)** ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ സർവീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ഏതെല്ലാം

സർവീസുകളാണ് കോവിഡിനുശേഷം നിർത്തലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) നിർത്തലാക്കിയ സർവീസുകളിൽ എത്ര എണ്ണം പുനഃരാരംഭിച്ചുവെന്ന് വിശദമാക്കാമോ?

(എ&ബി) ചേർത്തല ഡിപ്പോയിൽനിന്നും 06.35, 07.45 എന്നീ സമയങ്ങളിലെ വളമംഗലം-തോംപ്പുംപടി സർവീസ് വരുമാന ലഭ്യത ഉറപ്പുവരുത്താൻ കഴിയാത്തതിനാൽ നിർത്തലാക്കിയിട്ടുണ്ട്.

(സി) ജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദവും കൂടുതൽ കളക്ഷൻ ലഭിക്കുന്നതുമായ സർവീസുകൾ പുനഃരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

യാത്രക്കാർക്ക് സൗകര്യപ്രദവും കോർപ്പറേഷന് ഗുണകരമാകുന്ന*തുമായ* മിക്കവാറും എല്ലാ ട്രിപ്പുകളും സർവീസുകളും ഇതിനോടകംതന്നെ പുനഃരാരംഭിച്ചിട്ടുണ്ട്.

**യാത്ര ഫ്യുവൽസ് പെട്രോൾ പമ്പ്**

**330 (1954)** <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ യാത്രാ ഫ്യുവൽസ് പെട്രോൾ പമ്പ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആറ്റിങ്ങൾ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ യാത്രാ ഫ്യുവൽസ് പെട്രോൾ പമ്പ് ആരംഭിക്കുന്നതിന്റെ പ്രാരംഭഘട്ടമായി Additional District Magistrate-ന്റെ NOC-ക്കായി കെ.എസ്.ആർ.ടി.സി. അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനഃരാരംഭിക്കൽ**

**331 (1955)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ കോവിഡ് കാലത്ത് നിർത്തലാക്കിയ കെ.എസ്.ആർ.ടി.സി. സർവീസുകൾ ഏതെല്ലാമാണെന്നും അതിൽ പുനഃരാരംഭിച്ചവ ഏതൊക്കെയാണെന്നും വിശദമാക്കാമോ?

കോട്ടക്കൽ നിയോജകമണ്ഡലത്തിൽ കോവിഡ് കാലത്ത് നിർത്തലാക്കിയ സർവീസുകൾ

1. 05.00 - മഞ്ചേരി
2. 06.00, 06.25, 06.35, 07.15 കോട്ടക്കൽ
3. 06.40, 07.05, 07.30, 08.05 തിരൂർ
4. 05.00 - തിരൂർ - എറണാകുളം

പുനഃരാരംഭിച്ചവ / പുനഃക്രമീകരിച്ച് ആരംഭിച്ചവ

1. 07.15 കോട്ടക്കൽ
2. 07.50, 08.05, 14.10 തിരൂർ
3. 05.00 തിരൂർ ഗുരുവായൂർ

(ബി) നിർത്തിവച്ച പ്രസ്തുത കെ.എസ്.ആർ.ടി.സി. സർവീസുകൾ പുനഃരാരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ആവശ്യകതയനുസരിച്ച് സർവീസുകൾ പുനഃരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോവിഡ് കാലത്തിനുശേഷം പ്രസ്തുത മണ്ഡലത്തിൽ പുതിയതായി ആരംഭിച്ച ബസ് സർവീസുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

പൊതുഗതാഗതം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോവിഡ് കാലത്തിനുശേഷം പുതിയതായി ആരംഭിച്ച ബസ് സർവീസുകൾ ചുവടെ ചേർക്കുന്നു.

1. 05.10 മലപ്പുറം – പൊന്നാനി

2. 14.10 മഞ്ചേരി – തിരൂർ

3. 07.15 മലപ്പുറം – ചങ്കുവെട്ടി

4. 07.50 മലപ്പുറം – തിരൂർ

**കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ് സർവീസ് ആരംഭിക്കാൻ നടപടി**

**332 (1956)** <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽനിന്നും തൃശ്ശൂർ-ഒറ്റപ്പാലം വഴി പാലക്കാട്ടേയ്ക്കും തിരിച്ചും ഒരു കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ് സർവീസ് ആരംഭിക്കാൻ സാധിക്കുമോ; എങ്കിൽ എന്നുമുതൽ പ്രസ്തുത സർവീസ് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിൽനിന്നും തൃശ്ശൂർ-ഒറ്റപ്പാലം വഴി പാലക്കാട്ടേയ്ക്കും തിരിച്ചും കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ് സർവീസ് ആരംഭിക്കുന്ന കാര്യം സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

**അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ശോചനീയാവസ്ഥ**

**333 (1957)** <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഡിപ്പോയുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി

നൽകിയിട്ടും നാളിതുവരെയായി പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പുനരുദ്ധാരണ പ്രവൃത്തികൾ കെ.എസ്.ആർ.ടി.സി.-യുടെ PMC ആയ M/s. KRDCL മുഖേന പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി 16-02-2023-ൽ 4,34,32,197/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 10-03-2023 തീയതിയായി പ്രസിദ്ധീകരിച്ച് ടെൻഡർ നടപടി പൂർത്തികരിച്ച് L1 അനുമതി നൽകിയെങ്കിലും കരാറുകാരന് ടി പ്രവൃത്തി നിർവഹിക്കുന്നതിന് താൽപ്പര്യമില്ലെന്ന് അറിയിച്ചതിനെത്തുടർന്ന് M/s. KRDCL മുഖേന പുനർദർഘാസ് നടത്തുകയുണ്ടായി. 06-09-2023-ൽ പുറപ്പെടുവിച്ച പുനർദർഘാസിന് കരാറുകാരിൽനിന്ന് പ്രതികരണങ്ങൾ ലഭിക്കാത്തതുകാരണം 09-12-2023-ൽ വീണ്ടും ദർഘാസ് ക്ഷണിക്കുകയും അവസാന തീയതിയായ 11-01-2024-ൽ Single Bid ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാനത്തുതന്നെ ഏറ്റവും പ്രധാനപ്പെട്ട ഡിപ്പോകളിൽ ഒന്നായ അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ വന്നുപോകുന്ന ബസ് ഡ്രൈവർമാരും യാത്രക്കാരും നാട്ടുകാരും അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഡിപ്പോയിലെ യാർഡ്, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തിക്കാണ് ദർഘാസ് ക്ഷണിച്ചിട്ടുള്ളത്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് പ്രശ്നപരിഹാരം ഉണ്ടാകുന്നതാണ്.

(സി) ഡിപ്പോയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ട് ഇപ്പോൾ എത്രമാസം പിന്നിട്ടുവെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി നൽകി 11 മാസം പിന്നിട്ടിട്ടുണ്ട്.

(ഡി) ടെൻഡർ ഇട്ടിട്ടും ആരുംതന്നെ ടെൻഡർ നൽകിയില്ല എന്നതാണ് കാരണമെങ്കിൽ ആയത് പരിശോധിക്കാനും എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ എന്തെങ്കിലും തരത്തിലുള്ള അപാകതകളുണ്ടെങ്കിൽ ഇവയെല്ലാം പരിശോധിച്ച് പരിഹാരം കാണുന്നതിനും സമയബന്ധിതമായി പ്രവൃത്തി

പൂർത്തീകരിക്കാനും വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട എല്ലാവരുടേയും ഒരു യോഗം വിളിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

പരിശോധിക്കുന്നതാണ്.

(ഇ) പ്രസ്തുത വിഷയത്തിൽ വകുപ്പുമന്ത്രിക്ക് 04-01-2024-ൽ സ്ഥലം എം.എൽ.എ നൽകിയ കത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കത്ത്, കെ.എസ്.ആർ.ടി.സി. ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. തുടർനടപടി കെ.എസ്.ആർ.ടി.സി.-യിൽ സ്വീകരിച്ചുവരുന്നു.

**മണ്ഡപത്തിൻകടവ്-ചായ്ക്കുളം- കാട്ടാക്കട ബസ് സർവീസ്**

**334 (1958)** <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്കിൽ കൊറോണക്കാലത്ത് നിർത്തിവച്ച മണ്ഡപത്തിൻകടവ്-ചായ്ക്കുളം-കാട്ടാക്കട ബസ് സർവീസ്

പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ആറ്റിങ്ങൽ എം.പി. നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ?

കൊറോണക്കാലത്ത് നിർത്തിവച്ച മണ്ഡപത്തിൻകടവ്-ചായ്ക്കുളം വഴിയുള്ള ബസ് സർവ്വീസുകൾ പുനഃരാരംഭിക്കണമെന്നാവശ്യപ്പെട്ട് ആറ്റിങ്ങൽ എം.പി. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കാട്ടാക്കട ഡിപ്പോയിൽനിന്നും 07.05, 08.10, 17.10, 18.35 എന്നീ സമയങ്ങളിലായി 4 ട്രിപ്പുകൾ പ്രസ്തുത റൂട്ടിലൂടെ സ്കൂൾ, ഓഫീസ് സമയങ്ങളിൽ യാത്രക്കാർക്ക് സൗകര്യപ്രദമായ രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്.

**പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിന്റെ വികസനം**

**335 (1959)** <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലേക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് എത്രയും വേഗം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദവിവരം അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശ്ശാല ടെസ്റ്റിംഗ് സ്റ്റേഷനിലേക്കുള്ള അപ്രോച്ച് റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് നൽകിയ ഒരു കോടി മുപ്പത് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഗതാഗത കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് B3-43/2024-Trans ഫയലിൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ടായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ പുരോഗതി അറിയിക്കാമോ?

കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും മന്ത്രാലയത്തിന്റെ ഗൈഡ്‌ലൈൻസിന്റെ അടിസ്ഥാനത്തിൽ പാറശ്ശാല കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ (CVTS) ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷനായി ഉയർത്താനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(സി) പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം, ചെലവഴിച്ച തുക,

പദ്ധതിയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ?

പാറശ്ശാല ടെസ്റ്റിംഗ് സ്റ്റേഷന്റെ FMS-മായി ബന്ധപ്പെട്ട് സർവീസ് പ്രൊവൈഡറായ കെൽട്രോണിന് 49,05,370/- രൂപ (നാൽപ്പത്തിയൊമ്പത് ലക്ഷത്തി അയ്യായിരിത്തി മുന്നൂറ്റി എഴുപത് രൂപ) നൽകിയിട്ടുള്ളതാണ്. കേന്ദ്ര റോഡ് ഗതാഗതവും ഹൈവേയും മന്ത്രാലയത്തിന്റെ (MoRTH) മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ അപ്ഗ്രേഡ് ചെയ്യുന്നതിലേയ്ക്കായി ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ ടെമ്പററി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുകയും അപ്ഗ്രഡേഷനുവേണ്ടി പരിഷ്കരിച്ച പ്രൊപ്പോസൽ സർവീസ് ദാതാവായ കെൽട്രോണിൽനിന്നും ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

**ഖൻസാ വനിതാ കോളേജിന് സമീപം ബസ് സ്റ്റോപ്പ്**

**336 (1960)** ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള-ബദിയടുക്ക കെ.എസ്.ടി.പി. റോഡിൽ ഖൻസാ വനിതാ കോളേജിന് സമീപം പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ സ്വകാര്യ ബസ്സുകൾ നിർത്താതെ പോകുന്നതിനാൽ വിദ്യാർഥിനികൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച ബസ് കാത്തിരിപ്പ് കേന്ദ്രത്തിനുസമീപം മറ്റൊരു ബസ് സ്റ്റോപ്പുകൂടി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

09-04-2022-ന് നടന്ന കാസർഗോഡ് ആർ.ടി.എ. യോഗം ഐറ്റം നം. 32 ആയി ടി വിഷയം പരിഗണിക്കുകയും കോളേജിനടുത്തായി 300 മീറ്റർ ദൂരത്തിനുള്ളിൽ രണ്ട് ബസ് സ്റ്റോപ്പുകൾ ഉള്ളതിനാലും സുഗമമായ വാഹന ഗതാഗതത്തിന് തടസ്സമായി തീരുമെന്നതിനാലും മേൽ അപേക്ഷ നിരസിച്ചതാണ്. ആയതിനാൽ പ്രസ്തുത സ്ഥലത്ത് പുതിയ ബസ് സ്റ്റോപ്പ് നിയമപരമായി അനുവദിക്കാൻ സാധ്യമല്ല.

**ബോട്ട് സർവീസ് ആരംഭിക്കുന്നതിന് നടപടി**

**337 (1961)** <u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചവറ മണ്ഡലത്തിലെ പന്മന വട്ടക്കായലിലും കാട്ടിൽ ക്ഷേത്രത്തിന് മുന്നിലും പണി പൂർത്തിയാക്കിയ ബോട്ടുജെട്ടികൾ ഉപയോഗപ്പെടുത്തി കരുനാഗപ്പള്ളിയിൽനിന്നും കൊല്ലത്തുനിന്നും ബോട്ട് സർവീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സംസ്ഥാന ജലഗതാഗത വകുപ്പ് നിലവിൽ കൊല്ലം കേന്ദ്രീകരിച്ച് മൂന്ന് പാസഞ്ചർ സർവീസും ഒരു ടൂറിസ്റ്റ് സർവീസും നടത്തിവരുന്നു. കൊല്ലം സ്റ്റേഷനിൽനിന്നും ഏകദേശം 2 മണിക്കൂർ സമയം സഞ്ചരിച്ചാൽ മാത്രമേ കാട്ടിൽ ക്ഷേത്രത്തിന്റെ ബോട്ടുജെട്ടി, പന്മന ബോട്ടുജെട്ടി എന്നിവിടങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. കൊല്ലം സ്റ്റേഷൻ കേന്ദ്രീകരിച്ച് സർവീസ് ആരംഭിക്കാനായി ഈ മേഖലയിലെ ബോട്ട് റൂട്ടുകളിൽ വിശദമായ പരിശോധന നടത്തി സർവീസ് നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോയെന്ന് ഉറപ്പുവരുത്തിയശേഷം ബോട്ട് സർവീസ് ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

## ജലഗതാഗതത്തിന് പ്രാധാന്യം നൽകുന്നതിന് നടപടി

**338 (1962)** ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതത്തിന് പ്രാധാന്യം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

കേരളത്തിലെ ആലപ്പുഴ, കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് ബോട്ട് സർവീസുകൾ നടത്തിവരുന്നു. ജലഗതാഗത സംവിധാനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി പാസഞ്ചർ സർവീസുകൾക്ക് പുറമെ പാസഞ്ചർ കം ടൂറിസ്റ്റ് സർവീസുകളും റെസ്ക്യൂ ആൻഡ് ഡൈവ് ബോട്ടുകൾ ഉപയോഗിച്ച് ആംബുലൻസ് സർവീസുകളും വാട്ടർ ടാക്സി സർവീസുകളും നടത്തുന്നുണ്ട്. പൊതുജനങ്ങൾക്ക് യാത്രാതടസ്സം ഉണ്ടാകാത്ത വിധത്തിൽ സർവീസുകൾ മുടക്കംകൂടാതെ നടത്തുന്നതിന് ആലപ്പുഴ പോഞ്ഞിക്കരയിൽ സ്ലിപ് വേ, ഡ്രൈഡോക്ക് എന്നിവ നിർമ്മിച്ച് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

ജലഗതാഗത രംഗത്ത് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതിന്റെയും പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന്റെയും ഭാഗമായി ഇന്ത്യയിൽത്തന്നെ ആദ്യമായി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു യാത്രാ ബോട്ട് ആദിത്യ വകുപ്പിനുവേണ്ടി നിർമ്മാണം പൂർത്തിയാക്കി വൈക്കം-തവണക്കടവ് റൂട്ടിൽ സർവീസ് നടത്തിവരുന്നു.

സോളാർ ബോട്ടിന്റെ പ്രവർത്തനം വിജയമായതിനെത്തുടർന്ന് 5 വർഷംകൊണ്ട് 50% ബോട്ടുകൾ സോളാറിലേക്ക് മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 10 ബോട്ടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. യാത്രക്കാർ കുറവുള്ളതും എന്നാൽ വെള്ളത്താൽ ചുറ്റപ്പെട്ടതുമായ പ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുവാനായി നിർമ്മിക്കുന്ന 30 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. പൊതുഗതാഗത രംഗത്ത് കൂടുതൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി എറണാകുളം മേഖലയിൽ അനുവദിച്ച ആധുനിക സൗകര്യങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7

ബോട്ടുകളിൽ 5 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് സർവീസ് നടത്തിവരുന്നു. കൂടാതെ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ബോട്ടുകളിൽ ഒരു ബോട്ടിന്റെ നിർമ്മാണം പൂർത്തീകരിച്ച് വൈക്കം-തവണക്കടവ് റൂട്ടിലും സർവീസ് നടത്തിവരുന്നു.

ജലഗതാഗത മേഖലയിൽ ബഡ്ജറ്റ് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പാസഞ്ചർ കം ടൂറിസം സർവീസുകളും ടൂറിസം സർവീസുകളും വകുപ്പ് നല്ല രീതിയിൽ നടത്തിവരുന്നു. ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ് സോളാർ ക്രൂയിസ് വെസ്സൽ - 'ഇന്ദ്ര'. കൂടാതെ ജലഗതാഗതം മറ്റ് ജില്ലകളിൽക്കൂടി വ്യാപിപ്പിക്കുന്നതിനുള്ള പഠനങ്ങൾ ജലഗതാഗത വകുപ്പ് നടത്തിവരികയും ചെയ്യുന്നു.

(ബി) ജലഗതാഗതത്തിന് കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ട് ജലഗതാഗതവും ടൂറിസവും വകുപ്പുകൾ സംയുക്തമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ; ടൂറിസം മേഖല ശക്തിപ്പെടുത്തുന്നതിന് ജലഗതാഗതം പ്രയോജനപ്പെടുത്തുമോ; വിശദമാക്കാമോ?

ആവിഷ്കരിക്കുന്നതാണ്.

സംസ്ഥാന ജലഗതാഗത വകുപ്പിന്റെ പറശ്ശിനി, പയ്യന്നൂർ മേഖലയിലെ സർവീസുകൾ ടൂറിസം വകുപ്പിന്റെ മലബാർ റിവർ ക്രൂയിസ് പ്രോജക്ടിന്റെ ഭാഗമായി നിർമ്മിച്ചിട്ടുള്ള ബോട്ടുജെട്ടിയുടെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. മറ്റ് ജലഗതാഗത മേഖലകളിലും സംസ്ഥാന ജലഗതാഗത വകുപ്പും ടൂറിസം വകുപ്പും ചേർന്നുള്ള പദ്ധതികൾക്ക് പ്രാധാന്യം നൽകിവരുന്നു.

കേരളത്തിന്റെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ പദ്ധതികളാണ് സംസ്ഥാന ജലഗതാഗത വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നത്. സീ കുട്ടനാട്, വേഗ, വാട്ടർ ടാക്സി, സീ-അഷ്ടമുടി എന്നീ ജലയാനങ്ങൾ കേരളത്തിന്റെ പ്രകൃതി സൗന്ദര്യം പൊതുജനങ്ങൾക്ക് ആവോളം ആസ്വദിക്കുവാൻ ഏറ്റവും കൂടുതൽ പ്രയോജനകരമാകുന്ന ടൂറിസ്റ്റ് സർവ്വീസുകളാണ്.

കേരളത്തിലെ ജലഗതാഗത മേഖലകളിൽ കൂടുതൽ ടൂറിസം സർവീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ചുവരുന്നു.

**കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാത**

**339 (1963)** <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊറ്റി-കോട്ടപ്പുറം ജലഗതാഗത പാതയുടെ വികസനവുമായി ബന്ധപ്പെട്ട് ആയിറ്റിയിൽ ബോട്ട് അറ്റകുറ്റപ്പണികൾക്കായി നിർമ്മിച്ച സ്ലിപ്പ്‌വേ പൂർണ്ണതോതിൽ ഉപയോഗിക്കാൻ കഴിയുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാന ജലഗതാഗത വകുപ്പിൽ പയ്യന്നൂർ മേഖലയിലെ അയിറ്റിയിൽ ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ "സിൽക്ക് " മുഖാന്തരം ഒരു സ്ലിപ്‌വേയുടെ നിർമ്മാണം പൂർത്തീകരിച്ച് പൂർണ്ണതോതിൽ ഉപയോഗിച്ചുവരുന്നു.

(ബി) ഈ പ്രവൃത്തിയുടെ നടത്തിപ്പിൽ എന്തെങ്കിലും അപാകതകൾ സംഭവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ടി സ്ലിപ്‌വേയുടെ നിർമ്മാണ ഘട്ടങ്ങളിൽ കണ്ടെത്തിയ അപാകതകൾ ഇറിഗേഷൻ ചീഫ് എഞ്ചിനീയർ, കൊല്ലം-ടി.കെ.എം. എഞ്ചിനീയറിംഗ്

കോളേജിലെ വിദഗ്ധർ, വകുപ്പ് മെക്കാനിക്കൽ എഞ്ചിനീയർ എന്നിവർ ഉൾക്കൊള്ളുന്ന വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ പൂർണ്ണമായി പരിഹരിച്ച് വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) ഈ സ്ലിപ്‌വേയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ടി സ്ലിപ്‌വേയുടെ അനുബന്ധമായി കവേർഡ് ഷെഡ്ഡ്, കോമ്പൗണ്ട് വാൾ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി 130 ലക്ഷം രൂപ മുതൽമുടക്കിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ സിൽക്ക് മുഖാന്തരം റിനവേഷൻ ജോലികൾ പുരോഗമിക്കുന്നു.

**മോട്ടോർ വാഹന വകുപ്പിലെ കേഡർ സ്ട്രെംഗ്ത്**

**340 (1964)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേക്ക് നിലവിലുള്ള 2:1 എന്ന അനുപാതം ഭേദഗതി ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് ആർ.ടി.ഒ. തസ്തികയിലേക്ക് പ്രൊമോഷൻ/ബൈ ട്രാൻസ്ഫർ നിയമനത്തിന് നിലവിലുള്ള 2:1 എന്ന അനുപാതം ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ വകുപ്പിലെ എം.വി.ഐ., സീനിയർ സൂപ്രണ്ട്, ജോയിന്റ് ആർ.ടി.ഒ. എന്നീ തസ്തികകളുടെ കേഡർ സ്ട്രെംഗ്ത് എത്രയാണെന്ന് വ്യക്തമാക്കുമോ?

മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ - 290.

സീനിയർ സൂപ്രണ്ട് - 36.

ജോയിന്റ് ആർ.ടി.ഒ. - 89.

(സി) കേഡർ സ്ട്രെംഗ്ത് കണക്കാക്കി അനുപാതം നിശ്ചയിച്ചാൽ നിലവിലെ അനുപാതം എത്രയായി പുനഃക്രമീകരിക്കേണ്ടിവരുമെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ കേഡർ സ്ട്രെംഗ്ത് അടിസ്ഥാനമാക്കി നിലവിലെ അനുപാതം പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) സർക്കാർ പരിശോധിച്ചുവരുന്നു.

**മോട്ടോർ വാഹന വകുപ്പിലെ സ്ഥലം മാറ്റം**

**241 (1965)** <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ?

സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച മാനദണ്ഡങ്ങൾ 25-02-2017-ലെ സ.ഉ. (പി) നം.3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിലും മോട്ടോർ വാഹന വകുപ്പിലെ എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാർക്ക് ബാധകമായ 10-10-2017-ലെ സ.ഉ.(കൈ) നം. 79/2017/ഗതാഗതം, 09-05-2023-ലെ സ.ഉ. (സാധാ) നം. 173/2023/ഗതാഗതം എന്നീ ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ്

എക്സിക്യൂട്ടീവ് വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റ നിയമനങ്ങൾ നടത്തുന്നത്.

(ബി) മോട്ടോർ വാഹന വകുപ്പിലെ മുൻ മന്ത്രി സ്ഥാനമൊഴിയുന്നതിനുമുമ്പ് പുറത്തിറക്കിയ സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കാനുള്ള കാരണം വിശദമാക്കുമോ?

റദ്ദാക്കിയിട്ടില്ല.

**അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിലെ നിലവിലെ ഒഴിവുകൾ**

**342 (1966)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023 മേയ് 26-ന് പി.എസ്.സി. നടത്തിയ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിനായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം നൽകുമോ?

മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ 41 ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത 41 ഒഴിവുകളിൽ ഒരു ഒഴിവ് ഹിന്ദു നാടാർ വിഭാഗത്തിനുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റിനായി പി.എസ്.സി. മാറ്റിവച്ചിട്ടുള്ളതാണ്.

(ബി) മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സ്റ്റാഫ് സ്ട്രെംഗ്ത് പര്യാപ്തമാണോ; അല്ലെങ്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

പര്യാപ്തമല്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് മോട്ടോർ വാഹന വകുപ്പിൽ നിലവിലുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ സ്റ്റാഫ് സ്ട്രെംഗ്ത് പരിഷ്കരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

(സി) മോട്ടോർ വാഹന വകുപ്പിൽ തസ്തിക രൂപീകരണത്തിലൂടെയും റിട്ടയർമെന്റിലൂടെയും ഭാവിയിൽ ഉണ്ടായേക്കാവുന്ന ഒഴിവുകളിൽക്കൂടി

നിയമനം ലഭിക്കുന്നതിനുള്ള അവസരം ഉദ്യോഗാർഥികൾക്ക് നഷ്ടപ്പെടാതിരിക്കാൻ ആനുപാതികമായി കൂടുതൽ ഉദ്യോഗാർഥികളെ പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് വകുപ്പ് പി.എസ്.സി.-യോട് ആവശ്യപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ?

മോട്ടോർ വാഹന വകുപ്പിൽ അടുത്ത മൂന്ന് വർഷ കാലയളവിൽ ഉണ്ടാകാൻ സാധ്യതയുള്ള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ പ്രതീക്ഷിത ഒഴിവുകളുടെ വിവരം പി.എസ്.സി.-യെ 10-08-2023-ന് ഗതാഗത കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ അധിക തസ്തിക**

**343 (1967)** <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് കേരള എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ഇരുപത്തിനാല് മണിക്കൂർ വാഹന പരിശോധനയ്ക്ക് ആവശ്യമായ എണ്ണം ഉദ്യോഗസ്ഥർ വകുപ്പിൽ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെ നിലവിലെ തസ്തികകളുടെ എണ്ണം ഇനം തിരിച്ച് വ്യക്തമാക്കുമോ?

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)– 1

ആർ.ടി.ഒ. – 14

എം.വി.ഐ. – 99

എ.എം.വി.ഐ. – 255

(സി) വാഹന പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ അധിക തസ്തികകൾ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**എ.ഐ. ക്യാമറ സ്ഥാപിക്കുന്നതിന് കെൽട്രോണിന് കൈമാറിയ തുക**

**344 (1968)** <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പ് നാളിതുവരെ കെൽട്രോണിന് എന്ത് തുക കൈമാറിയിട്ടുണ്ട്; തുക

കൈമാറിയത് സംബന്ധിച്ച വിശദാംശങ്ങളും ഉത്തരവുകളുടെ പകർപ്പും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്യാമറ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഗതാഗത വകുപ്പിലുള്ള ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ള തുക**

**345 (1969)** <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി. നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

സംസ്ഥാന മോട്ടോർ വാഹന വകുപ്പ് നടപ്പ് സാമ്പത്തിക വർഷത്തിൽ ഗതാഗത വകുപ്പിന്റെ കീഴിലുള്ള വിവിധ പദ്ധതികൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക - 4407 ലക്ഷം രൂപ. (ഇതിൽ 2550.32 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായി ELAMS-ൽ ഉൾപ്പെട്ടതാണ്) 2024 ജനുവരി വരെ അനുവദിക്കപ്പെട്ട തുക–3621.74 ലക്ഷം രൂപ. (ഇതിൽ 2350.32 ലക്ഷം ELAMS + 1271.42 ലക്ഷം Financial year 2023-24) 2024 ജനുവരി വരെ ചിലവഴിച്ച തുക – 809.11 ലക്ഷം രൂപയാണ്. (530.81 ELAMS + 278.30 Financial year 2023-24) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു+.

സംസ്ഥാന ജലഗതാഗത വകുപ്പുമായി ബന്ധപ്പെട്ട് നടപ്പ് സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി പദ്ധതി ഇനത്തിൽ 29.79 കോടി രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിട്ടുള്ളതും ആയതിൽ നാളിതുവരെ 13.552 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ കൊച്ചി മെട്രോയുടെ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ഭാരത് രജിസ്ട്രേഷൻ (ബി.എച്ച്. രജിസ്ട്രേഷൻ)**

**346 (1970)** ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജീവനക്കാർ അടക്കമുള്ള ചില പ്രത്യേക വിഭാഗക്കാർക്കുവേണ്ടി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഭാരത് രജിസ്ട്രേഷൻ (ബി.എച്ച്. രജിസ്ട്രേഷൻ) കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇല്ല. ഭാരത് രജിസ്ട്രേഷൻ നടപ്പിലാക്കിയാൽ സംസ്ഥാനത്തിന് ഒരു വർഷം ഏകദേശം മുന്നൂറ് കോടി രൂപയുടെ വരുമാന നഷ്ടമുണ്ടാകും. അതിനാലാണ് ഭാരത് രജിസ്ട്രേഷൻ നടപ്പിലാക്കാത്തത്.

(ബി) ഭാരത് രജിസ്ട്രേഷന് (ബി.എച്ച്. രജിസ്ട്രേഷൻ) അർഹതയുള്ള ചിലർ തൊട്ടടുത്ത സംസ്ഥാനങ്ങളിൽനിന്നും വാഹനം വാങ്ങുന്നത് നമ്മുടെ സംസ്ഥാനത്തിന് ചെറിയ തോതിലെങ്കിലും ലഭിക്കേണ്ട നികുതി നഷ്ടപ്പെടുത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ചെറിയ തോതിലുള്ള നികുതി നഷ്ടം ഉണ്ടാകുന്നുണ്ട്.

(സി) നിലവിൽ രാജ്യത്ത് കേരളമടക്കം ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒഴികെ ഭൂരിപക്ഷം സംസ്ഥാനങ്ങളിലും ഭാരത് രജിസ്ട്രേഷൻ (ബി.എച്ച്. രജിസ്ട്രേഷൻ) നടപ്പിലാക്കിയ സാഹചര്യത്തിൽ പ്രസ്തുത സംവിധാനത്തെക്കുറിച്ച് കൂടുതൽ പഠനം നടത്താനും പ്രായോഗിക തലത്തിൽ നമ്മുടെ സംസ്ഥാനത്ത് അവ നടപ്പിലാക്കാനും നടപടികൾ സ്വീകരിക്കുമോ?

മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട് പ്രകാരം സംസ്ഥാനത്ത് ഈടാക്കിവരുന്ന നികുതിയും ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ പ്രകാരം ഈടാക്കേണ്ട നികുതിയും തമ്മിൽ വ്യത്യാസമുള്ളതിനാൽ ബി.എച്ച്. സീരീസ് നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തിന് വലിയ വരുമാന നഷ്ടം ഉണ്ടാകുന്നതാണ്.

മോട്ടോർ വാഹനങ്ങൾക്ക് നികുതി നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതിനാലും ബി.എച്ച്. സീരീസ് രജിസ്ട്രേഷൻ നടപ്പിലാക്കുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയ്ക്ക് അനുഗുണമല്ലാത്തതിനാലും നിലവിൽ ഭാരത് രജിസ്ട്രേഷൻ കേരളത്തിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

**ലൈസൻസ്, ആർ.സി. ബുക്ക് എന്നിവയുടെ അച്ചടിയും വിതരണവും**

**347 (1971)** ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസ്, ആർ.സി. ബുക്ക് എന്നിവയുടെ അച്ചടിയും വിതരണവും മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എന്നുമുതലാണ് ഇതിന് മുടക്കം വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നവംബർ അവസാന വാരം മുതൽ സംസ്ഥാനത്ത് ലൈസൻസ്, ആർ.സി. ബുക്ക് എന്നിവയുടെ അച്ചടിയും വിതരണവും മുടങ്ങിയിട്ടുണ്ട്.

(ബി) നേരത്തെ അച്ചടിച്ച വകയിലുള്ള കുടിശ്ശിക തുക നൽകാത്തതാണോ അച്ചടി മുടങ്ങിയതിന് കാരണം; ആകെ എത്ര ലൈസൻസുകളും ആർ.സി. ബുക്കുമാണ് ഇപ്രകാരം അച്ചടിക്കാതെ മുടക്കം വന്നിട്ടുള്ളത്; ആകെ എത്ര തുകയാണ് കമ്പനിക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുള്ളത്; വിശദമാക്കാമോ?

നേരത്തെ അച്ചടിച്ച വകയിലുള്ള കുടിശ്ശിക തുക നൽകാത്തതാണ് അച്ചടി മുടങ്ങിയതിന് കാരണം. 378547 ആർ.സി.-കളുടെയും 345305 ലൈസൻസുകളുടെയും അച്ചടിക്ക് മുടക്കം വന്നിട്ടുണ്ട്. 2023 ഓഗസ്റ്റ് മുതൽ 2023 ഡിസംബർ വരെയുള്ള കാലയളവിൽ 8,66,07,473/- രൂപ (എട്ട് കോടി അറുപത്തിയാറ് ലക്ഷത്തി ഏഴായിരത്തി നാനൂറ്റി എഴുപത്തിമൂന്ന് രൂപ)

കുടിശ്ശിക ഇനത്തിൽ ഐ.റ്റി.ഐ. ലിമിറ്റഡ് ബാംഗ്ലൂർ എന്ന കമ്പനിക്ക് നൽകാനുണ്ട്.

(സി) ഏതു സ്ഥാപനത്തെയാണ് ഇവയുടെ അച്ചടി ചുമതല ഏൽപ്പിച്ചിരുന്നത്; ഈ സ്ഥാപനവുമായുള്ള കരാർ ഒപ്പിട്ടത് എന്നാണ്; കരാർ പ്രകാരം എത്ര രൂപ നിരക്കിലാണ് ലൈസൻസും ആർ.സി. ബുക്കും പ്രിന്റ് ചെയ്ത് നൽകേണ്ടിയിരുന്നത്; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന് കീഴിലുള്ള അക്രെഡിറ്റഡ് ഏജൻസിയായ ഐ.റ്റി.ഐ. ലിമിറ്റഡ് ബാംഗ്ലൂരിനെയാണ് അച്ചടി ചുമതല ഏൽപ്പിച്ചത്. പ്രസ്തുത കമ്പനിയുമായുള്ള കരാർ ഒപ്പിട്ടത് 15-04-2023-നാണ്. ലൈസൻസ്/ ആർ.സി. എന്നിവയ്ക്ക് 60 രൂപയും നികുതിയും എന്ന നിരക്കിലാണ് പ്രിന്റ് ചെയ്ത നൽകുന്നത്.

(ഡി) ഇവ അച്ചടിച്ച് വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം പുതുതായി വാഹനം വാങ്ങുന്നവരെയും പുതുതായി ലൈസൻസ് എടുക്കുന്നവരെയും ബുദ്ധിമുട്ടിലാക്കുമെന്നുള്ളതിനാൽ ഇത്

പരിഹരിക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ലൈസൻസ്, ആർ.സി. മുതലായവ അച്ചടിച്ച് നൽകുന്നതിലേയ്ക്കായി നേരത്തെ അനുവദിച്ച ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനാൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ന്യൂനപക്ഷ വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ്പുകൾ**

**348 (1972)** ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്കായി ഏതൊക്കെ സ്കോളർഷിപ്പുകളാണ് വിതരണം ചെയ്യുന്നതെന്ന് അറിയിക്കുമോ?

വിവിധ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്കായി ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നൽകിവരുന്ന സ്കോളർഷിപ്പുകൾ അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്കോളർഷിപ്പിനത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സ്കോളർഷിപ്പിനത്തിൽ 2021-22 സാമ്പത്തിക വർഷം 23.76 കോടി രൂപ അനുവദിക്കുകയും 18.52 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം 20.75 കോടി രൂപ ബഡ്ജറ്റിൽ അനുവദിക്കുകയും 15.88 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം 21.96 കോടി രൂപ അനുവദിക്കുകയും നിലവിൽ 6.25 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാർ മുഖേന ലഭിക്കുന്ന സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; പ്രസ്തുത സ്കോളർഷിപ്പുകൾക്കായി 2021 മുതൽ നാളിതുവരെ എത്ര തുക ലഭിച്ചുവെന്നും അവയിൽ എത്ര തുക അർഹതപ്പെട്ടവർക്ക് നൽകിയെന്നും ഓരോ വർഷത്തെയും കണക്ക് ഉൾപ്പെടെ വിശദാംശം നൽകുമോ?

കേന്ദ്ര സർക്കാർ ന്യൂനപക്ഷ മതവിഭാഗത്തിലെ വിദ്യാർഥികൾക്ക് നൽകുന്ന സ്കോളർഷിപ്പ് പദ്ധതികളൊന്നുംതന്നെ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല.

എന്നാൽ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്, ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ് എന്നിവ നടപ്പിലാക്കി വരുന്നു.

2021-22 വർഷത്തിൽ ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് തുകയായി എകദേശം 78.94 കോടി രൂപ കേരളത്തിലെ കുട്ടികൾക്ക് നൽകിയിട്ടുണ്ട്. 2022-23 വർഷത്തെ സ്കോളർഷിപ്പ് വിതരണ നടപടികൾ പുരോഗമിക്കുകയാണ്. നാളിതുവരെ 6.78 കോടി രൂപ കൈമാറിയിട്ടുണ്ട്. 2021-22 വർഷത്തിൽ ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ് ഇനത്തിൽ 54896 കുട്ടികൾക്ക് സ്കോളർഷിപ്പ് തുക കൈമാറിയിട്ടുണ്ട്.

(ഡി) ഏതെങ്കിലും സ്കോളർഷിപ്പ് തുക യഥാസമയം ചെലവഴിക്കാതെ ലാപ്സായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉണ്ട്. 2022-23 സാമ്പത്തിക വർഷം സി.എ./സി.എം.എ. സ്കോളർഷിപ്പ് umbrella സ്കീമിന് കീഴിൽ തെരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളിൽ NTSE സ്കോളർഷിപ്പിനായുള്ള ട്രെയിനിംഗിന് 7,95,000/- രൂപ (ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ ആ വർഷം NTSE സ്കോളർഷിപ്പ് പരീക്ഷ നടത്താത്തതിനാൽ പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രാം നടത്തുകയുണ്ടായില്ല.

**ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്**

**349 (1973)** <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ പഠിക്കാൻ സർക്കാർ നിയോഗിച്ച ജസ്റ്റിസ് ജെ.ബി. കോശി അധ്യക്ഷനായുള്ള കമ്മീഷന്റെ റിപ്പോർട്ട് സർക്കാറിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത്; വിശദാംശം നൽകുമോ?

ഉണ്ട്. ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് നടപടി സ്വീകരിക്കുന്നതിലേയ്ക്കായി ന്യൂനപക്ഷക്ഷേമ വകുപ്പിൽ ലഭിച്ചത് 20-06-2023-ലാണ്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത റിപ്പോട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദാംശം നൽകുമോ?

(ബി&സി) ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്. റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്നതാകയാൽ ഓരോ വകുപ്പുകളും നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ആയതിനാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങൾ ആരായുകയും ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും 09-01-2024-ൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. ഓരോ ശിപാർശയിന്മേലും ബന്ധപ്പെട്ട വകുപ്പുകളുടെ

അഭിപ്രായങ്ങളും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും ന്യൂനപക്ഷക്ഷേമ വകുപ്പ് ക്രോഡീകരിച്ചുവരുന്നു. മേൽനടപടികൾ താമസംവിനാ പൂർത്തീകരിച്ച് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടും നടപടി നിർദ്ദേശങ്ങളും പ്രഖ്യാപിക്കുന്നതാണ്.

**ജസ്റ്റിസ് ജെ. ബി.കോശി കമ്മീഷൻ റിപ്പോർട്ട്**

**450 (1974)** ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് സർക്കാർ വിശദമായി പരിശോധിച്ച് വരികയാണ്. കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളുടെ പരിധിയിൽ വരുന്നതാകയാൽ ഓരോ

വകുപ്പുകളും നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ അതത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഓരോ വകുപ്പും കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും 09-01-2024-ൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുടെ യോഗം വിളിച്ചുചേർക്കുകയുണ്ടായി. ഓരോ ശിപാർശയിന്മേലും ബന്ധപ്പെട്ട വകുപ്പുകളുടെ അഭിപ്രായങ്ങളും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളും ന്യൂനപക്ഷക്ഷേമ വകുപ്പ് ക്രോഡീകരിച്ചുവരുന്നു. മേൽ നടപടികൾ താമസംവിനാ പൂർത്തീകരിച്ച് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടും നടപടി നിർദ്ദേശങ്ങളും പ്രഖ്യാപിക്കുന്നതാണ്.

**ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

**351 (1975)** **ശ്രീ. കെ. വി. സുമേഷ്:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ;

(ബി) ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിക്കൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയാണെന്ന് തരംതിരിച്ച് വിശദമാക്കാമോ?

(എ&ബി) ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെയും സ്കോളർഷിപ്പുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ആലപ്പുഴ മണ്ഡലത്തിലെ പി.എം.ജെ.വി.കെ. പദ്ധതി**

**352 (1976)** <u>**ശ്രീ. പി. പി. ചിത്തരഞ്ജൻ:**</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന ഏതൊക്കെ പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദവിവരം ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന സ്കോളർഷിപ്പ് പദ്ധതികൾ, ഭവന പുനരുദ്ധാരണ പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതികൾ, പാത്ത്‌വേ സോഷ്യൽ പ്രോഗ്രാമുകൾ, സി.സി.എം.വൈ. പരിശീലന കേന്ദ്രങ്ങളിലെ പരിശീലനങ്ങൾ എന്നിങ്ങനെ വിവിധ പദ്ധതികളുടെ പ്രയോജനം ആലപ്പുഴ മണ്ഡലത്തിനും ലഭിക്കുന്നുണ്ട്. എന്നാൽ ഈ പദ്ധതികളൊന്നുംതന്നെ മണ്ഡലം അടിസ്ഥാനത്തിലല്ല നടപ്പിലാക്കുന്നത്. കൂടാതെ പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ പ്രോജക്ടുകളും ആലപ്പുഴ മണ്ഡലത്തിൽ ലഭിച്ചിട്ടുണ്ട്.

**(ബി) പി.എം.ജെ.വി.കെ. പദ്ധതി മുഖേന നടപ്പിലാക്കേണ്ട പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ?**

2018-19, 2019-20 സാമ്പത്തിക വർഷങ്ങളിലായി ആലപ്പുഴ ജില്ലയ്ക്ക് ഏഴ് പദ്ധതികളിലായി 27.46 കോടി രൂപയുടെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെയും സംസ്ഥാനം നേരിടേണ്ടിവന്ന പ്രളയക്കെടുതികളുടെയും പശ്ചാത്തലത്തിൽ പദ്ധതികൾ

സമയബന്ധിതമായി ആരംഭിക്കുന്നതിന് ജില്ലയിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് തടസ്സമുണ്ടാവുകയും കോസ്റ്റ് എസ്കലേഷൻ കാരണം പദ്ധതികൾ നാളിതുവരെ ആരംഭിക്കുന്നത് സാധിക്കാത്തതുമായ സാഹചര്യം സംജാതമാവുകയും ചെയ്തിരുന്നു. പദ്ധതികൾക്ക് അംഗീകരിക്കപ്പെട്ട തുകയ്ക്കുള്ളിൽനിന്നുകൊണ്ട് പ്രവൃത്തികൾ നടത്താനാകാത്ത സാഹചര്യം ജില്ലയിലെ നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം സർക്കാരിനെ അറിയിക്കുകയും സർക്കാർ തീരുമാനപ്രകാരം ജില്ലക്ക് ലഭിച്ച വുമൺ ഫെസിലിറ്റേഷൻ സെന്റർ ഒഴികെയുള്ള പ്രോജക്ടുകൾ ഡ്രോപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിപ്രകാരം നടപ്പിലാക്കുന്ന വുമൺ ഫെസിലിറ്റേഷൻ സെന്ററിന്റെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ 2019-20 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച വുമൺ എംപവർമെന്റ് ആൻഡ് ഫെസിലിറ്റേഷൻ സെന്റർ (1423.34 ലക്ഷം രൂപ) എന്ന പ്രവൃത്തിക്ക് G+4

പ്ലാൻ പ്രകാരം കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. എന്നാൽ ആലപ്പുഴ ബീച്ച് റോഡിൽ അനുവദിക്കപ്പെട്ട ടി പദ്ധതിയുടെ നിർവഹണം ആരംഭിക്കുന്നതിന് CRZ-ന്റെ ക്ലിയറൻസ് ആവശ്യമായി വന്നതിനാൽ പദ്ധതി നീണ്ടുപോയിട്ടുണ്ട്. CRZ ക്ലിയറൻസ് നിലവിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ CRZ ക്ലിയറൻസ് ലഭിക്കുന്നതിലേക്ക് F.A.R പെർമിസിബിൾ ലിമിറ്റ് (1.5)-നുള്ളിൽ നിൽക്കത്തക്ക രീതിയിൽ പ്ലാൻ മാറ്റേണ്ടി വന്നതിനാൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുള്ള പ്ലാനിൽനിന്നും ഒരു നില ഒഴിവാക്കി ഗ്രൗണ്ട് ഫ്ലോർ +3 ഫ്ലോർ ആക്കിക്കൊണ്ടാണ് CRZ ക്ലിയറൻസ് ലഭിച്ചിരിക്കുന്നത്. ഇതനുസരിച്ചിട്ടുള്ള റിവൈസ്ഡ് പ്രൊപ്പോസൽ ഭരണാനുമതിക്കായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ അനുമതി നൽകിയിരിക്കുന്ന പ്ലാനിൽ മാറ്റം വരുത്താൻ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഈ സാഹചര്യത്തിൽ ജില്ലയിൽനിന്നും ലഭിച്ചിരിക്കുന്ന പ്രൊപ്പോസൽ 25-08-2023-ലെ സംസ്ഥാനതല സമിതി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ഡി) പി.എം.ജെ.വി.കെ. പദ്ധതിപ്രകാരം 2022-23, 2023-24 വർഷങ്ങളിൽ ഏതൊക്കെ പദ്ധതികളാണ് ആലപ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

പി.എം.ജെ.വി.കെ. പദ്ധതിപ്രകാരം 2022-23, 2023-24 വർഷങ്ങളിൽ പദ്ധതികൾ ലഭിച്ചിട്ടില്ല.

**കെടാവിളക്ക് സ്കോളർഷിപ്പ്**

**353 (1977)** ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്ന കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതിയിൽനിന്നും മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ന്യൂനപക്ഷ സമുദായങ്ങളെ ഉൾപ്പെടുത്തിയിരുന്നില്ല. സംസ്ഥാനത്തെ ന്യൂനപക്ഷ ഇതര ഒ.ബി.സി. വിഭാഗങ്ങൾക്കായി പിന്നാക്ക വിഭാഗ വികസന വകുപ്പ് കേന്ദ്ര സർക്കാർ സഹായത്തോടെ നടപ്പിലാക്കി വന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായിരുന്നു നൽകിവന്നിരുന്നത്. എന്നാൽ കേന്ദ്ര സർക്കാർ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നിർത്തലാക്കുകയും 9, 10 ക്ലാസ്സ് വിദ്യാർത്ഥികൾക്ക് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തു. തുടർന്ന് 1 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കെടാവിളക്ക്. നേരത്തെയുള്ള പദ്ധതിയുടെ ഗുണഭോക്തൃ സമുദായങ്ങളെ മാത്രമാണ് പുതിയ പദ്ധതിയിലും ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഒരു വിഭാഗത്തെയും ഒഴിവാക്കിയിട്ടില്ല. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സമാന രീതിയിൽ ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതി നടപ്പാക്കിവന്നിരുന്ന സാഹചര്യത്തിലാണ് പിന്നാക്ക

വിഭാഗ വികസന വകുപ്പിന്റെ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ഒ.ബി.സി. വിഭാഗത്തിൽ ഉൾപ്പെട്ട ന്യൂനപക്ഷങ്ങളെ പരിഗണിക്കാതിരുന്നത്. കേന്ദ്ര പദ്ധതിക്ക് പകരം സംസ്ഥാന പദ്ധതി നടപ്പാക്കിയപ്പോൾ തൽസ്ഥിതി തുടരുകയാണുണ്ടായത്.

(ബി) ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പ്രസ്തുത സ്കോളർഷിപ്പ് പദ്ധതി പ്രകാരം അപേക്ഷകൾ സമർപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

സാമ്പത്തിക ബാധ്യത പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ പ്രസ്തുത പദ്ധതിയുടെ പേര്, ബഡ്ജറ്റ് ഫണ്ട് പാറ്റേൺ എന്നിവയിൽ മാത്രമാണ് മാറ്റമുണ്ടായത്. ഗുണഭോക്താക്കളിലോ പദ്ധതി നടത്തിപ്പ് രീതിയിലോ മാറ്റമില്ല. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന മുമ്പ് നടപ്പാക്കിയിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതിയിൽ ന്യൂനപക്ഷ സമുദായങ്ങൾ ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽത്തന്നെ ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പിന്റെ തുടർച്ചയായി പിന്നാക്ക വിഭാഗ വികസന

വകുപ്പ് മുഖേന നടപ്പാക്കുന്ന കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതിയിലും ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ അപേക്ഷകൾ സമർപ്പിക്കേണ്ടതില്ലെന്ന് വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു.

**(സി) എല്ലാ പിന്നാക്ക വിഭാഗങ്ങളെയും ഉൾപ്പെടുത്തി പ്രസ്തുത പദ്ധതി പുനഃക്രമീകരിക്കാൻ നടപടി സ്വീകരിക്കുമോ?**

ന്യൂനപക്ഷ വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാ സമുദായങ്ങളും പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവരല്ല. ആയതിനാൽത്തന്നെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നത് ന്യൂനപക്ഷ വകുപ്പിന്റെ പിരിധിയിൽ വരുന്ന കാര്യമാണ്.

**മുസ്ലിം വിദ്യാർഥികൾക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങൾ**

**354 (1978)** **<u>ശ്രീ. മഞ്ഞളാംകുഴി അലി:</u>** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസത്തിന് ചേരുന്ന മുസ്ലിം വിദ്യാഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായും കൊഴിഞ്ഞുപോകുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ

വലിയ വർധനവ് ഉണ്ടാകുന്നതായുമുള്ള ആൾ ഇന്ത്യാ സർവ്വേ ഓഫ് ഹയർ എഡ്യൂക്കേഷന്റെ സ്ഥിതിവിവരക്കണക്കിന്റെകൂടി അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് വിലയിരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഈ റിപ്പോർട്ട് ന്യൂനപക്ഷക്ഷേമ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന വിദ്യാർഥികൾക്ക് കൂടുതൽ സാമ്പത്തിക സഹായങ്ങളും സ്കോളർഷിപ്പുകളും ഗ്രാന്റുകളും അനുവദിച്ച് ഈ സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളെല്ലാംതന്നെ സാമ്പത്തിക പ്രയാസങ്ങൾ അനുഭവിക്കുന്ന ബി.പി.എൽ. വിഭാഗത്തിലെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് മുൻഗണന നൽകിയാണ് വിതരണം ചെയ്യുന്നത്.

**വിവിധ പദ്ധതികൾക്കായി ന്യൂനപക്ഷക്ഷേമ വകുപ്പിന് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക**

**355 (1979)** **ശ്രീ. പി. ഉബൈദുള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ലെ സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം നൽകുമോ; 2024 ജനുവരി 31 വരെയുള്ള വിനിയോഗ ശതമാനം എത്രയെന്ന് അറിയിക്കാമോ?

2023-24-ലെ സംസ്ഥാന ബജറ്റിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ അനുവദിച്ച തുക മുഴുവൻ 2024 മാർച്ച് 31-നകം വിനിയോഗിക്കാൻ സാധിക്കുമോയെന്നും അതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തിഗത ആനുകൂല്യങ്ങൾക്കായുള്ള സ്കോളർഷിപ്പ് പദ്ധതികൾ, നൈപുണ്യവികസന പദ്ധതികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ, ഭവന പുനരുദ്ധാരണ പദ്ധതി, പ്രീമാരിറ്റൽ കൗൺസിലിംഗ് പ്രോഗ്രാമുകൾ എന്നീ പദ്ധതികൾ 2024 മാർച്ച് 31-നകം പൂർത്തീകരിച്ച് അനുവദിക്കപ്പെട്ട ബഡ്ജറ്റ് വിഹിതം നഷ്ടപ്പെടുത്താതെ വിനിയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡയറക്ടറേറ്റ് മുഖേനയും ജില്ലാ കളക്ടറേറ്റുകൾ മുഖേനയും പദ്ധതികൾ നടപ്പാക്കുന്നുണ്ട്. CA/CMA സ്കോളർഷിപ്പ്, സിവിൽ സർവീസ് സ്കോളർഷിപ്പ്, സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് എന്നിവയ്ക്കാണ് ഇനിയും അപേക്ഷ ക്ഷണിക്കാനുള്ളത്. മറ്റ് എല്ലാ സ്കോളർഷിപ്പുകളും അപേക്ഷ ക്ഷണിക്കുകയും 4 സ്കോളർഷിപ്പുകൾ പൂർണ്ണമായി വിതരണം ചെയ്യുകയുമുണ്ടായിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ് മുഖേന വിതരണം ചെയ്യുന്ന എല്ലാ സ്കോളർഷിപ്പുകളും ഈ സാമ്പത്തിക വർഷം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രീമാരിറ്റൽ, കരിയർ ഗൈഡൻസ് പദ്ധതികളിലെ ക്യാമ്പുകളെല്ലാം പൂർത്തീകരണ ഘട്ടത്തിലാണ്. ബില്ലുകളുടെ സെറ്റിൽമെന്റ് നടന്നുവരുന്നു.

ജില്ലകളിലെ കളക്ടറേറ്റ് മുഖേന നടപ്പാക്കുന്ന ഭവന പുനരുദ്ധാരണ പദ്ധതിയിൽ ലഭ്യമായ അപേക്ഷകളിൽ പദ്ധതിയുടെ അർഹത മാനദണ്ഡമനുസരിച്ചിട്ടുള്ള ലിസ്റ്റ് തയ്യാറാക്കി താലൂക്ക്/വില്ലേജ്തല ഫീൽഡ് വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കി അന്തിമലിസ്റ്റ് ഉൾപ്പെടെ തയ്യാറാക്കിയിട്ടുണ്ട്. ആദ്യ ഗഡു തുക വിതരണം നടത്തുന്നതിനുള്ള ഫണ്ട് ഇതിനകം ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിക്ക് ബഡ്ജറ്റിൽ 4000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും നടപ്പ് വർഷം ഇതുവരെ റിലീസ് ലഭിച്ചിട്ടില്ലാത്തതാണ്.

(സി) സംസ്ഥാന ന്യൂനപക്ഷക്ഷേമ ബോർഡിന് കീഴിലുള്ള വിവിധ സ്കോളർഷിപ്പുകൾ ഇതുവരെയും വിതരണം ചെയ്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിൽ 4 സ്കോളർഷിപ്പുകൾക്ക് അപേക്ഷ സ്വീകരിക്കുകയും ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ത്രിവത്സര പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പിന് 1164 പേർക്കായി 69.93 ലക്ഷം രൂപയും പാരാമെഡിക്കൽ

ഡിപ്ലോമ, ജനറൽ നഴ്സിംഗ് ഡിപ്ലോമ പഠിക്കുന്ന 445 വിദ്യാർഥികൾക്കായി 66.75 ലക്ഷം രൂപയും പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് സ്കീമിൽ 4315 വിദ്യാർഥികൾക്കായി 4.72 കോടി രൂപയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി., ഐ.ഐ.എം., ഐ.ഐ.എസ്.സി., ഐ.എം.എസ്.സി. എന്നിവയിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ 32 പേർക്കായി 16 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ വിദേശത്ത് പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ്, ഉറുദു സ്കോളർഷിപ്പ് എന്നിവയ്ക്കും അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മറ്റു സ്കോളർഷിപ്പുകളായ സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്, സിവിൽ സർവീസ്, സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. ഇക്കൊല്ലവും സ്കോളർഷിപ്പ് വിതരണം സമയബന്ധിതമായി നടപ്പാക്കുന്നതിന് വകുപ്പുതലത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പ്

മുഖേന നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ വളരെ ഫലപ്രദമായും സമയബന്ധിതമായും കൂടുതൽ വിദ്യാർഥികൾക്ക് പ്രയോജനപ്പെടുംവിധം അനുവദിക്കാൻ സാധിക്കുന്നുണ്ട്. എല്ലാ സ്കോളർഷിപ്പുകളുടെയും ഫണ്ട് 2024 മാർച്ച് 31-ന് മുമ്പ് വിതരണം ചെയ്യുന്നതാണ്.

**ന്യൂനപക്ഷ സ്കോളർഷിപ്പുകൾ**

**356 (1980)** ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും ന്യൂനപക്ഷ സ്കോളർഷിപ്പിനുവേണ്ടി വകയിരുത്തിയിട്ടുള്ള തുക എത്രയാണ്; ചെലവഴിച്ചിട്ടുള്ള തുക എത്രയാണ്; വിശദാംശങ്ങൾ ഇനം തിരിച്ചും വർഷം തിരിച്ചും വ്യക്തമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഒരോ സാമ്പത്തിക വർഷവും സ്കോളർഷിപ്പ് പദ്ധതികൾക്കായി അനുവദിച്ച തുക, ചെലവഴിച്ചിട്ടുള്ള തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ന്യൂനപക്ഷ സ്കോളർഷിപ്പ് വിതരണത്തിന്റെ നിലവിലെ സ്ഥിതി എന്താണ്; നിലവിൽ എത്ര കുടിശ്ശികയുണ്ട്; സ്കോളർഷിപ്പ് കുടിശ്ശിക മുഴുവനായി എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന സ്കോളർഷിപ്പുകളിൽ 4 സ്കോളർഷിപ്പുകൾക്ക് അപേക്ഷ സ്വീകരിക്കുകയും സമയബന്ധിതമായി ഇതുവരെ 6.25 കോടി രൂപയുടെ ഫണ്ട് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. അതിൽ ത്രിവത്സര പോളിടെക്നിക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പിന് 1164 പേർക്കായി 69.93 ലക്ഷം രൂപയും പാരാമെഡിക്കൽ ഡിപ്ലോമ, ജനറൽ നഴ്സിംഗ് ഡിപ്ലോമ പഠിക്കുന്ന 445 വിദ്യാർഥികൾക്കായി 66.75 ലക്ഷം രൂപയും പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് സ്കീമിൽ 4315 വിദ്യാർഥികൾക്കായി 4.72 കോടി രൂപയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ ഐ.ഐ.ടി., ഐ.ഐ.എം., ഐ.ഐ.എസ്.സി, ഐ.എം.എസ്.സി. എന്നിവയിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ 32 പേർക്കായി 16 ലക്ഷം രൂപയും

ചെലവഴിച്ചിട്ടുണ്ട്. ഇതിനുപുറമേ വിദേശത്ത് പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, ഐ.ടി.സി. ഫീ റീഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ്, ഉറുദു സ്കോളർഷിപ്പ്, സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ് (റിന്യൂവൽ) എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന മറ്റ് സ്കോളർഷിപ്പുകളായ സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്, സിവിൽ സർവീസ്, സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. കൂടാതെ, അസാപ് മുഖേന നൈപുണ്യ പരിശീലന പരിപാടി ആരംഭിക്കുന്നതിന് അസാപ് അധികാരികളും ന്യൂനപക്ഷക്ഷേമ ഡയറക്ടറും തമ്മിൽ കരാർ ഒപ്പുവയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്. ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന സ്കോളർഷിപ്പ് പദ്ധതികൾ മുൻവർഷത്തെ അപേക്ഷിച്ച് വളരെ ഫലപ്രദമായും സമയബന്ധിതമായും കൂടുതൽ വിദ്യാർഥികൾക്ക് പ്രയോജനപ്പെടുംവിധം അനുവദിക്കാൻ സാധിക്കുന്നുണ്ട്. എല്ലാ സ്കോളർഷിപ്പുകളുടെയും ഫണ്ട് 2024 മാർച്ച് 31-ന് മുമ്പ് വിതരണം ചെയ്യുന്നതാണ്.

**വിവിധ പദ്ധതികൾക്കായി ലഭിക്കേണ്ട കേന്ദ്ര വിഹിതം**

**357 (1981)** <u>ശ്രീ. ഷാഫി പറമ്പിൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളിൽ കേന്ദ്ര വിഹിതമായി എത്ര തുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ; ഓരോ പദ്ധതിയിലും കുടിശ്ശിക ലഭിക്കാതിരിക്കാൻ എന്തെങ്കിലും കാരണമുണ്ടോ; വ്യക്തമാക്കുമോ?

പി.എം.ജെ.വി.കെ. എന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നത്. പ്രസ്തുത പദ്ധതിയിൽ വിവിധ പ്രോജക്ടുകളിൽ അനുവദിച്ചിട്ടുള്ള ആദ്യ ഗഡു കേന്ദ്ര-സംസ്ഥാന വിഹിതം പൂർണ്ണമായും വിനിയോഗിച്ച് ധനവിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ച ശേഷവും കേന്ദ്ര വിഹിതമായി 449.6 ലക്ഷം രൂപ കുടിശ്ശിക ലഭിക്കുന്നതിന് ബാക്കിയുണ്ട്. പദ്ധതിയിൽ ആകെ അനുവദിച്ച പ്രോജക്ടുകൾക്ക് ഇതുവരെ അനുവദിച്ചിട്ടുള്ള തുകയുടെ 70% തുക

വിനിയോഗിച്ച ശേഷമേ കുടിശ്ശിക തുക അനുവദിക്കുകയുള്ളൂ എന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്.

(ബി) യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ച് നൽകാത്ത എത്ര പദ്ധതികളുണ്ട്; അവ ഏതൊക്കെ പദ്ധതികളാണ്; ഓരോന്നിലും ലഭിക്കാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട മറ്റ് റിപ്പോർട്ടുകൾ എന്നിവ സമർപ്പിച്ചിട്ടും കേന്ദ്രം തുക അനുവദിച്ച് നൽകാത്ത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക**

**358 (1982)** <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുള്ള തുക എത്രയാണ്; നാളിതുവരെ എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ?

നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവൃത്തികൾക്കായി പദ്ധതി ഇനത്തിൽ അനുവദിച്ചിട്ടുള്ള തുക അനുബന്ധമായി ചേർക്കുന്നു+.

**ഇടുക്കി ജില്ലയിലെ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതി**

**359 (1983)** ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിൽ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്കാണ് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അനുമതി ലഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും എത്രയെന്ന് വർഷവും മണ്ഡലവും തിരിച്ച് വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടുക്കി ജില്ലയിൽ പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

**ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേനയുള്ള കുടിവെള്ള പദ്ധതി**

**360 (1984)** <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന ഭരണാനുമതി ലഭിച്ച കുടിവെള്ളം പദ്ധതിക്കുള്ള തുക അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ബാക്കി തുക കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ചെലവഴിക്കാൻ ബാക്കിയുള്ള തുക ഉപയോഗപ്പെടുത്തി പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഭരണാനുമതി നൽകുമോയെന്ന് വിശദമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) എം.ഡബ്ല്യു. 2/183/2023-ജി.എ.ഡി. നമ്പർ ഫയലിന്മേൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി&സി) കൊടുവള്ളി നഗരസഭയിലെ കളരാന്തിരി നോർത്ത് ഡിവിഷനിലെ വല്ലിപ്പറമ്പ പ്രദേശത്ത് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 2019-ൽ പ്രൊപ്പോസൽ സമർപ്പിച്ചപ്പോൾ 47 ലക്ഷം രൂപയാണ് കേരള വാട്ടർ അതോറിറ്റി അംഗീകരിച്ച് എസ്റ്റിമേറ്റ് തന്നിരുന്നത്. എന്നാൽ പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തിയായപ്പോൾത്തന്നെ ടി തുക ചെലവഴിച്ച് വീണ്ടും 49.76 ലക്ഷം രൂപകൂടി ആവശ്യപ്പെട്ട സാഹചര്യത്തിൽ ആയതിനുള്ള കാരണം വ്യക്തമാക്കാനും ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിക്ക് നൽകിയ തുകയിൽ പദ്ധതികൾ നടപ്പിലാക്കാതെ ഇനിയും എത്ര രൂപ മിച്ചമുണ്ടെന്ന് അറിയിക്കാനും കേരളാ വാട്ടർ അതോറിറ്റി

മാനേജിംഗ് ഡയറക്ടർക്ക് 22-12-2023-ലെ MW2/183/2023-GAD നമ്പർ ഫയലിൽ റിപ്പോർട്ട് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമായിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണം**

**361 (1985)** ശ്രീ. പി. വി. ശ്രീനിജിൻ**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയ വടവുകോട് പുത്തൻകുരിശ് ഗ്രാമ പഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**(എ&ബി)** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ്

ഗ്രാമപഞ്ചായത്തിലെ കാളവയൽ ഗ്രൗണ്ടിന്റെ നിർമ്മാണ പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് എറണാകുളം ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ചതിനുശേഷം കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതി പുറപ്പെടുവിക്കുന്നതാണ്. അതിനുശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പദ്ധതിയുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

**362 (1986)** ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം എത്ര സ്റ്റേഡിയങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; കോഴിക്കോട് ജില്ലയിൽ ഇതുവരെ എത്ര ഗ്രാമപഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 18-10-2023-ലെ സ.ഉ. (സാധാ) നം.305/ 2023/ക.യു.വ (അനുബന്ധം)+ പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 കളിസ്ഥലങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ഇതുവരെ ഈ പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു പ്രവൃത്തിയും ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തികൾ ഏത് ഏജൻസിയാണ് ഏറ്റെടുത്ത് നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് നടപ്പിലാക്കുന്നത്.

**ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**363 (1987)** **<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>:**
**<u>ശ്രീ. എം. വിജിൻ</u>:**
**<u>ശ്രീ. പി. പി. സുമോദ്</u>:**
**<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്; വിശദാംശം നൽകാമോ?

സംസ്ഥാനത്തിന്റെ ചരിത്രത്തിൽ സമാനതകളില്ലാത്ത നിക്ഷേപമാണ് കായിക അടിസ്ഥാനസൗകര്യ വികസന രംഗത്ത് സർക്കാർ നടപ്പിലാക്കി വരുന്നത്. കിഫ്ബി ധനസഹായത്തോടെയും പ്ലാൻ/നോൺ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയുമാണ് ഈ പ്രവൃത്തികളെല്ലാം നടത്തിവരുന്നത്. സംസ്ഥാനത്ത് കായിക വിനോദത്തിനുള്ള അടിസ്ഥാനസൗകര്യ വികസനം വിവിധ തലങ്ങളിലായാണ് നടപ്പിലാക്കിവരുന്നത്. സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ടർഫുകൾ, നീന്തൽക്കുളങ്ങൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിമ്മുകൾ തുടങ്ങിയവ നിർമ്മിക്കുകയും നിലവിലുള്ള

സ്റ്റേഡിയങ്ങളെ നവീകരിച്ച് കായിക അടിസ്ഥാനസൗകര്യ വികസനം എല്ലായിടത്തും ഉറപ്പുവരുത്തുകയും ചെയ്യുന്നു. കായികമേഖലയുടെ വികസനത്തിന്റെ അടിസ്ഥാന ഘടകമായ ഗ്രാമീണ കളിസ്ഥലങ്ങളുടെ വികസനമാണ് കായിക വകുപ്പ് നടപ്പാക്കുന്ന സുപ്രധാന പദ്ധതികളിലൊന്ന്. ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിയിലൂടെ വിവിധ ഘട്ടങ്ങളിലായി എല്ലാ പഞ്ചായത്തുകളിലും കളിക്കളം ഒരുക്കുന്നതിനുള്ള ലക്ഷ്യമാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്തെ വളർന്നുവരുന്ന കായിക താരങ്ങളെ കണ്ടെത്തി വാർത്തെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിക്കുന്ന കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷനുകൾ, ജി.വി. രാജ സ്പോർട്സ് സ്കൂൾ മൈലം എന്നിവിടങ്ങളിലെ ആസ്തി വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്

സർക്കാർ വലിയ പ്രാധാന്യം നൽകുന്നുണ്ട്. കായിക വകുപ്പ് ഏറ്റെടുത്തതിനെത്തുടർന്ന് നിരവധി ആസ്തി വികസന പ്രവൃത്തികളാണ് പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കിവരുന്നത്. കായിക വകുപ്പിന് കീഴിലുള്ള സ്റ്റേഡിയങ്ങളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നടന്നുവരുന്ന ആസ്തി വികസന പ്രവർത്തനങ്ങളെ തുടർന്നും കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി സ്പോർട്സ് കേരള ഫൗണ്ടേഷൻ എന്ന പേരിൽ ഒരു പൊതുമേഖലാ കമ്പനി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കായിക വകുപ്പിന് കീഴിൽ നിർമ്മിക്കുന്ന സ്റ്റേഡിയങ്ങളുടെ നിർമ്മാണവും ഏകീകൃതവുമായ നടത്തിപ്പും പരിപാലനവും സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേനയാണ് ചെയ്തുവരുന്നത്.

(ബി) സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും നിലവാരമുള്ള കളിക്കളം ഒരുക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; എന്തൊക്കെ സൗകര്യങ്ങളും സംവിധാനങ്ങളുമാണ് ഇതിന്റെ ഭാഗമായി ഒരുക്കുന്നത്; വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങൾക്ക് 18-10-2023-ലെ സ.ഉ. (സാധാ) നം. 305/2023/ക.യു.വ. പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. പദ്ധതി പ്രകാരം 4 കളിക്കളങ്ങളുടെ പ്രവൃത്തി ആരംഭിക്കുകയും ആയതിൽ ഒരു കളിക്കളത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 23 കളിസ്ഥലങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. എം.എൽ.എ. ഫണ്ട് ലഭ്യമായ പ്രവൃത്തികളിൽ 12 പ്രവൃത്തികൾക്ക് സമഗ്ര ഭരണാനുമതി നൽകുകയും ആയതിൽ 3 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ പ്രചാരത്തിലുള്ള വിവിധ കായിക ഇനങ്ങൾക്കുള്ള സൗകര്യങ്ങളും

ഇൻഡോർ കോർട്ട്, മാനസിക ശാരീരികശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന ഫിറ്റ്നസ് പവലിയൻ, ജിം തുടങ്ങിയ വിപുലമായ സൗകര്യങ്ങളും ഉയർന്ന സാമൂഹിക നിലവാരത്തോടുകൂടി സ്ത്രീ സൗഹൃദ അന്തരീക്ഷംകൂടി കണക്കിലെടുത്തുകൊണ്ടാണ് പദ്ധതിരേഖ തയ്യാറാക്കിയിരിക്കുന്നത്. അടിസ്ഥാനപരമായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന സൗകര്യങ്ങൾ മൾട്ടി ഗെയിമുകൾക്കായുള്ള പ്ലേകോർട്ടുകൾ, ഇൻഡോർ കോർട്ടുകൾ, ഓപ്പൺ ജിം, വോളിബോൾ കളിക്കാനുള്ള കോർട്ടുകൾ, ബാസ്കറ്റ്ബോൾ, ഓപ്പൺ ജിംനേഷ്യം, നടപ്പാത, ടോയ്‌ലറ്റുകൾ, വസ്ത്രം മാറുന്ന മുറികൾ, കോഫീഷോപ്പ് തുടങ്ങിയ സൗകര്യങ്ങൾ, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ, ശാരീരിക മാനസിക വ്യായാമത്തിനുള്ള സൗകര്യങ്ങൾ, പ്രാദേശിക കളികൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങിയവയാണ്.

(സി) കളിക്കളങ്ങളുടെ പരിപാലനത്തിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; സംസ്ഥാനത്തിന്റെ കായിക മുന്നേറ്റത്തിന് ഇത് എത്രത്തോളം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം നൽകുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം നിർമ്മിക്കുന്ന ഓരോ കളിസ്ഥലങ്ങളും നിർമ്മാണം പൂർത്തിയായി ആദ്യ മൂന്ന് വർഷത്തേയ്ക്ക് കായികവകുപ്പ് പരിപാലിക്കുന്നതാണ്. ഇതിലേയ്ക്കായി ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റിന്റെ 3% തുക പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്ത് കളിക്കളം ഇല്ലാത്ത എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം നിർമ്മിക്കുകയും അതിലൂടെ കായിക വികസനത്തിനുള്ള ഏറ്റവും അടിത്തട്ടിൽനിന്നുള്ള വികസനം സാധ്യമാക്കുക എന്ന ബൃഹത് ഉദ്ദേശ്യമാണ് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. വിവിധ ജീവിത ശൈലീരോഗങ്ങൾ പടരുന്ന സാഹചര്യത്തിൽ കായികവും ശാരീരികവും മാനസികവുമായ വികാസത്തിനുള്ള സൗകര്യമൊരുക്കുകവഴി ലോകാരോഗ്യ സംഘടനയുടെ 2030-ലെ സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ പ്രധാനമായ പലതും കൈവരിക്കുന്നതിന് സാധിക്കും.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരമുള്ള പെരുംകുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണം**

**364 (1988)** <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പെരുംകുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുമെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പെരുംകുന്നം ജി.എൽ.പി.എസ്. കളിസ്ഥലം നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന് മുന്നോടിയായി പ്രസ്തുത സ്ഥലത്ത് ടോട്ടൽ സ്റ്റേഷൻ സർവെ ചെയ്യുന്നതിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടോട്ടൽ സ്റ്റേഷൻ സർവെ പൂർത്തീകരിച്ചാലുടൻ സ്പോർട്സ് കേരള

ഫൗണ്ടേഷൻ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതും പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ചതിനുശേഷം കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതി നൽകുന്നതുമാണ്. അതിനുശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**ഇ-സ്പോർട്സ് രംഗത്ത് നൂതന പദ്ധതികൾ**

**365 (1989)** **<u>ശ്രീ. ജി. സ്റ്റീഫൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സ്പോർട്സ് രംഗത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂനത പദ്ധതികൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ ഇത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) നിലവിൽ ഇ-സ്പോർട്സുമായി ബന്ധപ്പെട്ട് കായിക യുവജനകാര്യ വകുപ്പ് മുഖേന പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കുന്നില്ല.

കായിക നയം 2023-ൽ ഇ-സ്പോർട്സ് പ്രോത്സാഹിപ്പിക്കാൻ വിവിധ പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം 2024 ജനുവരി 23 മുതൽ 26 വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച അന്താരാഷ്ട്ര കായിക ഉച്ചകോടിയിൽ ഈ രംഗത്തെ പ്രമുഖ സ്ഥാപനങ്ങൾ നിക്ഷേപ വാഗ്ദാനവുമായി മുന്നോട്ടുവന്നിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ഓപ്പറേഷൻ ഒളിമ്പിയ 2024**

**366 (1990)** <u>ശ്രീ. എം. രാജഗോപാലൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക്സിൽ മെഡൽ നേടാനുള്ള സാധ്യതകൾ മുൻനിർത്തി കായിക താരങ്ങൾക്ക് തീവ്രപരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്ത ഓപ്പറേഷൻ ഒളിമ്പിയ 2024 എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒളിമ്പിക്സിൽ മെഡൽ നേടാനുള്ള സാധ്യതകൾ മുൻനിർത്തി കായിക താരങ്ങൾക്ക് തീവ്ര പരിശീലനം നൽകുന്നതിനായി വിഭാവനം ചെയ്ത ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിക്ക് 2020-21 വരെ ഭരണാനുമതി നൽകിയിട്ടുള്ളതും ആയത് നടപ്പിലാക്കിവരികയും ചെയ്തിരുന്നു. തുടർന്ന് കോവിഡ് മഹാമാരിക്കുശേഷം ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി പുനരാരംഭിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും പ്രസ്തുത പദ്ധതിയിൽ പരിശീലനം നടത്തിയിരുന്ന കായിക താരങ്ങളെ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികളിൽ ഉൾക്കൊള്ളിച്ച് തുടർന്നും പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ കായിക ഇനങ്ങൾക്കാണ് പരിശീലനം നൽകുന്നതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ബോക്സിംഗ്, ബാഡ്മിന്റൺ, റോവിംഗ്, ഫെൻസിംഗ്, അത്‌ലറ്റിക്സ് എന്നീ കായിക ഇനങ്ങളിലാണ് കുട്ടികൾക്ക് പരിശീലനം നൽകിയിരുന്നത്.

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി

**367 (1991)** ശ്രീമതി കാനത്തിൽ ജമീല**:** താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ പ്രഖ്യാപിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിപ്രകാരം എത്ര കളിസ്ഥലങ്ങൾ നിർമ്മിച്ചുവെന്ന് അറിയിക്കാമോ; കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പ്രഖ്യാപിച്ച കളിസ്ഥലത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

ഒരു പഞ്ചായത്തിന് ഒരു കളിക്കളം എന്ന പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു കളിസ്ഥലത്തിന്റെ നിർമ്മാണമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. 3 കേന്ദ്രങ്ങളിൽ നിർമ്മാണം പുരോഗമിക്കുകയാണ്. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്ത് വൻമുഖം ഗവൺമെന്റ് ഹൈസ്കൂൾ മൈതാനം പ്രവൃത്തിയാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ടുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ

കത്ത് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

**368 (1992)** <u>ശ്രീ. ടി. വി. ഇബ്രാഹിം</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കളിക്കളങ്ങൾ നിർമ്മിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളതെന്നും ഇതിനുവേണ്ടി എത്ര രൂപയാണ് സംസ്ഥാന വിഹിതമായി മാറ്റിവച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. 18-10-2023-ലെ സ.ഉ. (സാധാ) നം. 305/2023/കാ.യു.വ. ഉത്തരവ് പ്രകാരം പ്രവൃത്തി ആരംഭിച്ച 4 കളിക്കളങ്ങൾ ഒഴിച്ചുള്ള ബാക്കി 120 കളിക്കളങ്ങൾക്കും പരമാവധി 50 ലക്ഷം

രൂപ (സർക്കാർ വിഹിതം) വച്ച് മൊത്തം 60 കോടി രൂപയുടെ സമഗ്രമായ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയിൽ ഇതിനോടകം ഏതെല്ലാം കളിക്കളങ്ങൾക്കാണ് സംസ്ഥാന വിഹിതം നൽകിയതെന്ന് അറിയിക്കാമോ?

നടപ്പ് സാമ്പത്തികവർഷത്തിൽ ഇതുവരെ അനുവദിച്ച് നൽകിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) കളിക്കളം നിർമ്മാണത്തിന് സംസ്ഥാന വിഹിതത്തിന് തുല്യമായ തുകയാണോ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്ന് നൽകേണ്ടത്; വ്യക്തമാക്കുമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം ഒരു കളിക്കളത്തിന് നിശ്ചയിച്ചിട്ടുള്ള പരമാവധി തുക ഒരു കോടി രൂപയാണ്. ഇതിന്റെ 50% തുക എം.എൽ.എ. ഫണ്ടിൽനിന്നോ തദ്ദേശസ്വയംഭരണ സ്ഥാപന ഫണ്ടിൽനിന്നോ സി.എസ്.ആർ. ഫണ്ടിൽനിന്നോ സ്വരൂപിക്കുന്നതിനും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്രകാരം ലഭിക്കുന്ന തുകയുടെ തത്തുല്യമായ തുക കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും വിനിയോഗിക്കുവാനമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ഡി) ആസ്തി വികസന ഫണ്ടിൽനിന്നും ഈ ഇനത്തിൽ പണം ചെലവഴിക്കുന്നതിന് അനുവാദം നൽകിക്കൊണ്ട് ധനകാര്യ വകുപ്പിൽനിന്നും ജില്ലാ കളക്ടറേറ്റിലേക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവഹണം ത്വരിതപ്പെടുത്തുന്നതിനായി SOP (Standard Operating Procedure) നിശ്ചയിച്ചും പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയും 09-10-2023-ലെ സ.ഉ. (അച്ചടി) നം.104/2023/ധന. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. SOP പ്രകാരം ആസ്തിവികസന ഫണ്ടിൽനിന്നും എം.എൽ.എ. നിർദ്ദേശിക്കുന്ന തുക അല്ലെങ്കിൽ 50 ശതമാനത്തിൽ കൂടാതെയുള്ള പ്രോജക്ട് തുക, പരമാവധി 50 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് അത് ബന്ധപ്പെട്ട എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ജില്ലാകളക്ടർക്ക് അനുവദിക്കാവുന്നതാണ്.

(ഇ) പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പദ്ധതി വേഗത്തിൽ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം 4 കളിക്കളങ്ങളുടെ പ്രവൃത്തി ഇതിനകം ആരംഭിക്കുകയും ആയതിൽ ഒരു കളിക്കളത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ. ഫണ്ട് അനുവദിച്ചിട്ടുള്ള പ്രവൃത്തികളിൽ 12 പ്രവൃത്തികൾക്ക് കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതി നൽകുകയും ആയതിൽ 3 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**മരുതറോഡ് പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം**

**369 (1993)** <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതിയിൽ ഉൾപ്പെട്ട മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ഈ പദ്ധതിക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നുള്ള വിഹിതമായി പാലക്കാട് ജില്ലാകളക്ടർ 29-12-2023-ലെ എ.ഡി.സി.പി.കെ.ഡി. /1153/2022-D6 എന്ന ഉത്തരവുപ്രകാരം 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ സാഹചര്യത്തിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന വിവരം അറിയിക്കാമോ?

(എ-സി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന മലമ്പുഴ നിയോജകമണ്ഡലത്തിലെ മരുതറോഡ് പഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നും ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സമഗ്ര ഭരണാനുമതി ലഭ്യമാക്കി പദ്ധതി

നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**പേരാമ്പ്ര മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

**370 (1994)** <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം പേരാമ്പ്ര മണ്ഡലത്തിൽ ഏത് പഞ്ചായത്തിനെയാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

പേരാമ്പ്ര നിയോജകമണ്ഡലത്തിൽനിന്നും ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് നൊച്ചാട് ഗ്രാമ പഞ്ചായത്തിനെയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങൾക്ക് 18-10-2023-ലെ സ.ഉ (സാധാ) നം.305/2023/ക.യു.വ. പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽനിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള

നടപടി സ്വീകരിക്കുന്നത്. പ്രസ്തുത അറിയിപ്പ് ലഭ്യമായാലുടൻ ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**കായംകുളം മണ്ഡലത്തിലെ കളിക്കളം പദ്ധതി**

**371 (1995)** ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിലെ പത്തിയൂർ എച്ച്.എസ്.-ന് അനുവദിച്ച സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന കായംകുളം നിയോജകമണ്ഡലത്തിലെ പത്തിയൂർ പഞ്ചായത്ത് എച്ച്.എസ്. ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ച് ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതിക്ക് കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്.

പദ്ധതിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

**372 (1996)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ

നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്ത് പുത്തൻചന്ത സ്റ്റേഡിയം ഉൾപ്പെടുന്നുണ്ട്. പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും 50 ലക്ഷം രൂപ അനുവദിച്ചുകൊണ്ട് ജില്ലാകളക്ടർ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) മണ്ഡലത്തിൽ ഹെൽത്തി കിഡ്സ്, ഗോൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും കായിക യുവജനകാര്യാലയം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഹെൽത്തി കിഡ്സ് പദ്ധതിയിൽ പൂഞ്ഞാർ ജി.എൽ.പി.എസ്.-നെ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സ്കൂളിൽ കായിക ഉപകരണങ്ങൾ സ്ഥാപിക്കുകയും അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

ഗോൾ പദ്ധതി സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുന്നതിന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് പരിശീലകർക്കുള്ള പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

**373 (1997)** ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്ത സ്ഥലം സംബന്ധിച്ച വിശദാംശം നൽകുമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽനിന്നും ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് അഗളി ഗവൺമെന്റ് എച്ച്.എസ്.എസ്. ഗ്രൗണ്ടിനെയാണ്.

(ബി) ഇതുസംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

**374 (1998)** ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ കായിക വകുപ്പിന് കീഴിൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഓരോ പഞ്ചായത്തിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ നടപ്പിലാക്കുന്ന "ഒരു പഞ്ചായത്തിന് ഒരു കളിക്കളം" എന്ന പദ്ധതിയിൽ 12-10-2023-ലെ സ.ഉ.(സാധാ) നം. 299/2023/കാ.യു.വ ഉത്തരവുപ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അജാനൂർ പഞ്ചായത്ത് രാമഗിരി ഗ്രൗണ്ടിനെ ഉൾപ്പെടുത്തിയിട്ടുണ്ട്.

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ

ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും ലക്ഷ്യമിട്ട് 13-03-2018-ലെ GO (Rt) 36/2018/SYA ഉത്തരവുപ്രകാരം കായിക യുവജനകാര്യാലയം മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയ "പ്ലേ ഫോർ ഹെൽത്ത്" പദ്ധതി കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കീക്കാംകോട്ട് ഗവൺമെന്റ് എൽ.പി.എസ്.-ൽ നടപ്പിലാക്കി.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതൊക്കെ സ്ഥലങ്ങളിൽ സ്പോർട്സ് ഡിവിഷനും സ്പോർട്സ് അക്കാദമിയും സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ആയതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(ബി&സി) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. ചായ്യോത്തിൽ സ്പോർട്സ് ഡിവിഷൻ സ്ഥാപിക്കുന്നതിന് പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് സ്കൂളിൽ ഒരു സ്പോർട്സ് അക്കാദമി തുടങ്ങാൻ സംസ്ഥാന സ്പോർട്സ് കൗൺസിലിനെ

ചുമതലപ്പെടുത്തിയിട്ടുണ്ട്. കൗൺസിൽ ഈ കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

**375 (1999)** **ശ്രീ. ലിന്റോ ജോസഫ്:** താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവമ്പാടി മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി ഇനി എന്തൊക്കെ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 18-10-2023-ലെ സ.ഉ. (സാധാ) നം. 305/2023/ക.യു.വ. പ്രകാരം സമഗ്ര ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി

നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവർത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൊടിയത്തൂർ സ്റ്റേഡിയം/ ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിക്കായി എം.എൽ.എ. ഫണ്ടിൽനിന്നും തുക അനുവദിച്ചതായി അറിയിപ്പ് ലഭിച്ചാലുടൻതന്നെ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പ്രവൃത്തിയുടെ

എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഉദുമ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

**376 (2000)** ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ജി.എച്ച്.എസ്. കുറ്റിക്കോൽ ഗ്രൗണ്ട് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന ഉദുമ നിയോജകമണ്ഡലത്തിലെ കുറ്റിക്കോൽ ജി.എച്ച്.എസ്. ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ടിൽനിന്നുള്ള ഭരണാനുമതി ലഭ്യമാക്കുന്നതിനായി പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

പദ്ധതിക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ചതിനുശേഷം കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതി നൽകുന്നതാണ്. അതിനുശേഷം പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തി ആരംഭിച്ച് 6 മാസത്തിനകം പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

**കല്യാശ്ശേരി മണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

**377 (2001)** <u>ശ്രീ. എം. വിജിൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 18-10-2023-ലെ സ.ഉ. (സാധാ) നം.305/2023/ക.യു.വ. പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ് .

പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു പ്രവർത്തിയായ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം പൂർത്തീകരിച്ചിട്ടുണ്ട്. 3 കേന്ദ്രങ്ങളിൽ നിർമ്മാണം പുരോഗമിക്കുകയാണ്. 23 കളിസ്ഥലങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിൽ 12 കളിസ്ഥലങ്ങൾക്ക് സമഗ്ര ഭരണാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് പദ്ധതികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെൻഡർ നടപടികൾ, സാങ്കേതികാനുമതി നൽകുക എന്നിവ സംബന്ധിച്ച തുടർനടപടികൾ

പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരികയാണ്.

(ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ കുഞ്ഞിമംഗലം പഞ്ചായത്ത് ഗ്രൗണ്ടിന്റെ ടെൻഡർ നടപടി പൂർത്തിയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചുകൊണ്ട് ജില്ലാകളക്ടറുടെ ഭരണാനുമതിയായിട്ടുണ്ട്. ടി പദ്ധതിക്ക് കായികയുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെൻഡർ അടക്കമുള്ള തുടർനടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**ജില്ലാ സ്പോർട്സ് ഗ്രിഡ് പ്രോജക്റ്റ് നടപ്പിലാക്കാൻ നടപടി**

**378 (2002)** ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സ്പോർട്സ് ആക്ട് 2000-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്തുന്നതിനായി ജില്ലാ സ്പോർട്സ് ഗ്രിഡ് പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് കേരള സ്പോർട്സ് ആക്ട് 2000-ലെ വ്യവസ്ഥകൾക്ക് അനുസൃതമായി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ആരോഗ്യകരമായ ജീവിതം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്ത് എല്ലാ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന വിധത്തിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും പ്രസ്തുത കായിക അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ആളുകൾക്ക് ഉപയോഗിക്കുവാൻ കഴിയുന്ന

തരത്തിൽ സംസ്ഥാന സ്പോർട്സ് ഗ്രിഡ് പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ കേരള കായിക നയം-2023-ൽ വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) ഇന്റർ കോളേജ് സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം, താമസം എന്നിവയ്ക്കായി നൽകുന്ന ഡെയിലി അലവൻസ്, ഹോസ്റ്റൽ അലവൻസ് എന്നിവ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഇന്റർ കോളേജ് സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഭക്ഷണം, താമസം എന്നിവയ്ക്കായി ഡെയിലി അലവൻസ് അനുവദിക്കേണ്ടത് കായിക താരങ്ങൾ പ്രതിനിധീകരിക്കുന്ന കോളേജുകളിൽനിന്നുമായതിനാൽ ഇതുസംബന്ധിച്ച നിയമാവലികൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഈ വകുപ്പിൽനിന്നും സ്വീകരിക്കുന്നതിന് സാധിക്കുകയില്ല.

(സി) കായികവകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും സജീവമാക്കുന്നതിന്റെ ഭാഗമായി കായിക യുവജനക്ഷേമ ഡയറക്ടറേറ്റിന് കീഴിൽ ജില്ലകൾതോറും ഓഫീസുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ഒരു പഞ്ചായത്തിൽ ഒരു കളിക്കളം**

**379 (2003)** <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പും എം.എൽ.എ. ആസ്തി വികസന ഫണ്ടും സംയോജിപ്പിച്ചുകൊണ്ട് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് പ്രയാസമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് 18-10-2023-ലെ സ.ഉ. (സാധാ) നം.305/2023/ക.യു.വ പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകൾ സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്ക് ആവശ്യമായ തുക സമാഹരിക്കുന്നത്. ഇതുപ്രകാരം പ്ലാൻ ഫണ്ടിന്റെയും എം.എൽ.എ ഫണ്ടിന്റെയും പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം ഭരണാനുമതി ലഭ്യമാക്കി പ്രത്യേകം ദർഘാസ് ക്ഷണിക്കുകയാണ് ചെയ്യുന്നത്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന ഫണ്ടിന് പ്രത്യേകം ഭരണാനുമതി പുറപ്പെടുവിക്കുന്നതിനാൽ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഒറ്റ ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. ഇപ്രകാരം, എം.എൽ.എ. ഫണ്ട് ലഭ്യമായ 12 പദ്ധതികൾക്ക് കായിക യുവജനകാര്യ ഡയറക്ടർ സമഗ്ര ഭരണാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുന്ന ഒരു പ്രവൃത്തി (കള്ളിക്കാട്) പൂർത്തീകരിച്ചിട്ടുണ്ട്. 3 പ്രവൃത്തികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ നിർവഹണം ത്വരിതപ്പെടുത്തുന്നതിനായി SOP (Standard Operating Procedure) നിശ്ചയിച്ചും പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയും ഉത്തരവായിട്ടുണ്ട്.

**പൊതു ഇടങ്ങളിലെ ഓപ്പൺ ജിമ്മുകൾ**

**380 (2004)** **<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പിന് കീഴിൽ പൊതു ഇടങ്ങളിൽ ഓപ്പൺ ജിമ്മുകൾ, ടർഫുകൾ എന്നിവ സ്ഥാപിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശം അറിയിക്കാമോ?

ടൂറിസം വകുപ്പുമായി ചേർന്ന് ജില്ലകളിലെ തെരെഞ്ഞെടുത്ത പ്രദേശങ്ങളിൽ ഓപ്പൺ ജിം പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 16-02-2022-ലെ സ.ഉ. (സാധാ.) നം.28/2022/കാ.യു.വ. പ്രകാരം 1,48,26,900/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 26-02-2021-ലെ സ.ഉ. (എം.എസ്.) നം.6/2021/കാ.യു.വ., 07-07-2021-ലെ സ.ഉ. (എം.എസ്.) നം.8/2021/കാ.യു.വ. എന്നിവ പ്രകാരം കായിക യുവജനകാര്യ വകപ്പിന് കീഴിലെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, മലപ്പുറം, ആലപ്പുഴ, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലാണ് ആദ്യ ഘട്ടത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ

ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആര്യാട്, മാരാരിക്കുളം നോർത്ത്, മാരാരിക്കുളം സൗത്ത്, മണ്ണഞ്ചേരി പഞ്ചായത്തുകളിൽ എം.എൽ.എ. ഫണ്ടുപയോഗിച്ച് ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ച 80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 01-07-2023-ൽ ജില്ലാകളക്ടർക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പാറശ്ശാല മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്റെ തൽസ്ഥിതി അറിയിക്കാമോ?

പാറശ്ശാല മണ്ഡലത്തിൽ ഓപ്പൺ ജിം സ്ഥാപിക്കുന്നതിനായുള്ള അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

(സി) ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാറശ്ശാല മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് കളിസ്ഥലങ്ങൾ അനുവദിച്ചിട്ടുള്ളതെന്നും അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) പ്രസ്തുത മണ്ഡലത്തിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഗ്രൗണ്ടുകളുടെ നവീകരണം**

**381 (2005)** <u>ശ്രീ. നജീബ് കാന്തപുരം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം കേരളത്തിൽ എത്ര ഗ്രൗണ്ടുകൾ നവീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തി പൂർത്തീകരിച്ചു. നിലവിൽ മൂന്ന് നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത്. ആയതിന്റെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഗ്രൗണ്ടുകൾ നവീകരിക്കുന്നതിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും ഗ്രൗണ്ട് നവീകരണവും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ?

(ബി&സി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴെക്കോട് ഗ്രാമപഞ്ചായത്ത് അരിങ്ങപറമ്പ് ജി.എൽ.പി. സ്കൂൾ കളിസ്ഥല നിർമ്മാണം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ആവശ്യമായ തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ടെത്തുന്നത്. നിലവിൽ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാ കളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്.

**പുതിയ കായിക നയം**

**382 (2006)** ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ കായിക നയം നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സമഗ്രമായ കായിക നയം മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് സമഗ്രമായ കായിക വികസനം ലക്ഷ്യമിട്ട് കായികനയം രൂപപ്പെടുത്തിയിട്ടുണ്ട്. ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്ര തലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, ശക്തമായ കായികസാക്ഷരതയും നിലവാരമുള്ള കായിക സംസ്കാരവും രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ടുവയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും വിദ്യാഭ്യാസം, ആരോഗ്യം, പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദ ദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റ് മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നത് ഇതിൽ ഉൾപ്പെടുന്നു. വിഭവശേഷിയുടെ പങ്കുവയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ

ഫലപ്രദമായ നിർവഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു.

(സി) കായിക വകുപ്പ് നടത്തുന്ന കായിക ഉച്ചകോടിയിലൂടെ എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

കായിക നയത്തിലെ സുപ്രധാന കാഴ്ചപ്പാടായ കായിക സമ്പദ് വ്യവസ്ഥ വളർത്തുന്നതിൽ ഇന്റർനാഷണൽ സ്പോർട്സ് സമ്മിറ്റ് കേരള-2024 ഒരു വലിയ ചുവടുവയ്പ്പാണ്. ഇന്ത്യയിൽത്തന്നെ ആദ്യമായി സംഘടിപ്പിച്ച കായിക ഉച്ചകോടി കേരളത്തിന്റെ കായിക മേഖലയ്ക്ക് പുതിയ ദിശാബോധം നൽകി. കായിക രംഗത്തേയ്ക്കുള്ള നിക്ഷേപങ്ങളുടെ കാര്യത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിന് തുടക്കമിടുന്നതിനും വലിയ ചലനമുണ്ടാക്കാൻ കഴിഞ്ഞു. കായിക മേഖലയിൽനിന്നും സംസ്ഥാനത്തിന്റെ ജി.ഡി.പി.-യിലേക്കുള്ള വിഹിതം വലിയ തോതിൽ വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഏകദേശം 50 ബില്യൺ രൂപയുടെ നിക്ഷേപ വാഗ്ദാനം ഉണ്ടായി. അടിസ്ഥാന സൗകര്യങ്ങൾ, കായിക അനുബന്ധ വ്യവസായങ്ങൾ, പുതിയ

ലീഗുകൾ, കായിക സ്റ്റാർട്ടപ്പുകൾ, അക്കാദമികൾ തുടങ്ങിയ രംഗങ്ങളിൽ നിക്ഷേപങ്ങൾക്ക് ധാരണയുണ്ട്. അതിവേഗം വളരുന്ന ഇസ്പോർട്സ് രംഗത്തും മികച്ച നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞു. 5000 കോടിയിലധികം രൂപയുടെ നിക്ഷേപം കായിക മേഖലയിൽ വരുന്നതോടെ പതിനായിരത്തിലധികം തൊഴിലവസരങ്ങൾ ഒരു വർഷംകൊണ്ട് സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു.

കേരളത്തിൽ നിലനിൽക്കുന്ന കായിക സാധ്യതകൾ ലോകത്തിനുമുന്നിൽ തുറന്നുകാണിക്കാനും വിദേശരാജ്യങ്ങളിൽ വിജയകരമായ പല മാതൃകകളും കായിക മേഖലയിലെ നവീന, ശാസ്ത്ര, സാങ്കേതിക രീതികളും പരിചയപ്പെടാനും ഉച്ചകോടി സഹായിച്ചു.

വിവിധ തദ്ദേശ സ്ഥാപനങ്ങൾ, കായിക അസോസിയേഷനുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ തുടങ്ങിയവർ സമ്മിറ്റിൽ അവതരിപ്പിച്ച കായിക പദ്ധതികൾ എല്ലാവർക്കും സ്പോർട്സ് എന്ന കായിക നയത്തിന്റെ അടിസ്ഥാന ആശയം നടപ്പാകാനും കമ്മ്യൂണിറ്റി സ്പോർട്സ് രൂപപ്പെടാനും സഹായമാകും.

## ഹരിപ്പാട് ബോയ്സ് സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണം

**383 (2007)** ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ബോയ്സ് സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണവുമായി ബന്ധപ്പെട്ട് സ്പോർട്സ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി നടത്താൻ വിഭാവനം ചെയ്തിട്ടുള്ളതെന്നും ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത വികസന പ്രവർത്തനങ്ങളുടെ നിർവഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഹരിപ്പാട് ബോയ്സ് സ്കൂൾ ഗ്രൗണ്ടിന്റെ നവീകരണത്തിന് 11-03-2021-ലെ സ.ഉ. (സാധാ.) നം.56/2022/കാ.യു.വ. ഉത്തരവുപ്രകാരം

2,55,00,000/- രൂപയുടെ ഭരണാനുമതി നൽകി പ്രസ്തുത ഗ്രൗണ്ടിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രധാന ഘടകങ്ങളായി വിഭാവനം ചെയ്തിരിക്കുന്നത്

1. നാച്വറൽ ഫുട്ബോൾ ടർഫ്

2. ടോയ്‌ലെറ്റ് ബ്ലോക്ക്

3. എല്ലാ വശങ്ങളിലുമുള്ള ചുറ്റുമതിൽ

4. ബോർവെൽ

5. ആർ.സി.സി. സ്റ്റെപ്പ് ഗ്യാലറി

6. ഇലക്ട്രിഫിക്കേഷൻ

7. ഡ്രെയിനേജ് തുടങ്ങിയ പ്രവൃത്തികളാണ്

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഘടകങ്ങളിൽ ബോർവെല്ലിന്റെ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്. ടോയ്‌ലെറ്റ് ബ്ലോക്ക്, അതിന്റെ പ്ലാസ്റ്ററിംഗ്,

പടിഞ്ഞാറ് വശത്തുള്ള ചുറ്റുമതിലിന്റെ പ്രവൃത്തി എന്നിവ ഉൾപ്പടെ 7% പൂർത്തിയായി.

നിലവിൽ പ്രസ്തുത പ്രവൃത്തി നിർത്തിവച്ചിരിക്കുന്ന അവസ്ഥയിലാണ്. കരാറുകാരൻ പൂർത്തിയാക്കിയ പ്രവൃത്തികൾക്കുവേണ്ടി 17,67,336/- രൂപയുടെ (ജി.എസ്.റ്റി. ഉൾപ്പടെ) പാർട്ട് ബിൽ സമർപ്പിച്ചിട്ടുണ്ട്.

കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാൻവേണ്ടി സമയം നീട്ടി നൽകുന്നതിനുള്ള അപേക്ഷ നൽകുകയും 50,000/- രൂപ ഫൈനോടുകൂടി സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രവൃത്തി പുനരാരംഭിച്ച് എത്രയുംവേഗം പൂർത്തീകരിക്കാൻ കത്ത് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനിയും പ്രവൃത്തി വൈകിപ്പിക്കുന്നതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിക്കുന്നതാണ്.

**പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മാണം**

**384 (2008)** <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിൽ നിലവിലുള്ള കളിസ്ഥലം വിപുലീകരിച്ച് ഒരു സ്റ്റാൻഡേർഡ് ട്രാക്ക് ആൻഡ് ഫീൽഡ് നിർമ്മിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. 04-04-2022-ന് സമർപ്പിച്ച അപേക്ഷയിൽ സർക്കാർ നിർദ്ദേശിച്ചതിനെത്തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ സൈറ്റ് സന്ദർശനം നടത്തി 4,17,50,000/- രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നു. ആയതിന്റെ ഫണ്ട് ലഭ്യത സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് കായിക യുവജന കാര്യാലയം ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഖേലോ ഇന്ത്യ പദ്ധതിയിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കളിസ്ഥലം നവീകരിക്കുന്ന പദ്ധതിയിലോ ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തി

നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉൾപ്പെടുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**ഭിന്നശേഷിക്കാരായ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ക്യാഷ് അവാർഡും ആദരവും**

**385 (2009)** ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023 ജൂൺ 17 മുതൽ ബെർലിനിൽ നടന്ന സ്പെഷ്യൽ ഒളിംപിക്സിൽ രാജ്യത്തിനുവേണ്ടി മെഡലുകൾ നേടിയ കേരളത്തിലെ സ്പെഷ്യൽ സ്കൂളുകളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ക്യാഷ് അവാർഡും ആദരവും നൽകുന്നതിന് പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ക്യാഷ് അവാർഡ് നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

**തിരൂർ മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ**

**386 (2010)** <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

"ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം" എന്ന പദ്ധതിപ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. പദ്ധതി ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ 124 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്നതിന് 12-10-2023-ലെ സ.ഉ. (സാധാ) നം. 299/2023/കായുവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കായിക അടിസ്ഥാനസൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ/സിന്തറ്റിക് ടർഫ്, ട്രാക്ക്, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, എന്നിവയും സംസ്ഥാന ബഡ്ജറ്റിൽ

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന പദ്ധതികളും കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്നു.

തിരുവനന്തപുരം മേനംകുളത്ത് ഹൈ പെർഫോർമൻസ് സെന്റർ, മൂന്നാറിൽ ഹൈ ഓൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട്, പയ്യനാട് എന്നിവിടങ്ങളിൽ അന്താരാഷ്ട്ര ഫുട്ബോൾ സ്റ്റേഡിയം, മട്ടന്നൂരിൽ അന്താരാഷ്ട്ര യോഗാ കേന്ദ്രം എന്നീ വൻകിട പദ്ധതികൾ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരികയാണ്. 7 ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്. പത്തനംതിട്ട, കോട്ടയം ജില്ലാ സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഉടൻ തുടങ്ങും.

കൂടാതെ കേരള സ്പോർട്സ് കൗൺസിൽ മുഖേന നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+. കൂടാതെ കായിക വകുപ്പിന്റെ വാർഷിക പ്ലാനിൽ ഉൾപ്പെട്ട എല്ലാ പ്രവർത്തനങ്ങളും തുടർന്നും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന്റെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത് എന്നതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) തിരൂർ നിയോജകമണ്ഡലത്തിൽ കായിക വകുപ്പിന്റെ എന്തൊക്കെ പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ തിരൂർ നിയോജകമണ്ഡലത്തിലെ വെട്ടം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് 18-10-2023-ലെ സമഗ്ര ഭരണാനുമതി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

എം.എൽ.എ.-എ.ഡി.എസ്.-ൽ 50% വകയിരുത്തിക്കൊണ്ട് എം.എൽ.എ.-യിൽനിന്നോ സി.എസ്.ആർ. ഫണ്ടുകൾ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം മുഖേന ആവശ്യാനുസരണമോ സ്വരൂപിച്ച് ജില്ലാകളക്ടറുടെ കത്ത് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. 2017-18-ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയ്ക്ക് തിരൂർ ഫുട്ബോൾ

സ്റ്റേഡിയം നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. സർക്കാർ അംഗീകരിച്ചതുപ്രകാരമുള്ള ധാരണാപത്രത്തിൽ തിരൂർ നഗരസഭ ഏർപ്പെടാത്തതിനെത്തുടർന്ന് പദ്ധതി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

**കായികക്ഷേമ വികസന പ്രവർത്തനങ്ങൾ**

**387 (2011)** <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ കായിക വകുപ്പിന്റെ കീഴിൽ നടത്തിയ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിച്ച തുക പ്രവൃത്തിയും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റിൽ കായികക്ഷേമ വികസന പ്രവർത്തനങ്ങൾക്ക് നീക്കിവച്ച തുക എത്രയാണെന്ന് ജില്ലയും പ്രവൃത്തിയും തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ആരംഭിച്ചതും പൂർത്തീകരിച്ചതുമായവ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന്റെ കാരണമെന്താണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കേന്ദ്രത്തിൽനിന്നും കായിക വകുപ്പിന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ പതിനഞ്ച് വർഷം ലഭിച്ച ഫണ്ടും ആയത് ഏതൊക്കെ പ്രവൃത്തികൾക്കാണ് ചെലവഴിച്ചതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

(എ-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**മട്ടന്നൂർ മണ്ഡലത്തിലെ വിവിധ ഗ്രൗണ്ടുകളുടെ നവീകരണം**

**388 (2012)** ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രൗണ്ടുകളുടെ നവീകരണത്തിന് പതിനഞ്ച് ലക്ഷം രൂപ വീതം കായിക വകുപ്പ് അനുവദിച്ചിരുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ?

18-01-2022-ലെ സ.ഉ. (സാധാ) നം.7/2022/കാ.യു.വ. പ്രകാരം വിവിധ വിദ്യാലയങ്ങളുടേയും പഞ്ചായത്തുകളുടേയും കളിസ്ഥല നവീകരണത്തിനായി തുക റിലീസ് ചെയ്യുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ടി ഉത്തരവിൽ 19 ഗ്രൗണ്ടുകളുടെ നവീകരണത്തിന് തുക അനുവദിച്ചിരുന്നു. ടി ലിസ്റ്റിൽ 2 കളിസ്ഥലങ്ങളാണ് മട്ടന്നൂർ നിയോജകമണ്ഡലത്തിലുള്ളത്. അതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) ഗ്രൗണ്ട് നവീകരണത്തിന് ആവശ്യമായ ഫണ്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഗ്രൗണ്ട് നവീകരണത്തിന് ആവശ്യമായ ഫണ്ട് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മരുതറോഡ് ടി.എച്ച്.എസ്. ഗ്രൗണ്ട് നവീകരണം**

**389 (2013)** **ശ്രീ. എ. പ്രഭാകരൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

2022-23 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് ടെക്നിക്കൽ ഹൈസ്കൂൾ ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിക്കായി 04-01-2023-ലെ ജി.ഒ. (ആർ.ടി.) നം. 3/2023/കാ.യു.വ സർക്കാർ ഉത്തരവുപ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2,79,18,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ചിരുന്നു. പ്രസ്തുത ടെൻഡറിൽ രണ്ട് കരാറുകാർ പങ്കെടുത്തിരുന്നെങ്കിലും അതിൽ ക്വാളിഫൈഡായ ഒരു കരാറുകാരൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ 08-06-2023-ൽ ടി പ്രവൃത്തിക്ക് റീ-ടെൻഡർ ക്ഷണിക്കുകയും ഇതിൽ രണ്ട് കരാറുകാർ പങ്കെടുക്കുകയും അതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സിനോയ് പി.കെ. (3.73%)-യുടെ

ടെൻഡർ 24-08-2023-ൽ കൂടിയ ടെൻഡർ അക്സപ്റ്റൻസ് കമ്മിറ്റി അംഗീകരിക്കുകയും 07-09-2023-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഗ്രൗണ്ട് നവീകരണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

(ബി&സി) പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിനായി കായിക വകുപ്പും സാങ്കേതിക വിദ്യാഭ്യാസ വകുപ്പും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. ആയതിലേയ്ക്കായി 30-01-2023-ൽ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടിന് സ്പോർട്സ് കേരള ഫൗണ്ടേഷൻ ധാരണാപത്രത്തിന്റെ കരട് അംഗീകാരത്തിനായി അയച്ച് നൽകുകയും 28-12-2023-ൽ മരുതറോഡ് ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട്

ധാരണാപത്രം ഒപ്പിട്ട് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കായികവകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി**

**390 (2014)** ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പുരോഗതി ഇനം തിരിച്ച് വിശദമാക്കുമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സമയബന്ധിതമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

നിലവിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി തടസ്സങ്ങൾ ഒന്നുംതന്നെയില്ല. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയാലുടൻ എത്രയുംവേഗം ദർഘാസുകൾ ക്ഷണിച്ച് ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ചവറ നിയോജകമണ്ഡലത്തിലെ ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവൃത്തി**

**391 (2015)** ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് എച്ച്.എസ്.എസ്. അയ്യൻകോയിക്കൽ നിർമ്മാണം നടന്നുകൊണ്ടിരുന്ന ഗ്രൗണ്ടിന്റെ പണി പകുതിവച്ച് നിർത്തിവച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഗ്രൗണ്ടിന്റെ പണി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത കളിസ്ഥല നിർമ്മാണത്തിന്റെ പ്രവൃത്തി നിർത്തിവച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കളിസ്ഥല നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പണി നിർത്തിപ്പോയ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത് റീടെൻഡർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത ഗ്രൗണ്ടിലേക്ക് ആവശ്യമായ മണ്ണ് ലഭ്യമാകാത്തതിനാലാണ് കരാറുകാരൻ പ്രവൃത്തി നിർത്തിവയ്ക്കാൻ കാരണമായി അറിയിച്ചിട്ടുള്ളത്. പ്രവൃത്തി ത്വരിതപ്പെടുത്താൻ കരാറുകാരന് നിർദ്ദേശം നൽകിയെങ്കിലും ഇതുവരെയും പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. അതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുള്ള റീ-ടെൻഡർ നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ്**

**392 (2016)** ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യ ഘട്ടം പൂർത്തീകരിച്ചശേഷം നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ്, ഉഭയകക്ഷി കരാർ പ്രകാരം രണ്ടാം കക്ഷിയായ നിലമ്പൂർ മാനവേദൻ സ്കൂളിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ; ഉഭയകക്ഷി കരാറിൽ പ്രതിപാദിച്ച തരത്തിൽ സ്റ്റേഡിയത്തിന്റെ നടത്തിപ്പിനും പരിപാലനത്തിനും മാനേജിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടത് ആരാണെന്നും അറിയിക്കാമോ; മാനേജ്മെന്റ് കമ്മിറ്റികൾ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ടോയെന്നും അറിക്കാമോ?

ആദ്യഘട്ടം പൂർത്തീകരിച്ച നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് സ്കൂളിന് കൈമാറുന്നതിനുള്ള ചർച്ചകൾ നടന്നുവരികയാണ്. ഫെബ്രുവരി മാസം പകുതിയോടെ സ്റ്റേഡിയം സ്കൂൾ ഏറ്റെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുമ്പ് കായിക വകുപ്പ് ഡയറക്ടറുമായി സ്കൂൾ അധികൃതർ ധാരണാപത്രത്തിൽ ഏർപ്പെട്ടിരുന്നു. പദ്ധതി നിർമ്മാണം പൂർത്തിയായതിനുശേഷം ധാരണാപത്രത്തിലെ വ്യവസ്ഥകളിൽ ഭേദഗതി വേണമെന്ന് ആവശ്യപ്പെട്ട് സ്കൂൾ അധികൃതർ സ്റ്റേഡിയം ഏറ്റെടുത്തിരുന്നില്ല. തുടർന്ന് 2024 ജനുവരിയിൽ കായിക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഏറ്റെടുക്കുന്നതിന് സ്കൂൾ അധികൃതർ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളാകേണ്ടവരെപ്പറ്റിയുള്ള വിശദാംശങ്ങൾ ധാരണാപത്രത്തിൽത്തന്നെ വിഭാവനം ചെയ്തിട്ടുള്ളതാണ്. കായിക വകുപ്പ് ഡയറക്ടറാണ് ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവിറക്കേണ്ടത്.

ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കാൻ വ്യവസ്ഥയുള്ള ധാരണാപത്രം അംഗീകരിച്ചുകൊണ്ടുള്ള 05-12-2017-ലെ സർക്കാർ ഉത്തരവിൽ (245/2017/കാ.യു.വ) ജോയിന്റ് മാനേജ്മെന്റ് കമ്മിറ്റികൾ

ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടില്ല.

(ബി) നിലമ്പൂർ മിനി സ്റ്റേഡിയത്തിലെ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണ തകരാർ കാരണം ചിലയിടങ്ങളിൽ തകർന്നുതുടങ്ങിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര വർഷമാണ് സിന്തറ്റിക് ട്രാക്കിന്റെ ഗ്യാരന്റി കാലാവധിയെന്നും ഈ കാലയളവിലെ ട്രാക്കിനുണ്ടാകുന്ന അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ആരാണെന്നും അറിയിക്കാമോ?

400 മീറ്റർ സിന്തറ്റിക് ട്രാക്കിലെ തകരാറുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നു. 5 വർഷമാണ് സിന്തറ്റിക് ട്രാക്കിന്റെ ഡിഫെക്ട് ലയബിലിറ്റി കാലാവധി. ഈ കാലയളവിൽ ട്രാക്കിലുണ്ടായ അറ്റകുറ്റപണികൾ പ്രവൃത്തി നിർവഹിച്ച കരാറുകാരനാണ് നടപ്പിലാക്കേണ്ടത്. ആയത് നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തേണ്ടത് എസ്.പി.വി. ആയ കിറ്റ്കോയുടെയും ഉത്തരവാദിത്വമാണ്.

(സി) പ്രസ്തുത സിന്തറ്റിക് ട്രാക്ക് നിർമ്മാണ കരാർ നൽകിയത് ആർക്കായിരുന്നുവെന്നും കരാറുകാരന്റെ പേരും മേൽവിലാസവും കോൺടാക്ട്

നമ്പരും കരാറുകാരനുമായി ഒപ്പുവച്ച എഗ്രിമെന്റിന്റെ പകർപ്പും അനുവദിക്കാമോ; എത്ര തുകയ്ക്കാണ് സിന്തറ്റിക് ട്രാക്ക് നിർമ്മാണം ഏറ്റെടുത്തതെന്നും എത്ര തുകയുടെ ബില്ലുകൾ കരാറുകാരൻ മാറിയെടുത്തുവെന്നും ഗ്യാരന്റി കാലയളവിലുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കായി എത്ര തുക മാറ്റിവച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

സിന്തറ്റിക് ട്രാക്കിന്റെ കരാർ നൽകിയത് ഗ്രേറ്റ് സ്പോർട്സ് ടെക് ലിമിറ്റഡ് എന്ന കമ്പനിക്കാണ്. അവരുടെ മേൽവിലാസം: Great Sports Tech Limited, 101, Plot No.52, St. No.2, Chikoti Gardens, Begumpet, Hyderabad-Telangana-500 016, Contact Details 0470-2776 4900/5000 എന്നാണ്. കരാറുകാരന് വർക്ക് അനുമതി കൊടുത്ത തുക ₹ 4,87,85,947/- ആണ്. RAB-4 (Running Account Bill) വരെ കരാറുകാരൻ മാറ്റിയെടുത്ത ബിൽ തുക ₹ 4,70,74,970/- ആണ്. കരാറുകാരന്റെ ശ്രദ്ധക്കുറവുകൊണ്ട് വരുന്ന അറ്റകുറ്റപ്പണികൾക്കുവേണ്ടി, ബാങ്ക് ഗ്യാരന്റി രൂപത്തിൽ 7,31,790/- രൂപയും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് രൂപത്തിൽ 7,31,790/- രൂപയും RAB-4-ൽനിന്നും വരെ സെക്യൂരിറ്റി ഡെപ്പോസിറ്റ് രൂപത്തിൽ 11,76,874/-

രൂപയായും നിക്ഷേപിച്ചിട്ടുള്ളതാണ്. കരാറുകാരനുമായി ഒപ്പുവച്ച എഗ്രിമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

(ഡി) സംസ്ഥാനത്ത് എവിടെയെങ്കിലും സ്കൂളുകളിൽ നിർമ്മിച്ച സ്റ്റേഡിയങ്ങളുടെ നടത്തിപ്പിനുവേണ്ടി മാനേജ്മെന്റ് കമ്മിറ്റികൾ നിയമാവലികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

സ്റ്റേഡിയങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ അംഗീകരിച്ച ധാരണാപത്രത്തിൽത്തന്നെ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

(ഇ) രണ്ടാം കക്ഷികൾക്ക് തിരികെ നൽകുന്ന സ്റ്റേഡിയങ്ങളുടെ പരിപാലനച്ചെലവ് വഹിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാനാകുകയെന്ന് അറിയിക്കാമോ?

രണ്ടാം കക്ഷികൾക്ക് തിരികെ നൽകുന്ന സ്റ്റേഡിയങ്ങളുടെ നിത്യനിദാന ചെലവിനും അറ്റകുറ്റപ്പണികൾക്കുമുള്ള തുക പ്രാദേശികമായ പ്രത്യേകതകൾ പരിഗണിച്ച് ഉപയോഗിക്കുന്നവരിൽനിന്നും വാടകയായി ഈടാക്കിയോ, മറ്റ് ധന സമാഹരണ മാർഗ്ഗങ്ങളിലൂടെയോ അതത് ജോയിന്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനേജ്മെന്റ് കമ്മറ്റികൾക്ക് കണ്ടെത്താവുന്നതാണ്. സ്റ്റേഡിയത്തിന്റെ വലിയ തോതിലുള്ള അറ്റകുറ്റപ്പണികളും നവീകരണ പ്രവർത്തനവും സർക്കാർ നിർവഹിക്കുന്നതാണ്.

**കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

**393 (2017)** ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ നടപ്പിലാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച കളിസ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; ആയത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മാള ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയം നിർമ്മാണം

**394 (2018)** <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്. സ്റ്റേഡിയം, കണ്ടല്ലൂർ പഞ്ചായത്തിലെ സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ അനുവദിച്ച ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്. സ്റ്റേഡിയത്തിന്റെ നിലവിലെ കരാർ പ്രകരമുള്ള പ്രവൃത്തി 27-05-2023-ന് പൂർത്തിയായിട്ടുണ്ട്.

ആലപ്പുഴ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി 85 ശതമാനത്തോളം പൂർത്തിയായിട്ടുണ്ട്. ബാക്ക് ഫില്ലിംഗ്, പി.സി.സി. ലെയിംഗ്, ആർ.സി.സി. ഫ്ലോറിംഗ് എന്നിവയാണ് ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ.

(ബി) പ്രസ്തുത സ്റ്റേഡിയങ്ങൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഭരണിക്കാവ് ഗവൺമെന്റ് യു.പി.എസ്. സ്റ്റേഡിയം പൂർത്തീകരിച്ചു. ആലപ്പുഴ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഇൻഡോർ സ്റ്റേഡിയം 2024 മാർച്ച് 31-നകം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഇരിമ്പിളിയം സ്റ്റേഡിയം നിർമ്മാണം**

**395 (2019)** <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും ആയതുസംബന്ധിച്ച് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(എ-സി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്വീകരിച്ചുവരുന്നു.

**പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി**

**396 (2020)** <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

06-11-2020-ലെ സർക്കാർ ഉത്തരവ് നം. 182/2020/കാ.യു.വ. പ്രകാരം 72.12 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി സ്പോർട്സ് എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ 68.67 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയിൽ പ്രധാനമായും ഗ്രൗണ്ട് ഡെവലപ്മെന്റ്, ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, റീട്ടെയിനിംഗ് വാൾ, ഫെൻസിംഗ്, ഫ്ലെഡ് ലൈറ്റ് അനുബന്ധ സിവിൽ & ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് നിർമ്മിക്കുന്നത്. ഗ്യാലറി, ടോയ്‌ലറ്റ് ബ്ലോക്ക്, റീട്ടെയിനിംഗ് വാൾ, ഫെൻസിംഗ് എന്നീ ഘടകങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത്. നിലവിൽ പല്ലാരിമംഗലം സ്റ്റേഡിയത്തിന്റെ 90% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഡിയം അടിയന്തരമായി നിർമ്മാണം പൂർത്തീകരിച്ച് ജനങ്ങൾക്കായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

പല്ലാരിമംഗലം സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന പ്രവൃത്തികൾ 2024 ഫെബ്രുവരി മാസം അവസാനത്തോടുകൂടി

പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. പ്രവൃത്തി പൂർത്തീകരിച്ചാൽ ഉടൻ ജനങ്ങൾക്കായി തുറന്ന് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണം**

**397 (2021)** <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പയ്യന്നൂർ മൾട്ടിപർപ്പസ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 05-02-2021-ൽ പദ്ധതിയുടെ എസ്.പി.വി. ആയ M/s. കിറ്റ്കോയുമായി M/s. ലീ ബിൽഡേഴ്സ് കരാറിലേർപ്പെടുകയും 10 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിരുന്നു. തുടർന്ന് കിഫ്ബിയുടെ സൈറ്റ് സന്ദർശനവേളയിൽ പദ്ധതിയുടെ ഫൗണ്ടേഷൻ ഡിസൈൻ പുനഃപരിശോധന നടത്തണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് പദ്ധതി

നിർത്തിവച്ചിരിക്കുകയാണ്. ഫൗണ്ടേഷൻ ഡിസൈൻ റീ-ഡിസൈൻ ചെയ്ത് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവൃത്തി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് നിർമ്മാണ പ്രവൃത്തി പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി അവലോകനം ചെയ്യുന്നതിന് കിഫ്ബി, നിർവഹണ ഏജൻസിയായ കിറ്റ്കോ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് മന്ത്രിതലത്തിൽ യോഗം വിളിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) നിർമ്മാണ പ്രവൃത്തി നിർത്തിവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി കിഫ്ബി സ്റ്റോപ്പ് മെമ്മോ നൽകി നിർത്തിവച്ചിരിക്കുന്നതിനാൽ കിഫ്ബിയുടെ അനുമതി ലഭിച്ചതിനുശേഷം മാത്രമേ പ്രവൃത്തി പുനഃരാരംഭിക്കുന്നതിന് സാധിക്കുകയുള്ളൂ. ടി പദ്ധതി അവലോകനത്തിനായി 08-05-2023, 21-07-2023 തീയതികളിൽ KIIFB, KITCO എന്നിവരെ പങ്കെടുപ്പിച്ച് സെക്രട്ടറിതലത്തിൽ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. 31-01-2024-ന് കായിക വകുപ്പ്

ഡയറക്ടർ നടത്തിയ കിറ്റ്കോ നിർവഹിക്കുന്ന കിഫ്ബി പദ്ധതികളുടെ അവലോകന യോഗത്തിൽ പദ്ധതിക്ക് അടിയന്തരമായി കിഫ്ബിയുടെ അനുമതി ലഭ്യമാക്കുന്നതിനും പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനുമുള്ള സത്വര നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്.

**മഞ്ചേരി പയ്യനാട് സ്റ്റേഡിയം സംരക്ഷണം**

**398 (2022)** <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ സന്തോഷ് ട്രോഫി ടൂർണമെന്റ് മത്സരങ്ങൾക്കുശേഷം മൈതാനം കളപിടിച്ച് നശിച്ചുകൊണ്ടിരിക്കുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മൈതാനം സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

സന്തോഷ് ട്രോഫി മൽസരത്തിനുശേഷവും മഞ്ചേരി പയ്യനാട് സ്റ്റേഡിയം ഗ്രൗണ്ട് മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ

ആവശ്യമായ പരിപാലനം നടത്തിവരുന്നുണ്ട്. ഗ്രൗണ്ട് പരിപാലനത്തിനായി പ്രത്യേകം ആളെ നിയമിച്ചിട്ടുണ്ട്. തുടർച്ചയായി കളികളും പരിശീലനവും ഗ്രൗണ്ടിൽ നടന്നുവരുന്നതിനാൽ മൈതാനം കളപിടിച്ച് നശിച്ച നിലയിലല്ല.

(ബി) പ്രസ്തുത സ്റ്റേഡിയം ഗ്രൗണ്ടിന്റെ നിലവിലുള്ള ഗ്യാലറി വിപുലീകരിക്കുന്നതിനും പുതിയ ഗ്യാലറി നിർമ്മിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക്, പ്രാക്ടീസ് ഗ്രൗണ്ട് എന്നീ നിർമ്മാണങ്ങൾ അടക്കമുള്ള രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) സ്റ്റേഡിയത്തിന് നിലവിലുള്ള ഗ്യാലറി വിപുലീകരിക്കുന്നതിനും പുതിയ ഗ്യാലറി നിർമ്മിക്കുന്നതും സിന്തറ്റിക് ട്രാക്ക് നിർമ്മാണവും കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 45 കോടി രൂപ ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ ഡി.പി.ആർ. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കിവരുന്നു. പ്രസ്തുത

പദ്ധതിയുടെ ഭരണാനുമതി തുക ഉയർത്തുന്നത് സംബന്ധിച്ച കായിക യുവജനകാര്യ ഡയറക്ടറുടെ പ്രപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി മെഡിക്കൽ കോളേജിൽ വിദ്യാർഥികൾക്ക് സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നത് സംബന്ധിച്ച് കായിക വകുപ്പ് തീരുമാനമെടുത്തിട്ടില്ല.

**ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം**

**399 (2023)** **ശ്രീ. കെ. പ്രേംകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും മാറ്റി കായിക വകുപ്പിന് നൽകിക്കൊണ്ട് എന്നാണ് ഉത്തരവ് ഇറക്കിയത്; വ്യക്തമാക്കാമോ?

2021-22 വർഷത്തെ ബഡ്ജറ്റിൽ 10 കോടി രൂപ അടങ്കൽ തുക കണക്കാക്കിയും 20% തുക ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിട്ടുള്ള ഒറ്റപ്പാലം സ്റ്റേഡിയം നിർമ്മാണം എന്ന പ്രവൃത്തിയുടെ നിർവഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും കായിക വകുപ്പിലേക്ക് മാറ്റി നൽകിക്കൊണ്ട് 06-03-2023-സ.ഉ. (സാധാ) നം. 1633/2023/ഫിൻ പ്രകാരമാണ് സർക്കാർ ഉത്തരവായിട്ടുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇത്രയും വൈകുന്നത്; വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ തുടങ്ങുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) ടി പ്രവൃത്തി കായിക വകുപ്പിലേക്ക് മാറ്റി നൽകി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം സൈറ്റ് സന്ദർശനം നടത്തി പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ നടത്തുകയും വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും

ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കുള്ള 10 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഭരണാനുമതി നൽകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണം**

**400 (2024)** <u>ശ്രീ. എ. പ്രഭാകരൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 1.5 കോടി രൂപ വകയിരുത്തിയ മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാ~~ണം എന്നു~~ണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2020-21 സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെട്ട മലമ്പുഴ നിയോജകമണ്ഡലത്തിലെ കഞ്ചിക്കോട് ഗവൺമെന്റ് ഹൈസ്കൂൾ സ്റ്റേഡിയം നിർമ്മാണത്തിനായി 23-02-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 62/2023/കാ.യു.വ പ്രകാരം 1.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1,39,12,000/- രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിച്ചിരുന്നു. എന്നാൽ ടി ടെൻഡറിൽ ഒരാൾ മാത്രമേ പങ്കെടുത്തിരുന്നുള്ളൂ. ആയതിനാൽ ടി പ്രവൃത്തിക്ക് റീ ടെൻഡർ ക്ഷണിക്കുകയും ആയതിൻപ്രകാരം 4 ബിഡ്ഡുകൾ ലഭിക്കുകയും ചെയ്തു. അതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. എം. ഷഫീഖ്, കോഴിക്കോട് എന്ന കരാറുകാരന് 30-10-2023-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ എഗ്രിമെന്റിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ 11-12-2023, 18-01-2024 എന്നീ തീയതികളിൽ കത്തുകൾ അയച്ചതിന്റെ

അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ കരാറുകാരൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഫൈനോട്ടുകൂടി കരാറുകാരനുമായി പ്രസ്തുത കരാറിൽ ഏർപ്പെട്ടതിനുശേഷം പ്രവൃത്തി എത്രയുംവേഗം ആരംഭിക്കുന്നതിനിവേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

**ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ**

**401 (2025)** ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന നവീകരണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള എസ്.പി.വി. ആയ സ്പോർട്സ് കേരള ഫൗണ്ടേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

നിലവിലുള്ള ഇൻഡോർ സ്റ്റേഡിയത്തിന്റെ നവീകരണത്തിനുള്ള എസ്റ്റിമേറ്റ്, ഖോഖോ പരിശീലനത്തിനായുള്ള പുതിയ ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പൂർത്തിയായിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, സ്റ്റെപ്പ് ഗ്യാലറി എന്നിവകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുകയാണ്. ഫെബ്രുവരി മാസം പകുതിയോടെ പദ്ധതിരേഖ കിഫ്ബിക്ക് സമർപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

**ജയ്ഹിന്ദ് സ്റ്റേഡിയം നിർമ്മാണം**

**402 (2026)** ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ സർക്കാർ 50 ലക്ഷം രൂപയും ആസ്തി വികസന പദ്ധതിയിൽ 50 ലക്ഷവും രൂപയും വകയിരുത്തി ഒരു കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിലെ ജയ്ഹിന്ദ്

സ്റ്റേഡിയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസം വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഞാറയ്ക്കൽ ജയ്ഹിന്ദ് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ സർക്കാർ അംഗീകരിച്ച SOP പ്രകാരം ടി പദ്ധതിയുടെ ഭരണാനുമതിക്കായുള്ള 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി കായിക യുവജന കാര്യാലയത്തിൽ സമർപ്പിക്കുകയും കായിക യുവജന കാര്യാലയം ഡയറക്ടറുടെ 04-01-2024-ലെ നടപടിക്രമം നം. എ 3-6935/22/കാ.യു.വ. പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. എത്രയുംവേഗം സാങ്കേതികാനുമതി നൽകി ടെൻഡർ അടക്കമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുളത്തൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നിർമ്മാണം**

**403 (2027)** <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക വകുപ്പ് പുറപ്പെടുവിച്ച 18-10-2023-ലെ 305/2023/എസ്.&വൈ.എ. നമ്പർ ഉത്തരവിലെ ക്രമ നമ്പർ 5-ൽ പ്രതിപാദിച്ചിരിക്കുന്ന കുളത്തൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോയെന്നും ഡി.പി.ആർ. പ്രകാരമുള്ള തുക എത്രയാണെന്നും വ്യക്തമാക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിന് പ്രസ്തുത ഉത്തരവ് പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗുണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽനിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിക്കാവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളി സ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക്

പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് ബഹു മാനപ്പെട്ട എം.എൽ.എ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എം.എൽ.എ ഫണ്ട് അനുവദിച്ചുകൊണ്ട് അറിയിപ്പ് ലഭിച്ചാലുടൻ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കുന്നതാണ്.

**പൊഴിയൂർ സ്റ്റേഡിയം നിർമ്മാണം**

**404 (2028)** <u>ശ്രീ. കെ. ആൻസലൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂർ സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി 2024 മാർച്ചിന് മുമ്പ് പൂർത്തീകരിക്കാൻ കഴിയുമോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണത്തിന് ആകെ അനുവദിച്ച തുക എത്രയാണെന്നും ഒന്നാം ഘട്ടത്തിൽ എത്ര തുകയാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

(എ-സി) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂരിലെ "പരുത്തിയൂർ അനുബന്ധസൗകര്യങ്ങൾ ഒരുക്കൽ" എന്ന പ്രവൃത്തിക്കായി 26-02-2021-ലെ സ.ഉ.(സാധാ)നം. 80/2021/കാ.യു.വ. ഉത്തരവ് പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിവരുന്നു. ഗ്യാലറി ബിൽഡിംഗ്, ഡ്രെയിനേജ് വർക്ക്, ഫുട്ബോൾ കോർട്ട് തുടങ്ങിയവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 65% പ്രവൃത്തി ഇതിനകം പൂർത്തിയായിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തി, പ്ലംബിംഗ് പ്രവൃത്തി, എർത്ത് ഫില്ലിംഗ് തുടങ്ങിയ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. ഡ്രെയിനേജ് വർക്ക് നടന്നുവരുന്നു.

പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി 2024 മാർച്ച് 15-നകം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

**നന്തിക്കര ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരണം**

**405 (2029)** <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുക്കാട് മണ്ഡലത്തിലെ നന്തിക്കര ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂൾ ഗ്രൗണ്ട് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിലെ പ്രാപ്പൂക്കര ഗ്രാമപഞ്ചായത്ത് നന്ദിക്കര ജി.വി.എച്ച്.എസ്.എസ്. കളിസ്ഥലം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിക്കായി അംഗീകരിച്ച കളിസ്ഥലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുന്നു. ടി പദ്ധതിക്ക് 18-10-2023-ലെ സ.ഉ. (സാധാ.) നം.305/2023/ക.യു.വ. പ്രകാരം സമഗ്രമായ ഭരണാനുമതി നൽകിയിട്ടുള്ളതും ഓരോ പ്രവൃത്തിക്കും എസ്റ്റിമേറ്റ് തയ്യാറാക്കി പ്രത്യേകം പ്രത്യേകം ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കാൻ കായിക യുവജനകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽ.എ./മറ്റ് സ്രോതസ്സുകളിൽനിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾക്ക് ആവശ്യമായ തുക കണ്ടെത്തുന്നത്. നിലവിൽ ഈ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽനിന്നോ ജില്ലാകളക്ടറിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. പ്രസ്തുത ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**ഇറവങ്കര ഗവൺമെന്റ് വി.എച്ച്.എസ്.-ന്റെ കളിക്കളം നവീകരിക്കൽ**

**406 (2030)** <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി ഇറവങ്കര ഗവൺമെന്റ് വി.എച്ച്.എസ്.-ന്റെ കളിക്കളം നവീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത കളിക്കളം നവീകരണം അടിയന്തരമായി ആരംഭിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുന്ന മാവേലിക്കര നിയോജകമണ്ഡലത്തിലെ ഇറവങ്കര ഗവൺമെന്റ് വി.എച്ച്.എസ്.-ന്റെ ഗ്രൗണ്ട് നിർമ്മാണത്തിനായി എം.എൽ.എ. ഫണ്ട് അനുവദിച്ച് ജില്ലാകളക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കായിക യുവജനകാര്യ ഡയറക്ടർ പദ്ധതിക്ക് സമഗ്ര ഭരണാനുമതിയും പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനെ

ച്ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിവരുന്നു. പ്രസ്തുത പദ്ധതിക്ക് ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിക്കുന്നതാണ്.

**ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം**

**407 (2031)** <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ പള്ളിപ്പുറം പഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി. കോളേജിൽ അനുവദിച്ച ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അരൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിലേയ്ക്കായി സർക്കാർ 16.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ എസ്.പി.വി. ആയി ആദ്യം

കിറ്റ്കോയെയാണ് നിയമിച്ചിരുന്നത്. കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബിയിൽനിന്നും പദ്ധതിക്കായി 7.67 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നു. എന്നാൽ പദ്ധതി ദീർഘകാലം നടപ്പിലാകാതിരുന്ന സാഹചര്യത്തിൽ പദ്ധതി നിർവഹണം കായികവകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിച്ചിരിക്കുകയാണ്.

ആദ്യഘട്ടത്തിൽ 18.45 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിരുന്നെങ്കിലും പദ്ധതി തുക 9 കോടി രൂപയ്ക്കുള്ളിൽ നിജപ്പെടുത്തി സമർപ്പിക്കാൻ കിഫ്ബി നിർദേശിക്കുകയുണ്ടായി. പദ്ധതിരേഖ നിലവിൽ പുതുക്കി തയ്യാറാക്കിയിട്ടുണ്ട്. പുതുക്കിയ പദ്ധതിരേഖ പ്രകാരം താഴെ പറയുന്ന ഘടകങ്ങളാണ് പദ്ധതിയിലുൾപ്പെട്ടിട്ടുള്ളത്.

1. 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്

2. മിനി ഫുട്ബോൾ ടർഫ് ഗ്യാലറി

3. സ്റ്റെപ്പ് ഗ്യാലറി

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മാണം നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കാമോ?

കിറ്റ്കോ എസ്.പി.വി. ആയിരുന്ന ഘട്ടത്തിൽ പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 2023, 7-ാം മാസത്തിൽ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിരുന്നെങ്കിലും കിഫ്ബി പി.എഫ്.എം.എസ്. പോർട്ടലിലെ സങ്കേതിക പ്രശ്നം കാരണം പദ്ധതിരേഖ അപ്‌ലോഡ് ചെയ്യാനായിരുന്നില്ല.

**പുനലൂർ മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയം**

**408 (2032)** <u>ശ്രീ. പി. എസ്. സുപാൽ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കിറ്റ്കോയുടെ മേൽനോട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയ പുനലൂർ മുനിസിപ്പൽ ഇൻഡോർ സ്റ്റേഡിയത്തിൽ കളിയുപകരണങ്ങളുടെയും മറ്റ്

സംവിധാനങ്ങളുടെയും അഭാവത്താൽ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എസ്.പി.വി. ആയ കിറ്റ്കോ മുഖാന്തരം പൂർത്തിയാക്കിയ പുനലൂർ മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ എസ്റ്റിമേറ്റിൽ സ്റ്റേഡിയത്തിന് വേണ്ടിയുള്ള കളിയുപകരണങ്ങൾ വാങ്ങുന്നതിനുള്ള തുക ഉൾപ്പെടുത്തിയിരുന്നില്ല. കളിയുപകരണങ്ങൾ വാങ്ങുന്നത് അധിക പ്രവൃത്തിയായി പരിഗണിച്ച് അവ ലഭ്യമാക്കുന്നതിനുള്ള നടപടി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത സ്റ്റേഡിയത്തിൽ കായിക മത്സരങ്ങളും പരിശീലനങ്ങളും ആരംഭിക്കുന്നതിന് വേണ്ടുന്ന കളിയുപകരണങ്ങളും മറ്റും സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾക്കായി കിറ്റ്കോയെ ചുമതലപ്പെടുത്താൻ കിഫ്ബി യോഗത്തിൽ എടുത്ത തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിനായി കിഫ്ബിയുടെ യോഗത്തിൽ കിറ്റ്കോയെ ചുമതലപ്പെടുത്തുകയും തുടർന്ന് കിറ്റ്കോ

കളിയുപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സ്പോർട്സ് കേരള ഫൗണ്ടേഷനിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്റ്റേഡിയം പ്രവർത്തന സജ്ജമാക്കുന്നതിനായുള്ള ഉപകരണങ്ങൾ എന്നത്തേയ്ക്ക് സ്ഥാപിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

സാങ്കേതികാനുമതി സമിതിയുടെ അംഗീകാരവും കിഫ്ബിയിൽനിന്ന് ടെൻഡറിനുള്ള അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

**വഖഫ് ബോർഡ് മെമ്പർമാരുടെ കാലയളവ് നിജപ്പെടുത്താനുള്ള നടപടി**

**409 (2033)** <u>ശ്രീ. പി. ടി. എ. റഹീം</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡിൽ മെമ്പർമാരായി പതിറ്റാണ്ടുകളായി തുടരുന്നവർ പ്രത്യേക അധികാര കേന്ദ്രമായി മാറുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സഹകരണ ബാങ്ക് ഭരണസമിതികളിൽ തുടർച്ചയായി മൂന്നിലധികം കാലയളവിൽ ഡയറക്ടർമാരായി തെരഞ്ഞെടുക്കപ്പെടുന്നത് നിയന്ത്രിച്ചുകൊണ്ട് നടത്തിയ നിയമ ഭേദഗതി മാതൃകയിൽ വഖഫ് ബോർഡുകളിലും തുടർച്ചയായി മെമ്പർമാരാവുന്ന കാലയളവ് നിജപ്പെടുത്തിക്കൊണ്ട് നിയമ ഭേദഗതി കൊണ്ടുവരുന്ന വിഷയം പരിശോധിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വഖഫ് ബോർഡിൽ മെമ്പർമാരായി പതിറ്റാണ്ടുകളായി തുടരുന്നവർ പ്രത്യേക അധികാര കേന്ദ്രമായി മാറുന്നതായ ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് 07-01-2019-ലെ സ.ഉ. (എംഎസ്) നം.8/2019/റവ നമ്പർ പ്രകാരം എസ്.ആർ.ഒ നമ്പർ 18/2019 ആയി വിജ്ഞാപനം ചെയ്ത കേരള സ്റ്റേറ്റ് വഖഫ് ചട്ടങ്ങൾ, 2019-ലെ ചട്ടം 58(7)-ൽ ബോർഡിലെ ഒരു അംഗത്തിനും തുടർച്ചയായി രണ്ടിൽ കൂടുതൽ

തവണ വീണ്ടും നാമനിർദ്ദേശം ചെയ്യുന്നതിനോ വീണ്ടും തെരഞ്ഞെടുക്കപ്പെടുന്നതിനോ അർഹതയില്ല ("No member of the Board shall be eligible for re-nomination or re-election for more than two terms consecutively") എന്ന വ്യവസ്ഥ കൂട്ടിച്ചേർക്കുകയുണ്ടായി. എന്നാൽ വഖഫ് ബോർഡ് മെമ്പർമാരായ ശ്രീ. എം. സി. മായിൻ ഹാജി, ശ്രീ. പി. വി. സൈനുദ്ദീൻ എന്നിവർ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) 15786/2019-ാം നമ്പർ ഹർജിയിലെ 05-09-2019-ലെ വിധിന്യായം പ്രകാരം പ്രസ്തുത ചട്ടം ബഹുമാനപ്പെട്ട കോടതി റദ്ദ് ചെയ്യപ്പെട്ടിട്ടുള്ളതാണ്.

**വഖഫ് ബോർഡ് മുഖാന്തരം നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ**

**410 (2034)** ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വഖഫ് ബോർഡ് മുഖാന്തരം നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

വഖഫ് ബോർഡ് സാമൂഹ്യക്ഷേമ (കേരള) പദ്ധതിക്കായി വഖഫ് ബോർഡിന് സർക്കാർ നൽകിവരുന്ന സ്പെഷ്യൽ ഗ്രാന്റിൽനിന്നും താഴെ പറയുന്ന ഇനങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

1. പ്രതിമാസ ധനസഹായം (പെൻഷൻ) സ്കോളർ ഇൻ അറബിക്, ടീച്ചർ ഇൻ അറബിക്, ഖാദിം എന്നിവർക്ക് (1,000/- രൂപ പ്രതിമാസം)

2. നിർധനരായ രോഗികൾക്കുള്ള ചികിത്സ ധനസഹായം (15,000/- രൂപ)

3. നിർധനരായ കുടുംബത്തിലെ പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം (10,000/- രൂപ)

4. കാലിക്കറ്റ് യൂണിവേഴ്സിറ്റിക്കുള്ള ഇസ്ലാമിക് ചെയർ ഗ്രാന്റ് (3,00,000/- രൂപ)

5. മുസ്ലിം സ്ത്രീകൾക്കുള്ള സഹായം (വിവാഹ മോചിതയായ ഒരു സ്ത്രീക്ക് കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം പെൻഷൻ 500/- രൂപ)

മേൽ പരാമർശിച്ചത് കൂടാതെ വഖഫ് ബോർഡിന്റെ തനത് ഫണ്ടിൽനിന്നും താഴെ പറയുന്ന ഇനങ്ങൾക്ക് ധനസഹായങ്ങൾ നൽകി വരുന്നുണ്ട്.

1. ഭിന്നശേഷിക്കാർക്ക് നൽകിവരുന്ന പെൻഷൻ (1,000/- രൂപ പ്രതിമാസം)

2. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർഥികൾക്കുള്ള ലോൺ സ്കോളർഷിപ്പ് (പ്രതിമാസം 2500/- രൂപ നിരക്കിൽ ഓരോ അക്കാദമിക് വർഷത്തിലെ 10 മാസത്തേയ്ക്ക്).

(ബി) 2016 മുതൽ നാളിതുവരെ സംസ്ഥാന സർക്കാരിൽനിന്നും വഖഫ് ബോർഡിന് ലഭിച്ച ധനസഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

2016-17 മുതൽ നാളിതുവരെ സർക്കാരിൽനിന്നും സംസ്ഥാന വഖഫ് ബോർഡിന് റിലീസ് ചെയ്ത് നൽകിയ സോഷ്യൽ വെൽഫെയർ ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17 | 1,20,00,000/- |
| 2017-18 | 60,00,000/- |
| 2018-19 | 2,50,00,000/- |
| 2019-20 | 42,24,000/- |

| | |
|---|---|
| 2020-21 | 3,32,00,000/- |
| 2021-22 | 1,32,00,000/- |
| 2022-23 | 1,00,00,000/- |
| 2023-24 | 1,32,00,000/- |

(സി) നിർധനരായ രോഗികളുടെ ചികിത്സയ്ക്കും വിധവകളായ സ്ത്രീകളുടെ പെൺമക്കളുടെ വിവാഹത്തിനും വഖഫ് ബോർഡ് മുഖാന്തരം ധനസഹായം നൽകുന്ന പദ്ധതികൾ നിലവിലുണ്ടോ?

ഉണ്ട്.

(ഡി) എങ്കിൽ 2016 മുതൽ നാളിതുവരെ പ്രസ്തുത ധനസഹായങ്ങൾക്കുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ ഏതെല്ലാം കാലയളവിലുള്ള അപേക്ഷകൾക്ക് വഖഫ് ബോർഡ് സാമൂഹ്യ ക്ഷേമ (കേരള) പദ്ധതി സാംഗ്ഷൻ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടെന്നും അംഗീകരിച്ച അപേക്ഷകളിൽ എത്രപേർക്ക് പണം നൽകാൻ ബാക്കിയുണ്ടെന്നും ഇതിന് എത്ര രൂപ ആവശ്യമായി വരുമെന്നും ഇനം, വർഷം എന്നിവ തരംതിരിച്ച് വ്യക്തമാക്കുമോ?

2016 മുതൽ ചികിത്സ ധനസഹായം, വിവാഹ ധനസഹായം എന്നീ ഇനങ്ങളിൽ ലഭിച്ച അപേക്ഷകളുടെയും അവയിൽ സാംഗ്ഷൻ കമ്മിറ്റി പാസ്സാക്കിയതിന്റെയും അംഗീകരിച്ച അപേക്ഷകളിൽ ധനസഹായം അനുവദിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെയും ഇതിനായി വേണ്ടിവരുന്ന തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ഇ) മുമ്പ് ഇത്തരം ധനസഹായം നൽകുന്നതിന് ബോർഡ് എങ്ങനെയാണ് പണം കണ്ടെത്തിയിരുന്നതെന്നും ഇപ്പോൾ അവ ലഭിക്കാത്തതിന്റെ കാരണമെന്താണെന്നും വ്യക്തമാക്കുമോ?

സർക്കാർ അനുവദിക്കുന്ന ഗ്രാന്റ് തുക വിനിയോഗിച്ചാണ് മുമ്പും ഇത്തരം ധനസഹായം വഖഫ് ബോർഡ് നൽകിയിരുന്നത്. നടപ്പ് സാമ്പത്തിക വർഷവും സോഷ്യൽ വെൽഫെയർ ഗ്രാന്റ് ഇനത്തിൽ 1,32,00,000/- രൂപ സർക്കാർ ബോർഡിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്.

**വഖഫ് സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**411 (2035)** <u>ശ്രീ. പി. വി. അൻവർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് സ്ഥാപനങ്ങളെ സർക്കാർ സ്ഥാപനങ്ങളായി പരിഗണിക്കാമോ; വ്യക്തമാക്കുമോ?

മതപരമോ ജീവകാരുണ്യപരമോ ആയ ആവശ്യങ്ങൾക്കായി സ്ഥാപിതമായ ഒരു ഇസ്ലാമിക എൻഡോവ്മെന്റ് അല്ലെങ്കിൽ ചാരിറ്റബിൾ ട്രസ്റ്റിനെയാണ് വഖഫ് സൂചിപ്പിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, പള്ളികളുടെയും മതപരമായ സ്ഥലങ്ങളുടെയും പരിപാലനം തുടങ്ങിയ വിവിധ ആവശ്യങ്ങൾക്ക് പിന്തുണ നൽകുന്നതിനായി മുസ്ലീംമത സമുദായത്തിനുള്ളിലെ വ്യക്തികൾ/സംഘടനകളാൽ സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങളാണ് വഖഫ് സ്ഥാപനങ്ങൾ. പ്രസ്തുത വഖഫ് സ്ഥാപനങ്ങൾ സർക്കാർ സ്ഥാപനങ്ങളല്ല.

(ബി) പി.എം.ജെ.വി.കെ. പദ്ധതിക്കായുള്ള വഖഫ് സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ സംസ്ഥാന വഖഫ് ബോർഡ് വഴിയാണോ

സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ; ജില്ലാ ലെവൽ കമ്മിറ്റികൾവഴിയല്ലാതെ വഖഫ് ബോർഡിന് നേരിട്ട് സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിലേക്ക് പ്രസ്തുത പ്രൊപ്പോസലുകൾ സമർപ്പിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പി.എം.ജെ.വി.കെ പ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ ഭൂമിയിൽ വിവിധ പദ്ധതികൾക്കായി വഖഫ് ബോർഡ് മുഖേനയും വഖഫ് ബോർഡ് അനുമതിയോടെ സർക്കാർ തദ്ദേശസ്ഥാപനങ്ങൾ വഴിയും ബന്ധപ്പെട്ട വകുപ്പിന്റെ ശിപാർശയോടെ നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്.

(സി) വഖഫിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് വഖഫ് ബോർഡ് വഴിയല്ലാതെ ഗ്രാമവികസന വകുപ്പ് മുഖാന്തരം പി.എം.ജെ.വി.കെ. പദ്ധതിക്കായി അപേക്ഷ സമർപ്പിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ?

വഖഫിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് വഖഫ് ബോർഡിന്റെ അനുമതിയോടെ വഖഫ് ഭൂമിയിലെ പ്രൊപ്പോസലുകൾ ബന്ധപ്പെട്ട വകുപ്പിന്റെ അംഗീകാരത്തോടെ സമർപ്പിക്കാവുന്നതാണ്. ഗ്രാമവികസന

വകുപ്പിന്റെ പരിധിയിൽ വരുന്ന പ്രോജക്ടുകൾ വഖഫ് ബോർഡിന്റെ അനുമതിയോടെ ഗ്രാമവികസന വകുപ്പിന് നേരിട്ട് സർക്കാരിലേക്ക് സമർപ്പിക്കാവുന്നതാണ്.

(ഡി) വഖഫ് സ്ഥാപനങ്ങളിൽ പി.എം.ജെ.വി.കെ. പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും ഹോസ്റ്റലുകളുടെയും സ്ഥാപനങ്ങളുടെയും ഉടമസ്ഥാവകാശവും നടത്തിപ്പ് ചുമതലയും പരിപാലനവും പ്രവേശന അധികാരവും ആർക്കാണെന്ന് വിശദമാക്കാമോ?

വഖഫ് സ്ഥാപനങ്ങളിൽ പി.എം.ജെ.വി.കെ. പദ്ധതിപ്രകാരം നിർമ്മിക്കുന്ന കെട്ടിടങ്ങളുടെയും ഹോസ്റ്റലുകളുടെയും സ്ഥാപനങ്ങളുടെയും നടത്തിപ്പ് ചുമതലയും പരിപാലനവും പ്രവേശന അധികാരവും സംസ്ഥാന സർക്കാരിനും ഉടമസ്ഥാവകാശം സംസ്ഥാന വഖഫ് ബോർഡിലും നിക്ഷിപ്തമായിരിക്കും.

(ഇ) പി.എം.ജെ.വി.കെ. പദ്ധതിയുടെ പുതുക്കിയ ഗൈഡ്‌ലൈൻ പ്രകാരം റവന്യൂ രേഖകളിൽ കൃത്യമായി വഖഫ് ഭൂമി രേഖപ്പെടുത്താത്ത

സ്ഥാപനങ്ങളുടെ ഭൂമിയിൽ നിർദ്ദേശിക്കപ്പെടുന്ന പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകാറുണ്ടോ; വിശദമാക്കുമോ?

പി.എം.ജെ.വി.കെ. പദ്ധതിയുടെ പുതുക്കിയ ഗൈഡ്‌ലൈൻ പ്രകാരം പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്ത വഖഫ് ഭൂമി റവന്യൂ രേഖകളിൽ കൃത്യമായി രേഖപ്പെടുത്തിയതും എല്ലാ ബാധ്യതകളിൽനിന്നും മുക്തവും ഒഴിഞ്ഞ് കിടക്കുന്നതുമായിരിക്കണം. വഖഫ് ഭൂമിയിൽ പദ്ധതി ഏറ്റെടുക്കുന്നതിന് വഖഫ് ബോർഡിന്റെ അനുമതി നിർബന്ധമാണ്. പ്രസ്തുത വ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കപ്പെടുന്ന പദ്ധതികൾക്ക് സ്റ്റേറ്റ് ലെവൽ കമ്മിറ്റി അംഗീകാരം നൽകാറില്ല.

(എഫ്) വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകളായ വില്ലേജുകളിലെ എ രജിസ്റ്റർ, ബേസിക് ടാക്സ് റസീപ്റ്റ് രജിസ്റ്റർ എന്നീ രേഖകൾ പരിശോധിച്ചാണോ വഖഫ് ബോർഡ് പ്രസ്തുത പദ്ധതിക്കായി നിരാക്ഷേപ പത്രം നൽകുന്നതെന്ന് അറിയിക്കാമോ?

വഖഫ് സ്ഥാപനങ്ങളുടെ റവന്യൂ രേഖകൾ പരിശോധിച്ചാണ് പ്രസ്തുത പദ്ധതികൾക്കായി നിരാക്ഷേപപത്രം നൽകുന്നത്.

**ശബരി റെയിൽപ്പാതയുടെ സർവ്വേ നടപടികൾ**

**412** (2036) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:**

**ശ്രീ. പ്രമോദ് നാരായൺ:**

**ഡോ. എൻ. ജയരാജ്:**

**ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽപ്പാതയുടെ സർവേ നടപടികൾ ഏത് ഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) റെയിൽപ്പാതയുടെ നിലവിലെ അലൈൻമെന്റിൽ ജനവാസമേഖലകൾ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രമാത്രം ഭാഗം ജനവാസമേഖലയിൽക്കൂടി കടന്നുപോകുന്നുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിൽ വ്യക്തത വരുത്തി ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

**അങ്കമാലി-ശബരി റെയിൽപാത**

**413 (2037)** ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-ശബരി റെയിൽപ്പാതയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

1997-98 റെയിൽവേ ബഡ്ജറ്റിലാണ് അങ്കമാലി-എരുമേലി-ശബരി പദ്ധതിക്ക് റെയിൽവേ ആദ്യം അനുമതി നൽകിയത്. പദ്ധതി ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്നും G.O.(Ms) No. 1/2021/Trans പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കെ.ആർ.ഡി.സി.എൽ. റെയിൽവേയ്ക്ക് സമർപ്പിച്ച മേൽപ്പറഞ്ഞ പ്രവൃത്തിയുടെ ഏറ്റവും പുതിയ എസ്റ്റിമേറ്റ് 3810 കോടി രൂപയാണ്. പ്രസ്തുത എസ്റ്റിമേറ്റ് റെയിൽവേയ്ക്ക് സമർപ്പിച്ചപ്പോൾ, പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% സർക്കാർ പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും

സ്ഥിരീകരണം റെയിൽവേ ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് സർക്കാരിന്റെ പരിശോധനയിലാണ്.

നിലവിൽ പദ്ധതി മരവിപ്പിച്ചതിനാൽ മറ്റ് പുരോഗതിയൊന്നും~~തന്നെ~~ ഉണ്ടായിട്ടില്ല. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവേയുടെ ഭാഗത്തുനിന്നും തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

(ബി) അങ്കമാലി-ശബരി റെയിൽപ്പാതയുടെ പുതുക്കിയ എസ്റ്റിമേറ്റിനൊപ്പം പ്രസ്തുത പദ്ധതിയുടെ ചെലവ് സംസ്ഥാനം പങ്കിടുമെന്ന് ഉറപ്പുനൽകുന്ന കത്ത് കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധനയിലാണ്.

**കൊല്ലം-ചെങ്കോട്ട റെയിൽപ്പാത**

**414 (2038)** **ശ്രീ. പി. എസ്. സുപാൽ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-ചെങ്കോട്ട റെയിൽപ്പാതയിൽ നിലവിലുള്ള ട്രെയിനുകളിൽ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) കൊല്ലം-ചെങ്കോട്ട റെയിൽപ്പാതയിലെ ഏറ്റവും പ്രധാന സ്റ്റേഷനായ പുനലൂർ റെയിൽവേ സ്റ്റേഷനിൽ മൂന്നാം പ്ലാറ്റ് ഫോം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) പുനലൂർ-ഗുരുവായൂർ തീവണ്ടി മധുരവരെ നീട്ടിയതിനെത്തുടർന്ന് നിർത്തലാക്കിയ പുനലൂർ പാതയിലൂടെയുണ്ടായിരുന്ന മറ്റ് ട്രെയിൻ സർവീസുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) പുനലൂർ-ചെങ്കോട്ട പാതയിൽ ന്യൂ ആര്യങ്കാവ് റെയിൽവേ സ്റ്റേഷന് മറുവശത്ത് റെയിൽ ക്രോസിംഗ് ഉള്ളതിനാൽ ഇവിടെ ഒരു മേൽപ്പാലം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി മേൽ വിഷയങ്ങൾ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പാർലമെന്റിന്റെ ബഡ്ജറ്റ് സമ്മേളനത്തിന് മുന്നോടിയായുള്ള എം.പി.-മാരുടെ സമ്മേളനത്തിൽ ഉൾപ്പെടുത്തിയും കൂടാതെ കത്തുകളിലൂടെയും കൂടിക്കാഴ്ചകൾ മുഖാന്തരവും കേരളത്തിലെ റെയിൽവേ സംബന്ധിച്ച പ്രധാന വിഷയങ്ങളെല്ലാം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാറുണ്ട്.

**കെ-റെയിൽ പദ്ധതിയുടെ നടത്തിപ്പിലേക്ക് നിയോഗിച്ച റവന്യൂ ഉദ്യോഗസ്ഥരുടെ ശമ്പളം**

**415 (2039)** ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ ഭാഗമായി ഭൂമി ഏറ്റെടുക്കാൻ റവന്യൂ വകുപ്പിൽനിന്നും നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് നിലവിൽ ശമ്പളം ലഭിക്കുന്നില്ല എന്ന വിഷയം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി മരവിച്ചിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ 205 ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ലഭിക്കാത്ത പ്രതിസന്ധി ഒഴിവാക്കുന്നതിനും ജീവനക്കാരുടെ പുനർവിന്യാസത്തിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. കെ-റെയിൽ പദ്ധതിക്കായി തുടങ്ങിയിട്ടുള്ള 12 സ്പെഷ്യൽ എൽ.എ. യൂണിറ്റിലെ (11 സ്പെഷ്യൽ തഹസിൽദാർ യൂണിറ്റും ഒരു ഡെപ്യൂട്ടി കളക്ടറുടെ ഓഫീസും) 205 ഉദ്യോഗസ്ഥരെ കെ-റെയിൽ പദ്ധതിയുടെ അന്തിമ അനുമതി കേന്ദ്രസർക്കാരിൽനിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ മറ്റ് പ്രധാന പദ്ധതികൾക്കുവേണ്ടി പുനർവിന്യസിച്ചിട്ടുള്ളതും ആയതിന്റെ തുടർച്ചാനുമതി 17-08-2023-ൽ അവസാനിച്ചിട്ടുള്ളതുമാണ്. 18-08-2023 മുതൽ തുടർച്ചാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പിന്റെ

അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ സിൽവർ ലൈൻ പദ്ധതിക്കായി അനുവദിച്ചിട്ടുള്ള എല്ലാ തസ്തികകളും വീണ്ടും തുടർച്ചാനുമതി നൽകണമെന്ന ശിപാർശ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നാണ് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ഇപ്രകാരം താൽക്കാലികമായി പുനർവിന്യസിച്ചിട്ടുള്ള ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സേവനം അനിവാര്യമായതിനാൽ വീണ്ടും ധനകാര്യ വകുപ്പിനെ ബോധ്യപ്പെടുത്തി തുടർച്ചാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സിൽവർ ലൈൻ പദ്ധതി നടപ്പാക്കുന്നതിനായുള്ള പഠനങ്ങൾ**

**416 (2040)** ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിക്കുള്ള വിശദമായ പഠന രേഖയും അലൈൻമെന്റ് മാപ്പും തയ്യാറാക്കുന്നതിനുവേണ്ടി

ലിഡാർ, ഗൂഗിൾ എർത്ത് എന്നിവ ഉപയോഗിക്കുന്നതിനുപകരം ഭൂവിടങ്ങൾ നേരിട്ട് സന്ദർശിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ. വിദഗ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്രയുടെ വിദഗ്ധരും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപ്പോഗ്രാഫിക്കൽ സർവെ (ലിഡാർ)-യുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ സർവെ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൈഡ്രോളജിക്കൽ സർവെ, ട്രാഫിക്ക് സർവെ, ജിയോടെക്നിക്കൽ സർവെ, ദ്രുത പാരിസ്ഥിക ആഘാത പഠനം എന്നീ സർവെകളും നടത്തിയിട്ടുണ്ട്.

(ബി) സിൽവർ ലൈൻ പദ്ധതിക്കായി ഭൂപ്രകൃതി സർവെ, ഭൂഘടനാപരമായ സർവെ, ഭൂസ്വഭാവ സർവെ, ജല ശാസ്ത്രപരമായ സർവെ, സാമൂഹിക ആഘാത പഠനം, ഗതാഗത സർവെ എന്നീ പഠനങ്ങൾ ഓരോന്നും ഏതെല്ലാം ഏജൻസികളാണ് നടത്തിയതെന്നും ഓരോ

പഠനങ്ങൾക്കും എത്ര രൂപവീതം ചെലവായെന്നും ഇനംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) ഇവയിൽ ഏതെങ്കിലും പഠനം നടത്തിയിട്ടില്ലെങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പഠനങ്ങൾ എന്നത്തേയ്ക്ക് നടത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മേൽപ്പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതല്ല. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിനായുള്ള പുനഃവിജ്ഞാപനം പുറപ്പെടുവിക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(ഡി) സിൽവർ ലൈൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയ ഇ.ക്യു.എം.എസ്. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ചിട്ടുള്ള ഒറിജിനൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ആയത് ലഭ്യമായിട്ടില്ലെങ്കിൽ കരട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെലവാക്കിയ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഇ.ക്യൂ.എം.എസ്. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിവരുന്ന പാരിസ്ഥിതികാഘാത പഠന റിപ്പോർട്ട് അന്തിമമാകുന്ന മുറയ്ക്ക് ലഭ്യമാക്കാൻ സാധിക്കുന്നതാണ്. ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഇതുവരെ 40,12,000/- രൂപ ഇ.ക്യൂ.എം.എസ്.-ന് നൽകുകയുണ്ടായി.

**സിൽവർ ലൈൻ പദ്ധതിക്കുള്ള വിശദ പഠനം**

**417 (2041)** ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിക്കുള്ള വിശദ പഠനരേഖയും അലൈൻമെന്റ് മാപ്പും തയ്യാറാക്കുന്നതിനുവേണ്ടി ലിഡാർ/ഗൂഗിൾ എർത്ത് രീതിയിലല്ലാതെ ഭൂവിടങ്ങൾ നേരിട്ട് സന്ദർശിച്ചുകൊണ്ടുള്ള Topographical Survey (ഭൂപ്രകൃതി

സർവെ), Geographical Survey (ഭൂഘടനാപരമായ സർവെ), Geotechnical Survey (ഭൂസ്വഭാവ സർവെ), Hydrological Survey (ജലശാസ്ത്ര പരമായ സർവെ), Social Impact Survey (സാമൂഹിക ആഘാത പഠനം), Traffic Survey (ഗതാഗത സർവെ) എന്നീ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ. വിദഗ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്രയുടെ വിദഗ്ധരും പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപ്പോഗ്രാഫിക്കൽ സർവെ (ലിഡാർ)-യുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ സർവ്വേ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൈഡ്രോളജിക്കൽ സർവെ, ട്രാഫിക്ക് സർവെ, ജിയോടെക്നിക്കൽ സർവെ, ദ്രുത പാരിസ്ഥിക ആഘാത പഠനം എന്നീ സർവെകളും നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതല്ല. തുടർന്ന് പദ്ധതിക്ക് കേന്ദ്രത്തിന്റെ അന്തിമാനുമതി ലഭിച്ചതിനുശേഷം സാമൂഹികാഘാത

വിലയിരുത്തൽ പഠനത്തിനായുള്ള പുനഃവിജ്ഞാപനം പുറപ്പെടുവിക്കുവാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

(ബി) പ്രസ്തുത പഠനം നടത്തിയിട്ടുണ്ടെങ്കിൽ ഓരോ പഠനവും ഏതേത് ഏജൻസികളാണ് നടത്തിയതെന്നും ഓരോ പഠനത്തിനും എത്ര രൂപവീതം ചെലവായെന്നുമുള്ള വിശദ വിവരം ഇനം തിരിച്ച് ലഭ്യമാക്കാമോ; മേൽ പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത പഠനങ്ങൾ നടത്തിയിട്ടില്ലെങ്കിൽ അത് എന്നത്തേയ്ക്കാണ് നടത്താൻ നിശ്ചയിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

അനുബന്ധമായി ചേർത്തിരിക്കുന്നു+.

പ്രസ്തുത പഠന റിപ്പോർട്ടുകളെല്ലാം ഡി.പി.ആർ.-ന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ് പ്രസ്തുത ഡി.പി.ആർ. നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സിൽവർ ലൈൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയ ഇ.ക്യു.എം.എസ്. എന്ന ഏജൻസി സമർപ്പിച്ചിട്ടുള്ള ഒറിജനൽ റിപ്പോർട്ടിന്റെ പകർപ്പോ ആയത് ലഭ്യമല്ലെങ്കിൽ കരട് റിപ്പോർട്ടിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പകർപ്പോ ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കാൻ ചെലവാക്കിയ തുകയുടെ വിശദാംശം നൽകുമോ?

ഇ.ക്യൂ.എം.എസ്. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിവരുന്ന പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അന്തിമമാകുന്ന മുറയ്ക്ക് ആയത് നൽകുന്നതാണ്. ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഇതുവരെ 40,12,000/- രൂപ ഇ.ക്യൂ.എം.എസ്.-ന് നൽകുകയുണ്ടായി.

**തിരുവനന്തപുരം-കാസർഗോഡ് സിൽവർലൈൻ പദ്ധതി**

**418 (2042)** ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സിൽവർലൈൻ പദ്ധതിക്കുള്ള വിശദ പഠനരേഖയും അലൈൻമെന്റ് മാപ്പും തയ്യാറാക്കുന്നതിനുവേണ്ടി ലിഡാർ/ഗൂഗിൾ എർത്ത് രീതിയിലല്ലാതെ ഭൂവിടങ്ങൾ നേരിട്ട് സന്ദർശിച്ചുകൊണ്ടുള്ള പഠനങ്ങൾ നടത്തിയിട്ടുണ്ടോ; പദ്ധതിക്കുവേണ്ടി

ഭ്രപ്രകൃതി സർവെ, ഭ്രഘടനപരമായ സർവെ, ജിയോടെക്നിക്കൽ സർവെ, ഹൈഡ്രോളജിക്കൽ സർവെ, സോഷ്യൽ ഇംപാക്ട് സർവെ, ട്രാഫിക്ക് സർവെ എന്നിവ നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പഠനങ്ങളും ഏതേത് ഏജൻസികളാണ് നടത്തിയതെന്നും ഈ ഓരോ പഠനങ്ങൾക്കും എത്ര രൂപ ചെലവായെന്നും ഇനം തിരിച്ച് വിശദമാക്കുമോ; ഈ പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

തിരുവനന്തപുരം-കാസർഗോഡ് സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന്റെ ഭാഗമായി കെ.ആർ.ഡി.സി.എൽ. വിദഗ്ധരും ജനറൽ കൺസൾട്ടന്റായ സിസ്ട്രയുടെ വിദഗ്ധരും പദ്ധതിപ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. ടോപ്പോഗ്രാഫിക്കൽ സർവെ (ലിഡാർ)-യുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിൽ സർവെ കൺട്രോൾ പോയിന്റ്സ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഹൈഡ്രോളജിക്കൽ സർവെ, ട്രാഫിക്ക് സർവെ, ജിയോടെക്നിക്കൽ സർവെ, ദ്രുത പാരിസ്ഥിക ആഘാത പഠനം എന്നീ സർവെകളും നടത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ പഠനങ്ങളിൽ സാമൂഹികാഘാത പഠനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളതല്ല. തുടർന്ന്

പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചതിനുശേഷം സാമൂഹികാഘാത വിലയിരുത്തൽ പഠനത്തിനായുള്ള പുനർവിജ്ഞാപനം പുറപ്പെടുവിക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. ചെലവായ തുകയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു+.

പ്രസ്തുത പഠന റിപ്പോർട്ടുകളെല്ലാം ഡി.പി.ആർ.-ന്റെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്. പ്രസ്തുത ഡി.പി.ആർ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സിൽവർലൈൻ പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം നടത്തിയ ഇ.ക്യൂ.എം.എസ്. എന്ന ഏജൻസി സമർപ്പിച്ചിട്ടുള്ള ഒറിജനൽ റിപ്പോർട്ടിന്റെ പകർപ്പോ അത് ലഭ്യമല്ലെങ്കിൽ കരട് റിപ്പോർട്ടിന്റെ പകർപ്പോ ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകൾ തയ്യാറാക്കാൻ ചെലവാക്കിയ തുകയുടെ വിശദ വിവരം നൽകുമോ?

ഇ.ക്യൂ.എം.എസ്. ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് തയ്യാറാക്കിവരുന്ന പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് അന്തിമമാകുന്ന മുറയ്ക്ക് ആയത് നൽകുന്നതാണ്. ആവശ്യമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിക്കുന്നതിന് ഇതുവരെ 40,12,000/- രൂപ ഇ.ക്യൂ.എം.എസ്-ന് നൽകുകയുണ്ടായി.

(സി) സിൽവർലൈനിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ വിശദമാക്കുമോ; പ്രസ്തുത ട്രെയിനിന്റെ ടിക്കറ്റ് നിരക്കിന്റെ വിശദാംശവും തിരുവനന്തപുരത്തുനിന്ന് കാസർകോഡേയ്ക്കും തിരികെയും പ്രതിദിനം എത്ര യാത്രക്കാരെ വീതം പ്രതീക്ഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

സിൽവർ ലൈനിന്റെ പ്രധാന വരുമാന സ്രോതസ്സുകളിൽ 95 ശതമാനം ടിക്കറ്റ് വരുമാനത്തിൽനിന്നും 5% ടിക്കറ്റിതര വരുമാനത്തിൽനിന്നുമാണ്. സിൽവർലൈനിന്റെ ടിക്കറ്റ് നിരക്ക് കിലോമീറ്ററിന് 2.75 രൂപയാണ് കണക്കാക്കിയിരിക്കുന്നത്. സിൽവർ ലൈനിൽ തുടക്കത്തിൽ 80,000-ത്തോളം യാത്രക്കാരെയാണ് ഒരു ദിവസം പ്രതീക്ഷിക്കുന്നത്. പ്രതിദിനം ഒരുവശത്തേയ്ക്ക് 37 സർവീസുകളുണ്ടാകും. തിരക്കുള്ള സമയത്ത് ഓരോ 29 മിനിറ്റിലും തീവണ്ടികളുണ്ടാകും.

(ഡി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് പ്രത്യേകമായി സോയിൽ ടെസ്റ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സോയിൽ ടെസ്റ്റിംഗ് 532

കി.മീ. വരുന്ന പാതയുടെ എത്ര ഇടങ്ങളിൽ നടത്തിയിട്ടുണ്ടെന്നും ഏത് ഏജൻസികളെയാണ് വിവിധ ജില്ലകളിൽ ഇതിനായി നിയോഗിച്ചിരുന്നതെന്നും ഇതിനുള്ള ചെലവുകൾ എത്രയെന്നുമുള്ള വിശദാംശം അറിയിക്കുമോ; ഇതിന്റെ പഠന റിപ്പോർട്ടുകൾ ലഭ്യമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ ജില്ലകളിൽ സിൽവർലൈൻ പാത കടന്നുപോകുന്ന 11 ജില്ലകളിലായി 127 ലൊക്കേഷനുകളിൽ M/s. Anandaraj Infra Tech Pvt. Ltd എന്ന ഏജൻസി മുഖാന്തരം സോയിൽ ടെസ്റ്റിംഗ് (Geo Technical Investigation) നടത്തിയിട്ടുണ്ട്. കൂടാതെ M/s. Sakthi Development Coy മുഖാന്തരവും തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലായി 32 ലൊക്കേഷനുകളിൽ സോയിൽ ടെസ്റ്റിംഗ് നടത്തിവന്നിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തികൾക്കായി M/s. Anandaraj Infra Tech Pvt. Ltd. ആയി ആകെ 75,91,294.78/- രൂപയും M/s. Sakthi Development Coy 10,53,980.44/- രൂപയും ചെലവായിട്ടുണ്ട്. സോയിൽ ഇൻവസ്റ്റിഗേഷൻ റിപ്പോർട്ട് ഡി.പി.ആർ.-ന്റെ ഭാഗമായി

ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത ഡി.പി.ആർ. നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സിൽവർലൈൻ പദ്ധതിക്കും അനുബന്ധമായ മറ്റ് ആവശ്യങ്ങൾക്കും എത്ര ഭൂമിയാണ് വേണ്ടതെന്നും ഇതോടനുബന്ധിച്ചുള്ള സ്മാർട്ട് സിറ്റികൾ നിർമ്മിക്കുന്നതിന് മാത്രമായി എത്ര ഭൂമി വേണമെന്നും പദ്ധതിയുടെ ഓരോ ആവശ്യങ്ങൾക്കും ആവശ്യമായ ഭൂമിയുടെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിക്ക് ഇന്ത്യൻ റെയിൽവേയുടെ കൈവശമുള്ള എത്ര ഭൂമി നൽകാമെന്നാണ് സമ്മതിച്ചിട്ടുള്ളതെന്നും ഇവയുടെ ജില്ല തിരിച്ചുള്ള വിവരങ്ങളും ലഭ്യമാക്കുമോ?

പ്രസ്തുത ഡി.പി.ആർ. നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്. ഡി.പി.ആർ. പ്രകാരം 1383 ഹെക്ടർ ഭൂമിയാണ് സിൽവർ ലൈൻ പദ്ധതിക്കായി ആകെ ആവശ്യമായിവരിക. കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി 4 സ്റ്റേഷനുകളിൽ ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് (TOD) 458.8624 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. കൊല്ലം 101.6111 ഹെക്ടർ, കോട്ടയം 202.1480 ഹെക്ടർ, എറണാകുളം 101.6505

ഹെക്ടർ, തൃശ്ശൂർ 53.452 ഹെക്ടർ എന്നിങ്ങനെയാണ് ജില്ല തിരിച്ചുള്ള സ്ഥലം ഏറ്റെടുക്കേണ്ടത്. ദക്ഷിണ റെയിൽവേയും കെ.ആർ.ഡി.സി.എൽ.-ഉം ചേർന്ന് നടത്തിയ സംയുക്ത സർവെയുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ.-ൽ 185 ഹെക്ടറായി കണക്കാക്കിയ റെയിൽവേ ഭൂമിയുടെ ആവശ്യകത 107.80 ഹെക്ടറായി കുറഞ്ഞിട്ടുണ്ട്.

(എഫ്) പ്രസ്തുത പദ്ധതിക്ക് എത്ര അതിരടയാളക്കല്ലുകൾ വാങ്ങിയിട്ടുണ്ടെന്നും ഏതെല്ലാം ഏജൻസികൾക്കാണ് ഇതിന്റെ ഓർഡർ കൊടുത്തിരുന്നതെന്നും സപ്ലൈ ഓർഡർ പ്രകാരം ഇതിന്റെ വിതരണം പൂർത്തിയാക്കിയിരുന്നോയെന്നും പ്രസ്തുത കല്ല് സപ്ലൈ ചെയ്യുന്നതിന് ചെലവായ തുകയുടെ വിശദാംശവും കല്ലുകളുടെ വിലയുൾപ്പെടെ ഇനം തിരിച്ച് നൽകുമോ; ഈ കല്ലുകൾ വസ്തുവകകളിൽ ഇടുന്നതിനെ ചെറുത്തതിന്റെ പേരിൽ എത്ര കേസുകൾ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിലുണ്ടെന്ന് അറിയിക്കാമോ?

ലൊക്കേഷൻ സർവെ നടത്തി അതിരടയാളക്കല്ലുകൾ സ്ഥാപിക്കുന്നതിനായി ഏജൻസികൾക്ക് വർക്ക് ഓർഡർ കൊടുത്തു.

അതിൽ 16494 കല്ലുകൾ ഇതിനകംതന്നെ വിതരണം ചെയ്തു. ലൊക്കേഷൻ സർവെയുടെ ചെലവടക്കം ഈ ഇനത്തിലാകെ 1,30,55,335/- ചെലവായി. ഇനം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു+.

സിൽവർലൈൻ പദ്ധതിക്ക് വേണ്ടിയുള്ള അതിരടയാളക്കല്ലുകൾ വസ്തുവകകളിൽ സ്ഥാപിക്കുന്നത് തടഞ്ഞുവെന്നാരോപിച്ച് രജിസ്റ്റർ ചെയ്ത കേസുകളിൽ നിലവിലുള്ള കേസുകളുടെ വിവരം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | നിലവിലുള്ള കേസുകളുടെ എണ്ണം |
|---|---|---|
| 1 | കൊല്ലം സിറ്റി | 4 |
| 2 | കോട്ടയം | 5 |
| 3 | എറണാകുളം റൂറൽ | 8 |
| 4 | മലപ്പുറം | 6 |
| 5 | കണ്ണൂർ സിറ്റി | 1 |
| | **ആകെ** | **24** |

മറ്റ് ജില്ലകളിൽ കേസുകളൊന്നും നിലവിലില്ല.

(ജി) ഈ പദ്ധതി നടപ്പിലാക്കിയാലുണ്ടാകാവുന്ന പ്രശ്നങ്ങൾ ഉൾപ്പടെ സൂചിപ്പിച്ചുകൊണ്ടും പദ്ധതി ഉപേക്ഷിക്കണമെന്നും മറ്റും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആവശ്യപ്പെട്ടുകൊണ്ടും എത്ര വ്യക്തിഗത നിവേദനങ്ങളും ഭീമ ഹർജികളും സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; കെ.ആർ.ഡി.സി.എൽ. രൂപീകരണത്തിനുശേഷം നാളിതുവരെ സിൽവർലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് ചെലവാക്കിയിട്ടുള്ള വിവിധയിനം ചെലവുകളുടെ വിശദവിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ?

സിൽവർ ലൈൻ പദ്ധതിയുടെ നേട്ടങ്ങൾ കണക്കിലെടുത്തുകൊണ്ട് ണ്ടും പദ്ധതിയുടെ ആവശ്യകത ഉന്നയിച്ചുകൊണ്ടും ഒട്ടനേകം നിവേനങ്ങൾ ലഭ്യമായിട്ടുണ്ട്. എന്നാൽ സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കിയാലുണ്ടാകാവുന്ന ഭവിഷ്യത്തുകൾ സൂചിപ്പിച്ചുകൊണ്ടുള്ള നിവേദനങ്ങളും ലഭിച്ചിട്ടുണ്ട്. അപ്രകാരം ലഭിച്ചിട്ടുള്ള എല്ലാ നിവേദനങ്ങൾക്കും പദ്ധതിയുടെ ആവശ്യകത, ജനങ്ങൾക്കുണ്ടാകുന്ന നേട്ടങ്ങൾ, പദ്ധതി വിഭാവനം ചെയ്തിരിക്കുന്ന രീതി എന്നിവയെല്ലാം ക്രോഡീകരിച്ചുകൊണ്ടുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ 53.56 കോടി രൂപ ചെലവായിട്ടുണ്ട്. ഇനംതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

**റെയിൽവേ അണ്ടർ പാസുകൾ**

**419 (2043)** <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റെയിൽവേ അണ്ടർ പാസുകൾ നവീകരിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനും ആവശ്യമായ ഇടപെടൽ കേന്ദ്ര റെയിൽവേ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടത്താൻ സാധിക്കുമോ;

(ബി) അതുസംബന്ധിച്ച് കോഴിക്കോട് ജില്ലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

(എ&ബി) സാധിക്കുന്നതാണ്. കോഴിക്കോട് നഗരത്തിലെ പണിക്കർ റോഡിലുള്ള റെയിൽവേ ലെവൽ ക്രോസിംഗ് നമ്പർ 187-ന് പകരമായി അടിപ്പാത നിർമ്മിക്കുന്നതിന് സംസ്ഥാന ഗവൺമെന്റും റെയിൽവേ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മന്ത്രാലയവും ധാരണയായിട്ടുണ്ട്. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെയാണ് ഈ പദ്ധതിയുടെ നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. ഈ പദ്ധതിയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് റെയിൽവേ അംഗീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിന് 11(1) നോട്ടിഫിക്കേഷൻ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ബാക്കി നടപടികൾ കോഴിക്കോട് LA തഹസിൽദാരുടെ നേതൃത്വത്തിൽ അന്തിമഘട്ടത്തിലാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

**അനുബന്ധം-II**

ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) മേശപ്പുറത്തുവച്ച വിശദമായ മറുപടി

രാജ്യത്ത് ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയവും ഡോക്ടറുടെ മേൽനോട്ടമില്ലാതെയുമുള്ള ഉപയോഗം കൂടുന്നതായി വിവിധ പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് മാത്രമായി പതിനായിരം കോടി രൂപയുടെ മരുന്നുകളാണ് പ്രതിവർഷം വിറ്റഴിക്കപ്പെടുന്നതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രതിരോധം, വീര്യം എന്നിവ

അടിസ്ഥാനപ്പെടുത്തി ആന്റിബയോട്ടിക്കിന്റെ ഉപയോഗം ലോകാരോഗ്യ സംഘടന നിജപ്പെടുത്തിയിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ മിതമായ ഉപയോഗത്തിന് ഊന്നൽ നൽകിക്കൊണ്ട് 2017-ൽ ലോകാരോഗ്യ സംഘടന ആന്റിബയോട്ടിക്കുകളെ Access, Watch and Reserve (AWaRe Classification) എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തരംതിരിച്ചിട്ടുണ്ട്. ഇതുമൂലം ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് എന്ന ഗുരുതരാവസ്ഥ സംജാതമാകുമെന്നും വരുംകാലങ്ങളിൽ നിലവിലുള്ള ആന്റിബയോട്ടിക്കുകൾക്കൊന്നും രോഗം പ്രതിരോധിക്കാൻ കഴിയാതെ വരുമെന്നും അത് ജീവന്റെ നിലനിൽപ്പിനുതന്നെ കടുത്ത ഭീഷണിയുളവാക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്.

ആഗോള വ്യാപകമായി ആരോഗ്യ രംഗം അഭിമുഖീകരിക്കുന്ന വലിയൊരു പ്രതിസന്ധിയാണ് ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് (AMR). ആന്റിബയോട്ടിക്കുകളുടെ അശാസ്ത്രീയമായ ഉപയോഗംകാരണം രോഗാണുക്കൾ ആന്റിബയോട്ടിക്കുകൾക്കെതിരെ പ്രതിരോധശേഷി കൈവരിക്കുന്നതിനെയാണ് ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് എന്ന്

പറയുന്നത്. ലോകാരോഗ്യ സംഘടന AMR-നെ വിശേഷിപ്പിച്ചത് നിശബ്ദ മഹാമാരിയെന്നാണ്. മനുഷ്യരാശിയെ ബാധിക്കുന്ന 10 പ്രധാന ഘടകങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നായി AMR-നെ കണക്കാക്കുന്നു. ഇപ്പോഴത്തെ സ്ഥിതി തുടർന്നാൽ 2050 ആകുമ്പോഴേയ്ക്കും ഒരു കോടി ആളുകൾ ആന്റിമൈക്രോബിയൽ റസിസ്റ്റൻസുകൊണ്ട് മരണപ്പെടുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ആയതിനാൽ ഇതിന് അടിയന്തര ശ്രദ്ധ ആവശ്യമാണെന്ന് മനസ്സിലാക്കി വളരുന്ന ഈ പ്രശ്നത്തെ നേരിടാൻ സംസ്ഥാനം ഇതിനകംതന്നെ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. AMR നിയന്ത്രിക്കുന്നതിനുള്ള പ്രവർത്തന പദ്ധതിക്ക് മാർഗ്ഗനിർദേശം നൽകുന്നതിന് രാജ്യത്ത് AMR-ന്റെ തെളിവുകൾ സൃഷ്ടിക്കുന്നതിനായി ഗുണനിലവാരമുള്ള AMR നിരീക്ഷണ ഡാറ്റ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ AMR (Antimicrobial Resistance) സർവൈലൻസും കേരളത്തിൽ KARSAP (Kerala Antimicrobial Resistance Strategic Action Plan) വഴി ആരംഭിച്ചിട്ടുണ്ട്. AMR action plan തയ്യാറാക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. എ.എം.ആർ.-ന്റെ വ്യാപ്തി, തോത്, നിരീക്ഷണം എന്നിവ

കണക്കാക്കുന്നതിനായി കേരള ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് സർവൈലൻസ് നെറ്റ്‌വർക്ക് (കാർസ്-നെറ്റ്) സ്ഥാപിക്കുകയും ചെയ്തു. ലോകാരോഗ്യ സംഘടന (WHO)-യുടെ സാങ്കേതിക പിന്തുണയോടെ പൊതു-സ്വകാര്യ മേഖലകളിൽ നിന്നുള്ള 40 ലബോറട്ടറികളിലായി ഈ ശൃംഖല വിപുലീകരിച്ചിട്ടുണ്ട്.

ഏകാരോഗ്യം എന്ന ആശയത്തിലൂന്നി ആരോഗ്യ വകുപ്പ്, മൃഗസംരക്ഷണം, ഫിഷറീസ്, മലിനീകരണ നിയന്ത്രണം, ഡ്രഗ്സ് കൺട്രോൾ മുതലായ ഡിപ്പാർട്ട്മെന്റുകളുടെ സംയോജിത പ്രവർത്തനമാണ് KARSAP എ.എം.ആർ. പ്രോഗ്രാമിന്റെ ഭാഗമായി നടപ്പാക്കുന്നത്.

KARSAP-ന് കീഴിൽ ആറ് തന്ത്രപ്രധാനമായ മുൻഗണനകളാണുള്ളത്.

1. <u>Awareness & Understanding (ബോധവൽക്കരണവും ധാരണയും)</u>

ആന്റിബയോട്ടിക് സാക്ഷര കേരളം എന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി തലത്തിലും ആരോഗ്യ പ്രവർത്തകർ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരിലും ഏകാരോഗ്യ സങ്കല്പത്തോടെ മൃഗസംരക്ഷണം, കൃഷി, പ്രകൃതി എന്നിവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരിലും എ.എം.ആർ-നെയും

അത് തടയുന്നതിനുള്ള പ്രവർത്തനങ്ങളെയും കുറിച്ച് ബോധവൽക്കരണം നടത്തുക, അതുവഴി ആന്റിബയോട്ടിക്കുകൾ ശരിയായി അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം, ഡോക്ടറുടെ കുറിപ്പടിയോടെ മാത്രം ഉപയോഗിക്കുന്നതിനുള്ള ശീലം വളർത്തിയെടുക്കുകയെന്നതാണ് ലക്ഷ്യം. മേൽ പ്രവർത്തനങ്ങളെല്ലാം ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക്, ജില്ലാ തലങ്ങളിൽ എ.എം.ആർ. കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ആന്റിബയോട്ടിക് സാക്ഷരത എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിനായി പൊതുജനാവബോധം സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടുകൂടി ബ്ലോക്ക് തലത്തിൽ എ.എം.ആർ. കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ലോകമെമ്പാടും നവംബർ മാസത്തിൽ AMR അവെയർനെസ്സ് വാരം കൊണ്ടാടുന്നതിനോടൊപ്പം സംസ്ഥാനത്ത് ഗോ ബ്ലൂ ക്യാമ്പയിൻ ആചരിച്ചുവരുന്നുണ്ട്.

2. <u>Knowledge & Evidence (അറിവും തെളിവും)</u>

മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള ത്രിതീയതല ആശുപത്രികളിലെ എ.എം.ആർ. സർവൈലൻസ് സംവിധാനങ്ങൾക്കുപുറമെ ജില്ലാതല

എ.എം.ആർ. ലാബുകൾ സജ്ജീകരിച്ച് ഹബ്ബ് ആൻഡ് സ്പോക്ക് ലബോറട്ടറി നെറ്റ്‌വർക്ക് സംവിധാനംവഴി പ്രാഥമികതല ആശുപത്രികൾ മുതൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നതിനുള്ള സംവിധാനം ഒരുക്കിവരുന്നു. നിലവിൽ 11 ജില്ലകളിൽ ജില്ലാ എ.എം.ആർ. ലാബുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. അതുവഴി, രോഗികൾക്ക് ഗുണകരമായ രീതിയിൽ കൾച്ചർ റിപ്പോർട്ടുകൾ തയ്യാറാക്കുകയും, AMR സർവൈലൻസ് നടക്കുകയും ചെയ്യുന്നു.

3. INFECTION PREVENTION (അണുബാധ നിയന്ത്രണം):

കേരളത്തിലെ വിവിധ തലത്തിലുള്ള സർക്കാർ ആശുപത്രികളിൽ ഹോസ്പിറ്റൽ ഇൻഫെക്ഷൻ കൺട്രോൾ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. മുഴുവൻ ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകി ആശുപത്രികളിൽ അണുബാധ നിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

4. Rational Antibiotic Therapy:

ആന്റിമൈക്രോബിയൽ ഉപയോഗം ശരിയായ രൂപത്തിലാണെന്ന് ഉറപ്പുവരുത്തുന്നതിനായി ആശുപത്രികളിലെ ആന്റിബയോട്ടിക് ഉപയോഗം കൃത്യമായി മോണിറ്റർ ചെയ്ത് ആന്റിബയോട്ടിക് മെട്രിക്സ് മോണിറ്റർ ചെയ്യുക, വിവിധ തലത്തിലുള്ള ആശുപത്രികളെ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കി മാറ്റുക, ആശുപത്രികളിൽ ആന്റിബയോട്ടിക്കുകളുടെ ശരിയായ ഉപയോഗം ഉറപ്പുവരുത്തുന്നതിനായി ആന്റിബയോട്ടിക് സ്റ്റിവാർഡ്ഷിപ് പ്രോഗ്രാം നടപ്പിലാക്കുക, ഡോക്ടറുടെ കുറിപ്പടിയില്ലാതെ മെഡിക്കൽ ഷോപ്പുകളിലൂടെയുള്ള ആന്റിബയോട്ടിക് വിൽപ്പന നിയമപരമായി നിയന്ത്രിക്കുക തുടങ്ങിയവയെല്ലാം ഇതിന്റെ ഭാഗമായി നടന്നുവരുന്നു.

5. Research (ഗവേഷണം)

എ.എം.ആർ. സംബന്ധിച്ച ഗവേഷണങ്ങൾ മെഡിക്കൽ കോളേജുകൾ, ഹെൽത്ത് സർവീസ് തലങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, ഏകാരോഗ്യ പദ്ധതിയുമായി ചേർന്ന് പ്രവർത്തനങ്ങൾ നടത്തുക എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

6. Collaboration (സഹകരണം)

ഏകാരോഗ്യ പദ്ധതിയുടെ ഭാഗംകൂടിയായി വിവിധ വകുപ്പുകൾ. ഐ.എം.എ. ഐ.എ.പി. മറ്റ് വിവിധ സംഘടനകൾ, ഡ്രഗ്സ് കൺട്രോളർ എന്നിവരെല്ലാം ചേർന്ന് എ.എം.ആർ-ന് എതിരെ പ്രവർത്തിച്ചുവരുന്നു.

കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ കൗണ്ടർ വിൽപന (OTC- Over-the-Counter) പൂർണ്ണമായി നിരോധിച്ചിരിക്കുന്നുവെന്ന് ഉറപ്പാക്കുക എന്നതാണ് KARSAP-ന്റെ കീഴിലുള്ള പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന്. ആന്റിറിബയോട്ടിക്കുകളുടെ ദുരുപയോഗം തടയുന്നതിനായി, Beta Lactum antibiotics, Fluoroquinolones വിഭാഗത്തിൽ ഉൾപ്പെടുന്ന ആന്റിബയോട്ടിക്കുകളെ ഷെഡ്യൂൾ എച്ച്, എച്ച്1 പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇവയുടെ വിൽപ്പന വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിനായി പ്രത്യേക രജിസ്റ്റർ ഔഷധ വ്യാപാരികൾ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചുകൊണ്ടുള്ള ഭേദഗതികൾ ഡ്രഗ്സ് റൂൾസിൽ (Rule 65(3)(1) 65(4)(1), 65(9)(a) പ്രാബല്യത്തിലുള്ളതുമാണ്. പ്രസ്തുത നിർദ്ദേശം ഔഷധ വ്യാപാരികൾ പാലിക്കുന്നുണ്ടോയെന്ന് ഡ്രഗ്സ്

കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ നിരന്തര പരിശോധനകളിലൂടെ ഉറപ്പുവരുത്തുന്നു. നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.

കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന കണ്ടെത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ 2023-ൽ രണ്ട് ഘട്ടങ്ങളിലായി സംസ്ഥാന വ്യാപകമായി ചില്ലറ ഔഷധ വില്പന കേന്ദ്രങ്ങളിൽ റെയ്ഡുകൾ നടത്തി. ഒന്നാം ഘട്ടത്തിൽ (17-01-2023 & 23-02-2023) 290 റീട്ടെയിൽ മെഡിക്കൽ ഷോപ്പുകളിൽ പരിശോധന നടത്തുകയും വകുപ്പുതല നടപടികളുടെ ഭാഗമായി 204 ഷോകോസ് നോട്ടീസുകൾ നൽകുകയും 47 ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തു.

കുറിപ്പടിയില്ലാതെയുള്ള ആന്റിബയോട്ടിക്കുകളുടെ വിൽപ്പന തടയുന്നതിനായി ഓപ്പറേഷൻ അമൃത് (AMRITH-Antimicrobial Resistance Intervention For Total Health) എന്ന പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഓപ്പറേഷൻ അമൃതിന്റെ ഭാഗമായി രണ്ടാം ഘട്ടം 28-10-2023

മുതൽ 30-10-2023 വരെ 165 ചില്ലറ ഔഷധ വില്പന കേന്ദ്രങ്ങളിൽ പരിശോധന നടത്തുകയും നിയമലംഘനങ്ങൾ കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പുതല നടപടികളുടെ ഭാഗമായി, 91 സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 5 ഔഷധ വില്പന ലൈസൻസുകൾ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ അമൃത് ഫലപ്രദമായി നടപ്പിൽവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ ടോൾ ഫ്രീ നമ്പർ വഴി (1800 4253 182) പൊതുജനങ്ങളിൽ നിന്ന് പരാതികൾ നേരിട്ട് സ്വീകരിക്കുന്നതിനുള്ള സംവിധാനം 06-01-2024 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

ഉപയോഗശൂന്യമായതും കാലാവധി കഴിഞ്ഞതുമായ മരുന്നുകൾ ശാസ്ത്രീയമായി നിർമ്മാർജനം ചെയ്യുന്നതിനായി PROUD (Programme for Removal of Unused Drugs) എന്ന പദ്ധതി ഡ്രഗ്സ് കൺട്രോൾ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഔഷധ വ്യാപാരികളുടെ സംഘടനയായ All Kerala Chemists and Druggists Association (AKCDA)-യുടെ സഹകരണത്തോടെ രൂപീകരിച്ച PROUD പദ്ധതി ഇന്ത്യയിൽത്തന്നെ ആദ്യത്തെ സംരംഭമാണ്.

സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ ഈ പദ്ധതി ഇതിനോടകം കൊല്ലം ജില്ലയിലും വ്യാപിപ്പിച്ചിട്ടുണ്ട്.

ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് ഉളവാക്കുന്ന മഹാ വിപത്തിനെക്കുറിച്ചും അത് തടയുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ഔഷധ വ്യാപാരികൾക്കും രജിസ്റ്റേർഡ് ഫാർമസിസ്റ്റുകൾക്കും അവബോധം നൽകുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാനമൊട്ടാകെ 2023-ൽ 185 ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിരുന്നു. കൂടാതെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ എച്ച്, ഷെഡ്യൂൾ എച്ച്1 മരുന്നുകൾ ഡോക്ടറുടെ കുറിപ്പടിയില്ലാതെ വിൽപ്പന നടത്തുന്നതല്ലെന്ന മുന്നറിയിപ്പ് (പോസ്റ്റർ) എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നതിന് വ്യാപാരികൾക്ക് കർശന നിർദ്ദേശവും നൽകിയിട്ടുണ്ട്.

ബ്ലോക്കുതല AMR കമ്മിറ്റികൾ രൂപീകരിച്ച രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ആരോഗ്യ വകുപ്പിന് കീഴിലുള്ള 191 ആരോഗ്യ

ഹെൽത്ത് ബ്ലോക്കുകളിൽ AMR കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിന് രാജ്യത്ത് ആദ്യമായി ബ്ലോക്കുതല ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് കമ്മിറ്റികൾക്കുള്ള എസ്.ഒ.പി. (SOP) സംസ്ഥാനം പുറത്തിറക്കിയിട്ടുണ്ട്.

2024-ൽ സംസ്ഥാനത്ത് എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളേയും ആന്റിബയോട്ടിക്ക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്. അതിനുള്ള നിർദ്ദേശം നൽകുകയും പ്രവർത്തനങ്ങൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

കോഴിക്കോട് ജില്ലയിലെ കക്കോടി കുടുംബാരോഗ്യ കേന്ദ്രം രാജ്യത്തെ ആദ്യ ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രിയായി മാറി. തുടർന്ന് പാലക്കാട് ജില്ലയിലെ ഒഴലപ്പതി കുടുംബാരോഗ്യ കേന്ദ്രവും ആന്റിബയോട്ടിക് സ്മാർട്ട് കുടുംബാരോഗ്യ കേന്ദ്രമായി മാറിയിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ അമിത ഉപയോഗം തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശ പ്രകാരം പത്ത് ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്ന ആശുപത്രികളെയാണ് ആന്റിബയോട്ടിക് സ്മാർട്ട്

ആശുപത്രികളായി പ്രഖ്യാപിക്കുന്നത്. എല്ലാ ആശുപത്രികളെയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനാണ് ലക്ഷ്യമിടുന്നത്.

**അനുബന്ധം-III**

(1) <u>ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ മേശപ്പുറത്തുവച്ച മറുപടി</u>

1) മുണ്ടോത്ത് തെരുവത്ത് കടവ് റോഡിൽ പൈപ്പ് ക്യാപ്പ് ക്ലോസിംഗ് പ്രവൃത്തികളും റോഡ് പുനഃസ്ഥാപന പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. പ്രസ്തുത പദ്ധതി പ്രവൃത്തികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത റോഡിലൂടെ ഗ്രാവിറ്റി മെയിൻ പൈപ്പ് സ്ഥാപിക്കുന്നതിനായി റോഡ് കട്ടിംഗ് പെർമിഷൻ അനുവദിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി. 1,96,32,712/- രൂപ ഒടുക്കുന്നതിനുള്ള ഡിമാന്റ് നോട്ട് വാട്ടർ അതോറിറ്റിക്ക് നൽകിയിരുന്നു. എന്നാൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള കാലതാമസം കാരണം പി.ഡബ്ല്യൂ.ഡി.-ക്ക് അണ്ടർടേക്കിംഗ് മുഖാന്തരം പെർമിഷൻ നൽകുന്നതിനുള്ള കത്ത് 12-01-2024-ൽ സമർപ്പിച്ചിരുന്നു. എന്നാൽ നാളിതുവരെ പെർമിഷൻ ലഭിച്ചിട്ടില്ല.

2. ബാലുശ്ശേരി കറുമ്പായിൽ വയലട റോഡ് ഗ്യാപ്പ് ക്ലോസിംഗ് പ്രവൃത്തികളും റോഡ് പുനഃസ്ഥാപന പ്രവൃത്തികളും പൂർത്തീകരിക്കാനുണ്ട്. ഫണ്ടിന്റെ അപര്യാപ്തത പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. എത്രയും പെട്ടെന്ന് പൂർത്തീകരിക്കാൻ കോൺട്രാക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. പുതിയങ്ങാടി - അത്തോളി - ഉള്ളിയേരി റോഡിൽ മൂന്ന് സ്ട്രച്ചുകളിൽ പൈപ്പ് സ്ഥാപിക്കാനുണ്ട്. അത്തോളി മുതൽ മുടക്കല്ലൂർ വരെയും (5.34 കിലോമീറ്റർ രണ്ടു ഭാഗത്തും) മുടക്കല്ലൂർ മുതൽ ഉള്ളിയേരി വരെയും (950 മീറ്റർ രണ്ടു ഭാഗത്തും) ഗിരീഷ് പുത്തഞ്ചേരി മുതൽ കമുള്ളി റോഡ് വരെ 11 കിലോമീറ്ററുള്ള പ്രസ്തുത പ്രവൃത്തികൾക്കായി കെ.ആർ.എഫ്.ബി ആവശ്യപ്പെട്ട ഡിമാന്റ് തുക (യഥാക്രമം 95,86,094/- രൂപ 5,30,394/- രൂപ, 10,97,765/- രൂപ) 20-08-2023-ന് കെ.ആർ.എഫ്.ബി.-യിൽ അടച്ചു. എന്നാൽ 14-09-2023-ൽ കെ.ആർ.എഫ്.ബി. പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകുകയുണ്ടായി. ഇതനുസരിച്ച് ഡിമാന്റ് തുകയിൽ ഗണ്യമായ വർദ്ധനവുണ്ടായി (യഥാക്രമം 6,58,60,936/- രൂപ, 53,30,937/- രൂപ,

1,09,77,651/- രൂപ). എന്നാൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പുതുക്കിയ ഡിമാന്റ് അനുസരിച്ചുള്ള തുക ഒടുക്കാൻ കഴിയാത്തതിനാൽ കേരള വാട്ടർ അതോറിറ്റി റിസ്റ്റോറേഷൻ ചെയ്യുന്ന രീതിയിൽ ആദ്യം പറഞ്ഞ തുക അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ പെർമിഷൻ നൽകാവുന്നതാണെന്ന് തീരുമാനിച്ചിരുന്നു. പക്ഷെ പെർമിഷൻ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

4. പി.എം.ജി.എസ്.വൈ. റോഡിൽ പൈപ്പ് സ്ഥാപിക്കുന്ന ജോലി പൂർത്തീകരിച്ചു. പനങ്ങാട് റോഡിൽ റിസ്റ്റോറേഷൻ ഉടനെതന്നെ പൂർത്തീകരിക്കുന്നതാണ്. റോഡ് റിസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കാൻ ബന്ധപ്പെട്ട കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത പ്രവൃത്തിയുടെ പുരോഗതിയെ ബാധിക്കുന്നുണ്ട്. പി.എം.ജി.എസ്.വൈ.-യിൽപ്പെട്ട ബാലുശ്ശേരി പഞ്ചായത്തിലെ കാരാട്ട് പാറ പറമ്പിൽ മുകളിൽ റോഡ് 500 മീറ്റർ നീളത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കാനുണ്ട്. ഈ പ്രവൃത്തി ടെണ്ടർ ചെയ്ത കരാറുകാരന് പ്രവൃത്തി ഉത്തരവ് നൽകിക്കഴിഞ്ഞു. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

## അനുബന്ധം- IV

(2) ശ്രീ. കടകംപള്ളി സുരേന്ദ്രൻ, എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് മേശപ്പുറത്തുവച്ച മറുപടി

ആതുര ശുശ്രൂഷാ രംഗത്ത് കേരളത്തിലെയും തെക്കെ ഇന്ത്യയിലെയും ആദ്യത്തെ മെഡിക്കൽ കോളേജാണ് തിരുവനന്തപുരം മെഡിക്കൽ കോളേജ്. 1951-ൽ ആരംഭിച്ച ഈ മെഡിക്കൽ കോളേജ് അനേകം നിസ്വാർത്ഥ സേവകരുടെ പ്രവർത്തനഫലമായി ഇവിടെ നാല്പതിൽപ്പരം വകുപ്പുകളും വിവിധ ആശുപത്രികളും മറ്റിതര മെഡിക്കൽ പാരാമെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ആതുരസേവനരംഗത്ത് ആയിരക്കണക്കിന് ജീവനക്കാർ  സമൂഹത്തിന് അത്താണിയായി നിലകൊള്ളുന്നു. മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള സൗകര്യം എന്നതിലുപരി സമൂഹത്തിലെ പാവങ്ങളുടെ ആശ്രയമായി ഈ സ്ഥാപനം നിലകൊള്ളുന്നു. അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയുടെ കേന്ദ്ര ബിന്ദുവായ മൃതസഞ്ജീവനിയുടെ ആസ്ഥാനവും ഇവിടെയാണ്. അടിസ്ഥാനസൗകര്യം ഉൾപ്പെടെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സർക്കാർ നടപ്പിലാക്കിവരുന്ന വികസന

പ്രവർത്തനങ്ങളുടെ അടുത്തഘട്ടവും യാഥാർത്ഥ്യമാകുകയാണ്. മെഡിക്കൽ കോളേജിന്റെ മുഖച്ഛായ തന്നെ മാറ്റുന്ന വികസനങ്ങളാണ് നടന്നുവരുന്നത്. നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജും ദന്തൽ കോളേജും ദേശീയ റാങ്കിംഗിൽ ഇടം നേടിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ നടന്നുവരുന്നതും നടപ്പിലാക്കിയതുമായ താഴെപ്പറയുന്ന പ്രധാന വികസന പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജിന്റെ ചികിത്സാ രംഗത്തും അക്കാദമിക് രംഗത്തും മികവ് പുലർത്താൻ കഴിഞ്ഞിട്ടുണ്ട്.

<u>ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് പദ്ധതി:</u>

തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും സേവന നിലവാരവും മെച്ചപ്പെടുത്തുന്നതിനും മെഡിക്കൽ കോളേജിന്റെ സമസ്ത മേഖലയിലും ഉണ്ടാകേണ്ട മാറ്റങ്ങൾ അവലോകനം ചെയ്യുന്നതിനും അക്കാദമിക്-ഗവേഷണ നിലവാരം ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിലേയ്ക്കുമായി രണ്ട് പ്രത്യേക കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. മേൽനോട്ട സമിതിയും നടപ്പാക്കൽ സമിതിയുമാണ് കമ്മിറ്റികൾ.

തിരുവനന്തപുരത്ത് വിജയകരമായി നടപ്പാക്കി വരുന്നതിനെത്തുടർന്ന് ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽക്കൂടി ഈ പദ്ധതി ആരംഭിച്ചു.

<u>എമർജൻസി മെഡിസിനും ട്രോമാകെയറും (പുതിയ അത്യാഹിത വിഭാഗം):</u>

സർക്കാർ മെഡിക്കൽ കോളേജിന്റെ അത്യാഹിതവിഭാഗം ഏറ്റവും ആധുനിക രീതിയിൽ സജ്ജീകരിച്ച് 32.77 കോടി രൂപ ചെലവഴിച്ച് എമർജൻസി മെഡിസിൻ എന്ന ഡിപ്പാർട്ടുമെന്റിന് രൂപം നൽകി പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

എമർജൻസി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തിയതിന്റെ ഭാഗമായി കഴിഞ്ഞ വർഷം എമർജൻസി മെഡിസിൻ വിഭാഗത്തിൽ മൂന്ന് ബിരുദാനന്തര ബിരുദ സീറ്റുകൾ ലഭ്യമാക്കി കോഴ്സ് ആരംഭിച്ചു.

<u>ഐ.സി.യു. സംവിധാനം:</u>

ഐ.സി.യു. സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 110 കിടക്കകളുള്ള ഐ.സി.യു. കട്ടിലുകൾ, മൾട്ടിപാരാമീറ്റർ മോണിറ്ററുകൾ,

വെന്റിലേറ്ററുകൾ, ഡിഫിബ്രിലേറ്ററുകൾ, ഇ.സി.എം.ഒ. മെഷീൻ എന്നിവയുൾപ്പെടെ ഏഴ് കോടി രൂപ ചെലവിൽ യുദ്ധകാലാടിസ്ഥാനത്തിൽ ഐ.സി.യു. ബ്ലോക്ക് സ്ഥാപിച്ചു. ആരോഗ്യ വകുപ്പിന്റെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണിത്. 2021 ജൂലൈ മാസത്തോടെ ഇത് പ്രവർത്തനക്ഷമമാകുകയും ചെയ്തു. കോവിഡ് രണ്ടാം തരംഗത്തിന്റെ ഉച്ചസ്ഥായിയിൽ ആരോഗ്യ സംരക്ഷണ സംവിധാനത്തിലെ സമ്മർദ്ദം വളരെയധികം കുറയ്ക്കാൻ ഇതിന് കഴിഞ്ഞു.

<u>സ്പെക്ട് സി.ടി.</u>: 7.27 കോടി രൂപ മുതൽമുടക്കി സ്പെക്ട് സി.ടി. സ്ഥാപിക്കുന്നതിന് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മെഷീൻ സ്ഥാപിക്കുന്ന നടപടി അവസാനഘട്ടത്തിലാണ്.

<u>പെറ്റ് സി.ടി</u>: സ്പെക്ട് സി.ടി കൂടാതെ പെറ്റ് സി.ടി. കൂടി ന്യൂക്ലിയർ മെഡിസിന്റെ കീഴിൽ സ്ഥാപിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിച്ചുവരുന്നു.

<u>കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ:</u> തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടത്തി. കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തുന്ന രണ്ടാമത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജാണിത്. ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിലാണ് ശസ്ത്രക്രിയ നടത്തിയത്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രണ്ടും കോട്ടയം മെഡിക്കൽ കോളേജിൽ അഞ്ചും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ വിജയകരമായി നടത്തി.

തിരുവനന്തപുരം എസ്.എ.റ്റി. ആശുപത്രിയെ അപൂർവ്വ രോഗങ്ങളുടെ സെന്റർ ഓഫ് എക്സലൻസായി പ്രഖ്യാപിച്ചു. ഇതുവഴി അപൂർവ്വ രോഗങ്ങളുടെ സമഗ്ര ചികിത്സയ്ക്കുതകുംവിധം ആശുപത്രിയെ സജ്ജമാക്കി വരികയാണ്.

<u>സ്പൈനൽ മസ്കുലാർ അട്രോഫി ക്ലിനിക്</u>

കുട്ടികളുടെ അസ്ഥികളെയും പേശികളെയും അവയവങ്ങളെയും ബാധിക്കുന്ന സ്പൈനൽ മസ്കുലാർ അട്രോഫി എന്ന രോഗം വളരെ അപൂർവ്വമെങ്കിലും സങ്കീർണ്ണവും രോഗാതുരത വർദ്ധിച്ച നിലയിലുമുള്ള ഒരു രോഗമാണ്. ഈ അസുഖ ചികിത്സയ്ക്കായി വിവിധ സ്പെഷ്യാലിറ്റികളുടെ

ഏകോപനത്തിലൂടെ ആരംഭിച്ച എസ്.എം.എ. ക്ലിനിക് കുട്ടികളുടെ രോഗ ചികിത്സയിലെ ഒരു സുപ്രധാന വഴിത്തിരിവാണ്. നവജാത ശിശുക്കളുടെ ജനന വൈകല്യം, ജനിതക വൈകല്യം, കേൾവിക്കുറവ്, ഓക്സിജന്റെ അളവ് എന്നിവയുടെ പരിശോധന ഇവിടെ ലഭ്യമാണ്. സർക്കാർ തലത്തിലെ ഇത്തരം ആദ്യ സംരംഭമാണിത്.

കുട്ടികളിലെ ഹൃദയ ശസ്ത്രക്രിയ വിഭാഗം

കുട്ടികളിലെ ഹൃദ്രോഗ ശസ്ത്രക്രിയ ചികിത്സയ്ക്കായി നൂതന സംവിധാനത്തോടെ പീഡിയാട്രിക് ഹൃദ്രോഗ ശസ്ത്രക്രിയ വിഭാഗം ആരംഭിച്ചു. കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയ വിഭാഗം സർക്കാർ തലത്തിൽ ആദ്യമായി ആരംഭിക്കുന്നത് ഈ ആശുപത്രിയിലാണ്.

പുതിയ ഹീമോ ഡയാലിസിസ് യൂണിറ്റ്

കുട്ടികളിലെ വൃക്ക രോഗ ചികിത്സയ്ക്കായി പുതിയ ഹീമോ ഡയാലിസിസ് കേന്ദ്രം സ്ഥാപിക്കുകയും അതിലേയ്ക്ക് ഒരു ഡയാലിസിസ് ടെക്നീഷ്യൻ ഉൾപ്പെടെ 4 ഡയാലിസിസ് ടെക്നീഷ്യന്റെ തസ്തിക തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സൃഷ്ടിക്കുകയും ചെയ്തു. 12

ഡയാലിസിസ് മെഷീനുകളോടുകൂടിയ കുട്ടികൾക്കുവേണ്ടിയുള്ള ഹീമോ ഡയാലിസിസ് വിഭാഗം ആരംഭിച്ചിട്ടുണ്ട്.

ലിനാക്

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യമായി ക്യാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ആധുനിക സംവിധാനമായ ലിനാക് 18 കോടി രൂപ മുതൽമുടക്കി സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു. കൃത്യമായ ഡോസിൽ വളരെ സൂക്ഷ്മമായി രോഗിക്ക് റേഡിയേഷൻ നൽകുന്ന ഈ സംവിധാനം 18 കോടി രൂപ ചെലവിൽ ഒ.പി. കെട്ടിടത്തിന് സമീപത്തായി പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. മെഷീൻ സ്ഥാപിക്കുന്നതിന് സിവിൽ വർക്ക് ഉൾപ്പെടെ 24.08 കോടി രൂപ ചെലവായിട്ടുണ്ട്.

കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റ്

ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ പക്ഷാഘാത രോഗ ചികിത്സയ്ക്കായി അത്യാധുനിക സംവിധാനത്തോടെയുള്ള കോംപ്രിഹെൻസീവ് സ്ട്രോക്ക് യൂണിറ്റ് 14.03 കോടി രൂപ ചെലവഴിച്ച് പ്രവർത്തന

സജ്ജമാക്കിയിരിക്കുകയാണ്. സർക്കാർ തലത്തിൽ ന്യൂറോളജി വിഭാഗത്തിന് കീഴിൽ സി.ടി., ആൻജിയോഗ്രാം, കാത്ത് ലാബ് ഉൾപ്പെടെയുള്ള സമഗ്ര സ്ട്രോക്ക് യൂണിറ്റ് രാജ്യത്ത് ന്യൂറോ വിഭാഗത്തിന് കീഴിൽ പ്രഥമ സംരംഭമാണ്.

- സ്ട്രോക്ക് ഐ.സി.യു - ന്യൂറോളജി വിഭാഗത്തിൽ പക്ഷാഘാത രോഗ ചികിത്സയ്ക്കായി ആധുനിക സംവിധാനത്തോടെയുള്ള സ്ട്രോക്ക് ഐ.സി.യു (14 കിടക്കകൾ) 0.97 കോടി രൂപ ചെലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ സജ്ജീകരിച്ചിരിക്കുന്നു. കൂടാതെ സ്റ്റെപ്ഡൗൺ & ഹൈകെയർ കിടക്കകൾ സ്ട്രോക്ക് അതിജീവിതർക്കായി തയ്യാറാക്കിയിരിക്കുന്നു.
- സി.ടി. സ്കാൻ ആൻജിയോഗ്രാം - മസ്തിഷ്ക രോഗങ്ങളെക്കുറിച്ചും മസ്തിഷ്ക സിരാ ധമനികളുടെ ഘടനയും വിശകലനം ചെയ്തു പഠിക്കുന്നതിനും അതിലൂടെ രോഗികൾക്ക് കൃത്യതയാർന്ന രോഗനിർണ്ണയം സാധ്യമാക്കുന്നതിനും ഉതകുന്ന സി.ടി. ആൻജിയോഗ്രാഫി മെഷീൻ ന്യൂറോളജി വിഭാഗത്തിലെ

സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. 4.4 കോടി രൂപ ചെലവിൽ സ്ഥാപിച്ചിരിക്കുന്ന പ്രസ്തുത സംവിധാനം അത്യാസന്ന നിലയിൽ എത്തുന്ന രോഗികൾക്ക് അതിവേഗ രോഗ നിർണ്ണയത്തിനുതകുമാറ് എമർജൻസി മെഡിസിൻ (കാഷ്വാലിറ്റി) വിഭാഗത്തിന് സമീപം സജ്ജീകരിച്ചിരിക്കുന്നു.

- <u>ന്യൂറോ കാത്ത് ലാബ്</u> - മസ്തിഷ്കത്തിലെ രക്തക്കുഴലുകളിൽ ഉണ്ടാകുന്ന തടസ്സങ്ങൾ ഉൾപ്പെടെ രോഗനിർണ്ണയം നടത്തി ചികിത്സ നൽകാനുതകുന്ന ലോകോത്തര സംവിധാനമാണ് ന്യൂറോ കാത്ത് ലാബ്. പ്രസ്തുത സംവിധാനം 5.15 കോടി രൂപ ചെലവിൽ ന്യൂറോളജി വിഭാഗത്തിന് കീഴിൽ എമർജൻസി മെഡിസിൻ (കാഷ്വാലിറ്റി) വിഭാഗത്തിനുസമീപം സജ്ജീകരിച്ചിരിക്കുന്നു.

<u>ബേൺസ് ഐ.സി.യു</u>

മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്ലാസ്റ്റിക് സർജറി വിഭാഗത്തിന് കീഴിൽ 9 കിടക്കകളുള്ള പൊള്ളലേറ്റവർക്ക് മാത്രമായുള്ള ബേൺസ് ഐ.സി.യു. സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചു.

ഇന്റർവെൻഷണൽ പൾമണോളജി യൂണിറ്റ്

പ്രധാന ശ്വാസനാളത്തിൽ നിന്നും വളരെ അകലെ സ്ഥിതി ചെയ്യുന്ന സങ്കീർണ്ണമായ മുഴകൾ കണ്ടുപിടിക്കുവാനും ചികിത്സാർത്ഥം ഫലപ്രദമായി ബയോപ്സി എടുക്കുവാനും കഴിയുന്ന എന്റോബ്രോങ്കിയൽ അൾട്രാസൗണ്ട് (ഇ.ബി.യു.എസ്) എന്ന ഉപകരണം 1.10 കോടി രൂപ ചെലവിൽ പൾമണറി മെഡിസിൻ വിഭാഗത്തിന് കീഴിൽ സ്ഥാപിച്ചു.

ഐസൊലേഷൻ ബ്ലോക്ക് - തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനവുമായി ബന്ധപ്പെട്ട് സമഗ്ര അടിസ്ഥാന സൗകര്യ വികസനത്തിനായും ഐസൊലേഷൻ ബ്ലോക്ക് നിർമ്മാണത്തിനായും കിഫ്ബി മുഖാന്തരം പദ്ധതികൾ നടപ്പിലാക്കിവരുന്നു. 50 കിടക്കകളുള്ള ഐസൊലേഷൻ ബ്ലോക്ക് നിർമ്മാണത്തിനായി 34.74 കോടി രൂപയുടെ ഭരണാനുമതി 24-03-2023-ലെ സ.ഉ.(കൈ) നം.74/2023 ആ.കു.വ പ്രകാരം

നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>മാസ്റ്റർ പ്ലാൻ - 717.29 കോടി രൂപ</u>

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്രവികസനവും കോളേജിനെ മികവിന്റെ കേന്ദ്രമാക്കുന്നതും ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി നടപ്പാക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി കിഫ്ബി ധനസഹായത്തോടെ 717.29 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 16-04-2018-ലെ സ.ഉ.(ആർ.ടി.) 1247/2018/H&FWD പ്രകാരം ഭരണാനുമതി നൽകിയിരുന്നു. നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കാൻ ഇൻകെൽ ലിമിറ്റഡ് എന്ന സ്ഥാപനത്തെ എസ്.പി.വി. ആയി നിയോഗിക്കുകയും ചെയ്തു. പ്രാരംഭത്തിൽ ഭരണാനുമതിയിൽ ഉൾപ്പെട്ട താഴെപ്പറയുന്ന 4 ഘടകങ്ങൾക്കുള്ള വിശദമായ പദ്ധതി രേഖയും എസ്റ്റിമേറ്റും എസ്.പി.വി. തയ്യാറാക്കി സമർപ്പിക്കുകയും

കിഫ്ബിയിൽ നിന്നും ആകെ 310.58 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു.

1. Development of Govt. Medical College, Thiruvananthapuram, Development of external Infrastructure Phase I

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി 58.37 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയിലെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന പാലം, അനുബന്ധ പ്രവൃത്തികൾ എന്നിവ 12-08-2022-ൽ പൂർത്തീകരിക്കുകയും 16-08-2022-ൽ ഉദ്ഘാടനം നടത്തി ഉപയോഗത്തിനായി തുറന്നു കൊടുക്കുകയും ചെയ്തിരുന്നു. ഇതിനോടനുബന്ധിച്ച് മൾട്ടി ലെവൽ കാർ പാർക്കിംഗ് (MLCP) സംവിധാനം mechanised തരത്തിൽ രൂപകല്പന നടത്തിയിരുന്നു. മൾട്ടി ലെവൽ കാർ പാർക്കിംഗ് സംവിധാനം നടപ്പിലാക്കണമെന്ന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ രൂപരേഖ കിഫ്ബിയിൽ സമർപ്പിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

2. Development of Govt. Medical College, Thiruvananthapuram, Phase II Construction of OT cum Surgical Ward Block, SAT Pediatrics Block, MLT Block

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി 194.329 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. ഇതിൽ എം.എൽ.റ്റി. ബ്ലോക്കിന്റെ നിർമ്മാണം 03-04-2023-ന് ആരംഭിക്കുകയും പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. SAT Pediatrics Block, OT cum Surgical Ward Block എന്നിവയുടെ DPR തയ്യാറാക്കിയതിന്റെ അടിസ്ഥാനത്തിൽ എയർപോർട്ട് അതോറിറ്റിയിൽ നിന്നും നിർദ്ദിഷ്ട അനുമതി നേടിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് 2016-ലെ DSR മുഖേനയാണ് ഭരണാനുമതി ലഭിച്ചിരുന്നത്. എസ്റ്റിമേറ്റ് നിലവിലുള്ള 2018 DSR അടിസ്ഥാനത്തിൽ പുതുക്കുകയും നിലവിലെ 18% GST ഉൾപ്പെടുത്തേണ്ടി വരികയും ചെയ്തപ്പോൾ ഇവയുടെ എസ്റ്റിമേറ്റ് തുകയിൽ വലിയ വർദ്ധനയുണ്ടായി. പ്രസ്തുത പദ്ധതിക്കും MLT ബ്ലോക്കിനും ചേർത്ത് കിഫ്ബി 194.33 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിരുന്നു. പുതുക്കിയ DPR-ലെ തുക സാമ്പത്തികാനുമതി ലഭിച്ച തുകയെക്കാൾ വളരെയധികം അധികരിച്ചതിനാൽ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭിക്കേണ്ടതുണ്ട്. OT cum Surgical Ward Block, SAT Pediatrics Block എന്നീ പ്രവൃത്തികളുടെ ഡിസൈൻ റിവ്യൂ നടന്നുവരികയും

കിഫ്ബിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ പുതുക്കി സമർപ്പിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി. തലത്തിൽ സ്വീകരിച്ചുവരികയുമാണ്. OT Block നിർമ്മാണം തുടങ്ങുവാൻ തടസ്സമായി നിന്ന കേബിളുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. Transformer മാറ്റി സ്ഥാപിക്കാനുള്ള അനുമതി കെ.എസ്.ഇ.ബി.-യിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്.

3. Development of Govt. Medical College, Thiruvananthapuram, Phase III Strengthening of Imageology Department

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി 43.75 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ മാറ്റങ്ങൾ സംബന്ധിച്ച പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും പ്രത്യേക പാക്കേജ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുകയും പ്രസ്തുത പ്രവൃത്തിക്കുള്ള ഫണ്ട് അവർക്ക് ഡെപ്പോസിറ്റ് ചെയ്യുകയുമുണ്ടായി. കൂടാതെ ആശുപത്രി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ കെ.എം.എസ്.സി.എൽ. വഴി സ്വീകരിച്ചുവരുന്നു.

4. Development of Govt. Medical College, Thiruvananthapuram, Phase III Setting up of Centralised Video Surveillance System

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി 14.15 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സാങ്കേതികാനുമതി നൽകുന്നതുൾപ്പെടെയുള്ള നടപടികൾ എസ്.പി.വി. തലത്തിൽ സ്വീകരിച്ചുവരുന്നു.

മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കുന്നതിനായി അനുവദിച്ചിരുന്ന 717.29 കോടി രൂപയിൽനിന്നും ബാക്കി വരുന്ന 12.38 കോടി രൂപ വിനിയോഗിച്ചുകൊണ്ട് എസ്.എ.റ്റി. ആശുപത്രിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെ അധിക പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി ആശുപത്രിയിലെ വാട്ടർ സപ്ലൈ ലെയിൻ റീലൊക്കേറ്റ് ചെയ്യുന്നതിനായി ഒന്നാംഘട്ട പ്രവൃത്തിക്ക് അനുവദിച്ച തുകയിൽനിന്നും വിനിയോഗിച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി 1.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തികളുടെ ഭാഗമായി പൊളിക്കാനായി തീരുമാനിച്ചിരിക്കുന്ന പഴയ കെട്ടിടത്തിലൂടെ കടന്നുപോകുന്ന ഇലക്ട്രിക്കൽ കേബിളുകൾ

മാറ്റിസ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പ് മുഖാന്തരം ഇമാജിയോളജി വകുപ്പിന്റെ ഇലക്ട്രോണിക്/ഇൻസ്റ്റലേഷൻ വർക്കുകൾക്കായി 24.36 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

കോവിഡ് മുഖാന്തരമുണ്ടായ അടച്ചിടൽ, പണിക്കാരുടെ അഭാവം, നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവ്, സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകാനുള്ള അനുമതികൾ ലഭിക്കാനുണ്ടായ കാലതാമസം തുടങ്ങിയവ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മാസ്റ്റർപ്ലാൻ പദ്ധതിയുടെ നിർവ്വഹണത്തെയും സാരമായി ബാധിച്ചുവെന്നതൊഴിച്ചാൽ മറ്റ് ബോധപൂർവ്വമുള്ള കാലതാമസമൊന്നുംതന്നെ നിർമ്മാണ പ്രവൃത്തിയിൽ ഉണ്ടായിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ അനുബന്ധിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിന് സർക്കാർ തലത്തിൽ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയും പ്രവൃത്തികൾ വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും

ചെയ്യുന്നുണ്ട്. മാസ്റ്റർ പ്ലാനുമായി ബന്ധപ്പെട്ട് സമാന്തരമായി നടപ്പിലാക്കുന്ന പി.ഡബ്ല്യൂ.ഡി. വാട്ടർ അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരമുള്ള നിർമ്മാണ/അറ്റകുറ്റ പ്രവൃത്തികൾക്കുള്ള ഭരണാനുമതി കൃത്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികളും സമയബന്ധിതമായി സ്വീകരിച്ചുവരുന്നു. 2017-18 കാലയളവിൽ രൂപകൽപ്പന ചെയ്ത തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ മാസ്റ്റർ പ്ലാൻ ആധുനിക കാലത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചും മാറുന്ന ചികിത്സാരീതികൾക്കും സാങ്കേതികവിദ്യകൾക്കും അനുസൃതമായി പരിഷ്കരിക്കുന്നതിനും ഭരണാനുമതി തുകയിൽ വ്യത്യാസം പുതുക്കുന്നതിനുമുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സമഗ്ര വികസനത്തിനൊപ്പം മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി സർക്കാർ മേഖലയിൽ ഈ മെഡിക്കൽ കോളേജിൽ ക്രിട്ടിക്കൽ കെയർ മെഡിസിൻ, മെഡിക്കൽ ജനറ്റിക്സ്, ജെറിയാട്രിക്സ്, റുമറ്റോളജി, ഇന്റർവെൻഷണൽ റേഡിയോളജി തുടങ്ങിയ

സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിക്കാൻ തീരുമാനിക്കുകയും ഇതിലേയ്ക്കായി ആവശ്യമായി വരുന്ന അദ്ധ്യാപക തസ്തികകൾ ഉൾപ്പെടെ 25 അദ്ധ്യാപക വിഭാഗം ഡോക്ടർമാരുടെ തസ്തികകൾ 21-12-2023-ൽ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന ഗവ. നഴ്സിംഗ് കോളേജിന്റെ ഭാഗമായി 100 വിദ്യാർത്ഥികളോട് കൂടിയ ഒരു അധിക ബി.എസ്സി. നഴ്സിംഗ് ബാച്ച് കൂടി ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

രോഗികൾക്ക് മികച്ച ചികിത്സയും വിദ്യാർത്ഥികൾക്ക് ഉന്നത പഠന നിലവാരവും ലഭിക്കുന്ന തരത്തിൽ സമഗ്ര വികസനം ലക്ഷ്യംവച്ച് സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ് ഈ സർക്കാരിന്റെ ഉദ്ദേശ്യ ലക്ഷ്യം.

*****